YEARS OF WITNESS 1815 - 1990



ORTHODOX THEOLOGICAL SEMINARY

Tel: 81-22409
88-42097
88-42102

ST. JOHN'S SCHOOL

(Affiliated to Central Board of Secondary Education, New Delhi)

SECTOR-7, FARIDABAD (HARYANA)

★

With Best Compliments from:

MANAGEMENT,
STAFF & STUDENTS

ORTHODOX THEOLOGICAL SEMINARY

(OLD SEMINARY)

(ESTD 1815)

175th YEAR CELEBRATIONS

SOUVENIR

1990

Phone: Seminary (0481) 3526
Sophia Centre ,, 3650

Post Box 98
Kottayam, Kerala, S. India
Pin: 686 001

SOUVENIR EXECUTIVE COMMITTEE

H. H. Baselius Marthoma Mathews I (Patron)
H. G. Dr. Paulos Mar Gregorios (President)
H. G. Mathews Mar Coorilos (Vice-President)
Fr. Mathai Nooranal ,,
Mr. K. M. Mathew ,,
H. G. Paulos Mar Milithios (Chairman)
Mr. P. C. Abraham (General Convener)

Mr. Paul Mathai (General Secretary)
Mr. Mammen Varghese ,,
Fr. T. J. Joshua (Organising Secretary)
Fr. Dr. Jacob Kurien (General Co-ordinator)
Prof. Dr. K. M. Tharakan ,,
Mr. Jacob Cherian (Convener)
Fr. T. P. Elias, Fr. Jones Abraham (Secretaries)
Fr. T. P. Kurien (Office Secretary)

EDITORIAL BOARD

H. G. Dr. Paulos Mar Gregorios (Chief Editor)
Fr. T. J. Joshua (General Editor)
Mr. Paul Manalil (Associate Editor)
Fr. Dr. Jocob Kurien
Fr. T. P. Elias
Fr. Johns Abraham, Konat
Prof. Dr. Paul C. Varghese
Prof. Samuel Chandhanappally
Prof. Varghese Padiyara

Block Makers:
Artone, Kottayam

Printed at:
Ashram Press, Manganam

Cover Design and Printing:
Southern Offset, Kottayam.

ഇൻഡ്യയുടെ അപ്പോസ്തോലൻ
വിശുദ്ധ തോമ്മാശ്ലീഹാ



മലങ്കരയിലെ പ്രഖ്യാപിത പരിശുദ്ധൻ

പരുമല മാർ ഗ്രീഗോറിയോസ്

മെത്രാപ്പോലീത്താ

പഴയ സെമിനാരി സ്ഥാപകൻ

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ

മലങ്കരയിലെ അഞ്ചാമത്തെ കാതോലിക്കാ ബാവാ

പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ തിരുമേനി

OUR PRINCIPAL



H. G. Dr. Paulos Mar Gregorios

OUR FACULTY

H G. Geevarghese Mar Osthathios
(Part time)

H. G. Geevarghese Mar Ivanios
(Part time)

Rev. Fr. T. J Joshua
(Vice-Principal)

Rev. Fr. N. K. Koruthu Malpan

Rev. Dn. Dr. K. A. George

Rev. Fr. Dr. M, Jacob Kurian
(Bursar)

Our Faculty (Contd.)



Rev. Fr. T. I. Varghese
(Registrar)

Rev. Fr. Dr. M. A. Mathai
Ramban (Warden)

Rev. Fr. C. C. Cherian
(Librarian)

Rev. Fr. O. Thomas
(Part time)

Rev. Fr. K. J. Gabriel

Rev. Fr. Johnes Abraham Konat
(Part time)

Our Faculty (Contd.)

Rev. Fr. John Mathews

Rev. Fr. M. P. George

Rev. Fr. M. O. John
(Part time)

Rev. Fr. Mathew Baby
(Part time)

Dr. Paul C. Varghese

Our Faculty (Contd.)

Rev. Fr. Dr. K. M. George
(On Leave)

Rev. Fr. Dr. V. P. Varghese
(On Leave)

OTHER STAFF

Rev. Fr. P. A. Kuriakose
(Old Seminary Manager)

Rev. Fr. T. P. Elias
(Finance Promoter and
Programme Secretary, Sophia Centre)

Rev. Fr. K. M. Zachariah
(Manager of the Bookshop)



Rev. Fr. T. P. Kurien
(Office Secretary–
Jubilee Celebrations)

Other Staff (Contd.)

Mr. P. T. George
(Office Manager)

Mr. Philip Abraham
(Typist-Clerk)

Mr. V. I. Abraham
(Divyabodhanam Office Secretary)



Mr. T. T. Mathew
(Office Assistant)



Mr.Sajan Prasad
(Library Assistant)

Mr. Shaji Abraham A.
(Library Attendant)

Mr. K. J. Raju
(Assistant,
Sophia Centre)

GOVERNING BOARD

(Constituted by the Holy Episcopal Synod Feb. 18-22, 1985)

H. H. Moran Mar Baselius Mar Thoma Mathews I (President)
H. G. Mathews Mar Coorilos (Vice-President)
H. G. Philipos Mar Theophilus
H. G. Joseph Mar Pachomios
H. G. Geevarghese Mar Osthathios
Very Rev. Ramban Theophoros Cor-Episcopa
Rev. Fr. Dr. V. C. Samuel
Rev. Fr. K. A. Abraham
Rev. Fr. K. J. Jonah
Prof. E. J. John
Dr. T. A. George
Sri. Mammen Varghese
Prof. K. M. Tharakan
Priest Trustee-Fr. Mathai Nooranal
Lay Trustee-Sri. P. C. Abraham
Association Secretary-Sri. M. T. Paul
Association Dy. Secretary-Sri. O. A. Mathew
Principal-Dr. Paulos Mar Gregorios (Secretary, Ex. officio)
Rev. Fr. T. J. Joshua-Vice-Principal
Rev. Fr. Dr. M. Jacob Kurian (Bursar)

താളുകൾ മറിക്കുമ്പോൾ...

പേജ്

Editorial Note

പരിശുദ്ധ കാതോലിക്കാ ബാവാ
തിരുമനസ്സിലെ ആശംസ

ജൂബിലി ഉത്ഘാടന
സമ്മേളന റിപ്പോർട്ട് 5

ജൂബിലി ഉത്ഘാടന സമ്മേളനത്തിൽനിന്നും
ചില ദൃശ്യങ്ങൾ 7

The Orthodox Theological Seminary
— A Short History
—Dr. K. M. Tharakan 11

ദിവ്യകാന്തി (കവിത)
—മഹാകവി പുത്തൻകാവ് മാത്തൻ തരകൻ 17

പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് ഒന്നാമൻ
—ഫാ. കെ. എം. അലക്സാണ്ടർ 19

മലങ്കര സഭയും ആംഗ്ലിക്കൻ മിഷനും
—മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്ത 25

മലബാർ (തൊഴിയൂർ) സ്വതന്ത്ര സുറിയാനി സഭ—
ചരിത്രവും സാധ്യതകളും
—ഫാദർ ജോസഫ് ചീരൻ 49

ഒരു കൈത്തിരിയുടെ നാളം (കവിത)
—പ്രൊഫ. സി. ജെ. മണ്ണുമ്മൂട് 62

ധീരാത്മാവായ മാത്യൂസ് മാർ അത്താനാസ്യോസ്
—ജോർജ് വർഗീസ്, മദ്രാസ് 65

പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് രണ്ടാമനും
മലങ്കര സഭയും
—ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്ത 69

പഴയ സെമിനാരിയും മാർ ദിവന്നാസ്യോസ് ആറാമനും
—റവ. ഡോ. വി. സി. ശമുവേൽ 85

സെമിനാരി—ചില ദൃശ്യങ്ങൾ

കാതോലിക്കേറ്റ് സ്ഥാപനവും ഒന്നാം കാതോലിക്കായും
—ഫാ. (ഡോ) ബി. വറുഗീസ് 97

രണ്ടാം കാതോലിക്കാ മുതൽ അഞ്ചാം കാതോലിക്കാ വരെ
—ഡോ. സാമുവേൽ ചന്ദനപ്പള്ളി 111

വൈദിക വിദ്യാഭ്യാസം മലങ്കരയിൽ
—ഫാദർ ടി. ജെ. ജോഷ്വ 131

മലങ്കര ഓർത്തഡോക്സ് സഭയുടെ കഴിഞ്ഞ 175 വർഷങ്ങളിലെ മിഷൻ
—ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ 141
The Church in my Student Days—Some Reminiscences
—Dr. P. C. Alexander 155
ചരിത്രത്തിന്റെ വഴിത്താരയിൽ
—കെ. എം. മാത്യു 163
മലങ്കര സഭയിലെ സന്യാസപ്രസ്ഥാനം
—റവ. ഡോ. എം. എ. മത്തായി റമ്പാൻ 173
സഭയിൽ വനിതകളുടെ പങ്ക്
—പ്രൊഫ. മേരി തോമസ് 181
സഭയിലെ വൈദിക പരിശീലനം: ഒരു ഭാവി പരിചിന്തനം
—ഫാ. ഡോ. ജേക്കബ് കുര്യൻ 187
സാഹിത്യത്തിൽ സഭയുടെ സംഭാവനകൾ
—പ്രൊഫ. വറുഗീസ് പടിയറ 191
സഭയുടെ വികസന സാദ്ധ്യതകൾ
—ഫാദർ മത്തായി നൂറനാൽ 201
ചരിത്രത്തിന്റെ ഏടുകളിൽനിന്നും ചില ദൃശ്യങ്ങൾ
സെമിനാരി സ്ഥാപനം—ചില ചരിത്ര വസ്തുതകൾ
—ഫാ. പി. എ. കുറിയാക്കോസ് 209
ഓർത്തഡോക്സ് സെമിനാരി—പഠന പദ്ധതികളും സാധ്യതകളും
—ഫാ. സി. സി. ചെറിയാൻ 213
The Connection of the Malankara Church with Antioch
During the last 175 years
—Fr. T. I. Varghese 219
മുളന്തുരുത്തി സുന്നഹദോസ്—മലങ്കര സഭാചരിത്രത്തിലെ വഴിത്തിരിവ്
—ഫാ. എം. ഒ. ജോൺ 231
പരുമല കൊച്ചു തിരുമേനിയും മലങ്കര സഭയും
—ഫാ. ടി. പി. കുര്യൻ 237
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ
ആരാധനാ സാഹിത്യവും ഭാഷയും —ഫാ. ജോൺസ് ഏബ്രഹാം കോനാട്ട് 241
പുരാതന ലിഖിതങ്ങൾ
—റവ. ഡോ. കെ. എ. ജോർജ് 251
കൗൺസലിംഗിന്റെ പ്രസക്തി—അജപാലന ശുശ്രൂഷയിൽ
—ഫാ. ഒ. തോമസ് 267
രാഷ്ട്രീയ—സാമൂഹിക രംഗത്ത്
—പോൾ മണലിൽ 281
മലങ്കര സഭാ ചരിത്ര ഫലകങ്ങൾ
—വർഗീസ് ജോൺ തോട്ടപ്പുഴ
Our Esteemed Advertisers 299

Editorial Note

We are most grateful to the many contributors who have enriched this publication. It is a testimony to the high esteem in which knowledgeable people have always held our Seminary. This institution founded in 1813 has already completed more than 175 years of unusual service not only to the Kerala Church, but also to the people of Kerala Church, and of India as a whole.

The Seminary is in some sense a symbol of the fundamental question facing our nation: how on the one hand, to open our windows to the powerful currents blowing in from the west for past two hundred years, and on the other, how to forge a new identity for our nation that is continuous with the best in our own past and is not wholly shaped by the new currents.

The Seminary was the first locale to start English education in Kerala, the first to have Englishmen as teachers, the first in Kerala to have a printing press—at that time the most powerful instrument of western culture. We opened our windows, the currents came in with tornado strength and wanted to uproot our whole culture. The missionaries of the western churches tried to teach us that most of our worship practises were idolatrous and superstitious. They insulted the memory of the Blessed Virgin and the Saints. They tried to foist the Anglican Book of Common Prayer, and would have fain imposed upon us also the Thirtynine Articles, the Creed of the English Protestant Reformation.

Of course these missionaries of the Church Missionary Society, especially the second generation, were full of both evangelical enthusiasm and innocence largely bred of ignorance. Some of the reforms they demanded were both legitimate and desperately needed. Others were dictated by the whims and fancies of Protestant rationalism. Because their demands for reform had a recognizably large element obviously justified, some of our people took to their ways wholesale or in large part—the consequence was the formation of the Church Missionary Society or Anglican Church (known to most as C M S Church, later part of the Anglican Church in India and still later absorbed into the Church of South India)

and of the Mar Thoma Syrian Church, which held on, at least outwardly, to the forms of worship and order then prevailing in the Orthodox Church here, while adhering to the doctrines of the Protestant Reformation.

While this three-cornered fight started by the British was going on among the three factions—the Orthodox Church, the Anglican Church and the Mar Thoma Syrian Church—others, both Indian and foreign—were fishing in our troubled waters; they managed quite a few miraculous catches. The Syrians from the Middle East and the Carmelite Roman Catholics under Spanish guidance used all means at their disposal to wean away large sections of our people who then adopted the foreign obedience and foreign ways willingly and rather slavishly.

The Orthodox Church in India is the remnant left by the tornado that swept in from invasions of the British, the Portuguese-Spanish, the Syrians and so on. The great task of our Church, as of our nation, the remnant of great tornadoes, is to recover and reconstitute our own proper identity. It cannot be just a recovery of what there was before the tornado. We must welcome much that the tornado has brought us.

The difficulty however is to discern what to retain and what to reject. What is the criterion for such discernment? The tragedy of both our nation and our Church is that even for the criteria for our own identity we look to the west. If important people in the west say that such and such is bad in the western tradition, we may also reject these. Even our people's appreciation for the worship of our Church is at least in part created by the fullthroated praise our form of worship had received from foreigners who visited us.

Somethings we hold on to, despite their going out of fashion in the west. Most of our people, for example, want our priests to wear clerical garb in public, though this is now out of fashion in the west, and many of our own priests, especially outside Kerala, are imitating the fashion of the west. In thought especially, we are still heavily dependent upon the west and western scholarship. We should be grateful to the west for some of the methods of research and canons of scholarship they have given us. But even these need to be critically discerned and selectively appropriated.

It is the power of western rationality that has managed so effectively to eclipse the transcendent by insisting on temporal or this-worldly considerations and goals, not only as primary but also as the only concerns and goals, even in Christian theology.

A life of discipline, prayer and fasting is fast going out of fashion in the west, as part of the training of spiritual leaders. The emphasis now is on 'reflection' and 'action'. That reflection itself can easily afford to neglect the past, including the apostolic heritage which is the patrimony of the Church. The tendency today is to tailor one's theology to suit the socio-economic needs perceived by reason without much help from any revelation. To hark back to the apostolic heritage is regarded as reactionary and backward looking.

Behind this lack of confidence in the heritage lies the colossal ignorance about that heritage. Whether in theology or in church music, whether in social activism or in art and architecture, the past, some think, has little to teach us. Of course the opposite extreme can be just as dangerous and ridiculous. We cannot afford to stick our noses in the past and forget the present and future. In fact the whole point about looking into the past is to gain proper orientation in the present and for the future.

As the Seminary moves towards the end of the second millennium of Christianity and the second century of its existence, these are the questions which should engage the attention of its well-wishers. For where the seminary fails, the church can fail also. Where the seminary becomes vigilant and faithful, it is the Church that will benefit.

God bless the seminary, the Church, and the world that hungers and thirsts for righteousness.

Paulos Mar Gregorios of Delhi,
Principal.

പരിശുദ്ധ കാതോലിക്കാ ബാവാ തിരുമനസ്സിലെ

ആശംസ

നമ്മുടെ വൈദികസെമിനാരി നൂററിയെഴപത്തഞ്ചുവർഷം പൂർത്തിയാക്കുന്നതിനോടനുബന്ധിച്ച് ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നുവെന്നറിയുന്നതിൽ നമുക്ക് അതിയായ സന്തോഷമുണ്ട്. വൈദികസെമിനാരിയുടെ ചരിത്രത്തിൽ ഇന്നുവരെയും ദൈവം തമ്പുരാന്റെ അളവററ കൃപാകടാക്ഷം ഉണ്ടായിട്ടുണ്ട്. പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് ഒന്നാമന്റെ ദർശനവും സദുദ്യമവും ഇന്നു സഭയ്ക്കു മുഴുവൻ ദീപസ്തംഭമായി പ്രയോജനപ്പെട്ടിരിക്കുകയാണ്. ദൈവത്തിനു സ്തോത്രം ചെയ്തുകൊണ്ട്, സ്ഥാപകനായ ആ വന്ദ്യപിതാവിനെയും ഇതഃപര്യന്തം ഈ സ്ഥാപനത്തെ നയിച്ച എല്ലാവരെയും നന്ദിയോടെ സ്മരിക്കുവാൻ ഈ സന്ദർഭം ഉതകട്ടെ എന്നു നാം ആശംസിക്കുന്നു.

കഴിഞ്ഞ നൂററിയെഴപത്തഞ്ചു വർഷങ്ങളിലെ മലങ്കര സഭ എന്ന പ്രധാന പശ്ചാത്തലത്തിൽ ഭാവിയിലേക്കു വ്യക്തമായ മാർഗ്ഗദർശനം നല്കുന്ന ലേഖനങ്ങളും സ്മരണികയുടെ പ്രത്യേകതയായി നാം മനസ്സിലിക്കുന്നു.
ഈ സ്മരണികയ്ക്കു എല്ലാ വിജയങ്ങളും നാം ആശംസിക്കുന്നു.
സെമിനാരിയെ ദൈവം തമ്പുരാൻ കൂടുതലായി അനുഗ്രഹിക്കട്ടെ.

(ഒപ്പ്)

1990 നവംബർ 14,
കഞ്ഞിക്കുഴ ആശുപത്രിയിൽനിന്നും

ബസേലിയോസ് മാർത്തോമ്മാ
മാത്യൂസ് പ്രഥമൻ കാതോലിക്കാ

ജൂബിലി ഉത്ഘാടന സമ്മേളനം

175 വർഷം തികയുന്ന വൈദിക സെ
മിനാരിയുടെ ജൂബിലി പ്രവർത്തനങ്ങളും
ക്കു അടിത്തറ പണിതതു്, 1989 ഡിസം
ബർ 31–നു 1990 ജനുവരി 1–നും സഭ
യാകമാനം ആചരിച്ച ജാഗരണ പ്രാർത്ഥ
നയായിരുന്നു.

1990 ജനുവരി 1 ന വൈദിക സെമി
നാരിയുടെ 175–ാമത്തു ജൂബിലി പ. കാ
തോലിക്കാബാവാ ഉത്ഘാടനം ചെയ്തു.
ഓത്തഡോക്സ് വൈദിക സെമിനാ
രിയുടെ ചരിത്രം മലങ്കര ഓർത്തഡോ
ക്സ് സഭയുടെ വളർച്ചയ്ക്കു സുപ്രധാന
പങ്ക് വഹിച്ചിട്ടുണ്ടെന്നു പ. ബസ്സേലി
യോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ
കാതോലിക്കാ ബാവാ പ്രസ്താവിച്ചു.
175 വർഷം തികഞ്ഞ സെമിനാരിയുടെ
ജൂബിലി കേരളത്തിലെ ഇംഗ്ലീഷ് വി
ദ്യാഭ്യാസത്തിന്റെയും സെക്കുലർ വിദ്യാ
ഭ്യാസ നവോത്ഥാനത്തിന്റെയും കൂടി ജൂ
ബിലിയാണ്.

പ. ബാവാ തുടർന്നു: മലങ്കര ഓർത്ത
ഡോക്സ് സഭയിൽ വൈദിക പരിശീ
ലനം ആരംഭിച്ചിട്ട് 175 വർഷമേ ആയു
ള്ളുവെന്ന് ആരും തെറ്റിദ്ധരിക്കരുത്.
ഒന്നാം നൂററാണ്ടു മുതലെ വൈദിക പാര
മ്പര്യമുള്ള ഈ സഭ 19–ാം നൂററാണ്ടുവരെ
വൈദിക വിദ്യാഭ്യാസം നടത്തിയിരുന്ന
തു് ഗുരുകുല മാതൃകയിലുള്ള മല്പാൻ
പാഠശാലകളിലായിരുന്നു. പരമ ഭക്തനും
ക്രാന്തദർശിയുമായ പുലിക്കോട്ടിൽ ഇട്ടൂപ്പ്
കത്തനാർ ആധുനിക കാലഘട്ടത്തിനു്
അനുയോജ്യമായ രീതിയിൽ വൈദിക
പഠന കേന്ദ്രം പണിതു. ഇംഗ്ലീഷ്
വിദ്യാഭ്യാസം ആദ്യമായി ഈ 'പഠിത്ത
വീട്ടിൽ' ആരംഭിച്ചതോടെയാണ് കേര
ളത്തിലെ വിദ്യാഭ്യാസ മണ്ഡലം ആകെ
വികസിക്കുന്നതിനിടയായതു്– അദ്ദേഹം
പറഞ്ഞു.

ഭാരതത്തിലെ കത്തോലിക്കേതര വൈ
ദിക സെമിനാരികളിൽ ആദ്യത്തേതായ
ഈ സ്ഥാപനം മലങ്കര സഭയുടെ ചരി
ത്രവുമായി വളരെയധികം ഇഴുകി ചേർന്നി
രിക്കുന്നു. കേരളത്തിലെ സി. എസ്.
ഐ. സഭാംഗങ്ങളിൽ ഒരു വിഭാഗവും,
മാർത്തോമ്മാ സഭയും യാക്കോബായ സഭ
യും അവരുടെ സഭാചരിത്രം സ്മരിക്കു
മ്പോഴും ഈ സ്ഥാപനവുമായി ബന്ധ
പ്പെടുന്നു. അവരോടെല്ലാം ചേർന്ന് അർത്ഥ
വത്തായ ഒരു ഐക്യം സ്ഥാപിക്കുന്ന

തിനായി ഈ ജൂബിലി വർഷത്തിൽ പ്രാർത്ഥിക്കാം, പ്രയത്നിക്കാം—പ. ബാവാ തിരുമേനി ഉത്ബോധിപ്പിച്ചു.

വളരെക്കാലം വൈദിക സെമിനാരി അദ്ധ്യാപകനായും പ്രിൻസിപ്പാളായും സ്തുത്യർഹമായി സേവനം അനുഷ്ഠിക്കുവാൻ അവസരം ലഭിച്ചതിനാൽ, 'ഈ സ്ഥാപനത്തിന്റെ പുരോഗതിയുടെ ഓരോ ഘട്ടവും നമ്മെ അഭിമാനം കൊള്ളിക്കുന്നു' എന്നു പ. ബാവാ തിരുമേനി അനുസ്മരിച്ചു.

മലങ്കര സഭയുടെ നിലനില്പിന്റെ അടിസ്ഥാനവും ജീവനാഡിയുമായ വൈദിക സെമിനാരിയിൽ നിന്നു് ഓജസ്സും തേജസ്സുമുള്ള പട്ടക്കാരും മേല്പട്ടക്കാരും ഉരുത്തിരിയുന്നതിൽ വൈദിക സെമിനാരി വഹിക്കുന്ന പങ്ക് അവിസ്മരണീയമാണെന്നു കണ്ടനാട് ഭദ്രാസനാധിപൻ ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ പ്രസ്താവിച്ചു. ജൂബിലി സമ്മേളനത്തിൽ അദ്ധ്യക്ഷ പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം.

മലങ്കര സഭാചരിത്രത്തിന്റെ വിവിധ ഏടുകൾ സെമിനാരിയുമായി ബന്ധപ്പെട്ടിരിക്കുന്നു. അടിമത്തത്തിൽ നിന്നു വിടുതൽ പ്രാപിച്ച ഈ സഭ അടിമത്തത്തിലേക്ക് വലിച്ചിഴക്കപ്പെട്ടതും ഇതിന്റെ പ്രാന്തപ്രദേശങ്ങളിൽ വച്ചാണു്. വീണ്ടും ആ അടിമത്തിൽനിന്നും വിമോചനം നേടുന്നതിനു്, അടിമച്ചങ്ങല വലിച്ചെറിയുവാൻ തക്കവണ്ണം വീരയോദ്ധാക്കൾ ജീവിച്ചതും പ്രവർത്തിച്ചതും ഈ സെമിനാരിയിലാണു്. അതിനാൽ മലങ്കര സഭാചരിത്രത്തിൽ വൈദിക സെമിനാരിക്കു വലിയ സ്ഥാനമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ജൂബിലി ആഘോഷങ്ങൾ, പ. ബാവാ തിരുമേനിക്കുവേണ്ടി ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ നിലവിളക്കു കൊളുത്തി ഉത്ഘാടനംചെയ്തു.

ചടങ്ങിൽ, മഹാത്മാഗാന്ധി സർവകലാശാല പ്രൊ. വൈസ്ചാൻസലർ പ്രൊഫ. ജോസ് മാഞ്ഞൂരാൻ, മലയാള മനോരമ ചീഫ് എഡിറ്റർ കെ. എം. മാത്യു എന്നിവർ പ്രസംഗിച്ചു. പ്രൊഫ. സി. ജെ. മണ്ണുംമൂട് സെമിനാരി ജൂബിലിക്ക് ആശംസകൾ നേർന്നുകൊണ്ട് 'ഒരു കൈത്തിരിയുടെ നാളം' എന്ന കവിതാ ചൊൽക്കാഴ്ച അവതരിപ്പിച്ചു. വൈദിക സെമിനാരി വൈസ് പ്രിൻസിപ്പാൾ ഫാ, ടി. ജെ. ജോഷ്വാ സ്വാഗതവും, ഫാ. ജോസഫ് വെണ്ടറപ്പള്ളി നന്ദിയും പറഞ്ഞു. സെമിനാരിയുടെ ജൂബിലി ആഘോഷ പരിപാടികൾ, പ്രോഗ്രാം കമ്മിററി സെക്രട്ടറി ഫാ. കെ. ജെ. ഗബ്രിയേൽ വിശദീകരിച്ചു.

ജൂബിലി ഉത്ഘാടന സമ്മേളനത്തിൽനിന്നും

ചില ദൃശ്യങ്ങൾ

സ്വാഗതം: ഫാ. ററി. ജെ. ജോഷ്വ

അദ്ധ്യക്ഷപ്രസംഗം: അഭിവന്ദ്യ ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ

ഉത്ഘാടനം: പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിക്കുവേണ്ടി അഭിവന്ദ്യ ജോസഫ് മാർ പക്കോമിയോസ് തിരുമേനി നിലവിളക്കു കൊളുത്തിക്കൊണ്ടു്.

ആശംസാപ്രസംഗങ്ങൾ

പ്രൊഫ. ജോസ് മാഞ്ഞൂരാൻ
(പ്രോ–വൈസ് ചാൻസലർ,
എം. ജി. യൂണിവേഴ്സിററി)

ശ്രീ കെ. എം. മാത്യു
(ചീഫ് എഡിററർ, മലയാള മനോരമ)



സമൂഹഗാനം: സെമിനാരി ക്വയർ

കവിതാപാരായണം: പ്രൊഫ. സി. ജെ. മണ്ണുമ്മൂട്

ജൂബിലി ആഘോഷ പരിപാടികൾ—
ഒരു വിശദീകരണം: പ്രോഗ്രാം കമ്മിററി
സെക്രട്ടറി ഫാ. കെ. ജെ. ഗബ്രിയേൽ

കൃതജ്ഞത:
ഫാ. ജോസഫ് വെണ്ടറപ്പള്ളി

Best Compliments from:

P. P. DANIEL, JANAKAPURI

GEEVARGHESE ,,

V. T. VARGHESE ,

D. RAJAN ,,

P. S. SAMUEL ,,

P. J. VARGHESE ,,

Y. MATHEW ,,

K. A. JACOB ,,

K. C. KURIAN ,,

Best Compliments from:

R.R.Industries

Plot 89, Sector 24,
FARIDABAD (HARYANA)
Tel: No. 8-215 801

Manufacturers of Tractor & Motor Parts used as OE by Various Manufacturers in India i. e. Escorts, Ford, Massey Fergusson, Maruti Car & Omni etc. etc.

Works & Head Office: Plot No. 89, Sector 24,
FARIDABAD-121 005 (HARYANA)
Tel: 8-215801, Grams: AUTO IN, Telex: 031-280 FIA IN

Dr. K. M. Tharakan

The history of the Seminary is part of the saga of the heroic struggle of the ancient Orthodox Christian Community to preserve its identity to strengthen its spirituality and to promote its ideals.

THE ORTHODOX THEOLOGICAL SEMINARY

A Short History

The Orthodox Theological Seminary, Kottayam which completes one hundred and seventy five years of witness to Truth holds a unique place among the educational institutions in Kerala for more than one reason. It started as a school and became the headquarters of the Head of the Orthodox Church for sometime even as it developed into the seat of highest Orthodox theological learning in India. The history of the Seminary is part of the saga of the heroic struggle of the ancient Orthodox Christian Community to preserve its identity to strengthen its spirituality and to promote its ideals.

The Seminary owes its origin to the far sightedness and perseverance of Pulicottil Joseph Ramban (also known as Ittoop Ramban). He laid the foundation of the Orthodox Theological Seminary at Kottayam on 18th February 1813. The structure of the building was completed and dedicated on March 1815. The very same year classes were started and it is recorded that this institution became the nerve-centre of primary schools in seventy two village parish churches. It must be noted in this context that at that time, neither the Government of Travancore nor any private agencies had entered the field of English Education.

Not long after the starting of the school Joseph Ramban was ordained as Metropolitan under the name Joseph Mar Dionysius, and called upon the rule the Indian Orthodox church; He could rule the church only for one year, and yet during that short span of time he could

COLONEL MONROE

HENRY BAKER

win the good will of Colonel Munroe, the British Resident of Travancore who was deeply interested in the ancient Orthodox Christian Community of Malankara. Chiefly due to his intervention the Government of Travancore granted sixteen acres of tax-free land to the Orthodox Church for educational enterprises. The land on a river bank rich with its flora and fauna was an ideal site for the Seminary.

Benjamin Bailey

Norton

Joseph Fenn

It was at this time that C. M. S. Missionaries came to Kerala to carry on their evangelical work. So long as the Orthodox Church was different from the Roman Catholic Church, they found little difficulty in associating themselves with them. Some of the C. M. S. Missionaries readily joined the staff of the Seminary. Mr. Norton and the celebrated trio Henry Baker, Benjamin Bailey and Joseph Fenn served the institution with distinction. Joseph Fenn was Principal for some time.

Itwas the first golden era of the Theological Seminary. The Seminary offered instruction and training chiefly to candidates for priesthood. Church historian Hugh testifies to the glory of this period in the history of the Orthodox Theological Seminary in his 'History of Christianity.'

It is of some historical interest to remember that the first printing press in south India was installed by Benjamin Bailey in the Old Seminary in 1820-Books in English, Malayalam and even Syriac could be printed at the press.

The Seminary during this time was looked upon as a seat of high learning. Along with theological subjects, the students were taught Hebrew, Greek, Latin, Syriac, Sanskrit and Malayalam. Rani Parwati Bai of the Royal house of Travancore who made a munificent

RANI PARWATI BHAI

contribution to the Seminary expressed the wish that some of the graduates of the institution must be able to enter into civil service. The authorities of the Seminary and the missionaries worked in unison till 1836; and then their relation became strained to such a degree as to lead to disputes and litigations. The Seminary was closed down for a while and the missionaries moved to a mount nearby where they started an educational institution, which has developed into the C. M. S. College.

Theological education was given to candidates for priesthood by Malpans in the Seminary as earlier, but with the exit of the Missionaries the Seminary ceased to impart general education to the students. In the meantime it became the Head quarters of the Malankara Metropolitan. As such it was the silent witness to a number of synods, conferences and assemblies which took momentous decisions regarding the future of the church. To begin with, the church had to affirm its own identity and part company with the C. M. S. missionaries. Then there was the internal rift which saw the scession of the Marthoma Church from the Orthodox Church.

In the meantime the functioning of the Seminary was affected by court-cases and Mar Dionysius V started a Seminary at Parumala, in 1872, where Mar Gregorios of Parumala became the malpan. In 1887 the training programme in the Seminary was resumed. Among the great teachers of this period special mention must be made of Mar Gregorios of Parumala, Mar Dionysius of Vattasseril, Malankara Malpan Mathan Cor-episcopa of Konat, Father Skariah Cheriamadathil, Malpan Skariah of Elavinamannil, Father Alexandrios of Mattackal and Baselios Geevarghese II, Catholicos.

The dispute between the Patriarchel group and Orthodox Church and the subsequent court-verdicts severely affected the functioning of the Seminary. As per the decision of the Malankara Association in 1931, the training programme of the Seminary was shifted to M.D.

Seminary campus. During 1933 to 1937, the Seminary course was organised as a four-year programme, under the leadership of Cheriamadathil C.J. Skariah Malpan and Fr. K. David. In 1937 the Seminary course was again started in the 'Old Seminary'. But due to many reasons, it could continue for only two years. The M. D. Seminary was again taken as the venue of ministerial formation in 1942. Fr. K. David was the Principal. While Vattakkunnel V. K. Mathews (later H. H. Baselius Mar Thoma Mathews I) and Kallupurackal Deacon K. Philipose (later Metropolitan Philipos Mar Theophilos) were the professors. The Seminary entered into the modern era in 1942 when its courses of study were re-organised in tune with the University requirements. The new generation of teachers well-versed in theology took the responsibility of running the Seminary on modern lines. In 1943 C. J. Skariah Malpan became the the Principal. During 1947-'49, Fr. V. K. Mathews (later H.H. Baselius Mar Thoma Mathews I) was the Acting Principal and during 1949-'51 Metropolitan Augen Mar Timotheos (later H. H. Baselios Augen I) was the Principal. The headquarters of the Catholicos was moved to Devalokam in 1952. Fr. V. K. Mathews became the Principal in 1951 and continued to give able leadership till 1965. In the meantime, in 1953, Fr. V. K. Mathews was consecrated bishop as Mathews Mar Athanasius and in 1959, the Seminary programme was again shifted back to the Old Seminary.

In 1965 the Seminary was affiliated to the Serampore University as a B. D. College. In the same year Seminary celebrated its Jubilee commemorating completion of 150 years. During 1966-67, Fr. K. Philipos (later Philipos Mar Theophilos Metropolitan) was the principal and he managed the building of the South wing extension.

The modern period of the Seminary is marked by the leadership of an eminent group of Professors to work with the Principals. Among them the names of Rev. Fr. M. V. George (at present Geevarghese Mar Osthathios) Rev. Fr. N. A. Yohannan Malpan (late Yuhanon Mar Severios), Rev. Fr. K. M. Alexander, Rev. Fr. T. J. Joshua, Rev.Fr.K.K. Mathews (at present Mathews Mar Barnabas), Rev. Fr. N. K. Koruthu Malpan, are to be specially mentioned.

It was the good fortune of the Seminary that it got the services of Fr. Paul Varghese (later His Grace Paulos Mar Gregorios) as its Principal in 1967. Certainly the new Principal could lead the Seminary to new frontiers of progress. With the whole-hearted Patronage of the Catholicos and the Holy Synod, and the general co-operation of his associates the new Principal could exploit the erudition and talents of the faculty for the development of the Seminary. The Seminary could establish contacts with seminaries both Catholic and Protestant in India and outside. The ecclesiastical heads of various churches, like the Russian patriarch, the Romanian patriarch, the Georgian Patriarch, Archbishop Runcy of Canterbury, and Emilio Castro, General Secretary W. C. C. who have visited the the seminary have praised it without reservation.

The Sophia Centre was inaugurated in 1974. The South extension was completed in 1977. The Federated Faculty for Research in Religion and Culture (F. F. R. R. C.) started in 1980 marked a new era in academic progress enabling the Seminary to offer Master's study and research facilities. The Lay training programme, Divyabodhanam, inaugurated in 1984, opened systematic study programme for many women and men, through its certificate and Diploma courses. The Seminary campus became alive in the true 'Family' set up by the inauguration of the Family Quarters complex in the same year. 1988 witnessed the beginning of two new ventures on the campus: School of Liturgical Music and Book Stall. In 1989 the Seminary Faculty undertook a new venture of producing devotional commentaries on all New Testament books, in Malayalam.

Post-graduates, Graduates and few under-graduates are chosen from the various dioceses on the basis of written tests and interview and on the basis of the recommendation of their bishops. Once they enter the institution they start on a life of rigorous discipline prayer and study which lasts for four years. They receive the best of training from their Gurus and they avail themselves of the facilities in the library. The Seminary building itself as well as the rich expansive garden in its precincts help them imbibe a spirit of peace. The students get opportunities to integrate academic learning with practical ministry through many programmes like parishmission, fellowship groups, service-squads, stewardship, arts club, theological association, games etc.

There is a chapel attached to the Seminary where prayers are held regularly. The mortal remains of Joseph mar Dionysius, the founder, Mar Dionysius IV and Mar Dionysius VI are enshrined here. The ardently faithful believe that the intercession of these prelates is a source of perennial strength to the Seminary.

Certainly, the Seminary has to make steady progress as time advances and yet what it could achieve was creditable. The Seminary now admits thirty one students in every year and it offers them special training in the conduct of worship, in speech-making, in counselling and in preaching. The federated faculty for research and religion and culture started in the Seminary was a giant leap taken by the Seminary in the area of higher studies. The music school which was started recently gives an excellent training to the students in singing hymns. The Sophia Centre attached to the Seminary is a centre for programmes for both the Clergy and the Laity. Ever since its inception, it has been the venue of a number of seminars and conferences, national as well as international.

This and the Library as well as the Archives provide the students of the Seminary with the facilities they need for their scholarly pursuit.

The projects undertaken by the Seminary have been beneficial to the students as well as the laity. Under the 'Divyabodhanam' scheme which is a new project of the Seminary, text-books on theology and related subjects have been prepared and published. This project has gone a long way in giving theological education to the members of the church. Under the scheme of 'Thiruvachana Bhashyam', a project undertaken by the Seminary in commemmoration of its jubilee, commentaries on the various books in the New Testament have been prepared and published. It is also proposed to bring out an encyclopaedia of the Indian Orthodox Church in this Jubilee year.

The hallmark of the Seminary education is the synthesis it strikes between learning and living which is very much in the tradition of monastic life in ancient christian communities. The entire thrust

of the education is on the development of the total personality of the candidates which means an integral development of the intellectual, imaginative and spiritual qualities in a person. At present the faculty of Seminary consists of illustrious professors who can deal with the different subjects with consummate skill. At present the following are on the faculty of the Orthodox theological Seminary.

H. G. Dr. Paulos Mar Gregorios, B. A., M. Div., STM., D. Th. Principal
H. G. Geevarghese Mar Osthathios, M. A., B.D., STM. (Part time)
Rev. Fr. T. J. Joshua, B.A. B.D., STM. Vice-Principal
H. G. Geevarghese Mar Ivanios, M.A., (Oxon) (Part time)
Rev. Fr. N. K. Koruthu Malpan
Rev. Dn. Dr. K. A. George, B.Sc., B.D., M.Th., Dr. Theol.
Rev. Fr. Dr. M. Jacob Kurian, M.A., B.D., M.Th., D.Th. (Bursar)
Rev. Fr. Dr. M. A. Mathai Ramban, B.Sc., B.D., M.Th. D.Th.
Rev. Fr. C. C. Cherian, B.Sc., B.D., M.Th., B. Lib. Sc. (Librarian)
Rev. Fr. T. I. Varghese, B,D. M.Th. (Registrar)
Rev. Fr. O. Thomas, M.A. B.D., M.Th. (Part time Lecturer)
Rev. Fr. K. J. Gabriel, B.A., B.D., M.Th.
Rev. Fr. John Mathews, B.A., M.R.E.
Rev. Fr. M. P. George, M.A. B.D.,
Rev. Fr. Jones Abraham, B.A., B.D., M. Th.(Part-time Lecturer)
Rev. Fr. M. O. John, B.A., B.D., M.Th. (Part-time Lecturer)
Dr. Paul C. Varghese, M.A., Ph.D. Hon. Professor in English Language
Rev. Fr. Dr. K. M. George, B.Sc., B.D., D. Th. (on leave)
Rev. Fr. Dr. V. P. Varghese, B.Sc., B.D., D.Th. (on leave)
Rev. Fr. Mathew Baby, B.Sc., B.D., M.Th. (Part time Lecturer)

The institution has a Board of Governors with the Catholicos as its head.

The Seminary is proud of the many deacons, priests and bishops that it produced to lead the Church throughout the years. It should record deep sense of gratitude to the many teaching and non-teaching staff-members. Along with the names of the Principals and Professors already mentioned, we should also pay homage to the services of people like, V. R. Mathan Konattu Cor-episcopa, H. G. Mathews Mar Coorilos, H. G. Thomas Mar Makkarios, H. G. Philipos Mar Eusebius, Fr. E. P. Jacob Elanjickal, Prof. A. M. Varkey, Sri V. K. Abraham, Malpan Fr. T. J. Abraham, Fr. K. M. Simon, Fr. P. V. Varghese, Sri Puthenkavu Mathan Tharakan, Fr. Dr. V. C. Samuel, Fr. C. E. George, Dn O. J. Moses, etc.

The Seminary supports itself on a grant from the centre of the church and on the contributions made by generous people and institutions. It needs a lot more of financial assistance for its sustenance and development and more room to accommodate more students and house libraries and archives. It is hoped that the Seminary will meet these needs in the immediate future.

മഹാകവി പുത്തൻകാവ് മാത്തൻ തരകൻ

ദിവ്യകാന്തി

പല്ലവി

ജയ, ജയ, ജയ,
ജയ ജയ ജനനീ

അനുപല്ലവി

ഓർത്തഡോക്സ് തിയോളജിക്കൽ
സെമിനാരീ— ജയ ജയ....

ചരണം

1 പുകളിയലും പ്രാക്തനമാം
നിഗമ വിദ്യാ പീഠമേ!
ക്രിസ്തുനാഥ ദിവ്യകാന്തി
വിതറിടും പ്രദീപമേ, ജയ ജയ

2 സത്യവേദ വേദികളാൽ
ആദൃതയാമംബികേ
സത്തമരാം വൈദികർക്കു
ജന്മമേകും ജയധരേ, ജയ ജയ

3 മഹാ മഹിമ ശ്രീയെഴും
മുഖ്യാചാര്യവര്യരാൽ
സന്തതം സുലാളിതയായ്
വിലസും കലാസൗധമേ, ജയ ജയ

4 ദൈവശാസ്ത്ര തത്വരത്ന
വിമലമാം കേദാരമേ,
സൽസഭയ്ക്കു നിത്യവിത്ത—
ഭൂമിയായ് വിളങ്ങണം ജയ ജയ

ടിപ്പണി

ജനനി=അമ്മ. പുകളിയലും=പ്രസിദ്ധ മായ. പ്രാക്തനമാം=പൂർവ്വിക. നിഗമ വിദ്യാപീഠം=വൈദിക സെമിനാരി. നിഗമം=വേദം. സത്യവേദ വേദികരം=സത്യവേദം അറിയുന്നവർ. ആദൃത=ആദരിക്കപ്പെട്ടവരം. അംബിക=അമ്മ. ജയധര=ജയത്തെ ധരിക്കുന്നവരം. സന്തതം=എപ്പോഴും. മുഖ്യാചാര്യവര്യർ=മെത്രാപ്പോലീത്താമാർ. ദൈവശാസ്ത്രതത്വരത്ന.... കേദാരം=ദൈവശാസ്ത്ര തത്വങ്ങളാകുന്ന രത്നങ്ങരം വിളയുന്ന വയൽ, വിത്തഭൂമി=ധനം വിളയുന്ന ഭൂമി.

ESTD. 1953

Gram: 'MALANKARA'

Phone: 511567
514668

UNITED BEARING CO.

192, Thambu Chetty St.,
Madras - 600 001.

Authorised Stockists for
SKF ROLLING BEARINGS

Our other offices at

M. G. Road, Cochin-68 20 16 Phone: 36 07 28	Beach Road, Quilon-69 1001 Phone: 754 34	130, New Kalasipalayam, Bangalore-56 0002 Phone; 22 26 38

FOUR DECADES IN THE ROLLING BEARING SERVICE

സ്വന്തം സഭയ്ക്കുവേണ്ടി, എരിഞ്ഞടങ്ങിയ ആ ദിവ്യപുരുഷൻ യഥാർത്ഥ ത്യാഗജീവിതത്തിൻെറ ഉദാഹരണമായിരുന്നു. സ്വന്തം സുഖത്തിനോ സന്തോഷത്തിനോ വേണ്ടി ആഗ്രഹിക്കുന്ന ഒരുവനും മററുള്ളവർക്കുവേണ്ടി ഒന്നും നേടുവാൻ സാധിക്കയില്ല എന്ന വസ്തുത അദ്ദേഹത്തിനറിയാമായിരുന്നു...

ലേഖനകർത്താവായ യശ:ശരീരനായ കെ. എം. അലക്സാണ്ടറച്ചൻ സെമിനാരിയിൽ ദീർഘകാലം പ്രൊഫസറും ബർസാറും ആയിരുന്നു. 1972–73 ലെ സെമിനാരി റിപ്പോർട്ടിൽ അദ്ദേഹം സെമിനാരി സ്ഥാപകനെക്കുറിച്ച് എഴുതിയ ലേഖനമാണിത്.

ഫാ. കെ. എം. അലക്സാണ്ടർ

പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് ഒന്നാമൻ

(സെമിനാരി സ്ഥാപകൻ)

അധികം ആരും അദ്ദേഹത്തെക്കുറിച്ച് കേട്ടുകാണുകയില്ല. ഓർത്തഡോക്സ് സഭയുടെ ജീവനാഡിയായ ഒന്നിനു് ആരംഭമിട്ടതു് അദ്ദേഹമാണ്. ഇന്നും അതു വളർന്നുകൊണ്ടിരിക്കുന്നതിൽ അദ്ദേഹം സന്തോഷാശ്രുക്കൾ പൊഴിച്ചുകൊണ്ടു വിശ്രമിക്കുന്നു. സഭയുടെ വൈദിക സെമിനാരി സ്ഥാപകനായ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസാണ് ആ പിതാവു്. സെമിനാരി ചാപ്പലിൽ അന്ത്യവിശ്രമം കൊള്ളുന്ന ആ തിരുമേനി ഒരു മെത്രാപ്പോലീത്തായായി ജീവിച്ചു ഭരിച്ചതു വെറും ഇരുപതു മാസം മാത്രം. പക്ഷെ അദ്ദേഹത്തിൻെറ വ്യക്തി മാഹാത്മ്യം ദശാബ്ദങ്ങളോളം ജീവിക്കുന്നു. വെല്ലുവിളികളും ആപത്സന്ധികളും സംഘട്ടനങ്ങളും അദ്ദേഹം അഭിമുഖീകരിച്ചു.

അദ്ദേഹം കുന്നംകുളത്തെ പുരാതന കുടുംബമായ പുലിക്കോട്ടിൽ ഭൂജാതനായി. ചരിത്രപ്രസിദ്ധമായ ആർത്താററുപള്ളിയുടെ വികാരിയായിരുന്നു. അതുവരെയുള്ള അദ്ദേഹത്തിൻെറ ജീവിതത്തെ സംബന്ധിച്ച് അധികം വിവരം ഒന്നും ഇല്ല. കുന്നംകുളത്തുനിന്നും കോട്ടയത്തെത്തി. പട്ടക്കാർക്കുവേണ്ടിയുള്ള ഒരു പഠിത്ത വീടു കെട്ടുവാൻ ആരംഭമിടുന്ന ഇട്ടൂപ്പുറമ്പാനെയാണു സഭാ ചരിത്രം ആദ്യമായി കാണുന്നതു്. ആ തുടക്കം അദ്ദേഹം വഴിപോലെ പൂർത്തീകരിച്ചു. 1813 ഫെബ്രുവരിയിൽ ആരംഭിച്ച കെട്ടിട നിർമാണം പല ബുദ്ധിമുട്ടുകളെയും അതിജീവിച്ചു 1815-ൽ പൂർത്തിയായി. താൻ തന്നെ പ്രധാന മല്പാനായിട്ടു പഠിത്തവും തുടങ്ങി. ഇംഗ്ളീഷുകാരുടെ സഹായങ്ങളും അദ്ദേഹത്തിനു വളരെയധികം ഉണ്ടായിരുന്നു. പക്ഷെ സഭയുടെ വിശ്വാസത്തിനോ ഭാവിക്കോ ഹാനി വരുന്നതു വല്ലതും ഈ ഇടപാടുകൊണ്ടു് ഉണ്ടാകാതിരിക്കു

Best Compliments from:

★

ABRAHAM TITUS

19/N. S. R. Road
Coimbatore-11

★

വാൻ അദ്ദേഹം പ്രത്യേകം ശ്രുഷ്ക്കാന്തി കാട്ടി. എന്നിട്ടും അദ്ദേഹം ആശങ്കാകുലനാകത്തക്ക ചില സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ ജ്വലിപ്പിച്ച പല ഗുണങ്ങളും അദ്ദേഹത്തിലുണ്ടായിരുന്നു. അവ എല്ലാവർക്കും മാതൃകാപരവും ഉത്തേജനം നൽകുന്നതുമാണ്. 1816 നവംബർ 25-ാം തീയതി അദ്ദേഹം ദിവംഗതനായി. ആ കബറിനു തന്നെ ഒരു ചരിത്രമുണ്ട്. അതൊന്നു സൂചിപ്പിച്ചതിനുശേഷം അദ്ദേഹം ഇന്നും നൽകുന്ന സന്ദേശം ആ ദീപസ്തംഭത്തിന്റെ ദീപ്തി എന്താണെന്നു പരിശോധിക്കാം.

ഓർത്തഡോക്സ് സഭയിലെ മേലദ്ധ്യക്ഷന്മാരെ കബറടക്കുന്ന രീതിയിൽ ആയിരുന്നു അദ്ദേഹത്തെയും കബറടക്കിയത്. എന്നാൽ ഈയടുത്ത കാലം വരെയും (1965 വരെ) ആ കബർ കിടത്തി സംസ്കരിച്ച രീതിയിൽ ആയിരുന്നു കിടന്നിരുന്നത്. ഇതിനിടയായ ഒരു സംഗതിയുണ്ട്. 1825–ൽ അന്ത്യോഖ്യയുടെ പ്രതിനിധി എന്ന പേരിൽ മാർ അത്താനാസ്യോസ് ഇവിടെ വന്നു. അദ്ദേഹത്തിനു മലങ്കര സഭയുടെ സ്വത്തും ഭരണവും കൈയടക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നു. അതിനുവേണ്ടി ആദ്യമായി തോഴിയൂർ മാർ പീലക്സിനോസിനെയും ചേപ്പാട്ട് മാർ ദിവന്നാസ്യോസിനെയും മുടക്കുവാൻ പരിശ്രമിച്ചു. അതും കൂടാതെ സെമിനാരി സ്ഥാപകന്റെ കബറിനോടും ഒരു മഹാ പാതകം ചെയ്തു. ആ കബർ ചവിട്ടിപ്പൊളിച്ചു. പിന്നീട് അതു പുതുക്കിപ്പണിതപ്പോഴും എങ്ങനെയോ കിടത്തി സംസ്ക്കരിച്ച നിലയിലായിത്തീർന്നു. അതിനുശേഷം 1965–ൽ അന്നത്തെ സെമിനാരി പ്രിൻസിപ്പൽ ആയിരുന്ന റവ. ഫാ. കെ. ഫീലിപ്പോസ് (അങ്കമാലി ഇടവകയുടെ ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ് ആണ് ഇന്നത്തെ രീതിയിൽ കബർ പരിഷ്ക്കരിച്ച് ക്രമീകരിച്ചത്.

ആ പുണ്യവാന്റെ ഏററവും പ്രധാനപ്പെട്ട സന്ദേശം പ്രാത്ഥനയും ഉപവാസവും ആണ്. യാമ പ്രാർത്ഥനകളും രഹസ്യപ്രാർത്ഥനകളും നോമ്പും കഠിനനിഷ്ഠയോടു നടത്തുവാൻ ആ യഥാർത്ഥ താപസൻ എത്രമാത്രം ശ്രുഷ്ക്കാന്തി കാണിച്ചു എന്നതു വിശദീകരിക്കുവാൻ പ്രയാസമാണ്. അദ്ദേഹത്തിന്റെ അമാനുഷിക വ്യക്തിവിലാസത്തിന്റെ പിന്നിലെ നിർണ്ണായകശക്തി ഈ ആത്മീയ ജീവിതം ഒന്നു മാത്രമായിരുന്നു.

ആ പുണ്യവാന്റെ എററവും പ്രധാനപ്പെട്ട സന്ദേശം പ്രാർത്ഥനയും ഉപവാസവും ആണ്. യാമപ്രാർത്ഥനകളും രഹസ്യപ്രാർത്ഥനകളും നോമ്പും കഠിന നിഷ്ഠയോടും നടത്തുവാൻ ആ യഥാർത്ഥ താപസൻ എത്രമാത്രം ശുഷ്കാന്തി കാണിച്ചു എന്നത് വിശദീകരിക്കുവാൻ പ്രയാസമാണ്. അദ്ദേഹത്തിന്റെ അമാനുഷിക വ്യക്തിവിലാസത്തിന്റെ പിന്നിലെ നിർണായക ശക്തി ഈ ആത്മീയ ജീവിതം ഒന്നുമാത്രമായിരുന്നു.

സ്ഥാനമോഹമില്ലാതെ തികച്ചും ലളിതമായ ഒരു ജീവിതം നയിച്ച ആ പിതാവ് ഒരു യഥാർത്ഥ മാതൃകയാണ്. ജീവിതം മുഴുവനും റമ്പാനായിട്ടിരിക്കുവാൻ ആഗ്രഹിച്ചത് സാധിച്ചില്ലായെങ്കിലും അകത്തും പുറത്തും ഒരു യഥാർത്ഥ ദയറായക്കാരനായിട്ടാണദ്ദേഹം ജീവിച്ചത്. എപ്പോഴും കറുത്തകുപ്പായം ധരിക്കുന്നത് അദ്ദേഹത്തിന്റെ പ്രത്യേക നിഷ്കർഷയായിരുന്നു. വളരെ വിരളമായി ഏററം ഔദ്യോഗിക സന്ദർഭങ്ങളിൽ മാത്രമാണ് ചുവന്ന കുപ്പായം ധരിക്കാറുണ്ടായിരുന്നത്.

അദ്ദേഹത്തിന്റെ നിസ്വാർത്ഥതയും പക്ഷപാതരാഹിത്യവും അനുപമവും അതിശയിക്കത്തക്കതുമായിരുന്നു. സെമിനാരിയുടെ ചുമതല വളരെ ക്ലേശഭൂയിഷ്ഠ

Best Compliments from:

★

SUPREME FOAM PRODUCTS

35 HALLS ROAD
EGMORE
MADRAS-8

മായ സാഹചര്യത്തിൽ നടത്തിക്കൊണ്ടു പോന്നപ്പോൾ ഉണ്ടായ ഒരു സംഭവം ഇവിടെ പ്രസ്താവ്യമാണ്. ഒരിക്കൽ സ്വന്തം കുടുംബത്തിൽ നിന്നും വളരെ അടുത്ത ബന്ധമുള്ള ചില ബന്ധുക്കൾ സെമിനാരിയിൽ എത്തി. തങ്ങളുടെ സാമ്പത്തികമായും മറ്റുമുള്ള പ്രയാസങ്ങൾ അദ്ദേഹത്തെ അറിയിച്ചു. അവർക്കു് ഒരു നേരത്തെ ആഹാരം കൊടുത്തു. എത്രയും വേഗം തിരിച്ചു പോകും എന്നദ്ദേഹം പ്രതീക്ഷിച്ചു. എങ്കിലും പോകാഞ്ഞതിനാൽ വീണ്ടും ഞെരുങ്ങി ഒരു നേരത്തെ ആഹാരം കൂടി കൊടുത്തു. പിന്നെയും താമസിക്കുന്നതു കണ്ടപ്പോൾ അതു് അത്ര പന്തിയല്ലെന്നു കണ്ടു് അദ്ദേഹം നിസ്സങ്കോചം അവരോടു പറഞ്ഞു. 'നിങ്ങൾ കുടുംബത്തേയ്ക്കു പോകണം; ബുദ്ധിമുട്ടുകൾ മുകളിൽ നിന്നും തീർക്കണം. ഈ സ്വത്തു നിങ്ങൾക്കുള്ളതല്ല; തീയാണിതു്.' (മലങ്കര നസ്രാണികൾ ഇസഡു്. എം. പാറേട്ടു് Vol. 3. പേജു്. 115, 116) എന്നു പറഞ്ഞു യാത്രചിലവിനു നാലഞ്ചു ചക്രം കൊടുത്തുവിട്ടു. ഈ കാര്യത്താൽ അദ്ദേഹത്തിനു സ്വന്തമാളുകളോടു സ്നേഹമില്ലായിരുന്നു എന്നു വിചാരിക്കരുതു്. സ്വന്തമാളുകളോടുള്ള സ്നേഹത്താൽ സഭയുടെയും ദൈവത്തിന്റെയും മുതലിനെ കൈവിട്ടു കളിക്കുന്നതു ശാപകരമാണെന്നു് അദ്ദേഹം ഉത്തമമായി വിശ്വസിച്ചിരുന്നു എന്നതാണ മനസിലാക്കിയിരിക്കുന്നതു്. ഇതുകൊണ്ടും അദ്ദേഹത്തിന്റെ നിസ്വാർത്ഥതയെ ഉദാഹരിക്കുന്ന സംഗതികൾ തീരുന്നില്ല. മരണപത്രികയിൻപ്രകാരം സ്വകുടുംബക്കാർക്കു തിരിച്ചുകൊടുക്കുവാൻ അദ്ദേഹം ഉദ്ദേശിച്ച വസ്തുക്കൾ ഏതൊക്കെ എന്നു കേൾക്കുമ്പോൾ അതു കുറെക്കൂടി വ്യക്തമാകും — കുടുംബത്തുനിന്നും കൊണ്ടുവന്ന കാപ്പുപ്പെട്ടി (മുരിക്കും തടികൊണ്ടുള്ളതു്), ഒരു ചെറിയ കോളാമ്പി, ഒരു പിച്ചാത്തി നാരായം ഇത്രമാത്രം.

> *മരണപത്രികയിൻപ്രകാരം സ്വകുടുംബക്കാർക്കു തിരിച്ചുകൊടുക്കുവാൻ അദ്ദേഹം ഉദ്ദേശിച്ച വസ്തുക്കൾ ഏതൊക്കെ എന്നു കേൾക്കുമ്പോൾ അതു കുറെകൂടി വ്യക്തമാകും—കുടുംബത്തുനിന്നും കൊണ്ടുവന്ന കാപ്പുപ്പെട്ടി (മുരിക്കും തടികൊണ്ടുള്ളത്), ഒരു ചെറിയ കോളാമ്പി, ഒരു പിച്ചാത്തി, നാരായം ഇത്രമാത്രം.*

ഭാവിയേക്കുറിച്ചുള്ള വ്യക്തമായ ഒരു വീക്ഷണവും ദർശനവും ഒരു യഥാർത്ഥ നേതാവിന്റെ ഗുണവിശേഷങ്ങളാണ്. ഇതു രണ്ടും സമഞ്ജസമായി മാർ ദിവന്നാസ്യോസിൽ സമ്മേളിച്ചിരുന്നു എന്നു നിസ്സംശയം പറയാം. വൈദിക സെമിനാരി ഇന്നേവരെ നിലനിൽക്കുന്നതിനും, ഉത്തരോത്തരം അഭിവൃദ്ധിപ്പെടുന്നതിനും പിന്നിൽ വിശാലമായ ദർശനം ഒരു നല്ല പങ്കു വഹിക്കുന്നുണ്ടു്.

പ്രയാസങ്ങളെ സമചിത്തതയോടെ നേരിടുന്നതിലാണ് ഒരുവന്റെ കാര്യശേഷി എന്ന വസ്തുത അദ്ദേഹത്തിന്റെ ജീവിതത്തിലെ ഒരു പാഠമാണ്. ഒരു സമർത്ഥനായ ശിൽപിയായിരുന്ന ആ മഹാരഥൻ പ്രവർത്തന നിപുണതയുടെ പര്യായമാണ്.

> *പ്രയാസങ്ങളെ സമചിത്തതയോടെ നേരിടുന്നതിലാണ് ഒരുവന്റെ കാര്യശേഷി എന്ന വസ്തുത അദ്ദേഹത്തിന്റെ ജീവിതത്തിലെ ഒരു പാഠമാണ്. ഒരു സമർത്ഥനായ ശിൽപിയായിരുന്ന ആ മഹാരഥൻ പ്രവർത്തന നിപുണതയുടെ പര്യായമാണ്.*

സ്വന്തം സഭയ്ക്കുവേണ്ടി, എരിഞ്ഞടങ്ങിയ ആ ദിവ്യപുരുഷൻ യഥാർത്ഥ ത്യാഗജീവിതത്തിന്റെ ഉദാഹരണമായിരുന്നു.

സ്വന്തം സുഖത്തിനോ സന്തോഷത്തിനോ വേണ്ടി ആഗ്രഹിക്കുന്ന ഒരുവനും മററുള്ള വർക്കുവേണ്ടി ഒന്നും നേടുവാൻ സാധിക്ക യില്ല എന്ന വസ്തുത അദ്ദേഹത്തിനറി യാമായിരുന്നു.

എല്ലാററിലുമുപരിയായി സഭയോടുള്ള സ്നേഹത്തെ പ്രതി ആരോടും ധൈര്യമായി ഇടപെട്ട അദ്ദേഹത്തിൻെറ സ്വഭാവവിശേ ഷം പ്രത്യേകം ശ്രദ്ധേയമാണ്. സ്വ ന്തം നിലനിൽപ്പ് അദ്ദേഹത്തിനു പ്രശ്ന മല്ലായിരുന്നു. അതുകൊണ്ടു തന്നെയായി രുന്നു വിദേശിയുടെ ഭീമമായ സഹായ ത്തെയും പിന്തുണയെയും സ്വജീവനെയും തൃണവൽഗണിച്ച് അദ്ദേഹം സംസാരിച്ച തും പ്രവർത്തിച്ചതും.

ഇപ്രകാരം ജീവനുള്ള സന്ദേശങ്ങൾ പകർന്നുകൊണ്ട് ആ കബർ സഭയുടെ ഭാ വി വൈദികരെ എന്നുമെന്നും പ്രചോദി തരാക്കുന്നു. മലങ്കര സഭാമക്കളായ പലർ ക്കും—പ്രത്യേകിച്ചു വൈദികർക്കു് ആ കബർ ആശ്വാസത്തിൻെറയും അനുഗ്രഹ ത്തിൻെറയും വിളനിലമാണ്. വൈദി ക സെമിനാരി അനുദിനം പുരോഗമിക്കു ന്നതിൻെറ പിന്നിലെ പ്രധാന സംഗതി ഈ പിതാവിൻെറ മദ്ധ്യസ്ഥ പ്രാ ത്ഥനയാണ്. അദ്ദേഹത്തിൻെറ മദ്ധ്യ സ്ഥതയിൽ അഭയപ്പെടുന്നവക്കു് അവി ടുന്നു് അനുഗ്രഹ മുഖാന്തിരമാണെന്നു് അനു ഭവത്തിൽ നിന്നു് ഉറപ്പിച്ചു പറയുവാൻ കഴിയും.

'യഹോവയുടെ കണ്ണു നീതിമാ ന്മാരുടെമേലും അവൻെറ ചെവി അവരുടെ നിലവിളിക്കും തുറ ന്നിരിക്കുന്നു' (സങ്കീ. 34: 15).

Best Compliments from:

★

K. M. JOHN

JEAVAN PRESS,

MADRAS-5

മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്ത

ക്ളോഡിയസ് ബുക്കാനൻെറ ശുപാർശയനു സരിച്ചു 1813-ൽ ഈസ്ററ് ഇൻഡ്യ കമ്പനി പുതിയ ചാർട്ടു പാസ്സാക്കി. അതനുസരിച്ചു മി ഷൻ പ്രവർത്തനങ്ങൾ ഇൻഡ്യയിൽ നടത്തുന്നതി നുള്ള തടസ്സങ്ങൾ മാറിക്കിട്ടി. കൽക്കട്ട, മദ്രാസ്, ബോംബെ എന്നീ പട്ടണങ്ങളെ ഹെഡ് ക്വാർ ട്ടേഴ്സ് ആക്കിക്കൊണ്ടു് ഇൻഡ്യയിലെ ആംഗ്ലി ക്കൻ ചർച്ച് സ്ഥാപിക്കുകയും ചെയ്തു. അതോ ടെ പല മിഷനറി സംഘടനകൾ അവരുടെ പ്രവ ത്തനങ്ങൾ ഇൻഡ്യയിലേക്കു വ്യാപിപ്പിച്ചു. അവ യിൽ ആംഗ്ളിക്കൻ ലോ ചർച്ചുകാരായ C.M.S. കാരെയാണു കേണൽ മൺറോ കേരളത്തിലേക്കു ക്ഷണിച്ചതു്.

മലങ്കര സഭയും ആംഗ്ളിക്കൻ മിഷനും

മലങ്കര സഭയുടെ ചരിത്രത്തിൽ, ദൂര വ്യാപകമായ പ്രേരണ ചെലുത്തിയ ഒരു കാലഘട്ടമായിരുന്ന ആംഗ്ലിക്കൻ മിഷന റിമാരുമായുണ്ടായ ബന്ധം. മലങ്കര സഭയും മിഷനറിമാരും തമ്മിലുണ്ടായിരുന്ന ബ ന്ധം കാലക്രമത്തിൽ വിച്ഛേദിക്കേ ണ്ടി വന്നു.

മലങ്കര സഭയുടെ ആദ്യകാലത്തെക്കു റിച്ചു നമുക്കു് അറിവുതരുന്ന രേഖകൾ അ പൂർവ്വമാണ്. കർത്താവിൻെറ പന്ത്രണ്ടു് അപ്പൊസ്തലന്മാരിൽ ഒരുവനായ വി. തോമസ് ആണ് ഈ സഭ സ്ഥാപിച്ച തു്. പതിനഞ്ചാം നൂററാണ്ടുവരെയുള്ള കാലഘട്ടത്തിൽ പേർഷ്യയിലെ സുറിയാ നി സഭയുമായുള്ള സമ്പർക്കമുണ്ടായതാ യി കാണുന്നു. അന്നു വേദശാസ്ത്രപരമാ യ വാഗ്വാദങ്ങൾ ഒന്നുമില്ലാതെ സഭ ഒററക്കെട്ടായി പുരോഗമിച്ചിരുന്നു. 15-ാം നൂററാണ്ടിൻെറ അവസാനത്തിൽ പോർ ട്ടുഗീസുകാരുടെ വരവോടുകൂടെ റോമൻ ക ത്തോലിക്ക സഭയിലേക്കു ഗണ്യമായ ഒരു വിഭാഗം ചേർന്നു. അവരോടു ചേരാതെ വേർപ്പെട്ടു നിന്ന വിഭാഗം, അന്ത്യോക്യൻ സുറിയാനി സഭയുമായി ബന്ധപ്പെട്ടു. അങ്ങനെ കൽക്കദോന്യേതര വിശ്വാസ ത്തിൽ മലങ്കര സഭ ഉറയ്ക്കുകയും അന്ത്യോ ക്യൻ സഭയുടെ ആചാരാനുഷ്ഠാനങ്ങൾ സ്വീകരിക്കുകയും ചെയ്തു.

ബുക്കാനൻെറ വരവ്.

പതിനെട്ടാം നൂററാണ്ടിൻെറ അവസാ നത്തിൽ തിരുവിതാംകൂർ, കൊച്ചി രാജ്യ ങ്ങൾ ബ്രിട്ടീഷ് ആധിപത്യത്തിലായി. കേണൽ മെക്കാളെ റസിഡൻറായിരിക്കു

Best Compliments:-

★

MUNNAR AUTOMOBILES

MUNNAR

★

ന്ന കാലത്തു(1800–1810)ഗവർണർ ജനറൽ ലോഡ്ഡു വെല്ലസ്ലി, അദ്ദേഹത്തിൻെറ ചാപ്ലെൻ ഡോ. ക്ലോയിഡ് ബുക്കാനനെ തിരുവിതാംകൂറിലേക്കു അയച്ചു. അദ്ദേഹം മലങ്കര സഭയുടെ ദിവന്നസ്യോസു ഒന്നാമനെ കണ്ടനാട്ടു ചെന്നു സന്ദശിച്ചതും (1806) മലങ്കരസഭയെ സംബന്ധിച്ച് അദ്ദേഹം എഴുതിയ പല വിവരങ്ങളും 'ക്രിസ്ത്യൻ റിസർച്ചസ്സ് ഇൻ ഏഷ്യ' എന്ന ഗ്രന്ഥത്തിൽ ഉണ്ട്.

രാഷ്ട്രീയ അന്തരീക്ഷം

ഇതേ അവസരത്തിൽ ബ്രിട്ടീഷുകാർക്കെതിരായ നീക്കം തിരുവിതാംകൂറിലും കൊച്ചിയിലും ഉണ്ടായി. 1809–ൽ തിരുവിതാംകൂറിലെ വേലുത്തമ്പി ദളവ ബ്രിട്ടീഷ് ഭരണത്തിനു് അറുതിവരുത്തുന്നതിനും ക്രിസ്തുമത പ്രചരണത്തിനുമെതിരായി സമരം പ്രഖ്യാപിച്ചു. 9 പട്ടക്കാരെയും സ്ത്രീ പുരുഷന്മാരും കുട്ടികളും ഉൾപ്പടെ 3000 പേരെ കടലിലെറിഞ്ഞു. കൊച്ചിയിലെ റസിഡൻസിയെ ദഹിപ്പിച്ചു. (C.M. Agur. Manager, Resident's Office Trivandrum, Church History of Travancore) എന്നാൽ കേണൽമെക്കാളെ ഒരുബ്രിട്ടീഷ് കപ്പലിൽ രക്ഷപെടുകയും ബ്രിട്ടീഷ് പട്ടാളം എതിർപ്പിനെ അടിച്ചമർത്തുകയും ചെയ്തു.

മാർത്തോമാ ഏഴാമൻെറ കാലത്തു് (ദിവന്നാസ്യോസ് 1ന ശേഷം) കേണൽ മെക്കാളെ ഈസ്ററ് ഇൻഡ്യാ കമ്പനിയിൽ ഒരു തുക(Rs. 10500) മലങ്കര സഭയ്ക്കു വേണ്ടി സ്ഥിരം നിക്ഷേപമായി ഇട്ടു. സഭയുടെ ആവശ്യങ്ങൾക്ക് അതിൻെറ പലിശ ഉപയോഗിക്കണമെന്ന വ്യവസ്ഥയിലാണ് ഇട്ടതു്. ഇതിനാണ വട്ടിപ്പണമെന്നു പറയുന്നതു്. ഇതിലെ ഒരു ഭാഗം മെത്രാൻ ജനങ്ങളിൽ നിന്നു പിരിച്ചെടുത്തതും, പ്രധാന ഭാഗം റസിഡൻറിൻെറ പരിശ്രമത്തിൽ ലഭിച്ചതുമാണെന്നാണ സി. എം. ആഗൂറിൻെറ അഭിപ്രായം.

തിരുവിതാംകൂർ മഹാരാജാവിൻെറ കാലശേഷം റാണി ഗൗരി ലക്ഷ്മിഭായി ഭരണമേല്ക്കുകയും അന്നത്തെ റസിഡൻറായിരുന്ന (1810–1819) കേണൽ മൺറോയെ ദിവാനായി നിയമിക്കുകയും ചെയ്തു. സുറിയാനി ക്രിസ്ത്യാനികൾക്കു പല ആനുകൂല്യങ്ങളും ലഭിക്കുന്നതിനു് ഇതു് ഒരു മുഖാന്തരമായി.

C.M.S. മിഷനറി സമൂഹത്തിൻെറ വരവ്

ക്ളോഡിയസ് ബുക്കാനൻെറ ശുപാർശയനുസരിച്ചു 1813–ൽ ഈസ്റ്റ് ഇൻഡ്യ കമ്പനി പുതിയ ചാർട്ടു പാസ്സാക്കി. അതനുസരിച്ചു മിഷൻ പ്രവർത്തനങ്ങൾ ഇൻഡ്യയിൽ നടത്തുന്നതിനുള്ള തടസ്സങ്ങൾ മാറിക്കിട്ടി. കൽക്കട്ട, മദ്രാസ്, ബോംബെ എന്നീ പട്ടണങ്ങളെ ഹെഡ്ക്വാർട്ടേഴ്സ് ആക്കിക്കൊണ്ട് ഇൻഡ്യയിലെ ആംഗ്ളിക്കൻ ചർച്ച് സ്ഥാപിക്കുകയും ചെയ്തു. അതോടെ പല മിഷനറി സംഘടനകൾ അവരുടെ പ്രവർത്തനങ്ങൾ ഇൻഡ്യയിലേക്കു വ്യാപിപ്പിച്ചു. അവയിൽ ആംഗ്ളിക്കൻ ലോ ചർച്ചുകാരായ C.M.S. കാരെയാണ് കേണൽ മൺറോ കേരളത്തിലേക്കു ക്ഷണിച്ചതു്.

കേണൽ മൺറോയുടെ സഹായങ്ങൾ.

സുറിയാനി ക്രിസ്ത്യാനികൾ ദരിദ്രരും അജ്ഞരും സംഘടനാ ബലമില്ലാത്തവരുമാണെന്നും അതേ സമയം സമാധാന പ്രിയരും നിയമങ്ങൾ പാലിക്കുന്നവരുമാണെന്നു കേണൽ മൺറോ മനസ്സിലാക്കി. അവരെ എല്ലാവിധത്തിലും സഹായിക്കേണ്ടതു് അദ്ദേഹത്തിൻെറ കർത്തവ്യമായി കണ്ടു. അദ്ദേഹം സാമൂഹ്യമായും സാമ്പത്തികമായും പലവിധത്തിൽ അവരെ സഹായിച്ചു.

അമ്പലങ്ങളുടെ ഊട്ടുപുരയോടു ബന്ധപ്പെട്ടു ക്രിസ്ത്യാനികൾ ചെയ്യേണ്ടിയിരുന്ന ഊഴിയ വേലയും, ഞായറാഴ്ചപണിയും, റാണിയുടെ 1816 ലെ വിളംബരത്തിൽ കൂടി നിർത്തലാക്കി. പല സുറിയാനിക്കാരെയും ജഡ്ജിമാരായും മററും നിയമിച്ചു. കോട്ടയത്തു വൈദികസെമി

Best Compliments from:

P. M. ITTOOP

5-North Gopalapuram First St.,
MADRAS-600 086

നാരി പണിയുന്നതിനു റാണിയെക്കൊണ്ടു് 16 ഏക്കർ സ്ഥലം സൗജന്യമായി കൊടുപ്പിച്ചു. അതിനുപുറമേ, ഇരുപതിനായിരം രൂപയും തടിയും മററും കൊടുപ്പിച്ചു. വട്ടിപ്പണത്തിൻെറ പലിശ എടുക്കുന്നതിനും ആവശ്യമായ സഹായം നൽകി. വട്ടിപ്പണത്തിൻെറ പലിശ എടുക്കുന്നതിനു് ഒരു മെത്രാനു മാത്രമേ അധികാരമുള്ളൂ എന്നു കണ്ടതിനാൽ, സെമിനാരി പണിയുന്നതിനു മുൻകൈ എടുത്ത പുലിക്കോട്ടിൽ ജോസഫ് കത്തനാരെ മെത്രാനാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തു.

റവ. നോർട്ടൻെറ വരവ്

C.M.S. മിഷനറിയായിരുന്ന റവ. നോർട്ടൻ സിലോണിലേക്കുള്ള യാത്രയിൽ, കോട്ടയത്തു വരുന്നതിനു കേണൽ മൺറോ ആവശ്യപ്പെട്ടു. അദ്ദേഹം എത്തുകയും പുലിക്കോട്ടിൽ മെത്രാനുമായി സംസാരിക്കുകയും ചെയ്തു.

റവ. നോർട്ടൺ തൻെറ ഹെഡ് ക്വാർട്ടേഴ്സിലേക്കു് അയച്ച റിപ്പോർട്ടിൽ ഇങ്ങനെ പറയുന്നു 'മെത്രാൻെറയും, പ്രത്യേകിച്ചു പട്ടക്കാരുടെയും ജനങ്ങളുടെയും ഇടയിൽ, അവരുടെ ന്യായമായ ആചാരങ്ങൾ നീക്കി, ബ്രിട്ടീഷ് വൈദിക അധികാരത്തിൻ കീഴിൽ വരുത്തുന്നതിനുള്ള പരിശ്രമമുണ്ടെന്നുള്ള ആശങ്കയുള്ളതായി തോന്നുന്നു. ചുരുക്കം ചിലരിൽ ഈ ഭയം ശക്തിപ്പെട്ടു, മെത്രാൻ സഭയെ ഇംഗ്ലീഷുകാർക്കു് ഒററിക്കൊടുക്കുകയാണെന്നു പറഞ്ഞു്, റോമൻ സഭയിൽ ചേർന്നു കഴിഞ്ഞു. അതുകൊണ്ടു് അനേക പട്ടക്കാരുടെ സാന്നിദ്ധ്യത്തിൽ ഞാൻ മെത്രാനെ ബോധ്യപ്പെടുത്തി പറഞ്ഞു; സുറിയാനി സഭയുടെ നന്മയല്ലാതെ, ഞങ്ങൾക്കു മറെറാരു ലക്ഷ്യവുമില്ല. റോമൻ സഭയിൽ നിന്നു വന്നുചേർന്നതും, മെത്രാൻ തന്നെ വേദിക്കുന്നതുമായ ദൂഷിപ്പുകളെ നീക്കം ചെയ്യുന്നതിനും, ആദിമ സുവിശേഷ വിശുദ്ധിയിലേക്കു് കൊണ്ടുവരുന്നതിനും, ദൈവഹിതത്തിനു കൊള്ളാവുന്ന വിശുദ്ധവും ഊർജസ്വലവുമായ ഒരു സഭയാക്കിത്തീർക്കുന്നതിനും, മെത്രാൻെറ കരങ്ങളെ ശക്തീകരിക്കുകയാണു് ഞങ്ങളുടെ ലക്ഷ്യം.' (P. Cherian, The Malabar Syrians and the C.M.S. Page 97).

C.M.S ഹെഡ്ക്വാർട്ടേഴ്സിൽ നിന്നു വന്ന നിദ്ദേശങ്ങളിലും ഈ ആശയം തന്നെ കാണുന്നു. പുരാതനമായ സഭയെ പൊളിച്ചു കളഞ്ഞു പുതിയതു പണിയുകയല്ല, ഉപയോഗ ശൂന്യമായവ നീക്കി, ജീർണിച്ച ഭാഗങ്ങൾക്കു് അററകുററപ്പണികൾ നടത്തുകയാണു വേണ്ടതു്. സഭയെ പുരാതനമായ ആരാധനയിലേക്കും ഭരണക്രമത്തിലേക്കും കൊണ്ടുവരികയല്ലാതെ, ഇംഗ്ലീഷ് ചർച്ചിൻെറ ആരാധനക്രമവും ഭരണവും അംഗീകരിക്കുവാൻ പ്രേരിപ്പിക്കുകയല്ല വേണ്ടതു്. സ്വയം നവീകരിക്കുന്നതിനു സഭയെ സഹായിക്കുകയാണു നമ്മുടെ കർത്തവ്യം. എന്നാൽ കാലക്രമേണ പുതിയ മിഷനറിമാർ വരികയും പ്രൊട്ടസ്ററൻറു് ഉപദേശങ്ങൾ അടിച്ചേല്പിക്കുന്നതിനും, സഭയെ മിഷനറിമാരുടെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനും ശ്രമിച്ചതായി കാണുന്നു.

മിഷനറിമാരിൽ പൂർണവിശ്വാസമില്ലാതിരുന്നതുകൊണ്ടാണു റവ. നോർട്ടനെ കോട്ടയത്തു താമസിപ്പിക്കാതെയിരുന്നതു്. അദ്ദേഹം ആലപ്പുഴ താമസിച്ചുകൊണ്ടു ബോട്ടിൽ വന്നു് സെമിനാരിയിൽ പഠിപ്പിക്കയായിരുന്നു.

ദീവന്നാസ്യോസ് മൂന്നാമൻെറ വാഴ്ചയും മൂന്നു് മിഷനറിമാരുടെ വരവും

1816–ൽ ദീവന്നാസ്യോസു കാലം ചെയ്തു. അണ്ടൂറിലെ മാർ പീലക്സീനോസ് സഭയെ ഭരിക്കുവാൻ തുടങ്ങി. റവ. ജോസഫ് സെമിനാരിയിലെ പ്രിൻസിപ്പലായും, മെത്രാനോടു ചേർന്നു സെമിനാരിയുടെ ജോയിൻറ് മാനേജരായും പ്രവർത്തിച്ചു. മേലിൽ സെമിനാരിയിൽ പഠിച്ചവർക്കേ പട്ടം കൊടുക്കാവൂ എന്നു നിബന്ധന ആവശ്യമാണെന്നു് അദ്ദേഹം നിഷ്കർഷിച്ചിരുന്നു. റവ. ബെഞ്ചമിൻ ബെയിലി സെമിനാരിയിൽ പഠിപ്പിക്കുന്നതോടൊപ്പം ഒരു പ്രസ്സ് തുടങ്ങി.

Best Compliments from:

Matty Enterprises

Ramanagara

COIMBATORE-9

Best Compliments from:

P. T. THOMAS

Classic Trade Rubber
R. S. Puram

COIMBATORE

റവ. ഹെൻറി ബേക്കർ പല ഗ്രാമങ്ങളിലും സ്കൂളുകൾ സ്ഥാപിക്കുകയും കോട്ടയത്തു് ഒരു ഹയർ സെക്കൻഡറി സ്കൂൾ തുടങ്ങുകയും ചെയ്തു.

1817 ൽ കേണൽ മൺറോ, റവ. ബെയിലിക്കു് അയച്ച കത്തിൽ ഇങ്ങനെ പറയുന്നു 'സുറിയാനിക്കാരുടെ പോർച്ചുഗീസ് റോമൻ കത്തോലിക്കരുമായുണ്ടായ നിർബന്ധിത യോജിപ്പിന്റെയും പരിതാപകരമായ അജ്ഞതയുടെയും ഫലമായുണ്ടായ ദുഷിപ്പുകൾ, താമസമെന്യേ നീക്കിക്കളയണം.' (P. Cherian Page 121).

പട്ടമേൽക്കുന്നവരിൽ നിന്നു കൈമുത്തു സ്വീകരിക്കുന്ന സമ്പ്രദായം ഒഴിവാക്കുന്നതിനായി മെത്രാനു പ്രതിമാസം എഴുപതു രൂപ നൽകാമെന്നു കേണൽ മൺറോ പറഞ്ഞു. പുത്തൻകൂർ സുറിയാനി സഭയിലെ കത്തനാരന്മാർക്കു് ചാത്ത കുർബാനയ്ക്കു പണം കൊടുക്കുന്ന രീതി മാറ്റുന്നതിനായി, പ്രതിമാസം ഇരുപതു രൂപ നൽകുന്നതിനു് മദ്രാസ് ഗവൺമെൻറിനോടു കേണൽമൺറോ ആവശ്യപ്പെട്ടു. എന്നാൽ മദ്രാസ് ഗവൺമെൻറ് അതു് അംഗീകരിച്ചില്ല. വിവാഹം കഴിക്കുന്ന പട്ടക്കാർക്കു നാനൂറ് രൂപ വീതം കൊടുക്കുന്നതാണെന്ന പ്രഖ്യാപനമനുസരിച്ചു പല പട്ടക്കാരും വിവാഹം ചെയ്തു.

മിഷനറിമാരെ സ്വാഗതം ചെയ്യുന്നതിനു 1818—ൽ മാവേലിക്കരയിൽ മെത്രാന്റെ അദ്ധ്യക്ഷതയിൽ ഒരു സമ്മേളനം കൂടി. അതിൽ റവ. ഫെൻ സുറിയാനി സഭയിൽ വരുത്തേണ്ട നവീകരണത്തെക്കുറിച്ചു വിശദമായി പറഞ്ഞു. 'പുറജാതികളുടെ ആചാരാനുഷ്ഠാനങ്ങളുടെ അനുകരണങ്ങളും, രൂപഭേദങ്ങളുമാണു നിങ്ങളുടെ പല ആചാരാനുഷ്ഠാനങ്ങളും' എന്നു് അദ്ദേഹം പറഞ്ഞു. നമ്മുടെ ആരാധനയുടെയും ആശ്രയത്തിന്റെയും കേന്ദ്രത്തോടു ബന്ധപ്പെട്ടതായിരിക്കണം ആരാധനയുടെ ഏതൊരു ഭാഗവും. ഒന്നാമത്തെ കല്പന, അന്യ ദൈവങ്ങൾ നിനക്കുണ്ടാകരുതെന്നാണ്. നിന്റെ ദൈവമായ കർത്താവിനെ വന്ദിച്ചു് അവനെ മാത്രമേ സേവിക്കാവൂ എന്നു കർത്താവു് തന്നെ പരീക്ഷിച്ച സാത്താനോടു പറഞ്ഞല്ലോ. ദൈവം ഏകനാണെന്നും; ദൈവത്തിനും മനുഷ്യർക്കും ഇടയിൽ ഏക മദ്ധ്യസ്ഥനായ യേശുക്രിസ്തുവാണെന്നുമുള്ള വേദഭാഗങ്ങളോടു് ഈ കല്പന ചേർത്തു ചിന്തിക്കുമ്പോൾ ത്രിയേക ദൈവത്തെയല്ലാതെ, മറ്റാരെയും ആരാധിക്കുവാൻ പാടില്ല. തികച്ചും ആത്മീയമായ കാര്യങ്ങളിൽ, മറ്റേതൊരു വ്യക്തിയെ മുൻനിർത്തിയുള്ള പ്രാർത്ഥനയും, പ്രതിജ്ഞയും, ആരാധനയും, സ്തുതിയും, ആശ്രയവും ദൈവദൃഷ്ടിയിൽ വിഗ്രഹാരാധനയാണ്. (P. Cherian 370—374).

ബെസ്പർക്കാനായിൽ സുറിയാനിക്കാർ വിശ്വസിച്ചിരുന്നില്ലെങ്കിലും മരിച്ചവർക്കുവേണ്ടി കുർബാന അർപ്പിക്കുന്നതു തെറ്റാണെന്നു മിഷനറിമാർ ചിന്തിച്ചു. 'ഞങ്ങളിൽനിന്നു വേർപെട്ടു പോയിട്ടുള്ള നിന്റെ ദാസനായ (ഇന്നാരുടെ/ആത്മാവിനുവേണ്ടി, ബലഹീനങ്ങളും പാപമുള്ളവയുമായ എന്റെ കൈകളിൽനിന്നു് ഈ കുർബാനയെ നീ സ്വീകരിക്കണമെ' എന്നു പട്ടക്കാരൻ ത്രുയോബെയിൽ ചൊല്ലുന്നുണ്ടു്. 'കർത്താവേ ആത്മാക്കളുടെയും സകല ജഡത്തിന്റെയും ദൈവമായ കർത്താവേ, സത്യവിശ്വാസത്തോടെ ഞങ്ങളിൽനിന്നും വാങ്ങിപ്പോയിരിക്കുന്ന സകലരെയും ഓർക്കണമെ. അവരുടെ ശരീരങ്ങളെയും ആത്മാക്കളെയും ദേഹികളെയും നീ ആശ്വസിപ്പിച്ചു്, അവസാനമില്ലാത്ത ശിക്ഷാവിധിയിൽനിന്നു് അവരെ രക്ഷിച്ചുകൊള്ളണമെ. അവരുടെ പിഴകളെ നീ മായിച്ചുകൊണ്ടു്, നിന്റെ മുഖപ്രകാശം വ്യാപരിക്കുന്ന സ്ഥലത്തു് അവരെ ഇമ്പപ്പെടുത്തണമെ. അവർക്കെതിരായി ന്യായവിധിക്കു നീ പ്രവേശിക്കരുതെ' (ത്രുബ്ദേന്റെ സമയത്തുപട്ടക്കാരൻ ചൊല്ലുന്നതു്) ബെസ്പർക്കാനയെക്കാൾ ഒരുപടി കൂടെ കടന്നതാണു സുറിയാനിക്കാരുടെ വിശ്വാസമെന്നു മിഷനറിമാർ അഭിപ്രായപ്പെട്ടു.

വി. കുർബാനയിൽ വസ്തുഭേദം വരുന്നതായി സുറിയാനിക്കാർ വിശ്വസിക്കുന്നില്ലെങ്കിലും, അതിനു സമമായ ചില ഭാഗങ്ങൾ കുർബാന തക്സായിൽ ഉള്ളതാ

With Best Compliments from:

C. V. Mulk

30 Bharathi Park Road

COIMBATORE-43

Best Compliments from:

★

M. C. M. CONSULTANCY SERVICE

MADRAS—600006

വി. കുർബാനയിൽ വസ്തുഭേദം വരുന്നതായി സുറിയാനിക്കാർ വിശ്വസിക്കുന്നില്ലെങ്കിലും, അതിനു സമമായ ചില ഭാഗങ്ങൾ കുർബാന തക്സായിൽ ഉള്ളതായി, മിഷനറിമാർ ചൂണ്ടിക്കാട്ടി. ശരീര രക്തങ്ങൾ അനുഭവിക്കുന്നതിനായി സ്പൂണിൽ പട്ടക്കാരൻ എടുക്കുമ്പോൾ ഇങ്ങനെ ചൊല്ലുന്നു 'അത്യുത്തികളെ പിടിച്ചിരിക്കുന്നതിനെ ഞാൻ പിടിക്കുന്നു. അഗാധങ്ങളെ ഭരിക്കുന്നതിനെ ഞാൻ എടുക്കുന്നു. ദൈവമായതിനെ എന്റെ വായിൽ വയ്ക്കുന്നു. നീ മൂലം കെട്ടുപോകാത്ത അഗ്നിയിൽ നിന്ന് ഞാൻ രക്ഷപെടുമാറാകണമെ.'

യി, മിഷനറിമാർ ചൂണ്ടിക്കാട്ടി. ശരീര രക്തങ്ങൾ അനുഭവിക്കുന്നതിനായി സ്പൂണിൽ പട്ടക്കാരൻ എടുക്കുമ്പോൾ ഇങ്ങനെ ചൊല്ലുന്നു 'അത്യുത്തികളെ പിടിച്ചിരിക്കുന്ന നിന്നെ ഞാൻ പിടിക്കുന്നു. അഗാധങ്ങളെ ഭരിക്കുന്നതിനെ ഞാൻ എടുക്കുന്നു. ദൈവമായ നിന്നെ എന്റെ വായിൽ വയ്ക്കുന്നു. നീ മൂലം കെട്ടുപോകാത്ത അഗ്നിയിൽനിന്നു ഞാൻ രക്ഷപ്പെടുമാറാകണമെ.'

വി. കുർബാന കഴിഞ്ഞു പട്ടക്കാരൻ ത്രോണോസിനോട് യാത്ര പറയുന്നതും, മിഷനറിമാർക്ക് അരോചകമായിതോന്നി. 'കർത്താവിന്റെ വിശുദ്ധവും ദൈവികവുമായ മദ്ബഹായേ, സമാധാനത്തോടെ വസിക്കുക. ഇനിയും ഞാൻ നിന്റെ അടുക്കലേക്കു വരുമൊ ഇല്ലയൊ എന്ന് അറിയുന്നില്ല....ഇനിയും എന്നമെന്നേക്കും നിന്നിൽനിന്ന് എന്റെ ഓർമ്മ മാഞ്ഞു പോകാതിരിക്കുന്നതിനു നമ്മുടെ കർത്താവേശു മ്ശീഹായോട് എനിക്കുവേണ്ടി അപേക്ഷിക്കണമെ.'

ഞായറാഴ്ച ശാബതായി ആചരിക്കാത്തതും ഒരു വലിയ തെററായി മിഷനറിമാർ ചൂണ്ടിക്കാണിച്ചു.

പക്വതയും വിദ്യാഭ്യാസവും ഇല്ലാത്തവർക്കു പട്ടം കൊടുക്കുന്ന സമ്പ്രദായത്തെയും മിഷനറിമാർ വിമർശിച്ചു.

ഇങ്ങനെയുള്ള വിഷയങ്ങളെക്കുറിച്ചു പഠിച്ചു റിപ്പോർട്ടു ചെയ്യുന്നതിന് ആറു കത്തനാരന്മാരടങ്ങുന്ന ഒരു കമ്മിററിയെ ചുമതലപ്പെടുത്തണമെന്നു റവ. ഫെൻ നിർദ്ദേശിച്ചെങ്കിലും സഭ അതു് അംഗീകരിച്ചില്ല (P. Cherian pages 370–374).

റോമൻ കത്തോലിക്കരിൽ നിന്നും വന്നു കൂടിയ ദൂഷിപ്പുകളായി മിഷനറിമാർ ആരോപിച്ചവ പ്രധാനമായി താഴെ പറയുന്നവയാണ്. (1) ഏഴു കൂദാശകളിലുള്ള വിശ്വാസം. (2) കന്യകമറിയാമിനോടും പരിശുദ്ധന്മാരോടും മദ്ധ്യസ്ഥതയ്ക്കായി അപേക്ഷിക്കുന്നതു് (3) മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന. (4) വാഴ്ത്തിയ എണ്ണകളുടെ ഉപയോഗം. (5) പട്ടക്കാര

മിഷനറിമാരും മെത്രാനും തമ്മിൽ അഭിപ്രായ വ്യത്യാസം ഉണ്ടായിരുന്നെങ്കിലും അവർ പരസ്പരം രമ്യപ്പെട്ടു മുമ്പോട്ടു പോയി. 1820 ൽ കേരളം സന്ദർശിച്ച റവ. ജെയിംസ് ഹോഗിന്റെ റിപ്പോർട്ടനുസരിച്ച്, മിഷനറിമാർക്ക് സഭയിൽ ബഹുമാന്യമായ സ്ഥാനം ഉണ്ടായിരുന്നു. മെത്രാനുമായി അഭിമുഖ സംഭാഷണം നടത്തിയ ബിഷപ്പ് മിഡിൽടണും ഈ അഭിപ്രായംതന്നെയാണുണ്ടായിരുന്നത്.

ന്റെ മുമ്പാകെയുള്ള കുമ്പസാരം. (6) പട്ടക്കാരുടെ നിർബന്ധ ബ്രഹ്മചര്യം. (7) വി. കുർബാന ബലിയാണെന്നു പഠിപ്പിക്കൽ ((P. Cherian page 117) എന്നാൽ പട്ടക്കാരുടെ നിർബന്ധ ബ്രഹ്മചര്യമൊഴിച്ചു മേൽ പറഞ്ഞവയെല്ലാം മറെറല്ലാം ഓ

Best Compliments from:

K. M. Vaidyan

Madras

★

M. V. Abraham

Madras

Best Compliments from:

M. M. Mathai

Madras

★

Malankara Transport Co.

Calcutta-16

Specialised in
Shipping Cargo

ത്തഡോക്സ് സഭകളിലും ഉണ്ടെന്നുള്ള സത്യം ഇവിടെ പ്രസ്താവ്യമാണ്.

മിഷനറിമാരും മെത്രാനും തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടായിരുന്നെങ്കിലും അവർ പരസ്പരം രമ്യപ്പെട്ടു മുമ്പോട്ടു പോയി. 1820–ൽ കേരളം സന്ദർശിച്ച റവ. ജെയിംസ് ഹോഗിന്റെ റിപ്പോർട്ട് അനുസരിച്ച്, മിഷനറിമാർക്കു സഭയിൽ ബഹുമാന്യമായ സ്ഥാനമുണ്ടായിരുന്നു. മെത്രാനുമായി അഭിമുഖ സംഭാഷണം നടത്തിയ ബിഷപ്പു മിഡിൽടണും ഈ അഭിപ്രായം തന്നെയാണുണ്ടായിരുന്നതു്.

സുറിയാനിക്കാരുടെ ധാർമ്മികമായ ഉന്നതമായ നിലവാരത്തെക്കുറിച്ചു റവ. ഫെൻ എഴുതിയതു് ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്. 'സുറിയാനിക്കാരുടെ സഹിഷ്ണതയും ക്ഷമാശീലവും, ആയോധന സഭയുടെ (Church militant) മഹത്വമായി ഞാൻ കാണുന്നു. അവർ ദൂഷിപറയാതെ, നീതിയായി വിധിക്കുന്ന ദൈവത്തിൽ തങ്ങളെത്തന്നെ ഭരമേല്പിക്കുന്നതായി തോന്നുന്നു. നിശ്ചയമായും ഞാൻ അവരിൽ നിന്നു പഠിക്കേണ്ടവനാണ്''. (Proceedings of the C. M. S. 1819-1820 page 173).

മാർ ദിവന്നാസ്യോസ് നാലാമന്റെ ഭരണകാലം

1825–ൽ ദിവന്നാസ്യോസ് III (പുന്നത്തു) നിര്യാതനായി. അപ്പോൾ ദീവന്നാസ്യോസ് IV നെ (ചേപ്പാട്ട്) അഞ്ഞൂരിലെ മാർ പീലക്സീനോസ് അദ്ദേഹത്തിന്റെ അസിസ്റ്റന്റായി വാഴിച്ചു. അഞ്ഞൂരിലെ മാർ പീലക്സീനോസ് മിഷനറിമാരുമായി മമതയിലായിരുന്നതിനാൽ അദ്ദേഹത്തിന്റെ മരണം വരെ (1829) വലിയ ഭിന്നത കൂടാതെ മിഷനറിമാർ മുമ്പോട്ടു പോയി. ദീവന്നാസ്യോസ് IV നു് നവീകരണ ആശയങ്ങളോട് എതിർപ്പാണുണ്ടായിരുന്നതു്.

1825–ൽ അന്ത്യോഖ്യപാത്രിയർക്കീസ് ബാവായുടെ നിയോഗപ്രകാരം മാർ അത്താനാസ്യോസ് കേരളത്തിൽ വന്നു. മാർ പീലക്സീനോസിന്റെയും മാർ ദീവന്നാസ്യോസിന്റെയും പട്ടത്വം സ്വീകാര്യമല്ലെന്നും, അവർ വീണ്ടും പട്ടമേൽക്കണമെന്നും ശഠിച്ചു. അവർ വഴങ്ങാത്തതിനാൽ അവരെ മുടക്കി. കോനാട്ടു മല്പാൻ മുതലായ പ്രബലന്മാരുടെ പിൻതുണയാണ് ഇദ്ദേഹത്തിനു ധൈര്യം നൽകിയതു് പട്ടക്കാർ മക്കിത്തൊപ്പി ധരിക്കണമെന്നും കറുത്തകുപ്പായം ഇടണമെന്നും നിർബന്ധിച്ചു. പട്ടക്കാർക്കു വീണ്ടും പട്ടം നൽകി. എന്നാൽ അവർ പിഴ കൊടുക്കുകയും തടവിൽ കിടക്കുകയും ചെയ്യേണ്ടിവന്നു. സെമിനാരി ബലമായി കൈവശപ്പെടുത്തുന്നതിനു മുതിർന്നപ്പോൾ ഗവണ്മെന്റ് അദ്ദേഹത്തെ നാടുകടത്തി. മിഷനറിമാർക്കെതിരായി നിന്നവർക്ക് ഇവ വൈരാഗ്യത്തിനു വഴിയൊരുക്കി.

മിഷനറിമാർ ഉദ്ദേശിച്ച നവീകരണം നടപ്പിലാകുന്നില്ലെന്നു കണ്ടപ്പോൾ മിഷനറിമാർ, C. M. S. ഹെഡ് കാർട്ടേഴ്സിൽ നിന്നുള്ള നിർദ്ദേശങ്ങൾ അതിക്രമിച്ചു പ്രവർത്തിക്കുവാൻ തുടങ്ങി. ബുക്കു ഓഫ് കോമൺ പ്രെയർ മലയാളത്തിലേക്കു തർജ്ജമചെയ്യുകയും, പരിശുദ്ധവും വേദപുസ്തകാനുസൃതവുമായ ആരാധനയുടെ മാതൃകയായി കോപ്പികൾ പള്ളികളിൽ വിതരണം ചെയ്യുകയും ചെയ്തു. ചില സ്ഥലങ്ങളിൽ മെത്രാന്റെ അനുവാദത്തോടു കൂടെയും മറ്റു ചില സ്ഥലങ്ങളിൽ ജനങ്ങളുടെ നിർബന്ധത്തിൻ പേരിലും വി. കുർബാനയ്ക്കും പുറമെ പുതിയ ആരാധന നടത്താൻ തുടങ്ങി. 1828–ൽ സ്കൂളുകളിൽ മലയാളം ആരാധന ആരംഭിച്ചു. 1829–ൽ പുതിയ നിയമത്തിന്റെ തർജ്ജമ പ്രസിദ്ധീകരിച്ചു. രണ്ടു മലയാള നിഘണ്ടുവും ഉണ്ടാക്കി. ഈ പശ്ചാത്തലത്തിലാണു മിഷനറിമാർ അവധിക്കു പോയതു് 1829–ൽ അഞ്ഞൂരിലെ മാർ പീലക്സീനോസ് കാലം ചെയ്തപ്പോൾ ദിവന്നാസ്യോസ് അഞ്ഞൂരിനു മാർ കുറിലോസിനെ വാഴിച്ചു.

പുതിയ മിഷനറിമാരുടെ വരവ്

1833–ൽ റവ. ജോസഫ് പീറ്റും, 1834–ൽ റവ. W. J. ഉണ്ടുകോക്കും വന്നു ഇവർക്കു പഴയ മിഷനറിമാരുടെ അനുഭവപരി

Best Compliments from:

★

Aban Loyd Chiles Offshore Ltd.

Sakthi Towers
766 Anna Salai
Madras-2

★

ചയവും ക്ഷമയും ഇല്ലായിരുന്നു. സഭയിൽ മിഷനറി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും സുവിശേഷവേല ഊർജിതപ്പെടുത്തുകയും ചെയ്യണമെന്ന മിഷനറിമാരുടെ ആഹ്വാനം മെത്രാൻ ചെവിക്കൊണ്ടില്ല. സ്വന്തം നാട്ടിലെ ഓക്സ്ഫോർഡ് മൂവ്മെൻറിനോടുണ്ടായിരുന്ന എതിർപ്പിൻെറയും വിരോധത്തിൻെറയും ആത്മാവ് അവരിൽ കുടികൊണ്ടിരുന്നു. ആരാധനകളിലെ പ്രതീകാത്മകങ്ങളായ കർമങ്ങളും ആചാരാനുഷ്ഠാനങ്ങളും അവർക്കു ദുസ്സഹങ്ങളായിരുന്നു. ഗ്രീക്കു സഭയുടെ തെററുകളായി അവയെ അവർ പരിഗണിച്ചു. അവരുടെ തർക്കപ്രിയം സംഗതി കൂടുതൽ വഷളാക്കി.

പരിശുദ്ധന്മാരോടുള്ള അപേക്ഷകൾ, മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ, നമ്മുടെ ആരാധനക്രമത്തിനുമെതിരായി !അവർ ശക്തിയുക്തം പ്രസംഗിക്കാൻ തുടങ്ങി. സഭയ്ക്കെതിരായി മത്സരിക്കുന്നതിനു ജനത്തെ പ്രോത്സാഹിപ്പിച്ചു. സെൻറ് മേരിയുടെ ഒരു പെരുന്നാളിൽ റവ. പീററ് തൻെറ ഉജ്ജ്വലമായ പ്രസംഗം മൂലം, ജനത്തിൽ ഒരു കലഹം തന്നെ ഉണ്ടാക്കി. മണർകാടു സെൻറു മേരിയുടെ സ്വരൂപം തല്ലിപ്പൊട്ടിക്കുകയുണ്ടായി. സെമിനാരിയിൽ നോമ്പുകാലത്തു വിദ്യാർത്ഥികൾക്കു മത്സ്യമാംസങ്ങൾ വിളമ്പി. ഒരു ഞായറാഴ്ച ദൈവമാതാവിനു മററു മക്കളുണ്ടായിരുന്നെന്നു പള്ളിയിൽ പ്രസംഗിച്ചിട്ടു റവ. പീററ് പോയിക്കഴിഞ്ഞപ്പോൾ കോനാട്ടു മൽപ്പാൻ അതിനെതിരായി പ്രസംഗിച്ചു. റവ. പീററ് വീണ്ടും പള്ളിയിൽ വന്നപ്പോൾ താൻ പ്രസംഗിച്ചതിനെതിരായിട്ടാണു പറയുന്നതെന്നു മനസ്സിലാക്കി. രണ്ടു പേരിൽ ഒരാളേ സെമിനാരിയിൽ പാടുള്ളു എന്നു പറഞ്ഞു സായിപ്പു ഗർജിച്ചു. കോനാട്ടച്ചൻ പാമ്പാക്കുടയ്ക്കു പോകയും ചെയ്തു. സെമിനാരിയിൽ പഠിച്ചവർക്കേ പട്ടം കൊടുക്കാവൂ എന്ന മിഷനറിമാരുടെ നിർബന്ധം മെത്രാൻെറ അധികാരത്തിലുള്ള കൈകടത്തിലായി മെത്രാൻ പരിഗണിച്ചു. അകൽച്ച മൂർധന്യത്തിലെത്തിയപ്പോൾ റവ. പീററ് പുസ്തകങ്ങളും ചെപ്പേടുകളും റിക്കാർഡുകളും

'ബാവായും പുത്രനും റൂഹാദ കദിശായുമായ പട്ടാങ്ങപ്പെട്ട ഒരുവൻ തമ്പുരാൻെറ തിരുനാമത്താലെ, പള്ളികൾ ഒക്കെയുടെ മാതാവായ അന്ത്യോഖ്യായുടെ പത്രോസിനടുത്ത സിംഹാസനത്തിൽ മുഷ്കരപ്പെട്ടിരിക്കുന്ന, ബാവാമാരുടെ ബാവായും, തലവന്മാരുടെ തലവനുമായ, മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസിൻെറ കൈവാഴ്ചക്കീഴിൽ മലങ്കര യാക്കോബായ സുറിയാനി പള്ളി ഇടവകയുടെ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായും, അനന്തിരവൻ കൂറിലോസ് മെത്രാപ്പോലീത്തായും, തങ്ങളുടെ വിചാരത്തിൽ ഉൾപ്പെട്ട അങ്കമാലി മുതലായ പള്ളികളുടെ വികാരിമാരും, പട്ടക്കാരും ജനങ്ങളും കൂടി, മ്ശിഹാ കാലം 1836 ക്കു് ചെന്ന കൊല്ലം 1011–മാണ്ടു് മകര മാസം 5–ാം തീയതി, തമ്പുരാനെ പെററ കന്യാസ്ത്രീ അമ്മയുടെ നാമത്തിലുള്ള മാവേലിക്കര പള്ളിയിൽ വച്ചു്, നിശ്ചയിച്ചു് എഴുതിവച്ച പടിയോല.

പഴയ സെമിനാരിയിൽ നിന്നു് എടുത്തുകൊണ്ടുപോയി.

അനുരഞ്ജനശ്രമം

ഈ ദുർഘട ഘട്ടത്തിൽ രജ്ഞിപ്പിനായി കൽക്കട്ടായിൽ നിന്നും ബിഷപ്പ് ഡാനിയേൽ വിൽസൺ (1835) കേരളത്തിൽ വന്നു. മലങ്കര സഭയുടെ പരിഗണനയ്ക്കായി ആറു വ്യവസ്ഥകൾ എഴുതി മെത്രാനെ ഏല്പിച്ചു. (1) സെമിനാരിയിൽ പഠിച്ചവർക്കു മാത്രമേ പട്ടം കൊടുക്കാവൂ. (2) വസ്തുക്കൾ നഷ്ടപ്പെടുകയോ അന്യാധീനപ്പെടുകയോ ചെയ്യാതിരിപ്പാനായി, സഭയുടെ കണക്കുകൾ ആണ്ടുതോറും ബ്രിട്ടീഷ് റസിഡൻറിനെ ഏല്പിക്കണം. (3) അന്ന്

Best Compliments from:

★

JANTA TRANSPORT SERVICE

315 THABU CHETTY STREET

MADRAS - 600 001

★

ശ്ചിതമായ കർബാന പണത്തിനു പകരം ഒരു സ്ഥിരമായ എൻഡോവുമെൻറ് ഏർപ്പെടുത്തണം. (4) ഓരോ പള്ളിയിലും ഓരോ സ്കൂൾ തുടങ്ങണം. (5) എല്ലാ ഞായറാഴ്ചയും പട്ടക്കാർ സുവിശേഷ ഭാഗം വിശദീകരിച്ചു പ്രസംഗിക്കണം. (6) പ്രാർത്ഥനകൾ മലയാളത്തിൽ ആക്കണം.

എൻഡൊവ്മെൻറ് തുടങ്ങുന്നതിനു ബിഷപ്പ് 1000 രൂപ വാഗ്ദത്തം ചെയ്യുകയും ചെയ്തു.

മാവേലിക്കര പടിയോല

1836 ജനുവരിയിൽ മാർ ദീവന്നാസ്യോസിൻെറ അദ്ധ്യക്ഷതയിൽ കൂടിയ ഈ പള്ളി പുരുഷയോഗത്തിൽ ഒരു വലിയ ജനസമൂഹവും അമ്പതു കത്തനാരന്മാരും അടൂരിലെ മാർ കൂറിലോസും ഉണ്ടായിരുന്നു.

പടിയോല

'ബാവായും പുത്രനും റൂഹാദകുദിശായുമായ പട്ടാങ്ങപ്പെട്ട ഒരുവൻ തമ്പുരാൻെറ തിരുനാമത്താലെ, പള്ളികൾ ഒക്കെയുടെ മാതാവായ അന്ത്യോഖ്യായുടെ പത്രോസിനടുത്ത സിംഹാസനത്തിൽ മുഷ്ക്കരപ്പെട്ടിരിക്കുന്ന, ബാവാന്മാരുടെ ബാവായും, തലവന്മാരുടെ തലവനുമായ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസിൻെറ കൈവാഴ്ചക്കീഴിൽ മലങ്കര യാക്കോബായ സുറിയാനിപള്ളി ഇടവകയുടെ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും, അനന്തിരവൻ കൂറീലോസ് മെത്രാപ്പോലീത്തായും, തങ്ങളുടെ വിചാരത്തിൽ ഉൾപ്പെട്ട അങ്കമാലി മുതലായ പള്ളികളുടെ വികാരിമാരും, പട്ടക്കാരും ജനങ്ങളുംകൂടി മ്ശീഹാകാലം 1836 കു ചെന്ന കൊല്ലം 1011–ാ മാണ്ടു മകരമാസം 5–ാംനു, തമ്പുരാനെ പെററ കന്യാസ്ത്രീ അമ്മയുടെ നാമത്തിലുള്ള മാവേലിക്കര പള്ളിയിൽ വച്ചു, നിശ്ചയിച്ചു എഴുതിവച്ച പടിയോല.

കൽക്കത്തായിൽ ഏററവും ബഹുമാനപ്പെട്ടിരിക്കുന്ന ലാർഡ് ബിഷപ്പ് ദാനിയേൽ സായ്പവർകൾ, കഴിഞ്ഞ വൃശ്ചിക മാസത്തിൽ കോട്ടയത്തു വന്നു, മെത്രാപ്പോലീത്തായുമായി കണ്ടശേഷം നമ്മുടെ സുറിയാനി പള്ളികളിൽ നടന്നുവരുന്ന കർബാന, നമസ്കാരം മുതലായ പള്ളി ക്രമങ്ങളിലും ചട്ടങ്ങളിലും ചില വ്യത്യാസങ്ങൾ വരുത്തി നടത്തണമെന്നും പറഞ്ഞാറെ, എല്ലാ പള്ളിക്കാരുമായി വിചാരിച്ചു നിശ്ചയിച്ചു ബോധിപ്പിച്ചുകൊള്ളാമെന്നും പറഞ്ഞിരിക്കുന്ന സംഗതിക്കു.

യാക്കോബായ സുറിയാനിക്കാരായ നാം അന്ത്യോഖ്യായുടെ പാത്രിയർക്കീസിൻെറ വാഴ്ച കീഴടങ്ങപ്പെട്ടവരും, അദ്ദേഹത്തിൻെറ കല്പനയാൽ അയയ്ക്കപ്പെട്ട മേൽപ്പട്ടക്കാരാൽ നടത്തപ്പെട്ടിരിക്കുന്ന പള്ളിക്രമങ്ങളും ചട്ടങ്ങളും നടന്നുവരുന്നതുമാകയാൽ, ആയതിനു യാതൊരു വ്യത്യാസമെങ്കിലും വരുത്തി നമ്മുടെ പള്ളികളിൽ നടക്കയും, അവരവരുടെ പാത്രിയർക്കീസന്മാരുടെ അനുവാദം കൂടാതെ ഒരു മതക്കാരുടെ പള്ളിയിൽ മററൊരു മതക്കാരു് അർപിക്കയും പഠിപ്പിക്കയും ചെയ്ക ഒരുത്തർക്കും അധികാരമില്ലാത്തതിനാൽ, ആയതിൻവണ്ണം നടത്തിക്കയും ചെയ്യുന്നതിനു നമ്മുടെ പള്ളികൾ, പാത്രിയർക്കീസിൻെറ കല്പനയാൽ അയയ്ക്കപ്പെട്ടിരിക്കുന്ന മേൽപ്പട്ടക്കാരുടെ സഹായത്താലും അതാതു് ഇടവകയിലുള്ള ജനങ്ങളുടെ മനസ്സാലും പണിയപ്പെട്ട അവരുടെ വസ്തുക്കളാൽ അലങ്കരിക്കപ്പെട്ട—ആണ്ടുതോറും കാണിക്ക–വഴിപാടു് മുതലായിട്ടുണ്ടാകുന്ന നടവരവുകൾ, അന്ത്യോഖ്യായിലുള്ള പള്ളികളിലും, ഇവിടെയും മററു ദിക്കുകളിലുമുള്ള അന്യമതക്കാരുടെ പള്ളികളിലും നടന്നുവരുന്ന പ്രകാരം, നമ്മുടെ പള്ളികളിലെ കണക്കു നമ്മുടെ മേൽപ്പട്ടക്കാരെ കേൾപ്പിക്കത്തക്കവണ്ണം ശട്ടം കെട്ടി നടന്നു വരുവതിൻവണ്ണം അല്ലാതെ, വ്യത്യാസമായിട്ടു നടക്കുന്നതിനും നടത്തുന്നതിനും, നമുക്കു് അധികാരവും സമ്മതവും ഇല്ല.

കൊല്ലം 983–ാമാണ്ടു കാലം ചെയ്ത വല്യമാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായോടു് ബഹുമാനപ്പെട്ട കേണൽ മെക്കാളെ സായ്പവർകൾ മൂവായിരം

Best Compliments from:

TEE AND JAY
FERTS. PVT. LTD.

2-F, II FLOOR.
560-562 ANNA SALAI
TEYNAMPET
MADRAS-600018

★

പൂവറാഹൻ കടം വാങ്ങി കടമുറി
എഴതിയതും കൊടുത്തു് പലിശ പററി
വന്ന വകയിൽ മുടങ്ങിക്കിടന്ന വട്ടിപ്പ
ണം 992–ാമാണ്ട കാലംചെയ്ത മാർ
ദിവന്നാസ്യോസ് മെത്രാപ്പോലീത്താ,
ഏററവും ബഹുമാനപ്പെട്ട കേണൽ മൺറോ
സായ്പവർകളെ ബോധിപ്പിച്ചു വാങ്ങി
ച്ചു്, കോട്ടയത്തു സെമിനാരി പണിയിച്ചു
മുൻ അന്ത്യോഖ്യായിൽനിന്നും വന്നിരുന്ന
മേൽപ്പട്ടക്കാരെ കൊണ്ടു വന്നിരുന്ന; വസ്തു
ക്കളും പാലമററത്തറവാട്ടിൽ കഴിഞ്ഞ
മേൽപ്പട്ടക്കാരുടെ വസ്തുവകകളും സെമി
നാരിയിൽ വരുത്തി. ആ വകയിലും
ഏതാനും ദ്രവ്യവും സുറിയാനി പൈത
ങ്ങൾക്കുവേണ്ടി ധർമമായിട്ട തമ്പുരാൻ
തിരുമനസ്സുകൊണ്ടു കല്പിച്ചു തന്ന ശ്രീ
പായും, കാണം ഇട്ട പഠിച്ചു വരുന്ന പൈ
തങ്ങളുടെ ചെലവു കഴിക്കയും, അവരുടെ
ധാരാളമായ കൃപകൊണ്ടു തന്നെ, കോട്ടയ
ത്തു വന്നിരിക്കുന്ന ഏററവും ബഹുമാനപ്പെ
ട്ടിരിക്കുന്ന മിശിയോനരി സായ്പന്മാര
വർകൾ, ഈ സെമിനാരിയിൽ വന്നു്
ഇംഗ്ളീഷ് മുതലായ ഭാഷകൾ പഠിപ്പി
ച്ചു്, കൃപയുള്ള പിതാക്കന്മാരെപ്പോലെ
നമ്മുടെ പൈതങ്ങളെ രക്ഷിക്കുകയും,
സകല ജാതിക്കാർക്കും ഉപകാരത്തിനാ
യിട്ട പുസ്തകങ്ങൾ അച്ചടിപ്പിക്കുകയും
നമ്മുടെ പള്ളികളിൽ നടന്നു വരുന്ന സുറി
യാനി മര്യാദപോലെ നടക്കുന്നതിനു സാ
യ്പന്മാരവർകൾ വേണ്ടുന്ന ഒത്താശകൾ
ചെയ്യുകയും, ആണ്ടുതോറും വരുവാനുള്ള
വട്ടിപ്പണം മെത്രാപ്പോലീത്താ പററു
ചീട്ടു് എഴതിക്കൊടുത്തു വാങ്ങിച്ചു സെ
മിനാരിയിൽ ഉൾപ്പെട്ട കാര്യങ്ങൾ വി
ചാരിക്കയും ജനങ്ങളുടെ അപേക്ഷ പ്രകാ
രവും മേൽപ്പട്ടക്കാരുടെ കർത്തവ്യ പ്രകാ
രവും പട്ടം കൊടുക്കയും ചെയ്തുവരു
മ്പോൾ മെത്രാപ്പോലീത്തായെ ബോധി
പ്പിക്കാതെ, സെമിനാരിയിൽ പെട്ട കാര്യ
ങ്ങൾ നടത്തുകയും, മെത്രാപ്പോലീത്താ
യുടെ പററു ചീട്ടിൻപ്രകാരം വാങ്ങിക്കുന്ന
വട്ടിപ്പണം സായ്പന്മാരുതന്നെ ചില
വിടുകയും പഠിച്ചു പാർത്തിരുന്ന ശെമ്മാ
ശന്മാരെ സെമിനാരിയിൽനിന്നും പിരി
ച്ചു് അയയ്ക്കുകയും നമ്മുടെ വക മര്യാദക്കു

വിരോധമായിട്ട വിചാരിക്കയും തമ്മിൽ
ഛിദ്രങ്ങളെ ഉണ്ടാക്കുകയും ചെയ്തുവരു
ന്നതു് ഏററവും സങ്കടകരവും ബുദ്ധിമുട്ട
മായിത്തീർന്നിരിക്കുന്നതിനായി എന്നേ
ക്കും ഭാഗ്യം നിറയപ്പെട്ടവളും ശുദ്ധമാക്ക
പ്പെട്ടവളും വാഴ്ത്തപ്പെട്ടവളും ആവലാധി
ഒക്കെയിൽനിന്നും തണുപ്പിക്കുന്നവളുമായ
തമ്പുരാനെ പെററ അമ്മയുടെ നമസ്കാര
ത്താലും ശുദ്ധമാകപ്പെട്ടവരുടെ നമസ്കാര
ങ്ങളാലെയും നാം രക്ഷപ്പെടേണ്ടതിനു
സ്തുതി ചൊവ്വാകപ്പെട്ട യാക്കോബായ
സുറിയാനിക്കാരുടെ പഠിത്തത്തിലും ക്രമ
വിശ്വാസത്തിലുമല്ലാതെ വേറെ യാതൊ
രു പഠിത്തവും ക്രമ വിശ്വാസവും നമ്മൾ
അനുസരിച്ചുകൊള്ളുന്നില്ല. ഇവമേൽ ബാ
വായും പുത്രനും റൂഹാദക്കുദ്ശീശായും
സാക്ഷ്യം. ആമ്മീൻ.

പാത്രിയർക്കീസ് ബാവായുടെ അനു
വാദം കൂടാതെ നമ്മുടെ സഭയിൽ മറെറാരു
സഭയിലെ ആൾക്കു പ്രസംഗിക്കാൻ പാ
ടില്ലെന്നു തീരുമാനിച്ചതു മിഷനറിമാരെ
ഒഴിവാക്കുന്നതിനു പറഞ്ഞ ഒരു ന്യായ
മായി മാത്രം പരിഗണിച്ചാൽ മതിയാകും.
കാരണം 1825–ൽ പാത്രിയർക്കീസ്
ബാവാ അയച്ച മാർ അത്താനാസ്യോ
സിനെ സ്വീകരിക്കുകയോ, അദ്ദേഹത്തി
ന്റെ നിർദ്ദേശങ്ങളെ സ്വീകരിക്കുകയോ
ചെയ്യില്ലായിരുന്നല്ലോ. 1829–ൽ അഞ്ചൂ
രിലെ മാർ കൂറിലോസിനെ മെത്രാനായി
അഭിഷേകം ചെയ്തപ്പോൾ കൊടുത്ത
സ്ഥാത്തിക്കോനിൽ, 'പരിശുദ്ധനായ
മാർ തോമാശ്ളീഹായുടെ സിംഹാസന
ത്തിൽ വാഴുന്ന ഫീലിപ്പോസ് ദിവന്നാ
സ്യോസ് മെത്രാപ്പോലീത്താ സ്ഥാനവും
സ്ഥാത്തിക്കോനും കൊടുക്കുന്നു എന്നാണു
പറയുന്നതു്. അന്ത്യോഖ്യ പാത്രിയർക്കീ
സിനെക്കുറിച്ചു് ഒന്നും പറയുന്നില്ല. മാർ
തോമാശ്ളീഹായുടെ സിംഹാസനമെന്ന
പ്രയോഗം പരമാധികാരത്തെ കാണിക്കു
കയും ചെയ്യുന്നു.

പള്ളികളിലെ കണക്കു മേല്പട്ടക്കാരെ
കേൾപ്പിക്കത്തക്കവണ്ണം ശട്ടം കെട്ടിയിരി
ക്കുന്നതു മാറേറണ്ടതില്ലെന്നും തീരുമാ
നിച്ചു. മിഷനറിമാരുടെ പ്രവർത്തന

Best Wishes from:

V. P. THAMPY

VIMCO EXPORTERS

138, T. N. H. B. Colony Kurichi

Coimbatore-21

ങ്ങളെ ശ്ളാഘിക്കുന്നതോടൊപ്പം, മെത്രാപ്പോലീത്തായെ ബോധിപ്പിക്കാതെ സെമിനാരിക്കാര്യങ്ങളും നടത്തുന്നതിൽ പ്രതിഷേധിച്ചു സുറിയാനിക്കാരുടെ ഉപദേശവും വിശ്വാസവും വിട്ടു മറ്റൊന്നു സ്വീകരിക്കുന്നതല്ലെന്നും നിശ്ചയിച്ചു.

പടിയോലയ്ക്കു ശേഷം

സുറിയാനി സഭയിൽനിന്നും പിരിഞ്ഞു പോയവർക്കായി മല്ലപ്പള്ളിയിൽ ഒരു ഇടവക തുടങ്ങി. മിഷനറിമാരുമായി കത്തനാരന്മാരും ജനങ്ങളും സമ്പർക്കം പുലർത്തരുതെന്നും, അങ്ങനെ ചെയ്താൽ അവരെ മുടക്കുമെന്നും സെമിനാരിയിൽ വിദ്യാർത്ഥികളെ അയയ്ക്കരുതെന്നും അയച്ചാൽ അവർക്കു പട്ടം കൊടുക്കുന്നതല്ലെന്നും ദിവന്നാസ്യോസ് കല്പന പുറപ്പെടുവിച്ചു. മെത്രാനെ മാറ്റിത്തരണമെന്നു ചില കത്തനാരന്മാർ റസിഡണ്ടിനു് അയച്ച അപേക്ഷയെ അദ്ദേഹം നിരസിച്ചു.

കൊച്ചിൻ പഞ്ചായത്ത്

1840–ൽ കൊച്ചിൻ പഞ്ചായത്തു് എന്നറിയപ്പെടുന്ന കോടതി, സ്വത്തുക്കൾ സുറിയാനി സഭയ്ക്കും മിഷനറിമാർക്കുമായി ഭാഗിച്ചു. പഴയ സെമിനാരിയും വസ്തുക്കളും വട്ടിപ്പണവും സുറിയാനി സഭയ്ക്കു നൽകി. സി. എം. എസ്. കോളേജും പരിസരങ്ങളും മൺറോ തുരുത്തും ഇരുപതിനായിരം രൂപയും മിഷനറിമാർക്കു നൽകി.

ആംഗ്ളിക്കൻ മിഷന്റെ നവീകരണ പരിശ്രമങ്ങൾ: ഒരു വിലയിരുത്തൽ

അഞ്ചു മണ്ഡലങ്ങളിലാണു നവീകരണമുണ്ടാക്കുന്നതിനു മിഷനറിമാർ പരിശ്രമിച്ചതു്. (1) ആരാധന ഭാഷ (2) വിശ്വാസാചാരങ്ങളിൽ. (3) പട്ടംകൊട. (4) സുവിശേഷവേല. (5) കണക്കു പരിശോധന.

സുറിയാനി സഭയിൽനിന്നും പിരിഞ്ഞുപോയവർക്കായി മല്ലപ്പള്ളിയിൽ ഒരു ഇടവക തുടങ്ങി. മിഷനറിമാരുമായി കത്തനാരന്മാരും ജനങ്ങളും സമ്പർക്കം പുലർത്തരുതെന്നും, അങ്ങനെ ചെയ്താൽ അവരെ മുടക്കുമെന്നും സെമിനാരിയിൽ വിദ്യാർത്ഥികളെ അയയ്ക്കരുതെന്നും, അയച്ചാൽ അവർക്കു പട്ടം കൊടുക്കുന്നതല്ലെന്നും, ദിവന്നാസ്യോസ് കൽപന പുറപ്പെടുവിച്ചു. മെത്രാനെ മാറ്റിത്തരണമെന്നു ചില കത്തനാരന്മാർ റസിഡന്റിനു അയച്ച അപേക്ഷയെ അദ്ദേഹം നിരസിച്ചു.

(I) ആരാധന ഭാഷ

ആരാധന മാതൃഭാഷയിലാക്കണമെന്നു പറഞ്ഞതു് ഏറ്റവും സ്വീകാര്യമാണ്. അതുപോലെ ആരാധനകളിൽ പ്രസംഗിക്കണമെന്നു പറഞ്ഞതും സ്വീകാര്യം തന്നെ. ഇവ നാം പ്രായോഗികമാക്കിക്കൊണ്ടിരിക്കയുമാണ്. വിശ്വാസാചാരങ്ങളിൽ നവീകരണം വേണമെന്നു ലോചർച്ചുകാരായ സി. എം. എസ്. മിഷനറിമാർ നിർബന്ധിച്ചതു സ്വാഭാവികമാണ്. അതു വലിയ അസ്വസ്ഥതയ്ക്കും അവസാനം പിരിച്ചിലിനും കാരണമായി. ഹൈ ചർച്ചിലെ മിഷനറിമാരായിരുന്നു വന്നിരുന്നതെങ്കിൽ ഈ കുഴപ്പം വരികയില്ലായിരുന്നു. പക്ഷേ അങ്ങനെയല്ലല്ലോ സംഭവിച്ചതു്.

(II) വിശ്വാസാചാരങ്ങൾ

1. പരിശുദ്ധന്മാരുടെ മധ്യസ്ഥത:

പരിശുദ്ധന്മാരോടു നമുക്കുവേണ്ടി പ്രാർത്ഥിക്കണമെന്നു് അപേക്ഷിക്കുന്നതു വിഗ്രഹാരാധനയാണെന്നു മിഷനറിമാർ പറഞ്ഞതു വേദപുസ്തകാനുസരണമല്ല. നമുക്കുവേണ്ടി പ്രാർത്ഥിക്കുവാൻ നാം ജീവിച്ചിരിക്കുന്നവരോടു് ആവശ്യപ്പെടുന്നതു തെറ്റല്ലെങ്കിൽ, വാങ്ങിപ്പോയവരോടു് ആവശ്യപ്പെടുന്നതും തെറ്റല്ല. ഏക മധ്യസ്ഥനായ യേശുക്രിസ്തുവിൽക്കൂടി ഏക ദൈവത്തോടു പ്രാർത്ഥിക്കുന്നതിനാണു നാം ആവശ്യപ്പെടുന്നതു്.

With the Best Compliments from:

The Madras Chit Funds (P) Limited

(Estd. 1938)

Regd Office: 'A. M. M. BUILDINGS'

90 & 91. Oppanakara Street

COIMBATORE-641 001

52 nd Year of Dedicated Service

A. Gopalakrishnan B. A. B. L.,
Chairman

Mathew Rajan B. Com.
Managing Director

ASSOCIATE COMPANY

A. M. Mathew & Company (P) Limited

(Estd. 1955)

FINANCIERS

Mathew Rajan B. Com.
Director.

2. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന

മരിച്ചവർ മരണാനന്തരവും ദൈവത്തെ പ്രസാദിപ്പിക്കുമെന്നുള്ളതിനാലും, (2കൊരി. 5: 9) അവർ രാപകൽ ദൈവത്തെ ആരാധിക്കുന്നതിനാലും, (വെളി. 7: 15) അവർ പാപത്തിൽ പൂർണമായി കഠിനപ്പെട്ടു പോയിട്ടില്ലെങ്കിൽ, മാനസാന്തരപ്പെട്ടു പാപമോചനം പ്രാപിക്കുന്നതിനു് അവർക്കു സാദ്ധ്യതയുള്ളതിനാലും (1 പത്രോ. 3: 19), അവർ നമ്മെ കണ്ടുകൊണ്ടിരിക്കുന്നതിനാലും (എബ്രാ. 12:1) അവർക്കു ദൈവകൃപ ഇക്കാര്യങ്ങൾക്കു ലഭിച്ചുകൊണ്ടിരിക്കുന്നതിനായി പ്രാർത്ഥിക്കേണ്ടതു നമ്മുടെ ചുമതലയാണു്.

3. വി. കുർബാന

വി. കുർബാനയിൽ അപ്പവീഞ്ഞുകൾ കർത്താവിന്റെ ശരീര രക്തങ്ങളായിത്തീരുന്നു എന്നതിൽ നാം ഒട്ടും സംശയിക്കേണ്ടതില്ല. കാരണം കർത്താവുതന്നെ അപ്രകാരം അരുളിച്ചെയ്തിരിക്കുന്നു. അതിനാൽ 'അത്യത്തികളെ പിടിച്ചിരിക്കുന്ന നിന്നെ ഞാൻ പിടിക്കുന്നു' എന്നു പറയുന്നതിൽ തെറ്റില്ല.

കത്താവിന്റെ കാൽവറിയിലെ ബലി ജീവിച്ചിരിക്കുന്നവർക്കും വാങ്ങിപ്പോയവർക്കും വേണ്ടിയുള്ള ബലിയാണു്. വി. കുർബാനയിൽ നാം കർത്താവിന്റെ ബലിയുമായി ഏകീഭവിച്ചു നമ്മെയും സകല മനുഷ്യരെയും സർവ സൃഷ്ടിയെയും ബലിയായി സമർപ്പിക്കുന്നു. അതിനാൽ വി. കുർബാന ഒരു ബലിയാണു്. മരിച്ചവർക്കുവേണ്ടിയും വി. കുർബാന അർപ്പിക്കാവുന്നതാണു്. വി. കുർബാന കേവലം ഓർമ്മയെന്നു പറയുന്നതു തെറ്റായ പഠിപ്പിക്കലാണു്.

ത്രോണോസിനോടു യാത്ര പറയുന്നതു് വി. കുർബാനയോടു ബന്ധപ്പെട്ടതുകൊണ്ടാണു്. 'സൂര്യചന്ദ്രന്മാരെ അവനെ സ്തുതിപ്പിൻ' (സങ്കീ. 148:3) എന്നും മറ്റും നാം പറയുന്നുണ്ടല്ലോ, അവ ജീവനില്ലാത്ത വസ്തുക്കളാണല്ലോ.

ചാത്തക്കുർബാനയ്ക്കു പണം വാങ്ങിക്കുന്നതു നിർത്തലാക്കുന്നതിനു മിഷനറിമാർ ശ്രമിച്ചതു മരിച്ചവർക്കുവേണ്ടി പ്രാത്ഥിക്കേണ്ടതില്ലെന്നതിന്റെ അടിസ്ഥാനത്തിലാണു്.

4. പട്ടക്കാരന്റെ മുമ്പാകെയുള്ള കുമ്പസാരം

'നിങ്ങൾ ആരുടെ പാപങ്ങൾ മോചിക്കുന്നുവോ അവ മോചിക്കപ്പെട്ടിരിക്കുമെന്നും, നിങ്ങൾ ആരുടെ പാപങ്ങൾ നിത്തുന്നുവോ അവക്കു നിത്തപ്പെട്ടിരിക്കുമെന്നും കർത്താവു പറഞ്ഞതിനാൽ (വി. യോഹ. 20: 21–23), കുമ്പസാരത്തിൽക്കൂടെ പാപാവസ്ഥയെ മനസ്സിലാക്കി ആവശ്യമായ ഉപദേശം നൽകി പാപമോചനം കൊടുക്കയും, പാപമോചനം കൊടുക്കേണ്ട സമയമായില്ലെങ്കിൽ, ആവശ്യമായ ഒരുക്കം നൽകിയതിനുശേഷം നൽകുകയും ചെയ്യുന്നതു വേദപുസ്തകാനുസരണമാണു്,

5. ഞായറാഴ്ച ആചാരം

ഞായറാഴ്ച ശാബതായി ആചരിക്കണമെന്നു പറയുന്നതു ശരിയല്ല. പഴയനിയമത്തിലെ ആചാരങ്ങൾ നാം പാലിക്കേണ്ടതില്ല. എന്നാൽ ഞായറാഴ്ചയെ വിശുദ്ധ ദിവസമായി ആചരിക്കേണ്ടതാണു്.

(III) പട്ടംകൊട

പട്ടം കൊടുക്കുന്നതു പക്വത വന്നവർക്കും സെമിനാരിയിൽ പഠിച്ചവർക്കും മാത്രമേ ആകാവൂ എന്നു പറഞ്ഞതു നല്ല കാര്യമാണു്. കഴിയുന്നത്ര ഇക്കാര്യത്തിൽ നമ്മുടെ സഭ ശ്രദ്ധിച്ചു വരുന്നു.

പട്ടമേൽക്കുന്നവരിൽ നിന്നു മെത്രാച്ചന്മാർ കൈമുത്തു വാങ്ങിക്കുന്നതിനെതിരായി മിഷനറിമാർ പറഞ്ഞല്ലോ. മെത്രാച്ചന്മാർ അങ്ങനെ വാങ്ങിക്കുന്നില്ല.

(IV) സുവിശേഷവേല

സുവിശേഷവേലയിൽ കൂടുതൽ ശ്രദ്ധ പതിക്കണമെന്നു മിഷനറിമാർ പറഞ്ഞതു

Best Compliments from:

Parrys: The King of Sweets

Parrys Confectionery Limited

Dare House

Madras-600 001

'Parrys! Sweets & Biscuits Everyone Loves'

സ്വീകാര്യമാണ്. അക്കാര്യത്തിൽ സഭ കൂടുതൽ ശ്രദ്ധ പതിക്കുന്നുണ്ട്.

സ്കൂളുകളും മററുംതുടങ്ങണമെന്നു പറഞ്ഞതും സ്വീകാര്യമാണ്. സ്കൂളുകളും കോളേജുകളും ആശുപത്രികളും മററും നടത്തുന്നതിൽ സഭ ശ്രദ്ധിച്ചുവരുന്നു.

(V) കണക്കു പരിശോധന

പള്ളിക്കണക്കുകൾ പരിശോധിക്കണമെന്നു പറഞ്ഞതും സ്വീകാര്യമാണ്. കണക്കുകൾ ആഡിററു ചെയ്യുന്ന സമ്പ്രദായം നടപ്പിൽ വന്നിട്ടുണ്ട്.

പട്ടംകൊടയിലും കണക്കു പരിശോധനയിലും മിഷനറിമാരുടെ ആധിപത്യം കൂടുതലായി വരുന്നതിനെയാണ് സഭ എതിർത്തതു്. ചിലരുടെ സ്ഥാപിതതാല്പര്യങ്ങളും ഈ നവീകരണത്തിനെതിരായി പ്രവർത്തിക്കുന്നതിനു പ്രേരണ നൽകിക്കാണുമെന്ന സത്യം നിഷേധിക്കുന്നില്ല.

ആംഗ്ളിക്കൻ മിഷൻകൊണ്ടു മലങ്കര സഭയ്ക്കുണ്ടായ നേട്ടങ്ങൾ

1. മലയാളത്തിൽ വേദപുസ്തകം ലഭിച്ചു.

2. ആരാധന മലയാളത്തിലാക്കുന്നതിനുള്ള പ്രേരണ ലഭിച്ചു.

3. ആരാധനയിൽ പ്രസംഗത്തിനു കൂടുതൽ പ്രാധാന്യം ലഭിച്ചു.

4. വൈദിക സെമിനാരിയുണ്ടായി.

5. പല സ്കൂളുകളും സണ്ടേസ്കൂളുകളും മററും ഉണ്ടായി.

6. സുവിശേഷവേലയ്ക്കു പ്രചോദനം ലഭിച്ചു.

7. കണക്കു പരിശോധനയുടെ ആവശ്യബോധമുണ്ടായി.

ആംഗ്ലിക്കൻ മിഷൻകൊണ്ടുണ്ടായ ദോഷങ്ങൾ

1. സഭയുടെ പുരാതന വിശ്വാസാചാരങ്ങൾക്കെതിരായി പഠിപ്പിച്ചു.

2. ആരാധന കേന്ദ്രീകൃതമായ ജീവിതത്തിൽനിന്നും വേദപുസ്തക കേന്ദ്രീകൃതമായ ജീവിതത്തിലേക്കു ജനത്തെ തിരിച്ചു.

3. ജനത്തെ മത്സരിപ്പിക്കുവാൻ പ്രേരിപ്പിച്ചു. ജനത്തിൽ ഭിന്നതയുണ്ടായി. സഭ മൂന്നായി വിഭജിക്കപ്പെട്ടു.

4. പാത്രിയർക്കീസ് ആത്മീയ അധികാരമുള്ളതായി മാവേലിക്കര പടിയോലയിൽ പറയുന്നതിനു്, ആഗ്ലിക്കൻ മിഷൻ പരോക്ഷമായി കാരണമായിത്തീർന്നു.

ആംഗ്ളിക്കൻ മിഷൻ നീട്ടിയ സഹായഹസ്തം പിൻവലിക്കേണ്ടി വന്നു എന്നുള്ളതും, അതിൽനിന്നു ലഭിച്ച നന്മകളോടൊപ്പം ചില തിന്മകളും ഉണ്ടായി എന്നുള്ളതും നാം കണ്ടു. ഇതിൽനിന്നും പഠിക്കേണ്ട കാര്യങ്ങളെക്കുറിച്ചു ചിന്തിക്കാം.

1. ഏതൊരു സഭയും അതിന്റെ വിശ്വാസാചാരങ്ങളെക്കുറിച്ചുള്ള സമഗ്രമായ

ഏതൊരു സഭയുടെ പുരോഗതിക്കും ഇതര സഭകളിലുള്ള നല്ല അംശങ്ങൾ സ്വായത്തമാക്കേണ്ടതാണ്. പെന്തിക്കോസ്തുകാരിലെ കൂട്ടായ്മ, റോമൻ കത്തോലിക്ക സഭയിൽ സന്യാസ പ്രസ്ഥാനങ്ങൾക്കു നൽകുന്ന പ്രാധാന്യവും, ജീവകാരുണ്യ പ്രവർത്തനങ്ങളിലുള്ള ശ്രദ്ധയും, മാർത്തോമ്മാ, സി. എസ്. ഐ. സഭകളിൽ പട്ടക്കാർ ചെയ്യുന്ന ഭവനസന്ദർശനം മുതലായവ ഇവയെല്ലാം ഒരളവിൽ നമ്മുടെ സഭയിലും ഉണ്ട്. അവയെ ശക്തീകരിക്കേണ്ടിയിരിക്കുന്നു.

അറിവ് എല്ലാ വിശ്വാസികളിലേക്കും പകർന്നു കൊടുത്തുകൊണ്ടിരിക്കേണ്ടതു സഭയുടെ നിലനിൽപ്പിനു് അത്യന്താപേക്ഷിതമാണ്. വൈദിക സെമിനാരിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ദിവ്യബോധനവും പാരീഷ് മിഷനും, ആധ്യാത്മിക പ്രസ്ഥാനങ്ങളിലെ ക്ലാസ്സുകളു

മെല്ലാം ഈ പഠനത്തിനു സഹായകരമാണ്. അവ ഊർജിതപ്പെടുത്തി എല്ലാ വ്യക്തികളിലേക്കും വ്യാപരിക്കേണ്ടിയിരിക്കുന്നു. അങ്ങനെ ചെയ്തില്ലെങ്കിൽ സഭയിലെ അംഗങ്ങൾ ഇതര സഭകളിലേക്കു പോകയോ, പുതിയ സഭകൾ ഉണ്ടാക്കുകയോ സഭയുടെ ഉള്ളിൽത്തന്നെ ചില ഗ്രൂപ്പുകൾ ഉണ്ടാക്കുകയോ ചെയ്യും. നേരെ മറിച്ചു സഭാംഗങ്ങൾ സഭയെക്കുറിച്ച് അഭിമാനം കൊള്ളുകയും സഭയെ മരണ പര്യന്തം സ്നേഹിക്കയും ചെയ്യണമെങ്കിൽ, ധാരാളം പുസ്തകങ്ങളും ക്ളാസ്സുകളും ഉണ്ടാകേണ്ടിയിരിക്കുന്നു.

2. ഏതൊരു സഭയുടെ പുരോഗതിക്കും ഇതര സഭകളിലുള്ള നല്ല അംശങ്ങൾ സ്വായത്തമാക്കേണ്ടതാണ്. പെന്തിക്കോസ്തുകാരിലെ കൂട്ടായ്മ, റോമൻ കത്തോലിക്കാ സഭയിൽ സന്യാസ പ്രസ്ഥാനങ്ങൾക്കു നൽകുന്ന പ്രാധാന്യവും, ജീവകാരുണ്യ പ്രവർത്തനങ്ങളിലുള്ള ശ്രദ്ധയും, മാർത്തോമ്മാ, സി. എസ്. ഐ. സഭകളിൽ പട്ടക്കാർ ചെയ്യുന്ന ഭവന സന്ദർശനം മുതലായവ ഇവയെല്ലാം ഒരളവിൽ നമ്മുടെ സഭയിലും ഉണ്ട്. അവയെ ശക്തീകരിക്കേണ്ടിയിരിക്കുന്നു.

3. ആരായാലും എത്ര നല്ല കാര്യങ്ങളായാലും അവ മററുള്ളവരിൽ അടിച്ചേൽപിക്കാൻ ശ്രമിച്ചാൽ, എതിർപ്പിൻെറ പ്രതികരണമുണ്ടാകുക സഹജമാണ്. കൗൺസലിംഗ് സമീപനമാണു വേണ്ടതു്. വ്യക്തികളായോ ഗ്രൂപ്പുകളായോ ഭൂരിപക്ഷത്തിൻെറ ശക്തിയിലോ ഭീഷണികൊണ്ടോ മിണ്ടടക്കാതെയിരിക്കേണ്ടതാണ്. പരമാവധി പറഞ്ഞു ബോദ്ധ്യപ്പെടുത്തുകയും സ്വയം തിരുത്തുന്നതിനു് അവസരം കൊടുക്കുകയും ചെയ്യേണ്ടതാണ്. നമ്മുടെ ഇടവകകളിലെ അസ്വസ്ഥതകൾ മാററുന്നതിനു് ഇതു് ആവശ്യമാണ്.

4. 'ചലനാത്മകമായ ന്യൂനപക്ഷം (dynamic minority) ഭൂരിപക്ഷത്തെ ഭരിക്കുന്നു.' എന്നു പറയുന്നതുപോലെ ഏതാനും ചില മിഷനറിമാർ തീഷ്ണതയോടെ പ്രവർത്തിച്ചതിൻെറ ഫലമായി നമ്മുടെ സഭയിൽ വലിയ ചലനമുണ്ടായി. ഇതിൽനിന്നും നാം പഠിക്കേണ്ടതു നാം കൂടുതൽ ചലനാത്മകമാകണമെന്നാണ്.

വേദപുസ്തകത്തെയും, സ്വന്തം യുക്തിയെയും കേന്ദ്രീകരിച്ചുള്ള പ്രൊട്ടസ്റ്റൻറു ചിന്താഗതി മിഷനറിമാർ പ്രചരിപ്പിച്ചെങ്കിൽ, ആരാധനാ കേന്ദ്രീകൃതവും വേദപുസ്തകത്തിനും സഭാ പാരമ്പര്യങ്ങൾക്കും പ്രാധാന്യം നൽകുന്ന സത്യവിശ്വാസവും സ്വർഗീയ ആരാധനയും പ്രചരിപ്പിക്കുവാൻ, നമുക്കു ചുമതലയുണ്ട്.

With Best Compliments from:

Phone: Shop: 48158
Resi: 27280

Reji Steels

IRON & STEEL DEALERS

61, MILL ROAD,
COIMBATORE-1

ഫാദർ ജോസഫ് ചീരൻ
(യൂ. സി. കോളജ്, ആലുവ)

മലങ്കരസഭയ്ക്കു തുടർച്ചയായി മൂന്ന് മലങ്കര മെത്രാപ്പോലീത്താമാരെ വാഴിച്ചു തന്നു. തൊഴിയൂരിലെ (അഞ്ഞൂർ) ശ്ലൈഹിക സിംഹാസനത്തിൻെറ സ്ഥാപനചരിത്രം ഇത്തരുണത്തിൽ ആരായുന്നതു പ്രസക്തമാണ്.

മലബാർ (തൊഴിയൂർ) സ്വതന്ത്ര സുറിയാനി സഭ

—ചരിത്രവും സാധ്യതകളും—

'അധോഗതിയെ പ്രാപിച്ചുകൊണ്ടിരിക്കുന്ന ഒരു സഭയെ ആണു നിങ്ങൾ സന്ദർശിച്ചിരിക്കുന്നതു്''. മാർത്തോമ്മാvi (ദീവന്നാസ്യോസ് 1) അദ്ദേഹത്തെ സന്ദർശിച്ച ക്ലോഡിയസ് ബുക്കാനനോട് (വൈസ്പ്രിൻസിപ്പൽ, ഫോർട്ടു വില്യം കോളജ്, കൽക്കട്ട) പറഞ്ഞ ഈ വാക്യം സുപ്രസിദ്ധമാണല്ലോ (Ref. Christian Researches P. 127). കൈവശമുണ്ടായിരുന്ന 4 സുവിശേഷങ്ങളുടെ കൈയെഴുത്തുപ്രതി അച്ചടിക്കണമെന്നു് ആഗ്രഹിക്കാൻ മാത്രമേ അദ്ദേഹത്തിനു് അന്നു കഴിയുമായിരുന്നുള്ളൂ; ആ സ്വപ്നം സഫലമായതു ബുക്കാനൻെറ കഠിന പ്രയത്നം കൊണ്ടാണ്. ഈ സന്ദർശനം നടന്ന 1806–ൽ മലങ്കരസഭയ്ക്കു കേവലം 55 ദേവാലയങ്ങളേ ഉണ്ടായിരുന്നുള്ളൂ. (The Indian Christians of St. Thomas: L.W. Brown p 125) ഈ അവസ്ഥയിൽനിന്നു 1300 ലേറെ ദേവാലയങ്ങളുള്ള ആധുനിക വളർച്ചയിലേക്കു സഭയെ നയിച്ചതിൻെറ പ്രധാന ബഹുമതി അർഹിക്കുന്നതു പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ആണ്; 1815–ൽ കോട്ടയത്തു് അദ്ദേഹം സ്ഥാപിച്ച പഴയ സെമിനാരി മുഖാന്തിരം, ഇടവകകൾ മാത്രമായി ചിതറിക്കിടന്നിരുന്ന സഭയ്ക്കു കേന്ദ്രീകൃത രൂപവും മലങ്കരമെത്രാപ്പോലീത്തായ്ക്കു സ്ഥിരമായ ഒരു പൊതു ആസ്ഥാനവും മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിൽ വൈദിക വിദ്യാഭ്യാസവും ലഭ്യമായി. ക്രാന്തദർശിയായ അദ്ദേഹത്തിനും (1815 മാർച്ച് 22–പഴഞ്ഞി ഓർത്തഡോക്സ് പള്ളിയിൽ) പിന്നീടു പുന്നത്ര ഗീവർഗീസ് മാർ ദീവന്നാസ്യോസിനും (1817) തദനന്തരം ചേപ്പാട്ടു ഫീലിപ്പോസ് മാർ ദിവന്നാസ്യോസിനും (1825) മെത്രാൻ സ്ഥാനാഭിഷേകം നൽകിയതു് തൊഴിയൂരിലെ മലബാർ സ്വതന്ത്രസുറിയാനിസഭയുടെ പരമാദ്ധ്യക്ഷൻ (കിടങ്ങൻ) സ്കറിയാ മാർ പീലക്സീനോ

Best Compliments from:

★

M|s ONIDA SAVAK Ltd.

NEW DELHI

★

സ് മെത്രാപ്പോലീത്ത ആയിരുന്നു. മലങ്കരസഭയ്ക്കു തുടർച്ചയായി മൂന്നു മലങ്കര മെത്രാപ്പോലീത്തന്മാരെ വാഴിച്ചു തന്ന തൊഴിയൂരിലെ (അഞ്ഞൂർ) ശ്ലൈഹിക സിംഹാസനത്തിൻെറ സ്ഥാപന ചരിത്രം ഇത്തരുണത്തിൽ ആരായുന്നതു പ്രസക്തമാണ്.

മലങ്കര നസ്രാണികളുടെ ആവശ്യപ്രകാരം 1751—ൽ ബസ്സേലിയോസ് ശക്രള്ള മപ്രിയാനായുടെയും ഊർശ്ലേമിലെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെയും നേതൃത്വത്തിൽ ഒരു സംഘം വൈദികർ കേരളക്കരയിലെത്തി. (They too had been brought by the Dutch at the request of the Syrians: Governor Moens, memo of 18 Apr. 1781. Quoted in the Indian Christians of St. Thomas p. 120) '5—ാം മാർത്തോമ്മ, അർക്കദിയാക്കോൻ മാത്രമായിരുന്നുവെന്നു സുറിയാനിക്കാർ പരാതിപ്പെട്ടിരുന്നു' (L. W. Brown p. 119). ആഗതരുടെ യാത്രച്ചിലവു സംബന്ധിച്ചു അസുഖകരമായ തർക്കങ്ങൾ ആവിർഭവിക്കുകയാൽ ആഗതരും മാർത്തോമ്മാ v—ാമനും തമ്മിൽ രമ്യത ഉണ്ടായില്ല. മാർത്തോമ്മ 5—ാമൻെറ സ്ഥാനസ്ഥിരീകരണം സംഭവിച്ചില്ല എന്നതിനു രണ്ടു വിരുദ്ധകാരണങ്ങൾ ചരിത്രകാരന്മാർ ഉന്നയിച്ചിട്ടുണ്ട്. (1) സ്ഥിരീകരണത്തിനു് ആഗതർ തയ്യാറായില്ല— ഇ. എം. പീലിപ്പോസ്. (2) സ്ഥാനത്തെപ്പററി ബോധവാനായ മാർത്തോമ്മ v—ാമൻ സ്ഥിരീകരണം പ്രാപിക്കുവാൻ തയ്യാറായില്ല—ഇസഡ് എം. പാറേട്ട്.

പാറേട്ട് ഈ വാദം സ്ഥാപിക്കുവാൻ 1754—ൽ ധനു 18—ാം നു ബസ്സേലിയോസ് ശാക്രള്ള കാതോലിക്കായും 'ആത്മീയപുത്രൻ' മാർത്തോമ്മ v—ാമനും ചേർന്നുണ്ടാക്കിയ ഉടമ്പടി ഹാജരാക്കുന്നു: ഉടമ്പടിയിലെ വ്യവസ്ഥ: '....മാർത്തോമ്മായുടെ അനുമതി കൂടാതെ ബസ്സേലിയോസ് പട്ടക്കാരെയും ശെമ്മാശന്മാരെയും വാഴിക്കുന്നതല്ല. തോമസ് എപ്പിസ്കോപ്പായിൽനിന്നു പട്ടക്കടലാസ് ഇല്ലാതെ ഒരാൾക്കും പട്ടം കൊടുത്തു കൂടാ....' എന്നാണ്.

ഈ ഉടമ്പടിയെ

മാർത്തോമ്മാ vi—മന് അനുകൂലമായി വ്യാഖ്യാനിക്കുന്നതിൻെറ യുക്തി ദുർഗ്രഹമായിരിക്കുന്നു. മലങ്കരയിൽ ആവശ്യമായ വൈദികരെ പട്ടം കെട്ടുന്നതു മാർത്തോമ്മ v—മൻെറ ചുമതലയും അവകാശവും ആണെന്നും അദ്ദേഹത്തിന് അസൗകര്യം നേരിടുമ്പോൾ മാത്രം അദ്ദേഹത്തിൻെറ രേഖാമൂലമായ നിയോഗം അനുസരിച്ചു മാർ ബസേലിയോസിനു പട്ടം കെട്ടുവാൻ അനുവദിച്ചിരിക്കുന്നുവെന്നും ഉടമ്പടിയിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതുകൊണ്ടു പറേട്ടിൻെറ ഈ നിഗമനവും അഭ്യൂഹവും സ്വീകാര്യമല്ല.

ഈ ഉടമ്പടിപ്രകാരം പട്ടം കെട്ടുന്നതു മാർ ബസ്സേലിയോസ്; സ്ഥാനാർത്ഥികൾ പട്ടമേൽക്കാനുള്ള അനുമതിയും ശുപാർശയും കൊടുക്കുന്നതു മാർത്തോമ്മായും. മാർത്തോമ്മാv—ാമൻ അർക്കദിയാക്കോൻ മാത്രമെന്നു വിശ്വസിച്ചു പരാതിപ്പെട്ട വിശ്വാസികൾ വൈദികസ്ഥാനാർത്ഥികളെ മാർ ബസ്സേലിയോസിൻെറ അടുക്കൽ അയച്ചിരുന്നതിൻെറ പശ്ചാത്തലത്തിൽ വേണം ഈ ഉടമ്പടിയെ മനസ്സിലാക്കുവാൻ. സ്ഥാനാർത്ഥിയുടെ യോഗ്യത, ഒഴിഞ്ഞു കിടക്കുന്ന വൈദിക തസ്തികകൾ ഇവ കണക്കാക്കി മാർത്തോമ്മ കത്തു കൊടുക്കുകയും; ആ കത്തു ഹാജരാക്കുന്ന സ്ഥാനാർത്ഥിയെ മാർ ബസ്സേലിയോസ് പട്ടംകെട്ടും, ഈ ഉടമ്പടിയെ മാർത്തോമ്മാ v—ാമനു് അനുകൂലമായി വ്യാഖ്യാനിക്കുന്നതിൻെറ യുക്തി ദുർഗ്രഹമായിരിക്കുന്നു. മലങ്കരയിൽ ആവശ്യമായ വൈദികരെ പട്ടം കെട്ടുന്നതു മാർത്തോമ്മ v—ാമൻെറ ചുമതലയും അവകാശവും ആണെന്നും അദ്ദേഹത്തിനു് അസൗകര്യം നേരിടുമ്പോൾ മാത്രം അദ്ദേഹത്തിൻെറ രേഖാമൂലമായ നിയോഗം അനുസരിച്ചു മാർ ബസ്സേലിയോസിനു പട്ടം കെട്ടുവാൻ അനുവദിച്ചിരിക്കുന്നുവെന്നും ഉടമ്പടിയിൽ രേഖപ്പെടുത്തി

With the Best Compliments from:

★

Delhi Orthodox Centre

2 Institutional Area
Tughalagubad
New Delhi 110 052.

★

മാർത്തോമ്മ v 1761–ൽ തന്റെ അനന്തരവനെ– മാർത്തോമ്മ vi–ാമനെ മെത്രാനാക്കി; 1765 മേടം 27–ാം തീയതി നിരണത്തുവച്ച് അന്തരിച്ചു. മാർ ശാക്രള്ള മപ്രിയാനകൂടെ വന്നിട്ടുള്ള യൂഹാനോൻ റമ്പാനെ 1752–ൽ ഈവാനിയോസ് എന്ന പേരിൽ വാഴിച്ചു; 1764 തുലാം 9–ാം തീയതി കണ്ടനാടു കബറടങ്ങി വിദേശികളായ മാർ ഗ്രീഗോറിയോസും മാർ ഈവാനിയോസും മട്ടാഞ്ചേരിപ്പള്ളിയിൽ താമസമാക്കി.

യിട്ടില്ലാത്തതുകൊണ്ടു പാറേട്ടിന്റെ ഈ നിഗമനവും അഭ്യൂഹവും സ്വീകാര്യമല്ല.

ഏ. ഡി. 1665 മുതൽ മലങ്കര സഭയെ ഭരിച്ച പകലോമററം തറവാട്ടുകാരായ മാർത്തോമ്മാ മെത്രാന്മാരുടെ സ്ഥാന സാധുത്വം സംബന്ധിച്ച നിരന്തരമായ തർക്കങ്ങൾ ഉത്ഭവിച്ചതു് എന്തുകൊണ്ടാണു്? മാർത്തോമ്മ iii, മാർത്തോമ്മാ iv ഇവരുടെ കാര്യത്തിൽ മാത്രം തർക്കങ്ങൾ ഉത്ഭവിച്ചില്ല. (അവരെ പട്ടം കെട്ടിയതു് 1685–ൽ മലങ്കരയിലെത്തിയ യൽദൊ ബസേലിയോസിന്റെ കൂടെ വന്ന മാർ ഈവാനിയോസ് ആണെന്നു് ഓർക്കുക). ഇക്കാര്യത്തിൽ തൊഴിയൂർ സ്വതന്ത്ര സുറിയാനിസഭയുടെ ആസ്ഥാനത്തു നിന്നു് ഈ ലേഖകൻ 1989 സെപ്തംബറിൽ കണ്ടെടുത്ത 'സുസ്ഥാത്തിക്കോൻ' വെളിച്ചം വീശുന്നുണ്ടു്. 1665–ൽ ഇവിടെ വന്ന ഊർശ്ലേമിന്റെ അദ്ധ്യക്ഷൻ മാർ ഗ്രീഗോറിയോസ് അബ്ദുൽ ജലീൽ ബാവ (വ. പറവൂർ കബറടങ്ങി) മാർത്തോമ്മാ ഒന്നാമന്റെ മെത്രാൻ സ്ഥാനം ക്രമീകരിച്ചുകൊണ്ടു 'ഗാർസൂനി' ഭാഷയിൽ(സുറിയാനി ലിപിയിലെഴുതപ്പെട്ട അറബി) നൽകിയ സ്ഥാനപാത്രമാണിതെന്നു് ഇതേവരെയുള്ള പഠനംകൊണ്ടു ഗ്രഹിക്കുവാൻ കഴിഞ്ഞിട്ടുണ്ടു്. അതിൻ പ്രകാരം മെത്രാൻ സ്ഥാനമേററ മലയാളി മെത്രാനു കശ്ശീശായെയും ശെമ്മാശനെയും 'പട്ടം കെട്ടാന'ല്ലാതെ മെത്രാനെ പട്ടം കെട്ടുവാൻ അനുമതി നൽകിയിട്ടില്ല. മെത്രാനെ വാഴിക്കാൻ സ്ഥാത്തിക്കോനിൽ അധികാരവും അനുവാദവും നൽകപ്പെട്ടിട്ടില്ലാത്തതിനാലാണു് അപ്രകാരമുള്ള നാട്ടു മെത്രാന്മാരിൽനിന്നു മെത്രാൻ പട്ടമേററ മാർത്തോമ്മാ v, vi, vii, viii എന്നിവരുടെ സ്ഥാനസാധുതയെച്ചൊല്ലി ഭിന്നാഭിപ്രായമുണ്ടായതു്. മാത്രവുമല്ല, മതത്തിന്റെ അജ്ഞതയെ ചൂഷണം ചെയ്യാൻ വിദേശി മെത്രാന്മാരൊടൊപ്പം മറുഭാഗത്തു 'റോമ്മാ' മതാനുയായികളുടെ പ്രോത്സാഹനവും ഉണ്ടായിരുന്നു.

മാർത്തോമ്മ v 1761–ൽ തന്റെ അനന്തരവനെ–മാർത്തോമ്മ vi നെ മെത്രാനാക്കി; 1765 മേടം 27–നു നിരണത്തുവച്ചു അന്തരിച്ചു. മാർ ശാക്രള്ള മപ്രിയാനക്കൂടെ വന്നിട്ടുള്ള യൂഹാനോൻ റമ്പാനെ1752–ൽ ഈവാനിയോസ് എന്ന പേരിൽ വാഴിച്ചു; 1764 തുലാം 9– നു കണ്ടനാട്ടു കബറടങ്ങി. വിദേശികളായ മാർ ഗ്രീഗോറിയോസും മാർ ഈവാനിയോസും മട്ടാഞ്ചേരിപ്പള്ളിയിൽ താമസമാക്കി.

മാർത്തോമ്മാ v–ാമനെപ്പററി ഉണ്ടായ വിവാദങ്ങൾ മാത്തോമ്മാ vi–ാമനെപ്പററിയും ഉണ്ടായി. പൊതുജന മനഃശാസ്ത്രം

Best Compliments from:-

Grams: 'PASUMARK'

Phone: 40678

The Nilgiri Fertiliser (P) Limited

(Estd. 1934)

173, Mettupalayam Road,
COIMBATORE – 641 043.

★

There is a 'Cow Brand' Fertiliser for Every Crop

Distributors for Hoechst Agro Chemicals for
Coimbatore & Nilgiri Districts.

★

അറിഞ്ഞിരുന്ന അദ്ദേഹം റോമുമായി
ബന്ധപ്പെട്ട് 1599—ൽ വിഭജിച്ച മലങ്കര
യിലെ രണ്ടു തട്ടുകളെ തന്റെ നേതൃത്വ
ത്തിൽ സമന്വയിപ്പിക്കാനുള്ള ഭഗീരഥയ
ത്നത്തിൽ മുഴുകി. റോമ്മാ സമ്പർക്കം മൂല
വും തങ്ങളുമായുള്ള നീരസം മൂലവും 1665
മുതൽ മലങ്കരയിൽ സ്ഥാപിതമായ പാര
മ്പര്യങ്ങളും മാർത്തോമ്മ vi മൻ ത്യജിച്ചേ
ക്കുമോ എന്ന ആശങ്കയാലാവണം മാർ
ഗ്രീഗോറിയോസ്, തങ്ങളുടെവിശ്വസ്ത അ
നുചരനും മാർശക്രുള്ളായിൽനിന്നു റമ്പാൻ
സ്ഥാനം സ്വീകരിച്ചവനും ആയ അബ്ര
ഹാം റമ്പാനു (കാട്ടുമങ്ങാട്ട്) കൂറിലോസ്
എന്ന പേരിൽ മെത്രാൻ സ്ഥാനം നൽകി.
ഡച്ചുസർക്കാരുമായി നല്ല ബന്ധത്തിൽ
കഴിഞ്ഞമാർത്തോമ്മാ vi—ാമനു തിരുവിതാം
കൂർ—കൊച്ചി രാജാക്കന്മാരെ സ്വാധീനി
ക്കുക സുകരമായതിനാൽ സ്ഥാനാരോ
ഹണം അതീവ രഹസ്യമായിട്ടാണു നട
ത്തിയതു്. ഈ സ്ഥാനാരോഹണം
1772—ൽ നടന്നതായിട്ടാണു മലങ്കരസഭാ
ചരിത്രമെഴുതിയ എല്ലാവരും രേഖപ്പെടു
ത്തിയിട്ടുള്ളതു്. എന്നാൽ തൊഴിയൂർസഭാ
ചരിത്രകാരൻ ഫാ. കെ സി. വർഗീ
സ് ഈ സ്ഥാനാരോഹണം 1767 നു്
മുമ്പാണെന്നു രേഖപ്പെടുത്തിയിട്ടുണ്ടു് (തൊ
ഴിയൂർ ചരിത്രം P. 37). കൂറിലോസ്
രണ്ടാമൻ (കാട്ടുമങ്ങാട്ട് ഇളയബാവ) എഴു
തിയ ഒരു രേഖയാണു കെ. സി. വർഗീസ
ച്ചൻ അവലംബമാക്കുന്ന രേഖ. രേഖ
യിൽ ഇപ്രകാരം പറയുന്നു:

'ജീവ സമ്പൂർണമായ ഈ പുസ്തകം
എഴുതിത്തീർന്നതു ദേവനാൽ മലയിലുള്ള
മാർ ബഹനാൻ സഹദായുടെ ദയറായിൽ
വച്ചു ക്രിസ്ത്വബ്ദം 1771 നീസാൻ
(ഏപ്രിൽ) 16—ാം നു ശനിയാഴ്ച ...ഈ
പരിശുദ്ധമായ അദ്ധ്വാനത്തിനായി ക്ലേ
ശിച്ചതു്....കർത്താവിന്റെ കൃപയാൽ ഗീ
വർഗീസ് എന്ന നാമമുള്ളവനുമാണു മാർ
ബസ്സേലിയോസ് കാതോലിക്കായുടെ
ശിഷ്യനും അദ്ദേഹത്താൽ പട്ടം കെട്ടപ്പെട്ട
വനുമാണു് ഈ എഴുത്തുകാരൻ....എന്റെ
സഹോദരന്മാരേ,...അരിഷ്ടനായ എന്റെ
ആത്മാവിനു വേണ്ടിയും വൈദികരായ
എന്റെ സഹോദരൻ ബെന്യാമിന്റെ
ആത്മാവിനുവേണ്ടിയും യാക്കോബിന്റെ
ആത്മാവിനു വേണ്ടിയും കൂറിലോസി
ന്റെആത്മാവിനു വേണ്ടിയും പാപമോ
ചന വചനം ആശംസിക്കേണമേ. അവർ
1767 ഈയോർ (മെയ്)10—ാം നു ബാ
ഹ്യലോകം വിട്ടു് മലയിലേക്കു് ഓടി
പ്പോവുകയും മാർ ബഹനാമിന്റെ നാമ
ത്തിൽ അവിടെ ഒരു ദയറാ പണിയുകയും
ചെയ്തു. ഈ പുസ്തകം അവിടെ വച്ചു
എഴുതപ്പെടുകയും....അദ്ദേഹത്തിന്റെ പ്രാ
ർത്ഥന നമ്മോടുകൂടെയും അവരോടുകൂടെയും
ഉണ്ടായിരിക്കട്ടെ'.

സമകാലീന സംഭവത്തെപ്പററി ദൃക്സാ
ക്ഷി എഴുതിയ രേഖ എന്ന നിലയിൽ ഈ
രേഖയെ അവിശ്വസിക്കുവാൻ ന്യായം
കാണുന്നില്ല. ഈ രേഖയുടെ അസ്സൽ കൈ
യെഴുത്തു പ്രതി ഈ ലേഖകൻ പരിശോധി
ച്ചിട്ടുള്ളതാണു്. (പ്രസ്തുത പുസ്തകത്തിൽ
പുതിയനിയമം മാത്രമേ ഉള്ളൂ എന്നു കെ.
സി. വർഗീസച്ചൻ എഴുതിയിട്ടുള്ളതു ശരി
യല്ല. വൈദികരുടെ കാനോന നമസ്കാ
രവും 'ഈശോ നഹറോ' എന്ന ഈഗ്നാ
ത്തിയോസ് ബാവായുടെ മെമ്രായും
മററും കാണുന്നുണ്ടു്).

ഇക്കാര്യത്തെക്കുറിച്ചു മറെറാരു രേഖയു
ടെ കാര്യവും പരാമർശിക്കാനുണ്ടു്. കാട്ടു
മങ്ങാട്ടെ അബ്രഹാം കൂറിലോസ് ഒന്നാ
മൻ എഴുതിയ കർബാന തക്സയാണീ
രേഖ. കൽദായ സുറിയാനിയിലെഴുതിയ
ഈ തക്സാ തിരുവല്ലായിലെ റീത്തുമെത്രാ
ച്ചന്റെ അരമനയിൽ സൂക്ഷിച്ചിട്ടുണ്ടു്. (വി
ലപ്പെട്ട ഈ വിവരം Syriac manuscripts
of St. Thomas Christians എന്ന ഗവേഷണ
ഗ്രന്ഥത്തിൽ J. P.M. Van Der Ploeg. O.P
എന്ന ഗ്രന്ഥകാരൻ രേഖപ്പെടുത്തിയിട്ടു
ണ്ടു്. പേജ് 106). 9—12—1769 ൽ
എഴുതിയ ഈ പുസ്തകത്തിന്റെ പകർ
പ്പെഴുത്തുകാരൻ കൂറിലോസ് ആണെന്നു്
ഓരോ അന്നാഫറായുടെയും അന്ത്യത്തിൽ
രേഖപ്പെടുത്തിയിട്ടുണ്ടു്.

ഈ രണ്ടു തെളിവുകളെ അടിസ്ഥാന
മാക്കി, ഊഹിക്കാവുന്നതു് ഇപ്രകാരമാ
ണു്. മെത്രാൻ സ്ഥാനപ്രാപ്തിയെ
തുടർന്നാണു മാർ കൂറിലോസും ഗീവർഗീ

Best Compliments from:

★

Sri Bagavathi Tea Estates Limited

REGD. & ADMINISTRATIVE OFFICE
Post Box No. 3878,
180, Race Course Road,

Coimbatore-641 018

★

'CHA' is the best gift at any time.
A cup of tea refreshes and stimulates.
Drink
&
relax

with a cup of garden-fresh tea.
Manantoddy group of tea estates grow tea and manufacture tea in scientific lines under expert supervision.

For trade enquiries, please contact:
Sri Bagavathi Tea Estates Limited
180, Race Course Road,
Coimbatore: 641 018.

GRAM : 'BAGAVATEA'

Phone : 25556

ഈ രണ്ടു തെളിവുകളെ അടിസ്ഥാനമാക്കി, ഊഹിക്കാവുന്നതു ഇപ്രകാരമാണ്. മെത്രാൻ സ്ഥാനപ്രാപ്തിയെത്തുടർന്നാണ് മാർ കൂറിലോസും ഗീവർഗീസ് റമ്പാനും തേവനൽ വനത്തിലേക്കു അജ്ഞാതവാസത്തിനായി വന്നതു്. ഈ വരവ് 1767 ലാണ്. തന്മൂലം 1767ലോ അതിനു മുമ്പോ സ്ഥാനദാനം നടന്നിരിക്കണം.

സ് റമ്പാനും തേവനൽ വനത്തിലേക്ക് അജ്ഞാത വാസത്തിനായി വന്നതു്. ഈ വരവ് 1767 ലാണ്. തന്മൂലം 1767 ലോ അതിനു മുമ്പോ സ്ഥാനദാനം നടന്നിരിക്കണം. (അബ്രഹാം റമ്പാന് കരിയൻ എന്നും പേരുള്ളതായി അഞ്ചൂർ സഭാചരിത്രത്തിൽ കാണുന്നു. പേജ് 25)

1770 വരെയും മാർ ഗ്രീഗോറിയോസു മായി പൊരുത്തപ്പെടാതിരുന്നമാർത്തോമ്മ VI-ാമൻപൊരുത്തപ്പെടുവാൻ നിർബന്ധിനായ സാഹചര്യം ഇതാണ്. പ്രബലമായ വടക്കൻ ഇടവകകൾ ഗ്രീഗോറിയോസിൽനിന്നുപട്ടമേററ മാർ ക്കൂറിലോസിനെ സ്വീകരിച്ചിരുന്നു. ജനസമ്മതി വീണ്ടെടുക്കുന്നതിനു മാർ ഗ്രീഗോറിയോസിൽ നിന്നും സ്ഥിരീകരണം ആവശ്യമെന്നു് അന്തരംഗന ബോധ്യമായതിനാലാകണം. സ്ഥിരീകരണത്തിനു വേദിയൊരുക്കിയതു്. സ്ഥിരീകരണത്തെ തുടർന്നു് ഡച്ചുസഹായത്തോടെ നാട്ടുരാജാക്കന്മാരെക്കൊണ്ടു വിളംബരം പ്രസിദ്ധപ്പെടുത്തി മാർ ക്കൂറിലോസിനെ തിരുവിതാംകൂർ കൊച്ചിദേശങ്ങളിൽ നിന്നു് ബഹിഷ്കരിച്ചു. എതിർപ്പ് രൂക്ഷമായപ്പോൾ വെട്ടിക്കലിനു സമീപം 'തേവനൽ' വനത്തിൽ താമസിച്ചിരുന്ന മാർ ശിക്കൂറിലോസിനെ അദ്ദേഹത്തിൻെറ കോട്ടഷ്യൻ ഇട്ടൂപ്പ് റമ്പാൻ (പിന്നീടു പുലിയം പഴയ സെമിനാരി സ്ഥാപകൻ കോട്ടയം ജോസഫ് മാർ ദീവന്നാസ്യോസ് 1) കുന്നംകുളത്തേക്കു കൊണ്ടുവന്നു; പനയ്ക്കൽ വീട്ടുകാർ അദ്ദേഹത്തിനു് അഭയം നൽകി. കുന്നംകുളത്തോടു് ചേർന്നു മലബാറിൻെറ അതിർത്തിയിൽപ്പെട്ടു ഒരു സ്ഥലം പനക്കൽതാരു, മാർ കൂറിലോസിനു നൽകി. അവിടെ താമസമാക്കിയ അദ്ദേഹം 1772 ഇടവം 15–ാം തീയതി ഭദ്രാസന ദേവാലയത്തിനു ശിലാസ്ഥാപനം നടത്തി. അപ്രകാരം തൊഴിയൂർ സഭാസ്ഥാപകൻെറ സിംഹാസനത്തിലെ അഞ്ചാമത്തെ അവകാശിയായ കിടങ്ങൻ സ്കറിയാ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ ആണ് 1811 നും 1829നും മദ്ധ്യേ തുടർച്ചയായി മലങ്കര സഭയ്ക്കു മൂന്നു മെത്രാപ്പോലീത്താമാരെ വാഴിച്ചു തന്നിട്ടുള്ളതെന്നു മലങ്കര കൃതജ്ഞതയോടെ സ്മരിക്കുന്നു. 1772 ൽ ഒരു സ്വതന്ത്ര സഭയെന്ന നിലയിൽ അവർ മാതൃസഭയിൽ നിന്നു വേർപെട്ടുവെങ്കിലും 18–ാം നൂററാണ്ടിലെ മലങ്കര സഭയുടെ വിശ്വാസനുഷ്ഠാനങ്ങൾ അവർ നിലനിർത്തുന്നു. മാത്രവുമല്ല, 1665 ൽ വന്ന ഗ്രീഗോറിയോസു മുതൽ കേരളത്തിലെത്തിയ പല പിതാക്കന്മാരുടെയും ഗ്രന്ഥങ്ങളും സ്ഥാത്തിക്കോനുകളും തൊഴിയൂർ സഭ സ്വന്തം ആർക്കൈവ്സിൽ സംരക്ഷിട്ടുള്ളതു് ഈ ലേഖകൻ പരിശോധിച്ചിട്ടുണ്ടു്.

തൊഴിയൂരെപള്ളിയും ചാട്ടുകുളങ്ങരെ പള്ളിയും (ഇപ്പോൾ ആർത്താററ്) തമ്മിൽ സൗദൃഢബന്ധമാണുണ്ടായിരുന്നതു്. പലപ്പോഴും കുന്നംകുളത്തേക്കാവശ്യമായ പട്ടക്കാരെയും ശെമ്മാശ്ശന്മാരെയും തൊഴിയൂരിലെ മെത്രാച്ചന്മാർ പട്ടം കെട്ടിയതായി തൊഴിയൂരിലെ പട്ടംകൊട പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. തൊ

Best Compliments from:

Lloyd Insulations (India) Pvt. Ltd.

10, Haddows Road,
MADRAS-600 006.

TELEX : 041-8220
TELEPHONE : 473753/479724/ 475506/363423/ 867964.

SPECIALISTS IN

Thermal Insulation, Water Proofing, False Ceilings, Anti-Corrosive Treatment.

PRODUCTS

Rockloyd Pipe Section
Lightly Resin Bonded Mattresses
Spintex & Rockloyd Rigid Board
Thermolloyd & Isoloyd Nilflamme
Coal Tar Enamel
Roofloid
Foam Concrete

APPLICATIONS

Pipelines
Equipments

Under Deck & Acoustic Insulation
Cold Insulation

Anti Corrosive Treatment
Water Proofing
Over Deck Insulation

തൊഴിയൂരെ പള്ളിയും ചാട്ടുകുളങ്ങരെ പള്ളിയും (ഇപ്പോഠം ആത്താററ്) തമ്മിൽ സുദൃഢ ബന്ധമാണുണ്ടായിരുന്നതു. പലപ്പോഴും കുന്നംകുളത്തേക്കാവശ്യമായ പട്ടക്കാരെയും ശെമ്മാശ്ശന്മാരെയും തൊഴിയൂരിലെ മെത്രാച്ചന്മാർ പട്ടം കെട്ടിയതായി തൊഴിയൂരിലെ പട്ടംകൊട പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തൊഴിയൂരിലെ പല മെത്രാച്ചന്മാരും കുന്നംകുളം പള്ളികളിലെ മുൻ വികാരിമാരായിരുന്നവെന്നതിന് അനിഷേധ്യമായ രേഖകളുണ്ടു്. ചേപ്പാട്ട ഫീലിപ്പോസ് മാർ ദിവന്നാസ്യോസ് 1829 ൽ വാഴിച്ച കൂത്തുർ ഗീവർഗീ സ്കൂറിലോസ് മെത്രാച്ചൻെറ കാലംവരെ(1856)ഇരുസഭകളും ഭേദചിന്ത കൂടാതെ കഴിഞ്ഞു.

ഴിയൂരിലെ പല മെത്രാച്ചന്മാരും കുന്നം
കുളം പള്ളികളിലെ മുൻ വികാരിമാരായി
രുന്നവെന്നതിന് അനിഷേധ്യമായ രേഖ
കളുണ്ട്. ചേപ്പാട്ട ഫീലിപ്പോസ് മാർ
ദീവന്നാസ്യോസ് 1829ൽ വാഴിച്ച കൂത്തുർ
ഗീവർഗീസ് മാർ കൂറിലോസ് മെത്രാച്ച
ൻെറ കാലംവരെ (1856) ഇരുസഭകളും
ഭേദചിന്തകൂടാതെ കഴിഞ്ഞു.

നവീകരണ നേതാവെന്ന നിലയിൽ
പ്രവത്തിച്ചിരുന്നപാലക്കന്നത്തു മാത്യൂസ്
മാർ അത്താനാസ്യോസ് മെത്രാച്ചനിൽ
നിന്നു് 1857 ൽ യൗസേഫ് മാർ കൂറി
ലോസ് (ആലത്തുർ വലിയ മെത്രാച്ചൻ)
പട്ടമേററു്, നവീകരണ ശ്രമങ്ങളെ ചെ
റുക്കവാൻ മലങ്കര സഭയിൽ നേതൃത്വം
നൽകിയ കുന്നംകുളം ഇടവകയും അതി
ൻെറ നേതാവ് പുലിക്കോട്ടിൽ ജോസഫ്
കത്തനാർക്കും (പിന്നീട് എം. ഡി. സെ
മ്മനാരി സ്ഥാപകൻ ജോസഫ് മാർ
ദീവന്നാസ്യോസ് II) അതൃപ്തിക്കിട
യാക്കി. അതൃപ്തിയിൽ നിന്നുയർന്ന
രോഷാഗ്നിയിൽ സഭാബന്ധത്തിൻെറ
ലോലമായ ചരട് ചാമ്പലായി. തുടർ
ന്നു തൊഴിയൂർ സഭ, മെത്രാൻ വാഴ്ച
യ്ക്കു വേണ്ടി നവീകരണസഭയെ (പിന്നീ
ട് മാർത്തോമ്മാ സഭ) ആശ്രയിക്കേണ്ടി

വന്നു. ഇന്നും നിലപാട് തുടരുന്നു. 1948 മുതൽ ആ സഭ പാസ്സാക്കിയ 'ഭരണക്രമം' അനുസരിച്ച് ഭരണകാര്യങ്ങഠം നിർവഹിക്കപ്പെടുന്നു. ഒരു ഡസനോളം ദേവാലയങ്ങളും അത്രതന്നെ വൈദികരും ഉള്ള തൊഴിയൂർ സഭയ്ക്കു് ഒരു ആശുപത്രി, ഒരു ഹൈസ്കൂഠം, ഏതാനും പ്രൈമറി സ്കൂളുകഠം, അഗതി മന്ദിരം. പ്രസ്സ്, ഒരു മാസിക തുടങ്ങിയവ സ്വന്തമായിട്ടുണ്ട്. 'സഭാസ്ഥാപകനു' മെത്രാൻ പട്ടം നൽകിയ യെരുശലേമിൻെറ ഗ്രീഗോറിയോസ് മെത്രാച്ചനിൽ നിന്നു ലഭിച്ച വി. മൂറോൻ ആവശ്യാനുസരണം വർദ്ധിപ്പിച്ച് ഉപയോഗിക്കുന്നു.

ഇത:പര്യന്തം ആ സഭയിൽ ഭരണം നടത്തിയപ്രധാനാചാര്യന്മാരുടെ ലിസ്റ്റും കാലഘട്ടവും താഴെച്ചേർക്കുന്നു.

1. 1771—1802 കാട്ടുമങ്ങാട്ട് അബ്രഹാം മാർ കൂറിലോസ് (സഭാസ്ഥാപകൻ—വലിയ ബാവ)
2. 1802—1808 കാട്ടുമാങ്ങാട്ട് ഗീവർഗീസ് മാർ കൂറിലോസ് (വെട്ടിക്കൽ—കബറിടം. ഇളയബാവ)
3. 1802— പനവേലിൽ മാർ ഈവാനിയോസ് (അകാല ചരമം പ്രാപിച്ചു)
4. 1808—1811 ചീരൻ സ്കറിയാ മാർ പീലക്സീനോസ്
5. 1811—1829 കിടങ്ങൻ സ്കറിയാ മാർ പീലക്സീനോസ് (ആത്താററു പള്ളിവികാരി
6. 1829—1856 കൂത്തുരു് ഗീവർഗീസ് മാർ കൂറിലോസ് (1836 ലെ മാവേലിക്കര പടിയോല എഴുതിയ സുന്നഹദോസിൽ സംബന്ധിച്ചു.)
7. 1856—1888 ആലത്തുരു് യൗസേഫ് മാർ കൂറിലോസ് (പനക്കൽ)—ആത്താററു് വികാരി

With Best Compliments from:

AQURA

151-Sidco Industrial Estate
Ambattur, MADRAS-98.

Phone: Factory: 651944
Office: 423423

(Manufacturers of Automobile Components;
Catering to Vehicle, Engine and other
Sub-Assembly Manufacturers)

★

Associate Concern:

Aqura Auto Ancillary

57, Sidco Indl. Eatate
AMBATTUR, MADRAS-600 098.

8. 1883–1898 മാളിയേക്കൽ യൗസേഫ് മാർ അത്താനാസ്യോസ്
9. 1892–1935 പുലിക്കോട്ടിൽ (കരുമാംകുഴി) ഗീവർഗീസ് മാർ കൂറിലോസ്
10. 1917–1927 ആലത്തൂര് (പനക്കൽ) പൗലൂസ് അത്താനാസ്യോസ് (അകാലചരമം)
11. 1935–1947 കുത്തൂർ (കോട്ടപ്പടി) കുറിയാക്കോസ് മാർ കൂറിലോസ്
12. 1948–1967 ചീരൻ ഗീവർഗീസ് മാർ കൂറിലോസ്
13. 1967–1977 അയ്യംകുളം പൗലൂസ് മാർ പീലക്സീനോസ് (സഭ വിട്ടുപോയി)
14. 1978–1986 കുത്തൂര് മാത്യൂസ് മാർ കൂറിലോസ്.
15. 1986–മുതൽ ആലത്തൂർ (പനയ്ക്കൽ) യൗസേഫ് മാർ കൂറിലോസ്

ഒരു നൂററാണ്ടിലേറെക്കാലം മാതൃസഭയുമായി വിട്ടുനിന്നതുമൂലം തൊഴിയൂർ സഭയ്ക്കു സ്വന്തമായുണ്ടായിരുന്ന പല നിധികളും നഷ്ടപ്പെട്ടിട്ടുണ്ട്. പല ആരാധനാ ക്രമങ്ങളും ലുപ്ത പ്രചാരമായി. സാധാരണ ദിനങ്ങളിലെ രാത്രി നമസ്കാരം, പെങ്കീസാ നമസ്കാരം, കന്തീലാ, കഹനൈത്താ, എക്കാറ തുടങ്ങിയ പുസ്തകങ്ങൾ ലൈബ്രറിയിലെ പുരാവസ്തുക്കൾ മാത്രമായി ഒതുങ്ങിക്കൂടിയിരിക്കുന്നു. വൈദിക സെമ്മനാരി ഇല്ലാത്തതിനാൽ വൈദിക വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിനു പണ്ഡിതരായ മല്പാന്മാർ ഇല്ലാതെയായി. ശ്രീയിട്ട ദശാബ്ദങ്ങൾ ഏറെയായി. മൂന്നു സാർവ്വത്രിക സുന്നഹദോസ് നിശ്ചയങ്ങളെയും പിതാക്കന്മാരുടെ കാനോനാകളെയും ഇഗ്നാത്തിയോസ്, ക്ലീമ്മീസ്, അത്താനാസ്യോസ്, ഈവാനിയോസ്, ഗ്രീഗോറിയോസ്, ബസ്സേലിയോസ്, കൂറിലോസ് തുടങ്ങിയ സഭാപിതാക്കന്മാരെയും പിന്തുടർന്നുകൊള്ളണമെന്ന പട്ടംകൊടയുടെ 'അമാലോഗിയാ'യിൽ പട്ടം കൊടുക്കുന്നവരും സ്വീകരിക്കുന്നവരും ശപഥം ചെയ്യുമെങ്കിലും ശപഥം ചെയ്ത നിയമങ്ങളും വ്യാഖ്യാനങ്ങളും എന്തെന്നു പഠിക്കുവാനും അവർക്കു വിരുദ്ധമായി സഭയിൽ പ്രവേശിച്ചിട്ടുള്ള അകാനോനിക പ്രവണതകളെ നിർമ്മാർജ്ജനം ചെയ്യുവാനും ആരും ശ്രമിക്കുന്നതായി കാണുന്നില്ല.

ഈ വക കാര്യങ്ങളിൽ മലങ്കര ഓർത്തഡോക്സ് സഭയ്ക്കു ക്രൈസ്തവ വീക്ഷണത്തോടെ തൊഴിയൂർ സഭയെ സഹായിക്കാനാവും. ആ സഭയിലെ വൈദിക വിദ്യാർത്ഥികളെ നമ്മുടെ സെമ്മനാരിയിൽ പഠിപ്പിക്കാൻ എന്തെങ്കിലും സങ്കേതിക തടസ്സമുണ്ടെങ്കിൽ അതു മാററി എടുക്കാൻ സാധിക്കണം. 1952 ൽ ആ സഭയിലെ ഒരു ശെമ്മാശനെ കോട്ടയത്തുള്ള ഓർത്തഡോക്സ് വൈദികസെമ്മനാരിയിൽ പ്രവേശിപ്പിച്ചുകൊണ്ടു പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവ അന്നത്തെ തൊഴിയൂർ മെത്രാച്ചൻ, ചീരൻ ഗീവർഗീസ് മാർ കൂറിലോസിനു് എഴുതിയ കല്പന ലേഖകൻ കണ്ടിട്ടുണ്ട്.

ഈ വക കാര്യങ്ങളിൽ മലങ്കര ഓർത്തഡോക്സു സഭയ്ക്കു ക്രൈസ്തവ വീക്ഷണത്തോടെ തൊഴിയൂർ സഭയെ സഹായിക്കാനാവും. ആ സഭയിലെ വൈദിക വിദ്യാർത്ഥികളെ നമ്മുടെ സെമ്മനാരിയിൽ പഠിപ്പിക്കാൻ എന്തെങ്കിലും സങ്കേതിക തടസ്സങ്ങളുണ്ടെങ്കിൽ അത് മാററി എടുക്കാൻ സാധിക്കണം. 1952ൽ ആ സഭയിലെ ഒരു ശെമ്മാശനെ കോട്ടയത്തുള്ള ഓർത്തഡോക്സ് വൈദിക സെമ്മനാരിയിൽ പ്രവേശിപ്പിച്ചുകൊണ്ടു പ.ഗീവർഗീസ് ദ്വിതീയൻ കതോലിക്കാ ബാവ അന്നത്തെ തൊഴിയൂർ മെത്രാച്ചൻ, ചീരൻ ഗീവർഗീസ് കൂറിലോസിനു് എഴുതിയ കല്പന ലേഖകൻ കണ്ടിട്ടുണ്ട്.

ചരിത്രത്തിന്റെ സംഘർഷം നിറഞ്ഞ ഒരു പശ്ചാത്തലത്തിൽ വേണ്ടത്ര ചർച്ചയോ അഭിപ്രായ പ്രകടനവേദിയോ ലഭ്യമാവാതെ പിരിഞ്ഞുപോയ തൊഴിയൂർ സഭയെ, വികാരത്തിന്റെയും മുൻവിധിയുടെയും കണ്ണടകൾ മാററി വിവേകത്തിന്റെയും ഔദാര്യത്തിന്റെയും ഒട്ടൊക്കെ കൃതജ്ഞതയുടെയും ഭാഷയിൽ സമീപിക്കുവാൻ മലങ്കര സഭയ്ക്കു കഴിയണം. ○

പ്രൊഫ. സി. ജെ. മണ്ണുമ്മൂട്

ഒരു കൈത്തിരിയുടെ നാളം

നൂറ്റെഴുപത്തഞ്ചു ക്രിസ്തുമസ് കൊണ്ടാടി
നൂററാണ്ടിരുപത്തിയൊന്നിനായ് കാത്തിടും
വേദവിജ്ഞാന സമുന്നത പീഠമേ
യേകുന്നു ഞാനെൻെറ മംഗളാശംസകൾ.

കാലവൃക്ഷത്തിലായ് നൂതന വത്സര
പ്പൂവൊന്നുകൂടി വിരിഞ്ഞു സായന്തന
കാന്തിയില ദ്ദളശോഭ ലയിക്കുമീ
വേളയിൽ, നേരുന്ന മംഗളാശംസകൾ!

ബേത്ലഹേമിൽ തെളിഞ്ഞ വെൺതാരക
വീശിയ വെള്ളിക്കതിരുമായെത്തിയ
പ്രേഷിത വര്യൻ വിശുദ്ധൻെറ കാലടി
പ്പാടുകൾ കാട്ടിത്തരുന്ന മാർഗ്ഗത്തിൽ നാം
ചോടുകൾ വച്ചു നടക്കുന്നിരുപത്തു
നൂറു വർഷങ്ങളായിക്കമ്മ ഭൂമിയിൽ!

പത്തുയിർപ്പിൻെറ പെരുനാളിനപ്പുറം
വൃദ്ധിയിലെത്തും പുതിയ സംവത്സരം
പൂർത്തീകരിക്കുകയല്ലി രണ്ടായിരം
അബ്ദങ്ങളാ മഹാസംഭവാനന്തരം
അന്നീയുലകിടമാകെയൊരാലയായ്
തന്നെ ചമയട്ടെ, പാലകനേകനായ്!

വാണിജ്യ വാതമടിച്ചു കിഴക്കിൻെറ
വാതായനങ്ങൾ തുറന്ന സന്ദേശമേ,
തക്ഷ ശിലയും നളന്ദയും കാശിയു–
മക്ഷയ ദീപം കൊളുത്തി വിളങ്ങവേ,
ജോർദ്ദാൻ കരയിൽ നിന്നെത്തിയ ചൈതന്യ
ദീപ്തിയിൽ ഗംഗാതടം തൊട്ടു ചൂർണ്ണിതൻ
സാഗര കല്ലോല സംശ്ലേഷിതോന്മുഖ–
സ്രോതസ് പവിത്രീകരിക്കുമിടങ്ങളിൽ
അദ്വൈത ചിന്ത വിളഞ്ഞ പാടങ്ങളിൽ
ക്രിസ്തുവചന സുഗന്ധ സമീരണൻ
എത്തി ബുദ്ധബുദ്ധതയാർന്ന മനസ്സുകൾ
നൃത്തമാടി സ്നേഹകല്ലോല മാലകൾ!

മാല്യങ്കരയിൽ കൊളുത്തിയ കൈത്തിരി
യാളിപ്പടർന്നീ മലങ്കരയാകവേ!
ആ വെളിച്ചത്തിൻ നിലവിളക്കായിതാ–
തൂവെണ്മ വീശുന്ന വേദ വിദ്യാലയം.

നൂററിയെഴുപത്തിയഞ്ചു സംവത്സരം
പൂർത്തീകരിക്കുമീ മംഗളവേളയിൽ
ഇപ്പുതുവത്സര വാസരാന്ത്യത്തിലായ്
യർപ്പിച്ചിടാം ഹൃദ്യമംഗളാശംസകൾ.

ഒക്ടോബർ മാസക്കൊടുങ്കാററടിക്കവേ
കെട്ടുപോയെത്ര മെഴുതിരിയെങ്കിലും
ഇന്നവ വീണ്ടും തെളിയുന്നു ശാന്തിതൻ
മന്ദ്രസംഗീതമുയരുന്നു, സ്വാതന്ത്ര്യ
ചിന്തതൻ കയ്യാൽ തകരുന്നു കോട്ടകൾ!
ചിന്നുന്നു പുത്തനുഷസ്സിൻെറ കാന്തികൾ.

ടൈബർപ്പുഴയിലെയോളങ്ങളിൽ ചെന്നു
സംക്രമിച്ചിടുന്നുവോ ഗതന്നൂർമ്മികൾ
അദ്ധ്യാത്മ ചിന്ത തൻ ദീപം കെടാതിന്നു
മുജ്ജ്വലിക്കുന്നു, നാം നേരുക മംഗളം!

വിശ്വമൊരാലയായ്, പാലകനേകനായ്
വിന്യസിക്കുന്ന സുദിന സൂര്യോദയം
എത്തുവാനീ വേദ വിദ്യാലയത്തിലെ
കൈത്തിരിനാളം തെളിയട്ടെ മേൽക്കുമേൽ!

Suzanne's

Quality Frozen Ready to Fry Products

Fish Fingers
Fish Cutlet

Prawn Kabab
Chicken Cutlet

PICKLES

Prawn Hot
Prawn Tomato
Sweet & Sour Prawns with Vegetables

Prawn Hot & Sweet
Fish Hot
Prawn Balichow

AVAILABLE IN

Home Foods
Montieth Court
64 Montieth Road
MADRAS-8
Tel: 869693

Home Foods
171 Anna Salai
MADRAS-2
Tel: 869735

and
All other Cold Storages of the City
Distributors of **'MAFCO'** Pork Products from Bombay

Best Compliments from:

Southern Warehousing Co. Pvt. Ltd.
64, Montieth Road
Egmore
MADRAS-600 008

ജോർജ്ജ് വർഗീസ്, മദ്രാസ്

ഈശ്വരസാക്ഷാൽക്കാരം, ധർമ്മധീരത, സമുദായസേവനം, അന്ത്യോഖ്യാ പാത്രിയർക്കീസിൻെറ അധികാരത്തിൽ നിന്നു മലങ്കര സുറിയാനി സഭയെ സ്വതന്ത്രമാക്കുക എന്നിവയായിരുന്നു അത്താനാസ്യോസിൻെറ പ്രധാന ജീവിത ലക്ഷ്യങ്ങൾ. ഈശ്വര ഭക്തിയിൽ വളർച്ച പ്രാപിക്കണമെന്നുള്ള ദാഹം അദ്ദേഹത്തെ സദാ പാരവശ്യം കൊള്ളിച്ചിരുന്നു.

ധീരാത്മാവായ
മാത്യൂസ് മാർ അത്താനാസ്യോസ്

പത്തൊൻപതാം നൂററാണ്ടിൻെറ മദ്ധ്യദശകം മുതൽ രണ്ടു വ്യാഴവട്ടക്കാലത്തിലധികം മലങ്കര സുറിയാനി സഭയെ അത്യന്തം പൗരുഷത്തോടുകൂടിഭരിച്ച്, ക്രൈസ്തവ ഹൃദയങ്ങളിൽ അപ്രമേയമായ മഹാശക്തിപ്രഭാവം വാരിവിതറിയ തേജസ്വിയായിരുന്ന പാലക്കുന്നത്തു മാത്യൂസ് മാർ അത്താനാസ്യോസ്. അനിതര സാധാരണമായ കഴിവുകൾ ഉണ്ടായിരുന്ന ഊർജസ്വലനായ അത്താനാസ്യോസ്, മലങ്കര നസ്രാണികളുടെ ചരിത്രത്തിലെ ഏററം പ്രഭാപൂർണമായ പാത്രങ്ങളിൽ ഒന്നായിരുന്നുവെന്നാണ് ഇസഡ്. എം. പാറേട്ട് രേഖപ്പെടുത്തിയിരിക്കുന്നത്.

Best Compliments from:

★

Ajith Synthetics

C/o Bee Key Textiles Mills Ltd.

Plot No. 61/62
Piparia Industrial Estate

Silvassa

★

പ്രസിദ്ധ തൂലികാകാരനും ചരിത്രകാരനുമായ ചിത്രമെഴുത്തു കെ. എം. വർഗീസ് പറയുന്നു:—'മഹാനായ മാർ മാത്യൂസ് അത്താനാസ്യോസിനെ സംബന്ധിച്ചാവട്ടെ, സാമുദായികമായും രാഷ്ട്രീയമായും കേരളീയ ക്രിസ്ത്യൻ സമുദായം ന്യായമായി അവകാശപ്പെട്ടിരുന്ന സർവ്വവിധ സ്വാതന്ത്ര്യാവകാശങ്ങൾക്കായി അതിന്റെ അന്തർ ഹൃദയത്തിൽ പ്രഥമമായി ഒരു ഗാഢബോധം ഉദ്ദീപിപ്പിച്ചതു് ഈ കഥാപുരുഷൻ ഒരുവനായിരുന്നുവെന്നു് അതിശയോക്തിലേശം കൂടാതെ പറയാവുന്നതാണ്. പോർത്തുഗീസുകാരുടെ ദുരധികാരവായ്പിനു് ഇരയായിത്തീർന്ന സുറിയാനി സമുദായത്തിന്റെ ചേതനാശക്തിയെ പുനരുദ്ധരിക്കുന്നതിനു് അതാതുകാലം മലങ്കര വന്നിട്ടുള്ള ചില മെത്രാപ്പോലീത്തന്മാർ ആവതു് ചിലതൊക്കെ ചെയ്തിട്ടുണ്ടെന്നിരുന്നാലും, സ്വസമുദായത്തെ അടിമത്തത്തിൽനിന്നു പാടെ മോചിപ്പിച്ചു് അതിന്റെ ആത്മപൗരുഷത്തെ പ്രോജ്വലിപ്പിക്കുന്നതിനും, അതിന്റെ സ്വാതന്ത്ര്യചിത്തതയെ ഉത്തേജിപ്പിക്കുന്നതിനും, അതിന്റെ അവകാശങ്ങളെ സ്ഥിരീകരിക്കുന്നതിനും എന്നല്ല, മലങ്കര സിറിയൻ ക്രിസ്ത്യൻ സമുദായം കേരളീയ ജനസമുദായ ലോകത്തിൽ നട്ടെല്ലു നിവത്തു തല ഉയർത്തി നിൽക്കുന്നതിലേക്കു പുരാണ പ്രസിദ്ധമായ അതിന്റെ ആത്മാഭിമാനകിരണ സൂത്രത്തെ ഇളക്കിവിടുന്ന വിഷയത്തിൽ മാത്യൂസ് മാർ അത്താനാസ്യോസ് തന്റെ അന്തർ ശക്തിയെ അത്ര ഫലപ്രദമാംവണ്ണം പുകൾപെററ പുരുഷ വീരതയോടെ പ്രയോഗിച്ചുവെന്നുള്ളതു് അദ്ദേഹത്തിന്റെ ജീവിതമഹത്വത്തിന്റെ മാഞ്ഞുപോകാത്ത ഒരു മഹിതമുദ്രയായിത്തന്നെ പരിലസിക്കുന്നു.'

മെത്രാപ്പോലീത്തായുടെ ലക്ഷ്യങ്ങൾ:

ഈശ്വരസാക്ഷാൽക്കാരം, ധർമ്മധീരത, സമുദായ സേവനം, അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാരത്തിൽ നിന്നു മലങ്കര സുറിയാനി സഭയെ സ്വതന്ത്രമാക്കുക എന്നിവയായിരുന്നു അത്താനാസ്യോസിന്റെ പ്രധാന ജീവിതലക്ഷ്യങ്ങൾ. ഈശ്വര ഭക്തിയിൽ വളർച്ച പ്രാപിക്കണമെന്നുള്ള ദാഹം അദ്ദേഹത്തെ സദാ പാരവശ്യം കൊള്ളിച്ചിരുന്നു.

നിസ്സാരന്മാരെന്നു ലോകർ തള്ളിക്കളയുന്ന സാധാരണ ജനങ്ങളിൽ പ്രത്യക്ഷപ്പെടാറുള്ള ആത്മചൈതന്യത്തേയും വിശിഷ്ട നന്മകളേയും മനസ്സാ മാനിക്കുന്നതിനും അവരെ ആദരിക്കുന്നതിനും മാർ അത്താനാസ്യോസിനു് ഉണ്ടായിരുന്ന സന്നദ്ധത ഒന്നു പ്രത്യേകമായിരുന്നു. അധർമ്മത്തിന്റെയും അസത്യത്തിന്റെയും നേരെ അദ്ദേഹം ഈററപ്പുലിയുടെ ശൗര്യത്തോടുകൂടി കുതിച്ചു ചാടുന്ന കാഴ്ച അദ്ദേഹത്തോടു് അടുത്തു പരിചയിച്ചിട്ടുള്ള പലരേയും അമ്പരപ്പിച്ചിട്ടുള്ളതാണ്. മെത്രാപ്പോലീത്തായുടെ സഹചാരിയും പിൽക്കാലത്തു മാർത്തോമ്മാ സഭയിലെ വികാരി ജനറലുമായിരുന്ന കോവൂർ ഐപ്പ് തോമ്മാക്കത്തനാർ പല സംഭവ കഥകളും രേഖപ്പെടുത്തിയിട്ടുണ്ട്.

അന്ത്യോഖ്യായിലേയും അലക്സാന്ത്ര്യായിലേയും യരൂശലേമിലേയും പ്രാചീന സിംഹാസനങ്ങൾ ഐക്യബുദ്ധിയോടും ദൃഢനിഷ്ഠയോടും കൂടി ആദരിക്കയും, പാലിക്കയും ചെയ്തുപോന്ന വിശ്വാസാചാരങ്ങൾ പരിപൂർണ്ണമായി പിന്താങ്ങുന്ന ഒരു ചരിത്രാന്തരീക്ഷമാണു മലങ്കര സുറിയാനി സഭയുടെ പ്രാചീന സ്വരൂപത്തിൽ മാർ അത്താനാസ്യോസിന് ദർശിപ്പാൻ കഴിഞ്ഞത്. സ്തുതി ചൊവ്വാകപ്പെട്ട വിശ്വാസാചാരങ്ങളുടെ മഹനീയതയെ അദ്ദേഹം ആദരിക്കയും, തന്റെ സഭാ ജീവിതത്തിലും ഇടവക പരിപാലനത്തിലും അവയെ നയിക്കയും ചെയ്തിരുന്നു.

ഓർത്തഡോക്സ് വിശ്വാസ ദാർഢ്യം

അന്ത്യോഖ്യായിലേയും അലക്സന്ത്ര്യായിലേയും യരുശലേമിലേയും പ്രാ

ചീന സിംഹാസനങ്ങൾ ഐക്യബുദ്ധിയോടും ദൃഢനിഷ്ഠയോടും കൂടി ആദരിക്കയും, പാലിക്കയും ചെയ്തുപോന്ന വിശ്വാസാചാരങ്ങൾ പരിപൂർണമായി പിന്താങ്ങുന്ന ഒരു ചരിത്രാന്തരീക്ഷമാണു മലങ്കര സുറിയാനി സഭയുടെ പ്രാചീന സ്വരൂപത്തിൽ മാർ അത്താനാസ്യോസിനു ദർശിപ്പാൻ കഴിഞ്ഞതു്. സ്തുതി ചൊവ്വാകപ്പെട്ട വിശ്വാസാചാരങ്ങളുടെ മഹനീയതയെ അദ്ദേഹം ആദരിക്കയും, തന്റെ സഭാ ജീവിതത്തിലും ഇടവക പരിപാലനത്തിലും അവയെ നയിക്കയും ചെയ്തിരുന്നു.

അബ്രഹാം മൽപ്പാന്റെ നവീകരണ പ്രസ്ഥാനത്തോടു മാർ അത്താനാസ്യോസിനു യാതൊരു ബന്ധവുമില്ലായിരുന്നു. മാർ അത്താനാസ്യോസ് വിഭാവനം ചെയ്തിരുന്നതു് ആചാര പരിഷ്ക്കാരങ്ങൾ മാത്രമായിരുന്നു.

മാത്യൂസ് മാർ അത്താനാസ്യോസ് മരണപര്യന്തം മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ മെത്രാപ്പോലീത്തായായിരുന്നു. അഭ്യസ്തവിദ്യനും അതിബുദ്ധിമാനും നിരീക്ഷണ നിപുണനുമായിരുന്ന ആ മഹാനുഭാവന്റെ ഉൽകൃഷ്ടങ്ങളായ ആശയങ്ങൾ ശരിക്കു ഗ്രഹിക്കുന്നതിനു് അന്നത്തെ സുറിയാനി സമുദായത്തിനു കഴിഞ്ഞിരുന്നില്ല. സഭയുടെ പൂർവീകവും വിശുദ്ധവുമായ വിശ്വാസാചാരങ്ങൾക്കു ഭംഗം കൂടാത്ത നിലയിൽ ഒരു നിർമ്മലീകരണത്തിന്റെ ആവശ്യകതയെക്കുറിച്ച് അദ്ദേഹത്തിനു ബോധമുണ്ടായിരുന്നു. വൈദീകരും ജനങ്ങളും വിദ്യാഭ്യാസത്തിലും വേദഗ്രന്ഥപാരായണത്തിലും കൂടുതൽ ശ്രദ്ധ പതിപ്പിക്കുമ്പോൾ മിഥ്യാസങ്കൽപങ്ങളും അനാചാര പ്രസക്തിയും ഒഴിഞ്ഞു പൊയ്ക്കൊള്ളുമെന്നും, ഏകയോഗമായി കഴിഞ്ഞുകൂടുന്ന ഒരു സമുദായത്തെ 'നവീകരണ'ത്തിന്റെ പേരിൽ ഛിന്നഭിന്നമാക്കുന്നതു മഹാപാതകമാണെന്നുമായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം.

വ്യക്തി പ്രഭാവം

കൊച്ചി–തിരുവിതാംകൂർ സംസ്ഥാനങ്ങളിലുള്ള തഹസീൽദാരന്മാർ മുതലായ ഉദ്യോഗസ്ഥന്മാർപോലും മാർ അത്താനാസ്യോസ് എന്ന ശബ്ദം കേൾക്കുമ്പോൾ ഭ്രമിക്കത്തക്കവണ്ണമായിരുന്നു, അദ്ദേഹത്തിന്റെ പ്രഭാവം. ആരുടെ അടുക്കലും താഴുകയോ, കുനിയുകയോ ചെയ്യുന്നതു് അദ്ദേഹത്തിന്റെ പ്രകൃതിക്കു ചേരാത്ത ഒരു സംഗതിയായിരുന്നു. അദ്ദേഹം 'ദാവീദിനെപ്പോലെ സാക്ഷാൽ പരമാത്ഥിയും, നിർമ്മലബുദ്ധിയും, മഹാമനസ്കനും, ഉത്തമത്വത്തിന്റെ ഗുണങ്ങളാൽ അലങ്കരിക്കപ്പെട്ടവനും, നല്ലവരെ സ്നേഹിക്കയും, കൊള്ളരുതാത്തവരുടെ നന്മയ്ക്കു് ആഗ്രഹിക്കയും, തനിക്കു തിന്മ ചെയ്യുന്നവർക്കു നന്മ പകരം ചെയ്യുകയും ചെയ്യുന്നവനുമായിരുന്നു' എന്നാണു കോവൂർ ഐപ്പ് തോമ്മാക്കത്തനാർ രേഖപ്പെടുത്തിയിരിക്കുന്നതു്.

O

Best Compliments from:

SHOP–48817
RESI.–46012

P. V. GEORGE

Iron & Steel Merchants

17/46, MILL ROAD
COIMBATORE–641 001.

ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്ത

നാട്ടുകാരനായ ഒരു മെത്രാപ്പോലീത്ത തലപ്പത്ത് ഇല്ലാതെ കാര്യങ്ങൾ മുമ്പോട്ടു പോവുകയില്ല എന്ന് ഇക്കൂട്ടർക്കു ബോദ്ധ്യപ്പെട്ടതിന്റെ ഫലമായി കുന്നംകുളം സ്വദേശിയും പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസിന്റെ അനന്തരവനുമായ പുലിക്കോട്ടിൽ ജോസഫ് കത്തനാരെ മർദീനിൽ അയച്ചു മെത്രാനാക്കാൻ തീരുമാനിച്ചു.

പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് രണ്ടാമനും മലങ്കര സഭയും

1865 മുതൽ 1909 വരെയുള്ള കലുഷിതവും കഷ്ടതകൾ നിറഞ്ഞതുമായ കാലഘട്ടത്തിൽ മലങ്കര സഭയെ കർമ്മധീരതയോടും കാര്യശേഷിയോടും കൂടി നയിച്ച് ഓർത്തഡോക്സ് വിശ്വാസ സംരക്ഷകനും പൊതുകാര്യ പ്രസക്തനും ധിഷണാശാലിയും ദീർഘ വീക്ഷകനും ആയ പുരുഷ കേസരിയും ധീര യോദ്ധാവുമായിരുന്നു പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് രണ്ടാമൻ എന്ന മാർ ദിവന്നാസ്യോസ് അഞ്ചാമൻ.

മാർ ദിവന്നാസ്യോസ് ഒന്നാമന്റെ കാലം മുതൽ സി. എം. എസ്. മിഷനറിമാരുമായുണ്ടായ വേഴ്ചയുടെ ഫലമായി മലങ്കര സഭയിൽ നവീകരണത്തിന്റെ വിത്തുകൾ മുളച്ചു വളർന്നു. അതു മാർ ദിവന്നാസ്യോസ് നാലാമന്റെ കാലമായപ്പോഴേയ്ക്കും ദുസ്സഹമായിത്തീർന്നു. രാജ്യത്തിന്റെ അധിരാജ ശക്തിയായിരുന്ന ബ്രിട്ടീഷ് ഗവർമെന്റിന്റെ മേൽക്കോയ്മയിൻ കീഴിൽ സി. എം. എസ്. മിഷനറിമാർക്കുണ്ടായിരുന്ന അമിത പ്രാബല്യം മലങ്കര സഭയെ അവരുടെ നീരാളിപ്പിടുത്തത്തിൽ ഒതുക്കാൻ ശ്രമിച്ചു.

Best Compliments from::

★

P. E. CHACKO

12, FOURTH STREET
HYDERI GARDENS

MADRAS-12

Best Compliments from:

MOHDI HANIF DEHAJ FANIYA

GUJARAT

മാത്രമല്ല, മലങ്കര സഭയെയും അതിന്റെ
പുരാതനമായ വിശ്വാസത്തെയും ആചാ
രത്തെയും നാമാവശേഷം ആക്കുന്നതിനു്
അവർ തുനിഞ്ഞു. ഇതിനെ നവീകരണ
സഭയായി രൂപഭേദംവരുത്തുവാനുള്ള പരി
ശ്രമത്തിൽ അവർ ഏർപ്പെട്ടു. നവീകരണ
ക്കാർക്കു നാട്ടുകാരനും, അവരുടെ ഇംഗിത
ങ്ങൾക്കു വിധേയമായി പ്രവർത്തിക്കുന്ന
യാളുമായി ഒരു മെത്രാൻ വേണമെന്നു
ള്ളതിനാൽ നവീകരണത്തിന്റെ തദ്ദേ
ശീയ പ്രോക്താവായിരുന്ന പാലക്കുന്ന
ത്തു് ഏബ്രഹാം മല്പാന്റെ സഹോദര
പുത്രൻ മാത്യൂസ് ശെമ്മാശനെ മലങ്കര സ
ഭയുടെ ഔദ്യോഗിക അറിവോ സമ്മതമോ
കൂടാതെ മർദീനിൽ അയച്ചു. 1842-ൽ
മാത്യൂസ് അത്താനാസ്യോസ് എന്ന പേ
രിൽ മെത്രാനാക്കി 1843-ൽ നാട്ടിൽ
വരുത്തി.

മാത്യൂസ് മാർ അത്താനാസ്യോസിന്റെ
അവകാശ വാദങ്ങൾ അംഗീകരിക്കപ്പെട്ട
കയും അദ്ദേഹത്തെ മലങ്കര മെത്രാനായി
അംഗീകരിച്ചുകൊണ്ടുള്ള രാജകീയ വിളം
ബരം ഉണ്ടാവുകയും ചെയ്തു. അങ്ങനെ
നവീകരണാശയക്കാർക്കു മുൻതൂക്കം സി
ദ്ധിക്കുകയും പള്ളികളും സ്വത്തുക്കളും പഴ
യ സെമിനാരിയുമെല്ലാം അവരുടേയും
മാത്യൂസ് അത്താനാസ്യോസിന്റെയും
പിടിയിൽ അമരുകയും ചെയ്തു. എന്നി
രുന്നാലും ജനങ്ങളിൽ വലിയ പങ്കും
ഓർത്തഡോക്സ് വിശ്വാസത്തിൽ ഉറ
ച്ചുനിന്നിരുന്നു.

നാട്ടുകാരനായ ഒരു മെത്രാപ്പോലീത്ത
തലപ്പത്തു് ഇല്ലാതെ കാര്യങ്ങൾ മുമ്പോട്ടു
പോവുകയില്ല എന്നു് ഇക്കൂട്ടർക്കു ബോ
ദ്ധ്യപ്പെട്ടതിന്റെ ഫലമായി കുന്നംകുളം
സ്വദേശിയും പുലിക്കോട്ടിൽ ജോസഫ്
മാർ ദീവന്നാസ്യോസിന്റെ അനന്തരവ
നുമായ പുലിക്കോട്ടിൽ ജോസഫ് കത്ത
നാരെ മർദീനിൽ അയച്ചു മെത്രാനാക്കാൻ
തീരുമാനിച്ചു.

മാർ ദിവന്നാസ്യോസ് രംഗപ്രവേശം ചെയ്യുന്നു

പുലിക്കോട്ടിൽ ജോസഫ് കത്തനാർ
1833-ജനിച്ചു. 1853-ൽ യൂയാക്കിം മാർ
കൂറിലോസിൽ നിന്നും കത്തനാർ പട്ടം
സ്വീകരിച്ചു കുന്നംകുളം ഇടവക നടത്തി
വരികയായിരുന്നു. കാര്യപ്രാപ്തനും ബു
ദ്ധിമാനും നയകോവിദനും ആയിരുന്ന
അദ്ദേഹത്തെ 1864-ൽ മർദീനിൽ അയച്ചു
മാർ ദിവന്നാസ്യോസ് എന്ന പേരിൽ
മെത്രാനായി സ്ഥാനം പ്രാപിച്ചു. 1865ൽ
നാട്ടിൽ തിരിച്ചെത്തി.

ജോസഫ് കത്തനാർക്കു മെത്രാൻ
സ്ഥാനം കൊടുക്കരുതു് എന്നു പോലും
മാർ യൂയാക്കിം കൂറിലോസ് രഹസ്യ
ത്തിൽ പാത്രിയർക്കീസിനു് എഴുതിയി
രുന്നു. കാരണം നാട്ടുകാരൻ മെത്രാനാകു
ന്നതു വിദേശിയ താത്പര്യങ്ങൾക്കു നിര
ക്കാത്തതും വിലങ്ങുതടിയാകുമെന്നും എന്നു
ള്ള ചിന്തയായിരുന്നു. പക്ഷേ പാത്രിയ
ർക്കീസ്, മാർ കൂറിലോസിന്റെ കത്തി
നെ കണക്കിലെടുക്കാതെയാണു മാർ ദിവ
ന്നാസ്യോസിനെ വാഴിച്ചതു്.

ഫലശൂന്യമായ പത്തു വർഷം

നാട്ടിൽ തിരിച്ചെത്തിയ മാർ ദിവന്നാ
സ്യോസ് മാത്യൂസ് മാർ അത്താനാ
സ്യോസിൽനിന്നും ഭരണം പിടിച്ചെടു
ക്കാൻ ചെയ്ത ശ്രമങ്ങളെല്ലാം വിഫല
ങ്ങളായി. മാത്യൂസ് അത്താനാസ്യോ
സിനു ലഭിച്ച രാജകീയ വിളംബരം
അസ്ഥിരപ്പെടുത്തിക്കിട്ടുവാൻ ദിവാന്റെ
പക്കൽ അപേക്ഷ കൊടുത്തു. പക്ഷേ
ആ അപേക്ഷ ബ്രിട്ടീഷ് റസിഡന്റി
ന്റെ അടുക്കൽ കൊടുത്തു് അദ്ദേഹ
ത്തിന്റെ ശുപാർശയോടുകൂടി വരണമെ
ന്നായിരുന്നു ദിവാന്റെ മറുപടി. റസി
ഡന്റ് മാർ അത്താനാസ്യോസിന്റെ
അനുഭാവിയായിരുന്നതുകൊണ്ടു് അനുകൂല
മായ മറുപടി കൊടുക്കാതെ കോടതിയെ
സമീപിക്കുവാൻ ആജ്ഞാപിച്ചു. കോട
തിയെ ഈക്കാര്യവുമായി സമീപിച്ച
പ്പോൾ, വാദിയെ (അപേക്ഷകനെ) ഒരു
മെത്രാപ്പോലീത്താ ആണെന്നു സർക്കാർ
അംഗീകരിക്കാത്തിടത്തോളം കാലം കോ
ടതികൾക്കും ഇക്കാര്യത്തിൽ യാതൊന്നും
ചെയ്യാൻ ഒക്കുകയില്ല എന്നു തീർപ്പുണ്ടാ
യി. മാർ അത്താനാസ്യോസിനെ അംഗീ

Best Compliments from:

★

M/s. Vijai & Raj

Block - 27
209, A. J. C. Bose Road

Calcutta - 700 017.

Phone: 44-7902
43-5808
43-2923
27-8245.

Telex: 021-2624 Jigs In
Cable: 'Jigsvija', Calcutta.

കൃത മെത്രാനായി സർക്കാർ കരുതിയിരുന്നതിനാൽ മാർ ദീവന്നാസ്യോസിൻെറ ആ വഴിക്കുള്ള പരിശ്രമവും നിഷ്ഫലമായി. തന്നെയുമല്ല ഈയവസരത്തിൽ വട്ടിപ്പണത്തിൻെറ കഴിഞ്ഞ മുപ്പതു വർഷത്തെ പലിശ മാർ അത്താനാസ്യോസ് ഒരുമിച്ചു വാങ്ങിച്ചതും മാർ ദീവന്നാസ്യോസിനു് ഒരു പ്രഹരമായിരുന്നു.

അന്ത്യോഖ്യാ പാത്രിയർക്കീസിനെ വരുത്തുന്നു

1865 മുതൽ ഏകദേശം പത്തു വർഷക്കാലം കഷ്ടപ്പെട്ടിട്ടും കാര്യമായ പ്രയോജനം ഒന്നും തന്നെ ഉണ്ടായില്ല എന്നുള്ളതുകൊണ്ടു് അനന്തര കരണീയം എന്തെന്നു ചിന്തിച്ചതിൻെറ ഫലമായി 1875—ൽ അന്ത്യോഖ്യാ പാത്രിയർക്കീസിനെത്തന്നെ (പത്രോസ് മൂന്നാമൻ) മലങ്കരയിൽ വരുത്താൻ തീരുമാനിച്ചു. അതനുസരിച്ചു് ഇവിടെനിന്നും 500 പവൻ യാത്രച്ചെലവിനു പാത്രിയർക്കീസിനു് അയച്ചുകൊടുത്തു. പാത്രിയർക്കീസ് ഇംഗ്ളണ്ടിൽ പോയി ബ്രിട്ടീഷ് ചക്രവർത്തിയിൽ നിന്നും മററു് അധികാരികളിൽ നിന്നും ശുപാർശക്കത്തുകളും മററും വാങ്ങി മലങ്കരയിൽ എത്തി. മദ്രാസ് ഗവർണറുടെ കത്തുമായി തിരുവിതാംകൂർ മഹാരാജാവിനെ കണ്ടു സംസാരിച്ചതിൻെറ ഫലമായി മാത്യൂസ് അത്താനാസ്യോസിനു കൊടുത്തിരുന്ന തിരുവെഴുത്തു വിളംബരം അസ്ഥിരപ്പെടുത്തുകയും എല്ലാ കക്ഷികളും തങ്ങളുടെ അവകാശവാദങ്ങളെ സിവിൾകോടതി വഴിയായി തീരുമാനിച്ചുകൊള്ളണമെന്നും ആജ്ഞാപിച്ചുകൊണ്ടു 1876—ൽ പുതിയ വിളംബരം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. മാത്യൂസ് അത്താനാസ്യോസ് കോടതികൾക്കു് അതീതനെന്നുള്ള നില മാററി എടുത്തു എന്നുള്ളതാണു പ്രഥമ വിജയം.

മഹാരാജാവിൻെറ ഈ തീരുമാനം മാർ ദീവന്നാസ്യോസിനു മുന്നേറുവാനുള്ള ഒരു വാതിൽ തുറന്നുകൊടുത്തു. എന്നിരുന്നാലും പ്രശ്നങ്ങൾ ബാലികേറാമലപോലെ മുമ്പിൽ നിൽക്കുന്നുണ്ടായിരുന്നു.

ചുവടുറപ്പിക്കുവാനുള്ള നീക്കം മുളന്തുരുത്തി സുന്നഹദോസ്

മാത്യൂസ് അത്താനാസ്യോസിനു പിൻബലമായി നിന്നിരുന്ന രാജകീയ വിളംബരം അസ്ഥിരപ്പെട്ടതിനുശേഷം തൻെറ നില ഉറപ്പിക്കുവാനുള്ള നടപടിയിലേക്കു തിരിഞ്ഞു. ഉടൻതന്നെ പള്ളി പ്രതിപുരുഷന്മാരുടെ യോഗം വിളിച്ചുകൂട്ടി. പൊതുജനാഭിപ്രായം ഏകോപിപ്പിക്കുക, അവരെ സംഘടിപ്പിക്കുക എന്നുള്ളതുമായിരുന്നു

മുളന്തുരുത്തി സുന്നഹദോസു വിളിച്ചു കൂട്ടുമ്പോൾ പാത്രിയർക്കീസിനെ ഭരിച്ചിരുന്ന ആശയം തൻെറ മുൻഗാമികൾക്കുണ്ടായിരുന്നതും എന്നാൽ മലങ്കര സഭ യാതൊരു കാരണവശാലും നാളിതുവരെ സമ്മതിച്ചു കൊടുക്കാതിരുന്നതുമായ അന്ത്യോഖ്യായുടെ അധീശത്വം സഭയെക്കൊണ്ടു സമ്മതിപ്പിക്കണമെന്നുള്ളതായിരുന്നു. ആ ലക്ഷ്യപ്രാപ്തിക്കായി യോഗത്തിൽ സംബന്ധിക്കുന്ന എല്ലാ പള്ളിക്കാരും പാത്രിയർക്കീസിനു തങ്ങളുടെ പള്ളികളും സ്വത്തുക്കളും അടിയറ വച്ചുകൊണ്ട് ഉടമ്പടി എഴുതി റജിസ്റ്റർ ചെയ്തുകൊണ്ടു ചെല്ലണമെന്നും ആവശ്യപ്പെട്ടു. പക്ഷെ ഉടമ്പടി കൊടുക്കുവാൻ അധികമാരും ഉണ്ടായില്ല.

അടുത്ത നടപടി. ആയതിനായി 1876 ഇടവ മാസം 22—ാം തീയതി പള്ളിപ്രതിപുരുഷയോഗം കൂടാൻ പാത്രിയർക്കീസിനെക്കൊണ്ടുതന്നെ കല്പന പുറപ്പെടുവിപ്പിക്കുകയും 1876 മിഥുനം 15, 16, 17 എന്നീ തീയതികളിലായി സുപ്രസിദ്ധമായ മുളന്തുരുത്തി സുന്നഹദോസ് എന്നറിയപ്പെടുന്ന പള്ളി പ്രതിപുരുഷയോഗം മുളന്തുരുത്തി പള്ളിയിൽ കൂടുകയും ചെയ്തു.

മുളന്തുരുത്തി സുന്നഹദോസു വിളിച്ചു കൂട്ടുമ്പോൾ പാത്രിയർക്കീസിനെ ഭരിച്ചിരുന്ന ആശയം തൻെറ മുൻഗാമികൾക്കുണ്ടായിരുന്നതും എന്നാൽ മലങ്കര സഭ

Best Compliments from:

Thejo Engineering

Services (P) Ltd

Madras

യാതൊരു കാരണവശാലും നാളിതുവരെ സമ്മതിച്ചുകൊടുക്കാതിരുന്നതുമായ അന്തോഖ്യായുടെ അധീശത്വം മലങ്കര സഭയെക്കൊണ്ടു സമ്മതിപ്പിക്കണമെന്നുള്ളതായിരുന്നു. ആ ലക്ഷ്യപ്രാപ്തിക്കായി യോഗത്തിൽ സംബന്ധിക്കുന്ന എല്ലാ പള്ളിക്കാരും പാത്രിയക്കീസിനു തങ്ങളുടെ പള്ളികളും സ്വത്തുക്കളും അടിയറ വച്ചുകൊണ്ട് ഉടമ്പടി എഴുതി റജിസ്റ്റർ ചെയ്തുകൊണ്ടു ചെല്ലണമെന്നും ആവശ്യപ്പെട്ടു. പക്ഷെ ഉടമ്പടി കൊടുക്കുവാൻ അധികമാരും ഉണ്ടായില്ല.

പരിണിതഫലങ്ങൾ

പാത്രിയക്കീസിന്റെ ഇംഗിതം അപ്പാടെ നടപ്പിൽ വരുത്താൻ സാധിച്ചില്ല. ദിവന്നാസ്യോസിനു പള്ളികളെയും ജനങ്ങളെയും ഒരുമിച്ചു തന്റെ പിന്നിൽ അണിനിരത്തണമെന്നും കേസിനു് ആവശ്യമായ പണം സമാഹരിക്കണമെന്നുമുള്ള ഉദ്ദേശം വിജയിച്ചു.

മെത്രാപ്പോലീത്തന്മാരുടെ ഏക നായകത്വത്തിനു കടിഞ്ഞാൺ ഇടണമെന്നുള്ള ജനങ്ങളുടെ ഉദ്ദേശം അസ്സോസ്യേഷനും മാനേജിംഗ് കമ്മററിയും രൂപം കൊണ്ടതുകൊണ്ട് ഏറെക്കുറെ സാധിച്ചു. സഭയുടെ കാര്യങ്ങളെല്ലാം ഭാവിയിൽ നിയന്ത്രിക്കുന്നതിനു് ഉതകുന്ന ഒരു ഭരണഘടനയ്ക്കും ഭരണ സംവിധാനത്തിനും ഭാവിയിൽ രൂപം കൊടുക്കുന്നതിനു മുളന്തുരുത്തി സുന്നഹദോസ് നിശ്ചയങ്ങൾ മുഖാന്തിരമായി എന്നു വേണം പറയാൻ. കൂടാതെ സഭാ കാര്യങ്ങൾ മെത്രാന്റെ ഏക ഉത്തരവാദിത്വത്തിൽനിന്നും ഒരു കൂട്ടുത്തരവാദിത്വത്തിലേക്കു മാററപ്പെട്ടു. ഈ മാററം മലങ്കരസഭയെ സംബന്ധിച്ചിടത്തോളം ഒരു നേട്ടമായി വേണം കണക്കാക്കാൻ.

പാത്രീയർക്കീസ് ഏകനായി മെത്രാന്മാരെ വാഴിക്കുന്നു.

പള്ളികളിൽ നിന്നും ഉടമ്പടികൾ രജിസ്റ്റർ ചെയ്തു വാങ്ങിക്കേണ്ട സർവാധിപത്യം മലങ്കരയുടെ മേൽ ഉറപ്പിക്കണമെന്നുള്ള തന്റെ ഇംഗിതം വിചാരിച്ചതുപോലെ നടക്കുന്നില്ലയെന്നു കണ്ടപ്പോൾ പാത്രിയർക്കീസിന്റെ സർവാധിപത്യം സമ്മതിച്ചുകൊണ്ടുള്ള ഉടമ്പടി വാങ്ങിക്കൊണ്ടു വേറെ ആറു മേൽപട്ടക്കാരെക്കൂടി വാഴിച്ചു. കൂടാതെ മലങ്കരയെ ഏഴു ഭദ്രാസന ഇടവകകളായി വിഭജിച്ചു പുതുതായി വാഴിക്കപ്പെട്ട മെത്രാന്മാരെ പാത്രിയർക്കീസ് തന്നെ നിയമിക്കുകയും ചെയ്തു. പക്ഷെ ഇവരിൽ രണ്ടുപേർക്കു ജനങ്ങളുടെ സ്വീകരണം ലഭിക്കായ്കയാൽ ഭരണമില്ലാതെ കാലം കഴിക്കേണ്ടി വന്നു. മലങ്കര സഭയെ ഏഴു ഭദ്രാസനങ്ങളായി വിഭജിക്കുന്നതിനോ ആറു മെത്രാന്മാരെ പുതുതായി വാഴിക്കുന്നതിനോ മുളന്തുരുത്തി സുന്നഹദോസിന്റെ തീരുമാനം ഉണ്ടായിരുന്നില്ല. തന്നെയുമല്ല ഈ മെത്രാൻ വാഴ്ചകളിലൊന്നിലും മാർ ദിവന്നാസ്യോസിന്റെ അഭിപ്രായം ആരായുകയോ ദിവന്നാസ്യോസിനെ പങ്കെടുപ്പിക്കുകയോ സഹകരിപ്പിക്കുകയോ ചെയ്യാതെയാണു പാത്രീയർക്കിസ് ഈ കാര്യങ്ങൾ നിർവഹിച്ചത്. ഈക്കാര്യത്തിൽ സന്ദർഭത്തിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ടു നയവിശാരദനായിരുന്ന മാർ ദിവന്നാസ്യോസ് മൗനം ദീക്ഷിക്കുകയും സംയമനം പാലിക്കുകയും ചെയ്തു. ലക്ഷ്യബോധത്തോടെ നവീകരണക്കാരുമായി പട പൊരുതുവാനുള്ള കരുക്കൾ നിരത്തുകയായിരുന്നു ചെയ്തത്. പാത്രിയർക്കീസ് വാഴിച്ച ആറു മെത്രാന്മാരും പരസ്പര ബന്ധം കൂടാതെ പാത്രിയർക്കീസിനോടു മാത്രം നേരിട്ടു വിധേയത്വമുള്ളവരായിരിക്കണമെന്നും അവർ ദിവന്നാസ്യോസിനു് എക്കാലത്തും ഒരു വിരുദ്ധ ശിലകളും തടങ്കൽ പാറകളും മുള്ളുകളും ആയിരിക്കണമെന്നുമായിരുന്നു പാത്രിയർക്കീസിന്റെ ഉദ്ദേശം. പക്ഷെ മെത്രാന്മാരെല്ലാവരും 1878 കുംഭമാസത്തിൽ പരുമല യോഗം ചേർന്നു മാർ ദിവന്നാസ്യോസിന്റെ അസിസ്റ്റന്മാരായിരുന്നുകൊണ്ട് ഒററക്കെട്ടായി മുമ്പോട്ടു പോകുവാൻ തീരുമാനിച്ചത്, മാർ ദിവന്നാസ്യോസിനെ ഒററപ്പെടുത്താനും മലങ്കരസഭയെ പല തട്ടുകളിലാക്കാനും ഓരോ

Best Wishes from:

★

St. Mary's Orthodox Cathedral

&

St. Paul's School

C-3 S. D. A.
Hauz Khas

New Delhi - 110 016

Phones : 666030 & 660122

★

മെത്രാന്മാരുടേയും കടിഞ്ഞാൺ സ്വന്തം
കൈയിൽ ഒതുക്കണമെന്നും ഉള്ള പാത്രി
യർക്കീസിന്റെ പദ്ധതി അപ്പാടെ
പൊളിഞ്ഞു പോകുവാൻ ഇടയാക്കി.

വ്യവഹാരത്തിലേക്കുള്ള എടുത്തുചാട്ടം

പാത്രിയർക്കീസിൽനിന്നും ലഭിച്ച സ്താ
ത്തിക്കോന്റെ ബലത്തിൽ തിരുവെഴുത്ത
വിളംബരം നേടി മലങ്കര സഭയുടെ ഭര
ണാധികാരം മാർ മാത്യൂസ് അത്താനാ
സ്യോസ് സമ്പാദിച്ചു എങ്കിൽ മാർ ദിവ
ന്നാസ്യോസ് പത്രോസ് പാത്രിയർക്കീ
നെ ഉപയോഗിച്ചുകൊണ്ട് ആ തിരുവെഴ
ത്ത വിളംബരം അസ്ഥിരപ്പെടുത്തുകയും
മുളന്തുരുത്തി സുന്നഹദോസ് മൂലം പൊതു
ജനാഭിപ്രായം സംഘടിപ്പിക്കുകയും ജന
സ്വാധീനവും സഹായവും ഉറപ്പുവരുത്തുക
യും വ്യവഹാരത്തിനുള്ള ധനാഗമ മാർഗ
ങ്ങൾക്കു രൂപരേഖ ഉണ്ടാക്കുകയും ചെയ്ത
തിനു ശേഷം ഒരു വ്യവഹാരത്തിനുള്ള
വട്ടംകൂട്ടലുകൾ ആരംഭിച്ചു.

ഈക്കാലയളവിൽ മാത്യൂസ് അത്താ
നാസ്യോസ് തന്റെ പിതൃസഹോദരപുത്ര
നെ തോമസ് അത്താനാസ്യോസ് എന്ന
പേരിൽ മെത്രാനായി വാഴിച്ചു തന്റെ
സഹായിയും പിൻഗാമിയുമായി നിയമി
ക്കുകയും ഒരു മരണപത്രം വഴി എല്ലാ
ആസ്തികളും പിൻഗാമിക്കു വിട്ടുകൊടു
ത്തുകൊണ്ടുവ്യവസ്ഥചെയ്യുകയും ചെയ്തു.
മാത്യൂസ് അത്താനാസ്യോസിന്റെ കാല
ശേഷം സുറിയാനി സെമിനാരിയും
സ്വത്തുക്കളും മലങ്കരസഭയുടെ ഇതര വസ്തു
വകകളും പള്ളികളും തോമസ് അത്താ
നാസ്യോസിന്റെ കൈവശത്തിലും ഭര
ണത്തിലും ആവുകയും ചെയ്തു. ആ
കൈവശത്തിൽ നിന്നും നവീകരണക്കാ
രിൽനിന്നും സെമിനാരിയും സ്വത്തുക്കളും
ഒഴിപ്പിച്ചെടുക്കേണ്ടതിലേക്കായി മാർ
ദിവന്നാസ്യോസ് 1879/439–ാം നമ്പരാ
യി ആലപ്പുഴ ജില്ലാക്കോടതിയിൽ ഒരു
കേസ് കൊടുത്തു. ആ കേസിന്റെ പേ
രാണ 'സെമിനാരി കേസ്' എന്നു പറ
യപ്പെടുന്നതും 1889ലെ റോയൽ കോടതി
വിധി മൂലം സുപ്രസിദ്ധമായിത്തീർന്നിട്ടു
ള്ളതും. ആ കേസ് ഹൈക്കോടതിയിൽ
ദിവന്നാസ്യോസിനു് അനുകൂലമായി
വിധിച്ചു. എന്നാൽ എതിർ കക്ഷികൾ
റോയൽ കോടതിയിൽ അപ്പീൽ കൊടു
ത്തു. അതിന്റെ തീർപ്പും മാർ അത്താനാ
സ്യോസിനു് അനുകൂലമായിട്ടായിരുന്നു
ഉണ്ടായതു്. പക്ഷെ 1886 ൽ ഹൈക്കോ
ടതിയുടെ വിധി കഴിഞ്ഞിട്ടുടനെ തന്നെ
സെമിനാരിയും വസ്തുവകകളും മാർ ദിവ
ന്നാസ്യോസ് നടത്തി എടുക്കുകയുണ്ടായി.
തുടർന്നു് അദ്ദേഹം സെമിനാരിയിൽ താമ
സവുമാക്കി.

1886 ൽ സെമിനാരി നടത്തി എടുത്തി
ട്ട് അധികം താമസിയാതെതന്നെ മാനേ
ജിംഗ് കമ്മററി വിളിച്ചുകൂട്ടുകയും സെമി
നാരിയിൽ വൈദിക വിദ്യാഭ്യാസം പുന
രാരംഭിക്കണമെന്നു തീരുമാനിക്കുകയും
ചെയ്തു. എല്ലാ ശെമ്മാശന്മാരും സെ
മിനാരിയിൽ ചേർന്നു പഠിച്ചിരിക്കണം.
ഓരോരുത്തരും പത്തുപണം ഫീസ് അട
ക്കണം. ഫീസ് അടയ്ക്കാൻ പ്രാപ്തിയില്ലാ
ത്തവർക്കു ഫീസ് ഇളവു ചെയ്തു കൊടു
ക്കുന്നതാണ് എന്നും കമ്മററി നിശ്ചയി
ച്ചു. ഇവയ്ക്കു പുറമെ അടുത്തവർ തമ്മി
ലുള്ള വിവാഹക്കാര്യത്തിൽ മൂന്നു തലമുറ
കൾ കഴിഞ്ഞിട്ടു നാലാമത്തെ തലമുറ
ക്കാർ തമ്മിൽ അല്ലാതെ വിവാഹം നട
ത്തിക്കൂടാ എന്നും കമ്മററി തീരുമാനം
ചെയ്തു.

വട്ടിപ്പണക്കേസ്

കത്തനാർ ട്രസ്റ്റി ആയിരുന്ന താഴത്തുചാ
ണ്ടപ്പിള്ള കത്തനാർ നവീകരണ പക്ഷ
ത്തു ചേർന്നതിനാൽ അദ്ദേഹത്തെ ആ
സ്ഥാനത്തു നിന്നും നീക്കിയിട്ടു കോനാട്ടു
മാത്തൻ മല്പാനെ കത്തനാർ ട്രസ്റ്റിയാ
യി തെരഞ്ഞെടുത്തുകൊണ്ടു വട്ടിപ്പണത്തി
ന്റെ പലിശയ്ക്കു വേണ്ടി അപേക്ഷകൊടു
ത്തു. എങ്കിലും പലിശ മാർ ദിവന്നാ
സ്യോസ് മെത്രാപ്പോലീത്തായേയും കൂട്ടു
ട്രസ്റ്റിയേയും ഏല്പിക്കാതെ ബ്രിട്ടീഷു
റസിഡന്റ് ആ പണം കോടതിയിൽ
കെട്ടിവച്ചു കൊണ്ടു് ഒരു കേസു കൊടുത്തു.

With the Best Compliments from:

★

★

LOKAVANI-HALL MARK PRESS PVT. LTD.

62/63, Greams Road,

MADRAS-600 006.

Phone: 47815 & 471332

Inter Pleader Suits എന്നു പറയപ്പെടുന്ന ആ കേസും ദിവന്നാസ്യോസിനു് അനുകൂലമായി 1902 ൽ വിധിച്ചു. ദിവന്നാസ്യോസ് വട്ടിപ്പണ പലിശ വാങ്ങിക്കുകയും ചെയ്തു.

പള്ളിക്കേസുകൾ

റോയൽ കോടതി വിധിമൂലം സെമിനാരി കേസ്സിനു് അന്തിമ തീരുമാനം ഉണ്ടായെങ്കിലും പള്ളികളെ ആ വിധി ബാധിക്കുകയില്ല എന്ന സ്ഥിതി വന്നതിനാൽ ഓരോ പള്ളിക്കും പ്രത്യേകം പ്രത്യേകം കേസുകൾ കൊടുക്കേണ്ടതായി വന്നു. അതിൽ പ്രധാനപ്പെട്ടതാണ് കോട്ടയം ചെറിയപള്ളികേസ്. മലങ്കര മെത്രാപ്പോലീത്തായുടെ ഭദ്രാസന ദേവാലയമായ കോട്ടയം ചെറിയപള്ളിക്കുവേണ്ടി ആദ്യം മെത്രാപ്പോലീത്താ തനിയെ വാദിയായി കൊടുത്ത കേസ് ഫലപ്രദമാകാഞ്ഞതിനാൽ രണ്ടാമതു മററാളുകളേയും വാദികളായി ഉൾപ്പെടുത്തിക്കൊണ്ടു കേസ് കൊടുക്കുകയും 1901—ൽ ദിവന്നാസ്യോസിനു് അനുകൂലമായി വിധിയുണ്ടാവുകയും പള്ളി നടത്തി എടുക്കുകയും ചെയ്തു.

കൂടാതെ കൊച്ചിൻ റോയൽ കോടതി വിധിയിൽ കലാശിച്ച മറെറാരു പള്ളി ക്കേസ്സാണു കുന്നംകുളം ആർത്താററു പള്ളി കേസ്. 1905—ൽ ആ കേസും അവസാനമായി കൊച്ചിയിലെ റോയൽക്കോടതി മാർ ദിവന്നാസ്യോസിനു് അനുകൂലമായി വിധിക്കുകയുണ്ടായി.

ഇവക്കു പുറമെ കോട്ടയം വലിയ പള്ളി, പുതുപ്പള്ളിപ്പള്ളി, നിരണംപള്ളി, പുത്തൻകാവുപള്ളി, ചെങ്ങന്നൂർപള്ളി, കല്ലൂപ്പാറപ്പള്ളി, ചേപ്പാടുപള്ളി, കാരിച്ചാൽ പള്ളി കണ്ടറപള്ളി, പന്തളം, റാന്നി, കററാനം, കരുവററ, ആനപ്രാമ്പാൽ, ചെങ്ങളം കായംകുളം, കണ്ണങ്കോട്, അയിരൂർ, മല്ലപ്പള്ളി, ഓമല്ലൂർ ,മാക്കാംകുന്നു, തുടങ്ങിയ പള്ളികൾക്കും പ്രത്യേകം പ്രത്യേകം വ്യവഹാരം നടത്തി പള്ളികൾ വീണ്ടെടുത്തു.

പാത്രിയർക്കീസിൻെറ അപ്രീതി

പാത്രിയർക്കീസിനു മലങ്കര സഭയുടെ ലൗകികങ്ങളിൽ 'അധികാരമില്ലയെന്നു് കോടതി വിധിച്ചതിൽ മാർ ദിവന്നാസ്യോസിനു കൈയുണ്ട് എന്നുള്ള ധാരണയിൽ പാത്രിയർക്കീസ് ക്ഷുഭിതനായിത്തീരുകയും 1892— ൽ സുദീർഘമായ ഒരു കല്പന അയക്കുകയും ചെയ്തു. അതിൽ ദിവന്നാസ്യോസിനെ താക്കീതു ചെയ്യുകയും കൊച്ചിയും കൊല്ലവും ഒഴിച്ചു മറെറാരു ഭദ്രാസനത്തിലും പ്രവേശിച്ചു പോകരുതു് എന്നു വിലക്കു കല്പിക്കുകയും ചെയ്തു. കൂടാതെ അസോസ്യേഷൻെറ പ്രസിഡൻറു സ്ഥാനത്തുനിന്നും നീക്കം ചെയ്യുകയും ഏതെങ്കിലും ഒരു കത്തനാരെ പ്രസിഡൻറാക്കാൻ ആജ്ഞാപിക്കുകയും ചെയ്തു. പക്ഷെ ആവക വിലക്കുകളൊന്നും മലങ്കരസഭയോ മാനേജിംഗ്കമ്മററിയോ മററു മെത്രാന്മാരോ കൈക്കൊണ്ടില്ല. ദിവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്താ ആയി എല്ലാ ഭദ്രാസനങ്ങളുടെമേലും അധികാരമുള്ളവനായി ആജീവനാന്തം വിരാജിച്ചു.

മാർ ദിവന്നാസ്യോസിൻെറ മററു നേട്ടങ്ങൾ

വ്യവഹാരങ്ങളുടെ നടുച്ചുഴിയിൽ കിടന്നു നട്ടം തിരിയുമ്പോഴും സമുദായത്തിൻെറ ഉൽക്കർഷത്തിനും അഭിവൃദ്ധിക്കും പൊതു നന്മക്കു വേണ്ടിയും വിദ്യാഭ്യാസ പരമായ പുരോഗമനത്തിനുവേണ്ടിയും അദ്ദേഹം അക്ഷീണ പരിശ്രമം ചെയ്തുകൊണ്ടിരുന്നു. വ്യവഹാരകാലത്തു പണത്തിനു വേണ്ടി ഞെരുക്കമുണ്ടായപ്പോൾ മോതിരവും വടിയും മററും പണയം വക്കുക തന്നെ ചെയ്തിട്ടുണ്ട്.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ

പള്ളിക്കൂടങ്ങൾ ആരംഭിച്ചു നടത്തിയാൽ സർക്കാർ ഗ്രാൻറ് അനുവദിക്കുമെന്നുള്ള ഉറപ്പ് അന്നത്തെ ദിവാൻ നാണുപിള്ളയിൽനിന്നും ലഭിച്ചതിനെ തുടർന്നു പല സ്ഥലങ്ങളിലും മലയാളം സ്കൂളുകൾ (Vernacular Schools) ആരംഭിച്ചു. ഏകദേശം അറുപതു സ്കൂളുകളോളം സ്ഥാപിച്ചു എന്നു വേണം പറയാൻ. M. D. L. P. സ്കൂളുകൾ എന്നറിയപ്പെടുന്ന സ്കൂളുകളാണ് അവകളെല്ലാം.

With Best Compliments from:-

The Indure Limited

(Leaders in Ash Handling Technology)

★

THE INDURE LIMITED

Indure House, Greater Kailash-II

New Delhi-110 048, India

Tel: 641-2373/2509/2902/6418113

Grams: INDURITE Tlx: 031-62773 IPL IN

Fax: 011-6449248

എന്നാൽ മലയാളം പള്ളിക്കൂടം കൊണ്ടുമാത്രം വിദ്യാഭ്യാസപരമായ കാര്യങ്ങളിൽ ഉദ്ദേശിക്കുന്ന പ്രയോജനം ഉണ്ടാവുകയില്ല എന്നു ബോദ്ധ്യമായതുകൊണ്ട് ഇംഗ്ലീഷ് പള്ളിക്കൂടം ആരംഭിക്കണമെന്നു തീരുമാനിച്ചു. ആഗ്രഹം പൂവണിഞ്ഞതാണു ഇന്നു നാം കാണുന്ന M.D. Seminary High School. M. D. Seminary കെട്ടിടത്തിന്റെ പണി 1888—ൽ ആരംഭിക്കുകയും 1892—ൽ ആദ്യത്തെ ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തു. ഏകദേശം അക്കാലത്തോടടുത്തു തന്നെയാണു തിരുവല്ലായിൽ ഒരു ഇംഗ്ലീഷുസ്കൂളിനു പരുമല മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ആരംഭം കുറിച്ചത്. അദ്ദേഹം 1902—ൽ കാലം ചെയ്തു പോയതുകൊണ്ടു മാർ ദിവന്നാസ്യോസ് അതിന്റെ കാര്യങ്ങളും ഏറ്റെടുത്തു നടത്തുകയായിരുന്നു.

എം. ഡി. സെമിനാരി സ്ഥലം
(Woodland Estate)

എം.ഡി.സെമിനാരി സ്ഥലം മാർ ദിവന്നാസ്യോസും, കുറവിലങ്ങാട്ടുകാരനും റോമൻ കത്തോലിക്കാസഭാംഗവും ആയിരുന്ന നിധീരിക്കൽ മാണിക്കത്തനാരും കൂടി ഒരുമിച്ചു ജാത്യൈക്യ സംഘത്തിനുവേണ്ടി എഴുതി വാങ്ങിയിട്ടുള്ളതാണ്. ആ സ്ഥലത്തിന്റെ ആദ്യത്തെ പേരു വുഡ് ലാൻഡ്—(Woodland Estate) തോപ്പ് എന്നായിരുന്നു. അതിന്റെ ഉടമസ്ഥൻ ഇംഗ്ലണ്ടിൽ സ്ഥിര താമസക്കാരനായിരുന്ന ടി. ക്രാഫോർട് എന്ന ധ്വര ആയിരുന്നു. അയാളുടെ മുക്തിയാർകാരൻ ആലപ്പുഴ വ്യവസായത്തിനായി താമസിച്ചിരുന്ന ജയിംസ് ഡാറ എന്ന ധ്വരയും ആയിരുന്നു. ഡാറാ സായിപ്പും മാർ ദിവന്നാസ്യോസും വളരെ സുഹൃത്തുക്കളായിരുന്നു എന്നു തന്നെയുമല്ല ഡാറാ സായിപ്പു മാർ ദിവന്നാസ്യോസിനെ പ്രയാസഘട്ടങ്ങളിൽ സാമ്പത്തികമായി സഹായിച്ചിട്ടുള്ള ആളുമാണ്. മാർ ദിവന്നാസ്യോസും നിധീരിക്കൽ മാണിക്കത്തനാരും ഉററസുഹൃത്തുക്കളായിരുന്നതുകൊണ്ടു, അവർ രണ്ടു സമുദായങ്ങളുടെയും ഏകോപിച്ചുള്ള സാമൂഹ്യ പ്രവർത്തനങ്ങൾക്കു സഹായിക്കുമാറു ജാത്യൈക്യ സംഘം എന്നൊരു സംഘത്തിനു രൂപം കൊടുത്തു പ്രവർത്തിച്ചവരുമുണ്ടായിരുന്നു.

ആ ജാത്യൈക്യ സംഘത്തിന്റെ പ്രവർത്തനങ്ങൾക്കു ഒരു പൊതുവേദിയായിത്തീരുവാൻ വേണ്ടി ഡാറാസായിപ്പിൽനിന്നും 3541രൂപാ 4 പൈസാ തീറാധാരംകൊടുത്തു 1889—ൽ മാർ ദിവന്നാസ്യോസിന്റെയും നിധീരിക്കൽ മാണിക്കത്തനാരുടേയും പേരിൽ തീറു വാങ്ങിയിട്ടുള്ളതാണു എം.ഡി. സെമിനാരി സ്ഥലം. രണ്ടു സമുദായങ്ങളും യോജിച്ചു ഒരു സ്കൂൾ തുടങ്ങണമെന്നായിരുന്നു അവരുടെ ഉദ്ദേശം. പക്ഷെ നിധീരക്കൽ മാണിക്കത്തനാർക്ക് ആ സംഘത്തിൽ തുടർന്നു പോകുവാനും പ്രവർത്തിക്കുവാനും സാദ്ധ്യമല്ലാത്ത പ്രകാരം മേലധികാരികളിൽ നിന്നും വിലക്കു വന്നതിനാൽ അദ്ദേഹം പിൻമാറുകയും അദ്ദേഹത്തിന്റെ അവകാശവും കൂടി ദിവന്നാസ്യോസ് തീറുവാങ്ങുകയും ചെയ്യുകയാണുണ്ടായത്. ആ സ്ഥലം മലങ്കര സഭയ്ക്കു മുതൽ കൂട്ടായി ഭവിച്ചു. സഭയുടെ സുപ്രധാനങ്ങളായ പല സംഭവങ്ങൾക്കും സമ്മേളനങ്ങൾക്കും സ്ഥാപനങ്ങൾക്കും അതു വേദിയും സാക്ഷിയുമായി നിലകൊള്ളുന്നു.

പത്രപ്രവർത്തനം

പള്ളികളിൽ പ്രവേശനമില്ലാതെ പ്രാരാബ്ധങ്ങൾകൊണ്ടു നട്ടംതിരിഞ്ഞും കഴിഞ്ഞു കൂടുന്ന കാലയളവാണെങ്കിലും മാർ ദിവന്നാസ്യോസ് പത്രപ്രവർത്തനത്തിലേക്കു ശ്രദ്ധ തിരിച്ചു. 1045ൽ 1870—ൽ കൊച്ചിയിൽ സെന്തോമ്മസ് അച്ചുകൂടം എന്ന പേരോടുകൂടി ഒരു പ്രസ്സ് ആരംഭിച്ചു. സുറിയാനിക്കാർക്കു ആവശ്യമുള്ള മതവിഷയകമായ പുസ്തകങ്ങൾ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തി. അതോടൊപ്പം തന്നെ 'കേരളപത്രിക' എന്നൊരു വൃത്താന്തപത്രവും കൊച്ചിയിൽ നിന്നും പ്രസിദ്ധീകരിച്ചു. അത് അധിക കാലം നിലനിന്നില്ല. പിന്നീട് 1892—ൽ പഴയ സെമിനാരിയിൽ നിന്നും ഇടവകപത്രിക എന്ന പേരിൽ ഒരു മാസികയുടെ പ്രസിദ്ധീകരണം ആരംഭിച്ചു കുറെക്കാലം വിജയകരമായി നടത്തിക്കൊണ്ടു പോയി,

Best Compliments from:

★

SKARIAH THOMAS

SILVASSA

Best Compliments from:

P. T. MATHEW

JIASARAI

NEW DELHI

★

'ഭാഷാ പോഷിണി'യും 'മലയാള മനോരമ' പത്രവും ആരംഭിച്ചു പ്രസിദ്ധീകരിക്കുന്നതിൽ മാർ ദിവന്നാസ്യോസും കണ്ടത്തിൽ വറുഗീസ് മാപ്പിളയും ഒരുമിച്ചു പ്രവർത്തിക്കുകയും മനോരമ കമ്പനിയിൽ മാർ ദിവന്നാസ്യോസ് ഒരു ഓഹരിക്കാരനാവുകയും ചെയ്തു. ആദ്യം Woodland ബംഗ്ലാവിലും പിന്നീട് Woodland Estate ന്റെ മറെറാരു ഭാഗത്തും (ഇന്നു മനോരമ പ്രസ്സ് സ്ഥാപിച്ചിരിക്കുന്ന സ്ഥലം) ആയിട്ടാണു മനോരമയുടെ പ്രവർത്തനം ആരംഭിക്കുന്നത്.

മലങ്കരയ്ക്കു വെളിയിൽ മെത്രാന്മാരെ വാഴിക്കുന്നു

റോമാ സഭാംഗവും ഗോവാക്കാരനുമായിരുന്ന അൽവാറിസിനെ നമ്മുടെ സഭയിൽ ഒരംഗമായി ചേർത്തു മാർ യൂലിയോസ് എന്ന പേരിൽ മെത്രാനായി വാഴിച്ചു. അദ്ദേഹം കഷ്ടതകൾ സഹിച്ചു മലങ്കര സഭയോടു കൂറുള്ളവനായി കഴിച്ചുകൂട്ടി എന്നു മാത്രമല്ല മാർ ഗീവറുഗീസ് ദീവന്നാസ്യോസിന്റെ സമയത്തു് അദ്ദേഹത്തിന്റെ അനുകൂലിയായി ഉറച്ച നിലപാടു സ്വീകരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ കൂടെ മലങ്കര സഭയിൽ ചേർന്ന ആളുകളിൽ ഒരു ഭാഗം ഇപ്പോഴും ഈ സഭയിലെ അംഗങ്ങളായി തുടരുന്നു. ബ്രഹ്മവാർ, മംഗലാപുരം, ഗോവാ എന്നിവിടങ്ങളിൽ അവർ ഇപ്പോഴുമുണ്ടു്. എൻ. ജെ. തോമസ് റമ്പാന്റെ നേതൃത്വത്തിൽ അവിടെ പ്രവർത്തനം നടന്നുവരുന്നു.

അനന്തരഗാമിയെ കണ്ടെത്തുന്നു

1833–ൽ ജനിച്ച ആ മഹാത്മാവിനു 1908 ആയപ്പോഴേക്കും 75 വയസ്സു പൂർത്തിയായി. 1865 മുതലുള്ള തന്റെ കഷ്ടപ്പാടും ആയോധനവും മൂലം രോഗിയും ക്ഷീണനുമായി ഭവിച്ചപ്പോൾ തനിക്കു് ഒരു പിൻഗാമിയെ കണ്ടുപിടിക്കേണ്ടതു് ഒഴിച്ചുകൂടുവാൻ പാടില്ലാത്ത ആവശ്യമാണെന്നുള്ള ബോദ്ധ്യത്തോടുകൂടി അതിനുള്ള നടപടികൾ ആരംഭിച്ചു. 1808 കുംഭം 15–ാം തീയതി മലങ്കര അസ്സോസ്യേഷൻ കൂടി വട്ടശ്ശേരിൽ ഗീവറുഗീസ് റമ്പാനെ തന്റെ അസിസ്റ്റന്റും പിൻഗാമിയും ആയിട്ടും കൊച്ചുപറമ്പിൽ പൗലോസ് റമ്പാനെ മറെറാരു മെത്രാൻ സ്ഥാനാർത്ഥിയായിട്ടും തെരഞ്ഞെടുത്തു. അവരെ യറുശലേമിൽ താമസിച്ചിരുന്ന മാർ അബ്ദുള്ളാ പാത്രിയർക്കീസിന്റെ അടുക്കൽ അയച്ചു സ്ഥാനം ഏൽപിച്ചു. റമ്പാൻ ഗീവറുഗീസിനു മാർ ദിവന്നാസ്യോസ് എന്ന സ്ഥാനനാമവും പൗലോസ് റമ്പാനു മാർ കൂറിലോസ് എന്ന സ്ഥാനനാമവും ലഭിച്ചു. അവർ നാട്ടിൽ തിരിച്ചെത്തിയതിനു ശേഷം ഗീവറുഗീസ് മാർ ദിവന്നാസ്യോസ്, ജോസഫ് മാർ ദീവന്നാസ്യോസിന്റെ സഹായി ആയി സഭാകാര്യങ്ങൾ അന്വേഷിച്ചു പോന്നു.

ഈ കാലയളവിലാണു് അബ്ദുള്ളാ പാത്രിയർക്കീസ് മലങ്കരയിലേക്കു വരുന്നു എന്നുള്ള വാർത്ത ഇവിടെ ലഭിക്കുന്നതു്. ശീമക്കാരുടെ ഇംഗിതങ്ങളും മനസ്സിലിരുപ്പുകളും ഗതിവിഗതികളും കുത്തിതിരുപ്പുകളും കരുനീക്കങ്ങളും എല്ലാം ശരിക്കും കണ്ടറിഞ്ഞും പരിചയപ്പെട്ടും പഠിച്ചും ഇരിക്കുന്നയാളും അതിലുപരിയായി മാർ അബ്ദുള്ളാ പാത്രിയർക്കീസിനെ ശരിക്കും മനസ്സിലാക്കിയിട്ടുള്ള ആളുമായ ജോസഫ് മാർ ദിവന്നാസ്യോസിനു് ആ വാർത്ത ഒരു ഇടിത്തീ വീണപോലെ ആയിരുന്നു. രോഗിയും ക്ഷീണനുമായി കഴിഞ്ഞുകൂടുന്ന ആളിനു് അബ്ദുള്ള പാത്രിയർക്കീസിന്റെ വരവോടുകൂടി മലങ്കരയിൽ രൂപം കൊള്ളുവാൻ പോകുന്ന ചുഴലിക്കാററിനെപ്പററിയും കോളിളക്കങ്ങളെപ്പററിയും വരാൻപോകുന്ന ആപത്തിനെ ഓർത്തും എന്തെന്നില്ലാത്ത ആധിയും ഭീതിയും ഉണ്ടായി.

ഇത്തരുണത്തിൽ മാർ ദിവന്നാസ്യോസ് കൊച്ചുമെത്രന്മാരെ രണ്ടുപേരെയും രഹസ്യമായി അടുക്കൽ വിളിച്ചു വരുത്തി, രണ്ടുപേരുടെയും കൈകൾ പിടിച്ചു തന്റെ തുടയിൽ വച്ചുകൊണ്ടു പറഞ്ഞു: 'മാർ അബ്ദുള്ള വന്നാൽ സഭയിൽ വി

പ്ളവം ഉണ്ടാകും.' വരാൻ പോകുന്ന വിപത്തിനെപ്പററി പറഞ്ഞു് അവരെ ബോദ്ധ്യപ്പെടുത്തി. 'ഭൗതികാധികാരം ആവശ്യപ്പെടും. എന്തുവന്നാലും കൊടുക്കരുതു്. നിങ്ങൾ ഇരുവരും ഒരേ നിലയിൽ തന്നെ നിൽക്കണം, എന്നു് ഉപദേശിച്ചു. (കൊച്ചുമെത്രാന്മാർ ആ ഉപദേശം അക്ഷരം പ്രതി നിർവഹിച്ചുകൊള്ളാമെന്നു് അപ്പോൾ വാക്കു കൊടുത്തു എങ്കിലും മാർ അബ്ദുള്ള പാത്രിയർക്കീസ് വന്നു കഴിഞ്ഞശേഷം മാർ കൂറിലോസ് വാഗ്ദത്തം പാലിച്ചില്ല).

സഭയുടെയും സമുദായത്തിൻെറയും ഭാവി അവരുടെ കൈകളിൽ സുരക്ഷിതമായിരിക്കും എന്നുള്ള പ്രതീക്ഷയോടെ മാർ ജോസഫ് ദിവന്നാസ്യോസ് 1084 മിഥുനം 28–ാം തീയതി (1909 ജൂലൈ 12) ഇഹലോകവാസം വെടിഞ്ഞു.

അത്യന്തം കലുഷിതമായതും ആശയററതും ഓർത്തഡോക്സ് വിശ്വാസം അസ്തപ്രായമായിക്കൊണ്ടിരിക്കുന്നതുമായ ഒരു കാലഘട്ടത്തിലാണു ജോസഫ് മാർ ദിവന്നാസ്യോസ് രംഗപ്രവേശം ചെയ്യുന്നതു്. എന്നാൽ സത്യവിശ്വാസം ഉറപ്പിക്കുവാനും നഷ്ടപ്പെട്ടുകൊണ്ടിരുന്ന സ്വാതന്ത്ര്യത്തിൻെറ ചുവടുകൾ കുറെ എല്ലാം ഉറപ്പിക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞു.

സാമ്പത്തിക രംഗത്തും രാഷ്ട്രീയ രംഗത്തും വിദ്യാഭ്യാസ രംഗത്തും സഭയ്ക്കും സമുദായത്തിനും അദ്ദേഹത്തിൻെറ ഭരണകാലത്തു വളരെ ഉയർച്ചയും, പ്രശസ്തിയുമുണ്ടായി. മലങ്കര സഭ ഒന്നടങ്കം 1902 ൽ അദ്ദേഹത്തിൻെറ പൗരോഹിത്യ ജൂബിലി കൊണ്ടാടിയിരുന്നു.

Best Compliments from:

P. T. JOHN

MADRAS

★

K. V. THOMAS

MADRAS

റവ. ഡോ. വി. സി. ശമുവേൽ

1876–ലെ മുളന്തുരുത്തി സുന്നഹദോസിനു ശേഷം മാർ ദിവന്നാസ്യോസ് അഞ്ചാമൻ ഒന്നാം വാദിയായി 1879–ൽ, സെമിനാരിയും സ്വത്തുക്കളും നവീകരണവിഭാഗത്തിൻെറ പിടിപാടിൽ നിന്നു വിടുവിക്കുവാൻ വ്യവഹാരത്തിൽ ഏർപ്പെട്ടു ....

പഴയ സെമിനാരിയും മാർ ദിവന്നാസ്യോസ് ആറാമനും

പഴയ സെമിനാരിയുടെ ചരിത്രത്തിൽ, അതിനു പല പ്രതിബന്ധങ്ങളും തരണം ചെയ്യേണ്ടതായി വന്നു എങ്കിലും, ഓരോ കാലത്തുമുള്ള സഭാനേതാക്കന്മാരുടെ പരിലാളനവും അതിനു ലഭിച്ചിട്ടുണ്ടു്. സെമിനാരിക്കു മലങ്കര സഭാഭാസുരൻ മാർ ദിവന്നാസ്യോസ് ആറാമനുമായുണ്ടായിരുന്ന ബന്ധം ഹാർദ്ദവമായിരുന്നു.

സെമിനാരി സമാരംഭിച്ചു നാല്പത്തിമൂന്നു വർഷം കഴിഞ്ഞ ശേഷമായിരുന്നു 1858–ൽ, വട്ടശേരിൽ ഗീവറുഗീസ് (പിന്നീടു മാർ ദിവന്നാസ്യോസ് ആറാമൻ) ഭൂജാതം ചെയ്തതു്. അതിനകം സെമിനാരിയെ സി. എം. എസ്. മിഷണറിമാരുമായി അതിനുണ്ടായ ബന്ധത്തിൽ നിന്നു വിടർത്തുവാൻ മലങ്കര സഭയിലെ മിഷണറീ വിരുദ്ധരുമായി ചേർന്നു സുറിയാനിക്കാരൻ മാർ അത്താനാസ്യോസു മെത്രാപ്പോലീത്താ 1825–ൽ

Best Compliments from:

★

PAYAL UDYOG

CHITRAKOOT, GROUND FLOOR,
230A, A. J. C. BOSE ROAD

CALCUTTA-700 020

Phone: 74-9047, 34-3842

Manufacturers of Printed Laminates/Pouches

★

ചെയ്ത യത്നം വിഫലമായിപ്പോയി എങ്കിലും, 1936–ലെ മാവേലിക്കര പടിയോല അതു നിവർത്തിക്കുക തന്നെ ചെയ്തു. അന്നത്തെ മിഷണറിമാരാകട്ടെ, അവരുടെ മുൻഗാമികൾ 1816–മുതൽ വന്നു തുടങ്ങിയതിനു ശേഷം സഭയ്ക്കു ലഭ്യമായ സമ്പാദ്യങ്ങളുടെ മേൽ അവകാശം ഉന്നയിക്കുകയും 1840–ലെ കൊച്ചിൻ അവാർഡു വഴി അതു് ഒരു വലിയ അളവിൽ നേടിയെടുക്കുകയും ഉണ്ടായി. എന്നാൽ സെമിനാരിയും അതിനോടു ചേർന്നുള്ള സ്വത്തുക്കളും മലങ്കര സഭയ്ക്കു വിട്ടുകിട്ടി.

അന്നു മലങ്കര സഭയിൽ രണ്ടു കക്ഷികളുണ്ടായിരുന്നു. അവയിൽ ഒന്നു സഭാനവീകരണത്തെ അനുകൂലിക്കുകയും മറേറതു് അതിനെ എതിർക്കുകയും ചെയ്തുവന്നു. 1843–മുതൽ നവീകരണ വിഭാഗത്തിൻെറ പിൻതുണയിൽ സഭയുടെ ആകമാനനേതൃത്വം പിടിച്ചെടുക്കുവാൻ, അന്ത്യോക്യൻ സുറിയാനി പാത്രിയർക്കീസിനാൽ മേല്പട്ടസ്ഥാനം പ്രാപിച്ചുവന്ന, മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ ശ്രമിച്ചു വന്നു. എന്നാൽ 1825– മുതൽ സഭയെ നയിച്ചു നവീകരണ പ്രസ്ഥാനത്തെ എതിർത്തു വന്ന ചേപ്പാട്ടു മാർ ദിവന്നാസ്യോസ് അദ്ദേഹത്തിനു പ്രതികൂലമായി നിലകൊണ്ടിരുന്നു. ഇങ്ങനെ മെത്രാപ്പോലീത്തന്മാർ തമ്മിൽ നടന്ന മൽപ്പിടിത്തത്തിൽ മാർ അത്താനാസ്യോസ് (1852–ൽ) വിജയം വരിച്ചു. അതോടെ സെമിനാരി അദ്ദേഹത്തിൻെറ കൈവശം വന്നു ചേർന്നു. സെമിനാരി ഈ നിലയിൽ കഴിയുമ്പോഴായിരുന്നു വട്ടശേരിൽ ഗീവറുഗീസ് ജനിക്കുന്നതു്. 1885–വരെ സെമിനാരി നവീകരണ വിഭാഗത്തിൻെറ അധീനതയിൽ കഴിഞ്ഞു.

1876–ലെ മുളന്തുരുത്തി സുന്നഹദോസിനുശേഷം മാർ ദിവന്നാസ്യോസ് അഞ്ചാമൻ ഒന്നാം വാദിയായി 1879–ൽ, സെമിനാരിയും സ്വത്തുക്കളും നവീകരണ വിഭാഗത്തിൻെറ പിടിപാടിൽ നിന്നു വിടുവിക്കുവാൻ വ്യവഹാരത്തിൽ ഏർപ്പെട്ടു. അതു് അദ്ദേഹത്തിനു് അനുകൂലമായി തിരുവിതാംകൂർ ഹൈക്കോടതി വിധിച്ചതിനെ തുടർന്നു 1885–ൽ അദ്ദേഹം സെമിനാരി നടത്തി എടുത്തു. 1889–ലെ രാജകീയ കോടതി (റോയൽ കോടതി) വിധി അതിനെ ശരിവയ്ക്കുകയും ചെയ്തു. അതിനകം 1880–ൽ ഒരു പട്ടക്കാരനായി സ്ഥാനമേററിരുന്ന വി. ജെ. ഗീവറുഗീസിനു് ഈ സാഹചര്യത്തിൽ സെമിനാരിയുമായി ബന്ധമുണ്ടായി.

സെമിനാരിയിലെ അദ്ധ്യപനം

സെമിനാരി കൈവശത്തിൽ വന്നതോടെ അവിടെ വൈദിക വിദ്യാഭ്യാസം പുനരാരംഭിക്കുവാനുള്ള താത്പര്യം മാർ ദിവന്നാസ്യോസ് അഞ്ചാമനുണ്ടായി. അദ്ധ്യപന ചുമതല അദ്ദേഹം സമുദായത്തിൽ പ്രശസ്തി ആർജ്ജിച്ചിരുന്ന കോനാട്ടു മാത്തൻ മല്പാനെയും വി. ജെ ഗീവറുഗീസു മല്പാനെയും ഭരമേല്പിച്ചു. ഇവരിൽ ആദ്യത്തെയാൾ ഒരു മല്പാൻകുടുംബത്തിൽ ജനിച്ചു വളർന്ന ദേഹം എന്നതിനും പുറമെ സമുദായത്തിൽ നേതൃത്വമുള്ള ഒരു പ്രമുഖ വൈദികനുമായിരുന്നു. ഗീവറുഗീസു മല്പാനാകട്ടെ അതിനകം സമുദായത്തിൽ പ്രസിദ്ധി സമ്പാദിച്ചുമിരുന്നു. അന്നത്തെ സാഹചര്യത്തിൽ അഭിമാനം കൊള്ളാകുന്ന സംഭവമായിരുന്നു അവരിരുവരെയും സെമിനാരിയിൽ മല്പാന്മാരായി ലഭിച്ചതു്.

ഗീവറുഗീസ് മല്പാൻ സെമിനാരിയിലെ അദ്ധ്യാപകവൃത്തി ഗൗരവപൂർവം നടത്തുവാൻ പരിശ്രമിച്ചതിനു് അദ്ദേഹം ആ കാലങ്ങളിൽ എഴുതി പ്രസിദ്ധീകരിച്ച രണ്ടു ഗ്രന്ഥങ്ങൾ ഉദാഹരണങ്ങളാണു്. അവയിൽ ഒന്നാണു് ഒരു സുറിയാനി ഭാഷാപഠന സഹായി. സുറിയാനി ഭാഷയുമായി ഒരു പരിചയവുമില്ലാതെ സെമിനാരിയിൽ വിദ്യാഭ്യാസം ആരംഭിക്കുന്നവർക്കു് ആ ഭാഷ വേഗത്തിൽ പഠിക്കത്തക്കവണ്ണം ലളിതമായി രചിച്ചതായിരുന്നു ആ ഗ്രന്ഥം. രണ്ടാമത്തെ ഗ്രന്ഥമാണു 'മതോപദേശസാരങ്ങൾ' അഥവാ 'മതസംഗതി'. 19–ാം നൂററാ

Best Compliments from:

M|s Chennai Chit Funds (P) Ltd.

5, Second Avenue
Harrington Road
Madras-31

Best Compliments from:

★

MATHUR MICRO MOTORS AND APPLIANCES PRIVATE LTD.

A1-38 Industrial Estate
GIDC, VAPI

ണ്ടിന്റെ അവസാന ദശകത്തിലും 20–ാം നൂററാണ്ടിന്റെ ആരംഭകാലങ്ങളിലും ഗീവറുഗീസു മല്പാൻ സെമിനാരി വിദ്യാർത്ഥികൾക്കു നല്കിയ പാഠങ്ങൾ അടിസ്ഥാനമാക്കി രചിച്ച ഒരു ചെറുഗ്രന്ഥമാണു 'മതസംഗതി'. ദൈവവിശ്വാസം, യേശുക്രിസ്തു, പരിശുദ്ധാത്മാവ്, സഭ, കൂദാശകൾ, പ്രാർത്ഥന, നോമ്പ്,

രണ്ടാമത്തെ ഗ്രന്ഥമാണു 'മതോപദേശസാരങ്ങൾ' അഥവാ 'മതസംഗതി'. 19–ാം നൂററാണ്ടിന്റെ അവസാന ദശകത്തിലും 20–ാം നൂററാണ്ടിന്റെ ആരംഭകാലങ്ങളിലും ഗീവറുഗീസു മല്പാൻ സെമിനാരി വിദ്യാർത്ഥികൾക്കു നല്കിയ പാഠങ്ങൾ അടിസ്ഥാനമാക്കി രചിച്ച ഒരു ചെറു ഗ്രന്ഥമാണു മതസംഗതി ......

ക്രിസ്തീയ രക്ഷ, ആദിയായി സഭാംഗങ്ങൾ പൊതുവെയും വൈദികർ പ്രത്യേകിച്ചും അറിഞ്ഞിരിക്കേണ്ട വിഷയങ്ങൾ അതിൽ പരാമർശിച്ചിട്ടുണ്ട്.

പുസ്തകത്തിന്റെ മുഖവുരയിൽ അതു രചിക്കുവാൻ ഗ്രന്ഥകർത്താവ് അന്ത്യോക്യൻ സുറിയാനി സഭയിൽ പ്രശസ്തി ആർജ്ജിച്ച ഗ്രീഗോറിയോസു ബാർ എബ്രായയുടെ കൃതികൾ ഉപയോഗിച്ചതായി പറയുന്നുണ്ട്. അവയ്ക്കു പുറമെ സുറിയാനി സഭയിലെ ആരാധനക്രമങ്ങൾ ഉൾക്കൊള്ളുന്ന വിശ്വാസപരമായ പാരമ്പര്യങ്ങൾ ആധാരമായി അദ്ദേഹം സ്വീകരിച്ചിരുന്നു എന്നു തീർച്ചയായും പറയാം. മാത്രവുമല്ല, 913–ൽ നിര്യാതനായ അന്ത്യോക്യൻ സുറിയാനി സഭാപിതാവു മൂശെ ബാർ കീഫായുടെ 'കൂദാശ വ്യാഖ്യാനം' ഗ്രന്ഥകാരൻ ഉപയോഗിച്ചതായി അനുമാനിക്കുവാൻ ന്യായമുണ്ട്.

ഇതിൽനിന്നെല്ലാം, സെമിനാരി നിലനിർത്തുവാൻ ശ്രമിച്ചതു് അന്ത്യോക്യൻ സുറിയാനി സഭ 13–ാം നൂററാണ്ടു വരെയായി വികസിപ്പിച്ച വിശ്വാസപരവും മററുമായ ആശയങ്ങളായിരുന്നു എന്നു വ്യക്തമാണ്. എന്നാൽ അവയെ രണ്ടു വിധത്തിൽ സമകാലീനവും പ്രസക്തവുമാക്കുവാൻ ഗ്രന്ഥകർത്താവു ശ്രമിച്ചതായിക്കാണാം. ഒന്നാമതു്, അതിനകം മാർത്തോമ്മാ സുറിയാനി സഭയായി രൂപം കൊണ്ടിരുന്ന നവീകരണ വിഭാഗം അവലംബിച്ച നിലപാടുകളോടു 'മതസംഗതി' പ്രതികരിക്കുന്നു. അതു് ആ വിഭാഗവുമായി വാദപ്രതിവാദം നടത്തുന്ന വിധത്തിലായിരുന്നില്ല. ക്രിസ്തീയസത്യം വിശദമാക്കുവാൻ യത്നിക്കുന്ന നിലയിൽ മാത്രമായിരുന്നു. ആ സമീപനം മാർത്തോമ്മാ വിഭാഗത്തിനു സമ്മതം വരുത്തുവാൻ പര്യാപ്തമായിരുന്നില്ലെങ്കിലും, 'മത സംഗതി'യുടെ പ്രതിപാദനം തികച്ചും സർഗാത്മകമായിരുന്നു.

രണ്ടാമതു്, നവീകരണത്തിനാധാരമായി മാർത്തോമ്മാ സഭ വേദപുസ്തകത്തെയായിരുന്നു അവലംബിച്ചിരുന്നതു്. അതിനെ നേരിടുവാൻ ഉദ്ദേശിച്ചുകൊണ്ടു 'മതസംഗതി'യും അതിലെ വാദഗതി സ്ഥാപിക്കുവാൻ വേദപുസ്തകം തന്നെ അടിസ്ഥാനമായി സ്വീകരിച്ചു. ഗീവറുഗീസു മല്പാനു വേദപുസ്തകം നിശ്ചയമായിരുന്നു എന്ന് ഈ വാസ്തവം വെളിവാക്കുന്നു. അതു മാത്രമല്ല, സെമിനാരിയിൽ വേദപുസ്തകപഠനത്തിനുവേണ്ടത്ര സ്ഥാനം കൊടുത്തുമിരുന്നു. എന്നാൽ ഒരു കാര്യം സമ്മതിക്കണം. അന്നത്തെ സാഹചര്യത്തിൽ വേദപുസ്തകം വസ്തുനിഷ്ഠമായി പഠിച്ച ശേഷമുള്ള നിഗമനങ്ങളല്ലായിരുന്നു ഇരു കക്ഷികളും നിലനിർത്തി വന്നതു്. അതുകൊണ്ടു രണ്ടു വിഭാഗങ്ങൾക്കും പൊതുവായിരിക്കേണ്ട വേദപുസ്തകം അവരെ ഐക്യത്തിൽ വരുത്തുവാൻ പര്യാപ്തമായില്ല.

'മതസംഗതി'യുടെ അടിസ്ഥാനത്തിൽ സെമിനാരിയിലെ അദ്ധ്യപനം ആസ്പദമാക്കി ഇങ്ങനെ ഒരു നിരൂപണം നൽകേണ്ടതായുണ്ട്. സെമിനാരി

With Best Compliments from:

★

British Steel Liaison Services
(India) Ltd.
Delhi

Best Compliments from:

★

WINSOME DRILL

Prop. Bagpodia Forge Cast Ltd.

14/1B Ezra Street
Calcutta-1

Phone No. 26-2000/1

സ്വീകരിച്ചതു തികച്ചും അന്ത്യോക്യൻ സുറിയാനി സഭയുടെ പാരമ്പര്യങ്ങളുമായി ചേർന്നു പോകുന്ന വിദ്യാഭ്യാസ സംവിധാനമായിരുന്നു. 1599–ലെ ഉദയംപേരൂർ സുന്നഹദോസിനു ശേഷം റോമുമായുള്ള സമ്പർക്കം പോർട്ടുഗീസുകാരിൽ കൂടി സ്വീകരിച്ച മലങ്കര സഭാവിഭാഗം പൂർവകാലങ്ങളിലെ ചിലതെല്ലാം റോമൻ സഭ അനുവദിക്കുന്ന വിധം രൂപഭേദം ചെയ്തു നിലനിർത്തി. മലങ്കര സുറിയാനി സഭയാകട്ടെ, 1876–ലെ മുളന്തുരുത്തി സുന്നഹദോസിനെ തുടർന്ന് അന്ത്യോക്യൻ സുറിയാനി സഭയുമായി ആകമാനം താദാത്മ്യപ്പെടുവാൻ ഉദ്യമിച്ചു. ആ ലക്ഷ്യം സാക്ഷാത്ക്കരിക്കുവാൻ സഹായകമായ വേദശാസ്ത്ര വിദ്യാഭ്യാസമായിരുന്നു പഴയ സെമിനാരി വിഭാവന ചെയ്തത്. അന്നത്തെ സാഹചര്യത്തിൽ അതിനുള്ള സൗകര്യമെ സഭയ്ക്കുണ്ടായിരുന്നുള്ളൂ. മല്പാന്മാർ രണ്ടുപേരും ആ ലക്ഷ്യം നിലനിർത്തുവാൻ കഴിവുള്ളവരും അതിനുവേണ്ടി സ്വയം പ്രതിഷ്ഠിതരുമായിരുന്നു. അങ്ങനെയുള്ള പരിശീലനമായിരുന്നു സഭയ്ക്കും അന്നു വേണ്ടിയിരുന്നത്. അതുകൊണ്ടു സുറിയാനി ഭാഷയ്ക്കു പ്രാധാന്യം നല്കിയും മലയാള മാധ്യമം ഉപയോഗിച്ചുമുള്ള അദ്ധ്യയനം മല്പാന്മാർ സെമിനാരിയിൽ പ്രദാനം ചെയ്തു.

സഭാംഗങ്ങൾക്കു പൊതുവെ സുറിയാനി ഭാഷ അറിയാമായിരുന്നില്ലെന്നുള്ള പരമാർത്ഥം മനസ്സിലാക്കിയ അവർ രണ്ടുപേരും ചേർന്നു ഞായറാഴ്ച ആരാധന മലയാളത്തിൽ വിവർത്തനം ചെയ്യിച്ചു. അവരുടെ ആ പ്രവർത്തനഫലമാണ് ഇന്നു നാം ഉപയോഗിച്ചു വരുന്ന 'ക്യംതാ നമസ്കാരക്രമം.' കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെ പ്രോത്സാഹനം അവർക്കു ലഭിച്ചു. ഭാഷാപരമായി കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ പ്രത്യേക സഹകരണവും അവർക്കു സിദ്ധിച്ചു. ഞായറാഴ്ച സന്ധ്യാനമസ്കാരം മുതൽ ഒമ്പതാംമണി നേരം വരെയുള്ള യാമപ്രാർത്ഥനകൾ, ഗാനങ്ങൾ സുറിയാനി രാഗത്തിലായും ഗദ്യഭാഗങ്ങൾ ഗദ്യത്തിലായും വിവർത്തനം ചെയ്തു ഗ്രന്ഥത്തിൽ ചേർത്തിട്ടുണ്ട്.

സഭാംഗങ്ങൾക്കു പൊതുവെ സുറിയാനിഭാഷ അറിയാമായിരുന്നില്ലെന്നുള്ള പരമാർത്ഥം മനസ്സിലാക്കിയ അവർ രണ്ടു പേരും ചേർന്നു ഞായറാഴ്ച ആരാധന മലയാളത്തിൽ വിവർത്തനം ചെയ്യിച്ചു. അവരുടെ ആ പ്രവർത്തനഫലമാണ് ഇന്നു നാം ഉപയോഗിച്ചു വരുന്ന........

സെമിനാരിയും മാർ ദിവന്നാസ്യോസ് ആറാമനും

വി. ജെ. ഗീവറുഗീസ് മല്പാൻ 1903–ൽ പരുമല മാർ ഗ്രീഗോറിയോസിന്റെ ഒന്നാം ചരമ വാർഷികത്തോടു ചേർന്ന് ഔപചാരികമായി സന്യാസത്വം അവലംബിച്ച റമ്പാനായിത്തീർന്നു. അതിനുശേഷവും അദ്ദേഹം സെമിനാരിയിലെ അദ്ധ്യാപകവൃത്തി തുടർന്നുകൊണ്ടിരുന്നു.

1908 മാർച്ച മാസത്തിൽ സെമിനാരിയിൽ വച്ചു കൂടിയ മലങ്കര അസോസിയേഷൻ യോഗം അദ്ദേഹത്തെയും കൊച്ചുപറമ്പിൽ പൗലോസ് റമ്പാനെയും മെത്രാൻ സ്ഥാനത്തേക്കു തിരഞ്ഞെടുക്കുകയും അവരിരുവരും ആ വർഷം മെയ് മാസം 31–ാംതീയതി യെരുശലേമിൽ വച്ചു മാർ ഇഗ്നാത്തിയോസ് അബ്ദുള്ളാ ദ്വിതീയൻ പാത്രിയർക്കീസിനാൽ മെത്രാപ്പോലീത്തന്മാരായി അവരോധിതരാകുകയും ചെയ്തു. അധികം താമസിയാതെ രണ്ടുപേരും ഇൻഡ്യയിൽ മടങ്ങിയെത്തി. മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മിററി അവർക്കു സ്വാഗതവും നൽകി. ജൂലൈമാസത്തിൽ മാർ ദിവന്നാസ്യോസ് അഞ്ചാമൻ നിര്യാതനായതിനെ തുടന്നു ദിവന്നാസ്യോസ് ആറാമനെ മലങ്കര മെത്രാപ്പോലീത്താ ആയി സഭ അംഗീകരിച്ചു.

ഇങ്ങനെയിരിക്കവെയാണു 1909 സെ

Best Compliments from:

Sree Sudha Transport Services

Vapi

Best Compliments from:

★

A WELL WISHER

★

Best Compliments from:

M. P. Mathew

335 DDA SFS Flats

Hauzkhas

New Delhi

പ്റ്റംബർ 25–ാം തീയതി മാർ അബ്ദുള്ളാ ദ്വിതീയൻ പാത്രിയർക്കീസ് സഭാസന്ദർശനാർത്ഥം ഇൻഡ്യയിലെത്തിയതു്. അദ്ദേഹത്തെ മാർ ദിവന്നാസ്യോസ് ആറാമൻ നേതാവായുള്ള സഭയുടെ ഔദ്യോഗിക പ്രതിനിധിസംഘം ഔപചാരികമായി സ്വീകരിച്ചു. ഈ സംഭവവികാസങ്ങൾക്കും അവസ്ഥ ശേഷമുണ്ടായ പല വിഷമഘട്ടങ്ങൾക്കും ഇടയിൽ സെമിനാരിയുടെ പ്രവർത്തനം കുറെയെല്ലാം നടന്നുകൊണ്ടേയിരുന്നു. പുതിയ മെത്രാപ്പോലീത്തന്മാരും മട്ടയ്ക്കൽ അലക്സന്ത്രയോസ് മല്പാൻ ആദിയായ വൈദികാദ്ധ്യാപകന്മാരും വിദ്യാർത്ഥികളും സെമിനാരിയിൽ താമസിച്ചിരുന്നു. പാത്രിയർക്കീസും പരിവാരവും സഭയുടെ അതിഥികളായി കഴിച്ചു കൂട്ടിയതും സെമിനാരിയിൽ തന്നെയായിരുന്നു.

ആ കാലങ്ങളിൽ മാർ ദിവന്നാസ്യോസിനു ബാധകമാകാവുന്ന രണ്ടു സംഭവങ്ങൾ സെമിനാരി കേന്ദ്രമാക്കി പാത്രിയർക്കീസു നിർവഹിച്ചു. ഒന്ന്, 1909–നവംബർ 27–ാം തീയതി മലങ്കര സഭയുടെ പള്ളി പ്രതി പുരുഷയോഗം സെമിനാരിയിൽ വച്ചു പാത്രിയർക്കീസു നടത്തി. എന്നാൽ ആ യോഗം അദ്ദേഹം കണക്കു കൂട്ടിയതുപോലെയുള്ള പ്രയോജനം അദ്ദേഹത്തിനു ചെയ്തില്ല. സഭയുടെ ആത്മികവും ലൗകികവുമായ എല്ലാ കാര്യങ്ങൾ മേലും പാത്രിയർക്കീസിനു പരമാധികാരമുണ്ടെന്നു സമ്മതിക്കുന്ന ഒരു നിശ്ചയം യോഗത്തെക്കൊണ്ടു പാസ്സാക്കിച്ചെടുക്കുകയായിരുന്നു പാത്രിയർക്കീസിന്റെ ലക്ഷ്യം. അതിൽ അദ്ദേഹം വിജയിച്ചില്ല. നേരേ മറിച്ചു മെത്രാപ്പോലീത്തായോടു ചേർന്നു പാത്രിയർക്കീസിന്റെ ഉദ്ദേശ്യത്തെ നിരാകരിക്കുന്നതും, കൂട്ടു ട്രസ്റ്റികളായിരുന്ന കോനാട്ടു മാത്തൻ മല്പാനോടും സി. ജെ. കുര്യനോടും ചേർന്നു പാത്രിയർക്കീസിന്റെ അഭീഷ്ടത്തിനു വഴങ്ങുന്നതുമായ രണ്ടു കക്ഷികളായി സഭയിൽ ഒരു പിരിവുണ്ടായി.

രണ്ട്, 1911–ജൂൺ 8–ാം തീയതി പാത്രിയർക്കീസ് മാർ മാർ അബ്ദുള്ളാ ദിവന്നാസ്യോസ് ആറാമനെ സഭാഭ്രംശം ചെയ്യുന്നതായുള്ള മുടക്കു കല്പന പുറപ്പെടുവിച്ചു. അതു ചെയ്ത വിധം ഇവിടെ ശ്രദ്ധയർഹിക്കുന്നതാണ്. പാത്രിയർക്കീസും മെത്രാപ്പോലീത്തായും സെമിനാരിയിലെ രണ്ടു മുറികളിൽ താമസിച്ചിരുന്നു. എന്നാൽ മുടക്കു കല്പന ഒരു രജിസ്റ്റർ കത്തായി ആലപ്പുഴ പോസ്റ്റാഫീസിൽ നിന്നായിരുന്നു പാത്രിയർക്കീസ് അയപ്പിച്ചതു്. കോട്ടയത്തു നിന്നതു് അയപ്പിക്കുവാൻ ശ്രമിച്ചിരുന്നു എങ്കിൽ ഉണ്ടാകാമായിരുന്ന പ്രത്യാഘാതങ്ങളെ തരണം ചെയ്യുവാനായിരിക്കണം ഈ മാർഗം അവലംബിച്ചതു്. മാത്രവുമല്ല, പാത്രിയർക്കീസു താമസിച്ചിരുന്ന സെമിനാരിയിലെ ദേവാലയത്തിൽ ശുശ്രൂഷാമദ്ധ്യേ ആ കത്തു വായിക്കുവാൻ ആരും തുനിഞ്ഞുമില്ല. അവിടെ മാത്രമല്ല, മററനേകം പള്ളികളിലും ആ കത്തു വായിക്കാതെ വിടുകയുണ്ടായി.

സമുദായം രണ്ടായി പിളർന്നു. പിന്നീടുള്ള പല കൊല്ലക്കാലം സഭയിലെ വിഭജനത്തിനു മർമ്മഭേദകമായ സാക്ഷ്യം വഹിച്ചതു സെമിനാരിയായിരുന്നു. അങ്ങനെയുണ്ടായ നിരവധി സംഭവങ്ങളിൽ മൂന്നെണ്ണം പ്രത്യേകം ശ്രദ്ധേയമാണ്. ഒന്ന്, സെമിനാരിയെ മെത്രാപ്പോലീത്തായുടെ അധീനതയിൽനിന്നു വിടർത്തി തങ്ങളുടെ കൈവശത്തിൽ വരുത്തുവാൻ വേണ്ടി കൂട്ടു ട്രസ്റ്റികൾ ചെയ്ത യത്നം. സമുദായത്തിന്റെ ഒരു പൊതു സ്വത്തെന്ന നിലയിൽ സെമിനാരി മൂന്നു ട്രസ്റ്റികളുടെയും കൂട്ടു കൈവശത്തിലിരിക്കണമെന്ന ന്യായം അവരെ ഭരിച്ചിരുന്നു. ഇപ്പോഴാകട്ടെ മെത്രാപ്പോലീത്താ മുടക്കപ്പെട്ടയാളാകയാൽ, അദ്ദേഹത്തിനു സെമിനാരിയുടെമേൽ യാതൊരവകാശവുമില്ലെന്ന് അവർ വാദിച്ചു. ആ വാദം നിലനിർത്തി സെമിനാരിയെ മെത്രാപ്പോലീത്തായുടെ അധീനതയിൽനിന്നും വിടുവിച്ചെടുക്കുവാൻ കൂട്ടു ട്രസ്റ്റികൾ കോട്ടയം ജില്ലാ കോടതിയിൽ ഒരു ക്രിമിനൽ വ്യവഹാരത്തിനൊരുമ്പെട്ടു. അതു കീഴ്ക്കോടതി മെത്രാപ്പോലീത്തായ്ക്കനുകൂലമായി വിധിച്ചു എങ്കിലും, അതിന്മേലുള്ള അപ്പീൽ

Best Compliments from:

Rev. Fr. P. K. Thomas & Family

Hauzkhas
New Delhi

Best Compliments from:

★

K. M. THOMAS

CHITHARANJAN PARK
NEW DELHI

കേസ് കൂട്ട ട്രസ്റ്റികൾക്കും സെമിനാരിയുടെമേൽ അവകാശമുണ്ടെന്നു സ്ഥാപിക്കുകയുണ്ടായി.

രണ്ട്, ആ വിധി കൈബലമുപയോഗിച്ചു തന്നെ പ്രാവർത്തികമാക്കുവാൻ കൂട്ട ട്രസ്റ്റികൾ കൈവരിച്ച കർമ്മപരിപാടി. ഈ സാഹചര്യത്തിൽ മെത്രാപ്പോലീത്തായും കൂടെയുള്ളവരും സെമിനാരിയിലെ മുറികളിൽ താമസിച്ചു കൊള്ളുവാനുള്ള

1934 ഫെബ്രുവരി 23–ാം തീയതി മാർ ദിവന്നാസ്യോസ് ആറാമൻ കാലം ചെയ്തു. റിവ്യൂ പെററിഷൻ അടിസ്ഥാനമാക്കിയുള്ള ഹൈക്കോടതി വിധിയെ തുടർന്നു അദ്ദേഹത്തിൻെറ ആസ്ഥാനം പഴയസെമിനാരിതന്നെ ആയിരുന്നു. അവിടെ വച്ചായിരുന്നു അദ്ദേഹം നിത്യതയിൽ പ്രവേശിച്ചത്. സെമിനാരി ചാപ്പലിൻെറ തെക്കുപടിഞ്ഞാറു ഭാഗത്തു സ്ഥിതിചെയ്യുന്ന പുണ്യസ്ഥലത്തു ആ മഹാത്മാവു അന്ത്യവിശ്രമം കൊള്ളുന്നു.

അനുവാദത്തോടെ, സെമിനാരിയുടെ സ്വ
ത്തുക്കൾ പോലീസു കസ്റ്റഡിയിൽ വന്നു
ചേർന്നു. മൂന്ന്, ഈ സ്ഥിതിയിൽ കഴി
ഞ്ഞു വന്ന മാർ ദിവന്നാസ്യോസ് ആറാമ
നെയും സഹചാരികളെയും സെമിനാരി
യിൽ നിന്നോടിച്ചു സ്ഥാപനത്തെ കൈ
വശമാക്കാനുള്ള കൂട്ട ട്രസ്റ്റികളുടെ ശ്രമം.
അതിനുവേണ്ട പരിപാടി ഇണക്കുവാൻ
കോട്ടയം സ്ഥലവാസിയും പ്രബലനുമാ
യ സി.ജെ. കുര്യനു സാധ്യമായിരുന്നു.
അദ്ദേഹം കുറെക്കാലത്തേക്കു് അതു പ്രയോ
ഗിക്കുകയും ചെയ്തു. മെത്രാപ്പോലീത്താ
യെയും കൂടെയുള്ളവരെയും അധിക്ഷേപിച്ചു
ഭീഷണിപ്പെടുത്തുകയും, അവരുടെ സെമി
നാരി ജീവിതം അരോചകമാക്കുകയും
ചെയ്യുവാൻ കുര്യൻെറ സിൽബന്ധികൾ
മടിച്ചില്ല. ഈ വിഷമ സന്ധിയിൽ
മാർ ദിവന്നാസ്യോസിനെയും കൂടെയുള്ള
വരെയും സഹായിക്കുവാൻ അദ്ദേഹത്തി

ൻെറ കക്ഷിയിൽ പെട്ടവർ അവിടെ ആക്കിയിരുന്ന അംഗരക്ഷകനെ കുര്യൻെറ ആളുകൾ നിഷ്ക്കരുണം വധിച്ചു.

ഈ അവസരത്തിൽ സമുദായക്കേസു കോട്ടയം ജില്ലാക്കോടതിയിൽ നടന്നുകൊണ്ടിരുന്നു. അതിൻെറ വിധി 1919–സെപ്റ്റംബർ 15–ാംതീയതി ജസ്റ്റിസ് ജി. ശങ്കരപ്പിള്ള മെത്രാപ്പോലീത്തായ്ക്കു പരിപൂർണമായും അനുകൂലമായി പ്രസ്താവിച്ചു. ഈ സംഭവം മാർ ദിവന്നാസ്യോസിനു് ആശ്വാസകരമായിരുന്നു. പിന്നീടു 1923 മാർച്ചു 10–ാംതീയതി ആ വിധിയെ അസ്ഥിരപ്പെടുത്തുന്ന ഹൈക്കോടതി ജഡ്ജ്മെൻറു വരെ അദ്ദേഹത്തിനു വൈഷമ്യമൊന്നുമുണ്ടായില്ല. എന്നാൽ ഹൈക്കോടതി വിധിക്കു മുമ്പുതന്നെ സി. ജെ. കുര്യൻ നിര്യാതനായി. പോരെങ്കിൽ പാത്രിയർക്കീസു പക്ഷത്തിൻെറ നേതാവായി കേസിൽ നിർദ്ദേശിച്ചിരുന്ന പൗലോസു മാർ അത്താനാസ്യോസിൻെറ സ്ഥാനം കോടതി അംഗീകരിച്ചുമില്ല. ഈ കാരണത്താൽ കോടതി വിധിയെ തുടർന്നു സെമിനാരി പോലീസു കസ്റ്റഡിയിൽ വന്നു എങ്കിലും, പാത്രിയർക്കീസു പക്ഷത്തിനു അതു കൈവശപ്പെടുത്തുവാൻ സാധ്യമായില്ല.

വീര രാഘവ അയ്യങ്കാർ വിധി അസ്ഥിരപ്പെട്ടു. അദ്ദേഹം വിരമിച്ചശേഷം അതിനെ വീണ്ടും കേൾക്കണമെന്നുള്ള ഹർജി ഹൈക്കോടതിയിൽ വന്നു. ആ റിവ്യൂ ഹർജിയുടെ അടിസ്ഥാനത്തിൽ മെത്രാപ്പോലീത്തായുടെ നിലപാടിനെ സാധൂകരിക്കുന്ന വിധി തിരുവിതാംകൂർ ഹൈക്കോടതിയുടെ ഫുൾ ബെഞ്ചു് 1928 ജൂലൈ 2–ാംതീയതി പ്രസ്താവിക്കുകയും ചെയ്തു. അതിനു ശേഷം, ആ വർഷം തന്നെ ഓഗസ്റ്റു 21–ാം തീയതി ആരംഭിച്ച സസ്പെൻഷൻ കേസ് 1930 ജനുവരിയിൽ തിരുവിതാംകൂർ ഹൈക്കോടതി തള്ളി.

1934–ഫെബ്രുവരി 23–ാം തീയതി മാർ ദിവന്നാസ്യോസ് ആറാമൻ കാലം ചെയ്തു. റിവ്യൂപെററിഷൻ അടിസ്ഥാന

മാക്കിയുള്ള ഹൈക്കോടതി വിധിയെ തുടന്ന് അദ്ദേഹത്തിന്റെ ആസ്ഥാനം പഴയ സെമിനാരിതന്നെ ആയിരുന്നു. അവിടെ വച്ചായിരുന്നു അദ്ദേഹം നിത്യതയിൽ പ്രവേശിച്ചത്. സെമിനാരി ചാപ്പലിന്റെ തെക്കേപടിഞ്ഞാറു ഭാഗത്തു സ്ഥിതി ചെയ്യുന്ന പുണ്യസ്ഥലത്തു ആ മഹാത്മാവ് അന്ത്യവിശ്രമം കൊള്ളുന്നു.

ഉപസംഹാരം

1875–ൽ നവീകരണ വിഭാഗത്തിന്റെ അധീനതയിൽ നിന്നു വിടുർത്തപ്പെട്ടശേഷമുള്ള സെമിനാരിയുടെ ഏകദേശം അരശതാബ്ദക്കാലത്തെ ചരിത്രത്തിൽ നാലു ദശവത്സരങ്ങളോളം സെമിനാരിയുമായി വളരെ അടുത്തു സേവനമനുഷ്ഠിച്ച സഭാപിതാവാണു മാർ ദിവന്നാസ്യോസ് ആറാമൻ. ആ കാലഘട്ടത്തിൽ അദ്ദേഹം പലപ്പോഴും നിരവധി യാതനകൾ അനുഭവിച്ചിട്ടുണ്ട്. സെമിനാരി ഇന്നു കാണുന്ന വിധമുള്ള വളർച്ചയ്ക്കു അടിസ്ഥാനമിടുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

Best Compliments from:

R. P. JAISHREE
For New Modern Security Force
GUJARAT

Best Compliments from:

V. A. Valiaparambil
New Delhi-21

★

സെമിനാരി

ചില ദൃശ്യങ്ങൾ

'ശുദ്ധതയുടെ
ശുദ്ധസ്ഥലം'—വി. ത്രോണോസ്



സെമിനാരി സ്ഥാപകൻ
H. G. പുലിക്കോട്ടിൽ ജോസഫ്
മാർ ദീന്നാസ്യോസ് ഒന്നാമൻെറ
(ദിവന്നാസ്യോസ് II) കബറിടം



H. G. പുലിക്കോട്ടിൽ ജോസഫ് മാർ
ദിവന്നാസ്യോസ് രണ്ടാമൻെറ
(ദിവന്നാസ്യോസ് V) കബറിടം



മലങ്കര സഭാ ഭാസുരൻ
H. G. വട്ടശ്ശേരിൽ ഗീവറുഗീസ്
മാർ ദിവന്നാസ്യോസിൻെറ
(ദിവന്നാസ്യോസ് VI) കബറിടം



പ്രഭവിതറും വൈദിക നിലയം—സെമിനാരി ഒരു വീക്ഷണം.



ആദ്ധ്യാത്മികതയുടെ ഈററില്ലം—
പഴയ സെമിനാരി ചാപ്പൽ

'ദൈവസന്നിധിയിൽ' —സെമിനാരി ചാപ്പലിലെ
ആരാധന



പഴയസെമിനാരി—നാലുകെട്ടും നടുമുററവും

'ചരിത്രത്തിൻെറ സാക്ഷ്യം'
പഴയ സെമിനാരി കെട്ടിടം



ആദ്യകാലങ്ങളിൽ തിരുമേനിമാരുടെ
യാത്രയ്ക്കുപയോഗിച്ചിരുന്ന പല്ലക്ക്

കേരളത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു് തുടക്കംകുറിച്ച ചുവർ ബോർഡ്.



മാനേജിംഗ് കമ്മററി ഹാൾ



'ഗുരുവിൻെറ സന്നിധിയിൽ'

സംഗീത പരിശീലനം (മ്യൂസിക് ക്ലാസ്സ്)

—ലൈബ്രറി–ചില ദൃശ്യങ്ങൾ—



സ്ററാക് റൂം

റഫ്രൻസ് വിഭാഗം



റീഡിംഗ് ഹാൾ



ആനുകാലിക പ്രസിദ്ധീകരണ വിഭാഗം.



പ്രഭവിതറും വൈദിക നിലയം—സെമിനാരി ഒരു വീക്ഷണം.

ആദ്ധ്യാത്മികതയുടെ ഈററില്ലം—
പഴയ സെമിനാരി ചാപ്പൽ



'ദൈവസന്നിധിയിൽ'—സെമിനാരി ചാപ്പലിലെ
ആരാധന

'ചരിത്രത്തിൻെറ സാക്ഷ്യം'
പഴയ സെമിനാരി കെട്ടിടം



ആദ്യകാലങ്ങളിൽ തിരുമേനിമാരുടെ
യാത്രയ്ക്കുപയോഗിച്ചിരുന്ന പല്ലക്ക്



മാനേജിംഗ് കമ്മററി ഹാൾ

സംഗീത പരിശീലനം (മ്യൂസിക് സ്കൂൾ)

—ചില ദൃശ്യങ്ങൾ—

റഫ്രൻസ് വിഭാഗം

ആനുകാലിക പ്രസിദ്ധീകരണ വിഭാഗം



പുരാതനത്വം ഇവിടെ സംരക്ഷിക്കപ്പെടുന്നു—ആർക്കൈവ്സ്.

പഴയ സെമിനാരി കെട്ടിടം—മറ്റൊരു ദൃശ്യം

സ്റ്റാഫ് ഫാമിലി ക്വാർട്ടേഴ്സ്

'ദിവ്യബോധനം'—ഓഫീസ്



വിദ്യാർത്ഥികൾ പരീക്ഷാ ഹാളിൽ



ബുക്ക്ഷോപ്പ്

സോഫിയാ സെൻറർ



ഭക്ഷണ മേശയിലേക്കുള്ള ഒരുക്കം.

ഭക്ഷണ ശാലയിൽ

പന്നിവളർത്തൽ

കായികരംഗം



സോഷ്യൽ വർക്ക്



ലൈബ്രറിയിൽ



സാനിട്ടേഷൻ



ചാപ്പലിൽ



പൂന്തോട്ടത്തിൽ

വൈദിക റിഫ്രഷർ കോഴ്സ് (ആദ്യബാച്ച്)—1969

വൈദിക റിഫ്രഷർ കോഴ്സ്–1989

അദ്ധ്യാപകരും വിദ്യാർത്ഥികളും 1937–'38
(പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ തിരുമേനിയോടൊപ്പം)

അദ്ധ്യാപകരും വിദ്യാർത്ഥികളും 1946–'47
(H. G. ഔഗേൻ മാർ തീമോത്തിയോസ് തിരുമേനിയോടൊപ്പം—
പിന്നീട് ഔഗേൻ ബാവാ)

അദ്ധ്യാപകരും വിദ്യാർത്ഥികളും 1949–'50
(H. G. ഔഗേൻ മാർ തീമോത്തിയോസ് തിരുമേനിയോടൊപ്പം–
പിന്നീട് ഔഗേൻ ബാവാ)

അദ്ധ്യാപകർ—1965

അദ്ധ്യാപകരും വിദ്യാർത്ഥികളും—1965

പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾ അദ്ധ്യാപകരോടൊപ്പം—1975

പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾ അദ്ധ്യാപകരോടൊപ്പം—1985



അദ്ധ്യാപകരും വിദ്യാർത്ഥികളും—1990

എം. റിഫ്ച്ച്. വിദ്യാർത്ഥികൾ:—ഇടത്തുനിന്നും.

ഇടത്തുനിന്നും (i) Fr. Ninan K. George (ii) Rev. J. Jayakiran Sebastian
(iii) Fr. M. S. Skariah (iv) Pr. K. P. Mathew
(v) Rev. T. Mathews Emmanuel

സെമിനാരിയിലെ മുൻ പ്രധാനാദ്ധ്യാപകരിൽ ചിലർ

1. H. H. Baselius Augen I (1947-'48)
2. H. H. Baselius Marthoma Mathews I (1948-'65)

Very Rev. K. David Corepiscopa (1942–'43)

Rev. Fr. C. J. Skariah Cheriamadathil (1943-'47)

H. G. Philipos Mar Theophilos (1965-'67)

സെമിനാരിയിലെ മുൻ അദ്ധ്യാപകരിൽ ചിലർ

1. St. Gregorios of Parumala
2. H. G. Mar Dionysius of Vattasseril
3. H. H. Baselius Geevarghese II, Catholicos
4. Rev. Fr. K. M. Simon
5. Rev. Dn. O. J. Moses
6. Sri V. K. Abraham
7. Sri. C. P. Chandy
8. Sri. T. C. Chacko
9. Sri. T. O. Zachariah

Very Rev. Mathan Konat, Corepiscopa

Rev. Fr. Alexandrios Mattackal

Sri. A. M. Varki, Visiting Professor (1942-'44)

H. G. Mathews Mar Coorilos

സെമിനാരിയിലെ മുൻ അദ്ധ്യാപകരിൽ ചിലർ (തുടർച്ച):

H. G. Yuhanon Mar Severios

H. G. Thomas Mar Makkarios

Rev. Fr. E. P. Jacob Elanjickal

Sri Puthenkavu Mathan Tharakan

Rev. Fr. P. V. Varghese

Rev. Fr. T. J. Abraham

സെമിനാരിയിലെ മുൻ അദ്ധ്യാപകരിൽ ചിലർ (തുടർച്ച)

H. G. Mathews Mar Barnabas

H. G. Philipos Mar Eusebius

Rev. Fr. C. E. George

Rev. Fr. K. M. Alexander

Rev. Fr. Dr. V. C. Samuel

സെമിനാരിയിലെ മുൻ അദ്ധ്യാപകരിൽ ചിലർ (തുടർച്ച)



Rev. Fr. Joseph Vendrappilly

Rev. Fr. K. L. Mathew Vaidyan

പഴയ സെമിനാരിയിലെ മുൻ മാനേജർമാരിൽ ചിലർ

1. Rev. Fr. Alexandrios Mattackal
2. H. G. Valakkuzhi Mar Severios
3. Rev. Fr. Jacob Choondevalayil
4. Rev. Fr. K. Philipos (Later H. G. Philipos Mar Theophilos)

Rev. Fr. T. C. Jacob (1930-'60).

Rev. Fr. T. V. Varghese

Best Compliments from:

Heavy Engineering Corporation Limited

(A Govt. of India Enterprises)

Ranchi-834 004

India's premier Engineering Complex Comprises of three plants, viz,

1. Heavy Machine Building Plant
2. Foundry Forge Plant, and
3. Heavy Machine Tools Plant

H. E. C. Product Range:

HEC caters to the needs of the Core Sector like Steel, Mining, Cement, Aluminium and manufactures equipments like:

a) Rolling Mills, Blast Furnaces, Crushers of various types etc, for steel plants.

b) Draglines, Excavators 5 Cu.M and 10 Cu. M capacity, special purpose Steel Mill Duty and E. O. T. cranes upto 450 tonnes capacity.

c) Stacker Reclaimers, Wagon Loaders, Wagon Tippler, Drilling Rigs.

d) Heavy Castings upto 100 tonnes weight, forgings upto 90 tonnes piece wt. Rolls for steel, sugar and paper plants.

e) Heavy Machine tools like:
   i) Wheel Lathe, A.J.T.B. Lathes, Under floor Wheel Lathes
   ii) Planning, Radial Drills, Boring & milling Machine, Roll Grinding, Deep Hole Boring machine etc.

HEC has implemented a host of welfare measures for its employees like provision of modern housing facilities, parks, playgrounds, college and high schools. A 350 bed hospital, one of the best in the state provides excellent medical care.

HEC has also taken up construction of schools, roads, tube-wells, etc., among its 35 satellite villages and provides infrastructural facilities for development of agriculture dairy and fisheries. Over five thousand displaced persons have been provided employment.

HEC Builds Machines that Builds the Nation.

ഫാ. (ഡോ). ബി. വറുഗീസ്



എന്നാൽ പിൽക്കാല ചരിത്രം സാക്ഷിക്കുന്നതു മപ്രിയാനാ, പാത്രിയർക്കീസിന്റെ ഒരു സഫ്രഗൻ എന്ന നിലയിൽ പലപ്പോഴും കഴിഞ്ഞിരുന്നുവെന്നാണ്. ഇതിന്റെ കാരണം തെഗ്രീസിലും പ്രാന്ത പ്രദേശങ്ങളിലുമുള്ള സഭ തീർത്തും ദുർബലമായിത്തീർന്നതായിരിക്കാം.

കാതോലിക്കേറ്റ് സ്ഥാപനവും ഒന്നാം കാതോലിക്കായും

മലങ്കര സഭാ ചരിത്രത്തിലെ രണ്ടു വലിയ സംഭവങ്ങളാണു കൂനൻ കുരിശു സത്യവും (1653), കാതോലിക്കേറ്റ് സ്ഥാപനവും (1912). മലങ്കര സഭയുടെ പരമാധികാരത്തിന്റെ വ്യക്തമായ പ്രഖ്യാപനങ്ങളാണ് ഇവ. 1912 നു മുമ്പു തന്നെ കാതോലിക്കേറ്റ് സ്ഥാപനത്തിനുള്ള ശ്രമങ്ങളും ആരംഭിച്ചിരുന്നു.

തെഗ്രീസിലെ കാതോലിക്കേറ്റ് അഥവാ പൗരസ്ത്യ കാതോലിക്കേറ്റു 1912-ൽ മലങ്കരയിൽ സ്ഥാപിച്ചു എന്നതാണു മലങ്കര സഭയുടെ ഔദ്യോഗിക നിലപാട്. തെഗ്രീസിലെ കാതോലിക്കേറ്റിനെപ്പറ്റിയുള്ള സഭയുടെ നിലപാടു ബാറെബ്രായായുടെ സഭാ ചരിത്രത്തെ അടിസ്ഥാനമാക്കി ഇങ്ങനെ സംഗ്രഹിക്കാം.

മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ സെലൂക്യയിലുണ്ടായതാണു കാതോലിക്കേറ്റ്. എ. ഡി. 231-ൽ പൗരസ്ത്യ

Best Compliments from:

★

Mr. Varghese K. C.

R. K. Puram

New Delhi

★

Best Compliments from:

●

Mrs. Mary Mathew

Hauzkhas

New Delhi

●

എപ്പിസ്കോപ്പന്മാരുടെ തലവനായി ശഹലൂപ്പായെ വാഴിച്ചു എന്നു ബാറെ ബ്രായ പറയുന്നു. അവർ അതു ചെയ്തതു, കിഴക്കുള്ള എപ്പിസ്കോപ്പന്മാരുടെ തലവൻ മരിക്കുമ്പോൾ അവർ തെരഞ്ഞെടുക്കുന്ന ആളിന്റെ മേൽ അവർക്കുതന്നെ കൈവെക്കാമെന്നും, മേലാൽ അന്ത്യോഖ്യായിൽ പോകേണ്ട ആവശ്യമില്ലെന്നും, കിഴക്കിന്റെ വലിയ മെത്രാപ്പോലീത്താ പാത്രിയർക്കീസായി പ്രഖ്യാപിക്കപ്പെടണമെന്നും പാശ്ചാത്യ ബിഷപ്പന്മാർ നിശ്ചയിച്ചതിന്റെ വെളിച്ചത്തിലായിരുന്നു.

എ. ഡി. 629–ൽ പൗരസ്ത്യർ വാഴിച്ച മോറൂസോ മുതലുള്ള കാതോലിക്കാമാർ 'മപ്രിയാനാ' എന്ന പേരിൽ അറിയപ്പെടുന്നതായി ബാറെ ബ്രായ ചൂണ്ടിക്കാണിക്കുന്നു.

എ. ഡി. 869–ൽ കഫർത്തൂത്തായിൽ ചേർന്ന സുന്നഹദോസ് അന്ത്യോഖ്യാ പാത്രിയർക്കീസിന്റെയും മപ്രിയാനായുടെയും തുല്യാവകാശങ്ങൾ സംബന്ധിച്ച തീരുമാനങ്ങൾ ചെയ്തു (ഹുദായാക്കാനോൻ 7: 1).

എന്നാൽ പിൽക്കാല ചരിത്രം സാക്ഷിക്കുന്നതു മപ്രിയാനാ, പാത്രിയർക്കീസിന്റെ ഒരു സഫ്രഗൻ എന്ന നിലയിൽ പലപ്പോഴും കഴിഞ്ഞിരുന്നുവെന്നാണ്. ഇതിന്റെ കാരണം തെഗ്രീസിലും പ്രാന്തപ്രദേശങ്ങളിലുമുള്ള സഭ തീർത്തും ദുർബലമായിത്തീർന്നതായിരിക്കാം.

1800–നു ശേഷം തെഗ്രീസിൽ എട്ടു മപ്രിയാനാമാർ ഉണ്ടായിട്ടുണ്ട്.[1] അവരിൽ അവസാനത്തെ ദേഹം ബസേലിയോസ് ബഹനാം (1852–59) ആയിരുന്നു. കത്തോലിക്കാ വിശ്വാസം അവലംബിച്ച കാരണത്താൽ ഇദ്ദേഹത്തെ പാത്രിയർക്കീസ് മുടക്കി. അതിനുശേഷം തെഗ്രീസിൽ മപ്രിയാനേറ്റ് ഉണ്ടാകുന്നതിൽ അന്ത്യോക്യാ പാത്രിയർക്കീസ് താത്പര്യം കാണിച്ചില്ല. മപ്രിയാനേറ്റിന്റെ കീഴിലുള്ള ഇടവകകളുടെ കുറവു നിമിത്തം, ആ സ്ഥാപനം നാമാവശേഷമായി എന്നും മൂസൽ, മാർ മത്തായിയുടെ ദയറാ എന്നീ രണ്ട് ആസ്ഥാനങ്ങൾ മാത്രം ശേഷിച്ചിരുന്നതിനാൽ സ്ഥാപനത്തിന് ആവശ്യമുണ്ടായില്ലായെന്നും ഔഗേൻ മാർ തീമോത്തിയോസിനെ (പിക്കാലത്തു കാതോലിക്കാ) ഉദ്ധരിച്ചുകൊണ്ട് ഒ. എം. ചെറിയാൻ പറയുന്നു[2].

1863 ൽ മാർ കുറിയാക്കോസ് ദയറായിൽ നടന്ന 17 മെത്രാന്മാരുടെ സുന്നഹദോസിൽ യാക്കോബ് രണ്ടാമൻ (+1871) പാത്രിയർക്കീസിന്റെ നേതൃത്വത്തിൽ മപ്രിയാനേറ്റ് നിർത്തലാക്കി എന്ന് J. Mouneyer രേഖപ്പെടുത്തുന്നുണ്ട്.[3] ഇതു വിശ്വസനീയമായി തോന്നുന്നില്ല. മപ്രിയാനേറ്റ് നിർത്തലാക്കി എന്നുള്ളതു അന്ത്യോക്യൻ പക്ഷക്കാർ ഉണ്ടാക്കിയ ഒരു കെട്ടുകഥയാണെന്നു ചിന്തിക്കുന്നതിനു സഹായിക്കുന്ന രേഖകളുണ്ട്. അവയെപ്പററി താഴെ (Q4) പ്രതിപാദിക്കുന്നതാണ്. എന്നാൽ ഔഗേൻ മാർതീമോത്തിയോസ് മാർ യൂലിയോസിന് എഴുതിയ ഒരു കത്തിലെ പ്രസക്ത ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കുന്നു.

> 'മലങ്കരയിൽ കാതോലിക്കാ സ്ഥാപനത്തെ ഇല്ലായ്മ ചെയ്തതായി തീരുമാനം ഉണ്ട്, എന്നിങ്ങനെ നിങ്ങൾ ഒരു കെട്ടുകഥ ഉണ്ടാക്കിയതിനെക്കുറിച്ച് ഞാൻ വിസ്മയിക്കുന്നു. ഇങ്ങനെ ഒരു സംഗതിയെപ്പററി കേട്ടുകേൾവി പോലുമില്ല. ഇങ്ങനെ ഒരു തീരുമാനം ഉണ്ടായിട്ടുള്ളതായി (സ്ലീബാ) മാർ ഒസ്താത്തിയോസ് ഒരിക്കലും പ്രസ്താവിച്ചിട്ടില്ല. അബ്ദേദ് മശിഹാ പാത്രിയർക്കീസ് ഫർമാനോടുകൂടി ഭരണം ചെയ്യുമ്പോൾ, കാതോലിക്കാ സ്ഥാ

1. ലിസ്റ്റ്, ജി. ചേടിയത്ത്, പൗരസ്ത്യ കാതോലിക്കോസ്, (കോട്ടയം, 1985), p. 265.
2. മലങ്കര സഭ–രണ്ടുപന്യാസങ്ങൾ (കോട്ടയം 1937), p. 45.
3. Mounayer J, Les Synodes Syriens Jacobites, (Beyrouth, 1963), p. 103. ജി. ചേടിയത്ത്, p. 93. ചേടിയത്തു 1860/63 എന്നാണു തീയതി കൊടുക്കുന്നത്.

Best Compliments from:

The Orthodox Church of India

By
David-Daniel

Available from
MGOCSM Bookshop
Kottayam

Orthodox Church Bookshop
Kottayam

With Best Compliments from:

George Varghese

Safdarjang Encl.
New Delhi

നം അനുവദിക്കണം എന്നുള്ള ഇന്ത്യാ
ക്കാരുടെ അപേക്ഷയെ നിരസിച്ചു
എന്നു നിങ്ങൾ പറയുന്നതു ശരിയാ
ണ്. എന്നാൽ നിങ്ങൾ പ്രസ്താവി
ക്കുന്ന പ്രകാരം, ഒരു തീരുമാനമുണ്ടായ
തായി, അദ്ദേഹത്തിന്റെ കല്പന
യിൽ, ഒരു സൂചനപോലും കാണു
ന്നില്ല. ഈ വിധം ഒരു സുന്നഹ
സ് നിശ്ചയമുണ്ടായിരുന്നു എങ്കിൽ
അതിനെപ്പററി അബ്ദേദ മശിഹാ
ബാവായുടെ കല്പനയിൽ വല്ലതും
ഒന്നു സൂചിപ്പിക്കുക എങ്കിലും ചെ
യ്യുമായിരുന്നു. എന്നു മാത്രമല്ല മാർ
പത്രോസ് പാത്രിയർക്കീസ് 1892
ധനു 19–ാം തീയതി മലങ്കര മല്പാൻ
ബ. (കോനാട്ട്) മത്തായി കോർ
എപ്പിസ്കോപ്പാക്ക് അയച്ച ഒരു
കല്പനയിൽ–'സമർത്ഥനും, മൽ
പ്പാനും ആയ ഒരു കാതോലിക്കയെ
യോ മപ്രിയാനയെയോ നിങ്ങൾക്ക്
അയച്ചുതരണമെന്നു നിങ്ങൾ ആവശ്യ
പ്പെട്ടിരിക്കുന്നു. നാം ആലോചിക്ക
ട്ടെ. ദൈവം നമ്മെ സഹായിക്കുന്ന പ
ക്ഷം, നാം ഒരുവനെ ശോധന ചെയ്തു,
നിങ്ങൾക്ക് അയച്ചുതരാം.' എന്ന്
എഴുതിയിരുന്നു. സുന്നഹദോസി
ന്റെ നിശ്ചയം ഉണ്ടായിരുന്നുവെ
ങ്കിൽ–അതിനെതിരായി, ഇങ്ങനെ
എഴുതുന്നതിനു് അദ്ദേഹം ധൈര്യ
പ്പെടുമായിരുന്നുവോ? കാതോലിക്കാ
സ്ഥാപനം ഇല്ലാതാകുന്നതിനു സു
ന്നഹദോസു നിശ്ചയിച്ചു എന്നു പറ
യുന്നതു്, യഥാർത്ഥമായിരുന്നുവെ
ങ്കിൽ വിശുദ്ധ കുർബാനയിലെ
തുബദേനിലും മററു് ആരാധനകളി
ലും ബസേലിയോസ് എന്ന നാമം
അനുസ്മരിക്കപ്പെട്ടു വരുന്നതു ഭേദ
പ്പെടുത്തിയിരിക്കുമായിരുന്നു. അങ്ങ
നെ ഉണ്ടായിട്ടില്ല (........), ഇതിനും
പുറമെ മേല്പ്പറഞ്ഞ മാർ പത്രോസ്
പാത്രിയർക്കീസിന്റെ കാലത്തു്,
ഇവിടെ ഉള്ള മേല്പട്ടക്കാരിൽ
ഒരാൾ, ബസേലിയോസിന്റെ പേരു
പ്രസ്താവിക്കുക എന്നതു നിർത്തലാ
ക്കിയതിന്റെ ഔചിത്യത്തെപ്പററി

അറിയുവാനായി–മേല്പ്പറഞ്ഞ (കോ
നാട്ടു മാത്തൻ) കോർ എപ്പിസ്കോപ്പാ
ടി പാത്രിയർക്കീസിനു് എഴുതി അയ
ച്ചു. അതിനു് അദ്ദേഹം അയച്ചു
കൊടുത്ത മറുപടിയുടെ ഒരു ഭാഗം
താഴെ ഉദ്ധരിക്കുന്നു. '(.......) മപ്രി
യാന ഉണ്ടു് എങ്കിലും, ഇല്ല എങ്കിലും
പേർ ഓർക്കപ്പെടണം. ഇപ്പോൾ
ഇല്ല എങ്കിൽ പിന്നീടു് ഉണ്ടാകും.'
1885 കന്നി 5–ാം തീയതി സുന്നഹ
ദോസ് കൂടുകയും, നിങ്ങൾ പറയുന്ന
പ്രകാരം 25 കൊല്ലങ്ങൾക്കു മുമ്പു
നിശ്ചയം ഉണ്ടാകയും ചെയ്തിരുന്നു
വെങ്കിൽ–ആ സംഗതി, ഏതു വിധ
ത്തിൽ ആയാലും, ആ വിശുദ്ധ
നാൽ വിസ്മരിക്കപ്പെടുകയില്ലായി
രുന്നു. ആകയാൽ അങ്ങനെ ഒരു
നിശ്ചയം ഉണ്ടായിട്ടില്ല എന്നും, മറി
ച്ചുള്ള പ്രസ്താവന നിങ്ങൾ വ്യാജ
മായി നിർമിച്ചതാണു്' എന്നും ഉള്ള
തിനെക്കുറിച്ചു് എനിക്കു് അല്പം
പോലും സംശയമില്ല....'[4].

ഈ കത്തിനു് വ്യാഖ്യാനമാവശ്യമില്ല. ഔഗേൻ ബാവാ ദീർഘനാൾ മദ്ധ്യപൂർവ ദേശങ്ങളിൽ താമസിച്ചിരുന്നതുകൊണ്ടാണു് 'ഇങ്ങനെയൊരു സംഗതിയെപ്പററി കേട്ടുകേൾവി പോലുമില്ല' എന്നു മാർ യൂലിയോസിനു് എഴുതിയതു്. മപ്രിയാനേററു് നിർത്തലാക്കിയെന്നതു കെട്ടുകഥയാണെന്നുള്ളതിനുള്ള മറെറാരു തെളിവാണു പത്രോസ് പാത്രിയർക്കീസിന്റെ കാലം മുതൽ നടന്ന കത്തിടപാടുകൾ.

കാതോലിക്കേററ് സ്ഥാപനത്തിന്റെ ആദ്യനടപടികൾ:

(a) 1860–നോടടുത്തു നാമാവശേഷമായിത്തീന്ന മപ്രിയാനേററ് മലങ്കരയിൽ പുനസ്ഥാപിക്കുവാൻ ആദ്യമായി കത്തിടപാടുകൾ നടത്തിയതു കോനാട്ടു മാത്തൻ കോറെപ്പിസ്കോപ്പായായിരുന്നു. അന്ത്യോഖ്യാക്കാരിൽ ഒരാളെ മപ്രിയാനായായി അയയ്ക്കണമെന്നാണു് അദ്ദേഹം ആവ

4. ഒ. എം. ചെറിയാൻ, മലങ്കരസഭ, p 49–50

Best Compliments from:

G. E. L. C. PRESS

Main Road, Ranchi-834 001

A NAME IN QUALITY PRINTING OF:

Text Books, Magazines, Forms, Registers, Stationeries, & Other Job Works

Our Speciality:

We Maintain Time & Quality

Best Compliments from:

★

Preet Printing Press

Quality job printers, Binders, Stationers and General Order Suppliers.

171. H. B. Road, Lalpur
Ranchi 834 001

കാതോലിക്കായെ വാഴിക്കുന്നതിനുള്ള സാദ്ധ്യതകൾ ആരായുന്നതിന് അദ്ദേഹത്തെ 'മഹാജന സഭ'യുടെ പ്രവർത്തകർ ചുമതലപ്പെടുത്തിയിരുന്നതായി, അദ്ദേഹത്തിന്റെ ചില കത്തുകളിൽനിന്നും മനസ്സിലാക്കാവുന്നതാണ്.

ശ്യപ്പെട്ടതെന്നും, പത്രോസ് പാത്രിയക്കീസിനു് അക്കാര്യം മിക്കവാറും സമ്മതമായിരുന്നു എന്നും വേണം ചിന്തിക്കുവാൻ. 1892 ധനു 19 നു് പാത്രിയർക്കീസ് കോനാട്ടു മല്പാനയച്ച മറുപടിയിൽ ഇതേപ്പററി പറയുന്നുണ്ടു്. (മുകളിലുദ്ധരിച്ച ഔഗേൻ ബാവായുടെ കത്തു കാണുക). 1895–ൽ പത്രോസ് പാത്രിയക്കീസ് കാലം ചെയ്തതോടെ അന്ത്യോഖ്യായുടെ ഭാഗത്തുനിന്നുള്ള താത്പര്യം അവസാനിച്ചു.

(b) 1895 മുതൽ 1905 വരെ അബ്ദൽ മശിഹാ തുർക്കി സുൽത്താന്റെ ഫിർമാനോടു (അധികാരപത്രം) കൂടി പാത്രിയർക്കീസായി വാഴുമ്പോഴും വീണ്ടും ആവശ്യം ഉന്നയിച്ചു. പാത്രിയർക്കീസ് അതു നിരാകരിക്കുകയാണു ചെയ്തതു് (ഔഗേൻ ബാവായുടെ കത്തു്).

(c) 1901–ൽ (ME 1077) ജോസഫ് മാർദിവന്നാസ്യോസിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷിച്ചപ്പോഴും, അദ്ദേഹത്തിനു മപ്രിയാനാസ്ഥാനം ലഭിക്കണമെന്നു പലരും ആഗ്രഹം പ്രകടിപ്പിക്കുകയുണ്ടായി.[5] 1900 നു് അടുത്തു് മാർ ദിവന്നാസ്യോസിന്റെ അദ്ധ്യക്ഷതയിൽ എം. ഡി. സെമിനാരിയിൽ കൂടിയ മലങ്കര മഹാജന സഭയിൽ മലങ്കരയിൽ മപ്രിയാനയെ വാഴിക്കണമെന്നു് ഇ. ജെ. ജോൺ കൊണ്ടുവന്ന പ്രമേയം യോഗം ഏകകണ്ഠമായി പാസ്സാക്കിയിരുന്നു [6]. വട്ടശ്ശേരിൽ ഗീവറുഗീസ് മൽപ്പാൻ കൂടെ ചേർന്നു കൊല്ലവർഷം 1072 (എ. ഡി. 1897)–ൽ 'സാമൂഹ്യ സമ്മേളനം' എന്ന പേരിൽ ആരംഭിച്ചതും, പിന്നീട് 'മഹാജന സഭ' എന്ന പേരു സ്വീകരിച്ചതുമായ സംഘടന കാതോലിക്കാ സിംഹാസനം മലങ്കരയിൽ ഉണ്ടാകുന്നതിനു പ്രത്യേകം താൽപ്പര്യം കാണിച്ചിരുന്നു. അവരുടെ ചുമതലയിൽ എഴുത്തുകുത്തുകൾ നടത്തുകയുണ്ടായി, ഇക്കാലത്താണു മത്തായിശെമ്മാശ്ശൻ (പിന്നീട് ഔഗേൻ ബാവാ), മദ്ധ്യപൂർവദേശത്തേക്കു യാത്രയായതു്. കാതോലിക്കായെ വാഴിക്കുന്നതിനുള്ള സാദ്ധ്യതകൾ ആരായുന്നതിനു് അദ്ദേഹത്തെ 'മഹാജനസഭ'യുടെ പ്രവർത്തകർ ചുമതലപ്പെടുത്തിയിരുന്നതായി, അദ്ദേഹത്തിന്റെ ചില കത്തുകളിൽനിന്നും മനസ്സിലാക്കാവുന്നതാണു്[7].

(d) 1905 ൽ അബ്ദൽ മശിഹാ സ്ഥാനഭ്രഷ്ടനായതിനുശേഷം, സ്ഥാനാരോഹണം ചെയ്ത അബ്ദള്ളപാത്രിയക്കീസിന്റെഅടുക്കൽ മത്തായി ശെമാശ്ശൻ ഇതെപ്പററി അന്വേഷിച്ചതായി തോന്നുന്നു. വട്ടിപ്പണക്കേസിൽ ബി. എം. അക്കമായി സമർപ്പിച്ച മത്തായി ശെമ്മാശ്ശന്റെ കത്തിൽ, ഇതേപ്പററി പറയുന്നുണ്ടു്. പുതിയ ബാവായ്ക്കു് (അബ്ദുള്ളായ്ക്കു) മലയാളത്തെത്തി പണം പിരിച്ചാൽ കൊള്ളാമെന്നുണ്ടു്. രാജാവനുവദിക്കുന്ന പക്ഷം കൃംതാ കഴിഞ്ഞാലുടൻ കുസ്തന്തീനോ പോലീസിലേക്കുണ്ടു്. ശത്രുക്കളുള്ളതിനാൽ കണ്ടെങ്കിലേ അറിഞ്ഞുകൂടൂ. യാത്ര മുടങ്ങുന്ന പക്ഷം വലിയ മെത്രാച്ചനു് അധികാരം അനുവദിക്കുന്നതു സംശയം ആണു്. എന്നാൽ പഴയ ബാവാ (അബ്ദൽ മശിഹാ) കൽപ്പന അയയ്ക്കുന്നതിനു തയ്യാറാണു്. അവിടെ

5 Z.M. പാറേട്ട്, മലങ്കര നസ്രാണികൾ, iii, 356–57

6 ബി. വറുഗീസ്, പാത്രിയർക്കേററ് കാതോലിക്കേററ് ബന്ധം (കോട്ടയം, 1975), P. 42–43

7 Z. M. പാറേട്ട്, മലങ്കരനസ്രാണികൾ iv, 31; 88

Tel: 81-22409
88-42097
88-42102

St. JOHN'S SCHOOL

(Affiliated to Central Board of Secondary Education, New Delhi)

SECTOR-7, FARIDABAD (HARYANA)

★

With Best Compliments from:

MANAGEMENT,
STAFF & STUDENTS

★

ടെ ചെന്നിരുന്നപ്പോൾ രഹസ്യമായി എന്നോട്ട പറയുകയുണ്ടായി.....'[8]

ഇവിടെ വലിയ മെത്രാച്ചൻ എന്നു പരാമർശിക്കുന്നതു മാർ ജോസഫ് ദീവന്നാസ്യോസിനെപ്പററിയാണ്. അദ്ദേഹത്തിനു മപ്രിയാനാസ്ഥാനം നൽകുന്നതിനെപ്പററിയാണു മത്തായി ശെമ്മാശ്ശൻ സംസാരിച്ചതു്. അദ്ദേഹത്തെ മപ്രിയാനായായി വാഴിക്കുന്നതിനു് ഒരു കല്പനയിലൂടെ മലങ്കര സഭാംഗങ്ങളെ അനുവദിക്കണമെന്നായിരിക്കുമോ മത്തായി ശെമ്മാശ്ശൻ അബ്ദുള്ളായുടെ അടുക്കൽ നിവേദനം നടത്തിയതു്? അബ്ദുള്ളാ പാത്രിയർക്കീസ് മലങ്കരയിൽ എത്തുമ്പോൾ മാർ ദിവന്നാസ്യോസിനെ മപ്രിയാനായാക്കിയേക്കുമെന്നുള്ള നേരിയ പ്രതീക്ഷ മേല്പുദ്ധരിച്ച കത്തിലുണ്ടു്. സ്ഥാനഭ്രഷ്ടനാക്കിയശേഷം അബ്ദൽ മശിഹായുടെ മനസ്സു മാറിയതായും കത്തു വെളിവാക്കുന്നു.

(e) ഈ സാഹചര്യത്തിലാണ് അന്നു സഭയുടെ വൈദിക ട്രസ്ററിയായിരുന്ന കോനാട്ടു മാത്തൻ മല്പാൻ അബ്ദൽ മശിഹാ പാത്രിയർക്കീസിനു് 1908 ധനു 30-നു വീണ്ടും എഴുതിയതു്. അബ്ദുള്ളാ പാത്രിയർക്കീസിനെ നിശിതമായി വിമർശിക്കുന്ന കത്തിൽ അബ്ദൽ മശിഹാ വീണ്ടും തുർക്കി ഗവണ്മെൻറിൻെറ അംഗീകാരം തേടി മലങ്കരയിലെത്തി മപ്രിയാനയെ വാഴിച്ചു തരണമെന്നു് അപേക്ഷിക്കുന്നുണ്ടു്.

'....തിരുമേനി ഞങ്ങളുടെ അടുക്കൽ വരികയും ഞങ്ങളുടെ സകല നടപടികളെയും ശരിപ്പെടുത്തുകയും ചെയ്യണം. തിരുമേനിക്കു മനസ്സില്ലാതിരിക്കയോ വാർദ്ധക്യം നിമിത്തം ഞങ്ങളുടെ അടുക്കൽ വരുന്നതിനു കഴിവില്ലാതിരിക്കയോ ചെയ്യുന്ന പക്ഷം ഇന്നാരെ വേണമെന്നു ഞങ്ങൾ പിന്നാലെ ബോധ്യപ്പെടുത്തുന്ന പ്രകാരം ഞങ്ങളിൽനിന്നു തന്നെ ഒരാളെ ഞങ്ങൾക്കു മപ്രിയാനാ ആക്കി തരണം. ഞങ്ങൾക്കു മപ്രിയാനായില്ലെന്നു വരികിൽ ഞങ്ങൾ എങ്ങനെയാകുന്നു മെത്രാപ്പോലീത്തന്മാരെയും എപ്പിസ്കോപ്പന്മാരെയും വാഴിക്കേണ്ടതു്? ദൂരദേശത്തേക്കു പോകുന്നതിനു മലയാളത്തുകാർ ഭയമുള്ളവരാണ്. അതു നിമിത്തം ഞങ്ങളിൽ ഒരുത്തനും മെത്രാനാകുന്നതിനു നിങ്ങളുടെ അടുക്കലേക്കു വരുന്നതിനു മനസ്സില്ലാതെ വരുന്ന പക്ഷം ഞങ്ങളുടെ സഭയ്ക്കു വൈധവ്യം ഭവിക്കുന്നതാണ്. തിരുമേനി അറിഞ്ഞിരിക്കുന്ന പ്രകാരം, മുൻകാലത്തു തിഗ്രീസ് സിംഹാസനത്തിന്മേൽ വാണിരുന്ന കിഴക്കിൻെറ മപ്രിയാനായാണ് അന്ത്യോഖ്യാ പാത്രിയർക്കീസിൻെറ ആജ്ഞയ്ക്കു കീഴ മലങ്കരയെ ഭരിച്ചു വന്നതു്. ഇപ്പോൾ തിഗ്രീസിലെ മപ്രിയാനാ ഇല്ലാതിരിക്കുന്നു എങ്കിലും, 'ഞങ്ങളുടെ പിതാവായ മാർ ബസേലിയോസ്', എന്നു്, ഒന്നാമത്തെ തുബ്ദേനിൽ അദ്ദേഹത്തിൻെറ പേരിനെ നാം ഓർക്കുന്നു. മപ്രിയാന ഇല്ലെങ്കിൽ എന്തിനായിട്ടാണ് അദ്ദേഹത്തിൻെറ പേരിനെ നാം ഓർക്കുന്നതു്. അദ്ദേഹത്തിൻെറ പേരിനെ ഓക്കുന്നു എങ്കിൽ മപ്രിയാന യഥാർത്ഥത്തിൽ ഉണ്ടായിരിക്കേണ്ടതാവശ്യമാണ്. അന്ത്യോഖ്യായിലിരുന്ന പാത്രിയർക്കാസ്ഥാനം മർദ്ദീനിലേക്കു നീക്കപ്പെട്ടുവെങ്കിൽ തെഗ്രീസിലെ സിംഹാസനം ഇൻഡ്യയിലേക്കു നീക്കുന്നതു ശരിയല്ലെന്നു വരുന്നതെങ്ങനെ? ആയതുകൊണ്ടു തെഗ്രീസിലെ സിംഹാസനം ഇൻഡ്യയിൽ സ്ഥാപിച്ചു ഞങ്ങളിൽനിന്നു് ഒരാളിനെ ഞങ്ങൾക്കു മപ്രിയാനായി വാഴിച്ചുതരണമെന്നും, 'കിഴക്കിൻെറ മാർ ബസേലിയോസ് മപ്രിയാന, എന്നു നാമകരണം ചെയ്യണമെന്നും ഞങ്ങൾ അപേക്ഷിക്കുന്നു....'.[9]

(f) മേല്പറഞ്ഞ കത്തിടപാടുകളിൽ മപ്രിയാനേററ് മലങ്കരയിൽ സ്ഥാപിക്കണമെന്നാണ് ആവശ്യപ്പെട്ടിരുന്നതു്. മലങ്കര സഭ മുൻകാലത്തു മപ്രിയാനാണ

---

8 പാറേട്ട്, വാല്യം, 4, p. 94

9 വട്ടിപ്പണക്കേസിൽ F. K അക്കമായി ഹാജരാക്കിയ ഈ കത്തിൻെറ സുറിയാനി മൂലം O.M. ചെറിയാൻെറ 'മലങ്കര സഭ' എന്ന ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നു, (പേജ്. 51–54); പാറേട്ട്, iv, p. 105–112 കാണുക,

Best Compliments from:

★

Gupta Tea Traders

9, Mangoe Lane
Calcutta-1

Phone: 20-7311, 20-8454

★

Branches at:
Delhi, Ghaziabad, Rohtak, Guwahati, Ahammadbad, Siliguri

ഭരിച്ചിരുന്നതെന്നുള്ള കോനാട്ട മൽപ്പാന്റെയും മററും പ്രസ്താവനകളുടെ ചരിത്രപരമായ ബുദ്ധിമുട്ടുകളെപ്പററി അക്കാലത്ത് ആരും കാര്യമായി ചിന്തിച്ചിരുന്നതായി തോന്നുന്നില്ല.

അബ്ദൽ മശിഹായുടെ ആഗമനം:

1909 ൽ അബ്ദുള്ളാപാത്രിയർക്കീസ് മലങ്കരയെത്തിയതും, 1911 ജൂൺഎട്ടിനു് അദ്ദേഹം ഗീവറുഗീസ് മാർ ദിവന്നാസ്യോസിനെതിരായി 'മുടക്കു കൽപ്പന' ഇറക്കിയതും കാതോലിക്കാ സിംഹാസന സ്ഥാപനത്തെ ത്വരിതപ്പെടുത്തിയ സംഭവങ്ങളാണ്. അബ്ദുള്ളായുടെ മുടക്ക് അസാധുവെന്നു കാണിച്ചുകൊണ്ട് അബ്ദൽ മശിഹാ പാത്രിയർക്കീസ് ഒരു കമ്പി സന്ദേശവും (1910, ആഗസ്റ്റ് 17), തുടർന്നു് ഒരു കത്തും മാർ ദീവന്നാസ്യോസിനയച്ചു (1911, വൃശ്ചികം 17). അബ്ദൽ മശിഹാ മലങ്കരയിൽ വരുവാൻ ഒരുക്കമാണെന്നറിഞ്ഞതിനെ തുടർന്നു് അദ്ദേഹത്തിന്റെ യാത്രച്ചെലവിനുള്ള പണം ഇവിടെനിന്നും അയച്ചുകൊടുത്തു[10]. യാത്ര മുടക്കുവാൻ അബ്ദുള്ള പാത്രിയർക്കീസ് പരിശ്രമിച്ചുവെങ്കിലും[11] 1912 (ME. 1087 ഇടവം 23) ൽ അബ്ദൽമശിഹാ ബോംബെയിൽ എത്തി.

മലങ്കരയിലെ പ്രഥമ കാതോലിക്കാ:

1912 സെപ്തംബർ 15ന് ഞായറാഴ്ച അബ്ദൽ മശിഹാ മാർ ഗീവറുഗീസ് ദീവന്നാസ്യോസിന്റെയും മാർ ഗീവറുഗീസ് ഗ്രീഗോറിയോസിന്റെയും[12] സഹകരണത്തോടെ നിരണം വലിയ പള്ളിയിൽ വച്ചു മുറിമററത്തിൽ പൗലൂസ് മാർ ഈവാനിയോസിനെ പ്രഥമ കാതോലിക്കായായി ബസ്സേലിയോസ് പൗലൂസ് എന്ന പേരിൽ അവരോധിച്ചു.

(a) മലങ്കര മെത്രാപ്പോലീത്തായായ മാർ ദിവന്നാസ്യോസിന്റെ മുൻഗാമിയെ മപ്രിയാന സ്ഥാനത്തേക്കു് ഉയർത്തണമെന്നു സഭ ആഗ്രഹിച്ചിരുന്നതായി കണ്ടു. മലങ്കര മെത്രാപ്പോലീത്താ കാതോലിക്കാ സ്ഥാനം സ്വീകരിക്കാതെ മററൊരു മെത്രാപ്പോലീത്തായെ അവരോധിക്കാനുള്ള കാരണം എന്തായിരുന്നു? അബ്ദുള്ളായുടെ മുടക്കിനെ അനുകൂലിച്ചവർക്കു, മാർ ദീവന്നാസ്യോസ് മപ്രിയാനയായാൽ അസ്വീകാര്യനായിരിക്കുമെന്ന് ചിന്തിച്ചിരുന്നിരുന്നോ? കോനാട്ട മാത്തൻ മൽപ്പാന്റെ സ്വാധീനത്തിൽ, അബ്ദുള്ളായെ അനുകൂലിച്ചിരുന്നവർക്കു കൂടി സ്വീകാര്യനായ ഒരാളെ കാതോലിക്കായാക്കുന്നതു സഭയുടെ ഐക്യത്തിനു സഹായകമായിരിക്കുമെന്നു മാർ ദീവന്നാസ്യോസ് ചിന്തിച്ചിരുന്നിരിക്കണം. പത്രോസ് പാത്രിയർക്കീസ് വാഴിച്ച ആറു മെത്രാപ്പോലീത്താമാരിൽ ഒരാളായിരുന്ന മുറിമററത്തിൽ മാർ ഈവാനിയോസ്, സീനിയർ മെത്രാപ്പോലീത്താ ആയിരുന്നതുകൊണ്ടും, മാർ ദീവന്നാസ്യോസിന്റെ ഗുരുവായിരുന്നതുകൊണ്ടുമായിരിക്കണം അദ്ദേഹത്തെ കാതോലിക്കായായി അവരോധിക്കുവാൻ തീരുമാനിച്ചതു്.

(b) കാതോലിക്കാ വാഴ്ചയുടെ തീയതിയെപ്പററി അല്പം ചിന്താക്കുഴപ്പം കാണുന്നുണ്ടു്. രണ്ടു തീയതികൾ വിവിധ പുസ്തകങ്ങളിൽ കാണുന്നു. (i) സെപ്തംബർ 15 (കന്നി രണ്ട്) ഞായറാഴ്ച[13]. (ii) സെപ്തംബർ 17(കന്നിരണ്ട്)[14]. 1912 സെപ്തംബർ17 ഒരു ചൊവ്വാഴ്ചയാണ്. അതിനാൽ സെപ്തംബർ 15 ഞായറാഴ്ചയാണു വാഴ്ച നടന്നതു്. 'കന്നി രണ്ട്' എന്നു പറയുന്നതിലും അല്പം പിശകുണ്ട്. 1912 സെപ്തംബർ 15, കൊല്ലവർഷമനുസരിച്ചു ചിങ്ങം 31 (1088) ആണ്. കന്നി ഒന്നു തിങ്കളാഴ്ച മനോരമയിൽ വന്ന റിപ്പോർട്ടനുസരിച്ചു

---

10 മാർ ഈവാനിയോസ്, ഗിരിദീപം, p. 36–37.

11 ibid

12. പിന്നീടു തൃതീയ കതോലിക്കായായ ഇദ്ദേഹത്തെ 1912 (ചിങ്ങം 26ന്) അബ്ദൽ മശിഹായാണ് മെത്രാപ്പോലീത്തായായി വാഴിച്ചതു്.

13. O.M. ചെറിയാൻ, op. cit. p. 68

14. Z.M Paret, IV, 455

Best Wishes from:

K. I. Mathai,
Calcutta

★

M. V. Thomas,
Calcutta

★

M. Kunjukunju

★

C. George and family

★

P. C. Chacko and family

★

K. J. Eapen and family

★

N. D. George,
Calcutta

★

K. K. John

ചിങ്ങം 31 ഞായറാഴ്ചയാണു വാഴ്ച നടന്നതു്.[15] അബ്ദൽ മശിഹാ, 1913 ഫെബ്രുവരി19 നു് ഇറക്കിയ സന്നതിൽ '1912 കന്നിമാസം 2-ാം തീയതി' എന്നു കാണുന്നതു സുറിയാനി കലണ്ടറനുസരിച്ചാണെന്നു തോന്നുന്നു[16].

അബ്ദൽ മശിഹാ പാത്രിയർക്കീസ് കാതോലിക്കായെ വാഴിച്ചു കഴിഞ്ഞു് 1912 സെപ്തംബർ 27(1088 കന്നി. 12) നിരണത്തു പള്ളിയിൽനിന്നും ഒരു സന്നതു പുറപ്പെടുവിച്ചു. അതുകൊണ്ടു മാത്രം മലങ്കര സഭയ്ക്കു വീണ്ടും കാതോലിക്കായെ വാഴിക്കുവാൻ അവകാശം ലഭിച്ചില്ല എന്ന ആശങ്കയിലായിരിക്കണം നാലു മാസങ്ങൾക്കുശേഷം 1913 ഫെബ്രുവരി 19 നു (1088 കുംഭം 8) രണ്ടാമതൊന്നു കൂടി പുറപ്പെടുവിച്ചതു്[17]. ഒന്നാമത്തെ സന്നതിൽ 'ഈവാനിയോസിനെ ബസേലിയോസ് എന്ന നാമധേയത്തിൽ മപ്രിയാനായായി, കിഴക്കിന്റെയും അതായതു് ഇൻഡ്യയിലും മറ്റുമുള്ള മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്റെ കാതോലിക്കായായി നാം വാഴിച്ചിരിക്കുന്നു' എന്നും, കാതോലിക്കായ്ക്കു് 'മെത്രാപ്പോലീത്തന്മാരെയും എപ്പിസ്കോപ്പന്മാരെയും പട്ടം കെട്ടുവാനും പരിശുദ്ധ മൂറോൻ കൂദാശ ചെയ്യുവാനും' അധികാരമുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ടു്.

രണ്ടാം സന്നതിലും 'മപ്രിയാന അതായതു കാതോലിക്കാ' എന്നാണു പുതിയ സ്ഥാനിനെപ്പററി പരാമർശിച്ചിരിക്കുന്നതു്. 'കാതോലിക്കാ മെത്രാപ്പോലീത്തന്മാരോടുകൂടെ നമ്മുടെ പരിശുദ്ധ പിതാക്കന്മാരുടെ കാനോനാകൾക്കനുസരണമായിട്ടു് നിങ്ങൾക്കു മേല്പട്ടക്കാരെ വാഴിക്കയും വി. മൂറോൻ കൂദാശ ചെയ്കയും ചെയ്യും. കാതോലിക്കാ നിര്യാണം പ്രാപിക്കുമ്പോൾ അദ്ദേഹത്തിന്റെ സ്ഥാനത്തിൽ ഒരു കാതോലിക്കായെ വാഴിക്കാൻ നിങ്ങളുടെ മെത്രാന്മാർക്കു് അംഗീകാരവും അവകാശവും ഉണ്ടു്. ഇതിൽ നിന്നും നിങ്ങളെ വിരോധിപ്പാൻ ഒരുത്തനും അധികാരമില്ല. എന്നാൽ സകലവും ക്രമമായും പതിവുപോലെയും, മലങ്കര മെത്രാപ്പോലീത്തായാകുന്ന ദിവന്നാസ്യോസ് അദ്ധ്യക്ഷനായിരിക്കുന്ന കമ്മിററിക്കാരുടെ ആലോചനയോടുകൂടെയും ചെയ്യണം.' എന്നിങ്ങനെ കാതോലിക്കായുടെ അധികാര പരിധി നിശ്ചയിച്ചിട്ടുണ്ടു്.

തെഗ്രീസിലെ മപ്രിയാനേററാണു മലങ്കരയിൽ സ്ഥാപിക്കുന്നതെന്നു് അന്നു പൊതുവെ വിശ്വസിച്ചിരുന്നതെങ്കിലും, അക്കാര്യം സന്നതുകളിൽ വ്യക്തമായി രേഖപ്പെടുത്താതിരുന്നതു് എന്തുകൊണ്ടാണെന്നു വ്യക്തമല്ല, മപ്രിയാനേററു് പാത്രിയർക്കീസിനു വിധേയമായിരുന്ന ഒരു സ്ഥാനമാണെന്നുള്ള വാസ്തവം മനസ്സിലാക്കിയിരുന്നതുകൊണ്ടാണോ?

തെഗ്രീസിലെ മപ്രിയാനേററാണ് മലങ്കരയിൽ സ്ഥാപിക്കുന്നതെന്ന് അന്നു പൊതുവെ വിശ്വസിച്ചിരുന്നതെങ്കിലും, അക്കാര്യം സന്നതുകളിൽ വ്യക്തമായി രേഖപ്പെടുത്താതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമല്ല.........

ഒന്നാം കാതോലിക്കായുടെ ഭരണവും അന്ത്യകാലവും: അബ്ദൽ മശിഹാ നാട്ടിലെത്തുന്നുവെന്നു് അറിഞ്ഞയുടനെ സഭാനേതാക്കന്മാർ കണ്ടനാട്ടു് ഇടവകയുടെ മാർ ഈവാനിയോസിനെ കണ്ടു് കാ

---

15. ചേടിയത്തു്. op.cit. p.160-61
16. സുറിയാനി കണക്കനുസരിച്ചു 'കന്നി രണ്ടു്' എന്നു് O. M. ചെറിയാൻ പറയുന്നുണ്ടു് (p.68)
17. കല്പനകളുടെ സംക്ഷിപ്തരൂപം, പാറേട്ടു് IV, p. 457–61 രണ്ടാം കല്പനയുടെ പൂർണരൂപം O. M. ചെറിയാൻ അനുബന്ധമായി നൽകുന്നുണ്ടു് (p.77–79)

തോലിക്കാസ്ഥാനം സ്വീകരിക്കണമെന്ന് അപേക്ഷിച്ചു. വൃദ്ധനും രോഗിയുമായ താൻ അധികം താമസിയാതെ കാലഗതി പ്രാപിക്കുവാനിടയുള്ളതുകൊണ്ട് കല്ലാശ്ശേരി പുന്നൂസ് റമ്പാനെ (പിന്നീട് മൂന്നാം കാതോലിക്കാ) വാഴിക്കുന്നതായിരിക്കും നല്ലതെന്ന് അദ്ദേഹം നിർദേശിച്ചു. സ്വന്തം നാട്ടുകാരനായ കോനാട്ട് മാത്തൻ മല്പാനും, അനുയായികളും ശക്തമായി എതിർക്കുമെന്ന് അറിയാമായിരുന്നു എങ്കിലും, മാർ ഈവാനിയോസ് സ്ഥാനമേൽക്കുവാൻ സമ്മതിച്ചു. സ്ഥാനാരോഹണത്തിനുശേഷം അദ്ദേഹം പങ്കെടുത്ത പ്രധാന ചടങ്ങ് ചെങ്ങന്നൂർ പള്ളിയിൽ നടന്ന 1913 മകരം 26 ന്, അബ്ദൽ മശിഹാ പാത്രിയർക്കീസിന്റെ കൂടെ യുയാക്കീം മാർ ഈവാനിയോസ് ഗീവറുഗീസ് മാർ പീലക്സിനോസ് (രണ്ടാം കാതോലിക്കാ) എന്നിവരുടെ വാഴ്ചയായിരുന്നു. കാതോലിക്കാ സ്ഥാനമേററ് ഏഴ് മാസങ്ങാംക്കുശേഷം 1088 (1913) മേടം 19 നു പാമ്പാക്കുട ചെറിയ പള്ളിയിൽവെച്ച് അദ്ദേഹം കാലം ചെയ്യുകയും പിറെറ ദിവസം (മേടം 20) അവിടെത്തന്നെ കബറടക്കപ്പെടുകയും ചെയ്തു.

Best Compliments from:

Aynavaram Prayer Group, Madras

Cheru I. Pulikottil, Madras

M. V. Chacko, Madras

K. O. Chacko, Madras

ഡോ. സാമുവൽ ചന്ദനപ്പള്ളി

1925 ഏപ്രിൽ 30 നു വ്യാഴാഴ്ച നിരണം സെൻറ് മേരീസ് പള്ളിയിൽ ബസേലിയോസ് ഗീവറുഗീസ് പ്രഥമൻ കാതോലിക്കായായി വാഴിക്കപ്പെട്ടു. മലങ്കര മെത്രാപ്പോലീത്തായും, അഭിനവ കാതോലിക്കായും തോളോടു തോൾ ചേർന്നു നിന്നുകൊണ്ടു സഭാഭരണത്തിൽ നവമാനങ്ങൾ സൃഷ്ടിച്ചു. വള്ളിക്കാട്ട് ദയറാ വേദാഭ്യസന................

രണ്ടാം കാതോലിക്കാ മുതൽ അഞ്ചാം കാതോലിക്കാ വരെ

ആയിരത്തിത്തൊള്ളായിരത്തി പന്ത്രണ്ടിൽ മലങ്കരയിൽ കാതോലിക്കേററ് പുനഃസ്ഥാപിച്ചു. സഭയുടെ സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനക്കല്ലെന്നാണ് അബ്ദേദ് മിശിഹാ പാത്രിയർക്കീസ് ഇതിനെ വിശേഷിപ്പിച്ചത്. 'മലങ്കരയുള്ള നമ്മുടെ സഭ നമ്മുടെ കർത്താവേശു മിശിഹായുടെ പന്ത്രണ്ട് അപ്പൊസ്തലന്മാരിൽ ഒരാളായ വിശുദ്ധ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിക്കപ്പെട്ടതാണെന്നും, ഇവിടെ എല്ലാക്കാലത്തും അപ്പോസ്തോലിക കൈവെപ്പ് എന്നെന്നേക്കും നിലനില്ക്കത്തക്ക വിധത്തിൽ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനം ഇവിടെ സ്ഥാപിക്കുന്നതിനു സംഗതിയാക്കിയിരിക്കുന്നുവെന്നും' അദ്ദേഹം പ്രഖ്യാപിച്ചു. ആ സിംഹാസനത്തിന്റെ പരമാദ്ധ്യക്ഷന്മാരായ പരിശുദ്ധ പിതാക്കന്മാരുടെ ജീവിത ചരിത്രത്തിന്റെ രേഖാചിത്രമാണ് ഇവിടെ വിവരിക്കുന്നത്.

കാതോലിക്കേററിന്റെ പുനഃസ്ഥാപനത്തിനു ശേഷം പ്രഥമ കാതോലിക്കായായി അഭിഷിക്തനായതു മുറിമററത്തിൽ മാർ ബസേലിയോസ് പൗലൊസ് പ്രഥമനാണ്. 1912 സെപ്റ്റംബർ 15 നായിരുന്നു അദ്ദേഹം കാതോലിക്കാ സ്ഥാനം ഏററത്, 1913 മെയ് രണ്ടിനു കാലം ചെയ്തു.

Best Compliments from:

★

TNGST 264179 / 1-7-70
CST 278839 / 1-7-57

Phone: Office: 25438
Resi: 33417

BOOK TRADING CO.

899, RAJA STREET
COIMBATORE-1

Best Compliments from:

C·S·T·R·C· No. 278983 Dt. 1-1-84
T·N·G·S·T·R·C· No. 220704

Shop : 23843
Godown : 26619
Res. : 23843

K. I. EDWY
Proprietor

K. V. Poulose & Son

Note Books & Paper Merchants

765, RAJA STREET, COIMBATORE-1

രണ്ടാം കാതോലിക്ക:
വള്ളിക്കാട്ടു മാർ ബസേലിയോസ് ഗീവറുഗീസ് പ്രഥമൻ ബാവാ

കോട്ടയം, വാകത്താനം വള്ളിക്കാട്ട കാരുചിറയിൽ പുന്നച്ചന്റെയും ഉണിച്ചിയമ്മയുടെയും പുത്രനായി 1870 ജനുവരി 13 നു്, ജനിച്ചു. ഗീവറുഗീസ് എന്നായിരുന്നു പേർ. കുടുംബാംഗമായ കളപ്പുരയ്ക്കൽ പൗലൊസ് കത്തനാരിൽ നിന്നു വൈദിക വിദ്യാഭ്യാസത്തിന്റെ പ്രാഥമിക പാഠങ്ങൾ അഭ്യസിച്ചു. 1886 ജൂൺ 13-നു കടവിൽ മാർ അത്താനാസ്യോസിൽനിന്നു ശെമ്മാശ പട്ടം സ്വീകരിച്ചു. ഉപരി പഠനത്തിനായി കോട്ടയം പഴയ സെമിനാരിയിൽ ചേർന്നു. വട്ടശ്ശേരിൽ ഗീവറുഗീസ് മല്പാന്റെയും ശിക്ഷ കോനാട്ട മാത്തൻ മല്പാന്റെയും ശിക്ഷണത്തിൽ വളർന്ന ശെമ്മാശൻ, അനിതരസാധാരണമായ ബുദ്ധി വൈഭവവും നേതൃത്വവാസനയും പ്രകടമാക്കി. സെമിനാരി പഠനം പൂർത്തിയാക്കിയ ശെമ്മാശൻ കടവിൽ മാർ അത്താനാസ്യോസിന്റെ പ്രൈവററു സെക്രട്ടറിയായി നിയമിതനായി. തിരുമേനിയോടൊപ്പം മലങ്കരയിലെ മിക്ക പള്ളികളും സന്ദർശിച്ചു. അനന്തരം വിജ്ഞാനാർജ്ജനത്തിൽ അതീവ താത്പര്യം കാട്ടിയിരുന്ന ശെമ്മാശൻ പള്ളം സി. എം. എസ്. ഹൈസ്കൂളിൽ ചേർന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസം തുടർന്നു. ഒരു വർഷം മാത്രമെ പഠനം നീണ്ടുനിന്നുള്ളു. കടവിൽ മാർ അത്താനാസ്യോസ്, പരുമല മാർ ഗ്രീഗോറിയോസ് എന്നിവർ സിലോൺ യാത്ര നടത്തിയപ്പോൾ, ശെമ്മാശനും സംഘത്തിലൊരംഗമായിരുന്നു. 1896 ഓഗസ്റ്റ് 11-നു് കശ്ശീശായായി. ഓഗസ്റ്റ് 21നു റമ്പാനും. മലങ്കര സഭയുടെ പൊതു ധാരയിൽ ലയിച്ച് സമർപ്പണ ബോധത്തോടെ പ്രവർത്തിക്കാൻ തയ്യാറാകുന്ന ഗീവറുഗീസ് റമ്പാനെയാണു തുടർന്നു നാം കാണുന്നതു്. കടവിൽ തിരുമേനിയുമായുള്ള സമ്പർക്കം അതിനു പകരിച്ചു. 18 വർഷം അദ്ദേഹത്തോടൊപ്പം കഴിഞ്ഞു. പ്രായോഗിക ബുദ്ധിയോടെ എല്ലാററിനെയും നോക്കിക്കാണാനും, നേതൃത്വം കൊടുക്കാനും റമ്പാൻ സമർത്ഥനായിരുന്നു.

റമ്പാന്റെ വ്യക്തി ജീവിതത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തിയിരുന്ന കളപ്പുരയ്ക്കലച്ചന്റെയും പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെയും ദേഹവിയോഗം, ഒരാഘാതമായി അനുഭവപ്പെട്ടു. ആലുവായിൽ അത്താനാസ്യോസ് തിരുമേനിയെ ശുശ്രൂഷിച്ചും അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ പ്രാവർത്തികമാക്കിയും അവിടെ കഴിഞ്ഞു. ആലുവാ കേന്ദ്രമാക്കി ഒരു സഭാ കേന്ദ്രം ഉണ്ടായില്ലല്ലോ എന്ന ചിന്ത തിരുമേനിയെ അലട്ടിക്കൊണ്ടിരുന്നു. ഗുരുവിന്റെ അന്ത്യാഭിലാഷം സാധിതമാക്കാൻ ശിഷ്യൻ തയ്യാറായി. അരമന നിർമാണക്കമ്മിററിയുടെ പ്രസിഡന്റായി പ്രവർത്തിച്ച റമ്പാൻ, നിശ്ചിത സമയത്തിനുള്ളിൽ പണി പൂർത്തീകരിച്ചു. കടവിൽ തിരുമേനി കൂദാശാ കർമം നിർവഹിച്ചു സന്തുഷ്ടനായി. ഏറെ താമസിയാതെ ആ പുണ്യപിതാവ് ഇഹലോകവാസം വെടിഞ്ഞു. കാരുചിറ ഗീവറുഗീസ് റമ്പാൻ ദുഃഖിതനും നിശബ്ദനുമായി. ഏകാകി

With the Best Compliments from:

Telegram:
"STEAM" Calcutta

ESTD: 1908

Telephones:
Cal. Branch 25-5292, 25-0323, 25-1045
Telex: SNCI 2581

★

SOOR, NEOGI, COOMAR & Co. Pvt. Ltd.

WHOLE SALERS OF SANITARY-WARE & TUBE-WELL REQUISITE
DEALERS IN: (GAS, STEAM & BOILER) REGID P.V.C. PIPES AND FITTING

Head Office:
39, College Street, Calcutta-73

Calcutta Branch Office:
2, Raja Woodmunt Street, Calcutta-1

★

യായിപ്പോയിയെന്നൊരു തോന്നൽ. തിരുമേനിയെ കൂടാതെ ആലുവായിൽ കഴിയാൻ പ്രയാസം. അവിടെ താമസിക്കണമെന്ന ചിന്തപോലുമില്ലെന്നായി. ജീവിതത്തിൻെറ സിംഹഭാഗവും ചിലവഴിച്ച ആലുവ സെമിനാരിയോട് താത്ക്കാലികമായി വിടപറഞ്ഞു.

മലങ്കരയിൽ പുനഃസ്ഥാപിച്ച കാതോലിക്കേററിൻെറ സുസ്ഥിരതയ്ക്കും ഭരണക്രമീകരണത്തിനും അഭിനവ മെത്രാന്മാർ ആവശ്യമെന്നു കണ്ടപ്പോൾ ഗീവറുഗീസ് റമ്പാനെയും, കരോട്ടു വീട്ടിൽ യുയാക്കീം റമ്പാനെയും മേല്പട്ട സ്ഥാനത്തേക്ക് ഉയർത്താൻ പരിശുദ്ധ സിനഡ് തീരുമാനിച്ചു. ചെങ്ങന്നൂർ പഴയ സുറിയാനിപ്പള്ളിയിൽ 1913 ഫെബ്രുവരി 9–ാം തീയതി സ്ഥാനാഭിഷേക ചടങ്ങുകൾ നടന്നു. ഗീവറുഗീസ് റമ്പാൻ മാർ പീലക്സീനോസ് എന്ന പേരിൽ അഭിഷിക്തനായി. 44–ാമത്തെ വയസ്സിൽ മെത്രാപ്പോലീത്തായായി അദ്ദേഹം. കോട്ടയം അങ്കമാലി ഭദ്രാസനങ്ങളുടേ അധിപനായി അവരോധിക്കപ്പെട്ടു.

സഭാന്തരീക്ഷത്തിൽ വീണ്ടും പ്രതിസന്ധി സംജാതമായി. മലങ്കരയിൽ പുനഃസ്ഥാപിക്കപ്പെട്ട കാതോലിക്കേററ് അനാഥമാകാതിരിക്കാൻ നേതാക്കന്മാർ ഗൗരവപൂർവം ആലോചനകൾ ആരംഭിച്ചു. കല്ലാശ്ശേരിൽ മാർ ഗ്രീഗോറിയോസ്, കാരുചിറ മാർ പീലക്സീനോസ് എന്നിവരിലാരെങ്കിലും കാതോലിക്കാ സ്ഥാനം ഏറെറടുക്കാൻ മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ തിരുമേനി നിർബന്ധിച്ചുവെങ്കിലും, അവർ ഒഴിഞ്ഞുമാറി. അവസാനം രണ്ടുപേരുടെയും പേരെഴുതി, ചീട്ടിട്ടു. ചീട്ടു മാർ പീലക്സീനോസ് തിരുമേനിക്കു തന്നെ വീണു. 'ഇത്രമാത്രം ഉയർന്ന പദവിക്കു താൻ എത്ര നിസ്സാരൻ' എന്നു ചിന്തിച്ച തിരുമേനി വീണ്ടും കാതോലിക്കാ സ്ഥാനത്തുനിന്നും ഒഴിഞ്ഞുമാറാൻ പല വഴിയിലൂടെ ശ്രമിച്ചു. പക്ഷേ സഭയുടെ സംഘർഷ കലുഷിതമായ അന്തരീക്ഷവും, സഹോദര മെത്രാപ്പോലീത്തന്മാരുടെ സ്നേഹോഷ്മളമായ നിർബന്ധവും, അത്മായ പ്രമുഖന്മാരായ സഭാംഗങ്ങളുടെ അകളങ്കമായ സ്നേഹവും ആ മുനിശ്രേഷ്ഠനെ ധർമ്മസങ്കടത്തിലാക്കി. ദൈവനിയോഗം നടക്കട്ടെ എന്നദ്ദേഹം ആശ്വസിച്ചു. ഇതിനോടകം നിരണത്തു ചേർന്ന മലങ്കര അസോസിയേഷൻ മാർ പീലക്സീനോസ് തിരുമേനിയെ കാതോലിക്കാ സ്ഥാനത്തേക്ക് ഏകകണ്ഠമായി ശുപാർശ ചെയ്തപ്പോൾ, മലങ്കര സഭാംഗങ്ങൾ സന്തുഷ്ടമാനസരായി.

1906–ൽ രണ്ടാം കാതോലിക്കാ റമ്പാനായിരുന്ന കാലത്തു പ്രസിദ്ധീകരിച്ച 'സഭാ പഞ്ചാംഗം' അമൂല്യമായ ഒരു ചരിത്രരേഖയാണ്. മുഖവുരയിൽ അദ്ദേഹമെഴുതുന്നു; 'മററുള്ള സഭകൾക്കും സമുദായങ്ങൾക്കും ഉള്ളതുപോലെ നമ്മുടെ സഭയ്ക്കും പ്രതിവർഷം.....

1925 ഏപ്രിൽ 30 നു വ്യാഴാഴ്ച നിരണം സെൻറ് മേരീസ് പള്ളിയിൽ ബസ്സേലിയോസ് ഗീവറുഗീസ് പ്രഥമൻ കാതോലിക്കായായി വാഴിക്കപ്പെട്ടു. മലങ്കര മെത്രാപ്പോലീത്തായും, അഭിനവ കാതോലിക്കായും തോളോടു തോൾ ചേർന്നു നിന്നുകൊണ്ടു സഭാഭരണത്തിൽ നവമാനങ്ങൾ സൃഷ്ടിച്ചു. വള്ളിക്കാട്ട് ദയറ വേദാഭ്യസനശാലയായി രൂപാന്തരപ്പെട്ടു. നിരവധി ദേവാലയങ്ങൾ അദ്ദേഹം സ്ഥാപിച്ചു. അഭ്യസ്തവിദ്യരെ സഭാസേവനത്തിനായി പിടിച്ചുകയററി. കഠിനാദ്ധ്വാനത്തിലൂടെ എന്തും നേടിയെടുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു.

അടുക്കും ചിട്ടയുമുണ്ടായിരുന്നു ആ ജീവിതത്തിന്. അദ്ദേഹത്തിൻെറ ഡയറിക്കുറിപ്പുകൾ അതു വ്യക്തമാക്കുന്നു. പ്രാചീന

Best Compliments from:

Kerala Reinforced Plastics

Rubber Board (P. O.)
Puthuppally
Kottayam, Kerala

Specialist in Various FRP
Products for Chemical Industries
Domestic application and FRP
Natural draft Cooling Towers

Partners **P. A. Varghese**
Biji Mon P. Joy

Best Compliments from:

Phone Office : 74409
Resi : 74254

Barath Bright Bars

Manufacturers of: **BRIGHT BARS**

29, Kallimadai Road ☐ Singanallur ☐ Coimbatore-641 005

ദയറാക്കാരെപ്പോലെ വേണ്ട വസ്ത്രങ്ങളെല്ലാം— കാൽക്കുപ്പായം, കമ്മീസ്, ശുശ്രൂഷക്കുപ്പായം, ചുവന്ന ളോഹ, മസ്നപ്സ, കാപ്പ— സ്വയം തുന്നിയെടുക്കുകയായിരുന്നു പതിവ്. സ്വന്തമായി ഒരു മെഷീൻ വരെയുണ്ടായിരുന്നു അദ്ദേഹത്തിന്. ഒന്നും നിസ്സാരമായി കരുതിയിരുന്നില്ല ആ താപസശ്രേഷ്ഠൻ. പഴയ പാത്രങ്ങൾ, വെട്ടുതുണികൾ, ഇവയൊക്കെ അദ്ദേഹം ശേഖരിച്ചു വച്ചിരിക്കുന്നതു കണ്ടാൽ അദ്ഭുതപ്പെടും. എല്ലാററിനും ആവശ്യമുണ്ടെന്നാണ് വിശ്വാസം. ഈശ്വര സൃഷ്ടിയിലും മനുഷ്യ സൃഷ്ടിയിലും അപ്രധാനമായി ഒന്നുമില്ലെന്ന ചുരുക്കം. എല്ലാററിലും ജീവചൈതന്യം സ്പന്ദിക്കുന്നു. ആശാരിപ്പണിയിലും കല്പണിയിലും അദ്വിതീയനായിരുന്ന ബാവാ തിരുമേനി. മട്ടം, ചിന്തേര്, മുഴക്കോല് ഇവയെല്ലാം വിദഗ്ദ്ധമായി കൈകാര്യം ചെയ്തിരുന്നു. ഈ ഉപകരണങ്ങളെല്ലാം ഇന്നും വള്ളിക്കാട്ടു ദയറായിൽ നിധിപോലെ സൂക്ഷിക്കുന്നു. വരവുചെലവു കണക്കുകൾ കൃത്യമായി സൂക്ഷിക്കുക, പൊതുമുതലിൽ വിശ്വസ്തത പാലിക്കുക, അഗതികൾക്കും അനാഥർക്കും ആവുന്നത്ര സഹായധനം നല്കുക, നിർമ്മലരായ പിഞ്ചുകുഞ്ഞുങ്ങൾക്കു പലഹാരങ്ങളും മിഠായികളും കൊടുക്കുക, ഇവയൊക്കെ ആ വ്യക്തിത്വത്തിൻെറ ഉദാര രമണീയ വശങ്ങളായിരുന്നു.

1906—ൽ രണ്ടാം കാതോലിക്കാ റമ്പാനായിരുന്ന കാലത്തു പ്രസിദ്ധീകരിച്ച 'സഭാ പഞ്ചാംഗം' അമൂല്യമായ ഒരു ചരിത്രരേഖയാണ്. മുഖവുരയിൽ അദ്ദേഹമെഴുതുന്നു: 'മററുള്ള സഭകൾക്കും സമുദായങ്ങൾക്കും ഉള്ളതുപോലെ നമ്മുടെ സഭയ്ക്കും പ്രതിവർഷം ഒരു പഞ്ചാംഗം വേണമെന്നു നമ്മിൽ മാന്യന്മാരായ എല്ലാവർക്കും ആഗ്രഹമുള്ളതായി അറിയുന്നതിനാൽ പരീക്ഷണാർത്ഥം ഒന്നു പ്രസിദ്ധീകരിക്കുന്നു.' സഭാ സംബന്ധമായി കിട്ടാവുന്ന വിവരങ്ങൾ ഗ്രന്ഥത്തിലുൾക്കൊള്ളിച്ചിട്ടുണ്ട്.

ദ്രവ്യത്തെക്കാളധികം ദൈവത്തെയും ശരീരത്തെക്കാളധികം ആത്മാവിനെയും

ആദരിച്ചിരുന്ന അദ്ദേഹം, കരുണാമയനും കനിവിന്നുറവിടവുമായിരുന്നു. സഭാചരിത്രത്തിൽ സംഘർഷപൂരിതമായ ഒരന്തരീക്ഷത്തിൽ, അക്ഷോഭ്യനും, ആദർശധീരനുമായി നിലയുറപ്പിച്ചു.

നെയ്യൂർ ആശുപത്രിയിൽവച്ച് ഒരു ഓപ്പറേഷനെ തുടർന്നു 1928 ഡിസംബർ 16—ാം തീയതി ഇഹലോകവാസം വെടിഞ്ഞു. വള്ളിക്കാട്ടു ദയറായിൽ അന്ത്യവിശ്രമം കൊള്ളുന്നു.

മൂന്നാം കാതോലിക്കാ: മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ

മലങ്കരയിലെ മൂന്നാം കാതോലിക്കായായ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻെറ ജീവചരിത്രത്തെ മൂന്നു ഘട്ടങ്ങളായി തിരിക്കാം. 1886—1929 വരെയാണു പ്രഥമ ഘട്ടം. ശെമ്മാശൻ, വൈദികൻ, റമ്പാൻ, മെത്രാപ്പോലീത്താ എന്നീ നിലകളിൽ സഭയുടെ അടിസ്ഥാന വിശ്വാസങ്ങളിൽ അവഗാഹം നേടുകയും, ഒരു യഥാർത്ഥ നേതാവിനു വേണ്ട ഗുണങ്ങൾ ആർജിക്കുകയും വലിയൊരു സമൂഹത്തിനു ധീരോജ്വല നേതൃത്വം കൊടു

Flexible Packaging from

GUARDIAN PLASTICOTE

20 Years

Quality
Capacity
Total service
You can depend on

WITH AMERICAN COLLABORATION

INDIA

GUARDIAN PLASTICOTE LTD

A 1 - 2105/III PHASE, G. I. D. C. VAPI-396 195 (GUJARAT)

CABLE: EXTRULAM TELEX: 183 215 GPL IN Phone: 1738

ക്കാൻ അണിയറയിൽ അണിഞ്ഞൊരുങ്ങുകയും ചെയ്യുന്ന ഒരു വ്യക്തിയെയാണ് ഈ ഘട്ടത്തിൽ കാണുന്നത്. 1929–1958 വരെയാണു ദ്വിതീയ ഘട്ടം. 1929–ൽ തിരുമേനി പൗരസ്ത്യ കാതോലിക്കായായി അവരോധിക്കപ്പെട്ടു. 1934–ൽ മലങ്കര മെത്രാപ്പോലീത്തായായും. സഭയുടെ അസ്തിത്വവും ആസ്തിയും ചോദ്യം ചെയ്യപ്പെട്ടുകൊണ്ടു സമുദായക്കേസ് ആവിർഭവിച്ചു. അടിക്കടിയുണ്ടായ കേസിന്റെ തോൽവി ജനങ്ങളിൽ മോഹഭംഗവും പ്രതിഷേധവും ഉരുത്തിരിയാൻ തുടങ്ങിയപ്പോൾ, അവരെ കർമ്മോജ്വലരാക്കാൻ ബാവാ തിരുമേനിയുടെ പാണ്ഡിത്യത്തിനും പക്വതയ്ക്കും പവിത്രജീവിതത്തിനും കഴിഞ്ഞു. ആപത് ഘട്ടങ്ങളിൽ അസ്വസ്ഥനാകാതെ, സഭാ പരിത്യാഗം ചെയ്യാതെ, ദൗത്യനിർവഹണത്തിൽ ദൃഢചിത്തനായി നിന്ന തിരുമേനി അവസാനം വിജയകിരീടമണിഞ്ഞു. 1958–ൽ സുപ്രീം കോടതി വിധിയിലൂടെ അന്തിമ വിജയം നേടിയപ്പോൾ അദ്ദേഹം അഹങ്കരിച്ചില്ല. അമിതാഹ്ലാദ ചിത്തനാകാതെ ദൈവ തിരുമുമ്പാകെ നമ്രശിരസ്കനായി. എല്ലാം അവിടത്തെ പാദാന്തികത്തിലർപ്പിച്ചു തൃപ്പടിദാസനായി. സംഭവബഹുലവും കർമ്മനിരതവും ആയ ദ്വിതീയ ഘട്ടത്തിനു 1958–ൽ തിരശ്ശീല വീഴുന്നു. ശാശ്വത സമാധാനത്തിന്റെ ശാദ്വലഭൂമിയിൽ നിന്നുകൊണ്ടു പ്രത്യാശാപൂർവം സ്വജനങ്ങളെ നോക്കിക്കാണാൻ ശ്രമിക്കുന്നു. 1958–64 വരെയുള്ള തൃതീയ ഘട്ടത്തിൽ ഋഷി തുല്യനായ കാതോലിക്കാ ബാവാ സഭയെ നിയമബദ്ധമാക്കി. ഭരണഘടനയുടെ പശ്ചാത്തലത്തിൽ മലങ്കര അസ്സോസിയേഷൻ പ്രാബല്യത്തിൽ വന്നു. പിൻഗാമിയായി ഒരു മെത്രാപ്പോലീത്തായെ തെരഞ്ഞെടുത്തു സഭാചരിത്രത്തിൽ പുതിയ കീഴ്‌വഴക്കങ്ങൾ സൃഷ്ടിച്ചു. ആഗോള സഭാ ചരിത്രത്തിൽ മലങ്കര സഭ പുതിയൊരദ്ധ്യായത്തിനു് അവകാശിയായി. തൊണ്ണൂറു വർഷത്തെ ജീവിതാനുഭവങ്ങളും വിജ്ഞാനസമ്പത്തും സംഭാവന ചെയ്ത അനർഘാശയങ്ങൾ ഉൾക്കൊള്ളിച്ചു ചേതോഹരവും ഹൃദയസ്പർശിയുമായ അന്ത്യകല്പനകൾ രൂപം നൽകി പിൻഗാമികളെ ഏല്പിച്ചിട്ടു 1964 ജനുവരി മൂന്നിനു പിതൃസന്നിധിയിലേക്കു കടന്നുപോയ മലങ്കരയുടെ 'വലിയ ബാവാ' സഭാ ചരിത്രത്തിലെ നവോത്ഥാനത്തിന്റെ മഹാശില്പിയായിരുന്നു.

കോട്ടയം ജില്ലയിലെ കുറിച്ചി കല്ലാച്ചേരി കുടുംബത്തിൽ 1874 ജൂൺ 16 നു്, ഉലഹന്നാന്റെയും നൈത്തിയുടെയും പുത്രനായി ജനിച്ച ബാവാ തിരുമേനി പുന്നൂസ് എന്ന പേരിലാണു ബാല്യകാലത്ത് അറിയപ്പെട്ടിരുന്നത്. പരുമല മാർ ഗ്രീഗോറിയോസിന്റെയും, വട്ടശ്ശേരിൽ ഗീവറുഗീസ് മല്പാന്റെയും ശിഷ്യനായി വൈദിക വിദ്യാഭ്യാസം തുടങ്ങിയ പുന്നൂസ്, ഇതിനിടെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനും സമയം കണ്ടെത്തിയിരുന്നു, 1892 മെയ് 24–നു പുന്നൂസ് പൂർണ്ണ ശെമ്മാശനായി. 1898 നവംബർ 26–ാം തീയതി, വൈദിക പട്ടവും മൂന്നു ദിവസം കഴിഞ്ഞു റമ്പാൻ സ്ഥാനവും സ്വീകരിച്ചു പുന്നൂസ് റമ്പാൻ, കടമ്പനാട്ടു പള്ളിയിൽ താമസിച്ചു തെക്കൻ ഭദ്രാസനങ്ങളുടെ ഭരണകാര്യങ്ങളിൽ വ്യാപൃതനായി. രഹസ്യപ്രാർത്ഥന, സഹദേന്മാരുടെ ചരിത്രം, പറുദൈസ തുടങ്ങിയ ഗ്രന്ഥങ്ങൾ ഇക്കാലയളവിൽ രചിച്ചു. പരുമല മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ രോഗബാധിതനായപ്പോൾ, ശിഷ്യനായ പുന്നൂസ് റമ്പാൻ അവിടെ ഓടിയെത്തി ഗുരുശുശ്രൂഷയിൽ വ്യാപൃതനായി. തിരുമേനി കാലം ചെയ്തപ്പോൾ, സെമിനാരിയുടെ ചുമതല ഏറ്റെടുത്തു. പ. പരുമല തിരുമേനി തുടങ്ങിവച്ച സഭാകാര്യങ്ങൾ അദ്ദേഹം പൂർത്തീകരിച്ചു. 1908–ൽ വിശുദ്ധ നാട്ടു സന്ദർശിച്ച് അനുഗ്രഹങ്ങൾ പ്രാപിച്ചു. 1912 സെപ്തംബർ 10–നു് പരുമല വച്ചു പുന്നൂസ് റമ്പാച്ചനെ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്താ പദവിയിലേക്കു് ഉയർത്തി. 1912–ൽ കൊല്ലം, നിരണം ഭദ്രാസനങ്ങളുടെ ഭരണാധിപനായി കുണ്ടറ ആസ്ഥാനമാക്കി പ്രവർത്തനങ്ങളാരംഭിച്ചു. 1912–ൽ അബ്ദേദ് മ്ശിഹാ പാത്രിയർക്കീസ് മലങ്കരയിൽ പൗര

Best Compliments from:

RAJU P. DANIEL,

CALCUTTA

George Panickar and Family

Zachariah Mathew &
Family

E. J. KOSHY & FAMILY

C. GEORGE & FAMILY

★

സ്വന്തവും ചിന്താബന്ധുരവുമായ ഒരു ജീവിതദർശനം കേരളീയ സമൂഹത്തിനു നല്കിയ മാർ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ഇരുപതാം നൂററാണ്ടു ദർശിച്ച അപൂർവ പ്രതിഭകളിൽ ഒരാളായിരുന്നു. ഓർത്തഡോക്സ് സഭയെ രാജ്യത്തിന്റെ പൊതുധാരയിലേക്കു കൊണ്ടുവരാനും, ഇരുപതാം നൂററാണ്ടിലെ പരിഷ്കൃത സമൂഹത്തിന്റെ പക്വതയാർന്ന വീക്ഷണം അവരിലേക്കു........

സ്ത്യ കാതോലിക്കാ സിംഹാസനം പുന:സ്ഥാപിച്ചപ്പോഴം ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അതിന്റെ മുന്നണിപ്പടയാളികളിൽ ഒരാളായി മാറി. ഒന്നും രണ്ടും കാതോലിക്കാമാരുടെ അഭിഷേക കർമ്മത്തിനും, സ്ഥാനാരോഹണ ശുശ്രൂഷകൾക്കും സജീവ പങ്കാളിത്തം വഹിച്ച മാർ ഗ്രീഗോറിയോസ് തിരുമേനി എല്ലാ വേദികളിലും നിറഞ്ഞുനിന്നു. 1929 ഫെബ്രുവരി 15–ാം തീയതി പൗരസ്ത്യ കാതോലിക്കായായി. അനന്തരം മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ എന്ന പേരിൽ അറിയപ്പെട്ടു.

സ്വന്തവും ചിന്താബന്ധുരവുമായ ഒരു ജീവിതദർശനം കേരളീയ സമൂഹത്തിനു നല്കിയ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ഇരുപതാം നൂററാണ്ടു ദർശിച്ച അപൂർവ പ്രതിഭകളിൽ ഒരാളായിരുന്നു. ഓർത്തഡോക്സ് സഭയെ രാജ്യത്തിന്റെ പൊതുധാരയിലേക്കു കൊണ്ടുവരാനും, ഇരുപതാം നൂററാണ്ടിലെ പരിഷ്കൃത സമൂഹത്തിന്റെ പക്വതയാന്ന വീക്ഷണം അവരിലേക്കു സംക്രമിപ്പിക്കുവാനും മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയന്റെ അനുസ്യൂതവും അചുംബിതവുമായ ആശയങ്ങൾക്കു കഴിഞ്ഞു. യഥാർത്ഥത്തിൽ മലങ്കര സഭയുടെ 'തിയോളജി'യും 'ഫിലോസോഫി'യും രൂപം കൊള്ളുന്നതു് അദ്ദേഹത്തിന്റെ സുദീർഘ ഭരണകാലത്താണ്. വിവാദാസ്പദങ്ങളായ വിശ്വാസ സത്യങ്ങളെക്കുറിച്ചു് അസന്ദിഗ്ദ്ധങ്ങളായ അഭിപ്രായങ്ങൾ അദ്ദേഹം അവതരിപ്പിച്ചിട്ടുണ്ട്. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനാ, പരിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥ പ്രാത്ഥന, ആചാര്യന്മാരുടെ പാപമോചനാധികാരം, ദൈവമാതാവിനോടുള്ള ഭക്തി, വിശ്വാസ വിപരീതികളുമായുള്ള സംസർഗ്ഗം, കാതോലിക്കേററിന്റെ പൗരാണികത്വം എന്നിങ്ങനെ അനവധി വിഷയങ്ങളെക്കുറിച്ചുള്ള ഓത്തഡോക്സ് വീക്ഷണം അരക്കിട്ടുറപ്പിക്കുന്നതു അദ്ദേഹമാണ് അത്മായ പൗരുഷത്തെ സഭയുടെ ശക്തിദുർഗ്ഗമാക്കി രൂപാന്തരപ്പെടുത്തിയ അജയ്യ നേതാവായിരുന്ന മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ. സഭയുടെ ബഹുമുഖ വളർച്ചക്കു സ്വയത്തെയും, സ്വത്തിനേയും തൃണവൽഗണിച്ച ഉന്നത ശ്രേണി മുതൽ തൃണമൂലതലം വരെയുള്ള അത്മായർ അത്യദ്ധ്വാനം ചെയ്ത കാലഘട്ടവും ഇതുതന്നെ. കാതോലിക്കോസിന്റെ ഇരുവശങ്ങളിലും സൈന്യം കണക്കെ സഭാംഗങ്ങളും വൈദികരും നിരന്നു നീങ്ങുന്ന അപൂർവ ദൃശ്യങ്ങൾ എവിടെയും കാണാമായിരുന്നു.

സഭാ ഗാത്രത്തിന്റെ സന്തുലിതാവസ്ഥയ്ക്കു് ആഭ്യന്തരവും ബാഹ്യവുമായ പ്രവർത്തനങ്ങൾ ആവശ്യം ആവശ്യമാണെന്നു ബോദ്ധ്യപ്പെട്ടിരുന്ന കാതോലിക്കാ ബാവാ അവയ്ക്കൊരു പൊതുപ്രവർത്തന ശൈലി സംഭാവന ചെയ്തു. സഭയിലുണ്ടായിരുന്ന വിവിധ ആധ്യാത്മിക സംഘടനകളെ സഭാകേന്ദ്രവുമായി ബന്ധിപ്പിച്ച നിയമബദ്ധമാക്കി. സഭയിലെ ഭാവിതലമുറയുടെ വിഹാരവേദിയായ സൺഡേസ്കൂൾ പ്രസ്ഥാനത്തിൽ അർപ്പണ മനോഭാവത്തോടുകൂടി പ്രവർത്തിക്കുവാൻ തയ്യാറുള്ള അദ്ധ്യാപകരുണ്ടാകണമെന്നു ഉദ്ബോധിപ്പിച്ചുകൊണ്ടു മെത്രാപ്പോലീത്താ പദവിയിലെത്തിയതിനുശേഷം പുറപ്പെടുവിച്ച കല്പന ഒരമൂല്യ രേഖയാണ്.

Best Compliments from:

V. K. VARGHESE

VASANTHKUNJU

NEW DELHI

സമകാലീന കേരള ചരിത്രത്തിലെ സുപ്രധാന സംഭവങ്ങളുമായി സാമ്യം പ്രാപിക്കുവാനല്ലാതെ, അവയ്ക്കെതിർ നില്ക്കാൻ ബാവാ തിരുമേനി ഇഷ്ടപ്പെട്ടില്ല. മലയാളികളുടെ ചിരകാല സ്വപ്നമായ കേരളപിറവി ദിനത്തിൽ സമസ്ത കേരളീയർക്കുമായി അദ്ദേഹം നല്കിയ ആശംസ, വിചാരരമണീയമായ ആശയങ്ങൾ നിറഞ്ഞതായിരുന്നു. ഇൻഡ്യയുടെ അഖണ്ഡതയേയും, സുരക്ഷിതത്വത്തേയും ചോദ്യം ചെയ്തുകൊണ്ടു ചൈനീസ് ആക്രമണമുണ്ടായപ്പോൾ രാജ്യസ്നേഹിയായ കാതോലിക്കാ ബാവാ ദേവാലയങ്ങളിൽ പ്രത്യേകം പ്രാർത്ഥന നടത്താൻ കല്പന അയച്ചു. കൂടാതെ കൈവശമിരുന്ന ഇരുപതു പവൻ അന്നത്തെ മുഖ്യമന്ത്രി ആർ. ശങ്കറെ ഏല്പിച്ച് ഉത്തമ മാതൃക കാട്ടി.

ഏലിയായെപ്പോലെ ഉജ്ജ്വലനും, യൂഹാനോനെപ്പോലെ വ്രത ശുദ്ധനും, ആയ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ മലങ്കര സഭയുടെ ഭൂത വർത്തമാന ഭാവി കാലങ്ങളെ കൂട്ടിയിണക്കിയ സുവർണ ശൃംഖലയായിരുന്നു. 'ആ ഘനഗംഭീരധ്വനിയും, പ്രോജ്വല ശാന്തമുഖപ്രഭയും, ആ ധീരതയും ഉദാരതയും, ആ വ്രതനിഷ്ഠയുമാർദ്രതയും, പാരാവാരഗംഭീരതയും, നീലാകാശ വിശാലതയും, ആരാധക ഹൃദയങ്ങളിൽ ആചന്ദ്രതാരം നിലനില്ക്കും.

നാലാം കാതോലിക്കാ: മാർ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ

'നമ്മുടെ സ്ഥാനമോ ജീവൻ തന്നെയുമോ പോയാലും വി. തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്റെ മഹിമയ്ക്കു കുറവു വരുന്ന യാതൊന്നും നാം ചെയ്യുന്നതല്ല. 'നിങ്ങൾക്കു ക്രിസ്തുവിൽ പതിനായിരം ഗുരുക്കന്മാർ ഉണ്ടെങ്കിലും പിതാക്കന്മാർ ഏറെയില്ല. ക്രിസ്തുവിൽ ഞാനല്ലോ നിങ്ങളെ സുവിശേഷത്തിൽ ജനിപ്പിച്ചതു്.' എന്നു വി. പൗലൂസ് ശ്ലീഹാ കോരിന്ത്യ സഭയോടു പറയുന്ന പ്രകാരം, മാമ്മോദീസായാൽ മലങ്കര സഭയെ ജനിപ്പിക്കുകയും, പട്ടത്വനൽവരം തന്നു പൗരോഹിത്യ പദവിയിലേക്കു് ഈ സഭയെ ഉയർത്തുകയും ചെയ്ത നമ്മുടെ പിതാവു് വി. മാർത്തോമ്മാ ആകുന്നു. അദ്ദേഹത്തിന്റെ മഹിമയും അദ്ദേഹത്തിന്റെ സിംഹാസനത്തിന്റെ മഹിമയും ഉയർത്തിപ്പിടിക്കേണ്ടതു് അദ്ദേഹത്തിന്റെ മക്കളായ നാമല്ലയോ'— മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തെ ചോദ്യം ചെയ്തുകൊണ്ടു്, അന്ത്യോഖ്യാപാത്രിയർക്കീസ് 1970-ൽ അയച്ച 203-ാം കല്പനക്കു്, നാലാം കാതോലിക്കാ നല്കിയ ഈ മറുപടി സഭാചരിത്രത്തിലെ ഒരു പ്രാമാണിക രേഖയാണ്. ഇത്രയും ധീരമായ ഒരു ശബ്ദം ഒരു കാതോലിക്കായിൽനിന്നും ഇതിനു മുൻപ് സഭാംഗങ്ങൾ കേട്ടിട്ടില്ല. പ്രലോഭനങ്ങളുടെ മുൻപിൽ ചാഞ്ചാടാത്ത, പ്രതിസന്ധികളുടെ നടുവിൽ പതറാത്ത, ധീരോദാത്ത വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു മാർ ഔഗേൻ ബാവ.

Best Compliments from:

★

Mohan Roller Floor Mills

No. 1 Balakrishna Street

Madras-600 081

പെരുമ്പാവൂരിൽ തുരുത്തി കുടുംബത്തിലെ ചോററാകളത്തുംകര അബ്രഹാം കത്തനാരുടെയും, അന്നാമ്മയുടെയും പുത്രനായി 1884 ജൂൺ 26–ന് അദ്ദേഹം ഭൂജാതനായി. മത്തായി എന്നായിരുന്നു പേർ. വിദ്യാഭ്യാസത്തിനുശേഷം, കോനാട്ടു മാത്തൻ മല്പാന്റെ ശിഷ്യനായിത്തീർന്നു. ഏറെത്താമസിയാതെ കടവിൽ പൗലൂസ് മാർ അത്താനാസ്യോസിൽ നിന്നു ശെമ്മാശ്ശു പട്ടം സ്വീകരിച്ചു. കോട്ടയം എം. ഡി. സെമിനാരിയിൽ ചേർന്ന് ഇംഗ്ളീഷ് വിദ്യാഭ്യാസം നടത്തിയ ശെമ്മാശൻ, ഇതിനോടകം സുറിയാനി, മലയാളം, തുടങ്ങിയ ഭാഷകളിൽ പ്രാവീണ്യം നേടി. ശീമയിൽ നിന്നെത്തിയ സ്ലീബാ ശെമ്മാശന്റെ ഉററ സുഹൃത്തായിത്തീർന്ന മത്തായി ശെമ്മാശൻ, അധികം വൈകാതെ, 1905–ൽ ശീമയ്ക്കു പോകുകയും, തുറബ്ദീനിലുള്ള മാർ ഔഗേന്റെ ദയറായിൽ വച്ചു മത്തായി എന്ന പേരു മാററി ഔഗേൻ എന്ന പേരു സ്വീകരിക്കുകയും ചെയ്തു. 1908–ൽ യറുശലേമിലെ മാർ മർക്കോസിന്റെ ദയറായിൽ വച്ച് ഓഗേൻ ശെമ്മാശനെ അബ്ദുള്ള പാത്രിയർക്കീസ് റമ്പാൻ സ്ഥാനം നല്കി ബഹുമാനിച്ചു. സുറിയാനി ഭാഷയുടെ ഉറവിടത്തിൽനിന്നും കിട്ടാവുന്നത്രയും വിജ്ഞാനം അദ്ദേഹം ആർജിച്ചു. അമൂല്യ ഗ്രന്ഥങ്ങൾ വായിച്ചു. പരിഭാഷപ്പെടുത്താവുന്ന കൃതികൾ, മലയാളത്തിലാക്കി. പ്രത്യേകിച്ച് ആരാധനാ സാഹിത്യ ഗ്രന്ഥങ്ങൾ. വിജ്ഞാന കുബേരനായി നാട്ടിലെത്തിയ ഔഗേൻ റമ്പാൻ 1909–ൽ വൈദികനായി. സ്ലീബാ മാർ ഒസ്താത്തിയോസ് ശുശ്രൂഷകൾക്കു നേതൃത്വം നല്കി. ഔഗേൻ റമ്പാച്ചൻ, വടകരപള്ളി കേന്ദ്രീകരിച്ചു സുവിശേഷ–വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ മുഴകി. അധ:കൃതോദ്ധാരണമായിരുന്നു മുഖ്യ ലക്ഷ്യം. ഒപ്പം പ്രേഷിത വൃത്തിയും. 1918–ൽ വടകരയിലെ കരിശിൻതൊട്ടി മൈതാനത്തു ഇംഗ്ളീഷ് മിഡിൽ സ്കൂൾ ആരംഭിച്ചു. ഇതിനിടെ മലയാററൂരിനു സമീപം കോടനാട്ടു ചെട്ടിനട സീയോൻ ആശ്രമം സ്ഥാപിച്ചു കിഴക്കൻ പ്രദേശങ്ങളിൽ കുടിയേറിപ്പാർത്തവർക്ക് ആരാധനാലയങ്ങൾ നിർമ്മിക്കാൻ മുൻകൈയെടുത്തു. വിദ്യാഭ്യാസ കാര്യങ്ങൾക്ക് എന്തും ചെയ്യാൻ ഒരുക്കമായിരുന്ന റമ്പാച്ചൻ പിറവം സെമിനാരി മിഡിൽ സ്കൂൾ, കോലഞ്ചേരി ഹൈസ്കൂൾ എന്നിവയുടെ നിർമ്മാണത്തിലും സർവാത്മനാ സഹകരിച്ചു.

1927–ൽ ഔഗേൻ റമ്പാച്ചനെ തീമോത്തിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിച്ചു. പിറവം സെമിനാരിയിൽ താമസമാക്കി. അനന്തരം മൂവാററുപുഴയിലേക്കു മാറി. കണ്ടനാടു ഭദ്രാസനത്തിന്റെ ആസ്ഥാനമായി അരമന കെട്ടിടത്തിന്റെ ഒന്നാംനില പൂർത്തീകരിച്ചതിനുശേഷം, കോട്ടയത്തേക്കു മടങ്ങി, കുറെനാൾ തിയോളജിക്കൽ സെമിനാരി പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ചു. തുമ്പമൺ ഭദ്രാസനാധിപൻ പുത്തൻകാവിൽ തിരുമേനി കാലം ചെയ്തപ്പോൾ, ആ ഭദ്രാസനത്തിന്റെ അധിപനായി പത്തനംതിട്ടയിൽ താമസിച്ചു. സഭയിലെ എല്ലാ രംഗങ്ങളിലും അദ്ദേഹം സജീവമായി നിലകൊണ്ടു. 1958–ൽ സഭാ സമാധാനം കൈവന്നപ്പോൾ, ഏററവുമധികം സന്തോഷിച്ചതു തീമോത്തിയോസ് മെത്രാപ്പോലീത്തായായിരുന്നു.

1962 മെയ് 17–നു നിരണത്തു കൂടിയ മലങ്കര അസ്സോസിയേഷൻ ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായെ, നിയുക്ത കാതോലിക്കായായി തെരഞ്ഞെടുത്തു. 1964 മെയ് 22–നു കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽവച്ച്, പാത്രിയർക്കീസ് ബാവ, അദ്ദേഹത്തെ മാർ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായായി അഭിഷേകം ചെയ്തു. സഭാ കാര്യങ്ങളിൽ വ്യാപൃതനായ അദ്ദേഹം ദേവലോകത്തു താമസമാക്കി. സഭാ സമാധാനം കൈവരിച്ചെങ്കിലും ചില പ്രദേശങ്ങളിൽ അസ്വസ്ഥതകൾ കെട്ടടങ്ങിയിരുന്നില്ല. കുറെയൊക്കെ പരിഹരിക്കാൻ ഔഗേൻ ബാവാ തിരുമേനിയുടെ നയതന്ത്രജ്ഞതയ്ക്കു കഴിഞ്ഞു. 1965–ൽ എത്യോപ്യായിലെ ആഡീസ്

Best Compliments from:

C. V. Jacob Cheeran & Family
Kozhikode

Cherian A. Panicker & Family
Kozhikode

Jose Company
Kozhikode

James P. George
New Delhi

V. Geevarghese
New Delhi

Rev. Fr. P. N. Paul

അബാബയിൽ ചേർന്ന പൗരസ്ത്യ സഭകളുടെ സുനഹദോസിൽ അദ്ദേഹം പങ്കുകൊണ്ടു. റഷ്യയിലെ അലക്സീസ് പാത്രിയർക്കീസിൻെറ മെത്രാൻ സ്ഥാനാഭിഷേക ജൂബിലിയിൽ മലങ്കര സഭയുടെ പ്രതിനിധികളെ അയച്ച ബാവാ തിരുമേനി ഇതര സഭകളുമായുള്ള ബന്ധം ഉറപ്പിച്ചു. പ്രശസ്തരും പ്രഗൽഭരുമായ വ്യക്തികളെ മേല്പട്ട സ്ഥാനത്തേക്കു തെരഞ്ഞെടുത്തു വാഴിച്ചു. ആഗോള സഭാചരിത്രത്തിലെ അവിസ്മരണീയ സംഭവമെന്നു വിശേഷിപ്പിക്കാവുന്ന കാതോലിക്കാ—മാർപാപ്പാ സംഭാഷണം 1964 ഡിസംബർ 30–ാം തീയതി ബോംബെയിൽ വച്ചു നടന്നു. ഇരുസഭകളും തമ്മിൽ സൗഹൃദത്തിൽ കഴിയാൻ ഔഗേൻ ബാവാ തിരുമേനിയുടെ ഈ സന്ദർശനം ഉപകരിച്ചു. മൂസൽ സന്ദർശിച്ച ബാവാ തിരുമേനി 'ഇന്ത്യയിൽ സുവിശേഷം അറിയിച്ച മാർത്തോമ്മായുടെ തിരുശേഷിപ്പ്' ഏറ്റുവാങ്ങി ദേവലോകം അരമനയിൽ പുന:പ്രതിഷ്ഠിച്ചു. മാർ ഏലിയാ ചാപ്പൽ കാതോലിക്കാ ബാവായുടെ കത്തീഡ്രൽ ആയി പ്രഖ്യാപിച്ച ബാവാ തിരുമേനി അനവധി ദേവാലയങ്ങൾ സ്ഥാപിക്കുകയും നിരവധി പേരെ വൈദികരാക്കുകയും ചെയ്തു. ജീവിത സായാഹ്നംവരെയും അദ്ദേഹം പ്രവർത്തനനിരതനായിരുന്നു.

വിനയത്തിൻെറയും വിശ്വാസ ധീരതയുടെയും ശാശ്വത സത്യമായിരുന്ന ഔഗേൻ ബാവാ തിരുമേനി, പിറവത്തുവച്ചു വിഘടിത വിഭാഗം മർദ്ദിച്ചവശനാക്കിയപ്പോഴും പ്രകോപിതനാകാതെ, പ്രശാന്തനായി, ക്രിസ്തുവിനെപ്പോലെ എല്ലാം സഹിക്കുകയും പൊറുക്കുകയും ചെയ്തു. അസാധാരണവും അപൂർവസുന്ദരവുമായിരുന്ന ആ വ്യക്തിത്വം. വിശ്രമവേളകൾ വിജ്ഞാനാജ്ജനത്തിനു വിനിയോഗിച്ചിരുന്ന തിരുമേനി ആരാധനാ സാഹിത്യത്തിലെ അപൂർവ ഗ്രന്ഥങ്ങളെല്ലാം പരിഭാഷപ്പെടുത്തി. അദ്ദേഹത്തിൻെറ വിവർത്തന ഗ്രന്ഥങ്ങളാണ് എല്ലാ കർമ്മങ്ങൾക്കും ആധാര ഗ്രന്ഥങ്ങളായി സഭയിൽ ഉപയോഗിക്കുന്നത്. മലയാള ഗ്രന്ഥങ്ങളിൽ മരണാനന്തരാവസ്ഥ, പരമയാഗം, വിശുദ്ധ മതോപദേശ സത്യങ്ങൾ എന്നിവ, ശരിക്കു വായിച്ചു പഠിച്ച്, പരിചിന്തനം ചെയ്യുന്ന ഒരു തലമുറ ഉദയം ചെയ്യേണ്ടിയിരിക്കുന്നു.

ശാരീരിക ക്ഷീണം നേരിട്ടപ്പോൾ എല്ലാ പ്രവർത്തനങ്ങളിൽനിന്നും വിമുക്തനാകാൻ അദ്ദേഹം ആഗ്രഹിച്ചു. 1970 ഡിസംബർ 31–ന് എം. ഡി. സെമിനാരിയിൽവച്ചു പിൻഗാമിയായി മാത്യൂസ് മാർ അത്താനാസ്യോസിനെ തെരഞ്ഞെടുത്തു. എല്ലാ അധികാരാവകാശങ്ങളും പിൻഗാമിയെ ഏല്പിച്ചു. 1975 ഒക്ടോബർ 27–നു മാത്യൂസ് മാർ അത്താനാസ്യോസിനെ, മാർ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ എന്ന പേരിൽ വാഴിച്ചു, ബാവാ തിരുമേനി, തുടർന്നു പരിപൂർണ വിശ്രമജീവിതം നയിച്ചു. 1975 ഡിസംബർ 8–ാം തീയതി ആ ധന്യജീവിതം അവസാനിച്ചു. ദേവലോകം അരമനയിൽ അന്ത്യവിശ്രമം കൊള്ളുന്നു.

അഞ്ചാം കാതോലിക്കാ: മാർ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ

'സഭയുടെ സ്വാതന്ത്ര്യം കണ്ണിലെ കൃഷ്ണമണിപോലെ സൂക്ഷിക്കും' 1975–ൽ കാതോലിക്കാ സിംഹാസനത്തിൻെറ മേലദ്ധ്യക്ഷ പദവിയിലേക്കു പ്രവേശിച്ച മാർ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻെറ പ്രഥമപ്രഖ്യാപനം. അതു് അദ്ദേഹം സഫലവും സാർത്ഥകവുമാക്കിയിട്ടുണ്ട്, ഇന്നുവരെ. സഭയുടെ ആത്മീയവും ഭൗമികവുമായ മുഖങ്ങളെ അറിഞ്ഞാദരിക്കുവാൻ അദ്ദേഹത്തിനു മടിയില്ലായിരുന്നു. പൂർവിക പിതാക്കന്മാരെ ബഹുമാനിക്കാത്ത സഭയ്ക്കും സമൂഹത്തിനും നിലനിൽപ്പില്ലെന്നു വിശ്വസിക്കുന്ന ബാവാ തിരുമേനി മുൻഗാമികളായ കാതോലിക്കാമാരുടെ കബറിടങ്ങൾ പുതുക്കിപ്പണിതു്, ആത്മീയ തീർത്ഥാടന കേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്തി. സഭാപിതാക്കന്മാരുടെ ഓർമ്മദിവസം ഓർമ്മയിൽ

Best Compliments from:

Phone: 727 758

Ruby Macons
Pvt. Ltd.

Plot No. 789/4,
3rd Phase Road,

GIDC; VAPI - 396 195.

Telex: 0183-261 RUBY IN

നിന്നും ഉപേക്ഷിക്കാതെ കൃത്യദിവസത്തിലും സമയത്തിലും അവർക്കുവേണ്ടി വി. ബലി അർപ്പിക്കുന്നതിൽ ആത്മസംതൃപ്തി കണ്ടെത്തുന്ന ആത്മീയാചാര്യൻ കൂടിയാണ് അദ്ദേഹം. ആഗോളതലത്തിൽ അറിയപ്പെടുന്ന ആദ്ധ്യാത്മിക നേതാവാണു ബാവാതിരുമേനി. കിഴക്കൻ യൂറോപ്പിലെ സഭകൾ സൗഹൃദസന്ദർശനത്തിനു അദ്ദേഹത്തെ ക്ഷണിച്ചു. റഷ്യ, റുമേനിയ, അർമീനിയ, ബൾഗേറിയ എന്നിവിടങ്ങളിലെ സഹോദരസഭകൾ സന്ദർശിച്ച്, ക്രിസ്തുവിൽ തങ്ങൾ ഒന്നാണെന്ന ബോധം ഊട്ടി ഉറപ്പിച്ചതു് എടുത്തു പറയേണ്ട ചരിത്ര സംഭവങ്ങളാണ്. റഷ്യൻ പാത്രിയർക്കീസ് ആ സഭയുടെ പരമോന്നത ബഹുമതിയായ ഓർഡർ ഓഫ് സെൻറ് വ്ളാഡിമർ പദവിയും ലനിൻ ഗ്രാഡ് യൂണിവേഴ്സിററി 'ഫെലോ' സ്ഥാനവും നൽകി ബാവാ തിരുമേനിയെ അംഗീകരിച്ചാദരിച്ച ധന്യ നിമിഷങ്ങൾ വിസ്മരിക്കാനാവില്ല. മോസ്കോയിൽ നടന്ന നിരായുധീകരണ സമ്മേളനത്തിന്റെ അദ്ധ്യക്ഷൻ, അവിടെ വച്ചു 1981–ൽ നടന്ന സർവമത സമ്മേളനത്തിന്റെ രക്ഷാധികാരി എന്നീ നിലകളിൽ അദ്ദേഹം ചരിത്രത്തിൽ ചിരസ്മരണീയനാണ്. റോം, അമേരിക്ക തുടങ്ങിയ ക്രൈസ്തവ കേന്ദ്രങ്ങൾ സന്ദർശിച്ച ബാവാ തിരുമേനി, കത്തോലിക്കാ–ഓർത്തഡോക്സ് സഭകളുടെ 'ഡയലോഗി'നു വേദിയൊരുക്കി. മാർപാപ്പായും ബാവാ തിരുമേനിയും തമ്മിൽ റോമിലും കോട്ടയത്തും വച്ചു നടന്ന കൂടിക്കാഴ്ചകൾ ഈ നൂററാണ്ടിലെ ക്രൈസ്തവ ചരിത്രത്തിലെ സുവർണാദ്ധ്യായങ്ങളായി ചരിത്രകാരന്മാർ രേഖപ്പെടുത്തും.

ഇരുപതാം നൂററാണ്ടിലെ ഒരു ക്രൈസ്തവ സഭാമേലദ്ധ്യക്ഷനു 'ദന്തഗോപുരവാസി'യായി കഴിയുക സാധ്യമല്ല. എപ്പിസ്കോപ്പൽ സിനഡിന്റെയും മലങ്കര അസ്സോസിയേഷന്റെയും സഹകരണത്തോടു കൂടി വിവിധ പരിപാടികൾക്കു രൂപം കൊടുത്തു. ഇക്കഴിഞ്ഞ പത്തു വർഷങ്ങൾക്കുള്ളിൽ മിഷൻവയലുകൾ ഫലപുഷ്കലമായിട്ടുണ്ട്. ആന്ധ്ര, ഭോപ്പാൽ, ആഫ്രിക്ക തുടങ്ങിയ സ്ഥലങ്ങളിൽ സഭ നേതൃത്വം നല്കിയ മിഷൻ പ്രവർത്തനങ്ങൾ, ഭൂമിയിൽ സന്മനസ്സുള്ളവരുടെ സംഖ്യ വററിവരണ്ടിട്ടില്ലായെന്നതിന്റെ മികച്ച തെളിവായിരുന്നു. സഭയിൽ നിലവിലുണ്ടായിരുന്ന അധികാര വികേന്ദ്രീകരണത്തിലധിഷ്ഠിതമായ ഭരണസംവിധാനത്തെ ശക്തവും സമ്പന്നവുമാക്കാൻ ഭരണപരിഷ്കാരങ്ങൾ ബാവാ തിരുമേനി ഏർപ്പെടുത്തി. ഭദ്രാസനങ്ങൾ പുനർവിഭജനം നടത്തി. എപ്പിസ്കോപ്പൽ സുനഹദോസ് വർഷത്തിൽ രണ്ടു തവണകൂടി വിലയിരുത്തൽ നടത്തി പുരോഗതിയുടെ വഴിയിലൂടെ സഭയെ നയിക്കുന്ന ഒരു പാരമ്പര്യം സൃഷ്ടിച്ചു. എക്യുമെനിക്കൽ രംഗത്തു ബാവാ തിരുമേനിയുടെ ഭരണകാലത്തു മികച്ച നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. N.C.C., K.C.C. എന്നീ സംഘടനകളിൽ സഭ അംഗത്വമെടുത്തു. W.C.C. യുടെയും K.C.C.യുടെയും അദ്ധ്യക്ഷന്മാരായി സഭാംഗങ്ങളായ രണ്ടു മെത്രാപ്പോലീത്തന്മാർ തെരഞ്ഞെടുക്കപ്പെട്ടു. നിലയ്ക്കലിൽ എക്യുമെനിക്കൽ ക്രൈസ്തവ കേന്ദ്രം സ്ഥാപിക്കാൻ ബാവാതിരുമേനിയും നിയുക്ത കാതോലിക്കായും വഹിച്ച പങ്ക് വിസ്മരിക്കാനാവില്ല. സഭയുടെ ആത്മീയ വളർച്ചയുടെ അളവുകോലുകളാണു വൈദിക സെമിനാരിയും ആദ്ധ്യാത്മിക സംഘടനകളും. വൈദിക സെമിനാരി പ്രൊഫസ്സറും പ്രിൻസിപ്പലുമായിരുന്ന ബാവാതിരുമേനി എപ്പോഴും സെമിനാരിയിലേക്കു ഉററുനോക്കുമായിരുന്നു. സെമിനാരിയുടെ നേതൃത്വത്തിലുള്ള 'ദിവ്യബോധനം' പാഠനക്കളരിയും, 'തിരുവചനഭാഷ്യവും' എടുത്തു പറയേണ്ട നേട്ടങ്ങളാണ്. ഇവയെല്ലാക്കെ അദ്ദേഹത്തിന്റെ അനുഗ്രഹാശിസ്സുകൾ ഉണ്ടു്. ഇംഗ്ലീഷ്, ഹിന്ദി, തമിഴ് തുടങ്ങിയ ഭാഷകളിലേക്കു ആരാധനാ ക്രമങ്ങൾ പരിഭാഷപ്പെടുത്തുവാൻ എടുത്ത നടപടിയും, മലങ്കര ഓർത്തഡോക്സ് ഹെറാൾഡ് വാരികയുടെ പ്രസിദ്ധീകരണവും മലങ്കര ഓർത്തഡോക്സ് പബ്ളിക്കേഷന്റെ ആവിർഭാവവും, ഓർത്തഡോക്സ് ബുക്സ് സെൻററിന്റെ

സ്ഥാപനവും ബാവാതിരുമേനിയുടെ ക്രാന്തദർശിത്വത്തിന്റെ ഫലങ്ങളാണ്.

മികച്ച സംഘാടകനും എഴുത്തുകാരനുമായിരുന്ന മാർ ബസ്സേലിയോസ് മാത്തോമ്മാ മാത്യൂസ് പ്രഥമൻ. സഭയുടെ പാർലമെന്റായ മലങ്കര അസ്സോസിയേഷൻ വിദഗ്ധമായി നിയന്ത്രിക്കാൻ അദ്ദേഹത്തിന് അസാധാരണ കഴിവുണ്ട്. വൈദികനായിരുന്ന കാലംമുതൽ ലേഖനങ്ങളും ധ്യാനപ്രസംഗങ്ങളും എഴുതുമായിരുന്നു. 'വചനത്തിന്റെ സുവർണം' തന്നെ മികച്ച തെളിവ്. അങ്ങനെ എല്ലാ രംഗങ്ങളിലും ഒരു നവോത്ഥാനം ബാവാ തിരുമേനിയുടെ ഭരണകാലയളവിൽ സഭയിൽ ഉണ്ടായി. അതിന്റെ അലയൊലികൾ ഇന്നും കേൾക്കാം.

കോട്ടയം വട്ടക്കുന്നേൽ കുര്യൻ കത്തനാരുടെയും മറിയാമ്മയുടെയും മകനായി 1907 മാർച്ച് 27–ാം തീയതി ബാവാ തിരുമേനി ജനിച്ചു. കുട്ടിച്ചൻ എന്നായിരുന്നു ഓമനപ്പേര്. എം. ഡി. സെമിനാരി, സി. എം. എസ്, കോളജ്, തിരുവനന്തപുരം മഹാരാജാസ് കോളജ്, കൽക്കട്ടെ ബിഷപ്സ് കോളജ് എന്നിവിടങ്ങളിൽ പഠിച്ച് ബി. എ., ബി.ഡി. ബിരുദങ്ങൾ സമ്പാദിച്ചു. ചെറിയ മഠത്തിൽ സ്കറിയ മല്പാനിൽ നിന്നു സുറിയാനി ഭാഷ പഠിച്ച മാത്യൂസ്, ആ വഴി ബഹുദൂരം പോയി. സഭാചരിത്രവും വേദശാസ്ത്രവും അഭ്യസിച്ചു. 37–ാം വയസ്സിൽ മാനേജിംഗ് കമ്മററിയിലംഗമായി. അവൈദികനായിരിക്കെ, വൈദിക സെമിനാരിയിൽ അദ്ധ്യാപകവൃത്തി സ്വീകരിച്ച മാത്യൂസ് 1945–ൽ ശെമ്മാശനും, 1947–ൽ ഒക്ടോബർ 27–നു കശ്ശീശ്ശായും ആയതു് കോട്ടയം ഏലിയാ ചാപ്പലിൽ വച്ചായിരുന്നു. മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയനായിരുന്ന പട്ടത്വ ശുശ്രൂഷകൾ നടത്തിയത്. പ്രായത്തിൽ കവിഞ്ഞ പക്വതയും ദർശനവിശേഷങ്ങളും സ്വായത്തമാക്കിയിരുന്ന ഫാ. വി. കെ. മാത്യൂസിനെ 1950–ൽ ഓർത്തഡോക്സ് വൈദികസെമിനാരി പ്രിൻസിപ്പലായി നിയമിച്ചു. ഒരു വൈദിക കോളജിന്റെ അന്തസ്സും ആഭിജാത്യവും അരക്കിട്ടുറപ്പിക്കുവാൻ അദ്ദേഹത്തിന്റെ പ്രവാചക പ്രതിഭയ്ക്കു കഴിഞ്ഞു. 1951 സെപ്റ്റംബർ 21–ന് റമ്പാൻ സ്ഥാനം നല്കി. 1953 മെയ് 15–ാം തീയതി മാർ അത്താനാസ്യോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി അഭിഷിക്തനായി. കോട്ടയം പട്ടണത്തിന്റെ ഹൃദയഭാഗത്തുള്ള ഏലിയാ കത്തീഡ്രലിലായിരുന്നു താമസം. 1960–ൽ ബാഹ്യകേരള ഭദ്രാസനാധിപനായ അദ്ദേഹം മദ്രാസ്, ബോംബെ, ഡൽഹി, കൽക്കട്ടെ, അമേരിക്ക എന്നീ അഞ്ചു ഭദ്രാസനങ്ങളുടെ ആധാര ശിലപാകി. സഭയുടെ കാനോനകൾ, സഭാ ചരിത്രം, വിശുദ്ധ കൂദാശകൾ എന്നിവയിൽ അവഗാഹമുള്ള അദ്ദേഹം സമുദായക്കേസ്സുകളിൽ കൊടുത്തിട്ടുള്ള മൊഴികൾ പഠനാർഹങ്ങളാണ്. 1975–ൽ അദ്ദേഹം മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കായും ആയി വാഴിക്കപ്പെട്ടു.

ശതാഭിഷിക്തനായ മാർ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ, ഇന്നും സഭയ്ക്കു ധീരോജ്വല നേതൃത്വം നല്കിക്കൊണ്ടിരിക്കുന്നു.

Best Compliments from:

Y. ABRAHAM & FAMILY
VAPI

ഫാദർ ടി. ജെ. ജോഷ്വ

'വൈദിക സ്ഥാനാർത്ഥികളെ സുറിയാനിയും മററും പഠിപ്പിക്കുന്നതിനും അഭ്യസനം നൽകുന്നതിനും തെക്കും വടക്കും ഓരോ പഠിത്തവീട് ഉണ്ടാക്കണമെന്നും, വിവരമുള്ള വൈദികരെ അവിടെ മല്പാന്മാരായി നിയമിക്കണമെന്നും, മല്പാന്മാരുടെയും വിദ്യാർത്ഥികളുടെയും ചെലവ് പള്ളികളിൽനിന്നു വരിപ്പണം പിരിച്ച് നടത്തണമെന്നും യോഗം നിശ്ചയിച്ചു.'

വൈദിക വിദ്യാഭ്യാസം മലങ്കരയിൽ

സഭയുടെ ആവിർഭാവം മുതൽ സഭയിലെ വൈദികരെ അഭ്യസിപ്പിക്കുവാനുള്ള ശ്രദ്ധയും താല്പര്യവുമുണ്ടായിരുന്നു. കാലദേശങ്ങൾക്കനുസരണമായി അഭ്യസനത്തിന്റെ രൂപഭാവങ്ങൾ വ്യത്യാസപ്പെട്ടിരുന്നു എന്നുമാത്രം.

ആദ്യകാലത്തു വൈദികാഭ്യസനത്തിനുള്ള ക്രമീകരണങ്ങൾ ഇവിടെ എന്തൊക്കെയായിരുന്നു എന്നു നിശ്ചയമില്ല. പുരാതനകാലത്തു തന്നെ മലങ്കരസഭ പേർഷ്യൻ സഭയുമായി ബന്ധപ്പെട്ടിരുന്നു. അതിനാൽ എഡേസാ, നിസിബിസ് തുടങ്ങിയ കേന്ദ്രങ്ങളിലെ വേദശാസ്ത്ര വിദ്യാലയങ്ങൾ വൈദിക വിദ്യാഭ്യാസത്തിനു മലങ്കരസഭ പ്രയോജനപ്പെടുത്തിയിട്ടുണ്ടാവാം.

ഗുരുകുല സമ്പ്രദായം

ചരിത്രത്തിൽ നാം കാണുന്നതു ഗുരുകുല സമ്പ്രദായമനുസരിച്ചുള്ള മല്പാൻ പ്രസ്ഥാനമാണ്. അന്നത്തെ വൈദികാഭ്യസനത്തിൽ ശ്രദ്ധിച്ചിരുന്നതു് ആരാധനാഭാഷയായ സുറിയാനിയിലുള്ള പരിജ്ഞാനവും, ആരാധനക്രമങ്ങൾ കൈകാര്യം ചെയ്യാനുള്ള പരിശീലനവുമായിരുന്നു. വേദപുസ്തക സംബന്ധമായും, വിശ്വാസപരമായും ഉള്ള വിഷയങ്ങളെ അവഗണിച്ചിരുന്നുമില്ല. ഇത്തരത്തിലുള്ള അഭ്യസനം നടത്തിയിരുന്നതു മല്പാൻ ഭവനങ്ങളിലായിരുന്നു. മലങ്കരയിൽ വടക്കും തെക്കുമായി മല്പാൻ ഭവനങ്ങൾ പലതുണ്ടായിരുന്നു. അഭ്യസനകാലം ക്ലിപ്തപ്പെടുത്തിയിരുന്നില്ല. ചെറുപ്പം മുതൽക്കേ ആരംഭിച്ചു പല വർഷങ്ങൾകൊണ്ടു പൂർത്തിയാക്കുകയായിരുന്നു. പരിശീലനം പൂർത്തിയാകുമ്പോൾ പട്ടം നൽകാൻ മല്പാൻ ശുപാർശ ചെയ്തുപോന്നു.

പോർട്ടുഗീസുകാരുടെ ആഗമനം

പോർട്ടുഗീസുകാരുടെ ആഗമനം മലങ്കര സഭാചരിത്രത്തിൽ പുതിയ നീക്കങ്ങൾക്കു കളമൊരുക്കി. മല്പാൻ ഭവനങ്ങൾ നിർത്തൽ ചെയ്തുകൊണ്ടു പാശ്ചാത്യരീതിയിലുള്ള 'സെമിനാരികൾ' നിർമ്മിക്കാൻ അവർ മുൻകൈ എടുത്തു. ഫ്രാൻസിസ്കൻ സന്യാസികളുടെ ചുമതലയിൽ കൊടുങ്ങല്ലൂരിലും പിന്നീടു കൊച്ചിയിലും വൈപ്പിൻകോട്ടയിലും സെമി

Best Compliments from:

★

POWER & SYSTEMS COMBINATION

Specialists in:

HT / LT Electrification Work, Testing & Commissioning of HT / LT Electrical Equipments and Maintenance of Electrical Works and Electrical Contractors

RBL 49/585, CHANOD COLONY, G. I. D. C.,

VAPI-396 195

★

നാരികൾ സ്ഥാപിതമായി. ഇവിടത്തെ സുറിയാനി പാരമ്പര്യം നിശ്ശേഷം നിർമാർജനം ചെയ്തു ലത്തീൻ ആധിപത്യം സ്ഥാപിക്കുവാനുള്ള സംഘടിതവും ആസൂത്രിതവുമായ ശ്രമമാണു നടന്നത്.

റോമാനുകം വലിച്ചെറിഞ്ഞ മലങ്കര സഭാവിഭാഗം വൈദിക പരിശീലനത്തിനു പഴയമല്പാൻ സമ്പ്രദായം തന്നെ തുടർന്നു പോന്നു. റോമൻ കത്തോലിക്കാ സെമിനാരികളിലെ പരിശീലനവുമായി താരതമ്യപ്പെടുത്തത്തക്ക നിലവാരമൊന്നും അതിനവകാശപ്പെടാനില്ലായിരുന്നു. വൈദിക കർമ്മങ്ങൾ നടത്തുന്നതിനുള്ള പരിശീലനമേ ലഭിച്ചിരുന്നുള്ളു. മലയാള ഭാഷയിൽ വേദപുസ്തകമോ ആരാധനക്രമങ്ങളോ അന്നു ലഭ്യമായിരുന്നില്ല. സുറിയാനിയിലുള്ള ഗ്രന്ഥങ്ങൾ തന്നെ കൈയെഴുത്തുപ്രതികളായിരുന്നു. മററു ഗ്രന്ഥാവലികളൊന്നും അവർക്കു ലഭ്യമല്ലായിരുന്നു.

കണ്ടനാട്ടു പടിയോല:

കണ്ടനാട്ടുപള്ളിയിൽ വച്ച് A.D. 1810-ൽ നടന്ന ഒരു യോഗം സുപ്രധാനമായ ഒരു നിശ്ചയം ചെയ്തു. അതു വൈദികാഭ്യസനത്തെ സംബന്ധിച്ചുള്ള ഒരു സുവർണ്ണ രേഖയാണ്. 'വൈദിക സ്ഥാനാർത്ഥികളെ സുറിയാനിയും മററും പഠിപ്പിക്കുന്നതിനും അഭ്യസനം നൽകുന്നതിനും തെക്കും വടക്കും ഓരോ പഠിത്തവീട് ഉണ്ടാക്കണമെന്നും, വിവരമുള്ള വൈദികരെ അവിടെ മല്പാന്മാരായി നിയമിക്കണമെന്നും, മല്പാന്മാരുടെയും വിദ്യാർത്ഥികളുടെയും ചെലവു പള്ളികളിൽനിന്നു വരിപ്പണം പിരിച്ചു നടത്തണമെന്നും യോഗം നിശ്ചയിച്ചു.' ഈ തീരുമാനത്തിന്റെ സൂത്രധാരൻ വൈദികാഭ്യസനരംഗത്തെ അതികായനായ പുലിക്കോട്ടിൽ ഇട്ടൂപ്പുറമ്പാനായിരുന്നു. അദ്ദേഹമാണു കോട്ടയത്തെ പഴയസെമിനാരി സ്ഥാപിക്കുവാൻ കാരണഭൂതനായത്.

സെമിനാരിസ്ഥാപനം

കണ്ടനാട്ടു യോഗതീരുമാനം പ്രാവർത്തികമാക്കുന്നതിനെക്കുറിച്ചു ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ, അനുകൂലമായ രാഷ്ട്രീയ സാഹചര്യം കൈവന്നു. ബ്രിട്ടീഷ് റസിഡണ്ടായി തിരുവിതാംകൂറിൽ വന്ന കേണൽ മൺറോ ഇട്ടൂപ്പുറമ്പാന്റെ പരിചയത്തിലും സ്നേഹത്തിലും വരുവാനിടയായി. സെമിനാരി സ്ഥാപിക്കുവാനുള്ള ആഗ്രഹം റസിഡണ്ടിന്റെ ശ്രദ്ധയിൽ പെടുത്തി. ആവശ്യമായ എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തു.

തെക്കും വടക്കും ഉള്ള സഭാമക്കൾക്കു സൗകര്യപ്രദമാം വണ്ണം കോട്ടയത്തു സെമിനാരി പണിയാൻ തീരുമാനിച്ചു. അതിനാവശ്യമായ സ്ഥലം സൗജന്യമായും കരമൊഴിവായും ലഭ്യമായി. മാത്രമല്ല സെമിനാരി കെട്ടിടം പണിയുന്നതിനാവശ്യമായ തടിയും ലഭിച്ചു. മികച്ച വസ്തുകലാശില്പികൂടി ആയിരുന്ന ഇട്ടൂപ്പുറമ്പാൻ തന്നെ സെമിനാരിയുടെ പ്ലാൻ രൂപപ്പെടുത്തി; 1813-ൽ പണി ആരംഭിച്ച് 1815-ൽ പൂർത്തിയാക്കി. അദ്ദേഹം തന്നെ പ്രധാന അദ്ധ്യാപകനായി പ്രവർത്തനമാരംഭിച്ചു. ജോസഫ് മാർ ദീവന്നാസ്യോസ് എന്ന പേരിൽ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് അദ്ദേഹം അവരോധിതനായി. ഒന്നര വർഷക്കാലം മാത്രമേ ഭരണം നടത്തുവാൻ കഴിഞ്ഞുള്ളു.

സി. എം. എസ്. മിഷനറിമാർ സെമിനാരിയിൽ

സുറിയാനി സഭയെ സഹായിക്കുവാൻ ഇംഗ്ലണ്ടിൽനിന്നെത്തിയ സി. എം. എസ്. മിഷനറിമാരെ പുതുതായി ആരംഭിച്ച സെമിനാരിയിൽ അദ്ധ്യാപകരായി സ്വീകരിച്ചു. അവരാണ് 1817-ൽ ഇവിടെ ആദ്യമായി ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിച്ചത്. നല്ല ബന്ധത്തിൽ തുടങ്ങിയ മിഷനറി സഹകരണം പിന്നീടു സഭയ്ക്കു ദോഷമായി പരിണമിച്ചു. പൗരസ്ത്യ ഓർത്തഡോക്സു സഭകളുടെ വിശ്വാസാചാരങ്ങൾ മനസ്സിലാക്കാൻ കഴിയാഞ്ഞ മിഷനറിമാർ അവരുടെ നവീകരണോപദേശങ്ങൾ സെമിനാരിയിൽ കടത്തിവിടാൻ തുടങ്ങി. തൽഫലമായി പാലക്കുന്നത്ത് അബ്രഹാം മല്പാൻ, കൈ

With Best Compliments from:

★

P. J. PHILIP

NEW DELHI

★

തയിൽ ഗീവർഗീസ് മല്പാൻ തുടങ്ങിയവർ അവരുടെ സ്വാധീനത്തിലായി. അബ്രഹാം മല്പാൻ തക്സാ പരിഷ്കരണ സംരംഭവുമായി മുന്നേറി. മിഷനറിമാരുടെ പ്രവർത്തനം തുടർന്നുപോകാൻ അനുവദിക്കുന്നതു സഭയ്ക്കു ദോഷമായി പരിണമിക്കുമെന്നു ബോധ്യമായതിനാൽ, അവരുടെ സേവനം സെമിനാരിയിൽ നിരോധിക്കപ്പെട്ടു. അതാണ് മാവേലിക്കര പടിയോലകൊണ്ടു സാധിച്ച ഒരു കാര്യം.

വട്ടശ്ശേരിൽ ഗീവർഗീസ് മല്പാന്റെ നേതൃത്വത്തിൽ സെമിനാരി പുനരാരംഭിച്ചു. കോനാട്ടു മാത്തൻ മല്പാൻ സഹപ്രവർത്തകനായിരുന്നു. അവർ ഒരുമിച്ചു പ്രവർത്തിച്ച കാലം സഭയുടെയും, സെമിനാരിയുടെയും സുവർണ്ണദശയായിരുന്നു. കുർബാനക്രമം, സുറിയാനിയിൽനിന്നു മലയാളത്തിലേക്കു പരിഭാഷപ്പെടുത്തി അച്ചടിപ്പിച്ചത് അക്കാലത്താണ്.

പിന്നീടു പാലക്കുന്നത്തു മാത്യൂസ് മാർ അത്താനാസ്യോസ് രാജകീയ വിളംബരം നേടി സഭയുടെ ഭരണാധികാരം ഏറ്റെടുത്തപ്പോൾ കുറെക്കാലം സെമിനാരി നവീകരണ വിഭാഗത്തിന്റെ അധീനതയിലായി. തുടർന്നുണ്ടായ വ്യവഹാരത്തിൽ, സെമിനാരിസ്ഥാപകന്റെ പിൻഗാമിയായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് (ദ്വിതീയൻ) വിജയം വരിച്ചപ്പോൾ സെമിനാരിയും സഭാസ്വത്തുക്കളും അദ്ദേഹത്തിന്റെ അധികാരത്തിൽ വന്നു.

പ്രഗത്ഭരും പ്രതിഭാധനരുമായ മല്പാന്മാരുടെ കീഴിൽ

വട്ടശ്ശേരിൽ ഗീവർഗീസ് മല്പാന്റെ നേതൃത്വത്തിൽ സെമിനാരി പുനരാരംഭിച്ചു. കോനാട്ടു മാത്തൻ മല്പാൻ സഹപ്രവർത്തകനായിരുന്നു. അവർ ഒരുമിച്ചു പ്രവർത്തിച്ച കാലം സഭയുടെയും, സെമിനാരിയുടെയും സുവർണദശയായിരുന്നു. കുർബ്ബാനക്രമം, സുറിയാനിയിൽനിന്നു മലയാളത്തിലേക്കു പരിഭാഷപ്പെടുത്തി അച്ചടിപ്പിച്ചതു് അക്കാലത്താണ്.

വട്ടശ്ശേരി മല്പാൻ, മലങ്കര മെത്രാപ്പോലീത്താ ആയിത്തീർന്നപ്പോൾ, അദ്ദേഹത്തിനു് അകത്തുനിന്നും പുറത്തുനിന്നും എതിർപ്പുകളും ഭീഷണികളും ഉയർന്നുവന്നു. അധികാരമോഹിയും ദ്രവ്യാഗ്രഹിയുമായ അബ്ദുള്ളാ പാത്രിയർക്കീസിന്റെ ആഗമനം അനാശാസ്യങ്ങളായ പല ചരിത്രസംഭവങ്ങൾക്കും കാരണമായി. സെമിനാരിയുടെ പ്രവർത്തനവും അതുമൂലം സാധ്യമല്ലാതെ വന്നു. അപ്പോൾ മല്പാന്മാരുടെ കൂടെയുള്ള പരിശീലനം മാത്രമേ വൈദിക സ്ഥാനാർത്ഥികൾക്കു ലഭ്യമായിരുന്നുള്ളൂ.

ആധുനിക ഘട്ടം

ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെ പ്രോത്സാഹനത്തിൽ 1942 ൽ സെമിനാരി പുനരാരംഭിച്ചു. ഏലിയാ കത്തീഡ്രലിനു കിഴക്കുവശത്ത് പുതിയ കെട്ടിടങ്ങൾ പണിതുകൊണ്ടായിരുന്നു അതു്. സെമിനാരിയുടെ ചുക്കാൻ പിടിച്ചതു പ്രധാനമായി മൂന്നുപേരായിരുന്നു. (1) ചെറിയ മഠത്തിൽ സ്കറിയാ മല്പാൻ (പ്രിൻസിപ്പൽ) (2) ഫാദർ. കെ. ഫീലിപ്പോസ് (ഇന്നത്തെ ഫീലിപ്പോസ് മാർ തെയോഫിലോസ്) (3) ശ്രീ. വി.കെ. മാത്യു (ഇന്നത്തെ മാർ ത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ)

നിഷ്ഠ പാഠപദ്ധതിയോടും ആധുനിക വീക്ഷണത്തോടും, പാശ്ചാത്യ സെമിനാരികളുടെ മാതൃകയിൽ സെമിനാരി പരിശീലനം രൂപപ്പെടുത്താൻ അവർക്കു കഴിഞ്ഞു. അന്നുമുതലുള്ള സെമിനാരിയുടെ ചരിത്രം അനുസ്യൂതവും അനുക്രമവുമായ വളർച്ചയുടെയും വികസനത്തിന്റേതുമാണ്. ഇപ്പോഴത്തെ കാതോലിക്കാ ബാവാ ഇരുപത്തിനാലു വർഷം അദ്ധ്യാപകനായും അതിൽ പതിനഞ്ചു വർഷം

Best Compliments from:

Baby Cloth Centre

Wholesale Cloth Merchants

4-B, Uppukinar Lane, Raja Street,

Coimbatore-1

Prop: **N. C. ALEXANDER**

Residence:

N. C. ALEXANDER
"BABY ILLAM"
30-31, S. I Lay-out
Opp: Rainbow Theatre
Trichy Road
COIMBATORE-18

Best Compliments from:

Phone: 35018

St. Thomas Furniture

MFRS: 'AISWARIYA' Brand Steel Furniture and all kinds of Wooden Furniture

250, V. H. Road, Coimbatore-1

★

പ്രിൻസിപ്പലായും സേവനം അനുഷ്ഠിച്ചിട്ടുണ്ടു്. ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്ത കാൽ നൂററാണ്ടുകാലം ഇവിടെ പ്രവർത്തിച്ചു. ചുരുങ്ങിയ കാലം പ്രിൻസിപ്പിലുമായിരുന്നു. ഇപ്പോഴത്തെ പ്രിൻസിപ്പൽ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് ചുമതലയേററതു് 1967–ൽ ആണു്.

150 വർഷം തികഞ്ഞ ജൂബിലി

1965–ൽ സെമിനാരി സ്ഥാപിച്ചതിന്റെ നൂററമ്പതാം വർഷം ജൂബിലിയായി ആഘോഷിക്കപ്പെട്ടു. അന്നാണു സെറാമ്പൂർ യൂണിവേഴ്സിററിയുമായി അഫിലിയേററു ചെയ്തു ബി. ഡി. ബിരുദം നൽകാനുള്ള സൗകര്യം കൈവരുത്തിയതു്.

കൂടുതൽ വിദ്യാർത്ഥികളെ അഭ്യസിപ്പിക്കേണ്ട ആവശ്യകത നേരിട്ടതു നിമിത്തം 1960–ൽ പുതിയ കെട്ടിടങ്ങൾക്കു് ആരംഭമിട്ടു. 1969–ൽ തെക്കോട്ടുള്ള കെട്ടിടവും, 1977–ൽ വടക്കോട്ടുള്ളതും പൂർത്തിയാക്കാൻ കഴിഞ്ഞു. അത്മായർക്കു് ആവശ്യമായ ആത്മീക ബോധനം നൽകുവാൻ ഉതകത്തക്കവണ്ണം ക്ലാസ്സുകളും സെമിനാറുകളും ചർച്ചാസമ്മേളനങ്ങളും നടത്തത്തക്കവണ്ണം 1974– മുതൽ സെമിനാരിയോടനുബന്ധിച്ചു സോഫിയാ സെൻറർ എന്ന കേന്ദ്രം പ്രവർത്തിക്കുന്നു. മേൽപ്പറഞ്ഞ ലക്ഷ്യം കൂടുതൽ വ്യാപകമാക്കുവാനും കാര്യക്ഷമമാക്കാനുമായി 'ദിവ്യബോധനം' എന്ന അത്മായ പരിശീലന പദ്ധതി 1984–ൽ ആരംഭിച്ചു നടത്തിവരുന്നു.

കോട്ടയം സെമിനാരി കേന്ദ്രമാക്കി നടന്നിട്ടുള്ളതു വൈദിക പരിശീലനത്തെക്കുറിച്ചു മാത്രമാണു് ഇതുവരെ പറഞ്ഞതു്. എന്നാൽ മററു കേന്ദ്രങ്ങളിലും ഓരോ കാലത്തും, ഓരോ വിധത്തിലും വൈദിക വിദ്യാഭ്യാസം നടത്തിയിരുന്നു.

പരുമല സെമിനാരി

പാലക്കുന്നത്തു മാത്യൂസ് മാർ അത്തനാസ്യോസിന്റെ കാലത്തു പഴയസെമിനാരി നമുക്കു നഷ്ടപ്പെട്ടപ്പോൾ അന്നു നമ്മുടെ സഭയെ നയിച്ച പ്രഗത്ഭനും പ്രതിഭാശാലിയുമായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് (ദ്വിതീയൻ) വൈദികർക്കു് ഒരു 'പഠിത്ത വീടു്' പരുമലയിൽ സ്ഥാപിച്ചു. സമുദായ സ്നേഹിയും ഉദാരമതിയുമായ അരികുപുറത്തു മാത്തൻ ദാനമായി നൽകിയ സ്ഥലത്താണു് 1872–ൽ 'അഴിപ്പുര' പണിയിച്ചു പഠിത്തമാരംഭിച്ചതു്. അതിന്റെ ചുമതല ചാത്തുരുത്തി ഗീവർഗീസ് റമ്പാനെ (പിന്നീടു പരുമലമാർ ഗ്രീഗോറിയോസ്) ഏല്പിച്ചു. അതിനു മുമ്പു് അദ്ദേഹം സ്വദേശമായ മുളന്തുരുത്തിയിൽ വെട്ടിക്കൽ ദയറാ സ്ഥാപിച്ചു ശെമ്മാശന്മാരെ പഠിപ്പിച്ചു വരികയായിരുന്നു. മലങ്കരസഭാ ഭാസുരൻ വട്ടശ്ശേരിൽ തിരുമേനി, ഇദ്ദേഹത്തിന്റെ കീഴിൽ മുളന്തുരുത്തിയിലും, പരുമലയിലും അഭ്യസനം നടത്തിയിട്ടുണ്ടു്. 1886–ൽ പഴയസെമിനാരി തിരികെ കിട്ടിയപ്പോൾ പരുമല സെമിനാരിയിലെ അഭ്യസനം നിർത്തിവച്ചു. എങ്കിലും പിൽക്കാലത്തു ചില വൈദികർ പഴയ മല്പാൻ സമ്പ്രദായത്തിൽ ഹ്രസ്വകാല കോഴ്സുകൾ അവിടെ നടത്തിയിട്ടുണ്ടു്. പരുമല സെമിനാരി ഇന്നു്, പരുമലത്തിരുമേനിയുടെ കബറിടം സ്ഥിതി ചെയ്യുന്ന സ്ഥലമാകയാൽ ഇതു വലിയ തീർത്ഥാടക കേന്ദ്രമായിത്തീർന്നിരിക്കുന്നു.

പിറവം സെമിനാരി

വട്ടശ്ശേരിൽ തിരുമേനിയുടെ മുടക്കിനെ തുടർന്നു മറുപക്ഷത്തു നിന്ന മാർ കൂറിലോസ് മെത്രാപ്പോലീത്താ സ്ഥാപിച്ചതാണു പിറവം സെമിനാരി. 1918–ൽ ഇവിടെ വൈദികാഭ്യസനം ആരംഭിച്ചു. പാമ്പക്കുട പള്ളിമേടയിൽ കോനാട്ടു മാത്തൻ മല്പാൻ നടത്തി വന്ന അദ്ധ്യാപനം നിർത്തിയിട്ടു്, കൂറിലോസ് മെത്രാപ്പോലീത്തായുടെ നിർദേശപ്രകാരം, അദ്ദേഹം പിറവം സെമിനാരിയിൽ പ്രവർത്തിക്കുവാൻ തുടങ്ങി. രണ്ടോ മൂന്നോ വർഷം മാത്രമേ അതു നടന്നുള്ളു.

പിന്നീടു പിറവം സെമിനാരി കണ്ടനാടു ഭദ്രാസനാധിപനായി വന്ന ഔഗേൻ മാർ

Best Compliments from:

P. C. SAMUEL

New Delhi-48

തീമോത്തിയോസ് മെത്രാപ്പോലീത്തായുടെ ആസ്ഥാനമാക്കി, അദ്ദേഹം തന്നെ വൈദികരെ അവിടെ പരിശീലിപ്പിച്ചു. കോനാട്ട് ഏബ്രഹാം മല്പാൻ അന്ന് അവിടെ പഠനം നടത്തിയ ആളാണ്. ഇന്നു 'സെമിനാരി' എന്ന പേരു് അല്ലാതെ അവിടെ ഒന്നുമില്ല.

പാമ്പാക്കുട

തലമുറകളായി കോനാട്ട് കുടുംബം മല്പാൻ സ്ഥാനം നിലനിർത്തി വൈദിക പരിശീലനം നടത്തിയിട്ടുള്ള കേന്ദ്രമാണ്. ഈ കുടുംബത്തിലെ ആദ്യകാല മല്പാന്മാർ മാമ്മലശ്ശേരി പള്ളിയിൽ താമസിച്ചുകൊണ്ടു് അവിടെ അദ്ധ്യാപനം നടത്തുകയായിരുന്നു. പിന്നീടു 1825—ൽ പാമ്പാക്കുടപള്ളിയും മേടയും സ്ഥാപിച്ച് അവിടെ പരിശീലനം നൽകിപ്പോന്നു.

പുലിക്കോട്ടിൽ തിരുമേനി നവീകരണക്കാരിൽ നിന്നു പഴയസെമിനാരി വീണ്ടെടുത്തു് അവിടെ പഠനം തുടങ്ങിയപ്പോൾ കോനാട്ടു മാത്തൻ മല്പാനെ വട്ടശ്ശേരിൽ ഗീവർഗീസ് മല്പാൻെറ സഹപ്രവർത്തകനായി നിയമിച്ചു. പിന്നീടു വട്ടശ്ശേരിൽ തിരുമേനിയുടെ മുടക്കും കക്ഷിവഴക്കും മൂർഛിച്ചപ്പോൾ മാത്തൻ മല്പാൻ മറുപക്ഷത്തായി. അദ്ദേഹം സ്വദേശത്തേക്കു മടങ്ങി അവിടെ വൈദികാദ്ധ്യാപനം തുടർന്നു. കഴിഞ്ഞ തലമുറയിലെ വടക്കുള്ള വൈദികരിൽ ഏറിയ പങ്കും കോനാട്ടു മല്പാൻെറ ശിഷ്യന്മാരാണ്.

മാത്തൻ മല്പാൻെറ കാലശേഷം ഔഗേൻ മാർ തീമോത്തിയോസു മെത്രാപ്പോലീത്തായുടെ നിർദ്ദേശമനുസരിച്ചു കോനാട്ടു മാത്തൻ മല്പാൻെറ മകൻ അബ്രഹാം മല്പാൻ, കോലഞ്ചേരിൽ കൊഴമററത്തിൽ മർക്കോസ് കത്തനാരുമൊരുമിച്ചു കുറെക്കാലത്തേക്കു വൈദിക പരിശീലനം പാമ്പാക്കുടയിൽ നൽകി. പിന്നീട് അതു നിന്നുപോയി. ഇന്നു പാമ്പാക്കുടയിൽ അഭിമാനിക്കത്തക്ക ഒരു നല്ല സുറിയാനി ലൈബ്രറിയുണ്ടു്. അമൂല്യങ്ങളായ പല സുറിയാനി കൈയെഴുത്തു പ്രതികളും അവിടെ സൂക്ഷിക്കുന്നു.

തൃക്കുന്നത്ത് സെമിനാരി

പൗലോസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ ഉത്സാഹത്താൽ 1935 ൽ ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ വൈദികാഭ്യസനം തുടങ്ങി. മാറാച്ചേരിൽ ഇട്ടീരാ മല്പാൻ, പള്ളിക്കര കുരിശുങ്കൽ മാണി മല്പാൻ എന്നിവരായിരുന്നു അദ്ധ്യാപകർ. മൂന്നു വർഷത്തെ ആയുസ് മാത്രമേ അതിനുണ്ടായുള്ളു. പിൽക്കാലത്തു് അങ്കമാലിയുടെ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ പരിശ്രമത്തിൽ, കടവിൽ പോൾ റമ്പാൻെറ (ഇപ്പോൾ പൗലോസു് മാർ അത്താനാസ്യോസു്) ചുമതലയിൽ സെമിനാരി പുനർജീവിപ്പിക്കാൻ ശ്രമിച്ചെങ്കിലും വിജയിച്ചില്ല.

മഞ്ഞിനിക്കര ദയറാ

ആലുവായിലെ അഭ്യസനം നിന്നുപോയപ്പോൾ പാത്രിയർക്കീസു ഭാഗത്തു പരിശീലന കേന്ദ്രങ്ങൾ ഒന്നുമില്ലാതായി. അപ്പോഴാണ് മഞ്ഞിനിക്കരയിൽ പഠനം തുടങ്ങുവാൻ ഇടയായതു്. ശീമയിൽ നിന്നു വന്ന അബ്ദൽ ആഹാദ റമ്പാൻ (പിന്നീടു യാക്കോബു് തൃതീയൻ പാത്രിയർക്കീസു്) സെമിനാരിയുടെ ചുമതല ഏറെറടുത്തു. 1940— ൽആരംഭിച്ച പ്രവർത്തനം രണ്ടു ദശകത്തോളം തുടർന്നു.

മലേക്കുരിശു ദയറാ

ക്നാനായ സമുദായത്തിലെ ക്ളീമ്മീസ് മെത്രാപ്പോലീത്താ, അന്നത്തെ പാത്രിയർക്കീസു വിഭാഗത്തിൻെറ മലങ്കര മെത്രാപ്പോലീത്താ ആയപ്പോൾ, അദ്ദേഹത്തിൻെറ ഉത്സാഹത്തിലും ആ ഭാഗത്തുള്ള മററു മെത്രാപ്പോലീത്താമാരുടെ സഹകരണത്തിലും പുത്തൻകുരിശിനു സമീപമുള്ള മലേക്കുരിശു ദയറായിൽ 1956ൽ ഒരു സെമിനാരി ആരംഭിച്ചു. 1958—ൽ സഭയിൽ സമാധാനം കൈവന്നപ്പോൾ ആ സെമിനാരി നിർത്തിവയ്ക്കുകയും അവിടെ പഠിച്ചവരും പഠിപ്പിച്ചവരും കോട്ടയം സെമിനാരിൽ ചേരുകയും ചെയ്തു. വീ

ണ്ടും കക്ഷിവഴക്കു് ഉയർന്നപ്പോൾ മലേക്കരിശിൽ പാത്രിയർക്കാ വിഭാഗം, അവരുടെ സെമിനാരി ആരംഭിക്കുകയാണു ചെയ്തതു്.

പത്തനംതിട്ട

1942–ൽ കോട്ടയത്തു സെമിനാരി തുടങ്ങുന്നതിനു മുമ്പു പത്തനംതിട്ടയിൽ തെങ്ങുന്തറയിൽ ഗീവർഗീസ് മല്പാന്റെയും, പി. ഇ. ദാനിയേൽ ക്ളേറിയുടെയും (ഇപ്പോഴത്തെ ദാനിയേൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്താ) ചുമതലയിൽ ഒരു പരിശീലന കേന്ദ്രം ആരംഭിച്ചു. രണ്ടു വർഷത്തേക്കു മാത്രമേ അതു നടന്നുള്ളു.

മേൽ സൂചിപ്പിച്ചവ കൂടാതെ പല മല്പാൻ കേന്ദ്രങ്ങളും തെക്കും വടക്കും പ്രവർത്തിച്ചിട്ടുണ്ടു്. അവിടെ പഠിപ്പിച്ചിട്ടുള്ള പല മല്പാന്മാരും പണ്ഡിതന്മാരും സഭയിൽ നേതൃത്വം വഹിച്ചിരുന്നവരുമാണു്.

ആശ്രമ പരിശീലനം

കഴിഞ്ഞ നാലഞ്ചു ദശകങ്ങൾക്കുള്ളിൽ മലങ്കര സഭയിൽ പല ആശ്രമങ്ങളും രൂപം പ്രാപിച്ചു. അവയിലെ അംഗങ്ങളിൽ ഭൂരിപക്ഷം വൈദികരും ആശ്രമത്തിൽതന്നെ ലഭിക്കുന്ന പരിശീലനം നേടിയവരാണു്. ഒരു ക്രമീകൃതമായ പഠനപദ്ധതിയില്ലെങ്കിലും സുദീർഘമായ ആശ്രമജീവിതവും, അതോടനുബന്ധിച്ചു ലഭിക്കുന്ന ആദ്ധ്യാത്മിക പരിശീലനവും വിലപ്പെട്ടതു തന്നെയാണു്.

Best Compliments from:

★

Jacob Yohannan

Silvassa

★

ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ

അപ്പോസ്റ്റലോ എന്ന വാക്കിന്റെ അർത്ഥം തന്നെ അയക്കപ്പെട്ടവൻ, പ്രേഷിതൻ, മിഷനറി എന്നൊക്കെയാണ്. ഏകവും വിശുദ്ധവും കാതോലികവുമായ സഭ അയക്കപ്പെടാതിരുന്നാൽ അപ്പോസ്തലികമാകുമോ എന്നു ചിന്തിക്കണം.

മലങ്കര ഓർത്തഡോക്സ് സഭയുടെ കഴിഞ്ഞ 175 വർഷങ്ങളിലെ മിഷൻ

മാർത്തോമ്മാ ശ്ലീഹായുടെ പ്രേഷിതവൃത്തിയാൽ ആരംഭിച്ച മലങ്കര സഭ മിഷൻ രംഗത്തു കഴിഞ്ഞ 19 നൂററാണ്ടുകളായി എന്തെല്ലാം ചെയ്തു എന്നതു ചരിത്രരേഖകൾകൊണ്ടു തെളിയിക്കുക പ്രയാസമാണു്. ക്രിസ്തുവിന്റെ ശിഷ്യന്മാർ എല്ലാവരും മിഷനറിമാർ എന്ന നിലയിൽ ക്രിസ്തുവിനാൽ അയയ്ക്കപ്പെട്ടവരായിരുന്നു. അപ്പൊസ്തലോ എന്ന വാക്കിന്റെ അർത്ഥം തന്നെ അയക്കപ്പെട്ടവൻ, പ്രേഷിതൻ, മിഷനറി എന്നൊക്കെയാണു്. ഏകവും, വിശുദ്ധവും കാതോലികവുമായ സഭ അയയ്ക്കപ്പെടാതിരുന്നാൽ അപ്പോസ്തലികമാകുമോ എന്നു ചിന്തിക്കണം. 'ദൈവം അയച്ചിട്ടു് ഒരു മനുഷ്യൻ വന്നു, അവനു യോഹന്നാൻ എന്നു പേർ' (യോഹ. 1:6). 'ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചതു.. ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രെ (3:17). 'പിതാവു് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു' (20:21). യോഹന്നാൻ സ്നാപകനും, കർത്താവും ശ്ലീഹന്മാരും മിഷനറിമാരായിരുന്നു. സഭയെ നാനാദേശത്തുനിന്നും കൂട്ടിച്ചേർത്തിരിക്കുന്നതു നാനാ ദേശത്തേക്കും അയയ്ക്കപ്പെടുവാനും ആരാധനയാൽ വിശുദ്ധീകരിക്കപ്പെട്ട സാക്ഷ്യത്താൽ ലോകത്തെ ദൈവീകരിക്കുവാനുമാണു്.

മലങ്കര സഭയിലേക്കു സി.എം.എസ്. മിഷനറിമാർ അയക്കപ്പെട്ടതു മിഷൻ ഉദ്ദേശത്തോടുകൂടെയായിരുന്നു. കുന്നംകുളം ആർത്താററു പള്ളിയിൽ 1806 ഡിസംബർ 9–ാം തീയതി കല്കട്ടാ ഫോർട്ടു വില്യം കോളേജിന്റെ പ്രിൻസിപ്പാൾ ആയിരുന്ന റവ. ഡോക്ടർ ക്ലോഡിയസ് ബുക്കാനാൻ വന്നു. വലിയ മാർ ദിവന്നാസ്യോസ് എന്നറിയപ്പെടുന്ന മാർത്തോമ്മാ ആറാമൻ അന്നു മലങ്കരയുടെ വലിയ മെത്രാപ്പോലീത്തായായിരുന്നു. പുലി

Best Compliments from:

M. Leouard
New Delhi

★

M. K. Varghese
New Delhi

★

N. M. Samuel
New Delhi

★

P. T. John
New Delhi

★

K. M. Chacko
New Delhi

★

Abraham O. V.
New Delhi

★

J. P. Singh
New Delhi

★

P. V. Thomas
New Delhi

പുലിക്കോട്ടിൽ ഇട്ടൂപ്പു (ജോസഫ്) കത്തനാർ കായംകുളം ഫിലിപ്പോസ് റമ്പാൻെറയും തിമ്മയ്യ പിള്ളയുടേയും സഹായത്തോടു കൂടി സുറിയാനിയിൽനിന്ന് മലയാളത്തിലേക്കു തർജിമ ചെയ്ത നാലു സുവിശേഷങ്ങൾ ബോംബെയിൽവച്ച് അച്ചടിച്ച് 1811–ൽ ജോസഫ് കത്തനാർക്കയച്ചു. മലയാള വേദപുസ്തകം ലഭ്യമാക്കിയതിൽ ബുക്കാനനോടും C. M. S. മിഷനോടും നമുക്ക് കടപ്പാടുണ്ട്.

ക്കോട്ടിൽ ഇട്ടൂപ്പ (ജോസഫ്) കത്തനാർ
കായംകുളം ഫിലിപ്പോസ് റമ്പാൻെറയും
തിമ്മയ്യ പിള്ളയുടേയും സഹായത്തോടു
കൂടി സുറിയാനിയിൽ നിന്നു മലയാള
ത്തിലേക്കു തർജിമ ചെയ്ത നാലു സുവി
ശേഷങ്ങൾ ബോംബെയിൽവച്ച് അച്ചടി
ച്ച് 1811–ൽ ജോസഫ് കത്തനാക്കയച്ചു.
മലയാള വേദപുസ്തകം ലഭ്യമാക്കിയ
തിൽ ബുക്കാനനോടും C. M. S. മിഷനോ
ടും നമുക്കു കടപ്പാടുണ്ട്. ആദ്യം വന്ന
റവ. നോർട്ടൺ (1816) റവ. ബൻജമിൻ
ബയ്ലി (1816) റവ. ജോസഫ് ഫെൻ
(1818–26) റവ. ഹെൻറി ബേക്കർ
(1819) എന്നിവർ പഴയ സെമിനാരി
യിൽ പഠിപ്പിച്ചു. തുടർന്നു 1836–ൽ
മാവേലിക്കരെ പടിയോല വഴി മലങ്കര
സഭ C. M. S. ബന്ധം ഉപേക്ഷിച്ചു.
1840–ലെ കൊച്ചിൻ അവാർഡു വഴി
പഴയ സെമിനാരിയും കടമററം പള്ളിയും
മററും മലങ്കര സഭയ്ക്കും, മൺറോത്തുരുത്തും
മററു ചില തുകകളും C. M. S. മിഷനറി
മാർക്കും ലഭിച്ചു. അനന്തരം C. M. S. മിഷ
നറിമാർ കേരളത്തിലെ അധഃകൃതരെന്നറി
യപ്പെട്ടിരുന്ന ജാതികളിലേക്കു മിഷൻ
വ്യാപിപ്പിച്ചു. അങ്ങനെ സഭ കെട്ടിപടു
ത്തു. എന്നാൽ മലങ്കര സഭയ്ക്കാകട്ടെ മി
ഷൻ പ്രവർത്തനത്തെപ്പററി യാതൊരു
വിധ പ്രചോദനവും ഈ കാലയളവിൽ
ഉണ്ടായില്ല. മിഷൻ എന്നു പറഞ്ഞാൽ

അവർ കരുതിപ്പോന്നത് അതു തികച്ചും പ്രൊട്ടസ്റ്റൻറുകാരുടെ ഒരു പരിപാടിയായിട്ടാണ്. അതിൽ പ്രത്യേകിച്ചും അധഃകൃതരുടെ ഇടയിൽ പ്രവൃത്തിക്കുക, അവരെ നസ്രാണിയുടെ കൂടെ കൂട്ടുക എന്നു പറഞ്ഞാൽ ചിന്തിക്കുവാൻ പോലും വയ്യ, അത്രയധികം നിഷേധാത്മക മനോഭാവം അവരിലുണ്ടായിരുന്നു.

നവീകരണത്തെ അനുകൂലിച്ചിരുന്നവർ 1889–ൽ മലങ്കര സഭയിൽ നിന്നും വേർപ്പെട്ടു മാർത്തോമ്മാ സഭയായി രൂപം പ്രാപിച്ചു.അവരാണു പിന്നീടു മിഷൻപ്രവത്തനങ്ങളിൽ കാര്യക്ഷമമായിട്ടു പ്രവർത്തനനിരതരായത്. അവരുടെ പ്രവർത്തനങ്ങളിലൂടെ വളരെയധികം മനുഷ്യരെ സഭയിലേക്കു ചേർക്കുകയുണ്ടായി. പിന്നീടാണു മലങ്കര സഭയിലെ ചിലർക്കു മിഷൻ എന്ന പേരിലുള്ള പ്രവർത്തനത്തിനു പ്രചോദനം ഉണ്ടായത്. പത്രോസ് മാർ ഒസ്ത്താത്തിയോസ് മെത്രാച്ചൻ നടത്തിയ സുവിശേഷ പ്രവർത്തനങ്ങൾ തികച്ചും സഭയുടെ അഭിനന്ദനങ്ങൾ അർഹിക്കുന്നതാണ്. എന്നാൽ അതു തുടർന്നു നടത്തുവാൻ മലങ്കര സഭയ്ക്കു കഴിഞ്ഞില്ല എന്നതാണു വളരെ ഖേദകരം.

ബ്രഹ്മവാർ മിഷൻ

മലങ്കര സഭയുടെ ആധുനിക കാലഘട്ടത്തിൽ അല്പം ശ്രദ്ധ ചെലുത്തി പോന്ന ഒരു ഘടകമായിരുന്നു ബ്രഹ്മവാർ മിഷൻ. 1888–ൽ ഒരു കൂട്ടം റോമൻ–കൊങ്കിണി ക്രിസ്ത്യാനികൾ, South Canara ഭാഗത്തുനിന്നും ഫാ. സേവ്യർ അൽവാറീസിൻെറ നേതൃത്വത്തിൽ മലങ്കര സഭയിൽ ചേരുകയുണ്ടായി. അൽവാറീസിനെ മാർ യൂലിയോസ് എന്ന പേരിൽ മെത്രാനാക്കി. അദ്ദേഹത്തിൻ കൂടെ റോമൻ കത്തോലിക്ക വിഭാഗത്തിൽനിന്നും ചിലരെ മലങ്കര സഭയിലേക്കു ചേർക്കാമെന്നുള്ള പ്രതീക്ഷയും മലങ്കര സഭയ്ക്കുണ്ടായിരുന്നു. എന്നാൽ അതു കാര്യമായിട്ടു പുരോഗമിച്ചില്ല. കാരണം മലങ്കര സഭയിൽ നിലനിന്നു പോന്ന അന്ത്യോഖ്യയും മലങ്കര സഭയും തമ്മിലുള്ള വ്യവഹാരങ്ങള

Best Compliments from:

★

THE ASTOR
Hotel & Restaurant

15 Shakespeare Sarani
CALCUTTA-700 071

Phone: 44-9957-50
44-6215
44-9917

●

ടെ ഇടയിൽ അവരെ കാര്യമായിട്ടൊന്നും സഹായിക്കുവാൻ കഴിഞ്ഞില്ല. അതുകൊണ്ടു് അൽവാരീസിനെ റോമൻ കത്തോലിക്കർ കണ്ടമാനം പീഡിപ്പിക്കയും, അദ്ദേഹത്തിൻെറ കീഴിലുണ്ടായിരുന്ന പല ഇടവകകളേയും റോമൻ കത്തോലിക്കർ അവരുടെ കീഴിൽ കൊണ്ടുവരികയും ചെയ്തു. പത്തനാപുരം താബോർ ദയറായിലെ ചില പട്ടക്കാർ ഇപ്പോഴും അതിൽപ്പെട്ട ചില പള്ളികൾക്കു നേതൃത്വം കൊടുത്തു വരുന്നുണ്ടു്. കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിരുന്ന ഇടവകാംഗങ്ങളുടെ അംഗസംഖ്യ ക്ഷയിച്ചുകൊണ്ടിരിക്കുകയാണു്. റോമൻ കത്തോലിക്കാ സഭയിലേക്കു് അവർ ആകൃഷ്ടരായിത്തീരുന്നുണ്ടു്. പലകാരണങ്ങളാലും മലങ്കര സഭയ്ക്കാകട്ടെ ഇതുവരെയും ആ സഭാവിഭാഗത്തിനു ശരിയായുള്ള നേതൃത്വം കൊടുക്കുവാൻ കഴിഞ്ഞിട്ടില്ല.

കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിരുന്ന ഇടവകാംഗങ്ങളുടെ അംഗസംഖ്യ ക്ഷയിച്ചുകൊണ്ടിരിക്കുകയാണ്. റോമൻ കത്തോലിക്കാ സഭയിലേക്കു് അവർ ആകർഷിതരായി തീരുന്നുണ്ട്. പല കാരണങ്ങളാലും മലങ്കര സഭയ്ക്കാകട്ടെ ഇതുവരെയും ആ സഭാവിഭാഗത്തിനു ശരിയായുള്ള നേതൃത്വം കൊടുക്കുവാൻ കഴിഞ്ഞിട്ടില്ല.

സിലോണിലും അമേരിക്കയിലും

മാർ ജൂലിയസ് തൻെറ പ്രവർത്തനങ്ങൾ ബ്രഹ്മവാറിൽ മാത്രം ഒതുക്കാതെ സിലോണിലും അമേരിക്കയിലും വ്യാപിപ്പിക്കുവാൻ ആഗ്രഹിച്ചിരുന്നു. അസ്വസ്ഥരായി കഴിഞ്ഞിരുന്ന റോമക്കാരെ ചേർത്തു് അദ്ദേഹത്തിൻെറ മേൽ നോട്ടത്തിൽ ഒരു സഭ വികസിപ്പിച്ചെടുക്കുവാനാണു് ഉദ്ദേശിച്ചിരുന്നതു്. അമേരിക്കയിലെ പഴയ കത്തോലിക്കരുടെ കൂട്ടത്തിൽനിന്നും റെനിവിലാത്തി എന്ന ഫ്രഞ്ചു പുരോഹിതനെ അമേരിക്കയിലെ ഓർത്തഡോക്സ് സഭയുടെ തലവനായി ഉയർത്തണമെന്നു ജൂലിയസ് ആഗ്രഹം പ്രകടിപ്പിച്ചതിൻെറ ഫലമായി റെനിവിലാത്തിയെ തീമോത്തിയോസ് എന്ന പേരിൽ പാത്രിയക്കീസിൻെറ അനുവാദം വാങ്ങിയതിനു ശേഷം, 1892 ഓഗസ്റ്റിൽ കൊളൊംബോയിൽ വച്ചു പട്ടം കെട്ടി. മാർ ജൂലിയസും, കടവിൽ അത്താനാസിയോസും, പരുമല മാർ ഗ്രീഗോറിയോസും ദീവന്നാസിയോസ് V–ൻെറ നിർദ്ദേശപ്രകാരമാണു് ഈ കർമ്മം നിർവഹിച്ചതു്. എന്നാൽ പിന്നീടുള്ള ഈ അമേരിക്കൻ മിഷനെ പററിയുള്ള ചരിത്ര വിവരങ്ങളൊന്നും തന്നെ ലഭിച്ചില്ല. എന്നാലും മലങ്കര സഭയുടെ അന്തസ്സിനും, രീതിക്കും യോജിക്കാത്ത വിധത്തിലാണു മേൽ പറഞ്ഞതായ തീമോത്തിയോസ് പ്രവർത്തിക്കുവാൻ ഇടയായതു് എന്നാണു് അറിവായിട്ടുള്ളതു്. കണ്ണിൽ കണ്ടവർക്കെല്ലാം പട്ടം കൊടുത്തു 'എപ്പിസ്കോപ്പൽ തീണ്ടാട്ടം' എന്ന ദുഷിച്ച പേരിൽ അറിയുവാൻ ഇടയാകുമാറുള്ള ഒരു ശൈലിക്കാണു് അദ്ദേഹം പരിശ്രമിച്ചുപോന്നതു്. ഇപ്പോഴത്തെ അമേരിക്കൻ ഭദ്രാസനാധിപൻ പറയുന്നതു് ഓക്‌ലഹോമായിലുള്ള ഒരു കൂട്ടമാളുകൾ റെനിവിലാത്തിയുടെ പിൻതുടർച്ചക്കാരാണെന്നാണു്. അങ്ങനെ പറഞ്ഞു ചിലരെ ഇവിടെയൊക്കെ കൊണ്ടുവരികയും ചെയ്തിരുന്നു.

എന്നാൽ അമേരിക്കയിൽ മിഷൻെറ സാദ്ധ്യത ഇന്നാണു വർദ്ധിച്ചിരിക്കുന്നതു്. ഏതാണ്ടു നാല്പതു് ഇടവകകൾ അമേരിക്കയിൽ ഇന്നുണ്ടു്. അവർ അമേരിക്കക്കാരുടെ ഇടയിൽ മിഷൻ പ്രവത്തനങ്ങൾ നടത്തണം. 20 വർഷമായി അവിടെ കുടിയേറിക്കൊണ്ടിരിക്കുന്ന സഭാംഗങ്ങൾ അവരെ തന്നെ അമേരിക്കയിലെ മിഷനറിമാരായി കാണുന്ന കാലം വരണം. ഇപ്പോൾ പള്ളികൾ പണിയുന്ന ബദ്ധപ്പാടിലാണു്. അടുത്ത പടി അമേരിക്കക്കാർ പള്ളി അടച്ചു വിററും കൊണ്ടിരിക്കുന്ന പ്രവണത അവസാനിപ്പിക്കത്തക്കവണ്ണം രണ്ടും മൂന്നും തലമുറക്കാരായ നമ്മു

With Best Compliments from:

★

C. M. Abraham
New Delhi

●

Johnson P. Abraham
New Delhi

●

V. T. Thomas
New Delhi

●

Annamma Samuel
Calcutta

★

ടെ കുട്ടികളെക്കൊണ്ടു പ്രവർത്തനങ്ങൾ നടത്തുകയാണു വേണ്ടതു്. നമ്മുടെ സഭാംഗങ്ങളുടെ ജീവിത മാതൃക തന്നെ അവരെ മാനസാന്തരപ്പെടുത്തുവാനുതകണം.

പരുമല തിരുമേനിയും മിഷനും

മലങ്കര സഭ മലങ്കരയിൽ മാത്രം ഒതുങ്ങി നില്ക്കേണ്ടതല്ലെന്നും അതിന്റെ അതിരുകൾ വിശാലമാക്കണമെന്നുമുള്ള മിഷനെപ്പററിയുള്ള ഒരു ആഗോള വീക്ഷണം ഉണ്ടായിരുന്ന വ്യക്തിയായിരുന്നു പ. പരുമല തിരുമേനി. പ. തിരുമേനിക്കുണ്ടായിരുന്ന ഈ ദർശനം ഇന്നും നമുക്കു് കാര്യമായിട്ടുണ്ടായിട്ടില്ല എന്നു പറയേണ്ടിയിരിക്കുന്നു. 1888-ൽ കോനാട്ടു

ഇപ്പോൾ പള്ളികൾ പണിയുന്ന ബദ്ധപ്പാടിലാണ്. അടുത്തപടി അമേരിക്കക്കാർ പള്ളി അടച്ചും വിററും കൊണ്ടിരിക്കുന്ന പ്രവണത അവസാനിപ്പിക്കത്തക്ക വണ്ണം രണ്ടും മൂന്നും തലമുറക്കാരായ നമ്മുടെ കുട്ടികളെക്കൊണ്ട് പ്രവർത്തനങ്ങൾ നടത്തുകയാണ് വേണ്ടത്. നമ്മുടെ സഭാംഗങ്ങളുടെ ജീവിത മാതൃക തന്നെ അവരെ മാനസാന്തരപ്പെടുത്തുവാനുതകണം.

മല്പാന്റെ ഉത്സാഹത്തിൽ കോതമംഗലത്താരംഭിച്ച ത്രൈശ്രുബഹോ (സത്യവിശ്വാസം) എന്ന പേരിൽ ആരംഭിച്ച സുവിശേഷ സംഘത്തിന്റെ ശാഖകൾ മാവേലിക്കര, തിരുവല്ല, കോട്ടയം, കുന്നംകുളം, മുളന്തുരുത്തി എന്നിവിടങ്ങളിൽ ഉണ്ടാക്കുവാൻ പരുമലതിരുമേനി സഹായിച്ചു. മലങ്കര സഭ ആദ്യമായി സുവിശേഷസംഘം രൂപീകരിച്ചു പ്രവർത്തിക്കുന്നുവെന്നും സുവിശേഷകർക്കു പിരിവെടുത്തു ശമ്പളം കൊടുക്കുന്നുണ്ടു് എന്നും 1892 ഫെബ്രുവരി 13-നു് ഡബ്ല്യൂ. ജെ. റിച്ചാർഡ്സ് ഇംഗ്ലണ്ടിലേക്കയച്ച റിപ്പോർട്ടിൽ പറയുന്നുണ്ടു്. 1892-ൽ പരുമല തിരുമേനി കൊല്ലം, തുമ്പമൺ, നിരണം എന്നീ ഭദ്രാസനങ്ങളിലെ വൈദികരുടെ ഒരു യോഗം പരുമലയിൽ വിളിച്ചുകൂട്ടി 'മലങ്കര സുറിയാനി വൈദിക യോഗം' രൂപീകരിച്ചു. ആ യോഗത്തിൽ മിഷന്റെ ആവശ്യകതയെപ്പററി തിരുമേനി വൈദികരെ ബോധവാന്മാരാക്കി. അന്നെടുത്ത പ്രധാന തീരുമാനങ്ങളിൽ ചിലതു താഴെ കൊടുക്കുന്നു.

(a) സൺഡേസ്കൂളും പ്രാർത്ഥനായോഗവും ഇടവക തോറും തുടങ്ങണം.

(b) പട്ടക്കാർ സുവിശേഷം പ്രസംഗിക്കണം. അത്മായക്കാരും അവരുടെ ജീവിതം കൊണ്ടു ക്രിസ്തുവിനെ സാക്ഷിക്കണം.

(c) അക്രൈസ്തവരോടു സുവിശേഷം പ്രസംഗിക്കേണ്ടതു് അത്യന്താപേക്ഷിതമാകയാൽ എല്ലാപട്ടക്കാരും അവരവരുടെ ഇടവക ചുററുമുള്ള ക്രിസ്തേതരരോടു ക്രിസ്തുവിനെക്കുറിച്ചു പ്രസംഗിക്കണം. വിശ്വാസം സ്വീകരിച്ചു സഭയിൽ ചേരുന്നവരുടെ ആവശ്യത്തിനായി സ്കൂളുകളും പള്ളികളും പണിതു കൊടുക്കണം.

(d) വൈദിക സെമിനാരിയിൽ ക്രമീകൃത പഠനം എല്ലാ പട്ടക്കാർക്കും ലഭിക്കണം. അത്മായക്കാരും വിശ്വാസം പഠിക്കണം.

പരുമല തിരുമേനിയുടെ മിഷൻ പ്രവർത്തനഫലമായി പേരിശ്ശേരി, മല്ലപ്പള്ളി, മാന്നാർ മുതലായ സ്ഥലങ്ങളിൽ അധഃകൃതർ എന്നറിയപ്പെട്ടിരുന്നവരെ ധാരാളമായി സഭയിലേക്കു ചേർക്കുകയുണ്ടായി. 1902-ൽ അദ്ദേഹം കാലം ചെയ്യുന്നതിനു മുമ്പു കൂടുതൽ ആളുകളെ സഭയിൽ ചേർക്കാതിരുന്നതു സുറിയാനി ക്രിസ്ത്യാനികളെന്നഭിമാനിക്കുന്നവരുടെ ജാതി വ്യത്യാസവും തീണ്ടൽ തൊടീലും എതിർപ്പും കൊണ്ടായിരുന്നു. അവർക്കു പ്രത്യേകം പള്ളി വച്ചെങ്കിലും എത്രയും വേഗം അവരെ വിദ്യാഭ്യാസപരമായും സാമ്പത്തികമായും ഉയർത്തി പഴയ പള്ളിയിലേക്കു് ചേർക്കണമെന്നു് അദ്ദേഹം ആവശ്യപ്പെട്ട

Best Compliments from:

AERO SPEED

Heavy Duty Auto Tubes & Flaps

Authorised Dealer:

Leeba Auto Care

Peroor, Kottayam, Kerala

അദ്ദേഹത്തെപ്പോലെ ലളിത ജീവിത ശൈലിയും, ദരിദ്രവർഗ്ഗവുമായുള്ള താദാത്മ്യതയും പുലർത്തിയിട്ടുള്ള മറ്റൊരു മെത്രാപ്പോലീത്താ മലങ്കരയിൽ ഉണ്ടായിട്ടുണ്ടോ എന്നു തോന്നുന്നില്ല. സ്ളീബാദാസ സമൂഹത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തി പ്രാപിച്ച് ഭാരതത്തിലെ ഗ്രാമങ്ങളിലെല്ലാം സുവിശേഷം അറിയിക്കാൻ തക്കവണ്ണം വളരേണ്ടിയിരിക്കുന്നു.

കയുണ്ടായി. യഥാർത്ഥത്തിൽ സംഭവിച്ചത് ആ പള്ളികൾ അവരുടെ കൈവശത്തു നിന്നെടുത്തു സുറിയാനി ക്രിസ്ത്യാനികളുടെ ഭരണത്തിൽ ആക്കി അവരെ അകറ്റുകയോ ബഹിഷ്കരിക്കുകയോ ചെയ്ത നിർഭാഗ്യചരിത്രമാണ്. ഏതാണ്ട് അഞ്ഞൂറോളം പുതുക്രിസ്ത്യാനികളെ പരുമലതിരുമേനി മാമോദീസാ മുക്കിയെങ്കിലും ഇലവുങ്കൽ പള്ളിയിലും പേരിശ്ശേരി കിഴക്കേ പള്ളിയിലും വിരലിൽ എണ്ണാനുള്ളവർ മാത്രമേ ഇന്ന് അംഗങ്ങളായുള്ളൂ.

സ്ളീബാ ദാസസമൂഹം

1924 സെപ്തംബർ 27-ന് സ്ലീബാ പെരുനാളിൽ എ. പി.പത്രോസ് (മൂക്കഞ്ചേരിൽ അച്ചൻ) ആരംഭിച്ച സ്ലീബാ ദാസസമൂഹം മലങ്കര സഭയുടെ മിഷനറി ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. 1926-ൽ അദ്ദേഹം പുരോഹിതനായി. നാലുവർഷം കൊണ്ട് 2336 പേർ സഭയിൽ ചേർന്നു. 1953-ൽ അദ്ദേഹം മെത്രാപ്പോലീത്തായായി ഉയർത്തപ്പെട്ടു. 1968 ഫെബ്രുവരി രണ്ടാം തീയതി കാലം ചെയ്യുമ്പോൾ 21,730 പേരെ അദ്ദേഹം മാമോദീസാ മുക്കി കഴിഞ്ഞിരുന്നു. അദ്ദേഹത്തെപ്പോലെ ലളിത ജീവിതശൈലിയും, ദരിദ്രവർഗ്ഗവുമായുള്ള താദാത്മ്യതയും പുലർത്തിയിട്ടുള്ള മറ്റൊരു മെത്രാപ്പോലീത്താ മലങ്കരയിൽ ഉണ്ടായിട്ടുണ്ടോ എന്നു തോന്നുന്നില്ല. സ്ളീബാ ദാസ സമൂഹത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്രാപിച്ച ഭാരതത്തിലെ ഗ്രാമങ്ങളിലെല്ലാം സുവിശേഷം അറിയിക്കാൻ തക്കവണ്ണം വളരേണ്ടിയിരിക്കുന്നു. ഈ ലേഖകൻ 1976-87 വരെ സമൂഹദ്ധ്യക്ഷനായിരുന്നു. ഇപ്പോൾ ഫീലിപ്പോസ് മാർ യൗസേബിയോസ് ആബൂനാണ് അദ്ധ്യക്ഷൻ. വെരി റവ. റ്റി. വി. ഫീലിപ്പോസ് കോർ എപ്പിസ്കോപ്പായാണു സെക്രട്ടറി. കാലം ചെയ്ത പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ സ്മാരകമായി പടുത്തുയത്തിയിരിക്കുന്ന ഇരുനില കെട്ടിടത്തിന്റെ പേർ സെന്റ് ശിമയോൻ ഹോം എന്നാണ്. ഒരു ഡസൻ വൃദ്ധന്മാരെ സൗജന്യമായും മറ്റു ചിലരെ സ്വന്ത ചിലവിലും താമസിപ്പിക്കുവാനുള്ള സൗകര്യം കെട്ടിടത്തിൽ ഉണ്ട്. ഇപ്പോൾ നാലുപേർ ശുശ്രൂഷിക്കപ്പെടുന്നു. അർഹരായവരെ അയച്ചാൽ എടുക്കുന്നതാണ്. പ്രവർത്തകരുടെ അഭാവമാണു വളർച്ചയ്ക്കു തടസ്സം.

പൗരസ്ത്യ സുവിശേഷ സംഘം

1924-ൽ ആരംഭിച്ച ഈ സംഘം പ്രധാനമായി പുറജാതികളുടെ ഇടയിലുള്ള പ്രവർത്തനത്തേക്കാളുപരിയായി ക്രിസ്ത്യാനികളുടെ ഇടയിൽ തന്നെ പ്രവർത്തിക്കുക, മലബാറിലെ കുടിയേറ്റക്കാർക്കു പള്ളികളും സ്കൂളുകളും നിർമ്മിക്കുക എന്നിവയായിരുന്നു ലക്ഷ്യം.

ഇമ്മാനുവേൽ മിഷനറി സൊസൈറ്റി

1939-ൽ ആരംഭിച്ച ഇമ്മാനുവേൽ മിഷനറി സൊസൈറ്റിയുടെ രക്ഷാധികാരി അന്നു കണ്ടനാടിന്റെ മെത്രാപ്പോലീത്തായായിരുന്ന തീമോത്തിയോസ് തിരുമേനി (പിന്നീട് ഔഗേൻ കാതോലിക്കാ ബാവാ) ആയിരുന്നു. സുവിശേഷ പരിശീലനക്ലാസ്സുകൾ നടത്തുക, 'സുവിശേഷ ദൂതൻ' എന്ന മാസിക പ്രസിദ്ധീ

Best Wishes from:

T. M. Alexander
New Delhi

G. Pappachen
New Delhi

K. T. Mathew
New Delhi

C. C. Johnson
New Delhi

Thomas Cherian
New Delhi

കരിക്കുക, പല സ്ഥലങ്ങളിലായി പ്രാർത്ഥനാ യോഗങ്ങളും, ധ്യാനയോഗങ്ങളും എന്നിവ നടത്തുകയും ചെയ്തു ഈ സൊസൈററി അക്കാലത്തു നല്ല ഒരു സുവിശേഷ പ്രസ്ഥാനം തന്നെയായിരുന്നു. ഇന്ന് അതു നിലവിലില്ല.

തുമ്പമൺ ഭദ്രാസന മിഷൻ

തുമ്പമൺ ഭദ്രാസനാധിപനായിരുന്ന പുത്തൻകാവിൽ കൊച്ചു തിരുമേനി 1935–ൽ സ്ഥാപിച്ചതാണു തുമ്പമൺ ഭദ്രാസന മിഷൻ. ആഭ്യന്തരമിഷനാണു കൂടുതൽ ഊന്നൽ കൊടുക്കുന്നതെങ്കിലും വിജാതിയ മിഷനും ഇതിന്റെ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 1955–ൽ കൊഴവല്ലൂരിൽ ക്രിസ്ത്യേതരരായ കുറെപേർ മാമോദീസാ മുങ്ങി സഭയോടു ചേർന്നിട്ടുണ്ട്. മിഷൻ വകയായി 1969–ൽ കൈപ്പട്ടൂരിൽ ഒരാശുപത്രി സ്ഥാപിതമായി. സുവിശേഷ സംഘത്തിന്റെ പ്രവർത്തന ഫലമായി മററു ആദ്ധ്യാത്മിക സംഘടനകളെല്ലാം ശക്തി പ്രാപിച്ചു വളർന്നുകൊണ്ടിരിക്കുന്നു.

ഇന്ത്യൻ ഓർത്തഡോക്സ് മിഷൻ

ബഥനിയുടെ അലക്സിയോസ് മാർ തേവോദോസ്യോസ് (1938–1965) കൊല്ലം ഭദ്രാസനാധിപനും, ബാഹ്യകേരള ഭദ്രാസന ശില്പിയുമായിരുന്നു. 1947–ൽ ഇൻഡ്യൻ ഓർത്തഡോക്സ് മിഷൻ ആരംഭിച്ചതു തിരുമേനി തന്നെയായിരുന്നു. 1951–ൽ നാലു പേർക്കു് ഈ മിഷനുവേണ്ടി മദ്രാസിൽ വച്ചു പട്ടം കൊടുത്തു. ബാഹ്യകേരള ഭദ്രാസനത്തിന്റെ ഒരു മിഷനറി ഡിപ്പാർട്ടുമെൻറാണു തിരുമേനി വിഭാവനം ചെയ്തതു്. ഇന്ത്യൻ ഓർത്തഡോക്സ് മിഷൻ എന്ന പേരിൽ ഇന്നു് അതു നിലനില്ക്കുന്നില്ലെങ്കിലും ഇപ്പോഴത്തെ കാതോലിക്കാ ബാവാ, മാത്യൂസ് മാർ അത്താനാസ്യോസ് ആയി ബാഹ്യകേരള ഭദ്രാസനം ഒന്നായി ഭരിച്ചപ്പോഴാണു മിഷൻ സൺഡേ കവർ പിരിവു് ആദ്യമായി ആ ഭദ്രാസനത്തിൽ തുടങ്ങിയതു്.

സെൻറ് പോൾസ് സുവിശേഷ സംഘം

1954–ൽ ആരംഭിച്ച സെൻറു പോൾസ് സുവിശേഷസംഘവും ആ വർഷം മുതൽ തന്നെ സുവിശേഷ പരിശീലനത്തിനു കേന്ദ്രമായി സുവിശേഷാലയവും മാവേലിക്കരയിൽ തുടങ്ങി. ഇവയുടെ സ്ഥാപനത്തിനു ദൈവം ഈ ലേഖകനെ ഉപയോഗിച്ചു എന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. 1979–വരെ അവധിക്കാലത്തു പത്തുദിവസവും, രണ്ടാഴ്ചയും ഒരു മാസവും പരിശീലനം നടത്തിയിരുന്നതേ ഉള്ളൂ. പ്രസ്തുത പരിശീലനം കഴിഞ്ഞ അനേകർവൈദികസെമിനാരിയിൽവന്നു പഠിക്കുവാൻ ദൈവവിളി അവിടെ വച്ചു പ്രാപിച്ചു എന്നതിൽ ദൈവത്തെ സ്തുതിക്കാം. സെൻറു പോൾസ് സുവിശേഷാലയമാണ് ഇന്നു സഭയുടെ ഔദ്യോഗിക മിഷൻ പരിശീലന കേന്ദ്രമായ സെൻറു് പോൾസ് മിഷൻ ട്രെയിനിംഗ് സെൻററായി ഉയർത്തപ്പെട്ടതു്.

തെക്കൻ തിരുവിതാംകൂർ മിഷൻ

മാത്തോമ്മാ ശ്ലീഹായാൽ സ്ഥാപിക്കപ്പെട്ട തിരുവിതാംകോട്ടുള്ള കുരിശുപള്ളി 1964–ൽ ബ. കെ. വി. ഗീവർഗീസ് റമ്പാച്ചൻ പുതുക്കി പണിതു. അദ്ദേഹം തന്നെ ഒരു അനാഥശാലയും അവിടെ പണിയുകയുണ്ടായി. അതു് ഇന്നും പ്രവർത്തിക്കുന്നു. കൂടാതെ 1972–ൽ കന്യാകുമാരിയിൽ കൊല്ലം കോടിനടുത്തു പാലവിളയിൽ ഫാ. സി. സി. കോരയുടെ ഉത്സാഹത്താൽ ഒരു മിഷൻ ആരംഭിച്ചു നടത്തുകയുണ്ടായി. 1988–ൽ നെയ്യാററിൻകര മിഷൻ ബോർഡിന്റെ മിഷൻ തുടങ്ങി. ഇപ്പോൾ മിഷൻ കേന്ദ്രവും ചാപ്പലും പണിതുകൊണ്ടിരിക്കുന്നു.

ഭിലായ് മിഷൻ

മാർ തോമ്മാ ശ്ലീഹായുടെ രക്തസാക്ഷി മരണത്തിന്റെ പത്തൊൻപതാം ശതാബ്ദിയാഘോഷം കൊണ്ടാടിയ 1972–ലാണ് അതിന്റെ സ്മരണ ഉണർത്തുന്ന

With Best Compliments from:

★

REGI ABRAHAM

★

JOHNSON ABRAHAM

★

BIJU CHERIAN

★

JAYA BHARAT SERVICE
GUNDLAY
VALSAD

★

മലങ്കര ഓർത്തഡോക്സ് സഭയുടെ മിഷൻ ചരിത്രത്തിലെ നിർണായക വർഷമാണു 1979. പരിശുദ്ധ സുന്നഹദോസിന്റെ തീരുമാനപ്രകാരം മിഷൻ ബോർഡും, മിഷൻ സൊസൈററിയും ഉണ്ടാവുകയും അതിന്റെ ഭരണഘടന അംഗീകരിക്കുകയും ചെയ്തു

ഭിലായ് മിഷൻ സ്ഥാപിതമായതു്. ഫാ. സി. സി. ചെറിയാൻ റീവായിൽ നടത്തിയിരുന്ന സെൻറു തോമസ് ബാലഭവനം ആ വർഷം ഭിലായിൽ മാററിയതോടെയാണ് ഇതിന്റെ ആരംഭം. പിന്നീട് ഫാ. കെ. കെ. പുന്നൂസ് (ഇപ്പോഠ സ്തേഫാനോസ് മാർ തേവോദോസ്യോസ്) അതിന്റെ ചുമതല ഏറെറടുത്തു. മിഷൻേറതായി ഇപ്പോഠ ഒരു കോളേജും സ്കൂളുകളും നടത്തപ്പെടുന്നു. കൂടാതെ ഗ്രാമങ്ങളിൽ സുവിശേഷവേല നടത്തുന്നതിന്റെ ആരംഭം കുറിച്ചുകൊണ്ടു മക്കോഡിയ ഗ്രാമത്തിൽ മിഷൻ സെൻറർ തുടങ്ങിയിട്ടുണ്ടു്. കൂടുതൽ പ്രവർത്തകർ ഇവിടെ ആവശ്യമായിരിക്കുന്നു.

12. സഭയുടെ സുവിശേഷ സംഘവും മിഷൻപരിശീലന കേന്ദ്രവും

മലങ്കര ഓർത്തഡോക്സ് സഭയുടെ മിഷൻ ചരിത്രത്തിലെ നിർണായക വർഷമാണു 1979. പരിശുദ്ധ സുന്നഹദോസിന്റെ തീരുമാനപ്രകാരം മിഷൻ ബോർഡും, മിഷൻ സൊസൈററിയും ഉണ്ടാവുകയും അതിന്റെ ഭരണഘടന അംഗീകരിക്കുകയും ചെയ്തു. മിഷൻ സൊസൈററിയുടെ പ്രസിഡൻറ് പ: കാതോലിക്കാ ബാവാ തിരുമേനിയാണ്.

മിഷൻ ബോഡ് പ്രസിഡൻറായി പ: സുന്നഹദോസ് തെരഞ്ഞെടുത്തിരിക്കുന്നതു് ഈ ലേഖകനെയാണ്. ആ വർഷം തന്നെ (15–9–1979) മാവേലിക്കര മിഷൻ ട്രെയിനിംഗ് സെൻററിൽ ത്രിവത്സരകോഴ്സ് ആരംഭിച്ചു. ഇപ്പോഠ ആറാം ബാച്ചു പഠനം തുടരുന്നു. കഴിഞ്ഞ അഞ്ചു ബാച്ചുകളിലായി പഠനം പൂർത്തിയാക്കിയിറങ്ങിയ വിദ്യാർത്ഥികളിൽ ബഹുഭൂരിപക്ഷവും കേരളത്തനികത്തും മററു സ്റ്റേററുകളിലുമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. നാലു പേർ സെമിനാരി പഠനം നടത്തുന്നു. 1979 ജൂലൈ 7–ാം തീയതി ചിൽഡ്രൻസ് വെൽഫെയർ ബോർഡും (C. W.B.) സുന്നഹദോസിനാൽ നിയമിക്കപ്പെട്ടു. C.W.B. യുടെ സഹായത്തോടെ മൂന്നു ബാലഭവനങ്ങഠ തുടങ്ങിയിട്ടുണ്ടു്. പനയമ്പാല കരുണഗിരി ബാലഭവനം വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ സ്മാരകമായി 1982 ഫെബ്രുവരി 22–ന് ആരംഭിച്ചു. 1985 ഡിസംബർ 8–ാം തീയതിയാണ് ആന്ധ്രായിലെ യാച്ചാരാമിൽ കുഷ്ഠരോഗികളുടെ കുഞ്ഞുങ്ങഠക്കായി സെൻറ് ഗ്രീഗോറിയോസ് ബാലഗ്രാം എന്ന പേരിൽ ഒരു സ്ഥാപനത്തിന് ആരംഭം കുറിക്കാൻ ഈ ലേഖകനെ ദൈവം ഉപയോഗിച്ചതു്. തിരുവനന്തപുരത്തു വികലാംഗ ഭവനം ഗീവർഗീസ് മാർ ദിയസ്കോറോസ് ആബൂൻ തുടങ്ങിയതും C W B–ന്റെ ഒരു പ്രോജക്ടായിട്ടാണ്. പുതുപ്പാടി ബാലഭവന മാനേജർ

പുതുപ്പാടി ബാലഭവന മാനേജർ ഫാ. കെ. ഐ. ഫിലിപ്പാണ് 1977–ൽ ആന്ധ്രായിൽ അതിഭീകരമായ കൊടുങ്കാററിൽ ഭവനങ്ങൾ നഷ്ടപ്പെട്ടവർക്കു 68 ഭവനങ്ങൾ വച്ചു കൊടുക്കുന്നതിനും യാച്ചാരം ബാലഗ്രാമിന്റെ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനും ദൈവം ഉപയോഗിച്ച വൈദികൻ. ആഫ്രിക്കൻ ക്ഷാമനിവാരണത്തിനു $4\frac{1}{2}$ രൂപ ലക്ഷം രൂപയും അർമീനിയയിൽ $1\frac{1}{2}$ ലക്ഷം രൂപയും മിഷൻ ബോർഡു വഴി സഭ അയയ്ക്കുകയുണ്ടായി.

ഫാ. കെ. ഐ. ഫിലിപ്പാണ് 1977–ൽ ആന്ധ്രായിൽ അതിഭീകരമായ കൊടുങ്കാറ്റിൽ ഭവനങ്ങൾ നഷ്ടപ്പെട്ടവർക്കു 68 ഭവനങ്ങൾ വച്ചു കൊടുക്കുന്നതിനും യാച്ചാരം ബാലഗ്രാമിന്റെ പ്രവർനങ്ങൾ തുടങ്ങുന്നതിനും ദൈവം ഉപയോഗിച്ച വൈദികൻ. ആഫ്രിക്കൻ ക്ഷാമനിവാരണത്തിനു $4\frac{1}{2}$ ലക്ഷം രൂപയും അർമീനിയയിൽ $1\frac{1}{2}$ ലക്ഷം രൂപയും മിഷൻ ബോർഡു വഴി സഭ അയയ്ക്കുകയുണ്ടായി.

മൂന്നാം സഹസ്രാബ്ദത്തിനു മുമ്പു നടക്കേണ്ട പത്തു കാര്യങ്ങൾ സമയബന്ധിത പരിപാടിയായി നാം ചെയ്യണം.

(a) സുവിശേഷസംഘം എല്ലാ ഇടവകകളിലും ശക്തമാക്കണം.

(b) എല്ലാ പള്ളികളും ദശാംശം സാധുജന സംരക്ഷണത്തിനും മിഷനുമായി മാററിവയ്ക്കണം.

(c) എ. ഡി. 2000 ആകുമ്പോൾ ഓരോ പള്ളിയുടെയും അതിർത്തിക്കുള്ളിൽ ഏവർക്കും വീടുണ്ടാകണം.

(d) ഓരോ ഭദ്രാസനവും കേരളത്തിനകത്തോ പുറത്തോ ഓരോ മിഷൻ കേന്ദ്രം ആരംഭിച്ചു നടത്തത്തക്കവണ്ണം ഭദ്രാസനമിഷൻ ബോർഡും മിഷൻ സൊസൈററിയും ശക്തമാക്കണം.

(e) സെമിനാരിയിൽ അപേക്ഷകർ വർദ്ധിക്കുന്നതുപോലെ മിഷൻ പരിശീലനകേന്ദ്രത്തിലും വർദ്ധിക്കുവാൻ ബോധവൽക്കരണം നടത്തണം.

(f) ആന്ധ്രായിൽ കുഷ്ഠരോഗികളുടെ കുട്ടികൾക്കായി ബാലഗ്രാം തുടങ്ങിയിരിക്കുന്നതു പോലെ ചേരി പ്രദേശത്തുള്ള സാധു കുട്ടികൾക്കായും മററു എല്ലാ സ്റ്റേററിലും ബാലഗ്രാം തുടങ്ങണം.

(g) മിഷൻ സ്കൂളുകളും ആശുപത്രികളും കേരളത്തിനു പുറത്തു മക്കോഡിയ പോലുള്ള കേന്ദ്രങ്ങളിൽ തുടങ്ങി നടത്തണം.

(h) റേഡിയോ വഴിയായും ററി. വി. വഴിയായും സത്യവിശ്വാസം ലോകത്തെ അറിയിക്കണം.

(i) മററു മതങ്ങളുമായും ആശയങ്ങളുമായും ഡയലോഗുകൾ നടത്തുവാൻ ഓരോ സ്റ്റേററിലും മിഷൻ കേന്ദ്രങ്ങൾ ഉണ്ടാകണം.

(j) ദരിദ്രരോട് ഏകീഭവിക്കുവാൻ ദൈവവിളിയുള്ള സംഘങ്ങൾ പ്രാർത്ഥനാപൂർവം മുമ്പോട്ടുവരണം.

Best Compliments from:

Bombay Textile Trading Co.

29, Cotton Street,

Calcutta-7

P. C. Alexander

Vattasseril Thirumeni was not just the chief prelate of the church, he was a legend of his times, one who embodied in his frail person the steely determination of the Orthodox community to protect their freedom and faith.

The Church in My Student Days —Some Reminiscences—

Some of the earliest memories of my childhood are the visits of the great Vattasseril Mar Dionysius to my home parish, Mavelikara. The Mavelikara parish with a membership of over a 1000 families firmly committed to the autonomy of the church and loyalty to the Catholicate throne, had always been a dependable fortress for Vattasseril Thirumeni during the days of his triumphs as well as tribulations. The acid test of the parish's steadfastness in the Orthodox faith was in the early 30's when Mavelikara's favourite son Mar Ivanios walked over to the Roman Catholic fold. Mar Ivanios' expectation was that a sizeable number of people from his home parish would follow him, but he found to his great disappointment that the Mavelikara parish, including most of the members of his own family, stood solidly with the mother church. Mar Dionysius was very appreciative of the devotion and loyalty shown by the Orthodox community of Mavelikara and used to visit the parish very often inspite of his old age and declining health.

Mar Dionysius' visits had all the splendour and majesty of royal visits. I have vivid memories of his arrival at the church. A deacon holding Thirumeni's silver and gold staff sits in the front seat of the car, the staff resting on the foot-board. A liveried attendant carrying a small box is also in the front seat. The church bells herald his arrival as the car reaches the foot of the big cross near the road, and from there

With Best Compliments from:

★

National Council of YMCAs of India

Department of Communication

Bharat Yuvak Bhavan
Jai Singh Road
New Delhi-1

he is escorted by the priests and large crowds of parishioners to the inside of the church in a regal procession. Mats are rolled for his walk to the church. Elders tie their 'Neriathu' round their waist to show their respect. For the people, he was a great hero engaged in a relentless battle for protecting their autonomy and rights and they were anxious to demonstrate their admiration and support for him. I remember the moving speach he made during a visit which proved to be his last to the Mavelikara church. Before giving the blessings customary at the conclusion of a metropolitan's visit he said:

'നമ്മുടെ ശരീര ശക്തി ദിനംപ്രതി ക്ഷയിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ കണ്ണുകൾക്ക നമ്മെ വിശ്വാസമില്ല. നമ്മുടെ കാതുകൾക്കു നമ്മെ വിശ്വാസമില്ല. നമ്മുടെ കൈകൾക്കും കാലുകൾക്കും നമ്മെ വിശ്വാസമില്ല. എങ്കിലും നിങ്ങൾ എല്ലാവരുടെയും ഉത്സാഹവും ഭക്തിയും കാണുമ്പോൾ നമ്മുടെ ക്ഷീണം എല്ലാം മാറി നമുക്കു പുതിയ ശക്തി തോന്നിക്കുകയാണ്.

Vattasseril Thirumeni was not just the chief prelate of the church, he was a legend of his times, one who embodied in his frail person the steely determination of the Orthodox community to protect their freedom and faith. I have often wondered what course the history of the church would have taken if it did not have a person of his indomitable courage, prodigious abilities, and extraordinary insight to head it at an extremely critical period of its existence. Smart lawyers tried to trip him through merciless cross-examinations in various courts, ambitious Patriarchs tried to subdue him through orders of suspension and excommunication, unscrupulous opponents tried to intimidate him even through physical violence, but while walking through the valley of the shadow of death, he feared no evil because he had unshakable trust in the rod and the staff that could comfort him. He was the voice, pillar and Malpan of the Orthodox community and in times of crisis, an indefatigable General of his forces who could inspire and command their confidence.

When Vattasseril Thirumeni passed away, many in the community had serious doubts whether his successor, Beselius Geevarghese II or Valia Bava as he came to be respectfully called later, would have the strength and capability to steer the church through the storms that were gathering. But Bava Thirumeni belied the fears and anxieties of every one and proved to be as doughty a defender of the interests of the church as his illustrious Guru and predecessor. He held the community together by the strength of his charismatic personality and kept the morale of the people high even during the worst days of set-backs in court cases when everything seemed to be lost.

To the young men and women of my days Valia Bava was like a prophet from the pages of the Old Testament, a voice from a distant generation, but always a voice of parental authority. His speeches to the youth were not only words of spiritual guidance and advice, they were also admonishments and warnings with the ringing authenticity of a prophet.

I recall the occasion when some of us students from the colleges at Thiruvananthapuram met him at the St. George's church to protest against his hosting a tea-party the next day in honour of Sir C. P. Ramaswamy Iyer on the occasion of his 60th birthday celebrations. The students were quite agitated that Bava had agreed to give a reception to a

Best Compliments from:

P. M. Rajan, New Delhi

P. T. Thomas, New Delhi

George Daniel, New Delhi

A. V. Alexander, New Delhi

Jose Abraham, Vapi

The Syrian Students Conference was the main forum during my student days for the young men of the church to meet together and exchange views on the problems of the church apart from being the main source of guidance and instruction in the faith of the church. The responsibility for organising the annual sessions of the Conference used to be taken by different student centres by turn.

person who had done his worst to the Christian community and particularly to the Orthodox community. Everyone knew that Sir C. P. wanted such receptions from the heads of Christian churches in order to rebut the growing impression outside India that he had unleashed a programme of persecution against the Christians in the State. Bava Thirumeni listened to us with great patience and contrary to our fears did not show any anger or resentment. He said that we young people should have full confidence in him and the elders of the church and that there were many things we might not understand or appreciate, but should leave to the elders. We were not convinced, but we left with the satisfaction that we could convey our views to him and had received a patient hearing.

The Syrian Students Conference was the main forum during my student days for the young men of the church to meet together and exchange views on the problems of the church apart from being the main source of guidance and instructions in the faith of the church. The responsibility for organising the annual sessions of the Conference used to be taken by different student centres by turn. There were only four centres of college studies in the state those days, Thiruvananthapuram, Alwaye, Changanasseri and Kottayam. The Madras Christian College also got its turn to organise the annual sessions of the Conference as it had a large number of Orthodox students from Travancore.

I had the opportunity to organise the annual session of the Conference as student secretary on two occasions, first when I was a student at Alwaye (1936-38) and again when I was a student at Thiruvananthapuram (1938–41). One of the largest Conferences ever held those days was the one we the College students of Thiruvananthapuram organised at Parumala in 1940. Raising funds to meet the expenses for the annual sessions was one of the important responsibilities of the organisers. Mr. K. K. Cherian of the M. G. M. High School, Thiruvalla was the General Secretary of the Conference. For a whole week preceding the Parumala Conference, Mr. Cherian and I visited many houses of the members of the church in places like Mannar, Melpadom, Niranam etc., collecting contributions. We would leave the Parumala Seminary in a Vallom after breakfast and return by evening with the Vallom laden with paddy and cocoanuts. The people of that area were indeed very generous in their support for the Conference.

I have attended several sessions of the Syrian Students Conference and always found them a rewarding experience. The retreats taken by Mar Theodosius who was the moving spirit of the Conference those days, the devotional addresses of Bishop Peckenham Walsh, A. M. Varkey and other such great theologians and

Best Compliments from:

★

Sheela Enterprises

Works:
1 J / 11 A, N. I. T.,
Faridabad-1

Office:
5-D / 17, N. I. T.,
Faridabad-1

★

Mfrs: All Kinds of Plastic Industrial Components

above all, participation in the holy Quorbana celebrated by Valia Bava on the last day of the Conference were sources of great spiritual inspiration for the student community.

The mood of many young people those days was one of disillusionment at the state of affairs in the church. There appeared to be a great gap in understanding between the younger and older generations about the directions in wihch

The mood of many young people those days was one of disillusionment at the state of affairs in the church....

the church was moving then. The never-ending litigation in the church, the closure of several important places of worship and the pre-occupation of the elders with what the young people thought was a fight for churches and properties had made the youth some-what disenchanted and restless. Many thought that unity in the church was the only answer for the problems of the church and that there could be no progress without unity. The Peace League had started a powerful movement for unity in the church and found ready response among the young people for its programmes of fasts and other such demonstrations for peace. 'Peace at any cost' became the slogan with some sections of the students and they appeared to be willing to accept even a diluted version of autonomy if in turn it could bring about unity. In the eyes of some young people then, unity was worth having even if it involved some degree of compromise on the issue of self-administration and the elders who opposed such terms for peace were seen as die-hard conservatives and hindrances

The Orthodox church today is witnessing a golden age of all-round progress. Compared with the state of affairs in the church in my student days, there is now great spiritual resurgence and awakening in the community. This is amply manifested in the community's generous support for and active interest in various good causes like hospitals, educational institutions, orphanages, home for the aged and the destitutes and training institutions for the priests.

to progress. Fortunately such sentiments were not widely shared in the community and the church survived to see the days of spiritual re-generation and progress very soon. The student community itself soon got out of this mood and realised that unity at the cost of freedom was no guarantee for progress or lasting peace.

The Orthodox church today is witnessing a golden age of all-round progress. Compared with the state of affairs in the church in my student days, there is now great spiritual resurgence and awakening in the community. This is amply manifested in the community's generous support for and active interest in various good causes like hospitals, educational institutions, orphanages, homes for the aged and the destitutes and training institutions for the priests. The church is fortunate to have as its Metrapolitans eminent men of outstanding abilities, dedication and vision. A well-trained cadre of young priests is indeed one of its great blessings. But the church today has another asset which I would name as its greatest asset, and that is the faith and commitment of its young people. It is indeed this great asset that makes the present age the golden age of the Orthodox church.

Best Compliments from:

Vorion Chemicals

Rayala Towers 2nd Floor,
781, Anna Salai,

MADRAS-2

Manufacturers of Industrial Alcohol

Also Producers of Hybrid Fish Called 'GOLDEN FISH'

Distillery and Hybrid Fisheries Project at Vedanarayanapuram, Chingleput,

MADRAS

കെ. എം. മാത്യു
(ചീഫ് എഡിററർ, മലയാള മനോരമ)

നൂററെഴുപത്തഞ്ചു വർഷം മുൻപു സ്ഥാപിതമായ വൈദിക സെമിനാരിയുടെ ചരിത്രത്തിലേക്കു കടന്നുചെല്ലുമ്പോൾ, നമ്മെ ആകർഷിക്കുന്നത് ഈ മണ്ണിൽ ആഴത്തിൽ വേരോടിയിരിക്കുന്ന കേരള ചരിത്രത്തിന്റെ തായ്‌വേരാണ്. അതേ, ഈ പഠിത്തവീടാണു കേരള സാംസ്കാരിക ചരിത്രത്തിന്റെ തായ്‌വേര്. ചരിത്രത്തിന്റെ വഴിത്തിരിവുകളും ഉൾപ്പിരിവുകളും ഇവിടെ രൂപം കൊള്ളുന്നു.

ചരിത്രത്തിന്റെ വഴിത്താരയിൽ

1813 ഫെബ്രുവരി 18. അന്നാണു കോട്ടയത്തു മീനച്ചിൽ ആറിന്റെ തീരത്തെ ഒരു ഒട്ടൽക്കാട്ടിൽ പുലിക്കോട്ടിൽ ജോസഫ് റമ്പാൻ പഠിത്തവീടിനു തറക്കല്ലിട്ടതു്.

ആ ഒട്ടൽക്കാട്ടിൽ ഉയർന്ന വിദ്യാമന്ദിരം പിന്നെ അറിവിന്റെ പ്രകാശഗോപുരമായി, ആദ്ധ്യാത്മിക ചൈതന്യത്തിന്റെ കരുത്തായി, ചരിത്രത്തിന്റെ അടിവേരുകളും ഉറങ്ങുന്ന സങ്കേതമായി വളർന്നു.

നൂറെറഴുപത്തഞ്ചു വർഷം മുൻപു സ്ഥാപിതമായ വൈദിക സെമിനാരിയുടെ ചരിത്രത്തിലേക്കു കടന്നുചെല്ലുമ്പോൾ, നമ്മെ ആകർഷിക്കുന്നതു് ഈ മണ്ണിൽ ആഴത്തിൽ വേരോടിയിരിക്കുന്ന കേരള ചരിത്രത്തിന്റെ തായ്‌വേരാണു്. അതേ, ഈ പഠിത്തവീടാണു കേരള സാംസ്കാരിക ചരിത്രത്തിന്റെ തായ്‌വേരു്. ചരിത്രത്തിന്റെ വഴിത്തിരിവുകളും ഉൾപ്പിരിവുകളും ഇവിടെ രൂപം കൊള്ളുന്നു.

പഠിത്തവീടെന്ന പേരിൽ സമാരംഭിച്ച ഈ വൈദിക സെമിനാരി മല്പാൻ പ്രസ്ഥാനത്തിൽ നിന്നുള്ള പുതിയൊരു കാൽവയ്പായിരുന്നു. വേദപഠനം എന്നാൽ ആരാധനാഭ്യാസനം മാത്രമാണെന്ന സങ്കല്പത്തെയും പഠിത്തവീടു മാററി മറിച്ചു. സുറിയാനിഭാഷ പഠിച്ചാൽ ആരാധന കൈകാര്യം ചെയ്യാമായിരുന്നതിനാൽ മല്പാൻ വീട്ടിലെ പഠനത്തിനു ശേഷം പലരും വൈദികരായി പട്ടം സ്വീകരിച്ചിരുന്നു.

വൈദിക വിദ്യാർത്ഥികളെ സുറിയാനിയും മററും പഠിപ്പിക്കുന്നതിനു് അവർക്കു വൈദികവൃത്തിയിൽ സമഗ്രമായ അഭ്യസ

Best Compliments from:

ANI REINFORCED PLASTICS

L-5309/6, 4th Phase
GIDC, VAPI, VALSAD

GUJARAT

Undertakes all types of Chemical Plant Equipments in FRP pipes tanks, National draft FRP Cooling Towers etc.

Proprietor:
P. A. VARGHESE

സാക്ഷരതയുടെ കാര്യത്തിൽ കേരളത്തെ മുൻപന്തിയിൽ എത്തിച്ചതിലും പുതിയ ജീവിത മേഖലകൾ കണ്ടെത്തുന്നതിനും കേരളീയർക്കു അവസരം ഒരിക്കിയതിലും ഇംഗ്ളീഷ് വിദ്യാഭ്യാസത്തിനു കാര്യമായ പങ്കുണ്ടന്നു ആരും സമ്മതിക്കും. അതിനു അടിസ്ഥാന ഹേതുവായി ഭവിച്ചതു വൈദിക സെമിനാരിയാണെന്നു സമ്മതിക്കേണ്ടി വരും.

നം നല്കുന്നതിനും തെക്കും വടക്കും ഓരോ പഠിത്തവീട് ഉണ്ടാക്കണമെന്നു തീരുമാനിച്ചപ്പോൾ, അതു നിരണത്തും അങ്കമാലിയിലും സ്ഥാപിക്കണമെന്ന് ആവശ്യമുയന്നു. പക്ഷേ കോട്ടയത്തിനാണു നറുക്കു വീണതു്. പഠിത്തവീടിന്റെ സ്ഥാപനത്തെപ്പററി പറയുന്ന കണ്ടനാട്ടുപടിയോല (എ. ഡി. 1810) കേരളസംസ്കാരത്തിന്റെ ഒരു ചൂണ്ടുപലകയാണ്.

സുറിയാനി പാരമ്പര്യത്തിന്റെ കണ്ണി നശിക്കാതെയാണു പുലിക്കോട്ടിൽ ജോസഫ് റമ്പാൻ പഠിത്തവീട് എന്ന സെമിനാരി സ്ഥാപിച്ചതു്. വിദ്യാഭ്യാസ വിഷയത്തിൽ ജോസഫ് റമ്പാനുണ്ടായിരുന്ന താത്പര്യം അന്നത്തെ തിരുവിതാംകൂർ റസിഡൻറായിരുന്ന കേണൽ മൺറോയുടെ ശ്രദ്ധയിൽപ്പെട്ടു. നസ്രാണികളുടെ സർവതോൻമുഖമായ പുരോഗതിക്കു് ആധുനിക രീതിയിലുള്ള വിദ്യാഭ്യാസം ആവശ്യമാണെന്നു കേണൽ മൺറോ വിശ്വസിച്ചിരുന്നു.

ഈ സമാനചിന്താഗതിക്കാർ തമ്മിൽ അടുത്തതു കേരളത്തിന്റെ സാംസ്കാരിക വളർച്ചക്കു് അടിത്തറയിട്ടു. സെമിനാരി സ്ഥാപിക്കുന്നതിനു കേണൽ മൺറോ വട്ടിപ്പണത്തിന്റെ നാലുവർഷത്തെ പണം ജോസഫ് റമ്പാനെ ഏല്പിച്ചതും തുടർന്നു സഭാരംഗത്തുണ്ടായ പ്രശ്നങ്ങളും ചരിത്രത്തിന്റെ ഭാഗമാണ്.

വട്ടിപ്പണത്തിന്റെ പലിശ മേല്പട്ടക്കാരനു മാത്രമെ കൈമാറാവൂ എന്നായിരുന്നു വ്യവസ്ഥ. സെമിനാരി സ്ഥാപിക്കുന്നതിനു കേണൽ മൺറോ ഈ വ്യവസ്ഥയിൽ ഇളവുവരുത്തിയതു മദ്രാസ് ഗവർമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടു. ബന്ധപ്പെട്ട പ്രശ്നങ്ങൾ ഒഴിവാക്കാൻ ജോസഫ് റമ്പാൻ മാർ ദിവന്നാസ്യോസ് എന്ന പേരിൽ മെത്രാൻ സ്ഥാനം സ്വീകരിച്ചു. സെമിനാരിയിൽ അഭ്യസനം തുടങ്ങി അധികം കഴിയും മുമ്പായിരുന്നു ജോസഫ് റമ്പാൻ മെത്രാനായതു്. പുലിക്കോട്ടിൽ തിരുമേനി 1818 നവംബറിൽ കാലം ചെയ്തെങ്കിലും സെമിനാരിയുടെ പ്രവർത്തനം മുന്നോട്ടു നീങ്ങി. പിന്നീടു പല ഘട്ടങ്ങളിലും ഉണ്ടായ പ്രതിസന്ധികൾ ഈ പ്രസ്ഥാനത്തെ തളർത്തുകയും വളർത്തുകയും ചെയ്തു ചരിത്രത്തിന്റെ ഭാഗമായി അവശേഷിക്കുന്നു.

കേരളത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ തുടക്കം സെമിനാരിയിലാണ്. കേണൽ മൺറോയുടെ പ്രേരണയെ തുടന്നു 1817–ൽ സെമിനാരിയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസവും ആരംഭിച്ചു. അനുബന്ധമായി മലങ്കരയിലെ വിവിധ ഇടവകകളിലായി 72 ഗ്രാമങ്ങളിൽ പ്രൈമറി വിദ്യാഭ്യാസവും തുടങ്ങി. ഇതാണു പള്ളിക്കൂടങ്ങൾ. പള്ളികളുടെ ചുമതലയിൽ ഗ്രാമീണരെ ഇംഗ്ലിഷ് ഭാഷ അഭ്യസിപ്പിക്കുന്നതിനു ശ്രമം തുടങ്ങിയപ്പോൾ തിരുവിതാംകൂർ സർക്കാർ പോലും ഇതിനു സഹകരണം പ്രഖ്യാപിച്ചു. കേരളത്തിൽ സി. എം. എസ്. മിഷനറിമാരുടെ പ്രവർത്തനത്തിനും പ്രൊട്ടസ്റ്റൻറ് മതത്തിന്റെ പ്രചാരണത്തിനും ഇംഗ്ലീഷു വിദ്യാഭ്യാസം സഹായമായിരുന്നെങ്കിലും കേരളീയർക്കു് ഇംഗ്ലീഷ് വിദ്യാഭ്യാസം പുതിയൊരു വാതായനം തുറന്നുകൊടുത്തു.

സാക്ഷരതയുടെ കാര്യത്തിൽ കേരളത്തെ മുൻപന്തിയിൽ എത്തിച്ചതിലും പുതിയ ജീവിത മേഖലകൾ കണ്ടെത്തുന്നതിനും കേരളീയർക്കു് അവസരം ഒരിക്കിയതിലും ഇംഗ്ലീഷു വിദ്യാഭ്യാസത്തിനു കാര്യമായ പങ്കുണ്ടെന്നു് ആരും സമ്മതിക്കും. അതിനു് അടിസ്ഥാനഹേതുവായി ഭവിച്ചതു വൈദിക സെമിനാരിയാണെന്നു സമ്മതിക്കേണ്ടിവരും.

Best Compliments from:

★

Abraham Thomas & Family

Calcutta

★

Best Compliments from:

●

M/s Sleeba Candles

Manufacturers of
Wax Candles and Civil Contractors

Shop No. 2 New Marketing Centre
SILVASA (U. T.)-396 230

Phone: 754

വിജ്ഞാന വിസ്ഫോടനത്തിന്റെ കലവറ എന്ന നിലയിലും ഈ സ്ഥാപനത്തിനു ചരിത്രത്തിൽ സ്ഥാനമുണ്ട്. ഇംഗ്ലീഷ്ഭാഷ, എബ്രായ, സംസ്കൃതം, ഗ്രീക്ക്, ലത്തീൻ എന്നീ ഭാഷകളും യൂറോപ്യൻ സാഹിത്യം സംബന്ധിച്ചുള്ള പൊതുവായ കാര്യങ്ങളും ഇവിടെ പഠിപ്പിച്ചു. കൊച്ചിയിൽനിന്നു വന്നൊരു യഹൂദ പണ്ഡിതനായിരുന്നു എബ്രായ ഭാഷ പഠിപ്പിച്ചത്. സംസ്കൃതം പഠിപ്പിക്കാൻ നാട്ടുകാരായ രണ്ടു പണ്ഡിതൻമാരും ഉണ്ടായിരുന്നു. വിവിധ ഭാഷകളിലുള്ള ഗ്രന്ഥങ്ങളുടെ ശേഖരം ഇവിടെയുണ്ടായിരുന്നു.

സുറിയാനിക്കാരുടെ ഇടയിൽ പ്രവർത്തിക്കുന്നതിനു കേണൽ മൺറോ സി. എം. എസ്. മിഷനറിമാരെ വരുത്തി. മലങ്കരസഭയെ സഹായിക്കാൻ മിഷനറിമാരെ അയയ്ക്കുന്ന ചുമതല ആംഗ്ലിക്കൻ സഭയിലെ സി. എം. എസ്. മിഷനറി സംഘം പിന്നീട് ഏറ്റെടുത്തു. ആലപ്പുഴ കേന്ദ്രമാക്കി പ്രവർത്തിച്ച സി. എം. എസ്. മിഷനറി തോമസ് നോർട്ടൻ സെമിനാരിയിൽ വന്നു പഠിപ്പിച്ചിരുന്നു. തുടർന്ന് ഇംഗ്ലണ്ടിൽനിന്നുവന്ന ജോസഫ് ഫെൻ സെമിനാരിയുടെ പ്രിൻസിപ്പൽ ആകുകയും ചെയ്തു.

കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ തിളങ്ങുന്ന അദ്ധ്യായമാണു ജോസഫ് ഫെന്നിന്റെ കാലം. അദ്ദേഹത്തിന്റെ കൂടെ ബഞ്ചമിൻ ബെയ്‌ലിയും ഹെൻറി ബേക്കറും സെമിനാരിയിൽ അദ്ധ്യാപകരായെത്തി. വൈദിക വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള പഠനത്തോടൊപ്പം പൊതു വിദ്യാഭ്യാസത്തിന്റെ വേദിയായും അന്നു സെമിനാരി പ്രവർത്തിച്ചതിനെ തുടർന്നു തിരുവിതാംകൂർ സിവിൽ സർവീസിലേക്ക് ഇവിടെ പഠിച്ചവർക്കു മുൻഗണനയും പ്രത്യേക പരിഗണനയും നൽകിത്തുടങ്ങുകയും ചെയ്തു.

ദക്ഷിണേന്ത്യയിലെ ആദ്യത്തെ അച്ചടി കേന്ദ്രം സ്ഥാപിക്കപ്പെട്ടതു പഴയ സെമിനാരിയിലാണ്— 1820-ൽ. മലയാളം, സുറിയാനി, ഇംഗ്ലീഷ് ഭാഷകളിലുള്ള ഗ്രന്ഥങ്ങളുടെ അച്ചടിയും തുടർന്നുണ്ടായി. ഈ അച്ചടി കേന്ദ്രത്തിന്റെ സ്ഥാപകനായ ബഞ്ചമിൻ ബെയ്‌ലി മലയാളഭാഷക്കും സാഹിത്യത്തിനും ചെയ്തിട്ടുള്ള സേവനങ്ങൾ പ്രാതഃസ്മരണീയമാണ്. ബെയ്‌ലിയുടെ കൈരളീസപര്യ ആരംഭിക്കുന്നതു് ഈ വൈദിക പഠനകേന്ദ്രത്തിലാണെന്നു പറയുമ്പോൾ കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ ഈ സ്ഥാപനത്തിനുള്ള സ്ഥാനം വിസ്മരിക്കാൻ പററില്ല.

ചേപ്പാട്ട് മാർ ദീവന്നാസ്യോസിന്റെ കാലത്തു സി. എം. എസ്. മിഷനറിമാരുമായി അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായതിനെ തുടർന്നു മിഷനറിമാർ അവരുടെ പ്രവർത്തനകേന്ദ്രം ചാലുകുന്നിലേക്കു (ഇന്നത്തെ സി. എം. എസ്. കോളജ് കാമ്പസ്) മാററി. അതുവരെ ബഞ്ചമിൻ ബെയ്‌ലിയുടെയും ബേക്കറുടെയും പ്രവർത്തനങ്ങൾ സെമിനാരിയിൽ തുടർന്നിരുന്നു. ബെയ്‌ലി അച്ചടിയിലും പുസ്തക രചനയിലും പ്രസാധനത്തിലും ശ്രദ്ധ പതിപ്പിച്ചപ്പോൾ ബേക്കർ ഇടവകതോറും

ദക്ഷിണേന്ത്യയിലെ ആദ്യത്തെ അച്ചടികേന്ദ്രം സ്ഥാപിക്കപ്പെട്ടതു പഴയ സെമിനാരിലാണു—1820-ൽ. മലയാളം, സുറിയാനി, ഇംഗ്ലിഷു ഭാഷകളിലുള്ള ഗ്രന്ഥങ്ങളുടെ അച്ചടിയും തുടർന്നുണ്ടായി. ഈ അച്ചടികേന്ദ്രത്തിന്റെ സ്ഥാപകനായ ബഞ്ചമിൻ ബെയ്‌ലി മലയാളഭാഷക്കും സാഹിത്യത്തിനും ചെയ്തിട്ടുള്ള സേവനങ്ങൾ പ്രാതഃസ്മരണീയമാണ്. ബെയ്‌ലിയുടെ കൈരളീസപര്യ ആരംഭിക്കുന്നതു ഈ വൈദിക പഠനകേന്ദ്രത്തിലാണെന്നു പറയുമ്പോൾ കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ ഈ സ്ഥാപനത്തിനുള്ള സ്ഥാനം വിസ്മരിക്കാൻ പററില്ല.

FOR LOVELY SPOTLESS SKIN

Use

MEDIMIX

Ayurvedic

Toilet Soap

Made with 18 Powerful Herbs

Pimples O Dandruf O Black Head O Itches

Prickly Heat O Tinea O Black Spots

Skin itch

തോറും സഞ്ചരിച്ച പള്ളിക്കൂടങ്ങൾ സ്ഥാക്കുന്നതിൽ ശ്രദ്ധ ചെലുത്തി.

സംസ്കാരത്തിന്റെ കലവറയായിരുന്ന സെമിനാരി തുടക്കം മുതൽ വിവാദങ്ങളിൽനിന്നും വ്യവഹാരങ്ങളിൽനിന്നും വിമുക്തമായിരുന്നില്ല. സഭയുടെ നേതൃസ്ഥാനത്തു ഉണ്ടായിരുന്നവരുടെ കീഴിൽ തന്നെയായിരുന്നു സെമിനാരിയുടെ പ്രവർത്തനവും തുടക്കം മുതൽ നടന്നു വരുന്നത്. അത്തരമൊരു ബന്ധത്തിനു എപ്പോഴൊക്കെ ഉലച്ചിൽ തട്ടിയോ അപ്പോഴൊക്കെ സെമിനാരിയും വിവാദത്തിൽ അകപ്പെട്ടിരുന്നു. സി. എം. എസ് മിഷനറിയായി റവ. പീററ് പ്രിൻസിപ്പലായി പ്രവർത്തനം ആരംഭിച്ചതോടെ നവീകരണസിദ്ധാന്തങ്ങളുടെ പ്രചാരണത്തിനും അവസരം ലഭിച്ചു. സഭയുടെ ഔദ്യോഗിക നേതൃത്വം സി.എം. എസ്. മിഷനറിമാരുമായി അകലുന്നത് അതേ തുടർന്നാണ്.

ഈ വൈദിക സെമിനാരിയിൽനിന്നാണു മാർത്തോമ്മാസഭയുടെ ഉത്ഭവം എന്നു പറയുന്നതിൽ തെററില്ല. പ്രൊട്ടസ്ററന്റു സ്വാധീനത്തെ തുടർന്നു സെമിനാരിയിൽ വൈദികരായിരുന്ന പാലക്കുന്നത്തു് അബ്രഹാം മല്പാൻ, കൈതയിൽ ഗീവറുഗീസ് മല്പാൻ എന്നിവർ നവീകരണത്തിന്റെ വക്താക്കളായി. മിഷനറിമാർ അവർക്കു തുണയേകിയതിനെ തുടർന്നു 1836–ൽ മാവേലിക്കര സുന്നഹദോസ് കൂടി സി. എം. എസ്. ബന്ധം മലങ്കരസഭ വിച്ഛേദിച്ചതും സഭാചരിത്രത്തിലെ എണ്ണപ്പെട്ട സംഭവമാണ്.

കോടതി വ്യവഹാരങ്ങളും അക്കാലത്തു തുടങ്ങി. നവീകരണവാദിയായ പാലക്കുന്നത്തു മാത്യൂസ് മാർ അത്താനാസ്യോസ് അന്ത്യോക്യായിൽ ചെന്നു പട്ടമേററു മലങ്കര മെത്രാപ്പോലീത്ത ആയപ്പോൾ സെമിനാരിയുടെ പ്രവർത്തനം വീണ്ടും തുടങ്ങി. അക്കാലത്തു സെമിനാരിയിൽ പഠിച്ചവർ മാർത്തോമ്മാസഭയിൽ വൈദിക നേതൃസ്ഥാനത്തെത്തി. അതിനിടെ ഹൈക്കോടതിയിലും റോയൽ കോടതിയിലും സമുദായക്കേസുണ്ടായി. പത്തു വർഷത്തിനുശേഷം മലങ്കരസഭയ്ക്കു കേസ് അനുകൂലമായി വിധിച്ചതോടെ സെമിനാരിയുടെ പുതിയ ചരിത്രവും കുറിക്കുന്നു.

സമുദായത്തിൽ വീണ്ടും കക്ഷിവഴക്കുകൾ രൂക്ഷമായപ്പോൾ സെമിനാരി ഒരു യഥാർത്ഥ യുദ്ധ ഭൂമിപോലെയായി. അബ്ദുള്ള പാത്രിയർക്കീസ് മലങ്കര സന്ദർശിച്ചതിനെ തുടർന്നുണ്ടായ ചേരിതിരിവിൽ സെമിനാരിയിലും ഭിന്നിപ്പുണ്ടായി. സെമിനാരി പിടിച്ചടക്കാൻ പാത്രിയർക്കീസ് പക്ഷം നടത്തിയ ശ്രമങ്ങൾ സഭാചരിത്രത്തിലെ ഇരുണ്ട അദ്ധ്യായം പോലെ അവശേഷിക്കുന്നു. സെമിനാരി അന്നു മലങ്കര മെത്രാപ്പോലീത്തായുടെ ആസ്ഥാനം കൂടിയായിരുന്നു. അതു പിടിച്ചടക്കാൻ ചേരിതിരിഞ്ഞുള്ള ആലോചനകളും ആസൂത്രണങ്ങളും നടന്നിട്ടുള്ള കാര്യം എന്റെ പിതാവു കെ. സി. മാമ്മൻ മാപ്പിള അനുസ്മരിച്ചിട്ടുണ്ട്. മലങ്കര മെത്രാപ്പോലീത്തായെ വിലക്കുന്ന കല്പന സെമിനാരി ചാപ്പലിലെ കുർബാനക്കിടയിൽ വായിക്കുന്നതിനു അബ്ദുള്ള പാത്രിയർക്കീസും മററും പദ്ധതിയിട്ടിരുന്ന ദിവസം എന്റെ പിതാവ് 'മലങ്കര മെത്രാപ്പോത്തീത്താ നീണാൾ വാഴട്ടെ' എന്നു ഉറക്കെ വിളിച്ചു പറഞ്ഞതു പാത്രിയർക്കീസ് ബാവായ്ക്കു കലിക്കു കാരണമായി. പാത്രിയർക്കീസ് ബാവ ഉടനെ തന്റെ അംശവടി കൊണ്ട് എന്റെ പിതാവിനെ അടിക്കാൻ ആൾക്കൂട്ടത്തി

വട്ടശേരിൽ തിരുമേനിയെ പാത്രിയർക്കീസ് ബാവ മുടക്കിയപ്പോൾ സെമിനാരി ട്രസ്ററികളായിരുന്ന കോനാട്ട് മല്പാനും സി. ജെ. കുര്യനും സെമിനാരിയുടെ ഉടമസ്ഥത അവരുടെ പേരിലാക്കാൻ ശ്രമിച്ചു. സി ജെ. കുര്യന്റെ സഹോദരൻ സി. ജെ. ജോൺ കുറെ ആളുകളെ കൊണ്ടുവന്നു സെമിനാരി പിടിക്കുന്നതിന്റെ ഭാഗമായി തോപ്പിൽനിന്നു നാളികേരം ഇട്ടതും മററും കെ. സി. മാമ്മൻ മാപ്പിള തന്റെ 'ജീവിതസ്മരണകളിൽ' വിവരിക്കുന്നുണ്ട്.

Best Compliments from:

Revd. Fr. Zachariah Panackamattom

St. Mary's Orthodox Church

NEW DELHI

★

Best Compliments from:

★

Amith & Afilash

Mayapuri

DELHI

കാലത്തിന്റെ വെല്ലുവിളികളെ സ്വീകരിക്കാനും നേരിടാനും ഉതകുന്ന രീതിയിൽ വൈദിക സെമിനാരിയിലെ പാഠ്യപദ്ധതികൾ ഉടച്ചുവാർക്കണം. സഭ വളരുന്നതു വൈദികർ വഴിയാണെന്ന തത്വം നമുക്കറിയാം. എന്നാൽ സെമിനാരിയിൽനിന്നു ഇറങ്ങുന്ന വൈദികരുടെ ലോകം ഇടവക മാത്രമാണെന്നു കരുതരുത്.

ലേക്ക് ഓടി വന്നതും ജനങ്ങൾ തടഞ്ഞതും മറ്റും ചരിത്രസംഭവങ്ങളാണ്. വട്ടശ്ശേരിൽ തിരുമേനിയെ പാത്രിയർക്കീസ് ബാവ മുടക്കിയപ്പോൾ സെമിനാരി ട്രസ്റ്റികളായിരുന്ന കോനാട്ട മല്പാനും സി. ജെ. കുര്യനും സെമിനാരിയുടെ ഉടമസ്ഥത അവരുടെ പേരിലാക്കാൻ ശ്രമിച്ചു. സി, ജെ. കുര്യന്റെ സഹോദരൻ സി. ജെ. ജോൺ കുറെ ആളുകളെ കൊണ്ടുവന്നു സെമിനാരി പിടിച്ചെടുക്കുന്നതിന്റെ ഭാഗമായി തോപ്പിൽനിന്നു നാളികേരം ഇട്ടതും മറ്റും കെ.സി. മാമ്മൻ മാപ്പിള തന്റെ 'ജീവിത സ്മരണകളിൽ വിവരിക്കുന്നുണ്ട്.

സമുദായക്കേസിനെ തുടർന്നു സെമിനാരി വീണ്ടും പൂട്ടുകയും കേസ് ജയിച്ചപ്പോൾ വീണ്ടും തുറക്കുകയും ചെയ്തു. ഇങ്ങനെ ഒട്ടേറെ പ്രതികൂലസാഹചര്യങ്ങളെ അതിജീവിച്ചാണു വൈദിക സെമിനാരി ഇന്നത്തെ നിലയിൽ എത്തിയിരിക്കുന്നത്. സെമിനാരിയുടെ ആധുനികവൽക്കരണത്തിനു നേതൃത്വം നൽകിയതു പരിശുദ്ധ ബസേലിയോസ് മാത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായാണ്. സെമിനാരിയുടെ വളർച്ചക്കു ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ്, ഇപ്പോഴത്തെ പ്രിൻസിപ്പൽ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് എന്നീ മെത്രാപ്പോലീത്താമാർ ചെയ്തിട്ടുള്ള സേവനം പ്രത്യേകം സ്മരണീയമാണ്.

ഈ മഹത്തായ സ്ഥാപനം കാലത്തെയും പ്രശ്നങ്ങളെയും അതിജീവിച്ചു നിലകൊള്ളുകയാണ്. സഭയ്ക്കും സമൂഹത്തിനും ആത്മീയജ്വാല പകരുന്ന ഈ സ്ഥാപനത്തിനു തിയോളജിക്കൽ വിദ്യാഭ്യാസരംഗത്തു കൂടുതൽ സ്വതന്ത്രമായ രീതിയിൽ പ്രവർത്തിക്കാൻ കഴിയും. ഉന്നത വേദശാസ്ത്രപഠനവും ഗവേഷണവും നടത്താനും ഒരു ഓർത്തഡോക്സ് യൂണിവേഴ്സിറ്റിയായി ഇതിനെ വളർത്തിയെടുക്കാനും ലക്ഷ്യം വയ്ക്കണം. ലോകത്തിലെ ഓർത്തഡോക്സ് സഭകളുടെ മുഴുവൻ പഠന ഗവേഷണകേന്ദ്രമായി ഈ സെമിനാരിയുടെ പ്രവർത്തനം രൂപപ്പെടുത്താൻ ഇതിന്റെ സാരഥികൾക്കു കഴിയും.

കാലത്തിന്റെ വെല്ലുവിളികളെ സ്വീകരിക്കാനും നേരിടാനും ഉതകുന്ന രീതിയിൽ വൈദിക സെമിനാരിയിലെ പാഠ്യപദ്ധതികൾ ഉടച്ചുവാർക്കണം. സഭ വളരുന്നതു വൈദികർ വഴിയാണെന്ന തത്വം നമുക്കറിയാം. എന്നാൽ സെമിനാരിയിൽനിന്ന് ഇറങ്ങുന്ന വൈദികരുടെ ലോകം ഇടവക മാത്രമാണെന്നു കരുതരുത്. സമൂഹത്തിനും നാടിനും മുഴുവൻ പലതും ചെയ്യാൻ അവർക്കു കഴിയും. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവരുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കാൻ വൈദികർക്കു സാധിക്കണം. ഇടവക അടിസ്ഥാനത്തിൽ അതിനുള്ള പദ്ധതികൾ നടപ്പാക്കാൻ പ്രയാസമില്ല. സർക്കാരിൽനിന്ന് അനേകം സഹായപദ്ധതികൾ ഇന്ന് സന്നദ്ധസംഘടനകൾക്കു ലഭിക്കുന്നുണ്ട്. സെമിനാരിയിലെ പഠനത്തോടൊപ്പം അതിനുള്ള ബോധവൽക്കരണം കൂടി ഉണ്ടാകണം. സമൂഹത്തിലെ തൊഴിൽ വികസന പദ്ധതികളിൽ പങ്കാളിത്തം വഹിക്കുന്നതിനും നേതൃത്വം നൽകുന്നതിനും വൈദികരെ സജീവമാക്കാൻ അവർക്കു സെമിനാരിയിൽ പരിശീലനം നൽകണം.

Best Compliments from:

K. Narayanan & Co.

33, Census St.,

Calcutta-1

Best Compliments from:

K. K. VARGHESE
New Delhi

★

T. V. JACOB
New Delhi

★

C. SAMUEL
New Delhi

★

JOHN GEORGE
New Delhi

★

K. P. THOMAS
East Delhi

റവ. ഡോ. എം. എ. മത്തായി റമ്പാൻ

എന്നാൽ ഈ ദാർശനിക അടിസ്ഥാനത്തോടൊപ്പം മതവിശ്വാസികളിൽ അവരവരുടെ മതങ്ങളിലെ ഗുരുക്കന്മാരിൽക്കൂടിയുള്ള ദൈവികവെളിപാടുകളും ഈ ജീവിത ശൈലി രൂപപ്പെടുവാൻ കാരണമായിട്ടുണ്ടു്.

മലങ്കര സഭയിലെ സന്യാസപ്രസ്ഥാനം

പൗരാണിക മതങ്ങളിൽ അവയുടെ പ്രാരംഭ കാലഘട്ടത്തിൽത്തന്നെ ഉടലെടുത്തിട്ടുള്ളതാണു സന്യാസം. ഇവയിലെല്ലാം സന്യാസജീവിത ലക്ഷ്യം ശുദ്ധമൂലമാകുവാനുള്ള കാരണം അവ്യക്തമാണ്. സന്യാസ ജീവിതചര്യ അവലംബിച്ച ഏകാന്ത സന്യാസ പ്രസ്ഥാനത്തിൽനിന്നാണു സമൂഹ സന്യാസ ജീവിതശൈലി വികസിച്ചു വന്നതു്. ഇതു പരക്കെ കാണുന്ന ഒരു പ്രതിഭാസമാണ്. ലോക ജീവിതത്തെ പൃച്ഛരിച്ചു തള്ളി പരാശക്തിയെ സർവാത്മനാ ആശ്ലേഷിച്ചു ജീവിക്കുന്നതിൽ ആത്മോൽക്കർഷവും സംതൃപ്തിയും അനുഭവിയ്ക്കുവാൻ ചിലർക്കു സാധിച്ചതിനു ലോക നൈമിഷികതയും അധർമ്മത്തിന്റെ തേർവാഴ്ചയും ഹേതുക്കളായിരിക്കാം. എന്നാൽ ഈ ദാർശനിക അടിസ്ഥാനത്തോടൊപ്പം മതവിശ്വാസികളിൽ അവരവരുടെ മതങ്ങളിലെ ഗുരുക്കന്മാരിൽക്കൂടിയുള്ള ദൈവിക വെളിപാടുകളും ഈ ജീവിതശൈലി രൂപപ്പെടുവാൻ കാരണമായിട്ടുണ്ടു്.

ഭാരതത്തിലെ ഹൈന്ദവ– ബുദ്ധ– ജൈനമത ഗുരുക്കന്മാർ, ഗ്രീക്കു്–ഈജിപ്തു്–യഹൂദമതനേതാക്കൾ എന്നീ പൗരസ്ത്യ മതാചാര്യന്മാരുടെ ഉത്ബോധനങ്ങൾ ദൈവിക വെളിപാടുകളായിത്തന്നെ അംഗീകരിക്കപ്പെട്ടിരുന്നു. യഹൂദമത പശ്ചാത്തലത്തിൽനിന്നും രൂപംകൊണ്ട ക്രൈസ്തവ വിശ്വാസത്തിനും ദൈവീക വെളിപാടു തന്നെ പ്രഥമമായ ആധാരം. ആഗോള ക്രൈസ്തവ സന്യാസ പ്രസ്ഥാനത്തിന്റെ ഒരു ഭാഗമെന്ന നിലയിൽ മലങ്കര ക്രിസ്ത്യാനികളുടെ സന്യാസ പ്രസ്ഥാനത്തെക്കുറിച്ചുള്ള പഠനവും ശ്രദ്ധേയമാണ്.

പശ്ചാത്തലം

വിഭിന്ന മതസംസ്ക്കാരങ്ങളുടെ സംഗമ ഭൂമിയാണു കേരളം. ആര്യസംസ്ക്കാരത്തിന്റെ അധിനിവേശം ദ്രാവിഡ കേരളത്തെയും മതസാംസ്ക്കാരിക തലങ്ങളേയും സ്വാധീനിച്ചു. അതിപുരാതന

Best Compliments from:

NATIONAL TYRE WORKS

C/o Highway Tyres & Batt Centre
CM-2, Opp. H. P. Pump, N. H. 8,
G. I. D. C. Char Rastha,

VAPI-396 195.

Phone: 946

Proprietor: **P. DAS**

Best Compliments from:

Wg. Cdr. Mathews

Udaya Park

New Delhi

വി, തോമസിൻെറ പ്രവൃത്തികളിൽ യേശുക്രിസ്തുവിനെയും വി. തോമ്മാശ്ളീഹായേയും 'അക്സനോയോ' (Aksenoyo- പഥികൻ) എന്ന സുറിയാനി പദം കൊണ്ടു വിശേഷിപ്പിച്ചിരിക്കുന്നു. പേർഷ്യൻ ക്രിസ്ത്യാനികളായിരുന്ന അഫ്രഹാത്തിൻെറയും അപ്രേമിൻെറയും (നാലാം നൂററാണ്ട്) കൃതികളിൽ അക്സനോയോ എന്ന പദം വിശ്വാസ സംസ്ഥാപകരായി വീടും കുടുംബവുമുപേക്ഷിച്ച് നടക്കുന്ന സഞ്ചാര സന്യാസികളെ സൂചിപ്പിക്കുന്നു.

കാലത്തുതന്നെ കേരളത്തിൽ എത്തിയ ജൈന—ബുദ്ധമതങ്ങൾ ഹൈന്ദവസംസ്ക്കാരത്തോട് ഇഴകിച്ചേർന്നു. അവക്കു പിന്നാലെ എത്തിയ ക്രിസ്തു—മുസ്ളീം മതങ്ങൾ ഭിന്നലക്ഷ്യാടിസ്ഥാനത്തിൽ നിലകൊണ്ടെങ്കിലും സ്വദേശമതങ്ങളോടു സാദൃശ്യം പുലർത്തുവാൻ ശ്രമിച്ചുകൊണ്ടും വളർന്നും കൊണ്ടും കൊടുത്തുമുള്ള ഇവയുടെ സമന്വിത വളർച്ച പരസ്പരശക്തീകരണത്തിനു വഴിതെളിച്ചു. സംഘകാലത്ത് മാംസം ചേർത്ത 'ഊൻചോറ്' അതിഥികൾക്കു വിശിഷ്ടാഹാരമായി കൊടുത്തിരുന്ന കേരളത്തിൽ സസ്യാഹാരസമ്പ്രദായം ഇത്രമാത്രം പ്രചരിക്കുവാനും ജൈനരുടെ ഉപവാസവ്രതങ്ങൾ ഹൈന്ദവരുടെ ഇടയിൽ ഏകാദശിവ്രത സമ്പ്രദായത്തിനു തുടക്കം കുറിക്കുവാനും കാരണമായി. ജ്യോതിഷവും കൃഷിക്കു പററിയ കാലഗണനകളും അംഹിംസാ തത്വങ്ങളും ഇതര മതങ്ങളോടു ശത്രുതയില്ലാത്ത സൗഹാർദ്ദം പുലർത്തുകയെന്നതും ജൈന—ബുദ്ധ സന്യാസപ്രസ്ഥാനത്തിൻെറ സംഭാവനകളായി കേരള സംസ്കാരത്തിൽ അലിഞ്ഞു ചേന്നു. ബ്രാഹ്മണമതം, പലപ്പോഴും മത സഹിഷ്ണതയുടെ കാര്യത്തിൽ വളരെ പുറകിലായിരുന്നുവെന്നു പി. കെ ഗോപാലകൃഷ്ണൻ (കേരള വിജ്ഞാനകോശം, പേജ് 692) അഭിപ്രായപ്പെടുന്നു. അഷ്ടാംഗഹൃദയത്തെ ആസ്പദമാക്കിയുള്ള ആയുർവേദ ചികിത്സ കേരളത്തിൽ ബുദ്ധഭിഷഗ്വരന്മാരാണു പ്രചരിപ്പിച്ചത്. ജാതിമത വ്യവസ്ഥകളെ എതിർത്തുകൊണ്ടു മനുഷ്യസേവനത്തിനു സ്നേഹത്തിലൂടെ മാതൃക കാട്ടുവാൻ ആഹ്വാനം ചെയ്യുന്ന കുമാരനാശാൻെറയും ശ്രീനാരായണ ഗുരുവിൻെറയും പാട്ടുകളിലും, പ്രസംഗങ്ങളിലും, പാഠിപ്പിക്കലുകളിൽ കേരളത്തിലെ ഈഴവർ ബൗദ്ധ പാരമ്പര്യം ഊന്നിപ്പറയുന്നു.

ഭൂമിയിൽ 'തല ചായ്ക്കാൻ ഇടമില്ലാതെ' മനുഷ്യ രക്ഷയ്ക്കുവേണ്ടി ഒരു യഥാർത്ഥ സന്യാസിയായി ജീവിച്ചു പ്രവർത്തിച്ച ക്രിസ്തുവിൻെറ കാലടികളെ പിൻതുടർന്ന തൻെറ അരുമ ശിഷ്യൻ മാർ തോമ്മാശ്ലീഹാ കേരളത്തിൽ സുവിശേഷ പര്യടനം നിർവഹിച്ചത് ഒരുത്തമ സന്യാസ ജീവിത ശൈലിയുടെ സംപ്രേക്ഷണത്തിലൂടെ ആയിരുന്നു. വി. തോമസിൻെറ പ്രവൃത്തികളിൽ യേശുക്രിസ്തുവിനെയും വി. തോമ്മാശ്ലീഹായേയും 'അക്സനോയോ' (Aksenoyo- പഥികൻ) എന്ന സുറിയാനി പദം വിശേഷിപ്പിച്ചിരിക്കുന്നു. പേർഷ്യൻ ക്രിസ്ത്യാനികളായിരുന്ന അഫ്രഹാത്തിൻെറയും അപ്രേമിൻെറയും (നാലാം നൂററാണ്ട്) കൃതികളിൽ അക്സനോയോ എന്ന പദം വിശ്വാസ സംസ്ഥാപകരായി വീടും കുടുംബവുമുപേക്ഷിച്ചു നടക്കുന്ന സഞ്ചാര സന്യാസികളെ സൂചിപ്പിക്കുന്നു. സാപ്പോർ രണ്ടാമൻ രാജാവിൻെറ കാലത്തു പേർഷ്യയിൽനിന്നും പീഡനത്തെ ഭയന്നു കേരളത്തിൽ കുടിയേറിപ്പാർത്ത ക്രിസ്ത്യാനികളുടെ കേരള സഭാജീവിതത്തിലെ സ്വാധീനം തോമ്മാശ്ളീഹായുടെ ശിഷ്യരായിത്തീർന്ന ദേശവാസികളായ ക്രിസ്ത്യാനികൾക്കു തികച്ചും വൈദേശികമായി അനുഭവപ്പെടാൻ ഇടയില്ല. പേർഷ്യയിലെ വ്യവസ്ഥാപിത സന്യാസ പ്രസ്ഥാനമായിരുന്ന 'ബ്നായ്ക്യോമോ' (ഉടമ്പടിയുടെ മക്കൾ) പീഡനകാലത്തു ചിതറിക്കപ്പെട്ടതിനാൽ ഉടലെടുത്തതായിരുന്ന 'അക്സനോയുസോ' (സഞ്ചാരസന്യാസത്വം) എങ്കിലും കേരളത്തിൽ പേർഷ്യൻ സഭയുടെ സ്വാധീനം നിലനിന്നിടത്തോളം കാലം, കേരളത്തിലെ ക്രിസ്ത്യാനികൾ ഒരു മത സാംസ്കാ

Best Compliments from:

★

M. M. THOMAS & FAMILY

NEW DELHI

★

Best Compliments from:

K. V. Mathew & Family

New Delhi

രിക സ്വാതന്ത്ര്യം അനുഭവിച്ചു വന്നതിനാൽ ഈ രണ്ടു വിധത്തിലും, സമൂഹ സന്യാസത്തിനും സഞ്ചാര സന്യാസത്തിനും പ്രചാരം ലഭിച്ചതായി കണക്കാക്കാം. പള്ളികളോടും പുണ്യസ്ഥലങ്ങളോടും അനുബന്ധിച്ചായിരുന്ന തീർത്ഥയാത്രികരായി ചിത്രീകരിക്കപ്പെട്ടിരുന്ന 'അക്സനോയേ' (സഞ്ചാരസന്യാസിമാർ) വസിച്ചിരുന്നതെന്നു വി. അപ്രേം അദ്ദേഹത്തിന്റെ 'അക്സനോയൂസോ' (സഞ്ചാര സന്യാസിത്വം) യെക്കുറിച്ചുള്ള മെമ്രായിൽ സൂചിപ്പിക്കുന്നു. സുറിയാനി സഭയുടെ പെങ്കീസാ നമസ്കാരത്തിൽ 'അക്സനോയെ'യുടെയും വിശ്വാസികളായ വാങ്ങിപ്പോയവരുടെയും വെള്ളിയാഴ്ച' എന്ന ഒരു പെരുനാളും ശുശ്രൂഷാ ക്രമം തന്നെയുണ്ട്. സുറിയാനി സഭയുടെ ഈ സന്യാസ പാരമ്പര്യം ദക്ഷിണേന്ത്യയിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾക്കും ലഭിച്ചുവെന്നു് അനുമാനിക്കാം. മാത്രമല്ല ജൈന ബുദ്ധമത സന്യാസത്വത്തിൽ സമൂഹ ജീവിതത്തേക്കാൾ സഞ്ചാരഭിക്ഷുക്കളാകുന്ന ശൈലി ശക്തമായിരുന്നതിനാൽ ദക്ഷിണേന്ത്യയിലെ ക്രിസ്തീയ സന്യാസത്തെയും ഇതു സ്വാധീനിച്ചിരിക്കുവാൻ ഇടയുണ്ട്. ജൈനബുദ്ധ മതക്ഷേത്രങ്ങളോടനുബന്ധിച്ചു സന്യാസികളുടെ താത്ക്കാലിക വാസസ്ഥലങ്ങൾ ഉണ്ടായിരുന്നതുപോലെ ക്രിസ്തീയ സന്യാസിമാർ അവരുടെ ദേവാലയങ്ങളോടു ബന്ധിപ്പെട്ടു ജീവിച്ചു തുടങ്ങിയെന്നു വേണം കരുതുവാൻ. മെത്രാന്മാരുടെ അരമനകൾ ക്രിസ്തീയ സന്യാസിമാരുടെ കൂടി വാസസ്ഥലമാകുവാൻ പിൽക്കാലത്ത് ഇതു വഴിതെളിച്ചുവെന്നു വിശ്വസിക്കാം. ഇപ്രകാരം സന്യാസസംഘങ്ങൾ അവിടവിടെയായി ഉണ്ടായിരുന്നുവെങ്കിലും സഞ്ചാരസന്യാസ ജീവിതശൈലിയായിരുന്നു ദക്ഷിണേന്ത്യൻ ക്രിസ്ത്യാനികളിൽ കൂടുതൽ ശ്രദ്ധമൂലമായതെന്നു തോന്നുന്നു.

മൈലാപ്പൂരിലെ സന്യാസാശ്രമം:

മൈലാപ്പൂരിൽ തോമ്മാശ്ളീഹായുടെ കബറിടത്തിനു സമീപമുണ്ടായിരുന്ന സന്യാസാശ്രമത്തെക്കുറിച്ച് എ.ഡി .1340–ൽ അറബിചരിത്രകാരനായ അമർ ഇബിൻ മാത്താ ആദ്യമായി രേഖപ്പെടുത്തി. മറ്റൊരു മുസ്ലീം ചരിത്രകാരനായിരുന്ന മുഫാസൽ ഇബിൻ അബിൽ ഫസിൽ എ.ഡി 1358–ൽ സിലോണിൽ നിന്നും അദ്ഭുതങ്ങൾ ഇന്നും നടന്നുകൊണ്ടിരിക്കുന്ന തോമാശ്ളീഹായുടെ ആശ്രമം സന്ദർശിക്കുവാനെത്തിക്കൊണ്ടിരിക്കുന്നുവെന്നു സാക്ഷിക്കുന്നു ഹെൻറി ഹോസ്റ്റൻ എന്ന ക്രിസ്ത്യൻ ചരിത്രകാരൻ അദ്ദേഹത്തിന്റെ 'ആൻറികചിററീസ്' എന്ന പുസ്തകത്തിൽ ഇതിനെ സ്ഥാപിച്ചുകൊണ്ട് എഴുതി. എ.ഡി. 363–നു മുമ്പു കരിന്തുരുത്തിനു സമീപം (Black Island, South of Baith Katrae) ഇരുനൂറു സന്യാസിമാർ താമസിച്ചിരുന്ന ഈ ആശ്രമം മെസോപ്പത്താമിയായിലെ സന്യാസാശ്രമങ്ങളും ഏകാന്ത സന്യാസികളും സഞ്ചാരസന്യാസികളും (ഈഹീദായക്കാരും അക്സനോയേകളും) ആയി ഉററബന്ധം പുലർത്തിയിരുന്നു. ഉദാഹരണമായി ബാഗ്ദാദിലെ അൻബാറിൽ നിന്നും മാർ യൗനാൻ എന്ന ഒരു സന്യാസി ഇൻഡ്യയിൽ വന്നു എന്നു സാദോയെ എന്നൊരാളിന്റെ എ.ഡി. 390 ൽ എഴുതിയ 'Life of Hermit Yonan' എന്ന പുസ്തകത്തിൽ എഴുതിയിരിക്കുന്നു. സാദോ ഇൻഡ്യയിലെ മാർതോമ്മാ ശ്ളീഹായുടെ ആശ്രമാംഗമായ ഒരു സന്യാസി പട്ടക്കാരൻ ആയിരുന്നു എന്നു സ്വയം പരിചപ്പെടുത്തിയിട്ടുണ്ട്. മെസോപ്പത്താമിയായിലെ പാത്രീയർക്കീസായിരുന്ന മാർ ഏലിയാസ് (1502–3) മാർ ഔഗേൻ ആശ്രമത്തിൽ നിന്നും ഇൻഡ്യയിലെ സഭയിലേക്കു വാഴിച്ചയച്ച മൂന്നു മെത്രാപ്പോലീത്താമാർ മാർത്തോമ്മാ മെത്രാനോടൊപ്പം 1503–ൽ ഇൻഡ്യയിൽ വന്നു 1504–ൽ അവർ പാത്രീയർക്കീസിനയച്ച കത്തിൽ മൈലാപ്പൂരിലെ മാർത്തോമ്മായുടെ ആശ്രമത്തെക്കുറിച്ച് എഴുതിയിട്ടുണ്ട്.

റോമൻ സന്യാസപ്രസ്ഥാനങ്ങൾ

പോർട്ടുഗീസ് മിഷനറിമാരുടെ വരവോടെ വിദേശ സന്യാസ പ്രസ്ഥാനത്തിന്റെ ആവിർഭാവവുമായി. ലത്തീൻ

Best Compliments from:

M/s Cochin Travels

Oppo. 209 PKT-1

MAYUR VIHAR

Best Compliments from:

★

P. K. IDICULLA

GREEN PARK

NEW DELHI

ആചാരങ്ങളും സുറിയാനി ക്രിസ്ത്യാനികളുടെ മേൽ അടിച്ചേർപ്പിക്കുന്നതിന്റെ ഭാഗമായി 1541–ൽ കൊടുങ്ങല്ലൂരിൽ ഒരു ഇററാലിയൻ ഫ്രാൻസിസ്കൻ ആശ്രമവും 1581–ൽ വൈപ്പിക്കോട്ടയിൽ (കൊച്ചി) ഈശോ സഭക്കാരുടെ ഒരു ആശ്രമവും ആരംഭിച്ചു. തുടർന്ന് ഒരു നൂററാണ്ടു കാലം മലങ്കരയിലെ സന്യാസ പ്രസ്ഥാനം ലത്തീൻ സന്യാസ ജീവിത ശൈലിയിൽ ഗണ്യമായി സ്വാധീനിക്കപ്പെട്ടു കഴിഞ്ഞു. റോമൻ പാപ്പായ്ക്കു വേണ്ടി ക്ഷത്രിയ ജോലി നിർവഹിക്കുവാൻ അയയ്ക്കപ്പെട്ട ഫ്രാൻസിസ്കൻ, ഡൊമിനിക്കൻ, ജസ്യൂയിററ്സ്, കർമ്മലീത്താ പ്രസ്ഥാനക്കാർ മലങ്കര സഭയുടെ പൗരസ്ത്യ പാരമ്പര്യം പിച്ചിച്ചീന്തി കഷണങ്ങളാക്കി പങ്കിട്ടെടുക്കുവാനുള്ള ശ്രമത്തിൽ മാർതോമ്മാ ക്രിസ്ത്യാനികളുടെ പൗരാണിക സന്യാസ ജീവിത ശൈലിയും വികലമാക്കപ്പെട്ടു. മൈലാപ്പൂരിലെ ആശ്രമം ജസ്യൂയിററുകാർ കൈവശപ്പെടുത്തി. യെരുശലേമിലെ സിറിയൻ ഓർത്തഡോക്സ് മെത്രാപ്പോലീത്താ മാർ ഗ്രീഗോറിയോസ് 1665–ൽ കൊച്ചിയിൽ എത്തി മലങ്കര സഭയെ അന്യാധീനത്തിൽനിന്നും വീണ്ടെടുപ്പിനു സഹായിച്ചുവെങ്കിലും മെത്രാപ്പോലീത്തായുടെ (മാർത്തോമ്മാ മാർ) അരമനയോടു ബന്ധപ്പെട്ടു പുനരാരംഭിച്ച സന്യാസ ജീവിതത്തിനു വിദേശ സന്യാസ ജീവിത ശൈലിയുമായി കിടപിടിക്കുവാൻ നന്നേ പരിശ്രമിക്കേണ്ടി വന്നു. ഭക്ഷണകാര്യങ്ങളിലും നോമ്പ്, ഉപവാസം, കഠിനവ്രതം മുതലായവയിലുള്ള പൗരസ്ത്യരുടെ കർശന ശിക്ഷണവും പാശ്ചാത്യരുടെ സ്വാതന്ത്ര്യവും തമ്മിലുള്ള അന്തരം ഈ ജീവിത ശൈലിക്കു തന്നെ ചോദ്യചിഹ്നമായി വന്നു.

പ്രോട്ടസ്ററൻറുകാരുടെ സ്വാധീനം

മലങ്കര സഭയിലെ സന്യാസ പ്രസ്ഥാനത്തെ പുതിയൊരു വഴിത്തിരിവിലേയ്ക്കു നയിക്കുവാൻ പ്രോട്ടസ്റ്റന്റ് മിഷനറിമാർക്കു കഴിഞ്ഞു. പഴയ സെമിനാരിയിലെ അദ്ധ്യാപകരായി പ്രവേശിച്ച മിഷനറിമാർ ആംഗ്ലിക്കൻ സഭയുടെ വേദശാസ്ത്രത്തിലൂന്നിയ നവീകരണങ്ങളും മലങ്കര സഭയിൽ വരുത്തുവാൻ തുടങ്ങി. മദ്ധ്യശതകങ്ങളിൽ ഇംഗ്ലണ്ടിൽ നിലവിലിരുന്ന സന്യാസ ജീവിത ശാസനകളും പതിനേഴാം നൂററാണ്ടിൽ റോഗർ ഡോഡ്സ് വേർത്ത് 1655, 1661, 1673 എന്നീ വർഷങ്ങളിൽ പ്രസിദ്ധീകരിച്ചവയാണു കേരളത്തിൽ സുലഭമായത്. 1870–ൽ സ്ഥാപിതമായ പൂനായിലെ കൗളിഫാദേഴ്സിന്റെ ആശ്രമവും 1881–ൽ കൽക്കട്ടായിലുണ്ടായ ഓക്സ്ഫോർഡ് മിഷൻ ആശ്രമവും ഈ നിയമാവലികളുടെ അടിസ്ഥാനത്തിൽ മിഷനറി പ്രവർത്തനത്തെ ലാക്കാക്കിയുള്ളവയായിരുന്നു. കോട്ടയത്തെ എം. ഡി. സെമിനാരി ഹൈസ്കൂൾ പ്രിൻസിപ്പലായിരുന്ന ഫാദർ പി. ററി. ഗീവറുഗീസ് 1914 മുതൽ 1918 വരെ സെറാമ്പൂർ കോളജിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചപ്പോൾ ലഭിച്ച പ്രോട്ടസ്റ്റൻറ് സന്യാസ ജീവിതപ്രേരണയിൽ 1919 മുതൽ പുരുഷന്മാർക്കും സ്ത്രീകൾക്കും വേണ്ടി പ്രത്യേകം പ്രത്യേകം 'ബഥനി' ആശ്രമങ്ങൾ സ്ഥാപിച്ചു. മലങ്കര സഭയിൽ മെത്രാപ്പോലീത്താമാരുടെ അരമനാന്തരീക്ഷത്തിൽനിന്നും മാറി സ്വതന്ത്രമായ ഒരു സമൂഹ സന്യാസ പ്രസ്ഥാനത്തിനു ഇതു ആരംഭം കുറിച്ചു

> *യെരുശലേമിലെ സിറിയൻ ഓർത്തഡോക്സ് മെത്രാപ്പോലീത്താ മാർ ഗ്രീഗോറിയോസ് 1665-ൽ കൊച്ചിയിൽ എത്തി മലങ്കര സഭയെ അന്യാധീനത്തിൽ നിന്നും വീണ്ടെടുപ്പിനു സഹായിച്ചുവെങ്കിലും മെത്രാപ്പോലീത്തായുടെ (മാർത്തോമ്മാമാർ) അരമനയോട് ബന്ധപ്പെട്ട് പുനരാരംഭിച്ച സന്യാസ ജീവിതത്തിന് വിദേശസന്യാസ ജീവിത ശൈലിയുമായി കിടപിടിക്കുവാൻ നന്നേ പരിശ്രമിക്കേണ്ടി വന്നു.*

1929–ൽ ബഥനി മെത്രാനായി അവരോ
ധിക്കപ്പെട്ട ഇദ്ദേഹം 1930–ൽ റോമൻ
കത്തോലിക്കാ സഭയിൽ ചേർന്നതോടെ
ബഥനി സന്യാസ പ്രസ്ഥാനം സ്വത
ന്ത്രവും പൗരസ്ത്യ വേദശാസ്ത്രത്തിന്റെ പാ
തയിലൂടെയുള്ള സഞ്ചാരം തുടങ്ങി.
1921–ൽ തിരുപ്പത്തൂർ സ്ഥാപിതമായ
ക്രിസ്തുകുല ആശ്രമവും 1934–ൽ പൂനായി

സ്വതന്ത്രമായ അനേകം സന്യാസ സമൂഹങ്ങൾ പിൽക്കാലത്ത് മലങ്കര സഭയിൽ ഉടലെടുത്തിട്ടുണ്ട്. അവയുടെ സ്ഥാപന പ്രേരണ ശ്രോതസ്സുകൾ വിവിധങ്ങളാണ്.

ക്കടുത്തു നിലവിൽ വന്ന ക്രിസ്തു പ്രേമ
സേവാസംഘവും 1936–ൽ കോയമ്പത്തൂ
രിനടുത്ത് ആരംഭിച്ച തടാകം ആശ്രമവും
പ്രോട്ടസ്റ്റന്റ് മിഷനറിമാരുടെ പ്രേര
ണാഫലമായി ഉടലെടുത്തവയാണ്.
സ്വതന്ത്രമായ അനേകം സന്യാസ സമൂഹ
ങ്ങൾ പിൽക്കാലത്ത് മലങ്കര സഭയിൽ
ഉടലെടുത്തിട്ടുണ്ട്. അവയുടെ സ്ഥാപ
നപ്രേരണ ശ്രോതസ്സുകൾ വിവിധങ്ങളാ
ണ്.

ഉപസംഹാരം

മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപി
തമായ മലങ്കര സഭയിലെ സന്യാസ ജീ
വിത ശൈലികളുടെ ഉറവിടങ്ങൾ തേടി
ള്ള ഒരു യാത്ര വളരെ ശ്രമകരമാണ്. വ്യ
ക്തതകളെക്കാൾ അവ്യക്തതകൾ ഏ
റെയുണ്ട്. മലങ്കര സഭയുടെ സന്യാസ
ജീവിത രൂപീകരണത്തെക്കുറിച്ച് ആഴമാ
യി ചിന്തിക്കേണ്ടത് അവശ്യമായിരിക്കു
ന്നു. പൗരസ്ത്യ ഓർത്തഡോക്സ്
സഭകളുടെ (ഗ്രീസ്, ഈജിപ്ത്, എത്യോ
പ്യ, അർമ്മീനിയ, സിറിയ) സന്യാസ
ജീവിത ശൈലിയിൽ തദ്ദേശ സംസ്കാര
ങ്ങൾക്കതീതമായിക്കാണുന്ന പൊതുമൂല്യ
ങ്ങളെ നാം കണക്കിലെടുക്കണം. മേൽ
പറഞ്ഞ പൗരസ്ത്യ ഓർത്തഡോക്സ്
സഭകളിൽ സന്യാസപ്രസ്ഥാനത്തിന്
ആരംഭകാലം മുതലേ ഉണ്ടായിരുന്ന തദ്ദേ
ശീയത നിലനിർത്തിയതുപോലെ ഭാരത
സംസ്കാരത്തെ പ്രത്യേകിച്ചും കേരള
സാഹചര്യത്തെ ഉൾക്കൊള്ളുന്ന തദ്ദേശീ
യത ഇനിയും ഉടലെടുക്കേണ്ടിയിരിക്കു
ന്നില്ലേ? ഭാരതമതങ്ങളിലെ സന്യാസവീ
ക്ഷണത്തിന്റെ പൊതു മൂല്യങ്ങൾ ഏവ
യെന്നും അവയുടെ സ്വകീയ സംഭാവനക
ളിൽനിന്നും ഉൾക്കൊള്ളുവാൻ കഴിയുന്നവ
ഏവയെന്നും ഇനിയും ഗവേഷണം നട
ത്തി അറിയേണ്ടിയിരിക്കുന്നു. ഭാരത
ത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾക്ക്
അനുയോജ്യമായ ഒരു സന്യാസ ജീവിത
ശൈലി വിദേശാനുകരണങ്ങളെക്കാൾ ഉപ
രി തദ്ദേശ തനിമയുടെ ആത്മാവിൽ രൂപം
പ്രാപിക്കുവാൻ കൂട്ടായ യത്നം അനിവാര്യ
മായിരിക്കുന്നു,

Best Compliments from:

M. I. Chacko
Coimbatore

●

P. P. Mathew
Coimbatore

പ്രൊഫ. മേരി തോമസ്

'കമ്യൂണിററി ഓഫ് വിമൻ ആൻഡ് മെൻ ഇൻ ദി ചർച്ച്' എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ച ഷെഫീൽഡ് റിപ്പോർട്ടിൽ എലിസബത്ത് ബീഹർ-സീജൽ പറയുന്നു: 'ഓർത്തഡോക്സ് സഭയിലെ ഓരോ ആണിനും പെണ്ണിനും പാരമ്പര്യമാണ് സഭയുടെ ജീവൻ, അതിന്റെ തുടർച്ച ശാശ്വത ദിവ്യ പ്രചോദനവും'.

സഭയിൽ വനിതകളുടെ പങ്ക്

സഭകളിൽ സ്ത്രീകൾക്കുണ്ടായിരിക്കേണ്ട
സ്ഥാനം, കടമകൾ, പങ്ക് എന്നിവയെ
ല്ലാംതന്നെ മററു പല കാര്യങ്ങളെപ്പോലെ
വിവാദവിഷയമാണ്. വി. പൗലോസ്
ശ്ലീഹായുടെ വാക്യങ്ങളെ ആധാരമാ
ക്കി സ്ത്രീകൾക്കു സഭയിൽ സ്ഥാനമില്ല
എന്ന് അഭിപ്രായപ്പെടുന്നവർക്കു ബദലാ
യി അദ്ദേഹത്തിന്റെ തന്നെ മററു ചില
വാക്യങ്ങളെ ആധാരമാക്കി സ്ത്രീകൾക്കും
പുരുഷന്മാർക്കും സഭയിൽ തുല്യത വ്യാ
ഖ്യാനിക്കുന്നവരും ഉണ്ട്.

മലങ്കര ഓർത്തഡോക്സ് സഭയിൽ

വനിതകൾ കൃത്യനിഷ്ഠയോടും ശുഷ്
കാന്തിയോടും കൂടി ആരാധനകളിൽ പങ്കു
കൊണ്ടുവരുന്നു. സഭയിൽ അവരുടെ പങ്കാ
ളിത്തം വളരെ ഗണനീയമാണ്. സഭ നി
ഷ്കർഷിച്ചിട്ടുള്ള നോമ്പുകളും അനുഷ്ഠാ
നങ്ങളും അവർ തെററിക്കാറില്ല. പ്രാർ
ത്ഥിക്കുക, പ്രവർത്തിക്കുക, പ്രകാശിക്കുക
എന്നീ ലക്ഷ്യങ്ങളോടുകൂടി പ്രവർത്തിക്കുന്ന
മർത്തമറിയം സമാജത്തിൽ അവർ ഒത്തൊ
രുമിച്ചു പ്രവർത്തിക്കുന്നു. ബലഹീനവും
നാമമാത്രവുമായ നമ്മുടെ കന്യാസ്ത്രീ പ്ര
സ്ഥാനം സഭയുടെ കരുത്താണ്.

വി. മാമോദീസായുടെ കാര്യത്തിൽ ആ
ൺകുഞ്ഞുങ്ങൾക്കു നല്കി വന്നിരുന്നതും പെ
ൺകുഞ്ഞുങ്ങൾക്കു നിഷേധിക്കപ്പെട്ടു വരു
കയും ചെയ്തിരുന്ന അനുഗ്രഹങ്ങൾ 1988
ജൂലൈയിൽ പെൺകുഞ്ഞുങ്ങൾക്കു നൽകു
വാൻ ഏർപ്പാടായി. ആരാധനക്കിടയിൽ
ബൈബിൾ വായിക്കുവാനുള്ള അർഹത
യും വനിതകൾക്കു സഭ നൽകി. സഭാകാ
ര്യങ്ങളിലും ദൈവശാസ്ത്രത്തിലും സഭാംഗ
ങ്ങളെ കൂടുതൽ ബോധവാന്മാരും ബോധ
മതികളുമാക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് ആ
രംഭിച്ച ദിവ്യബോധന പഠനപദ്ധതിയ്ി

Best Compliments from:

MBF Chit Private Limited

(Estd. 1956)

&

Cathedral Chits Private Limited

(Promoters of auction chits of various denominations ranging from Rs. 10,000/– to Rs. 100,000/–)

CATHEDRAL APARTMENTS
30/A, Cathedral Garden Road
Nungambakkam,
Madras-34
Phone: 869390, 868975

Best Compliments from:

Joy Foam Private Limited

(Manufacturers of Flexible and Rigid Polyurethane Foam)

58, Pantheon Road,
1st Floor, Egmore,
Madras-8

Telephone: 861324, 867592
867793, 861454

Telex: 7217 'RAJA IN'
Grams: 'DUSHIONS'

Branches:

Cochin, Calicut, Hyderabad, Bangalore, Vizag, & Vijayawada

ലേക്ക് സ്ത്രീകളെയും സഭ സ്വാഗതം ചെയ്തു തുടങ്ങി. ആദ്യ പഠന പദ്ധതിയിൽ ചേർന്ന 205 പേരിൽ 85 പേർ സ്ത്രീകളായിരുന്നു. പഠനം പൂർത്തിയാക്കി ഒന്നാം റാങ്കിൽ എത്തിയ 10 പേരിൽ 7 പേർ വനിതകളായിരുന്നു. മർത്തമറിയം വനിതാ സമാജത്തിന്റെ അദ്ധ്യക്ഷൻ പ. സുന്നഹദോസ് നിശ്ചയിക്കുന്ന മെത്രാപ്പോലീത്തായും മുഖ്യകാര്യ ദർശി പ. കാതോലിക്കാ ബാവ നാമനിർദേശം ചെയ്യുന്ന വനിതയുമാണ്. ഭദ്രാസന തലത്തിൽ ഭദ്രാസനാധിപനും ഇടവക തലത്തിൽ ഇടവക വികാരിയുമാണ് സമാജ അദ്ധ്യക്ഷൻ. സഭയിൽ സ്ത്രീകളുടെ പ്രവർത്തനം ഇപ്രകാരമാണ് സംഘടിപ്പിച്ചിരിക്കുന്നത്.

സഭയിൽ പുതിയ മാനങ്ങൾക്കുവേണ്ടി വനിതകൾ ശബ്ദമുയർത്താത്തത് പാരമ്പര്യങ്ങളും കീഴ്‌വഴക്കങ്ങളും കൊണ്ടാണ്. പാരമ്പര്യങ്ങൾ ഓർത്തഡോക്സ് സഭാംഗങ്ങൾക്കു ദിവ്യമാണ്. സഭകളുടെ ലോകകൗൺസിൽ 'കമ്യൂണിറ്റി ഓഫ് വിമൻ ആൻഡ് മെൻ ഇൻ ദി ചർച്ച്' എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ച ഷെഫീൽഡ് റിപ്പോർട്ടിൽ എലിസബത്ത് ബീഹർ–സീജൽ പറയുന്നു 'ഓർത്തഡോക്സ് സഭയിലെ ഓരോ ആണിനും പെണ്ണിനും പാരമ്പര്യമാണ് സഭയുടെ ജീവൻ, അതിന്റെ തുടർച്ച ശാശ്വത ദിവ്യ പ്രചോദനവും.' ഈ പാരമ്പര്യ സംഹിതയിൽ ഏതൊരു കണ്ണിയും കാലോചിതമായി ആവശ്യാനുസരണം സ്വയം ഭേദഗതി ചെയ്യുവാനുള്ള കഴിവും ഈ പാരമ്പര്യത്തിന്റെ മഹനീയതയാണ്.

മലങ്കര സഭയിൽമാമോദീസായ്ക്കുശേഷം ആൺകുഞ്ഞുങ്ങളെ മാത്രമേ ബലിപീഠത്തിൽ മുത്തിച്ചിരുന്നുള്ളു. ദഹനാ പെരുനാളിനുശേഷം ആദ്യം നടത്തുന്ന മാമോദീസാ പെൺകുഞ്ഞിനു നിഷേധിച്ചിരുന്നു. പെൺകുഞ്ഞുങ്ങൾക്കു നിരോധിച്ചിരുന്ന ഈ അനുഗ്രഹങ്ങൾ അവർക്കു നൽകണമെന്നു സഭയിലെ വനിതാ സംഘടനകൾ ആവശ്യപ്പെട്ടിരുന്നതായി കേട്ടിട്ടില്ല കേരള കൗൺസിൽ ഓഫ് ചർച്ചസിന്റെ വനിതാവിഭാഗം സംഘടിപ്പിച്ച വനിതാ സെമിനാറുകളിൽഈ വിവേചനങ്ങൾ ചർച്ച ചെയ്യപ്പെടുകയും അവിടെ സന്നിഹിതരായിരുന്ന സഭാ മേലദ്ധ്യക്ഷന്മാരുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. അതെ തുടർന്നാണു സഭാ സുന്നഹദോസ് ആ വിവേചനം നീക്കിയത്.

മലങ്കര സഭയിൽ മാമോദീസക്കുശേഷം ആൺകുഞ്ഞുങ്ങളെ മാത്രമേ ബലിപീഠത്തിൽ മുത്തിച്ചിരുന്നുള്ളു. ദഹനാപെരുനാളിനുശേഷം ആദ്യം നടത്തുന്ന മാമോദീസാ പെൺകുഞ്ഞിനു നിഷേധിച്ചിരുന്നു. പെൺകുഞ്ഞുങ്ങൾക്ക് നിരോധിച്ചിരുന്ന ഈ അനുഗ്രഹങ്ങൾ അവർക്കു നൽകണമെന്ന് സഭയിലെ വനിതാ സംഘടനകൾ ആവശ്യപ്പെട്ടിരുന്നതായി കേട്ടിട്ടില്ല.

മററു ചില ഓർത്തഡോക്സ് സഭകളിലുള്ളതുപോലെ ആരാധനക്കിടക്കു വനിതകൾ വേദപുസ്തകം വായിക്കുന്ന നടപടിയും മലങ്കര സഭയിൽ നടപ്പാക്കിയതും അടുത്ത കാലത്താണ്.

മലങ്കര സഭയിൽ വനിതകളുടെ പങ്കാളിത്വം പരിമിതമാണ്. പള്ളി കൗൺസിലുകളിലോ സഭാ കൗൺസിലുകളിലോ അവർക്ക് അംഗത്വം അനുവദിച്ചിട്ടില്ല. തീരുമാനമെടുക്കുവാനുള്ള സമിതികളിലൊന്നിലും സഭയിലെ അംഗസംഖ്യയിൽ പകുതിയിലധികം വരുന്ന വനിതകൾക്കു സ്ഥാനമില്ല.

വനിതകൾക്ക് സഭയിൽ വോട്ടവകാശമോ അംഗത്വമോ ഇല്ല. സ്ത്രീകൾക്കു പിതൃസ്വത്തിൽ ആൺമക്കൾക്കൊപ്പം തുല്യതയില്ലാത്തതിനെതിരെ എന്തുകൊണ്ടു സഭ പ്രതികരിക്കുന്നില്ല എന്നൊരു വിവാദമുണ്ട്. അതുപോലെതന്നെ സഭ സ്ത്രീധന സമ്പ്രദായത്തിനെതിരേ എന്തു

Best Compliments from:

P.V. JOHN

Engg. Consultant & Builder

80, Bharathi Colony,
Peelamedu,
COIMBATORE-4

Phone: 30316

39, Grays Hill
COONOOR-1

Phone: 7170 & 7172

With Best Compliments from:

Mathew T. Chandy & Family

Saket
New Delhi

★

പള്ളി കൗൺസിലുകളിലോ സഭാ കൗൺസിലുകളിലോ അവർക്കു അംഗത്വം അനുവദിച്ചിട്ടില്ല. തീരുമാനമെടുക്കുവാനുള്ള സമിതികളിലൊന്നിലും സഭയിലെ അംഗസംഖ്യയിൽ പകുതിയിലധികം വരുന്ന വനിതകൾക്കു സ്ഥാനമില്ല

കൊണ്ടു പ്രതികരിക്കുന്നില്ല എന്നൊരു വിഭാഗവും വിലപിക്കുന്നു.

വനിതകളുടെ പങ്കാളിത്തം സഭയ്ക്കും വനിതകൾക്കും മുതൽക്കൂട്ടായി ഭവിക്കുമെന്നു ഉറപ്പാണ്. ചില അഭിപ്രായങ്ങൾ പറഞ്ഞുകൊള്ളട്ടെ. തീരുമാനങ്ങൾ എടുക്കാൻ അധികാരപ്പെട്ട സഭാ സമിതികളിൽ ഒരു നിശ്ചിത ശതമാനം വനിതകൾക്കു കൂടി പ്രാതിനിധ്യം നൽകണം. പള്ളിയോഗങ്ങളിലേക്കു അംഗത്വം ഉള്ള പുരുഷന്മാർക്ക് അവരുടെ ഭാര്യമാരെ പ്രതിനിധികളായി അയക്കുവാനും അവർക്കു വോട്ടു ചെയ്യാനും ഔദ്യോഗിക സ്ഥാനങ്ങൾ വഹിക്കുവാനുമുള്ള അവകാശം കൊടുക്കണം. സഭയുടെ കന്യാസ്ത്രീ വിഭാഗം വിപുലപ്പെടുത്തണം. മർത്തമറിയം സമാജത്തെ ഒരു പ്രാർത്ഥനാഗ്രൂപ്പ് എന്നതിൽ ഉപരിയായി സഭയുടെ ജ്വലിക്കുന്ന വനിതാ സംഘടനയായി രൂപപ്പെടുത്തണം. സഭയുടെ സാമൂഹ്യ ദർശനമുൾക്കൊള്ളുന്ന പ്രവർത്തനങ്ങൾക്കു ആ സംഘടന ചുക്കാൻ പിടിക്കട്ടെ. തെരഞ്ഞെടുക്കപ്പെടുന്ന ജനറൽ സെക്രട്ടറിയും കമ്മിററിക്കാരും അതിനുണ്ടാകട്ടെ.

ഭാരതത്തിലെ കത്തോലിക്കാ സഭ 'സഭയുടെയും രാഷ്ട്രത്തിന്റെയും സേവനത്തിന്', എന്ന മുദ്രാവാക്യവുമായി 1964–ൽ രൂപം കൊടുത്ത 'കൗൺസിൽ ഓഫ് കാത്തലിക് വിമൻ ഇൻ ഇൻഡ്യ' എന്ന സംഘടന നമുക്കു അനുകരണീയമെങ്കിൽ ആ മാതൃക മർത്തമറിയം വനിതാ സമാജ

മർത്തമറിയം സമാജത്തെ ഒരു പ്രാർത്ഥനാഗ്രൂപ്പ് എന്നതിൽ ഉപരിയായി സഭയുടെ ജ്വലിക്കുന്ന വനിതാ സംഘടനയായി രൂപപ്പെടുത്തണം........

ത്തിനും നൽകണം. ദിവ്യബോധന പദ്ധതിയിലേക്കു കൂടുതൽ വനിതകളെ ആകർഷിപ്പിക്കാൻ വൈദികർ ശ്രമിക്കണം.

പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ചിരിക്കുന്ന വനിതാ പ്രശ്നങ്ങൾ പഠിക്കുവാനുള്ള കമ്മിററി ഒട്ടും വൈകാതെ സുന്നഹദോസിനു റിപ്പോർട്ടു നൽകാൻ പ്രവർത്തനം ത്വരിതപ്പെടുത്തണം.

മലങ്കര സഭയിൽ വനിതകൾക്കു പട്ടത്വം നൽകുന്നതിനെപ്പററി തീരുമാനമൊന്നും ആയിട്ടില്ല. ഭാരതത്തിലെ ചില സഭകൾ ആ വഴിക്കു ഏറെ നീങ്ങിക്കഴിഞ്ഞു. സ്ത്രീ പുരോഹിതരെ ഉൾക്കൊള്ളാനുള്ള വൈമനസ്യം ഇനിയെങ്കിലും നമ്മൾ അവസാനിപ്പിക്കണം. ആ വഴിക്കു നമ്മുടെ സഭാപിതാക്കന്മാർ ചിന്തിച്ചു തീരുമാനമെടുക്കണം.

●

Best Compliments from:

Pneumatic & Metal Traders

1E/3, Swami Ram Tirth Nagar,

New Delhi-110055.

Grams : 'JUSHGEO'

Phones:– D: 772894, 522625
R. 6448011

Dealing in:

Air/Hydraulic Cylinders, Filter–Regulator–Lubricators, Solenoid Valves, Control Valves and Accessories. Non-Ferrous Alloys, Gunmetal Valves for Air, Water, Oil and Steam. etc. etc.

ഫാ. ഡോ. ജേക്കബ് കുര്യൻ

അനുഭവവും (Experience), അറിവും (Knowledge), അഭ്യാസവും (Exercise) പരിശീലനത്തിലെ അനിഷേധ്യഘടകങ്ങൾ ആണ്. അനുഭവം എന്നതു പ്രഥമമായി വൈയക്തികമായും സമൂഹമായും സഭയിൽ കൂടിയുള്ള ദൈവാനുഭവം ആണ്.

സഭയിലെ വൈദിക പരിശീലനം: ഒരു ഭാവി പരിചിന്തനം

സഭയുടെ ഭാവിയിലെ വൈദിക പരിശീലനത്തെക്കുറിച്ചു ഗൗരവമായ ചിന്തയ്ക്കു പ്രസക്തിയുണ്ട്.

യേശുതമ്പുരാന്റെ നിത്യപൗരോഹിത്യ ശുശ്രൂഷയിൽ സഭ മുഴുവൻ പങ്കുചേരുന്നു. പ്രസ്തുത പങ്കാളിത്തത്തിൽ, അപ്പൊസ്തലന്മാർക്കുണ്ടായിരുന്ന പ്രത്യേക ശുശ്രൂഷ നിർവഹിക്കുന്നവരാണു സഭയിലെ വൈദിക സ്ഥാനികൾ. വൈദിക ശുശ്രൂഷയ്ക്കു കാലാനുസൃതമായ ഊന്നലുകൾ ഉണ്ടാകേണ്ടതാവശ്യമാണ്. കാലഘട്ടത്തിന്റെ വെല്ലുവിളികളെ ആത്മവിശ്വാസത്തോടെ നേരിടുവാൻ പര്യാപ്തമായ പരിശീലനം വൈദികർക്കു ലഭിച്ചിരിക്കണം. പക്ഷേ, 'പരിശീലനം' ഒരു 'വാർത്തെടുക്കൽ' അല്ല എന്നും, സാഹചര്യങ്ങളെ നൂറു ശതമാനവും മുൻകണ്ടുകൊണ്ടുള്ള പരിശീലനം സാധ്യമല്ലെന്നും സമ്മതിച്ചേ പറ്റൂ.

അനുഭവവും (Experience), അറിവും (Knowledge) അഭ്യാസവും (Exercise) പരിശീലനത്തിലെ അനിഷേധ്യ ഘടകങ്ങൾ ആണ്. അനുഭവം എന്നതു പ്രഥമമായി വൈയക്തികമായും സമൂഹമായും സഭയിൽ കൂടിയുള്ള ദൈവാനുഭവം ആണ്. രണ്ടാമതായി 'അനുഭവം' സമൂഹജീവിതത്തിൽ ക്രിസ്തുവിന്റെ സാക്ഷിയാകുന്ന അനുഭവമാണ്. ഈ രണ്ടു വിധത്തിലും അനുഭവം ആഴമാക്കുന്ന പരിശീലനത്തെക്കുറിച്ചു ചിന്തിക്കാം. ഓർത്തഡോക്സ് വൈദിക സെമിനാരിയുടെ ഏററവും പ്രധാന ലക്ഷ്യം ഇപ്രകാരമുള്ള 'അനുഭവം' ആണ്. എന്നാൽ ആരാധനയുടെയും ഏകാന്ത ധ്യാനത്തിന്റെയും നിമിഷങ്ങളിൽ സന്തോഷവും സംതൃപ്തിയും ഉണ്ടാകുന്ന വിധമാണോ അവ ക്രമീകരിക്കപ്പെട്ടിരിക്കുന്നതു്. ആരാധനാഭാഷയുടെ ലാളിത്യം, ആരാധകനു് അന്യമായി തോന്നിക്കാത്ത മലയാള ഭാഷാശൈലി, ആനുകാലിക പ്രശ്നങ്ങളെക്കൂടി ഉൾക്കൊള്ളാവുന്ന അപേക്ഷകൾ എന്നിവയ്ക്കു മുൻതൂക്കം കൊടുക്കുന്ന ആരാധനാക്രമീകരണം സെമിനാരിയിൽ മാത്രമല്ല സഭയ്ക്കു മുഴുവനും ഉണ്ടാകേണ്ടിയിരിക്കുന്നു. ആരാധനയിൽ

Best Compliments from:

Dr. M. V. Daniel
Coimbatore

●

Associated Automobiles
Avanashi Road
Coimbatore

●

K. O. Daniel
Coimbatore

●

T.I. Paulson, Oil Merchant
Coimbatore

●

T. O. Itty Mathew & Sons
Coimbatore

★

'അറിവു്' എന്നു പറയുമ്പോൾ ഇവിടെ പ്രധാനമായി, ഒരു വൈദികന്റെ ബോധതലവികാസം എന്നാണ് അർത്ഥമാക്കുന്നത്.........

കൂടി രൂപാന്തരം സംഭവിക്കുന്ന ഒരു വ്യ
ക്തിയുടെ ജീവിത വിശുദ്ധിയും, വ്യക്തി
ബന്ധങ്ങളിലെ ആർജ്ജവത്വവും, കഠി
നാധ്വാന സന്നദ്ധതയും, ലാളിത്യവും,
മററുള്ളവരുടെ വേദനയോടുള്ള സഹാനു
ഭവവും ശ്രദ്ധേയമായിരിക്കും. ഇവയൊന്നു
മില്ലാതെ, വെറും ആരാധനാ ശിക്ഷണം
മാത്രം ആയിപ്പോകുമ്പോൾ 'അനുഭവം'
പൊള്ളയാകുന്നതായി കാണാം.

'അറിവ്' എന്നു പറയുമ്പോൾ, ഇവി
ടെ പ്രധാനമായി, ഒരു വൈദികന്റെ
ബോധതലവികാസം എന്നാണ് അർത്ഥ
മാക്കുന്നതു്. സെക്കുലർ വിദ്യാഭ്യാസ
രംഗത്തു് ഓരോ ശാസ്ത്രശാഖയിലും ആഴ
മായ അറിവും, അനുദിന ജീവിതത്തിൽ
പ്രസ്തുത അറിവു പ്രസ്ക്തമാക്കുന്ന ഉപാ
ധികളും ലഭ്യമായിക്കൊണ്ടിരിക്കുന്നു.
എന്നാൽ ഇതിനു സമാനമായ ഒരു വേദ
ശാസ്ത്രപഠനമോ വേദാപഗ്രഥനമോ വേ
ണ്ടവിധം നടക്കുന്നില്ല എന്നതു് ഒരു വസ്തു
തയാണ്. ശാസ്ത്രസാങ്കേതിക മണ്ഡല
ങ്ങളിലെ അത്യാധുനിക പ്രതിഭാസങ്ങ
ളെയും ജീവിതത്തിലെ അധുനാതന
പ്രശ്നങ്ങളെയും, രാഷ്ട്രത്തിലും അന്താ
രാഷ്ട്രതലത്തിലും ഉള്ള സംഭവവികാസ
ങ്ങളെയും മതാനുഭവത്തിന്റെയടിസ്ഥാന
ത്തിൽ അപഗ്രഥിച്ച് അവയോടു പ്രതി
കരിക്കാനുതകുന്ന ഒരറിവു വൈദികർക്കു
ണ്ടാകേണ്ടിയിരിക്കുന്നു. എന്നാൽ വേദ
പുസ്തകത്തിന്റെയും, വേദശാസ്ത്രത്തി
ന്റെയും, സഭാപാരമ്പര്യത്തിന്റെയും വേ
രുകൾ മുറിച്ചുകൊണ്ടല്ല പ്രസ്തുത അറിവ്
ഉണ്ടാകേണ്ടതു്. പ്രോട്ടസ്റ്റന്റു വേദശാസ്ത്രാ
ഭ്യസനത്തിൽ ഉണ്ടായിരിക്കുന്ന അപകട,
ഇതാണ്. ആകമാന ക്രൈസ്തവ പാര
മ്പര്യത്തിന്റെ അടിസ്ഥാനങ്ങളോടുള്ള
സജീവ ബന്ധത്തിൽ, ആനുകാലിക
പ്രശ്നങ്ങളെയും പുതിയ പുതിയ ശാസ്ത്ര
സങ്കേതങ്ങളെയും ക്രിസ്തീയ വീക്ഷണ
ത്തിൽ അപഗ്രഥിക്കുവാനുള്ള അറിവുണ്ടാ
കുവാൻ പര്യാപ്തമായ കരിക്കുലവും, പരീ
ക്ഷാസംവിധാനവും ഇന്നുണ്ടെന്നു പറയു
വാൻ കഴിയുന്നില്ല. കൂടാതെ ഒരു വൈദി
കന്റെ ദൗത്യം ഒരിടവകയുടെ മാത്രം പരി
ധിക്കുള്ളിൽ എന്ന സങ്കല്പമല്ല ഇന്നു
വേണ്ടതു്. വിവിധ സഭാംഗങ്ങളും, വ്യ
ത്യസ്ത മതാനുയായികളും, പ്രത്യയശാസ്ത്രാ
നുകൂലികളും ഉൾക്കൊള്ളുന്ന ഒരു സമൂഹ
ത്തിന്റെ (Community) ശുശ്രൂഷകൻ
എന്ന ഉൾക്കാഴ്ചയാണു വേണ്ടിയിരിക്കുന്ന

ബാഹ്യകേരളത്തിൽ പ്രവർത്തിക്കേണ്ടവർക്കു ഭാഷാപരമായ അറിവും, തദനുസൃതമായ ബോധനവും നൽകുവാൻ കേരളത്തിനു വെളിയിൽ ഒരു കേന്ദ്രം തന്നെ ഉണ്ടാകണം.

തു്. അപ്പോൾ അവരോടെല്ലാം അടുത്തിട
പെടുവാനുള്ള ആത്മവിശ്വാസവും, അവ
രുടെ മത, പ്രത്യയ വീക്ഷണങ്ങളെ മന
സ്സിലാക്കുവാനും ബഹുമാനിക്കുവാനും ഉള്ള
സന്നദ്ധതയും വൈദികരിൽ ഉണ്ടായിരി
ക്കണം. ഇക്കാര്യങ്ങളെയെല്ലാം ഉൾക്കൊ
ള്ളുന്ന പാഠ്യപദ്ധതിയും, പഠനവും ഇനി
യും ഉണ്ടാകേണ്ടിയിരിക്കുന്നു. ബാഹ്യ
കേരളത്തിൽ പ്രവർത്തിക്കേണ്ടവർക്കു ഭാ
ഷാപരമായ അറിവും, തദനുസൃതമായ
പ്രത്യേക ബോധനവും നൽകുവാൻ കേരള
ത്തിനു വെളിയിൽ ഒരു കേന്ദ്രം തന്നെ
ഉണ്ടാകണം.

അനുഭവവും അറിവും അർത്ഥവത്താകു
ന്നതു് 'അഭ്യാസ'ത്തിൽ കൂടിയാണ്.
പ്രായോഗിക പരിശീലനത്തിനു വേണ്ടത്ര
സമയവും, ശ്രദ്ധയും കൊടുക്കുവാൻ നമ്മു
ടെ വൈദിക പരിശീലനത്തിൽ ഇതേ

വരെ കഴിഞ്ഞിട്ടില്ല. സെമിനാരി പഠനത്തിനുള്ളിൽ തന്നെ ഒരു വർഷമെങ്കിലും പ്രായോഗിക പരിശീലനം ആവശ്യമാണ്. പൊതുവെ വൈദികർ അഭിമുഖീകരിക്കേണ്ടി വരുന്ന എല്ലാ പാസ്റ്ററൽ സാഹചര്യങ്ങളേയും പരിചയപ്പെടുവാനും, ഏതെങ്കിലുമൊരു പ്രത്യേക സാഹചര്യത്തിൽ (ഉദാ: മദ്യപാനരോഗികൾക്കുള്ള കൗൺസലിങ്ങ്) പ്രത്യേകമായ പരിചയം സിദ്ധിക്കുവാനും സാധിക്കണം. തെരഞ്ഞെടുക്കപ്പെട്ട ഏതാനും പേർക്ക് ഓരോ ഭദ്രാസനത്തിലും കൗൺസലിങ്ങ്, വികസന പ്രവർത്തനങ്ങൾ, കമ്മ്യൂണിക്കേഷൻ മുതലായവയിൽ രണ്ടു വർഷമെങ്കിലും പരിശീലനം ലഭിക്കുവാൻ സംവിധാനവും ഉണ്ടാകണം.

Best Compliments from:

M. K. Mathew, Coimbatore

★

A. K. Eapen, Coimbatore

Best Compliments from:

★

Tyre India Retreading Co.

Valsad

പ്രൊഫ. വറുഗീസ് പടിയറ

മലയാള മനോരമ ഇവിടുത്തെ ജനജീവിതത്തിൽ ചെലുത്തിയിട്ടുള്ള സ്വാധീനവും വരുത്തിയിട്ടുള്ള പുരോഗതിയും അദ്ഭുതാവഹമാണ്. മലയാളസാഹിത്യത്തിന്റെ ആധുനികഘട്ടം ആരംഭിക്കുന്നതു തന്നെ മനോരമയുടെ ആവിർഭാവത്തോടുകൂടിയാണ്....

സാഹിത്യത്തിൽ സഭയുടെ സംഭാവനകൾ

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ താരതമ്യേന ഒരു ചെറിയ സമൂഹമാണ്. എങ്കിലും അഭിമാനിക്കത്തക്ക സാഹിത്യ സംഭാവനകൾ സഭയിൽ നിന്നുണ്ടായിട്ടുണ്ട്.

പതിനേഴാം നൂററാണ്ടിന്റെ മദ്ധ്യത്തിൽ ജീവിച്ചിരുന്ന ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാരുടെ കൃതിയാണ 'പൗലോസ് ശ്ലീഹായുടെ ചരിത്രം' എന്ന പദ്യ പ്രബന്ധം. കാവിൽ ചാണ്ടിക്കത്തനാരുടെ 'ശ്ലീഹന്മാരുടെ ചരിത്രം' എന്ന ഗദ്യ കൃതിയും ഏതാണ്ട് അക്കാലത്തു തന്നെ രചിച്ചതാണ്. 'ഈയോബിന്റെ ചരിത്രം' എന്ന കരുണോദ്ദീപകമായ കാവ്യത്തിന്റെ കർത്താവായ കുരുവിള കത്തനാരും; മാർ അപ്രേശ്രുപാന, അപ്രേശ്രു നാടകം, നിഷിദ്ധപർവം, മാർ ഗീവറുഗീസ് പാന, ചെറിയ തോബിയാസിന്റെ പാട്ട് തുടങ്ങിയ കവിതകളുടെ കർത്താവായ കോതമംഗലത്തു ചാക്കോ മാപ്പിളയും, ആദമാദി, അമ്മയായ രാജകന്നി ആദിയായ കീർത്തനങ്ങൾ എഴുതിയ മള്ളൂശ്ശേരി മാണിമാപ്പിളയും 18-ാം നൂററാണ്ടിൽ ജീവിച്ചിരുന്നവരാണ്.

ആദ്യകാല സഭാ ചരിത്രഗ്രന്ഥങ്ങളിൽ പുകടിയിൽ ജോസഫ് ഇട്ടൂപ്പിന്റെ മലങ്കര സുറിയാനി ക്രിസ്ത്യാനികളുടെ ചരിത്രം (1869) പാലപ്പള്ളിൽ അബ്രഹാം കത്തനാരുടെ സുറിയാനി സമുദായ ചരിത്രസംക്ഷേപം (1877) ഇടവഴിക്കൽ ഫിലിപ്പോസ് കോർ എപ്പി

Best Compliments from:

M/s Frontier Construction Company (U. P.) Pvt. Ltd.

Regd. Office:
117 H1/236, Pandu Nagar,
Kanpur
Phone No: 217416

Branch Office:
39/35 Old Rajinder Nagar,
New Delhi
Phone No: 5410609

Work Site:

1. **Construction of 800 Bedded Sanjay Gandhi Memorial Hospital, Rewa**
2. **Construction of L. P. G. Bottling Plant for H.P.C.L. at Gorakhpur**
3: **Construction of Housing Complex for M. E. S at Kanpur**
4. **Construction of S. W. Drain and Shopping centre at Delhi**

കവിയും നോവലിസ്റ്റും പ്രബന്ധകാരനുമായിരുന്നു ഒ. എം. ചെറിയാൻ. അദ്ദേഹത്തിന്റെ 'ഹൈന്ദവ ധർമ്മ സുധാകരം' 'ക്രൈസ്തവനവനീതം' തുടങ്ങിയ ഗ്രന്ഥങ്ങൾ ഭാഷയ്ക്കു വിലതീരാത്ത നേട്ടങ്ങളാണ്.

സ്ക്കോപ്പായുടെ 'സുറിയാനി സഭയുടെ സ്വഭാവം, (1879) എന്നിവ പ്രത്യേകം സ്മരണീയമാണ്.

പത്തൊൻപതാം നൂററാണ്ടിൽ സാഹിത്യത്തിന്റെ എല്ലാം രംഗങ്ങളിലും സേവന നിരതരാകുന്നതിന് ഓർത്തഡോക്സ് സഭാംഗങ്ങൾക്ക സാധിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ 'മലയാള മനോരമയുടെ രംഗപ്രവേശം പ്രോത്സാഹജനകമായിരുന്നു. മലയാള സാഹിത്യത്തിന്റെ ഉയർച്ചയ്ക്കുവേണ്ടി ആയുഷ്ക്കാലം പ്രവർത്തിച്ച കണ്ടത്തിൽ വറുഗീസ് മാപ്പിളയാണ മലയാള മനോരമ സ്ഥാപിച്ചത്. അദ്ദേഹത്തിന്റെ 'കലഹിനീദമനകം', 'എബ്രായക്കുട്ടി' എന്നീ നാടകങ്ങളും സച്ചരിതശതകം (മണിപ്രവാള കാവ്യം), കീർത്തനമാല (ക്രൈസ്തവ ഭക്തിഗാനങ്ങൾ) ഒന്നാം പുസ്തകം, തുടങ്ങിയവയും പ്രധാന കൃതികളാണ്.

മലയാള മനോരമ ഇവിടത്തെ ജനജീവിതത്തിൽ ചെലുത്തിയിട്ടുള്ള സ്വാധീനവും വരുത്തിയിട്ടുള്ള പുരോഗതിയും അദ്ഭുതാവഹമാണ്. മലയാള സാഹിത്യത്തിന്റെ ആധുനികഘട്ടം ആരംഭിക്കുന്നതു തന്നെ മനോരമയുടെ ആവിർഭാവത്തോടു കൂടിയാണ്. ലിപി പരിഷ്ക്കരണം, പദ ശുദ്ധീകരണം, ദേശ്യപദങ്ങളുടെ ദുരീകരണം, അച്ചടി പരിഷ്ക്കരണം മുതലായ ഭാഷാ പരിഷ്ക്കാരങ്ങൾക്കും മനോരമ നേതൃത്വം നൽകി. സാഹിത്യകാരന്മാരെ അണിനിരത്തിയതു കൂടാതെ, അവരുടെ കൃതികൾ പ്രസിദ്ധീകരിക്കാൻ ഒരു പ്രസിദ്ധീകരണാലയവും മനോരമ സ്ഥാപിച്ചു. മനോരമയുടെ നേതൃത്വത്തിൽ ആരംഭിച്ച ഭാഷാ പോഷിണി സഭ സാഹിത്യത്തിന് കനത്ത സംഭാവന നൽകി. അതിന്റെ നേതൃത്വത്തിൽ തുടങ്ങിയതാണ് 'ഭാഷാപോഷിണി' മാസിക.

കവിയും നോവലിസ്റ്റും പ്രബന്ധകാരനുമായിരുന്നു ഒ. എം. ചെറിയാൻ. അദ്ദേഹത്തിന്റെ 'ഹൈന്ദവ ധർമ്മ സുധാകരം 'ക്രൈസ്തവ നവനീതം' തുടങ്ങിയ ഗ്രന്ഥങ്ങൾ ഭാഷയ്ക്ക വില തീരാത്ത നേട്ടങ്ങളാണ്. മിശിഹാനന്ദലഹരി മഹാകാവ്യവും അദ്ദേഹം രചിച്ചിട്ടുണ്ട്. മലയാളത്തിലെ ആദ്യകാല സാമൂഹ്യനാടകങ്ങളിലൊന്നായ 'മറിയാമ്മ നാടക' ത്തിന്റെ കർത്താവാണ കൊച്ചീപ്പൻ തരകൻ. ബാലികാ സദനം, മധുവർജ്ജനം തുടങ്ങിയവ അദ്ദേഹത്തിന്റെ മററു കൃതികളാണ്. മലയാളത്തിലെ ആദ്യകാല നോവലിസ്റ്റുകളിൽ ഒരാളാണ കൊച്ചുതൊമ്മൻ അപ്പോത്തിക്കരി. അദ്ദേഹത്തിന്റെ 'പരിഷ്ക്കാരപ്പാതി' ശ്രദ്ധേയമായ ഒരു കൃതിയാണ്. പരുമല മാർ ഗ്രീഗോറിയോസ് തിരുമേനി 1895-ൽ എഴുതിയ 'ഊർശ്ലേം യാത്ര' പ്രസിദ്ധമായ സഞ്ചാരസാഹിത്യ കൃതിയാണ്. ഇതു് മലയാള ഭാഷയിൽ എഴുതപ്പെട്ട മൂന്നാമത്തെ യാത്രാ വിവരണ ഗ്രന്ഥമാണ്. ചിന്താ സുന്ദരമായ ശൈലിയിൽ ഇതു എഴുതപ്പെട്ടിരിക്കുന്നു. ചിത്രമെഴുത്ത് കെ. എം. വറുഗീസ് ചിത്രവിദ്യാവിശാരദനും അനുഗൃഹീത സാഹിത്യകാരനുമായിരുന്നു. വേണാടിന്റെ നെടുന്തൂൺ, പുണ്യവാളനായ ശൗരിയാർ, മാർ മാത്യൂസ് അത്താനാസ്യോസിന്റെ പഞ്ചകല്യാണി, സുറിയാനി ക്രിസ്ത്യാനികളുടെ രാജ്യരക്ഷാ പുരുഷത്വം, നസ്രാണികളുടെ രാഷ്ട്രീയ സേവനം തുടങ്ങി പല പ്രസിദ്ധ ഗ്രന്ഥങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. അനുഗൃഹീതനായ മറെറാരു സാഹിത്യകാരനായിരുന്നു ജോസഫ് ചെറുവത്തൂർ. കവിത, നാടകം, നോവൽ, നിരൂപണം, ചെറുകഥ, നിഘണ്ടു, ബാലസാഹിത്യം, തുടങ്ങിയ മേഖലകളിൽ സ്വന്തമായ വ്യക്തിമുദ്ര പതിപ്പിക്കുവാൻ അദ്ദേഹത്തിനു സാധിച്ചി

Best Compliments from:

Giboy Varghese,
Calcutta

P. C. Joseph,
Calcutta

K. M. Mathen,
Calcutta

Varghese John
Calcutta

Mr. Varghese
Calcutta

Mr. C. V. Rajan
Calcutta

Thomas P. Varghese
Calcutta

C. G. George
Calcutta

G. Thomas
Calcutta

C. T. Varghese
Calcutta

Sam Varghese
Calcutta

Mani Thomas
Calcutta

ട്ടുണ്ട്. കുന്നംകുളം കെ. വി. ഡേവിഡ് ഭാവനാ സമ്പന്നനായ കവിയായിരുന്നു.

മലയാള സാഹിത്യത്തിൽ അനശ്വരനാണു പാറപ്പുറത്ത്. മലയാളത്തിൽ പട്ടാളക്കഥകളുടെ മാർഗ്ഗദർശികളിലൊരാളാണദ്ദേഹം. അദ്ദേഹത്തിന്റെ അരനാഴികനേരം, അന്വേഷിച്ചു കണ്ടെത്തിയില്ല തുടങ്ങിയ നോവലുകൾ മദ്ധ്യ തിരുവിതാംകൂറിലെ സുറിയാനി ക്രിസ്ത്യാനികളുടെ ജീവിതത്തെ ചി

മലയാള സാഹിത്യത്തിൽ അനശ്വരനാണ് പറപ്പുറത്തു്. മലയാളത്തിൽ പട്ടാളക്കഥകളുടെ മാർഗ്ഗദർശികളിലൊരാളാണദ്ദേഹം. അദ്ദേഹത്തിന്റെ അരനാഴികനേരം, അന്വേഷിച്ചു കണ്ടെത്തി....................

ത്രീകരിക്കുന്നു. സുറിയാനി സഭയ്ക്കു് അഭിമാനാർഹമായ നിലയിൽ ചരിത്ര രചനയിൽ ഏർപ്പെട്ട എഴുത്തുകാരനാണ് ഇസെഡ്. എം. പാറേട്ട്. മലങ്കര നസ്രാണികൾ, വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ്, തുടങ്ങി ഇരുപത്തിയഞ്ചോളം ഗ്രന്ഥങ്ങൾ പാറേട്ടിന്റേതായുണ്ട്. വർഗീസ് കളത്തിൽ, ഫാ. ജോർജ് കളീക്കൽ, ബാബു ചെങ്ങന്നൂർ എന്നിവരും സാഹിത്യ സംഭാവനകളിലൂടെ മലയാള ഭാഷയേയും സമുദായത്തേയും സേവിച്ചു.

സഭാ ചരിത്ര ഗവേഷണ രംഗത്ത് ശ്രദ്ധേയമായ സംഭാവനകൾ ചെയ്തിട്ടുള്ളവരാണ് എം. സി. കുര്യാക്കോസ് റമ്പാൻ (The Orthodox Syrian church of Malabar, 1943), കെ. റ്റി. ജോസഫ് (മലങ്കര കാതോലിക്കാ സ്ഥാപന ചരിത്രം 1938), സി. ജെ. ജോർജ് കത്തനാർ (The Orthodoxy of the St, Thomas Christians 1904), ഫാ. ഐ. ദാനിയേൽ (The Malabar Church and the other

മലയാള സാഹിത്യത്തിനു് മികച്ച സംഭവന നൽകി വരുന്ന സമർപ്പിതനായ സാഹിത്യ നായകനാണ് മഹാകവി പുത്തൻകാവു മാത്തൻ തരകൻ ....

Orthodox Churches, 1950), ഇ. എം. ഫിലിപ്പോസ് (മാർത്തോമ്മാ ശ്ലീഹായുടെ ഇൻഡ്യൻ സഭ, 1951), പുലിക്കോട്ടിൽ യൗസേപ്പ റമ്പാൻ (മലങ്കര സഭയുടെ കുഴൽ കണ്ണാടി, 1930), കെ. എ. ജേക്കബ് (മലങ്കര സഭ, 1950), ഒ. എം. ചെറിയാൻ (കാതോലിക്കാ സിംഹാസനം 1953), ഡോ. സി. വി. ചെറിയാൻ (A History of Christianity in Kerala, 1973 എന്നിവർ.

ഫാ. മാത്യ വൈദ്യൻ (വേദശാസ്ത്ര വീഥിയിൽ) റവ. ഡോ. ജേക്കബ് കുര്യൻ (സാക്ഷികളുടെ സമൂഹം) ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത (മൂന്നു വിശ്വാസസത്യങ്ങൾ, വിശ്വാസിയായിരിക്ക, ക്രിസ്തീയകാര്യവിചാരകത്വം New life in an old Church) റവ. ഡോ. വി. സി. ശാമുവൽ (യേശുക്രിസ്തു ആരു്, അപ്പൊസ്തല പ്രവൃത്തികൾ) ഫാ. കെ. ജെ. ഗബ്രിയേൽ (ദൈവ തേജസിലേക്ക്) ഡോ: പൗലോസ് മാർ ഗ്രീഗോറിയോസ് (മനുഷ്യസ്വാതന്ത്ര്യം, വിശ്വമാനവൻ, മനുഷ്യസാന്നിദ്ധ്യം) ഫാ: ടി. ജെ. ജോഷ്വാ (റോമാ ലേഖന വ്യാഖ്യാനം, പ്രകാശത്തിലേക്കു്) ഫാ. സി. സി. ചെറിയാൻ തുടങ്ങിയവർ വേദശാസ്ത്രവിജ്ഞാനീയത്തിനു മികച്ച സംഭാവനകൾ നൽകി വരുന്നവരാണ്.

മലയാള സാഹിത്യത്തിനു് മികച്ച സംഭാവന നൽകി വരുന്ന സമർപ്പിതനായ സാഹിത്യ നായകനാണു മഹാകവി പുത്തൻകാവ് മാത്തൻ തരകൻ. അദ്ദേഹത്തിന്റെ 'വിശ്വദീപം' മഹാകാവ്യം സർവരുടെയും പ്രശംസ പിടിച്ചു പററിയ കൃതിയാണ്. മാത്തൻ തരകന്റെ സമസ്ത

Best Compliments from:

P. JOHN ZACHARIAH

●

ALAYA CONSTRUCTIONS

9/84-C, 8th Street, K. K. Pudur,
Coimbatore-38
P. B. No. 6408
Phone: 40088

Best Compliments from:

P. D. KOSHY Phone: PP 420001
Proprietor

Lucky Foam Enterprises

Distributor for: ELITE FOAM

Dealers in: M M Foam, Kurl-on, Joy Foam Mattresses, Pillows, Cushions etc.

37, Nelson Manickam Road,
Aminjikarai
MADRAS-29

ക്രൈസ്തവ കീർത്തന സാഹിത്യ ശാഖയ്ക്ക് ഈടുററ സംഭാവനകൾ നൽകുവാൻ സഭാ കവി വെണ്ണിക്കുളം സി. പി. ചാണ്ടിക്ക് സാധിച്ചിട്ടുണ്ട്. ആരാധനാ സാഹിത്യത്തിൽ തൽപ്പരനായിരുന്നു പരിശുദ്ധ ഗീവറുഗീസ് ദ്വിതിയൻ കാതോലിക്കാ ബാവാ.

സാഹിത്യ പരിശ്രമങ്ങളും ഗവേഷണ വിധേയമാക്കേണ്ടതാണ്.

ഭാവഗാനങ്ങൾ എഴുതി കൈരളിയെ ധന്യമാക്കിക്കൊണ്ടിരിക്കുന്ന കവി കോകിലമാണ് സി. ജെ. മണ്ണുംമ്മൂട്. നമ്മ സുന്ദരവും പ്രസാദ മധുരവുമായ കവിതകൾകൊണ്ട് ദീപ്തി പകരുന്ന മററൊരു കവിയാണു ചെമ്മനം ചാക്കോ. ആക്ഷേപ ഹാസ്യംകൊണ്ട് കൈരളിയെ കോരിത്തരിപ്പിക്കുന്ന ചെമ്മനം സാമൂഹിക വൈകൃതങ്ങൾക്ക് നേരെ നർമ്മത്തിൻെറ മധുരം പുരട്ടിയ അഗ്നിശരങ്ങൾ തൊടുത്തു വിടുന്നു.

ക്രൈസ്തവ കീർത്തന സാഹിത്യശാഖയ്ക്കു ഈടുററ സംഭാവനകൾ നൽകുവാൻ സഭാ കവി വെണ്ണിക്കുളം സി. പി. ചാണ്ടിക്ക് സാധിച്ചിട്ടുണ്ട്. ആരാധനാ സാഹിത്യത്തിൽ തല്പരനായിരുന്നു പരിശുദ്ധ ഗീവറുഗീസ് ദ്വിതിയൻ കാതോലിക്കാ ബാവാ.

വിശ്വസാഹിത്യ പണ്ഡിതൻ, മൗലിക മർമ്മജ്ഞനായ സാഹിത്യ നിരൂപകൻ, വാഗ്മി എന്നീ നിലകളിൽ അതുല്യ സ്ഥാനീയനാണ് ഡോ. കെ. എം. തരകൻ. ഡോ. കെ. എം. തരകൻെറ 'പാശ്ചാത്യ സാഹിത്യ തത്ത്വശാസ്ത്രം' കേരള സാഹിത്യ അക്കാദമി അവാർഡ് നേടി. ആധുനിക നോവൽ ദർശനം, മലയാള നോവൽ സാഹിത്യ ചരിത്രം, The Poetic Act, മഗ്ദലന മറിയം ഒരു മുക്തിഗാഥ തുടങ്ങിയ ഈടുററ ഗ്രന്ഥങ്ങളുടെ കർത്താവാണ് അദ്ദേഹം. 'ഓർത്തഡോക്സ് പഠനങ്ങൾ' എന്ന അദ്ദേഹത്തിൻെറ കൃതി സഭക്കു ലഭിച്ച അതുല്യ സംഭാവനയാണ്. മികച്ചൊരു നോവലിസ്റ്റു കൂടിയാണു തരകൻ. എന്നിൽ അലിയുന്ന ദുഃഖം, ആത്മാവിൽ സുഗന്ധം എന്നിവ ശ്രദ്ധേയമാണ്.

മിഷനറിമാരുടെ സാഹിത്യ സംഭാവനകളെപ്പററി മലയാളത്തിൽ ആദ്യമായി ഗവേഷണ പഠനം നടത്തിയ എഴുത്തുകാരനാണു ഡോ. സാമുവൽ ചന്ദനപ്പള്ളി. സഭയിലെ പിതാക്കന്മാരുടെ വചനങ്ങളും പ്രഭാഷണങ്ങളും ക്രോഡീകരിച്ചു വ്യാഖ്യാനം എഴുതി അദ്ദേഹം പ്രസിദ്ധപ്പെടുത്തിയ 'മലങ്കര സഭാ പിതാക്കന്മാർ' എന്ന ഗ്രന്ഥം മികവുററ സംഭാവനയാണ്. മലങ്കര ഓർത്തഡോക്സ് സഭയിലെ പിതാക്കന്മാരുടെ വേദശാസ്ത്ര ചിന്തകൾ ഭാവിയിൽ പഠനവിധേയമാക്കേണ്ടി വരുമ്പോൾ ഡോ. ചന്ദനപ്പള്ളിയുടെ ഈ പരിശ്രമം വിലമതിക്കപ്പെടും. മിഷനറി മലയാള ഗദ്യ മാതൃകകൾ, ക്രൈസ്തവ സംസ്കാരം, ചന്ദനവും പള്ളിയും, Thus Spake George Williams എന്നിവ അദ്ദേഹത്തിൻെറ രചനകളാണ്.

മിഷനറിമാരുടെ സാഹിത്യ സംഭാവനകളെപ്പററി മലയാളത്തിൽ ആദ്യമായി ഗവേഷണപഠനം നടത്തിയ എഴുത്തുകാരനാണ് ഡോ. സാമുവൽ ചന്ദനപ്പള്ളി.

ചരിത്രം, ജീവചരിത്രം എന്നീ സാഹിത്യ വിഭാഗങ്ങളിൽ ഒട്ടേറെ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട് പോൾ മണലിൽ. അദ്ദേഹത്തിൻെറ 'മലയാളത്തിൻെറ ബഷീർ' എന്ന ജീവചരിത്ര ഗ്രന്ഥം സാഹിത്യരംഗത്തു ശ്രദ്ധേയമായി. 'മഹാ

With Best Compliments from:

MRS. & MR. K. VARGHESE
MADRAS

Top Furniture
19, Royalpetta High Road
Madras-14

Mr. K. S. Peter, Anna Nagar, Madras

K. I. Varghese, Madras

M. A. Koshy, Madras-29

George Thomas, Madras

K. V. George, Madras

Thomas V. G., Calcutta

T. M. Alexander, Calcutta

T. P. John, Calcutta

Baby Manjalil, Calcutta

നായ ദിവന്നാസ്യോസ്'' എന്ന പേരിൽ കാലം ചെയ്ത തോമ്മാ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായെപ്പററിയും ഒരു ഗ്രന്ഥമെഴുതിയിട്ടുണ്ട്.

മലയാളത്തിൽ ശ്രദ്ധേയനായ ഗദ്യകാരനും ഭാഷാശാസ്ത്രജ്ഞനുമാണു ഡോ. സി. ജെ. റോയ്. അദ്ദേഹത്തിൻെറ 'ഭൂമിയുടെ ഗന്ധം' എന്ന ഉപന്യാസ സമാഹാരം ശ്രദ്ധേയമാണ്. 'ഭാവുകത്വത്തിൻെറ പാതയിൽ, ഭാഷാദർശനം, പുതിയ മുഖങ്ങൾ എന്നിവ അദ്ദേഹത്തിൻെറ മററു കൃതികളാണ്.

ആധുനിക കവികളിൽ ശ്രദ്ധേയനാണ് ചെറിയാൻ കെ. ചെറിയാൻ. റവ. ഡോ. കെ. എം. ജോർജിൻെറ ഗദ്യകവിതാ സമാഹാരമായ 'പ്രവാസത്തിൻെറ നാളുകൾ' സുന്ദരമായ ആഖ്യാനമാണ്. പഴയ തലമുറയിലെ അനുഗ്രഹീത കവിയായ വിദ്വാൻ ടി. സി. യോഹന്നാനും പുതിയ തലമുറയിലെ പ്രബലനായ ബിനോയ് ചാത്തുരുത്തിയും സഭയുടെ സംഭാവനകളാണ്.

പ്രമുഖ ജീവചരിത്രകാരനും പത്രപ്രവർത്തകനുമായ കെ. വി. മാമ്മനും, പത്രപ്രവർത്തകനും നോവലിസ്റ്റുമായ ജോയി തിരുമൂലപുരവും, പ്രസിദ്ധ കവി ജെ. ടി. ആമ്പല്ലൂരും, ബാലസാഹിത്യകാരനായ ജോയൻ കുമരകവും, പ്രൊഫ. കെ. സി. പീററും സാഹിത്യത്തിൻെറ വിവിധ മേഖലകളിൽ വ്യക്തി മുദ്ര പതിപ്പിച്ചു കഴിഞ്ഞു.

'വനിത' പത്രാധിപ മിസ്സിസ് കെ. എം. മാത്യു പാചക സംബന്ധമായ ഒട്ടേറെ കൃതികൾ രചിച്ചിട്ടുണ്ട്. ജിമ്മി ചാത്തുരുത്തി ശ്രദ്ധേയനായ ജീവചരിത്രകാരനാണ്. ജേക്കബ് ജോൺ, ജോൺ കുന്നപ്പള്ളി, സണ്ണി കുലത്താക്കൽ, പ്രൊഫ. അലക്സാണ്ടർ കാരയ്ക്കൽ, എം. കുര്യൻ,

---

ആധുനിക കവികളിൽ ശ്രദ്ധേയനാണ് ചെറിയാൻ കെ. ചെറിയാൻ. റവ. ഡോ. കെ. എം. ജോർജിൻെറ ഗദ്യകവിതാ സമാഹാരമായ 'പ്രവാസത്തിൻെറ നാളുകൾ' സുന്ദരമായ ആഖ്യാനമാണ്.

പി. സി. കോരുത്, പ്രൊഫ. ജോസ് പാറക്കടവിൽ, വറുഗീസ് കിഴക്കേമുറി, പ്രൊഫ. കെ. വി. തമ്പി, ബാബു കുഴിമററം, ബേബി വെണ്ണിക്കുളം, ഷേബാലി, റവ. ഡോ. എം. എ. മത്തായി റമ്പാൻ, ഫാ: കെ. ററി. സഖറിയ, ഫാ. ഗീവറുഗീസ് അഞ്ചൽ, ഫാ. സഖറിയാ പേരങ്ങാട്ട്, തുടങ്ങിയവർ അനുഗ്രഹീതരായ തൂലികാപ്രേഷിതരാണ്.

ഓർത്തഡോക്സ് സഭയുടെ വിവിധ ആനുകാലികങ്ങളിലൂടെ—മലങ്കര സഭ, ഓർത്തഡോക്സ് ഹെറാൾഡ്, പുരോഹിതൻ, ഓർത്തഡോക്സ് യൂത്ത്—ഭാവനാ സമ്പന്നരായ പലരും സാഹിത്യ ലോകത്തിലേക്ക കാലെടുത്തു കുത്തുന്നു. തിരുവചന ഭാഷ്യം, ദിവ്യബോധനം എന്നീ പരമ്പരകളിലൂടെ മികച്ച വേദ സാഹിത്യങ്ങളും വേദ ഭാഷ്യങ്ങളും പുറത്തു വരുന്നുണ്ട്.

With Best Compliments from:

JOHN ABRAHAM & FAMILY
East Delhi

●

K. JOHN & FAMILY
East Delhi

●

K. M. VARGHESE & FAMILY
East Delhi

●

M. A. MATHEW
New Delhi

●

O. JOHN & FAMILY
Janakapure

●

N. V. CHACKO
Janakapure

●

WILLI MATHEWS
Janakapure

●

MR. K. C. ABRAHAM
Janakapure

●

K. M. PHILIP
Janakapure

ഫാദർ മത്തായി നൂറനാൽ

സഭയുടെ വികസനം എന്നു പറയുമ്പോൾത്തന്നെ അതിന് ഒരു അടിസ്ഥാന വീക്ഷണം ആവശ്യമാണ്. അവകാശങ്ങൾ പിടിച്ചുപററി സ്വന്തം അസ്ഥിവാരം ഉറപ്പിക്കുവാൻ ശ്രമിക്കുന്ന ഒരു വർഗീയ വീക്ഷണം സഭയ്ക്കു സാദ്ധ്യമല്ല ....

സഭയുടെ വികസന സാദ്ധ്യതകൾ

ലോക ക്രൈസ്തവ സഭകളിൽ അപ്പൊസ്തോലികമായ ആരംഭം അവകാശപ്പെടാവുന്ന ചുരുക്കം ചില സഭകളിൽ ഒന്നാണു മലങ്കര ഓർത്തഡോക്സ് സഭ. അപ്പൊസ്തോലിക ആരംഭം ഉള്ള സഭകളിൽത്തന്നെ ഭൂരിപക്ഷവും റോമൻ സാമ്രാജ്യത്തിനുള്ളിലെ പൊതു സാഹചര്യത്തിൽ വികസനം പ്രാപിച്ചപ്പോൾ, മലങ്കര സഭ, തികച്ചും വ്യത്യസ്ഥമായ ഒരു വികസന ചരിത്രമാണു വിളിച്ചു പറയുന്നത്. ഈ വികസന പാതയിൽ, വിദേശ സഭകളുടെ 'ആക്രമണങ്ങളെ'ത്തന്നെ മലങ്കര സഭയ്ക്കു നേരിടേണ്ടി വന്നിട്ടുണ്ട്. ഇപ്പോഴും നേരിട്ടു കൊണ്ടിരിക്കുയുമാണ്. മത ബഹുലതകളുടേയും, വ്യത്യസ്ഥങ്ങളായ സംസ്കാരങ്ങളുടേയും പശ്ചാത്തലത്തിൽ വളർന്നു വികസിച്ച ഒരു സഭയ്ക്കു്; ശുഷ്കമായ, സങ്കീർണമായ, മത മാത്സര്യങ്ങളുടെ അന്തരീക്ഷത്തിൽ, മതവിശ്വാസങ്ങളേയും പാരമ്പര്യങ്ങളേയും ചോദ്യം ചെയ്യുവാൻ വെമ്പൽ കൊള്ളുന്ന ഇക്കാലഘട്ടത്തിൽ, ഭാവി വികസന പ്രവർത്തനങ്ങളുടെ കാഴ്ചപ്പാട് എന്തായിരിക്കണം.

സഭയുടെ വികസനം എന്നു പറയുമ്പോൾത്തന്നെ അതിനു് ഒരു അടിസ്ഥാന വീക്ഷണം ആവശ്യമാണു്. അവകാശങ്ങൾ പിടിച്ചു പററി സ്വന്തം അസ്ഥിവാരം ഉറപ്പിക്കുവാൻ ശ്രമിക്കുന്ന ഒരു വർഗീയ വീക്ഷണം സഭയ്ക്കു സാദ്ധ്യമല്ല. ലോകജീവിതത്തോടു നിഷേധാത്മകമായ സമീപനത്താൽ കേവലം ആത്മീയ സമൂ

Best Compliments from:

P. C. Kurian,
Madras

Industrial Bearing Needs
Madras

M. J. Thomas
Calcutta

John P. Samuel
Calcutta

M. B. Behanan
Calcutta

John Mathai
Calcutta

M. A. Jacob
Calcutta

Mathaikutty & Family
Calcutta

Dr. K. C. Chandy
Calcutta

O. Geevarghese
Catcutta

M. O. Alexander
Calcutta

Thankachen Thomas
Calcutta

Raju D.
Calcutta

ഹകമാകയെന്നുമല്ല സഭയുടെ അടിസ്ഥാന വീക്ഷണം. ഏതു വിധത്തിലും അംഗങ്ങളെ ചേർത്തുകൊണ്ടു് അതിരുകൾ വിശാലമാക്കുവാനുള്ള വെട്ടിപ്പിടിക്കൽ പരിപാടിയല്ല സഭയുടെവീക്ഷണം. റോമർ 15:20,21,........ സൃഷ്ടി മുഴുവൻ രൂപാന്തരം പ്രാപിച്ചു നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവും ഉറപ്പാക്കുവാനുള്ള ദൈവിക സമൂഹമാണു സഭ.

അതുകൊണ്ടു ചരിത്രത്തിൽ ആരംഭിച്ചിട്ടുള്ളതും ചരിത്രത്തിൽ കൂടി പൂർത്തീകരിക്കപ്പെടുന്നതുമായ ഒരു വികസന വീക്ഷണമാണു സഭയ്ക്കു വേണ്ടതു്. ഈ വീക്ഷ

എന്നാൽ ഇന്നു പലപ്പോഴും സ്ഥാപനവൽക്കരണത്തിന്റേയും സങ്കുചിതമായ പരിഗണനകളുടേയും മണ്ഡലമായി സഭയുടെ വികസനരംഗം അധ:പതിക്കുന്നില്ലേയെന്നു ആത്മശോധന നടത്തേണ്ടിയിരിക്കുന്നു.

ണം സഭയുടെ ആത്മീയ മണ്ഡലങ്ങളിലും, വിദ്യാഭ്യാസ, സാമൂഹ്യ, സംസ്കാരിക പ്രവർത്തനങ്ങളിലും പ്രതിഫലിക്കേണ്ടിയിരിക്കുന്നു. ലോകത്തിന്റെ വെളിച്ചവും, ഭൂമിയുടെ ഉപ്പും ആകുവാനുള്ള ഒരു വെല്ലുവിളിയാണു യഥാർത്ഥത്തിൽ സഭയുടെ വികസനപരമായ പ്രവർത്തനങ്ങളിൽ നിഴലിക്കേണ്ടതു്. എന്നാൽ ഇന്നു പലപ്പോഴും സ്ഥാപനവൽക്കരണത്തിന്റേയും സങ്കുചിതമായ പരിഗണനകളുടേയും മണ്ഡലമായി സഭയുടെ വികസന രംഗം അധ:പതിക്കുന്നില്ലേയെന്നു് ആത്മശോധന നടത്തേണ്ടിയിരിക്കുന്നു.

സഭയുടെ വികസനപരമായ വീക്ഷണം ഏററവും കൂടുതൽ പ്രതിഫലിക്കേണ്ടതു സഭാ നേതൃത്വത്തിലാണെന്നതിനു സംശയമില്ല. മേല്പട്ടക്കാരിലും പട്ടക്കാരിലും അവരുടെ ശുശ്രൂഷാശൈലിയിൽ സാരമായ വ്യതിയാനം ആവശ്യമാണു്. മുഴുവൻ സമയവും സഭാ ശുശ്രൂഷക്കായി സമർപ്പിക്കപ്പെട്ടവരാണു പിതാക്കന്മാർ. അപ്പൊസ്തോല പ്രവർത്തികൾ 6:2—4: പന്തിരുവർ ശിഷ്യന്മാരുടെ കൂട്ടത്തെ വിളിച്ചു വരുത്തി 'ഞങ്ങൾ ദൈവവചനം ഉപേക്ഷിച്ചു മേശകളിൽ ശുശ്രൂഷ ചെയ്യുന്നതു യോഗ്യമല്ല....ഞങ്ങളോ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും ഉററിരിക്കും'. ഇന്നത്തെ ആധുനിക കാലഘട്ടത്തിൽ ആത്മീയ നവോത്ഥാനത്തിലൂടെ സഭയെ ഒന്നടങ്കം മുമ്പോട്ടു നയിക്കുവാനുള്ള പ്രഥമവും പ്രധാനവുമായ ചുമതലാ നിർവഹണത്തിനു സഭയിലെ മേല്പട്ടക്കാരായ പിതാക്കന്മാർക്കു വേണ്ടപോലും സമയം ലഭ്യമാകുന്നില്ല. അനുബന്ധ കാര്യങ്ങൾക്കായി വിലയേറിയ സമയം ചിലവഴിക്കപ്പെടുമ്പോൾ തങ്ങൾ മാത്രമല്ല, ചേർന്നു പ്രവർത്തിക്കേണ്ട പട്ടക്കാരും, പരമമായ ലക്ഷ്യത്തിൽനിന്നും വ്യതിചലിച്ചു പോകുന്നു. സഭ ആരാധനയിൽ അധിഷ്ഠിതമാണു്. എന്നാൽ സഭാജീവിതത്തിനു് ആധുനികവും ആനുകാലികവുമായ സാമൂഹ്യ പ്രശ്നങ്ങളോടു് അർത്ഥവത്തായി പ്രതികരിക്കുവാൻ കഴിയണം. സ്വന്തം 'ഇടവക' കേന്ദ്രീകരിച്ചു കർമ്മാനുഷ്ഠാനങ്ങൾ നടത്തുന്നതിൽ മാത്രം ഒതുങ്ങി നില്ക്കാതെ ഒരു സമൂഹത്തിന്റെ മുഴുവൻ ഇടയത്വത്തിലേക്കു് ഉയരുവാൻ ഇടയന്മാർക്കു കഴിയണം. ഇതിനു പര്യാപ്തമായ ഇടയത്വ പരിശീലനം നൽകുവാൻ സർവ്വ സന്നാഹങ്ങളും ഉള്ള ഒരു വൈദിക സെമിനാരിയാണു സഭയുടെ വികസന പരിഗണനകളിൽ മുൻഗണന അർഹിക്കുന്നതു്.

ഇന്നത്തെ നമ്മുടെ വൈദിക സെമിനാരി ലഭ്യമായ സൗകര്യങ്ങൾക്കുള്ളിൽ ഭംഗിയായി പ്രവർത്തിച്ചു വരുന്നു. എന്നാൽ ആധുനിക മലങ്കര സഭക്കു് ആവശ്യമുള്ളതിൽ അൻപതു ശതമാനം വൈദികർ മാത്രമേ ഇന്നു ലഭ്യമാകുന്നുള്ളു. വൈദിക വിദ്യാഭ്യാസത്തിനും സഭാസേവനത്തിനുമായി മുമ്പോട്ടു വരുന്ന യുവാക്കളെ വിളിച്ചു ചേർത്തു്, സജ്ജമാക്കി, സഭയുടെ സേവന, വികസന രംഗത്തേക്കു് അയയ്ക്കു

Best Compliments from:

O|E|N INDIA LIMITED
(A Joint Venture with OAK Industries Inc., USA)

Manufacturers: **Switches, Relays & Potentiometers**

O|E|N MICRO SYSTEMS LTD.
(A Subsidiary of O/E/N India Limited)

Manufacturers: **Computer Peripherals**

O|E|N CONNECTORS LIMITED

Manufacturers: **Multipin Connectors in Technical collaboration with Souriau & CIE, France**

Regd. & Marketing Office:
Vyttila,
P. B. No. 2,
Cochin-682 019
Kerala, India

Factories at:
'Electrogiri' & Tripunithura (Kerala)
And
Peenya (Bangalore)

Phone: 353132, 353709 & 352483
Telex: 0885-6529 & 6547
Cable: OAKELIND
Fax: 0484-360287

★

വാൻ സഭയ്ക്കു ചുമതലയില്ലേ? വൈ
ദിക സെമിനാരിയുടെ സ്ഥല പരിമിതി
മലങ്കര സഭക്കിന്നൊരു പ്രശ്നമാണോ?

പരിപാവനമായ പരുമല സെമിനാരി
യുടെ സ്ഥാപനോദ്ദേശം എന്തായി
രുന്നു! മലങ്കര സഭയുടെ വൈദികരെ വാ
ർത്തെടുക്കുന്നതിനുള്ള മുഴുവൻ ചിലവും
വഹിക്കുവാൻ ആ പരിശുദ്ധൻെറ കബറു
ങ്കൽ വരവുണ്ടല്ലോ. പ്രാഥമീക വൈദിക
വിദ്യാഭ്യാസം പരുമല സെമിനാരിയിൽ
നൽകത്തക്കവണ്ണം ക്രമീകരണമുണ്ടായാൽ
ഇന്നത്തെ വൈദിക സെമിനാരി ഉപരി
പഠനകേന്ദ്രമാകുകയും, പരിശീലനത്തി
ലും പാഠപദ്ധതിയിലും, സമഗ്രവും, പ്രാ
യോഗികവും, ആനുകാലികവുമായ പുന:
ക്രമീകരണത്തോടു കൂടെ മലങ്കര സഭയുടെ
സമഗ്രവികസനത്തിനു പര്യാപ്തമായി
ത്തീരുകയും ചെയ്യും.

എണ്ണത്തിൽ പരിമിതമെങ്കിലും മലങ്കര
സഭാമക്കൾ ലോകത്തിൻെറ എല്ലാ ഭാഗ
ങ്ങളിലും ഏറെക്കുറെ എത്തിച്ചേന്നിട്ടുണ്ട്.
സഭാകേന്ദ്രവുമായി അവർ ബന്ധം പുല
ർത്തുന്നുമുണ്ട്. ജീവിത പരാധീനതകളിൽ
നിന്നും രക്ഷപെടുന്നതിനായി വിവിധ
സ്ഥലങ്ങളിലേക്കു പ്രയാണം ചെയ്യുന്ന,
കുടിയേറി പാർക്കുന്ന സാമാന്യ ജനങ്ങളു
മുണ്ട്. അവർ ഇടയന്മാരെ, സഭാ നേതൃ
ത്വത്തെ, തേടി അലയുന്ന കാഴ്ചയാണു
കാണുവാൻ കഴിയുന്നതു്. യോഹന്നാൻ
10:11–15: ആടുകളെ തേടി പുറപ്പെടുന്ന,
ഇടയ നേതൃത്വത്തിൻെറ വിടവു്, സഭ
യുടെ വികസനത്തിൻെറ പാതയിൽ ഭൂഷ
ണമല്ല,

വിദ്യാഭ്യാസ മേഖലയിൽ സഭ ഏറെ
ക്കാലമായി മഹത്തായ സേവനം അനു
ഷ്ഠിച്ചു വരുന്നുണ്ട്. ആ സേവനത്തിനു സഭ
യ്ക്കകത്തും പുറത്തും നല്ല അംഗീകരണവും
ലഭിച്ചിരുന്നു. എന്നാൽവിവിധ സംഘടന
കളുടേയും സഭകളുടെയും ഒരു മത്സരവേദി
യായി വിദ്യാഭ്യാസരംഗം ഇപ്പോൾ മാറി
ക്കഴിഞ്ഞിരിക്കുന്നു. ഇതിനിടയിൽ സർ
ക്കാരും സജീവമായി രംഗത്തുണ്ട്. പരി
പാവനമായ ഉദ്ദേശലക്ഷ്യങ്ങൾ നേടുന്ന
തിനു പകരം മറ്റെന്തൊക്കെയോ ആയി
വിദ്യാഭ്യാസരംഗം അധ:പതിച്ചിരിക്കുന്നു
വെന്നു പറയുന്നതല്ലേ ശരി. എങ്കിലും
നാം ലക്ഷ്യത്തിൽനിന്നും വ്യതിചലിക്കു
ന്നില്ലെങ്കിൽ, വിദ്യാഭ്യാസരംഗത്തെ വി
കസന പ്രക്രിയയിൽനിന്നും മാറിനിന്നു
കൂടാ. മററുള്ളവരുടെ വളർച്ചയ്ക്കും,
വികസനത്തിനും, അവകാശത്തിനും,

പ്രാഥമീക വൈദിക വിദ്യാഭ്യാസം പരുമല സെ
മിനാരിയിൽ നൽകത്തക്കവണ്ണം ക്രമീകരണമുണ്ടാ
യാൽ ഇന്നത്തെ വൈദിക സെമിനാരി ഉപരിപഠന
കേന്ദ്രമാകുകയും,.................

ഹാനിവരാതെ തന്നെ, സഭാംഗങ്ങളുടെ
വിദ്യാഭ്യാസ, സാമൂഹ്യ, സാംസ്കാരിക,
ആരോഗ്യപരമായ വളർച്ചക്കുവേണ്ടി നി
ലകൊള്ളുവാൻ സഭയ്ക്കു ചുമതലയുണ്ട്.

ഓരോ പ്രദേശത്തിൻെറയും വിദ്യാഭ്യാ
സപരമായ മുൻഗണനകൾ നിർണ്ണയിച്ചു
അതിനനുസരണമായ വിദ്യാഭ്യാസ സം
രംഭങ്ങൾ തുടങ്ങുവാൻ കഴിയുകയാണു വേ
ണ്ടതു്. ചില സ്ഥലങ്ങളിൽ പ്രാഥമിക
വിദ്യാഭ്യാസ സാധ്യത തന്നെ കുറവായി
രിക്കാം; മററു ചിലയിടത്തു് ഉയർന്ന നി
ലവാരമുള്ള സാമാന്യ വിദ്യഭ്യാസമായി
രിക്കും വേണ്ടതു്; വേറെ സ്ഥലത്തു സാ
ങ്കേതിക വിദ്യാഭ്യാസ പരിശീലനമായാ
രിക്കു അത്യാവശ്യം. മററു ചിലയിടത്തു
ഉന്നതവിദ്യാഭ്യാസ സൗകര്യമായിരിക്കും
വേണ്ടതു്. സങ്കേതിക യോഗ്യതനേടി
കൊടുക്കുന്ന തൊഴിലധിഷ്ഠിത വിദ്യാഭ്യാ
സത്തിനുള്ള പ്രസക്തി ഏറെയാണു്. മൂന്നു
വയസ്സുമുതലുള്ള കുഞ്ഞുങ്ങൾക്കു വിദ്യാഭ്യാ
സത്തിനുള്ള കളരികൾക്കു പ്രസക്തി
ഏറി വന്നിരിക്കുന്നു. സഭയുടെ ഭദ്രാസ
നങ്ങൾക്കു്, ഇടവകകൾക്കു്, അതാതു സ്ഥ
ലത്തെ ആവശ്യങ്ങൾ കണക്കിലെടുത്തു
വ്യക്തമായ സംശുദ്ധമായ കാഴ്ചപ്പാ
ടോടുകൂടി വിദ്യാഭ്യാസ രംഗത്തു പ്രവർ
ത്തിക്കുവാൻ കഴിയണം.

Best Compliments from:

David Steel
17/18 N. H. Road
Coimbatore-1

M. J. PHILIP
Anna Nagar
Madras

A. G. CHERIAN & FAMILY
Anna Nagar Madras

K. N. OOMMAN
Madras

V. P. THOMAS
Anna Nagar Madras

MR. CHERIAN
Anna Nagar Madras

MAR BASIL
Timber Industries
Coimbatore–1

ആധുനിക ഭാരതത്തെ, കൊച്ചു കേരളത്തെ, നമ്മുടെ സഭാ മക്കളെത്തന്നെ, ഏറെ അലട്ടുന്ന നീറുന്ന പ്രശ്നമാണു തൊഴിലില്ലായ്മ. സ്വയം തൊഴിൽ കണ്ടെത്തുന്നതിനു ബാങ്കുകളും ധനകാര്യസ്ഥാപനങ്ങളും സാമ്പത്തിക സഹായം വേണ്ടുവോളം നൽകിവരുന്നുണ്ട്. ഓരോ കുടുംബത്തിലും ഓരോ കുടിൽ വ്യവസായം എന്നു പഞ്ചാബികളെക്കുറിച്ചു പറയാറുണ്ട്. അവരുടെ അദ്ധ്വാനശീലം സമ്മതിച്ചേ തീരു. പഞ്ചാബികൾ സ്വന്തം കുടുംബത്തിൽ, സ്വന്തം ചെറുകിട തൊഴിൽശാലയിൽ, നിർമ്മിച്ച ഉല്പന്നങ്ങൾ രാജ്യത്തുടനീളം വില്പന നടത്തുന്നുണ്ട്. സ്വയം തൊഴിൽ കണ്ടെത്തിയ പഞ്ചാബി കുടുംബങ്ങളിൽ കുടുംബമായിത്തന്നെ എല്ലാവരും പണിയെടുക്കുന്നു. തൊഴിലില്ലാതെ അലയുന്ന സഭാമക്കൾ ലക്ഷ്യമില്ലാതെ സഭാ ജീവിതത്തിൽ നിന്നും അന്യമായി പോകാനാണിടയുള്ളതു്. തൊഴിലധിഷ്ഠിത സാങ്കേതിക യോഗ്യത നേടുന്നതിനും അഭിരുചിക്കനുസരണമായി, പ്രാദേശിക പ്രസക്തിയുള്ള തൊഴിൽ സംരംഭത്തിനു പ്രേരണ നൽകുന്നതിനും സാങ്കേതിക ഉപദേശങ്ങളും സാമ്പത്തിക സഹായങ്ങളും ലഭ്യമാക്കുന്നതിനും സഭക്കു സഭയുടെ പ്രാദേശിക നേതൃത്വത്തിനു്, ഏറെ പ്രവർത്തിക്കുവാൻ കഴിയും. ആ സരണിയിലേക്കു നേതൃത്വം ഇറങ്ങി പുറപ്പെട്ടേ മതിയാകൂ.

സഭയുടെതായ സ്ഥാപനങ്ങളിൽ ലഭ്യമാകുന്ന തൊഴിലുകൾ നീതിപൂർവമായി നൽകപ്പെടുന്നുണ്ടോയെന്നു പരിശോധിക്കുവാനും സഭക്കു ചുമതലയുണ്ട്.

പ്രാദേശിക വിഭവ സമാഹരണത്തിനും, തൊഴിൽ വികസനത്തിനും, ഇടവകകൾക്കു് ഏജൻസിയായി പ്രവർത്തിക്കുവാൻ കഴിയും. ഓരോ പ്രദേശത്തിന്റെയും കാർഷിക വിളവും മറ്റും ശേഖരിച്ചു മറ്റു ജനവിഭാഗങ്ങളുമായി സഹകരിച്ചു ചെറുകിട വ്യവസായ യൂണിറ്റുകൾ നടത്തുവാൻ നേതൃത്വം നൽകുന്നതിനു മുൻകൈ എടുക്കാം. പച്ചക്കറിത്തോട്ടങ്ങൾ, കോഴിവളർത്തൽ, ആടുവളർത്തൽ, കറിപൗഡറുകൾ നിർമ്മാണം, അച്ചാറുകൾ നിർമ്മാണം തുടങ്ങി എത്രയോ സംരംഭങ്ങളിൽ പങ്കാളികളാകുവാൻ ഇടവകകൾക്കു കഴിയും. അതിനു നേതൃത്വം നൽകുവാൻ ആരംഭിച്ച സൊസൈറ്റിയുടെ പ്രവർത്തനം മുമ്പോട്ടു പോയിട്ടില്ലായെന്നുള്ളതു വിസ്മരിക്കുന്നില്ല. തൊഴിലധിഷ്ഠിതമായ ചെറുതും വലുതുമായ ഏതു സംരംഭത്തിനും സാമ്പത്തിക സഹായം ബാങ്കുകളിൽ നിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാണ്.

ആതുരശുശ്രൂഷാമേഖലയിൽ ഇന്നു് ആധിപത്യം സ്ഥാപിച്ചിരിക്കുന്നതു് എന്താണ്? വിലകൂടിയ മരുന്നും വില കൂടിയ ശുശ്രൂഷയുമുണ്ടെങ്കിലേ ആതുര ശുശ്രൂഷയാകുവെന്നുള്ള ധാരണ മാണു. ചിലവു കുറഞ്ഞതും കൂടുതൽ ഫലപ്രദവുമായ ആരോഗ്യ പരിശീലനശൈലി വികസിപ്പിക്കുവാൻ സഭ മുൻകൈ എടുക്കണം. വിദേശത്തു നിന്നും ഇറക്കുമതി ചെയ്യുന്ന യന്ത്രങ്ങളുടേയും സൂപ്പർ സ്പെഷ്യാലിറ്റിയുടെയും ആവശ്യമില്ലാതെ പരിഹരിക്കപ്പെടാവുന്നതാണു നമ്മുടെ നാട്ടിലെ 95% ആരോഗ്യപ്രശ്നങ്ങളുമെന്നാണു വിദഗ്ധ ഡോക്ടർമാർ പറയുന്നതു്. എങ്കിൽ ഓരോ ഇടവകയ്ക്കും ചുറ്റുമുള്ള സമൂഹത്തിനുവേണ്ടി ഈ മേഖലയിൽ പലതും ചെയ്യുവാൻ കഴിയുകയില്ലേ? സമ്പൂർണമായ ആരോഗ്യ ശുശ്രൂഷാ പരിപാടിയുടെ മുൻഗണന സാമൂഹ്യആരോഗ്യകേന്ദ്രങ്ങൾക്കായിരിക്കണം. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ കൂടി ഇടവകകൾക്കും സന്നദ്ധ സംഘടനകൾക്കും ചെയ്യാവുന്ന പല കാര്യങ്ങളുണ്ട്. (1) ശുചിത്വ ബോധവൽക്കരണം (2) പ്രഥമ ശുശ്രൂഷാ പരിശീലനം (3) പ്രാദേശികമായി ലഭ്യമായ ഭക്ഷണ പദാർത്ഥങ്ങളുടെ വിവേക പൂർവമായ ഉൽപാദനവും ഉപയോഗവും പരിശീലിപ്പിക്കൽ (4) ശിശു പരിപാലനം, രോഗപ്രതിരോധം മുതലായവയിൽ ബോധവൽക്കരണം (5) ഭവനങ്ങളിൽ രോഗികളായി വളരെക്കാലം കഴിയേണ്ടവർക്കുള്ള ശുശ്രൂഷാ പരിശീലനം (6) വികലാംഗരുടെ പുനരധിവാസ സാധ്യതകളുടെ അറിവ് (7) തദ്ദേശീക ഔഷധങ്ങളുടെ പ്രചാരണം.

സാമൂഹ്യ സാംസ്ക്കാരിക മേഖലകളിലുള്ള സഭയുടെ പങ്കാളിത്വം വളരെ പ്രധാനമാണ്. മനുഷ്യജീവിതത്തിനു മുഴുവൻ അത്ഥം നൽകുന്ന മൂല്യങ്ങളുടെ പ്രചരണം സഭയുടെ പരമമായ ധർമ്മമാണ്. ആശയ സംവേദനം ഇവിടെ പ്രാധാന്യമർഹിക്കുന്നു. കലയുടെയും സാഹിത്യത്തിൻെറയും മാധ്യമങ്ങളിൽ സഭ സജ്ജീവ ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. വായിക്കുവാൻ താൽപര്യമുളവാക്കുന്ന പ്രസിദ്ധീകരണങ്ങളും ദൃശ്യ–ശ്രാവ്യ മാധ്യമങ്ങളും സഭയുടെ വികസനത്തിൻെറ കൈചൂണ്ടികയാണ്. സഭയ്ക്കു സർവ സജ്ജീവമായ ഒരു ഓഫ്സെററു പ്രസ്സും, റിക്കാർഡിംഗ് സ്റ്റുഡിയോയും, പ്രസിദ്ധീകരണ വിഭാഗവും, ഒരത്യാവശ്യം മാത്രമാണ്. ഒരു മണിക്കൂർ നീണ്ടു നില്ക്കുന്ന പള്ളിപ്രസംഗത്തേക്കാൾ, ഒരു മിനിററു മാത്രം സമയമെടുക്കുന്ന ചില സാഹിത്യ കലാസൃഷ്ടികൾക്കു ഹൃദയത്തെ സ്പർശിക്കുവാൻ കഴിയുമെന്നതു് ഒരു വാസ്തവമാണ്. പള്ളി തേടിയെത്തുന്ന ജനങ്ങളെ മുൻകണ്ടുകൊണ്ടുള്ള വികസന പ്രവർത്തനങ്ങളുടെ സ്ഥാനത്തു ജനങ്ങളെ തേടിച്ചെല്ലുന്ന സഭയുടെ വികസന പ്രവർത്തനങ്ങൾ ഉരുത്തിരിയണം.

സഭയുടെ എല്ലാ വികസന പ്രവർത്തനങ്ങളും ആത്യന്തികമായി ദൈവവും പ്രപഞ്ചവും (സർവ മനുഷ്യജാതിയേയും) തമ്മിലുള്ള ബന്ധത്തിൻെറ ശക്തീകരണത്തിനു വഴിയൊരുക്കണം. യേശു ക്രിസ്തുവിൽ നാം അനുഭവിക്കുന്ന ദൈവസ്നേഹത്തെ സർവ സൃഷ്ടിയുമായി പങ്കുവയ്ക്കുന്ന മധുര സന്ദർഭമായി വികസന പ്രവർത്തനങ്ങൾ രൂപാന്തരം പ്രാപിക്കണം. അതായിരിക്കട്ടെ വികസന പ്രവർത്തനങ്ങളിൽ നമ്മുടെ ലക്ഷ്യം.

Best Compliments from:

K. V. VARKEY &
FAMILY

EAST DELHI

ചരിത്രത്തിൻെറ ഏടുകളിൽനിന്നും

ചില ദൃശ്യങ്ങൾ

1929—ൽ കാതോലിക്കാ ആയ ശേഷം പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ തിരുമേനി പാമ്പാടി മാർ ഗ്രീഗോറിയോസ്, വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്, ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്, ബഥനിയുടെ മാർ തെയോഫിലോസ് എന്നീ തിരുമേനിമാരും ഒന്നിച്ച്.

പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ തിരുമേനി പുത്തൻകാവ് മാർ പീലക്സീനോസ്, വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്, പാമ്പാടി മാർ ഗ്രീഗോറിയോസ്, വാളക്കുഴിയിൽ മാർ സേവേറിയോസ് എന്നീ മെത്രാപ്പോലീത്തന്മാരും ഒന്നിച്ച്.

1937 ആഗസ്റ്റിൽ എഡിൻബറോ സമ്മേളനത്തിൽ സംബന്ധിച്ച പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ തിരുമേനി ചൈനീസ് ബിഷപ്പുമായി നടത്തിയ സംഭാഷണം.

1937 ഒക്ടോബറിൽ പാരീസിൽ റഷ്യൻ ഓർത്തഡോക്സ് ആർച്ച് ബിഷപ്പ് യൗലോഗിയോസ് തിരുമേനിയോടൊപ്പം പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ.

ഇടത്ത്: സി. എം. തോമസ് റമ്പാൻ (തോമാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ). വലത്ത്: അലക്സിയോസ് റമ്പാൻ (തേവോദോസ്യോസ് മെത്രാപ്പോലീത്താ).

വിവിധ ക്രൈസ്തവ സഭാ അദ്ധ്യക്ഷന്മാർ



ഒന്നാം നിര: ബിഷപ്പ് തോമസ് തറയിൽ, പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ തിരുമേനി, ബിഷപ്പ് അലക്സാണ്ടർ ചൂളപ്പറമ്പിൽ, ബിഷപ്പ് വെസ്റ്റ് കോട്ട്, ആർച്ച ബിഷപ്പ് ഈവാനിയോസ്, മദ്രാസ് ആർച്ച് ബിഷപ്പ് മത്യാസ്, ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പ് ജയിംസ് കാളാശ്ശേരി, യൂഹാനോൻ മാർ തോമ്മാ മെത്രാപ്പോലീത്താ.

രണ്ടാം നിര: പുത്തൻകാവ് മാർ പീലക്സീനോസ് മെത്രാപ്പോലീത്താ, കോയമ്പത്തൂർ ബിഷപ്പ് ഉപകാരസ്വാമി, പാമ്പാടി മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, മംഗലാപുരം ബിഷപ്പ് ഫർണാണ്ടസ്, തൃശ്ശൂർ ബിഷപ്പ് ജോർജ്ജ് ആലപ്പാട്ട്, വിജയപുരം ബിഷപ്പ് ബനവന്തൂർ ആരാന, നിരണം ഇടവകയുടെ മാർത്തോമ്മാ ദീവന്നാസ്യോസ്, തിരുവല്ലാ ബിഷപ്പ് മാർ സേവേറിയോസ്.

പിൻനിര: കൊല്ലം ബിഷപ്പ് ജറോം ഫർണാണ്ടസ്, ആംഗ്ലിക്കൻ ബിഷപ്പ് സി. കെ. ജേക്കബ്, തിരുവനന്തപുരം ബിഷപ്പ് വിൻസെൻറ് സെറീരാ.

കോട്ടയം,
6–10–1945.

സഭാദ്ധ്യക്ഷന്മാർ, ഒരു എക്യുമെനിക്കൽ സമ്മേളനത്തിൽ

മുൻനിര:
ഔഗേൻ മാർ തീമോത്തിയോസ്, യൂഹാനോൻ മാർത്തോമാ, ബിഷപ്പ് വെസ്റ്റ്, പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ തിരുമേനി, ബിഷപ്പ് തോമസ് തറയിൽ, പുത്തൻകാവ് മാർ പീലക്സീനോസ് എന്നിവർ.

പിൻനിര:
പാമ്പാടി മാർ ഗ്രീഗോറിയോസ്, മാത്യൂസ് മാർ അത്താനാസ്യോസ് സഫ്രഗൻ, ബിഷപ്പ് സി. കെ. ജേക്കബ്, ബിഷപ്പ് ലഗ്ഗ്, വാളക്കുഴി മാർ സേവേറിയോസ്, ബഥനിയുടെ മാർ തേവോദോസ്യോസ് എന്നിവർ.

1956 ഒക്ടോബർ 31–ന് എത്യോപ്യൻ ചക്രവർത്തി ഹെയ്ലിസലാസിയെ പഴയ സെമിനാരിയിൽ സ്വീകരിക്കുന്നു.

1957 ഫെബ്രുവരി 3–ന് ഇന്ത്യൻ പ്രധാനമന്ത്രി, ജവഹർലാൽ നെഹ്റു പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ തിരുമേനിയോടൊപ്പം.
(കോട്ടയം എം. ഡി. സെമിനാരിയിൽ.)

1958–ലെ സഭാ സമാധാനം സൃഷ്ടിച്ച സന്തോഷാന്തരീക്ഷത്തിലെ സൗഹൃദ സമ്മേളനം.



ഐക്യസഭയിലെ നേതൃനിര

സഭാസമാധാനരംഗത്തിൽ: പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ തിരുമേനിയും യൂലിയോസ് മെത്രാപ്പോലീത്തായും പരസ്പരം സ്വീകരിക്കുന്നു. പൗലൂസ് മാർ പീലക്സീനോസ്, ഗീവർഗീസ് മാർ ഗ്രീഗോറിയോസ്, ഔഗേൻ മാർ തിമോത്തിയോസ് (ഔഗേൻ കാതോലിക്കാ) എന്നിവർ സമീപം.

പാശ്ചാത്യ ഓർത്തഡോക്സ് സഭകളിലെ മെത്രാപ്പോലീത്തന്മാരുടെ സന്ദർശനം (1961 ഡിസംബർ 6, കോട്ടയം.)

മുൻനിര ഇടത്തുനിന്നു്: ജസ്റ്റിൻ (പിന്നീട് റുമേനിയൻ പാത്രിയർക്കീസ്, നിക്കോദീം (റഷ്യ), പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ തിരുമേനി, യൂഹാനീസ് (ഈജിപ്റ്റ്), വ്ളാഡിമർ (റഷ്യ) എന്നിവർ.

1962 നവംബർ 7–ന് മലങ്കരസഭ സന്ദർശിച്ച
സൈപ്രസ് പ്രസിഡൻറ് ആർച്ച് ബിഷപ്പ് മക്കാറിയോസുമൊന്നിച്ച്.
ഇടത്തുനിന്നു്: നിയുക്ത കാതോലിക്ക മാത്യൂസ് മാർ കൂറിലോസ്, പത്രോസ്
മാർ ഒസ്ത്താത്തിയോസ്, പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ തിരുമേനി,
ആർച്ച് ബിഷപ്പ് മക്കാറിയോസ്, ദാനിയേൽ മാർ പീലക്സീനോസ്, ഗീവർഗീസ്
മാർ ഗ്രീഗോറിയോസ്, ഏബ്രഹാം മാർ ക്ലിമീസ്, ഔഗേൻ മാർ തിമോത്തിയോസ്
(പിന്നീട് ഔഗേൻ ബാവ) എന്നിവർ.

ദേവലോകം അരമന—പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ തിരുമേനി
പൂർത്തിയാക്കിയ സഭാകേന്ദ്രം.

ന്യൂഡൽഹിയിൽ നടന്ന ഡബ്ല്യൂ. സി. സി. അസംബ്ലിയിൽ പങ്കെടുക്കാനെത്തിയ
ഓർത്തഡോക്സ് പ്രതിനിധികൾ പഴയ സെമിനാരിയിൽ സമ്മേളിച്ചപ്പോൾ (1961)



അർമ്മീനിയൻ കാതോലിക്കോസ് H. H. വസ്കൻ തിരുമേനി പഴയ സെമിനാരിയിൽ എത്തിച്ചേർന്നപ്പോൾ (1963)

അർമ്മീനിയൻ കാതോലിക്കോസ് H. H. വസ്കൻ തിരുമേനി
മലങ്കര സഭ സന്ദർശിച്ചപ്പോൾ (1962—'63)

H. G. ഔഗേൻ മാർ തീമോത്തിയോസ് തിരുമേനി കാതോലിക്കയായി
സ്ഥാനാരോഹണം ചെയ്യപ്പെടുന്നു. അന്ത്യോഖ്യാ പാത്രിയർക്കീസ്
യാക്കോബ് തൃതീയൻ മുഖ്യകാർമ്മികത്വത്തിൽ (22–5–1964)



പ. അന്ത്യോഖ്യാ പാത്രിയർക്കീസ് യാക്കോബ് തൃതീയൻ ബാവാ തിരുമേനി
പ. ഔഗേൻ കാതോലിക്കാ ബാവാ തിരുമേനിയോടും മലങ്കര സഭയിലെ
മററു തിരുമേനിമാരോടുമൊപ്പം (1964)

പഴയ സെമിനാരി ജൂബിലി (150–ാം വർഷം) സമാപന സമ്മേളനത്തിൽ
എക്യുമെനിക്കൽ പാത്രിയർക്കീസിൻെറ പ്രതിനിധി ആർച്ചു ബിഷപ്പ്
H. G. എസ്കിയേൽ തിരുമേനി പ്രസംഗിക്കുന്നു. സമീപം
പ. ഔഗേൻ ബാവാ തിരുമേനി (1965)



മലങ്കര സഭ സന്ദർശിച്ച ജസ്റ്റീനിയൻ പാത്രിയർക്കീസ് (റുമേനിയ)
സമീപം പ. ഔഗേൻ ബാവാ തിരുമേനി (1969)

പഴയ സെമിനാരി ജൂബിലി (150—ാം വർഷം) സ്മാരക
മന്ദിരത്തിൻെറ നിർമ്മാണ പ്രവർത്തനം പ. ബസേലിയോസ്
ഔഗേൻ ബാവാ തിരുമേനി ഉദ്ഘാടനം ചെയ്യുന്നു.
സമീപം വിദേശ സഭാ പ്രതിനിധികളെയും കാണാം (1965)

സെമിനാരിയുടെ പുതിയ ബിൽഡിംഗ് പ. ബസേലിയോസ് ഔഗേൻ
ബാവാ തിരുമേനി ദൈവമുമ്പാകെ സമർപ്പിക്കുന്നു. സമീപം
റുമേനിയൻ പാത്രിയർക്കീസ് പ. ജസ്റ്റീനിയൻ തിരുമേനിയേയും
കാണാം (1969)

ഇപ്പോഴത്തെ പ. കാതോലിക്കാ ബാവാ തിരുമേനി
സ്ഥാനാരോഹണശേഷം (1975)

കാലം ചെയ്ത പ. ഔഗേൻ കാതോലിക്കാ ബാവാ തിരുമേനിയുടെ മൃതദേഹ
ത്തിനരികെ ഇപ്പോഴത്തെ കാതോലിക്കാ ബാവാ തിരുമേനി (1975)

റഷ്യൻ പാത്രിയർക്കീസ് പീമൻ ബാവാ തിരുമേനി മലങ്കര സഭാ സന്ദർശനത്തിൽ ഇപ്പോഴത്തെ കാതോലിക്കാ ബാവാ തിരുമേനിക്കു പാരിതോഷികം നൽകുന്നു (1977)

റഷ്യൻ പാത്രിയർക്കീസ് പീമൻ ബാവാ തിരുമേനിക്കു എർണാകുളത്തു സ്വീകരണം. സമീപം H. G. പീലിപ്പോസ് മാർ തെയോഫിലോസ്, യൂഹാനോൻ മാർ സേവേറിയോസ്, H. G. പൗലോസ് മാർ ഗ്രീഗോറിയോസ് എന്നീ തിരുമേനിമാർ (1977)

കാതോലിക്കേറ്റ് പുനഃസ്ഥാപന സപ്തതി സമ്മേളനത്തിൽ പങ്കെടുക്കാനെത്തിയ വിദേശ സഭാ പ്രതിനിധികൾ പ. കാതോലിക്കാബാവയോടൊപ്പം (1982)

ആംഗ്ലിക്കൻ (കാൻറർബറി) ആർച്ച് ബിഷപ്പ് റോബർട്ട് റൺസി മലങ്കര സഭാ സന്ദർശനത്തിൽ–സമീപം ഇപ്പോഴത്തെ പ. കാതോലിക്കാ ബാവാ (1986)

സപ്തതി സമ്മേളനം ഉത്ഘാടനം ചെയ്യുവാനെത്തിച്ചേർന്ന രാഷ്ട്രപതി ഗിയാനി സെയിൽസിംഗ്. സമീപം H. G. പൗലോസ് മാർ ഗ്രീഗോറിയോസ് (1982)

സപ്തതി സമ്മേളനത്തിൽ പങ്കെടുക്കാനെത്തിച്ചേർന്ന സഭാമക്കൾ—ഒരു ദൃശ്യം (1982)

സഭകളുടെ ലോകകൗൺസിലിൻ്റെ പ്രസിഡൻ്റുമാരിൽ ഒരാളായി തെരഞ്ഞെടുക്കപ്പെട്ട H. G. ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ബഹുമാനാർത്ഥം പ. കാതോലിക്കാ ബാവാ നടത്തിയ ഡിന്നർ സൽക്കാരത്തിൽ ബാവാ തിരുമേനി പ്രസംഗിക്കുന്നു (1983)

‘ദിവ്യബോധനം’ പദ്ധതിയുടെ ഉത്ഘാടനം പ. കാതോലിക്കാ ബാവാ തിരുമേനി നിർവഹിക്കുന്നു (1984)

ഭാരതസന്ദർശനവേളയിൽ പോപ്പ് ജോൺ പോൾ രണ്ടാമൻ
പ. കാതോലിക്കാ ബാവാ തിരുമേനിയോടൊപ്പം (1986)

കേരള സന്ദർശനവേളയിൽ രാഷ്ട്രപതി ശ്രീ. വെങ്കിട്ടരാമൻ
പ. കാതോലിക്കാ ബാവാ തിരുമേനിയോടൊപ്പം (1988)

ദേവലോകം അരമന ചാപ്പലിൽ 1988–ൽ നടന്ന വി. മൂറോൻ കൂദാശ

ഓർത്തഡോക്സ് സെമിനാരിയിൽ ആരംഭിച്ച മ്യൂസിക് സ്കൂളിന്റെ
ഉത്ഘാടന കർമ്മം റുമേനിയൻ പാത്രിയർക്കീസ്
പ. തിയോടിക്റ്റസ് തിരുമേനി നിർവഹിക്കുന്നു (1989)

ഫാ. പി. എ. കുറിയാക്കോസ്
(മാനേജർ, പഴയസെമിനാരി)

സെമിനാരി സ്ഥാപനം

ചില ചരിത്രവസ്തുതകൾ

1. 985 (M. E.) ചിങ്ങം 1 (1809 A.D)

കണ്ടനാട്ടുയോഗം

ഏഴാം മാർത്തോമ്മായുടെ നാല്പതാം ദിവസം—അടിയന്തിരത്തിൽ സംബന്ധിക്കാനെത്തിയ അമ്പത്തിനാലു പള്ളി പ്രതിനിധികളുടെ പ്രത്യേക യോഗമായിരുന്നു ഇതു്. എട്ടാം മാത്തോമ്മായെ സഭാദ്ധ്യക്ഷനായി പ്രഖ്യാപിച്ചതോടൊപ്പം, സെമിനാരി സ്ഥാപനത്തിലേക്കു നയിച്ചു രണ്ടു സംഗതികളും അവിടെ തീരുമാനിക്കപ്പെട്ടു.

(a) കായംകുളം പീലിപ്പോസ് റമ്പാനെയും, കുന്നംകുളം ഇട്ടൂപ്പുകത്തനാരെ റമ്പാനാക്കി (പിന്നീടു സെമിനാരി സ്ഥാപകൻ) അദ്ദേഹത്തെയും എട്ടാം മാർത്തോമ്മായുടെ കാര്യവിചാരകന്മാരായി നിയമിച്ചു.

(b) വൈദിക സ്ഥാനാർത്ഥികളെ സുറിയാനിയും മറ്റും പഠിപ്പിക്കുന്നതിനും അഭ്യസനം നൽകുന്നതിനും തെക്കും വടക്കും ഓരോ പഠിത്ത വീടുകൾ ഉണ്ടാക്കണമെന്നും, വിവരമുള്ള വൈദികരെ അവിടെ മല്പാന്മാരായി നിയമിക്കണമെന്നും, മല്പാന്മാരുടെയും വിദ്യാർത്ഥികളുടെയും ചെലവു പള്ളികളിൽനിന്നു വരിപ്പണം പിരിച്ചു നടത്തണമെന്നും തീരുമാനിച്ചു.
(എട്ടാമത്തെ തീരുമാനം)

2. A. D. 1810

തിരുവിതാംകൂറിലേയും കൊച്ചിയിലേയും ബ്രിട്ടീഷ് റസിഡൻറായി കർണൽ മൺട്രോ നിയമിതനായി.

3. ഇട്ടൂപ്പുറമ്പാൻ (ജോസഫ് റമ്പാൻ) കർണൽ മൺട്രോയേയും, തിരുവിതാംകൂർ റാണി ലക്ഷ്മീബായിയെയും കണ്ടു കോട്ടയത്തു് ഒരു സെമിനാരി സ്ഥാപിക്കുവാനുള്ള ആഗ്രഹം അറിയിച്ചു.

4. സെമിനാരിക്കുള്ള സ്ഥലം, രാജകീയ വിളംബര പ്രകാരം അനുവദിച്ചു കിട്ടി. (ഇട്ടൂപ്പു റൈറററുടെ തീയതി ശരിയെങ്കിൽ, രാജകീയ വിളംബരം പുറപ്പെടുന്നതിനു മുമ്പു സെമിനാരിക്കു കല്ലിട്ടു പണി തുടങ്ങി)

With Best Compliments from:

C. George
45 Dilkusha Street
Calcutta-17

★

Paulose Chalil & Family
Mulanthuruthy

★

G. Raju, Calcutta

K. Rajan, Calcutta

P. T. Samkutty, Calcutta

John Bbay, Calcutta

M. P. George, Calcutta

Mr. Nainan, Calcutta

രാജകീയ വിളംബരത്തിലെ പ്രസക്ത ഭാഗങ്ങൾ

'....അവുസേപ്പു റമ്പാന്

നിങ്ങൾ ഇവിടെ ഹാജരായി പുത്തൻകൂർ നസ്രാണികൾക്കു വേദം പഠിക്കുന്നതിനു സെമിനാരി ഇല്ലെന്നും, ഒന്നു പണിയുന്നതിനു സ്ഥലം വേണമെന്നും അപേക്ഷിക്കയാൽ അതിലേക്കു്

> കോട്ടയം പ്രവൃത്തിയിൽ ഗോവിന്ദപുരം കരയിൽ നിശ്ചയിച്ച സ്ഥലത്തിൻെറ അതിരുകൾ: തിരുനക്കരതേവരെ ആറാട്ടിനു് ആററുകടവിലേക്കു് എഴുന്നെള്ളിക്കുന്നതും, വടക്കുതെക്കായി കിടക്കുന്നതുമായ നാട്ടവഴിക്കു പടിഞ്ഞാറ്, ഇടനട പടിഞ്ഞാറ്, കവനാറിനു കിഴക്കു്, ഈ നാല് എല്ലകൾക്കുള്ളിൽ വടക്കുതെക്കു് 120 ദണ്ഡും. കിഴക്കു പടിഞ്ഞാറു് 60 ദണ്ഡും 990 കാർത്തിക 6—ാം തീയതി മുതൽ പണിയുന്നതിനു് അനുഭോഗക്കൊഴുവായി കൊടുത്തിരിക്കുന്നു. ഇതിനു സർക്കാരിലേക്കുള്ള കരം പണം ആറേകാലും ഒരു വിളക്കു വയ്ക്കുന്നതിനുള്ള ചെലവിലേക്കു വകവച്ചു് അനുവദിച്ചു കൊടുത്തിരിക്കുന്നു. അതിനാൽ സെമിനാരി കെട്ടിച്ചും, വിളക്കു വയ്പിനു് അനുവദിച്ചിട്ടുള്ള സംഖ്യ അതിനായി ഉപയോഗപ്പെടുത്തിയും, റമ്പാനും പിന്നാലെ വരുന്ന റമ്പാന്മാരും കൈവശം വച്ചു് അനുഭോഗമായി അനുഭവിച്ചു കൊള്ളേണ്ടതാകുന്നു.

5. കർണൽ മൺട്രോയുടെ സ്വാധീനപ്രകാരം, വട്ടിപ്പണപ്പലിശയുടെ കുടിശിഖയായ 3360 രൂപായും തിരുവിതാംകൂർ റാണിയിൽ നിന്നു 20000 രൂപായും കെട്ടിടം പണിയാൻ തടിയും റമ്പാനു ലഭിച്ചു.

6. 989—ാം ആണ്ടു് കുംഭം 3—ാം തീയതി (1813 Feb 12) സെമിനാരിക്കു് കല്ലിട്ടു പണി ആരംഭിച്ചു. (1813 Feb 18 എന്നു ചില പ്രസിദ്ധീകരണങ്ങളിൽ വന്നിട്ടുള്ളതു്, തിരുത്തപ്പെടേണ്ടതാണെന്നു തോന്നുന്നു).

7. നിർമ്മാണവും പഠനാരംഭവും

> '....മൂന്നു വശവും ആറുചുററി ഒഴുകുന്നതായും, അന്നു തരിശായിട്ടും ഒട്ടൽ കാടുപിടിച്ചും കിടന്ന സ്ഥലം മാത്രമെ താൻ ബുദ്ധിയോടെ തെരെഞ്ഞെടുത്തതു...ഒരു മെത്രാനും നാലും റമ്പാന്മാരും ഇരിക്കാൻ തക്കവണ്ണവും ശെമ്മാശന്മാർക്കും പിള്ളേർക്കും വെവ്വെറെ മുറികളും തെക്കും വടക്കും ഓരോനിലയും കിഴക്കും പടിഞ്ഞാറും രണ്ടു നിലയും നാലുകെട്ടുമായിട്ടു റമ്പാൻെറ ചട്ടപ്രകാരം 990 (1815)* മീനമാസത്തിൽ പണികൾ മിക്കതും കുറവുതീർത്തശേഷം, അഞ്ഞൂർ നിന്നും കിടങ്ങൻ എന്ന പേരു പറയുന്ന മാർ പീലക്സീനോസു മെത്രാനെ വരുത്തി സെമിനാരിയിൽ ഇരുത്തി പഠിത്തം തുടങ്ങണമെന്നും വിചാരിച്ചതിനു മാർത്തൊമ്മൻ മെത്രാൻ വിരോധം പറകയാൽ ഇട്ടൂപ്പുറമ്പാൻ തന്നെ ഏതാനും ശെമ്മാശന്മാരെ വരുത്തി പഠിത്തം തുടങ്ങി'

(ഇട്ടൂപ്പൈറററുടെ ചരിത്രപ്പുസ്തകത്തിൽ നിന്നും പേജ് 188).

8. വട്ടിപ്പണപ്പലിശ റമ്പാൻ വാങ്ങുന്നതിൻെറ പിന്നിലെ നിയമ പ്രശ്നം ഒഴിവാക്കാൻ, കർണൽ മൺട്രോയുടെ നിർദ്ദേശപ്രകാരവും മററും ഇട്ടൂപ്പുറമ്പാൻ മെത്രാനാകുന്നതിനു തെരഞ്ഞെടുക്കപ്പെട്ടു. (കർണൽ മൺട്രോ, Aug 7,1815 നു് C.M.S. സെക്രട്ടറിക്കു മദ്രാസിലേക്കു് അയച്ച കത്തു്, 1816 ലെ മിഷനറി റജിസ്റ്ററിൽ കാണുന്നതിൽ, അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു എന്നു പറയുന്നു).

9. 990 മീനം 9—ാംനു (1815 മാർച്ചു് 21) ജോസഫ് റമ്പാൻ, ആഞ്ഞൂർ മെത്രാ

x ഇതു് എ. ഡി. വർഷം 1814 ആകുവാനാണു സാധ്യത.

നിൽനിന്നു (കിടങ്ങൻ മാർ പീലക്സീനോസ്) മെത്രാൻ അഭിഷേകം പ്രാപിച്ചു.

10. 991 മകരം 21 (1816 ജനുവരി) മാർ ദീവന്നാസ്യോസിനെ അനുസരിച്ചു കൊള്ളണം എന്ന രാജകീയ വിളംബരം.

11. 992 വൃശ്ചികം 12 നു് മാർ ജോസഫ് ദീവന്നാസ്യോസ് കാലം ചെയ്തു. (ഈ വർഷത്തെ, A.D. ആക്കുമ്പോൾ 1816 ആകുന്നു. ശരിയായ പഞ്ചാംഗ ഗണന പ്രകാരം തീയതി നവംബർ 24 ആണെന്നു കാണാം. ഈ തീയതിയാണു പി. ചെറിയാൻ സ്വീകരിച്ചിരിക്കുന്നതു്. എന്നാൽ Z. M. പാറേട്ടിന്റെ മലങ്കര നസ്രാണികൾ മൂന്നാം വാല്യത്തിൽ നവംബർ 25 എന്നാണു കൊടുത്തിരിക്കുന്നതു്. ഇതു മിക്കവാറും അടക്കിയ തീയതി ആയിരിക്കണം. എന്നാൽ കബറിങ്കലെ ഫലകത്തിൽ 1816 നവംബർ 23 എന്നാണു ചേർത്തിരിക്കുന്നതു താനും).

Best Compliments from:

K. M. Mathew Kandathil.

Madras Chit Fund P. (Ltd.)
Coimbatore-1

Best Compliments from:

V. J. George & Family

Thengummannil House
Uthimoodu
Vayalathala–Pathanamthitta
46/15, S. N. Banerjee Road (1st Floor)

Calcutta-700 014.

ഫാ. സി. സി. ചെറിയാൻ
(ലൈബ്രേറിയൻ)

ക്രിസ്തീയ മത വിശ്വാസം ഇറക്കുമതിച്ചരക്കാണോ? ഓരോ ദേശത്തിനും, കാലത്തിനും, സംസ്ക്കാരത്തിനും ഭാഷക്കും അനുയോജ്യമായിട്ടല്ലേ ആദിമ ക്രൈസ്തവ സഭാ സമൂഹങ്ങൾ വളർന്നിട്ടുള്ളത്? അപ്രകാരം താദാത്മ്യം പ്രാപിക്കുവാനുള്ള സ്വാതന്ത്ര്യത്തേയും സാദ്ധ്യതയേയുമല്ലേ ഓർത്തഡോകസ് സഭകളെല്ലാം ഉയർത്തിപ്പിടിക്കുന്നത്? എന്തുകൊണ്ട് ഭാരതത്തിൽ നമുക്കതിനു കഴിഞ്ഞില്ല? കഴിയുന്നില്ല?....

ഓർത്തഡോക്സ് സെമിനാരി പഠനപദ്ധതികളും സാധ്യതകളും

കേരള സഭാ ചരിത്രം ഉറങ്ങിക്കിടക്കുന്ന പഴയ സെമിനാരി; കേരളവിദ്യാഭ്യാസപ്രസ്ഥാനത്തിന്റെ ഈററില്ലം; കേരളത്തിലെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ഉറവിടം; ഏററവും പഴക്കം ചെന്ന കത്തോലിക്കേതര വൈദിക വിദ്യാലയം—ഇതെല്ലാമാണ് കോട്ടയം ഓർത്തഡോക്സ് സെമിനാരി. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ, യൂറോപ്യൻ മിഷണറിമാരുടെ സഹകരണത്തോടെ പ്രവർത്തനമാരംഭിച്ച ഈ സെമിനാരിയെ ഇന്നു കാണുന്ന അവസ്ഥയിലേക്കുയർത്തുവാൻ പല പ്രഗത്ഭ വ്യക്തികളേയും ദൈവം ഉപയോഗിച്ചിട്ടുണ്ട്. മൺമറഞ്ഞുപോയ ആ പിതാക്കന്മാരെയെല്ലാം ആദരവോടെ ഓർക്കുന്നു. അതോടൊപ്പം സെമിനാരിയുടെ ഇന്നത്തെ അവസ്ഥയെയും പഠന പദ്ധതിയെയും വിലയിരുത്തി ഭാവി സാദ്ധ്യതകളിലേക്കു കടന്നു ചെല്ലേണ്ട

തുണ്ട്. വിശദമായ ചർച്ചകളും അന്വേഷണങ്ങളും പ്രായോഗിക തലത്തിൽ ആവശ്യമായി വന്നേക്കുമെന്നു പറഞ്ഞു കൊള്ളട്ടെ.

സഭയുടെ പല പ്രവർത്തനങ്ങളിൽ ഒന്നു മാത്രമായിട്ടാണു മററു സഭകളിൽ സെമിനാരികൾ പരിഗണിക്കപ്പെട്ടു പ്രവർത്തിച്ചു വരുന്നത്. എന്നാൽ, പഴയ സെമിനാരിയെ സംബന്ധിച്ചു നോക്കുമ്പോൾ, സഭയുടെ സിരാകേന്ദ്രമായി അന്നും ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ സ്ഥാപനത്തിൽ മുഴുവൻ സഭയുടെ ശ്രദ്ധയും കരുതലും വാത്സല്യവും നാളിതുവരെ ലഭിച്ചുവരുന്നതായി കാണാം. പ. എപ്പിസ്കോപ്പൽ സുന്നഹദോസ്, സഭാ മാനേജിംഗ് കമ്മിററി തുടങ്ങിയ സഭാ ഭരണ സമിതികളുടെ സമ്മേളന രംഗവും, ചില ആദ്ധ്യാത്മിക സംഘടനകളുടെ സംഗമ രംഗങ്ങളും ഈ സെമിനാരി തന്നെയാണ്. സഭാ ചരിത്രത്തിലെ നിർണായക സംഭവ പരമ്പരകളുടെയെല്ലാം സജീവ സാക്ഷ്യം വഹിക്കുന്ന ഈ പുണ്യസ്ഥാപനത്തിൽ പ്രവർത്തിച്ചവരും പ്രവർത്തിക്കുന്നവരും സഭയോടുള്ള പ്രതിബദ്ധതയിൽ തങ്ങളെത്തന്നെ സമർപ്പിച്ചിട്ടുള്ളവരാണ്. പാശ്ചാത്യ മിഷണറിമാരുടെ സ്നേഹപൂർവമായ സഹകരണം നന്ദിയോടെ അനുസ്മരിക്കുന്നതോടൊപ്പം, അവർ കൊണ്ടുവന്ന പാശ്ചാത്യ പ്രവണതകൾ, പൗരസ്ത്യ സംസ്കാരം തുടിക്കുന്ന ഇവിടുത്തെ സഭാ ജീവിതത്തിലും ആരാധനയിലും, വേദാദ്ധ്യയന രംഗത്തും, വൈദിക പരിശീലനത്തിലും ചില പൊരുത്തക്കേടുകൾ സൃഷ്ടിച്ചിട്ടുണ്ട്. ആ സാഹചര്യത്തിൽ അഭിപ്രായ ഭിന്നതകൾക്കും ചേരി തിരിവുകൾക്കും മൂക സാക്ഷിയാകുവാൻ ഈ സ്ഥാപനത്തിനിടയായിട്ടുണ്ട്.

ഭാവിയിലേക്കു കുതിക്കാൻ വെമ്പൽ കൊള്ളുന്ന ഈയവസരത്തിലും പാശ്ചാത്യ–പൗരസ്ത്യ സമന്വയം പാലിക്കുന്നതിൽ ബന്ധപ്പെട്ടവരുടെ സത്വര ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു. അദ്ധ്യാപകന്റെ ബുദ്ധിസാമർത്ഥ്യവും പാണ്ഡിത്യവും മാത്രം വിലയിരുത്തി അദ്ധ്യാപകരെ ബഹുമാനിക്കുന്ന പാശ്ചാത്യരീതിയും, പാണ്ഡിത്യത്തോടൊപ്പം ദൈവാശ്രയം, ജീവിത വിശുദ്ധി, ആത്മാർത്ഥത, നിഷ്കളങ്കത, സാമീപ്യത, സ്നേഹവാത്സല്യം തുടങ്ങിയ സുകൃതങ്ങൾ കൂടി അദ്ധ്യാപകനിൽനിന്നും മാതൃകയായി പ്രതീക്ഷിക്കുന്ന പൗരസ്ത്യ വിദ്യാഭ്യാസ സമ്പ്രദായവും തമ്മിൽ പൊരുത്തപ്പെടാനൊക്കുമോ എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. ഗുരുകുല വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ പോരായ്മകളെ നികത്തി, പാശ്ചാത്യ സമ്പ്രദായത്തിന്റെ നന്മകളുമായി സമന്വയിപ്പിക്കാനുള്ള ശ്രമം വേണ്ടിയിരിക്കുന്നു. പൗരസ്ത്യമായതെല്ലാം നല്ലതാണെന്നോ, പാശ്ചാത്യമായതെല്ലാം മോശമാണെന്നോ കരുതാതെ, രണ്ടിലുമുള്ള നന്മകളെ സ്വാംശീകരിച്ചെടുത്ത്, പൗരസ്ത്യദേശമായ ഭാരതത്തിന്റെ അന്തരാത്മാവിലേക്കു ഇറങ്ങി ചെല്ലാൻ ഒരു ക്രിസ്തീയ സഭാജീവിത ശൈലി കെട്ടിപ്പടുക്കുവാൻ സഭാമക്കളെ സജ്ജമാക്കുക എന്ന തത്വം പൊതുവെ അംഗീകരിക്കപ്പെടേണ്ടിയിരിക്കുന്നു. വിദേശ നിർമ്മിതമായതെന്തും ശ്രേഷ്ഠമാണെന്നു കരുതി സ്വന്തമാക്കുവാൻ വ്യഗ്രത കാണിക്കുന്നവർ, വിദേശ സംസ്കാരത്തിലും, വേദശാസ്ത്ര ചിന്തകളിൽപോലും മതിമറന്നു, മനം മയങ്ങി വീഴുന്നതിൽ അദ്ഭുതപ്പെടാനില്ല. വിദേശ പണ്ഡിതർ പറയുന്നതു് ഏററു പറഞ്ഞാലെ ആധികാരികതയുള്ളൂ എന്ന ഒരു സങ്കല്പം നമ്മുടെയെല്ലാം മനസ്സിൽ ഇപ്പോഴും ഒളിഞ്ഞു കിടപ്പില്ലേ? നമ്മുടേതായ പൗരസ്ത്യ (ഭാരതീയ) വേദശാസ്ത്ര ചിന്തകൾ വളർത്തുവാൻ നാം ശ്രമിച്ചിട്ടുണ്ടോ?

ക്രിസ്തീയ മത വിശ്വാസം ഇറക്കുമതി ചരക്കാണോ? ഓരോ ദേശത്തിനും, കാലത്തിനും, സംസ്കാരത്തിനും, ഭാഷയ്ക്കും അനുയോജ്യമായിട്ടല്ലേ ആദിമക്രൈസ്തവ സഭാസമൂഹങ്ങൾ വളർന്നിട്ടുള്ളതു്? അപ്രകാരം താദാത്മ്യം പ്രാപിക്കുവാനുള്ള സ്വാതന്ത്ര്യത്തേയും സാദ്ധ്യതയേയുമല്ലേ ഓർത്തഡോക്സ് സഭകളെല്ലാം ഉയർത്തിപ്പിടിക്കുന്നതു്? എന്തുകൊണ്ടു ഭാരതത്തിൽ നമു-

> *ഓർത്തഡോക്സ് സഭയുടെ സ്വയം ശീർഷകത്വ സ്വഭാവവും സ്വയം ഭരണാവകാശവും കണക്കിലെടുത്ത്, നമ്മുടെ സെമിനാരിയെ ഒരു സ്വതന്ത്ര അക്കാദമിയായി പ്രഖ്യാപിക്കുവാൻ ഇനിയും ഒട്ടും വൈകിക്കൂടാ.*

ക്കതിനു കഴിഞ്ഞില്ല? കഴിയുന്നില്ല? 'പഴഞ്ചൻ വിശ്വാസം' പണ്ടു മുതൽ സൂക്ഷിക്കുന്നവർ എന്ന നിലയിൽ മററുള്ളവർ നമ്മെ വീക്ഷിക്കാൻ ഇനിയും അവസരം കൊടുക്കണമോ? 'ഓർത്തഡോക്സി' എന്താണെന്നു ഭാരതത്തിനു കാണിച്ചു കൊടുക്കുവാൻ 'ഓർത്തഡോക്സ് സെമിനാരി'ക്കു് എന്തുകൊണ്ടു കഴിയാതെ പോകുന്നു?

1. സെമിനാരി-ഒരു സ്വതന്ത്ര അക്കാദമി

(Indian Orthodox Theological Academy (IOTA)

പഴയ സെമിനാരിയുടെ ചരിത്രം പരിശോധിക്കുമ്പോൾ പലപ്പോഴായി പരാധീനതകളിൽ കൂടി കടന്നു പോകാനിടയായിട്ടുണ്ട് എന്നു കാണാം. നിലനിൽപിന്റെ പേരിൽ പല വിട്ടുവീഴ്ചകൾക്കും, പല മററു വേഴ്ചകൾക്കും തയ്യാറാകേണ്ടിവന്നിട്ടുമുണ്ട്. വൈദികർക്കു സമൂഹത്തിൽ അംഗീകാരം നേടാനെന്ന ന്യായേന, പ്രോട്ടസ്റ്റൻറ് സഭകളുടെ നിയന്ത്രണത്തിൽ നടത്തപ്പെടുന്ന സെറാമ്പൂർ കോളജുമായി ബന്ധപ്പെട്ട്, വിശ്വാസ കാര്യങ്ങളിൽ ഒരു 'അനുരഞ്ജനനയം' സ്വീകരിക്കാൻ 150 വർഷം തികയുന്ന ജൂബിലി വർഷം മുതൽ ഇടയായി എന്നതു സൗഭാഗ്യമായി കരുതിയിരുന്ന ഒരു കാലമുണ്ടായിരുന്നു. വൈദികർക്കു പാശ്ചാത്യ രീതിയിലുള്ള ക്രമീകൃതമായ ഒരു പഠന പദ്ധതി ആവിഷ്കരിച്ച്, വ്യവസ്ഥാപിതമായ 'സിലബസ്', പരീക്ഷാക്രമങ്ങൾ, ലൈബ്രറി സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തിയതിനാൽ, പഠന നിലവാരം പൊതുവെ ഉയർന്നിട്ടുണ്ടെന്നു് എല്ലാവരും സമ്മതിക്കുന്നു. നമ്മുടെ സഭയുടെ താൽപര്യമനുസരിച്ചു ചില വിഷയങ്ങൾ തെരഞ്ഞെടുത്തു പഠിപ്പിക്കുവാൻ, ഒരു പരിധിവരെ സ്വാതന്ത്ര്യമുണ്ടായിരുന്നു. അതുപോലെതന്നെ, സെറാമ്പൂർ സെനററിന്റെ വിവിധ ഭരണ സമിതികളിൽ അർഹമായ പ്രാതിനിധ്യം പിടിച്ചെടുത്തു നമ്മുടേതായ സ്വാധീനം ചെലുത്താനും അവസരം ലഭിച്ചിരുന്നു. ആ കാരണത്താൽ, ഇവിടെ പഠിപ്പിക്കുന്നതെല്ലാം പ്രൊട്ടസ്റ്റൻറു വിശ്വാസമാണെന്ന ആരോപണത്തിനു കഴമ്പില്ല. എന്നാൽ ഓരോ വർഷം കഴിയുന്തോറും, പ്രോട്ടസ്റ്റൻറു ചിന്താഗതി കൂടുതൽ അടിച്ചേല്പിക്കുന്ന 'സിലബസ്സുകൾ' അംഗീകരിച്ചു നടപ്പാക്കുവാൻ സെമിനാരി നിർബന്ധിക്കപ്പെട്ടു കൊണ്ടിരിക്കുന്നു. സെറാമ്പൂർ സെനററിന്റെ സമിതികളിലൊന്നിലും നമുക്കു യാതൊരു ചുമതലയും ഇപ്പോൾ നിർവഹിക്കാനുമില്ല. ഇതിനെതിരായി നമ്മുടെ പ്രതിഷേധം സെറാമ്പൂർ അധികൃതരെ രേഖാമൂലം അറിയിച്ചിട്ടുണ്ടെങ്കിലും, നമ്മുടെ നിവേദനം വേണ്ടത്ര പരിഗണിക്കപ്പെടാനിടയില്ല. അഥവാ, എന്തെങ്കിലും പരിഗണന ലഭിച്ചാൽ തന്നെ, ഓർത്തഡോക്സ് വീക്ഷണവും ആശയവും എഴുതിപ്പിടിപ്പിക്കുന്ന വിദ്യാർത്ഥികൾ, ആ കാരണത്താൽ തന്നെ പുറം തള്ളപ്പെടുകയും, പ്രൊട്ടസ്റ്റൻറു ചിന്തയെ ഉയർത്തിപ്പിടിക്കുന്നവർ സമർത്ഥരായി പ്രഖ്യാപിക്കപ്പെടുകയും ചെയ്തുവരുന്നു. പ്രവണത തുടരുക തന്നെ ചെയ്യും. അങ്ങനെ തുടർന്നാൽ, കാലാന്തരത്തിൽ ഓർത്തഡോക്സ് സഭ വില മതിക്കുന്ന പൗരസ്ത്യ വിശ്വാസാചാരങ്ങൾ പാലിക്കണമെന്നു് ആഗ്രഹിക്കുന്ന വൈദിക നേതൃത്വം അപ്രത്യക്ഷമാകുമെന്ന ഭയം ഈ ലേഖകനുണ്ട്. ഈ കാര്യം സഭാനേതൃത്വം ഗൗരവമായി പരിഗണിച്ച്, ഓർത്തഡോക്സ് സഭയുടെ തനിമയും സ്വാതന്ത്ര്യവും ഭാരത മണ്ണിൽ സ്ഥാപിച്ചെടുക്കുവാൻ ആവശ്യമായ നടപടികൾ എടുക്കുവാൻ സഭാ നേതൃത്വത്തിനു ചുമതലയുണ്ട്. ഓർത്തഡോക്സ് സഭയുടെ സ്വയം ശീർഷകത്വ സ്വഭാവവും സ്വയം

ഭരണാവകാശവും കണക്കിലെടുത്ത്, നമ്മുടെ സെമിനാരിയെ ഒരു സ്വതന്ത്ര അക്കാദമിയായി പ്രഖ്യാപിക്കുവാൻ ഇനിയും ഒട്ടും വൈകിക്കൂടാ.

പ്രോട്ടസ്റ്റൻറു സഭകളുടെ അംഗീകാരം നമ്മുടെ വൈദികർക്കു ഭൂഷണമാണോ? ആവശ്യമാണോ? നമ്മുടെ സഭാ മക്കളെ നയിക്കുവാൻ നമ്മുടേതായ പരിശീലന പദ്ധതികൾ വികസിപ്പിച്ചെടുക്കാൻ സാധിക്കേണ്ടതല്ലേ? നമുക്ക് അതിനുള്ള കഴിവുകളും അവസരങ്ങളും ദൈവം നൽകിയിട്ടില്ലേ? സഭാപാരമ്പര്യത്തിലും വിശ്വാസാനുഷ്ഠാനങ്ങളിലും ഉറച്ചുനിന്ന് സഭയെ നേരായ പാതയിൽ (ഓർത്തഡോക്സ്) നയിക്കുന്നതിനുള്ള ഇടയന്മാരല്ലേ സഭയ്ക്കിന്നാവശ്യം? ഇക്കാര്യത്തിൽ നാം മൗനം പാലിച്ചാൽ അനതി വിദൂരഭാവിയിൽ 'ഓർത്തഡോക്സ് സഭ' എന്ന നാമം പോലും ആവശ്യമില്ലെന്നു പറയുന്ന ഒരു നേതൃനിര സഭയിൽ ഉണ്ടാകും. 'എക്യുമെനിസത്തിൻെറ' പേരിൽ മററു പല സഭകളും അവരവരുടെ 'തനിമ' സംരക്ഷിച്ചുകൊണ്ടു കഴിയുമ്പോൾ 'ഓർത്തോ ഡ്ക്സോ' സഭയുടെ നില 'ഓർത്തു ദുഃഖിക്കുന്ന' അവസ്ഥയിലേക്കു താണു പോയതിൻെറ കാരണക്കാർ ആരെന്നു, പരിശോധിക്കേണ്ടിയിരിക്കുന്നു. സെമിനാരി ചരിത്രത്തിൽ ഇപ്രകാരമുള്ള സാഹചര്യങ്ങളിൽ ശക്തിയായി പ്രതികരിക്കുന്ന ഒരു നേതൃത്വം നേരത്തെ ഉണ്ടായിരുന്നതിനാലാണ്, ഇപ്പോഴും ഓർത്തഡോക്സ് വിശ്വാസം നിലനില്ക്കുന്നത്. ഭാവിയിലും അപ്രകാരം സഭയുടെ അടിസ്ഥാനം നിലനില്ക്കുന്നതിനു വേണ്ടി ഇപ്പോൾ തന്നെ ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. സഭാ മക്കളെ നേരായ പാതയിൽ നടത്തേണ്ട ഇടയന്മാരെ വാർത്തെടുക്കുന്ന സെമിനാരി സ്വതന്ത്ര അക്കാദമിയായി വളരേണ്ടതിൻെറ പ്രസക്തി ഈ സാഹചര്യത്തിലാണു വിലയിരുത്തേണ്ടത്.

സെമിനാരി ഒരു സ്വതന്ത്ര അക്കാദമിയായി ഉയർത്തപ്പെടുമ്പോൾ, കേരളത്തിലെ തന്നെ യൂണിവേഴ്സിററികളുമായോ മററ് ഓർത്തഡോക്സ് സഭകളിലെ യൂണിവേഴ്സററികളുമായോ, കാത്തോലിക്കാ യൂണിവേഴ്സററിയുമായോ ബന്ധപ്പെട്ട് ഡിഗ്രി ദാന സാദ്ധ്യതകളെപ്പററി അന്വേഷിക്കാവുന്നതാണ്. പ്രാഥമികാന്വേഷണത്തിൽ അതിനുള്ള സാദ്ധ്യതകൾ തെളിഞ്ഞുവരുന്നുണ്ട്. ഇതൊന്നും ഉടനെ സാധിച്ചില്ലെങ്കിലും ബിരുദധാരികളെ സെമിനാരിയിൽ (അക്കാദമിയിൽ) പ്രവേശിപ്പിക്കാൻ തീരുമാനിച്ചാൽ ആവശ്യമുള്ളവർക്ക് ഉപരിപഠനം സാദ്ധ്യമാകും. സെമിനാരിയിൽ ഇപ്പോഴുള്ള പഠനസൗകര്യങ്ങളും സാധ്യതകളും കൂടുതൽ വിപുലീകരിക്കുകയും ചെയ്യണം.

2. സെമിനാരി അക്കാദമിയും ഉപസ്ഥാപനങ്ങളും

സഭയിലെ എല്ലാ പഠന പരിശീലന പദ്ധതികളുടെയും മേൽനോട്ടം വഹിക്കുന്ന ഈ അക്കാദമിയുടെ കീഴിൽ മൈനർ സെമിനാരികൾ, സന്യാസ മിഷൻ പരിശീലനം, മേജർ സെമിനാരി, പൗരസ്ത്യ ഓർത്തഡോക്സ് പഠനകേന്ദ്രം, ആരാധനാ പഠനകേന്ദ്രം, ആർക്കൈവ്സ് മ്യൂസിയം, അയ്മേനികൾക്കുള്ള പഠന പദ്ധതി, ക്രിസ്തീയ പ്രസിദ്ധീകരണ വിതരണ വിഭാഗം, ക്രിസ്ത്യൻ ഹോം ലൈബ്രറി തുടങ്ങിയ വിവിധ മേഖലകൾ കൂടുതലായി വളർന്നു വരേണ്ടിയിരിക്കുന്നു. മേൽപ്പറഞ്ഞ എല്ലാ കാര്യങ്ങളും അക്കാദമിയുടെ നിയന്ത്രണത്തിലും ബന്ധത്തിലും സഭയുടെ വിവിധ ഭാഗങ്ങളിലായി ക്രമീകരിക്കുവാനുള്ള സാദ്ധ്യതകൾ ആരായണം. തത്സംബന്ധമായ ചില രൂപരേഖകൾ മാത്രം ഇവിടെ അവതരിപ്പിക്കട്ടെ. ഈ അക്കാദമിയുടെ ഭരണ സംവിധാനത്തെപ്പററി വിശദമായ ആലോചനകളും സുചിന്തിതമായ തീരുമാനങ്ങളും വേണ്ടി വരും.

a. മൈനർ സെമിനാരികൾ

വിവിധ തുറകളിൽ സഭാ സേവനത്തിന് ആഗ്രഹിക്കുന്ന നല്ല ചെറുപ്പക്കാരെ

കണ്ടു പിടിച്ചു പ്രോത്സാഹിപ്പിക്കുന്നതിലേക്കുള്ള ഒരു സംരംഭമാണിത്. സഭയിൽ 'തെക്കും വടക്കും' ഓരോ 'പഠിത്ത വീടുകൾ' ഉണ്ടാക്കണമെന്ന കണ്ടനാടു യോഗ തീരുമാനത്തിൻെറ പരിണിത ഫലമാണല്ലോ ഇപ്പോഴത്തെ പഴയ സെമിനാരി. തെക്കു കുണ്ടറയിലോ, പരുമലയിലോ, വടക്ക് വെട്ടിക്കലോ, കൊരട്ടിയിലോ ഇപ്രകാരം മൈനർ സെമിനാരികൾ തുടങ്ങുവാനുള്ള സാധ്യത വളരെയുണ്ട്. തെക്കു നിന്നുള്ള വ്യക്തികളെ വടക്കും വടക്കു നിന്നുള്ളവരെ തെക്കും താമസിപ്പിച്ചു പരിശീലിപ്പിക്കുന്നതിലൂടെ ആശയവിനിമയവും സാംസ്കാരിക സമന്വയവും സാധിച്ചെടുക്കുവാൻ പ്രയോജ

മൈനർ സെമിനാരികളിൽ തൃപ്തികരമായി പഠനം പൂർത്തിയാക്കുന്നവരിൽനിന്നും യോഗ്യരായവരെ ഇടവക പൊതുയോഗം കൂടി തെരഞ്ഞെടുത്ത് ഇടവക മെത്രാപ്പോലീത്താമാരുടെ ....

നപ്പെടും. ആരാധനയിലും ശിക്ഷണത്തിലും പ്രാഥമിക വേദ പഠനത്തിലും (ദിവ്യ ബോധനം) പരിശീലനം നൽകുവാൻ പ്രയാസം വരില്ല. ഇവിടെ ചേരുന്നവർ സ്വന്തം ചെലവിലോ, ഭദ്രാസന ചെലവിലോ പരിശീലിപ്പിക്കപ്പെടണം.

b. മേജർ സെമിനാരി:

മൈനർ സെമിനാരികളിൽ തൃപ്തികരമായി പഠനം പൂർത്തിയാക്കുന്നവരിൽ നിന്നും യോഗ്യരായവരെ ഇടവക പൊതുയോഗം കൂടി തെരഞ്ഞെടുത്ത് ഇടവക മെത്രാപ്പോലീത്താമാരുടെ ചുമതലയിലും മേൽനോട്ടത്തിലും ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ താമസിപ്പിച്ചു വൈദിക സെമിനാരി (അക്കാദമി) സിലബസ്സിലെ ഒന്നാം വർഷ പഠനം പൂർത്തിയാക്കുന്നതിന് അവസരം നല്കണം. കോട്ടയം സെമിനാരി അക്കാദമിയിലെ അദ്ധ്യാപകരും തിരുമേനിമാരും ഇവർക്കു വേണ്ട ശിക്ഷണവും പരിശീലനവും നൽകാവുന്നതാണ്.

c. സന്യാസമിഷൻ പരിശീലനം:

മൈനർ-മേജർ സെമിനാരികളിൽ പഠനം പൂർത്തിയാക്കിയവർക്കു ഇഷ്ടാനുസരണം അല്ലായ പ്രേഷിതത്വമോ, വൈദിക വൃത്തിയോ സന്യാസജീവിതമോ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകേണ്ടതാണ്. പൗരസ്ത്യസഭയുടേതായ മിഷൻശൈലിയും സന്യാസ ജീവിതവും പരിപോഷിപ്പിക്കപ്പെടുവാൻ ഇതുപകരിക്കും. സന്യാസ ജീവിതം സഭയിലെ ഏതെങ്കിലും ആശ്രമത്തിൻെറയും കോൺവൻറിൻെറയും ചുമതലയിൽ പരിശീലിപ്പിക്കപ്പെടണം.

d. സെമിനാരി അക്കാദമിയിൽ വൈദിക പരിശീലനം:

വൈദിക വൃത്തിയിലേക്കു യഥാർത്ഥത്തിൽ വിളിയുണ്ടെന്ന് ബോധ്യമുള്ളവരെ മാത്രം പ്രത്യേകം ഇൻറർവ്യൂ നടത്തി അക്കാദമിയിലെ മൂന്നുവഷത്തെ ബിരുദപഠനത്തിനു പ്രവേശിപ്പിക്കാവുന്നതും, അതിൽതന്നെ അർഹതയുള്ളവരെ ബിരുദാനന്തര ബിരുദവും, ഗവേഷണ പഠനവും നടത്തുവാൻ നിയോഗിക്കാവുന്നതുമാണ്. ഉപരി പഠനത്തിന്നാവശ്യമായ ലൈബ്രറി സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതാണ്. യോഗ്യതയുള്ള അദ്ധ്യാപകരെ കാലാകാലങ്ങളിൽ നിയമിക്കുന്നതിനാവശ്യമായ വ്യവസ്ഥാപിത സംവിധാനങ്ങളും ഉണ്ടാകണം.

3. സെമിനാരി അക്കാദമിയും അനുബന്ധ വികസന സാധ്യതകളും

താഴെപ്പറയുന്ന പ്രവർത്തന സാധ്യതകളെപ്പററി വിശദീകരിച്ചെഴുതുവാൻ സ്ഥല പരിമിതി അനുവദിക്കുന്നില്ലാത്തതിനാൽ സൂചനകൾ മാത്രം നൽകട്ടെ.

1. Indian Institute for Oriental Orthodox studies.

പൗരസ്ത്യ ഓർത്തഡോക്സ് ചിന്ത ഭാരതീയ ചിന്തയുമായി സമന്വയിപ്പിക്കാനും ഭാരത വേദശാസ്ത്രജ്ഞന്മാരെ വാർത്തെടുക്കുവാനുമുള്ള എളിയ ശ്രമം. ഭാരതത്തിൽ ഓർത്തഡോക്സ് പഠനത്തിനുള്ള ഗവേഷണകേന്ദ്രമായി വിഭാവന ചെയ്യുന്നു.

2. Syriac Liturgical Research Centre:

വിവധ ആരാധാനാ ക്രമങ്ങൾ, സുറിയാനി ഭാഷ, സാഹിത്യം, സംഗീതം എന്നിവയെപ്പററി ഗവേഷണം നടത്തി ഭാരത ക്രൈസ്തവ ആരാധനയെ പുനഃസംവിധാനം ചെയ്തു പരിപോഷിപ്പിക്കുവാൻ

3. Church Archives:

പുരാതനരേഖകൾ ലിഖിതങ്ങൾ എന്നിവ ശേഖരിച്ചു സംരക്ഷിക്കുന്നതിന്.

4. Church Museum:

സഭയുടെ പൗരാണികത്വം വിളിച്ചറിയിക്കുന്ന കലാശില്പങ്ങൾ, മാതൃകകൾ, ചിത്രങ്ങൾ തുടങ്ങിയവ പ്രദർശിപ്പിച്ചു സൂക്ഷിക്കുവാൻ.

5. Lay Training Programme:

സ്ത്രീകളുൾപ്പെടെയുള്ള അയ്മേനികൾക്കായുള്ള ദിവ്യബോധന പഠന പരിശീലന പദ്ധതി കൂടുതൽ ഫലപ്രദമായും വ്യാപകമായും ഉയന്ന തോതിലും നടപ്പാക്കുവാൻ.

6. Counselling Training Centre:

ഇടവക തലത്തിലും പ്രാദേശിക തലത്തിലും കൗൺസലിംഗ് നൽകുവാൻ കഴിവും താല്പര്യവുമുള്ള വൈദികർക്കും മററുള്ളവർക്കും പ്രത്യേക പരിശീലനം നൽകുവാൻ.

7- Parish Mission Mobile Team:

ആഴ്ചയവസാനംതോറും ഇടവക തലത്തിൽ (വെള്ളി, ശനി, ഞായർ) ക്രമമായി നടത്തുവാൻ–ഒരു വാനും, വീഡിയോ സംവിധാനവും ഉണ്ടാകേണ്ടിയിരിക്കുന്നു.

8. Seminary Alumni Association:

സെമിനാരിയിലെ ഓരോ ബാച്ചും വർഷത്തിലൊരിക്കൽ ഒന്നിച്ചു കൂടി വരാനുള്ള സംവിധാനവും സന്ദർഭവും ഉണ്ടാക്കി ഇടവക ജീവിതത്തിലെ അനുഭവങ്ങൾ ഇപ്പോഴത്തെ വിദ്യാത്ഥികളുമായി പങ്കുവയ്ക്കാനുള്ള സെമിനാരി പരിശീലനവും സഭാജീവിത സാഹചര്യങ്ങളുമായി ബന്ധപ്പെടുത്തുവാൻ അവസരം നൽകാൻ.

9. Publications & Parish Library System:

നല്ല ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുകയും, ഇടവകകളിലും കഴിവുള്ള ഭവനങ്ങളിലും ലൈബ്രറികൾ ആരംഭിക്കുകയും. 'സെമിനാരി ബുക്ക് ക്ലബ്ബ്' വഴി വിതരണം നടത്തുകയും ചെയ്യുവാനുള്ള പദ്ധതികൾ നടപ്പാക്കുക. സെമിനാരിയിൽ നിന്നും നല്ല നിലവാരം പുലർത്തുന്ന ഒരു മാസിക പ്രസിദ്ധീകരിക്കുന്നതിലൂടെ, പൂർവ വിദ്യാർത്ഥികൾ, ദിവ്യബോധനം വിദ്യാത്ഥികൾ, സെമിനാരി സുഹൃത്തുക്കൾ, സഭാംഗങ്ങൾ മററു സഹോദരീസ്ഥാപനങ്ങൾ, സഭകൾ എന്നിവരുമായി തുടർച്ചയായി ബന്ധം നിലനിർത്തുവാൻ സാധിക്കുന്നതോടൊപ്പം സെമിനാരി സമൂഹത്തിന്റെ രചനാ വൈഭവം പുഷ്ടിപ്പെടുവാനും സഹായിക്കുന്നതിന്.

With Best Compliments from:

P. D. Mathew

23A Bhuvaneswari Nagar,

Coimbatore-25

Fr. T. I. Varghese

.... place in the church. The main issue of the trouble was the question concerning the nature of the patriarchal power over the MC. The issue could have been settled if the church, particularly its leadership had in possession some enlightenments in proper church matters and a unifying spirit behind. In the absence of these what that unfortunately took place was the formation of divisive spirit, one in favour of Antioch and

The Connection of the Malankara Church with Antioch During the Last 175 Years

It was only in 1665 the Malankara church (hereafter this referred to as MC) came in contact with the West Syrian Patriarchate of Antioch. But that connection was strengthened only after the mid-19th century. The view point, that the MC had maintained a connection with Antioch from very ancient times, is an unhistorical innovation made in the last quarter of the 19th century by a few vest-interested in the MC, to which no attention can be given by a serious minded historian.

When we take into consideration the actual connection of the MC with Antioch the first two things that come into our consideration are these: One, it was only in 1876 an official connection with Antioch came into declaration, than in facts. The cause that led to that declaration was the disintegration found within the MC itself. A party within the church under Dionysius V in their zeal of opposing their opponents – the reform party, decided to strike a heavy blow upon their enemy. The means they sought to achieve this end was resulted in befriending with Antioch. They resolved to be under the instructions of the foreign church dignitary with the vain hope that he could do some help to achieve their hopes. Therefore, they tried to please him as far as they can. They declared to be the followers of the Antiochene traditions and that of the supremacy of the patriarch. Moreover, to please the patriarch and to get his support further they made their minds wilfuly distorted to a

novel declaration that they were under Antioch from ancient times. Two, although that party declared the above said viewpoint without much forethoughts on that matter, not long after they felt sorry of it especially in the face of difficulties to accommodate with the unqualified ambitions of Antioch for power in their church. Indeed they were forced to rescind or ignore the kind of supremacy allowed to Antioch in their undue zeal to see the deposition of their opponents. Now they began to hold a view, which was neither historically accurrate nor relaiable that Antioch had only the spiritual supremacy over them than supremacy in temporal affairs. In the area of internal jurisdiction of their church, they held, the MC was independent of Antioch. Does not this change of mind in the Indians themselves sufficiently indicate that the connection of the MC with Antioch was a recent one? If to it they had been accustomed from ancient times why did they feel it difficult to adjust with it? What ever may be the answers to these questions, what we know is that the Indians felt very badly of the Antiochene connection and they failed in their efforts of maintaining it. Due to that very fact troubles and divisions took place in the church. The main issue of the trouble was the question concerning the nature of the patriarchal power over the MC. The issue could have been settled if the church, particularly its leadership had in possession some enlightenments in proper church matters and a unifying spirit behind. In the absence of these what that unfortunately took place was the formation of devisive spirit, one favour of Antioch and the other in favour of the local jurisdictional autonomy. Taking two opposite sides they fought with extraordinary zeal to achieve the distruction of the enemy but not the real enemy whom they indeed had to be faced. A series of civil suits were carried down in succession spending enormous material resources of the church from both sides. They had legal success from court to court but the point they had to be really encountered remained in an unsettled state. The humiliated party befriending with Antioch tried their best to achieve a success to them. This process was going on without ends from the second decade of the 20th century, which ofcourse had its origin from the mid-19th century.

In this Article the main purpose is to give a brief picture of the nature of connection that was maintained by the MC with Antioch in the past. As far as possible we try to analyse it in the background of the Old Seminary. The concern here is to concentrate mainly on three major issues. They can be spelled out as follows:

1. What were the basic aims behind a connection of the MC with Antioch?
2. What were the major factors leading towards the development of a deeper connection with Antioch in the late 19th century?
3. How it became a serious problem to the MC in the 20th century?

1. Basic Aims Behind The Connection of the MC with Antioch.

Accidently the MC came into contact with the West Syrian Patriarchate in 1665. At that time in nature this church was Chaldean and almost all of its church features were from there. The arrival of Mar Gregorius, the Antiochene bishop, was able to give much consolation to the

MC especially at a time in which that section was undergoing much tribulations from the Romo–Portuguese Politico–ecclesiastical authorities. In this context again in the year 1685 arrived two more bishops. As the result of these arrivals, it can be said, that the MC was able to resist the Roman Catholics taking at least a definite stand of its existence. But what did the MC expect out of those arrivals and what did those foreigners intend to achieve by maintaining acontact with that Indians? Infact, the MC had two aims. One, of them was that the episcopal position of Mar Thoma I, which was seriously disputed by the Romans must be made a valid one. In other words, the MC must get a valid historic episcopacy. Two, the Chaldean church features, which were distorted by the latinization process should be revived and restored once again in the MC. Of them, the former one Mar Gregorius who arrived in 1665 must have actualized and the second one would have created some problems to him. However, he would have taken some preliminary steps to revive those Syrian church features which were common to both, the West Syrian and East Syrian traditions found within the MC. Due to this fact, the MC showed much affections towards those prelates from Antioch. But the bishops who came later on, what they desired to accomplish in the MC was a complete transformation of it from its Chaldean features to the West Syrian one. Although this West Syrianization tendency was resisted at the beginning, yet due to the rise of some confusions within the church due to the arrival of the East Syrian bishop, Mar Gabriel, from the beginning of the 18th century, a favourable situation was present to the acceptance of the West Syrian traditions. Defenitely the aim of the Antiochene bishops arrived in 1751, was the West Syrianization of the MC thoroughly and systematically. They could have actualized it provided that there must have not emerged a serious contention between them and the Indian bishop, Mar Thoma V. The issue of that contention was the second aim which the West Syrian bishops desired to accomplish within the MC.

At least from 1685 the Antiochene bishops had desired to bring the MC Jurisdictionally under their Patriarch and this was their second aim with reference to that church. While despatching two bishops in 1685, the Patriarch had taken special attention to consecrate one of them with the designation 'Catholicos'. It must be remembered that the St. Thomas Christians before the 17th century were under the Catholicos of the East, i.e., the Nestorian Catholicos. The Patriarch of Antioch knowing this well, planned to bring under him the MC through a Catholicos of his own and for that purpose the Catholicos of 1685 was sent. But unfortunately that Catholicos did not live long to realise the Patriarchal plans. Moreover, the MC did not seems to have shown enthusiasm to that plan of Antioch. Might be due to that fact Antioch was reluctant to maintain more connection with the MC for more than 60 years in the earlier part of the 18th century, inspite of frequent appeals made from there for bishops. It was only in 1751 a group of Antiochene bishops were sent; that again with one Catholicos.

Soon after their arrival seeing the weak condition of the local bishop Mar Thoma V, they at once demanded his submission to the Patriarch and to undergo a reordination ceremony. The local bishop was not ready to go by that plan. He refused

to accept the services of the Antiochene bishops, knowing that their plan was to subdue him under Antioch.

In the meantime a group of people within the MC who had been formerly in association with the Chaldean bishop Mar Gabriel and who had been dissatisfied with Mar Thoma V, now siding with the Antiochene bishops tried to create troubles to Mar Thoma. They even persuaded the Artiochene bishops to a parallel church against the Indian bishop. However, Mar Thoma resisted the attedmpt till the very end of his life and

However, the party came to interpret the reconsecration event of Dionysius as the subjection of the bishops of the MC to Antioch. Bnt what that really took place was just its contrary. Dionysius did not count at all Antioch very seriously. Further influence from and contact with Antioch he discouraged....

even his successor Mar Thoma VI also resisted it till 1772. During the time of the latter again an attempt was made to create a parallel church in the Cochin state under the leadership of the Kattumangattu Mar Coorilose. The attempt again did not succeed. That failure later led to the formation of an independent church in Thozhiyur in the British Malabar. The attempt for a parallel hierarchy and church would have succeeded if had not Mar Thomas VI acted diplomatically in the meantime to control the fractionaries. Mar Thomas VI seeing that the integrity of his community is in danger, after a period of seven years' episcopal functions took steps to satisfy the Antiochene bishops and their party. He submitted for a reconsecration ceremony from the hands of the Antiochene bishops. To him was given the designation Dionysius I. By this action he was able to silence both the Roman Catholics and the pro-Antiochenes, who had made it a business constantly questionning the validity of his episcopal career. However, the party came to interpret the reconsecration event of Dionysius as the subjection of the bishops of the MC to Antioch.But what that really took place was just its contrary. Dionysius did not count at all Antioch very seriously. Further influence from and contact with Antioch he discouraged. The position he maintained at the closing years of his rule was that Antioch was a trouble some affair to the internal freedom of the MC. Therefore, no more contact with Antioch. When in 1807 a bishop named Dioscorus had arrived from that persuation he used his influence to deport that unwanted bishop. The metropolitan was not successful, however, to implement a definite stand point with reference to his church's connection with Antioch on the basis of a unanimous opinion gathered from the whole church. The pro-Antiochene party which was working at the time for the cause of Antioch were reluctant to cease a connection of the MC with Antioch. Although the church leadership had posed resistence to admit the jurisdictional claims of Antioch, on the other hand, the church was subjected to what to be called the'West Syrianization'. The longer presence of the Antiochene bishops from 1751 was able to assist this process. Moreover, from that time onwards the insistence from the Antiochene side that the faith of the MC was Nestorian and heretical assisted considerably

the Antiochenization of the MC. In such context people did not desire to be the followers of heretical faith and the leadership of the church was not at all in a position ecclesiastically to give a substitute to the existing faith or to form a new one out of the elements from Antioch or Chaldean or from both. However, it should be noted that till the mid-19th century the Antiochene traditions were not popular in the MC. It was the opposition emerged within the church against the CMS missionaries and the reform party that encouraged the MC to lean more and more favourably towards the Antiochene traditions. Because from the 11th decision of a general assembly which met at Kandanad on 25th Aug. 1809 what we note is, that the Antiochene traditions had not been popular in the MC. Nevertheless, it was in the year 1876 in the synod met at Mulanthuruthy that a section within the MC formally decided to follow the West Syrian traditions. In that synod they also decided to accept the jurisdiction of the Patriarch,which till then had not been accepted by the MC. The real cause that led to such an acceptance was the opposition against the reform movement that was inaugurated by the Pro-Antiochene party themselves.

While summing up our discussions on the points above discussed the following salient features can be highlighted with reference to the Malankara-Antiochene connections.

From the beginning of the contact with Antioch what the MC expected out of it to possess were: (1) a valid historic episcopacy, and (2) a church tradition which is oriental in character. What Antioch expected out of its contact with Malankara were: (1) the extension of the

Thus the interests of the MC and of Antioch clashed in the MC without a proper settlement and continued to create divisive tendencies from time to time whenever contacts were beeing revived.

West Syrian church features in the MC and, (2) the stabilization of the jurisdictional authority of the Antiochene Patriarch. When compared to this situation of the MC during the Romo-Portuguese period, the interests of Antioch with regard to the MC were no more better. Thus the interests of the MC and of Antioch clashed in the MC without a proper settlement and continued to create divisive tendencies from time to time whenever contacts were being revived.

It is quite unfortunate to say that the MC came to disregard in the course of time an outlook about the development of a powerful ministry or an indigenous church of its own, which could stand on its own legs. The leaders of the Pakalomattam, the ancient priestly family, maintained a very narrow outlook about the episcopal ministry of the MC considering it as their sole family possession. What they desired to sustain were these: their family's sole leadership in the MC should go on well undisturbed by the foreigners and the local adversaries. They also favoured to adhere with the Syrian church traditions in its entireness so that no one should question the validity of its maintanance in their church. Being they in their ecclesiastical understanding ignorant, what they preferred always was a blind adherence to all foreign church

features which sounded to them 'Syrian'. Apart from these it is hard to say that they possessed with a genuine vision of a church of their own. Indeed the way the leadership of the MC utilized Antioch should be subjected to serious questionning. Did they make an appropriate use of that connection to the genuine strengthening and development of their church? It was used in most of the instances to show their protests to some of their local adversaries to display a kind of proudness that they were united with an ancient foreign church and with i ts tradit tions. If they made use of Antioch in the 17th and the 18th centuries to show their protests against the Roman Catholics, Mar Gabriel and the Dutch Calvinists, in the 19th century it was employed against the Anglican missionaries and the reform party. In the 20th century its use was entirely to vindicate the point of view of particular parties in the church. What all these show is only one point: the MC failed in utilizing the Antiochene connection in its deserving dimension. Instead of using it to achieve various developments of their church, it was used in those areas which were quite useless and harmful. Therefore, the MC was neither able to achieve the necessary church progress nor was able to preserve a corelation with Antioch which was healthier. The last 175 years' connection of the MC with Antioch is sufficient to prove this fact.

2. The Causes Leading toward the Development of an Official connection with Antioch in the 19th century.

All those causes could be gathered mainly under three divisions: One, the disintegration during the episcopate of Mar Thoma V and VI and effects; two, the establishment of the Old Seminary and some circumstances unfavourable took place before and after that event which seriously disturbed the Antiochene —Malankara connection; three, dissensions within the MC from 1836 to 1876 and their effects. About all these the following summary can be given.

We have said already about the dissension prevalent during the times of Mar Thomas V & VI. Although the latter made a submission to Antioch as it was viewed and interpreted by his pro-Antiochene adversaries, yet he did not count at all Antioch very seriously. The general mentality of him and his followers at the beginning of the 19th century with reference to the Antiochene connection was a negative one, although there had a group within the church favouring that connection. While they were moving in such a state of the affair they made their minds to seek a collaboration with the English. However, here again the factor that disturbed the maintanance of that connection was none else than the unsettled state of the MC's connection with Antioch.

The founding of the Old Seminary, the acceptance of episcopal consecration by Dionysius II from Thozhiyoor and the arrival of the CMS missionaries to the MC created much disturbances to the plans of the pro-Antiochenes who desired to maintain a deeper connection with Antioch of the MC. All the attempts of that party thereafter were to undermine the three things mentioned above. The factor behind the beginning of the Seminary were these: To achieve various progressess for the MC its leadership should have proper enlightenment in church matters; the cause behind the dissensions

ions and divisions often in the church was ignorance in church matters. To enlighten the MC the Antiochene contact was not at all a helpful factor. Therefore, to equip and train the members and leadership of the church an institution is necessary. As this awareness became strong in some circle from the time of contact of Claudius Buchanan with Dionysius I, to realize it the Seminary was founded at Kottayam. It was established within a shorter period entirely due to the deep interest and sympathetic consideration of the resident John Munro and at his persuation due to the help derived from the Ranee of Travancore. There is very little substance in the saying that this institution was established entirely through the efforts of the MC and due to her interest to educate clergy and laity. Ittooph Ramban of Pulikkottil, a leading clergy of the MC from Kunnamkulam, where Tippu's incursions affected very badly, and a close friend of Munro played remarkable role in executing the plan of the Seminary.

But Ittooph Ramban who played a vital role in the founding of the Seminary was caught in a serious trouble due to the transgression of the law related to the interest on star pagodas, which according to its original stipulation could be drawn only by the metropolitan of the MC. At Munro's persuation he utilized it in building the Seminary at a time a controversy in the church going on with regard to validity of its metropolitan Mar Thoma VIII. This forced him to seek episcopal consecration from Thozhiyoor with the designation Dionysius II. Dionysius II before his consecration had been a sturdy follower of the Antiochene party. But his consecration made him to seperate from the Pro-Antiochen party. The cause

In 1826 the restless Antiochene party brought into the MC an Antiochene bishop and thereby made a vain attempt to capture the leadership of the church and to do all what they had in their minds. The effort disastrously failed due to the presence of a strong influence of the local bisops which they maintained through the CMS missionaries on the British Resident and on the local govts.

was that party was reluctant to accept the validity of the episcopal order maintained in Thozhiyoor and its continuation through Dionysius in the MC. According to their view, the episcopacy directly conferred by Antioch alone is valid. It was in this situation foreseeing the possible oppositions, the Royal proclamation was issued by the local govts. at the suggestion of Munro and thus it became a custom till 1876 to confirm the office of the bishops of the MC. Indeed this custom became a serious hindrance to the Antiochene party and to their wishes in the MC. Because they were in no position to oppose the position of the bishops who were acknowledged by the states. In 1826 the restless Antiochene party brought into the MC an Antiochene bishop and thereby made a vain attempt to capture the leadership of the church and to do all what they had in their minds. The effort disastrously failed due to the presence of a strong influence of the local bishops which they maintained through the CMS missionaries on the British Resident and on the local govts.

By that time to the presence and service

of the missionaries in the MC there had a history of 10 years. Due to their sincere efforts in that church various programmes intending the progressess of the church had been implemented. The Bible was on the way of its translation in the local vernacular; schools were established in various Syrian parishes; at old seminary was given a systematic and useful training to the clergy of the church under the leadership of the misssionaries and the malpans; socially, economically, politically etc., the conditions of the church and its people were on the path of improvement; the clergy were marrying; the church had its own episcopacy derived from Thoziyoor and supported by the missionaries and local govts., statues were removed from the churches abolishing certain heathen customs and superstitious practices associated with them. These things were taking place in the MC. Bewildered by all these events, that too taking place without any co-operation or quite ignoring Antioch, the Pro-Antiochenes determined to arrest them. Their view point seems to be this: The MC had decided herself to utilize the CMS collaboration. If that collaboration do go on well, along with the functions of the seminary and the episcopacy from Thozhiyoor at the directions and the efforts of the missionaries, the MC soon would achieve a self-sufficient stand. When that would take place then there arise no more a need of Antioch and a connection with Antioch will come summarily to an end. Therefore, that should be not allowed to take place. They became very active to achieve the distruction of the functions carried out in the Seminary by the missionaries, the episcopacy from Thozhiyoor and the CMS -Malankara collaboration. Due to their work from 1826 to 1836 the first and the third they destroyed and by the year 1846 the second one too. After 1830 metropolitan, Dionysius IV, knowing not where to stand in the crisis, came completely under the influence of the Antiochene party particularly under the instructions of Konattu Abraham malpan, a virulent opponent of the missionaries, of the seminary and of the episcopacy from Thozhiyur. He not only destroyed the functions of the CMS in the MC and in the seminary but also did his best to cease the collaboration and by 1836 in a synod gathered at Mavelikkara he forced his will upon the gathered there to make a decision against the Malankara-CMS collaboration. Moreover, in that synod against all existing true facts of the time, he forced the assembly to make a declaration that the MC was subject to the West Syrian Church traditions and to the Patriarchate. In 1846 the episcopal succession maintained from Thozhiyur was also abruptly stopped by the tactic played by the Pro-Antiochene party led by the Konattu malpan. Indeed this malpan did such yeoman service for formal unification of the MC with Antioch in the 19th century. Fighting against the missionaries and the episcopacy from Thozhiyur he achieved it. Thus he put an end to the various progressess planned for the MC. The MC would have procured tremendous progressess as a church in India and would have developed as an independent church with its own ministry free from Antioch out of the glorious labours of the missionaries. But those opportunities were made deliberately distorted and destroyed due to the narrow church vision maintained by a group of people in the MC disposed unjustifiably towards Antioch. Not only that they introduced into the church an era of war making the

Old Seminary completely in a disfunctioned state. After 1836 we have no record that the seminary functioned at all. When it came under the Dionysian party at the end of that century the kind of church education tried to be transmitted became mainly pro-Antiochene oriented than an Indian one. Whether the MC had any profit out of that is to be seriously contested. Even still the predominant emphasis in the Seminary is for an Antiochen Syrian oriented education, which to what extent will be helpful is to be doubted particularly in stimulating the leadership of the MC in their aim of rebuilding a true Indian church with its own spirituality and true patriotism.

From 1836 there had a group within the MC who did not desire to be carried away by the partially dominated instructions of Konattu malpan and Dionysius IV. Utilizing the favourable pro-Antiochene climate found at the time within the MC, they made contact with Antioch and got strengthened their leadership with a proper episcopal ministry against their rivals in the church. As they were strengthened their rivals too approached Antioch for strengthening. Though Antioch tried its best to strengthen them the attempts did not succeed. As the result of these their position became more precarious. Now as the last step in this direction they brought in the Antiochene Patriarch to suppress their opponents. The Patriarch was more than happy to come to Kerala and to involve in the conflicts. Coming to Kerala by the middle of 1875 he established himself supreme over the party which invited him. Hoping that the patriarch would give them assistance to achieve the deposition of their rivals, they yielded to all the demands of Antioch. They accepted the patriarch as their supreme head. They also declared formally their willingness to be the followers of the Antiochene church traditions. A synod convoked at Mulanthuruthy in June 1876 under the leadership of the Antiochene Patriarch and at the instructions of the Indian bishop, Dionysius V was an important event in this direction. But unfortunately nothing was realized according to the original plan of this synod. Its decisions came to be ignored later on especially in the face of crisis that developed in that section with reference to the nature of the Patriarchal authority in the MC.

It became impossible for him to bear with the Patriarch and with his desire for power. Therefore, a reaction was developed against the Patriarch and his proceedings, following the Synod of Mulanthuruthy, in the Dionysian section. Its impacts continually felt upon that section althrough the 20th century.

Soon after the synod it became clear to the Patriarch that the intention of the party which invited him to Kerala was not to grant his supposed power over them. He prepared his own plans for implementation within them so that there should remain no uncertainty about his authority there. Against the non-co-operation and unwillingness of the existing bishop, Dionysius V, Patriarch Peter III conferred consecration on 6 more bishops, entirely under his own discretion and instruction. From them he secured assurances in the form of legal documents so that he might force his will if necessary further upon them. Thus hoping for an

Indian section under his jurisdiction he left India. But the Kind of relationship viewed and implemented by the Patriarch did not last for a long time. Dionysius V, who had invited the Patriarch found himself placed in a troubled and deeply humiliated situation. It became impossible for him to bear with the Patriarch and with his desire for power. Therefore, a reaction was developed against the Patriarch and his proceedings, following the Synod of Mulanthuruthy, in the Dionysian section. Its impacts continually felt upon that section althrough the 20th century.

3. A Troubled state of the Malankara-Antiochene connection after the Synod of Mulanthuruthy.

Although in the Mulanthuruthy synod a foundation was laid intending a deeper connection of the MC with Antioch, that plan did not work at all. The connection between them became worst as time went on. Here it should be noted that the main preoccupation of that synod was not for a deeper connection with Antioch as such. Its purpose, on the other hand, at the time was to get the Patriarchal support to achieve the deposition of the reform party in legal suits. To get the Patriarchal support, the synod was forced to concur with the Patriarchal demands against their wills. As the Patriarchal demands became much more unbearable Dionysius V refused to admit them and came to ignore the resolutions of the synod. In this situation the Dionysian section went on their own ways and the Patriarch too as he desired. Therefore, the kind of connection viewed by the Patriarch or by the Dionysian section did not function in the MC. Although the deliberate proceedings of the Patriarch had created troubles to Dionysius, yet relying partly both upon them and upon the resolutions of the synod he planned to form a new formula to base the nature of the connection between the MC and the Patriarchate. The legal outcomes which came forth out of the proceedings against the reform party were of much help in this regard. Taking into account the Royal Court Judgement of 1889 a clear bifurcation was made with reference to the nature of the connection. It was held, that in spiritual affairs alone the MC had connection with Antioch and the Antiochene Patriarch cannot make a claim over the internal jurisdiction and temporal affairs of the MC. By this measure, the intention of Dionysius V was to control the unqualified jurisdictional claims of Antioch over the MC. But the Patriarch was unwilling to go by that mandate. The hierarchy constituted by him in Kerala became weak due to the lack of support from Dionysius and due to the deaths of the bishops one after another. The authority claimed by Antioch remained in an unsettled state and Abdulla II in 1909 tried to revive it coming to Kerala. His attempt was to reestablish the Patriarchal authority in both spiritual and temporal aspects, which had been questioned by the Indians on the basis of legal out comes. The result was a prolonged conflict in the MC between two parties one in favour of the Patriarch and the other against. Bishop Dionysius VI, the successor of Dionysius V, and his party who stood against the unqualified ambitions of the Patriarch was excommunicated by the Patriarch. But they did not leave the matter to rest there. They brought in a state derecognized contemporary Antiochene Patriarch and proclaimed that in jurisdictional matters they were free from Antioch and from its control. For this purpose they established the Catholicate

in 1912. After half a century legal battles in the courts they established their view point as supreme. Due to the experience of a complete set-back in the legal battles the Patriarchal party made plans to reunite with the Catholicos' party, which however, was once again broken down in 1973 leading to division.

Conclusion

It was through the events that occurred during the last 300 years the relation of the MC with Antioch developed and became worst. The rise of divisions within the church made it easier for Antioch to enter there and to stabilize its jurisdictional claims and traditions. Thus exploiting the weekest points and divisive elements found there it entered there. Its enterances there were not on the basis of any negotiated settlements. Knowing well the unenlightened, superstitious and poor church conditions of the MC, Antioch drew near to its influence certain individuals out of the reputed families and lending support to them and relying much upon their exertions, tried to stabilize their hold over the MC from time to time systematically. If they had used in the 18th the Kattumangattu family for this purpose, in the 19th and the 20th centuties they used the Konattu and similar other families to fulfil their plans. It was entirely through the timely performances of these families the MC was carried away to become a part of the West Syrian church in traditions. But the issue concerning the Patriarchal authority remained a thorny problem undigested by a section within the MC. Thus such an unappreciable way had the development of the connection between the MC and Antioch in the past.

The factor that persuaded the MC to maintain connection with and to remain in the church traditions of Antioch, was its undue attraction and unjustifiable zeal shown towards Syrianism. To what extent these features are justifiable on the basis of the essence of Christianity is a serious question to be properly evaluated by all those who are concerned with that matter. The MC had no accurate knowledge about Antioch or about its significance in the light of a proper historical and theological investigation in the past. Concerning Antioch till recent the view sustained was mere hypothetical and fanatical than factual. This feature of the MC was the most deplorable factor working behind all the divisions and contentions in that church. Only when that people get out of their church ignorance, then alone a right relation with Antioch would be possible to maintain. The kind of connection that had been established with the MC by Antioch of by the MC with Antioch during the past, exploiting the unenlightened condition of the MC in ecclesiastical matters has no more a bright future.

Best Compliments from:

C. I. ALEXANDER
'Thekkeveettil'
4, College Road,
Madras-600 006
Phone: 472766

Knick Knack
FOOD PRODUCTS

KNICK KNACK FOOD PRODUCTS
C-5, Mvgappair Industrial Estate,
Padi,
Madras-600 050
Phone: 65 68 46

SUJA & Co., 450378

ESKIMO
Restaurant,
Dhun Building,
827, Mount Road,
Madras-600 002
Phone: 83 29 84

Best Compliments from:

MR. A. E. THOMAS

●

DR. A. THOMAS EAPEN

'ADANGAPURAM'
MADRAS

●

DR. A. THOMAS GEORGE
No. 12, Fourth Lane,
Nungambakkam High Road,
Madras-600 034

Vijaya Hospital
180, N. S. K', Salai,
Madras-600 036

ഫാ. എം. ഒ. ജോൺ

നവീകരണക്കാരുമായുള്ള ബന്ധം വിഛേദിച്ച് സമുദായത്തെ രണ്ടായി പിളർക്കുവാൻ മുളന്തുരുത്തി സുന്നഹദോസ് കാരണമാക്കി, മുളന്തുരുത്തി സുന്നഹദോസ് നിശ്ചയങ്ങളുടെ അനന്തരഫലമായി ചുരുങ്ങിയ കാലത്തിനുള്ളിൽ സഭ വീണ്ടും പിളർന്നു. മലങ്കര സഭയിൽ ഇന്നുള്ള പല പ്രശ്നങ്ങൾക്കും അടിത്തറ പാകിയത് മുളന്തുരുത്തി സുന്നഹദോസാണെന്ന് നിസ്സംശയം പറയാം.

മുളന്തുരുത്തി സുന്നഹദോസ് മലങ്കര സഭാചരിത്രത്തിലെ വഴിത്തിരിവ്

1599-ൽ നടന്ന ഉദയംപേരൂർ സുന്നഹദോസ് മലങ്കര സഭയെ പരിപൂർണമായി റോമാ സഭയുടെ സ്വാധീനത്തിൽ വരുത്തുവാൻ ശ്രമിച്ചെങ്കിൽ 1876–ൽ നടന്ന മുളന്തുരുത്തി സുന്നഹദോസ് ഈ സഭയെ പരിപൂർണ്ണമായി അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധീശത്തിൽ വരുത്തി. 1599–ന് ശേഷം 1653 ൽ ഒരു കൂനൻകുരിശ് സത്യം നടന്നു. 1876–ന് ശേഷവും മറ്റൊരു കൂനൻ കുരിശു സത്യം അത്യാവശ്യമായിരുന്നു. എന്നാൽ എന്തുകൊണ്ട് അതു നടന്നില്ല. 1912–ൽ നടന്ന കാതോലിക്കാ സ്ഥാപനവും തന്മൂലം നടന്ന സ്വാതന്ത്ര്യപ്രഖ്യാപനവും പുതിയ കൂനൻ കുരിശു സത്യമായി പരിഗണിക്കാമോ?

നവീകരണക്കാരുമായുള്ള ബന്ധം വിഛേദിച്ച സമുദായത്തെ രണ്ടായി പിളർക്കുവാൻ മുളന്തുരുത്തി സുന്നഹദോസ് കാരണമാക്കി. മുളന്തുരുത്തി സുന്നഹദോസ് നിശ്ചയങ്ങളുടെ അനന്തര ഫലമായി ചുരുങ്ങിയ കാലത്തിനുള്ളിൽ സഭ വീണ്ടും പിളർന്നു. മലങ്കര സഭയിൽ ഇന്നുള്ള പല പ്രശ്നങ്ങൾക്കും അടിത്തറ പാകിയതു മുളന്തുരുത്തി സുന്നഹദോസാണെന്നു നിസ്സംശയം പറയാം.

സുന്നഹദോസിന്റെ പശ്ചാത്തലം

1665–ൽ അന്ത്യോഖ്യൻ സഭയുടെ യറുശലേമിലെ മാർ ഗ്രീഗോറിയോസ് മല

കരയിൽ വന്നതോടെയാണു മലങ്കര സഭ അന്ത്യോഖ്യൻ സഭയുമായുള്ള ബന്ധത്തിൽ പ്രവേശിക്കുന്നതു്. ഇരു സഭകളുമായുണ്ടായ ആ ബന്ധം കാലക്രമേണ വളന്നു. 18–ാം നൂററാണ്ടിന്റെ മദ്ധ്യം മുതൽ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാരത്തിൻ കീഴിൽ മലങ്കര സഭയെ കൊണ്ടുവരുവാനായി പാത്രിക്കീസിന്റെ ഭാഗത്തുനിന്നും ശ്രമങ്ങൾ നടന്നു. മലങ്കര സഭയുടെ എതിർപ്പു മൂലം അതു ഫലപ്രാപ്തിയിലെത്തിക്കുവാൻ പാത്രിയർക്കീസന്മാർക്കു സാധിച്ചില്ല. 19–ാം നൂററാണ്ടിന്റെ ആരംഭത്തിൽ പാത്രിയർക്കീസിനെ എല്ലാ വിധത്തിലും അനുകൂലിക്കുന്ന ഒരു കക്ഷിയെ മലങ്കര സഭയിൽ സംഘടിപ്പിച്ചെടുക്കുവാൻ, ഇവിടെ പല കാലങ്ങളിലായി താമസിച്ചിരുന്ന സുറിയാനി മെത്രാന്മാർക്കു സാധിച്ചു.

19–ാം നൂററാണ്ടിന്റെ ആരംഭത്തിൽ സി. എം. എസ്. മിഷനറിമാർ ഈ നാട്ടിലെത്തി. മലങ്കര സഭ ആദ്യം അവരുമായി നല്ല സൗഹൃദബന്ധം പുലർത്തുകയും സഭയുടെ ആത്മികവും ലൗകികവുമായ പുരോഗതിക്കു മിഷനറിമാരുടെ സഹായം ഉപയോഗിക്കുകയും ചെയ്തു. മലങ്കര സഭയിൽ നിലവിലുണ്ടായിരുന്ന പാരമ്പര്യങ്ങൾക്കുവ്യതിയാനം വരുത്തുവാൻ മിഷനറിമാരും സഭയിലെ ഒരു വിഭാഗവും ശ്രമിച്ചപ്പോൾ മറെറാരു വിഭാഗം അതിനെ എതിർക്കുകയും മലങ്കര സഭ മിഷനറിമാരുമായുള്ള ബന്ധം വിഛേദിക്കുകയും ചെയ്തു. എന്നാൽ ഈ സഭയിലെ അഗണ്യമല്ലാത്ത ഒരു വിഭാഗം സി. എം. എസ്. മിഷനറിമാരുടെ ആശയങ്ങളെ പിൻതാങ്ങുകയും സഭയിൽ നവീകരണം ആവശ്യമെന്നു വാദിക്കുകയും ചെയ്തു. ഈ വിഭാഗത്തിനു നേതൃത്വം നൽകിയ പാലക്കുന്നത്തു് അബ്രഹാം മല്പാൻ സ്വന്തം അനന്തരിവൻ, മാത്യൂസ് ശെമ്മാശനെ മെത്രാൻ സ്ഥാനം ഏൽക്കുന്നതിനായി മലങ്കര സഭയുടെ അറിവോ സമ്മതമോ കൂടാതെ അന്ത്യോഖ്യയിലേക്കയച്ചു. പാത്രിയർക്കീസിനാൽ മാത്യൂസ് മാർ അത്താനാസ്യോസ് എന്ന പേരിൽ അവരോധിതനായ അദ്ദേഹം 1843–ൽ മലങ്കരയിൽ എത്തി. അന്നത്തെ മലങ്കര മെത്രാപ്പോലിത്തയായിരുന്ന മാർ ദിവന്നാസ്യോസിനെ സഭാനേതൃത്വത്തിൽനിന്നു കററി, ആ സ്ഥാനം കരസ്ഥമാക്കുന്നതിനു മാർ അത്താനാസ്യോസ് ശ്രമിച്ചു. ഈ പ്രതിസന്ധിയിൽ മാർ ദിവന്നാസ്യോസിനെ സഹായിക്കുവാൻ യൂയാക്കിം മാർ കുറിലോസ് എന്ന മെത്രാനെ 2846–ൽ പാത്രിയർക്കീസ് മലങ്കരയിലേക്കയച്ചു. ബ്രിട്ടീഷുകാരുടെയും തിരുവിതാംകൂർ സർക്കാരിന്റെയും പിൻതുണ ഉണ്ടായിരുന്ന അത്താനാസ്യോസിനെ നേരിടാൻ ദിവന്നാസിയോസിനും കഴിഞ്ഞില്ല.

തിരുവിതാംകൂർ സർക്കാർ 1852–ൽ മാത്യൂസ് മാർ അത്താനാസ്യോസിനെ 'മലങ്കര മെത്രാപ്പോലീത്തായായി' അംഗീകരിച്ചുകൊണ്ടുള്ള രാജകീയ വിളമ്പരം പുറപ്പെടുവിച്ചു. മാർ അത്താനാസിയോസിൽ നിന്നു് അന്ത്യ കൂദാശകൾ സ്വീകരിച്ചശേഷം 1855–ൽ മാർ ദിവന്നാസിയോസ് iv–മൻ ദിവംഗതനായി. ഈ സാഹചര്യത്തിൽ നാട്ടുകാരനായ ഒരു മേൽപ്പട്ടക്കാരന്റെ ആവശ്യകത ബോധ്യമായ, നവീകരണത്തെ എതിർത്ത കക്ഷികൾ, പുലിക്കോട്ടിൽ ജോസഫ് കത്തനാരെ മെത്രാൻ സ്ഥാനം പ്രാപിക്കാനായി അന്ത്യോഖ്യയിലേക്കയച്ചു. 'ദിവന്നാസിയോസ് v–മൻ' എന്ന പേരിൽ മെത്രാൻ സ്ഥാനം പ്രാപിച്ച അദ്ദേഹം 1865–ൽ മലങ്കരയിൽ മടങ്ങിയെത്തി. കുറിലോസും, ദിവന്നാസിയോസ് v–മനും ഒരുമിച്ചു ശ്രമിച്ചിട്ടും അത്താനാസിയോസിനു് അനുകൂലമായ രാജകീയ വിളംബരം റദ്ദാക്കുവാനോ, നീതിന്യായ കോടതികളിലൂടെ തങ്ങൾക്കനുകൂലമായ ഒരു തീരുമാനം നേടി എടുക്കുവാനോ സാധിച്ചില്ല. 1874–ൽ യൂയാക്കിം മാർ കുറിലോസ് ദിവംഗതനായതോടെ പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ട ഉത്തരവാദിത്വം മുഴുവൻ മാർ ദിവന്നാസിയോസ് v–മനിൽ നിക്ഷിപ്തമായി.

അന്നത്തെ അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന ഇഗ്നാത്തിയോസ് പത്രോസ് ത്രിതിയനെ മലങ്കരയിലേക്കു ക്ഷണിച്ചു് വരുത്തി ഇവിടത്തെ പ്രതിസന്ധിക്കു് അറുതിവരുത്തുവാനായി മാർ ദിവന്നാസിയോസ് ശ്രമിച്ചു. 1875–ൽ മലങ്കരയിൽ എത്തിയ പത്രോസ് ത്രിതിയനു് അധികം താമസിയാതെ അത്താനാസ്യോസിനു് അനുകൂലമായ രാജകീയ വിളംബരം പിൻവലിപ്പിക്കുവാൻ സാധിച്ചു. ഇതു ജനങ്ങളുടെയിടയിൽ പാത്രിയർക്കീസിനു വളരെയധികം സ്വാധീനവും ബഹുമാനവും ഉണ്ടാകുവാൻ കാരണമായി. ദിവന്നാസിയോസ് രണ്ടാമന്റെ കാലം മുതൽ മലങ്കര മെത്രാപ്പോലീത്തന്മാർക്കു രാജകീയ വിളംബരം ലഭിക്കുന്നുണ്ടു്. അത്താനാസിയോസിന്റെ രാജകീയ വിളംബരം പിൻവലിക്കുകയും ഇനിയും മേൽ മലങ്കര മെത്രാപ്പോലിത്തന്മാർക്കു രാജകീയ വിളംബരം ആവശ്യമില്ലെന്നു തിരുവിതാംകൂർ സർക്കാർ നിർദേശിക്കുകയും ചെയ്തു. മലങ്കര സഭയെ തിരുവിതാംകൂർ സർക്കാരിന്റെ നിയന്ത്രണത്തിൽനിന്നു വിടർത്തി 'പാത്രിയർക്കീസിന്റെ' പൂർണ്ണ അധികാരത്തിൻ കീഴിൽ കൊണ്ടുവരുവാൻ ഇതു പാത്രിയർക്കീസിന്റെ ആഗ്രഹത്തിനു് അറിഞ്ഞോ അറിയാതെയൊ മാർ ദിവന്നാസ്യോസ് പിൻതുണ നൽകി. പാത്രിയർക്കീസ് അധികം താമസിക്കാതെ മാത്യൂസ് മാർ അത്താനാസ്യോസിനെ മുടക്കി.

പാത്രിയർക്കീസിന്റെ ചെയ്തികൾ മൂലം നവീകരണ വിഭാഗത്തിന്റെ ശക്തി കുറഞ്ഞു. അത്താനാസ്യോസിന്റെ പക്ഷത്തുനിന്നും ദിവന്നാസ്യോസിന്റെ പക്ഷത്തേക്കു് ആളുകൾ പ്രവഹിക്കുവാൻ തുടങ്ങി. ദിവന്നാസ്യോസ് v–മനെ ഒരു വലിയ പ്രതിസന്ധിയിൽ നിന്നും 'രക്ഷിച്ച' പാത്രിയർക്കീസ്, തിരിച്ചും ചില കാര്യങ്ങൾ പ്രതീക്ഷിച്ചു. ആ പ്രതീക്ഷകൾക്കു് അംഗീകാരം ലഭിക്കുവാൻ അദ്ദേഹം വിളിച്ചു കൂട്ടിയ സമ്മേളനമാണു മുളന്തുരുത്തി സുന്നഹദോസ്.

മുളന്തുരുത്തി സുന്നഹദോസ്.

മുളന്തുരുത്തിയിൽ മാർത്തോമ്മാ ശ്ലീഹായുടെ നാമത്തിലുള്ള ദേവാലയത്തിൽ 1876 ജൂൺ 27 മുതൽ 29 വരെ, അന്ത്യോഖ്യായുടെ പാത്രീയർക്കീസായിരുന്ന പത്രോസ് ത്രിദിയന്റെ അദ്ധ്യക്ഷതയിൽ സുന്നഹദോസ് നടന്നു. 25 ദിവസത്തെ മാത്രം നോട്ടീസ് കൊടുത്തു യാത്ര ദുരിതപൂർണമായിരുന്ന ഇടവപ്പാതിക്കാലത്തു കൂടിയതുകൊണ്ടായിരിക്കാം പ്രതീക്ഷിച്ചതിലും കുറച്ചു പ്രതിനിധികളെ യോഗങ്ങളിൽ സംബന്ധിച്ചുള്ളു. എല്ലാ പള്ളിക്കാരേയും സുന്നഹദോസിലേക്കു ക്ഷണിച്ചില്ല എന്ന ആക്ഷേപവുമുണ്ടു്. മലങ്കര സഭയിൽ അന്നു് 180 ഓളം പള്ളികൾ ഉണ്ടായിരുന്നു. ഒരു പള്ളിയിൽ നിന്നു് 3 പ്രതിനിധികൾ വച്ചു കണക്കാക്കിയാൽ

നല്ല ലക്ഷ്യത്തോടു കൂടി നേരാംവണ്ണം വിളിച്ചു കൂട്ടപ്പെട്ടതും നടത്തപ്പെട്ടതുമായ ഒരു സമ്മേളനം എന്നു് സുന്നഹദോസിനെ കുറിച്ച് പറയുവാൻ നിവർത്തിയില്ല.

540 പ്രതിനിധികൾ പങ്കെടുക്കേണ്ടതായിരുന്നു. എന്നാൽ 102 ഓ 103 പള്ളികൾ മാത്രമെ പ്രതിനിധികളെ അയച്ചിരുന്നുള്ളു. 77 പള്ളികൾ പ്രതിനിധികളെ അയച്ചില്ല. അതായതു മലങ്കര സഭയിലെ 57 ശതമാനം പള്ളികൾ മാത്രമെ മുളന്തുരുത്തി സുന്നഹദോസിൽ സംബന്ധിച്ചുള്ളു. സംബന്ധിക്കാതിരുന്ന ഭൂരിപക്ഷം പള്ളികളും സുന്നഹദോസ് വിളിച്ചു കൂട്ടുവാനുള്ള പാത്രിയർക്കീസിന്റെ അധികാരത്തെ തന്നെ ചോദ്യംചെയ്തു. സംബന്ധിച്ചവരിൽ 281 പേർ മാത്രമെ സുന്നഹദോസ് നിശ്ചയങ്ങളിൽ ഒപ്പ് വച്ചിട്ടുള്ളു. പ്രാതിനിത്യ സ്വഭാവത്തിൽ അല്ല സുന്നഹദോസ് നിശ്ചയത്തിൽ ഒപ്പ് വെച്ചിരിക്കുന്നതു് എന്നതാണു് അതിലും വിചിത്രം. 26 പള്ളികളിൽ നിന്നു് ഒരോരുത്തരും 28 പള്ളികളിൽ നിന്നു് രണ്ടു പേർ വീതവും മററു പള്ളികളിൽ നിന്നു് 3 മുതൽ 9 പേർ വീതവും ഒപ്പു വച്ചിട്ടുണ്ടു്. എന്തു് അവകാശത്തിന്റെ പേരിൽ ചില

പള്ളികളിൽ നിന്നു 9 പേർ ഒപ്പുവച്ചു? ഇങ്ങനെ നടത്തപ്പെട്ട ഒരു സുന്നഹദോസിനെ മലങ്കര സഭയുടെ സുന്നഹദോസായി എങ്ങനെ സ്വീകരിക്കുവാൻ സാധിക്കും! വാസ്തവത്തിൽ എല്ലാ പള്ളിക്കാരും സുന്നഹദോസിൽ സംബന്ധിച്ചോ, യഥാർത്ഥ പ്രാതിനിത്യ സ്വഭാവം അതിനുണ്ടോ എന്നൊന്നും അത് വിളിച്ചു കൂട്ടിയവർ ശ്രദ്ധിച്ചില്ല. നല്ല ലക്ഷ്യത്തോടു കൂടി നേരാംവണ്ണം വിളിച്ചു കൂട്ടപ്പെട്ടതും നടത്തപ്പെട്ടതുമായ ഒരു സമ്മേളനം എന്നു സുന്നഹദോസിനെ കുറിച്ചു പറയുവാൻ നിവർത്തിയില്ല.

അത്താനാസ്യോസിൻെറയും കൂട്ടരുടെയും മേലുള്ള വിജയം ഉറപ്പിക്കുവാൻ ദിവന്നാസ്യോസിൻെറയും കൂട്ടരുടേയും ആഗ്രഹപ്രകാരം അവർക്കിഷ്ടമുണ്ടായിരുന്ന സ്ഥലത്തും സമയത്തും വിധത്തിലും അവരുടെ അനുകൂലികളെ ഒന്നിച്ചു പാത്രിയർക്കീസ് വിളിച്ചുകൂട്ടി നടത്തിയതായ ഒരു സമ്മേളനം! സഭ മുഴുവനും പാത്രിയർക്കീസിൻെറ അധികാരത്തിൻ കീഴിൽ ദിവന്നാസ്യോസിൻെറ കൂടെയാണെന്നു തെളിയിക്കണം. അതു വഴി നവീകരണ വിഭാഗങ്ങളെ വ്യവഹാരങ്ങളിൽ മുട്ട കുത്തിച്ച് അവരുടെ അധീനതയിൽ ഉള്ള പള്ളികളും സ്വത്തുക്കളും പിടിച്ചെടുക്കണം. ഇതായിരുന്നു സുന്നഹദോസിൽ സംബന്ധിച്ചവരുടെ ആഗ്രഹം. സഭയിൽ ഉണ്ടായ പ്രതിസന്ധി സമാധാനപരമായി പരിഹരിക്കാൻ വേറൊരു മാർഗവും അവർ കണ്ടില്ല. തന്മൂലം പാത്രിയർക്കീസ് ആഗ്രഹിച്ച ഒരവസ്ഥയിലേക്കു ഈ സഭയെ കൊണ്ടെത്തിക്കുവാൻ അദ്ദേഹത്തിനും സാധിച്ചു.

സുന്നഹദോസ് നിശ്ചയങ്ങൾ:

സുന്നഹദോസ് തീരുമാനങ്ങൾ അത്താനാസ്യോസിനും കൂട്ടർക്കും എതിരായിരുന്നു എന്നു മാത്രമല്ല ദിവന്നാസിയോസിൻെറയും കൂട്ടരുടെയും താത്പര്യങ്ങൾക്കു അനുയോജ്യവുമല്ലായിരുന്നു. സുന്നഹദോസ് തീരുമാനങ്ങളെപ്പററി എൽ.ഡബ്ല്യൂ ബ്രൗണിനുള്ള അഭിപ്രായം ശ്രദ്ധേയമാണ്: 1876–ലെ മുളന്തുരുത്തി സുന്നഹദോസ' നിശ്ചയങ്ങളും പൊതുവായ യാതൊരുവിധ ചർച്ചയുടെയും ഫലമായുണ്ടായ സമ്മതത്തിൻെറ അടിസ്ഥാനത്തിൽ അംഗീകരിച്ചവയായിരുന്നില്ല. സ്വന്തം നില ഉറപ്പിക്കുവാൻ വേണ്ടി പാത്രിയർക്കീസ് അവയെ അവതരിപ്പിച്ചു. ഇൻഡ്യാക്കാരാകട്ടെ മാത്യൂസ് മാർ അത്താനാസ്യോസിനും അദ്ദേഹത്തിൻെറ കക്ഷിക്കും എതിരായി പാത്രിയർക്കീസിൻെറ പിൻതുണ തങ്ങൾക്കാവശ്യമായിരുന്നതിനാൽ അവയെ സ്വീകരിക്കുകയും ചെയ്തു.*

ജൂൺ 29–നു രാവിലെ 7 മണിക്കാരംഭിച്ച് രാത്രി 8 മണിവരെ നടന്നതായ യോഗത്തിൽ 18 തീരുമാനങ്ങൾ പാസ്സാക്കി. തീരുമാനങ്ങൾക്കു മുമ്പായി പാത്രിയർക്കീസ് നടത്തിയ പ്രസംഗങ്ങളിൽ 3 കാര്യങ്ങൾ ഊന്നിപ്പറയുവാൻ അദ്ദേഹം ശ്രദ്ധിച്ചു.

1. പരാതനകാലം മുതലെ മലങ്കര സഭ അന്ത്യോഖ്യൻ സിംഹാസനത്തിൻെറ അധികാരത്തിൻ കീഴിൽപ്പെട്ടതാണ്.

2. അന്ത്യോഖ്യാപാത്രിയർക്കീസിൻെറ അധികാരം ഇന്നു് എന്നതുപോലെ എന്നും വ്യാപരിച്ചിരുന്നു

3. ഈ സത്യങ്ങൾ എല്ലാം മനസ്സിലാക്കി മലങ്കര സഭാമക്കൾ ഇടവകകളും സഭ മുഴുവനും—ഒരു ഉടമ്പടി മൂലം പാത്രിയർക്കിസിൻെറ അധികാരം അംഗീകരിച്ചാൽ ഇനിയും മലങ്കരയിൽ പ്രശ്നങ്ങൾ ഒന്നും ഉണ്ടാകുകയില്ല.

സുന്നഹദോസ് തീരുമാനങ്ങൾ രണ്ടു ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടുള്ളതായിരുന്നു. അത്താനാസ്യോസിനെതിരായി ദിവന്നാസ്യോസ് കൂട്ടരെ ശക്തിപ്പെടുത്തുക. അന്ത്യോക്യാ പാത്രിയർക്കീസിനു മലങ്കര സഭയുടെ മേൽ പരിപൂർണ അധികാരവും നിയന്ത്രണവും ഉണ്ടെന്നു വസ്തുനിഷ്ഠമായി മലങ്കര സഭയെ കൊണ്ടു സമ്മതിപ്പിക്കുക.

x L.W. Brown, The Indian Xians of st Thomas, cambridge 1956 p.146

മലങ്കര സഭയിലെ ഒരോ ഇടവകകളും പാത്രിയർക്കീസിൻെറ അധിശത്വം അംഗീകരിക്കുകയും 'യാക്കോബായ വിശ്വാസം' പുലർത്തുകയും ചെയ്തുകൊള്ളാമെന്നു സമ്മതിക്കുന്ന രജിസ്ററർ ഉടമ്പടി പാത്രിയർക്കിസിനു് എഴുതി കൊടുക്കണമെന്നു സുന്നഹദോസ് നിശ്ചയിച്ചു. മലങ്കര സഭ പാത്രിയർക്കാ സിംഹാസനത്തിലേക്കു റിശീസാ അയച്ചു കൊടുക്കണമെന്നും തീരുമാനിച്ചു. മലങ്കര സഭാഭരണം നേരാംവണ്ണം നിർവഹിക്കുവാനും നവീകരണക്കാരുമായുള്ള വ്യവഹാരങ്ങളിൽ മെത്രാപ്പോലീത്തായെ സഹായിക്കുവാനുമായി ഒരു അസോസിയേഷനേയും അതിനൊരു കമ്മിററിയേയും സുന്നഹദോസ് നിശ്ചയിച്ചു.

പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസിനേയും കൂട്ടരേയും സംബന്ധിച്ചിടത്തോളം മുളന്തുരുത്തി സുന്നഹദോസ് അത്താനാസിയോസിൻെറയും നവീകരണക്കാരുടെയും മേൽ ഒരു വൻ വിജയമായിരുന്നു.

യാക്കോബായ വിശ്വാസവും ആരാധനയും പള്ളികൾ പ്രചരിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു. സുന്നഹദോസിനുശേഷം പാത്രിയക്കീസിൻെറ ആഗ്രഹത്തിനു് അനുസരിച്ചു ജോസഫ് ദിവന്നാസ്യോസ് പൂർണമായി വഴങ്ങുന്നില്ല എന്നു കണ്ടപ്പോൾ പാത്രിയർക്കീസ് സ്വന്തം ഇഷ്ടപ്രകാരം 6 പേരെ മെത്രാന്മാരായി വാഴിച്ചു.

മെത്രാൻസ്ഥാനം നല്കുന്നതിനുമുമ്പ് അവരിൽനിന്നു പാത്രിയക്കീസിനു് അവരുടെ മേൽ സവ്വാധികാരം ഉണ്ടെന്നു സമ്മതിക്കുന്ന ഉടമ്പടിയും അദ്ദേഹം എഴുതി വാങ്ങി.

പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസിനേയും കൂട്ടരേയും സംബന്ധിച്ചിടത്തോളം മുളന്തുരുത്തി സുന്നഹദോസ് അത്താനാസ്യോസിൻെറയും നവീകരണക്കാരുടെയും മേൽ ഒരു വൻവിജയമായിരുന്നു. മലങ്കര സഭ പ്രൊട്ടസ്റ്റാൻറു വിശ്വാസത്തിലേക്കു പോയപ്പോൾ നേരായ വിശ്വാസവും, ആരാധനയും അച്ചടക്കവും, കൈവരുത്തുവാൻ സുന്നഹദോസ് സഹായിച്ചുവെന്നു്, സുന്നഹദോസിനെ അനുകൂലിക്കുന്നവർ അവകാശപ്പെടുന്നുവെങ്കിലും അതെത്രമാത്രം വസ്തുനിഷ്ഠമാണെന്നു സംശയമുണ്ടു്.

മലങ്കര സഭാ ചരിത്രത്തിലെ വലിയ ഒരു വഴിത്തിരിവായിരുന്നു മുളന്തുരുത്തി സുന്നഹദോസ്. നൂററാണ്ടുകളായി ഈ സഭ അനുഭവിച്ചു വന്ന സ്വാതന്ത്ര്യവും 16, 17, 18 നൂററാണ്ടുകളിൽ വിദേശ ആധിപത്യങ്ങൾക്കെതിരായി നടത്തിയ സമര ചരിത്രങ്ങളും വിസ്മരിച്ച്...............

സുന്നഹദോസിൻെറ നേട്ടങ്ങൾ എന്തു തന്നെയായാലും മലങ്കരസഭയുടെ അതുവരെയുള്ള ചരിത്രത്തിനും പാരമ്പര്യത്തിനും നിരക്കാത്ത കാര്യങ്ങളായിരുന്നു സുന്നഹദോസിൻെറ പല തീരുമാനങ്ങളും. മലങ്കര സഭയ്ക്കു പുരാതനകാലം മുതലെ അന്ത്യോക്യൻ സഭയുമായി ബന്ധം ഉണ്ടായിരുന്നുവെന്നും ആദിമുതലെ അന്ത്യോക്യാ പാത്രിയർക്കീസിൻെറ അധീശത്വം മലങ്കരസഭ അംഗീകരിച്ചിരുന്നു എന്നും പറയുന്ന സുന്നഹദോസിൻെറ വാദം അടിസ്ഥാനരഹിതമാണ്. മലങ്കര സഭയുടെ ചരിത്രത്തെക്കുറിച്ചുള്ള അജ്ഞതയും തെററിധാരണയും പ്രകടിപ്പിക്കുന്നതാണീവാദം.

മുളന്തുരുത്തി സുന്നഹദോസ് ദിവന്നാസ്യോസിനും കൂട്ടർക്കും മാത്രമല്ല അന്ത്യോക്യാ പാത്രിയക്കീസിനും ഒരു വൻ വിജയമാണു നേടികൊടുത്തതു്. മലങ്കരസഭയിലെ ഗണ്യമായ ഒരു വിഭാഗത്തെ പൂർണമായും പാത്രിയർക്കീസിൻെറ അധികാരത്തിൻ കീഴിൻ കൊണ്ടുവരുവാൻ സുന്നഹദോസ് മൂലം പാത്രിയർക്കീസിനു സാധി

ച്ചു. മുളന്തുരുത്തി സുന്നഹദോസിൽവച്ചാണു സഭ ആദ്യമായി അന്ത്യോക്യാ പാത്രിയർക്കീസിൻെറ അധികാരത്തെ ഔദ്യോഗികമായി അംഗീകരിച്ചത്. എന്നാൽ ഈ നിലപാടിൽ തുടർന്നു മുന്നോട്ടു പോകുവാൻ ദിവന്നാസ്യോസ് വിഭാഗത്തിനു കഴിഞ്ഞില്ല എന്നതിനു തെളിവാണു 20-ാം നൂററാണ്ടിൽ ഈ വിഭാഗത്തിലുണ്ടായ സംഘർഷം.

മലങ്കര സഭാ ചരിത്രത്തിലെ വലിയ ഒരു വഴിത്തിരിവായിരുന്നു മുളന്തുരുത്തി സുന്നഹദോസ്. നൂററാണ്ടുകളായി ഈ സഭ അനുഭവിച്ചു വന്ന സ്വാതന്ത്ര്യവും 16, 17, 18 നൂററാണ്ടുകളിൽ വിദേശ ആധിപത്യങ്ങൾക്കെതിരായി നടത്തിയ സമര ചരിത്രങ്ങളും വിസ്മരിച്ച്'' ഒററദിവസം കൊണ്ട് അന്ത്യോക്യൻ നുകത്തിൻകീഴിൽ ചുമലുചായിച്ചു കൊടുത്ത മലങ്കരസഭ അടിമത്വം ഏററുവാങ്ങി.

അതിനു മാത്യൂസ് മാർ അത്താനാസ്യോസും കുട്ടരേയും കാരാം പുലിക്കോട്ടിൽജോസഫ് മാർ ദിവന്നാസ്യോസും കൂട്ടരും ഉത്തരവാദികളാണ്. ഈ അവസരത്തിൽ പാത്രിയർക്കീസ് ബുദ്ധിപരമായി പെരുമാററി മലങ്കരസഭ മേൽ അധികാരം ഉറപ്പിച്ചു. പാത്രിയർക്കീസിനെ അംഗീകരിച്ചവർ പുതിയ ആരാധനയും പുതിയ വിശ്വാസവും പുതിയ കാനോൻ നിയമങ്ങളും യാക്കോബായ സുറിയാനിക്കാർ എന്ന പുതിയ പേരും സ്വീകരിച്ചു. മുളന്തുരുത്തി സുന്നഹദോസ് ഈ വിധത്തിൻ മലങ്കര സഭാ ചരിത്രത്തിലെ ഒരു വഴിത്തിരിവായിരുന്നു.

0

Best Compliments from:

SPIC

Southern Petrochemical Industries Corporation Ltd.

Manufacturers of:
SPIC Urea (46.2% N)
SPIC DAP (18:46:0)

Principal Office:
97, Mount Road
Madras-32.

Factory:
SPIC Nagar
Tuticorin-628 005.

ഫാ. ടി. പി. കുര്യൻ

സന്യാസവര്യൻെറ സാന്നിദ്ധ്യത്തിൽ വെട്ടിക്കൽ ദയറാ അനുദിനം പുരോഗമിക്കുകയും, തൻെറ ശിഷ്യഗണത്തിലേക്കു വന്ന അനേകം പേരുടെ ആശ്രയസ്ഥാനമാവുകയും ചെയ്തു.....

പരുമല കൊച്ചു തിരുമേനിയും മലങ്കര സഭയും

ക്രൈസ്തവ സമൂഹത്തിനു് ഒന്നാകെ അഭിമാനിക്കാവുന്ന പുണ്യപുരുഷനാണു 'നമ്മുടെ പരിശുദ്ധൻ' പരുമല കൊച്ചു തിരുമേനി. മലങ്കരയിലെ ഏക പ്രഖ്യാപിത പരിശുദ്ധനായ കൊച്ചുതിരുമേനിയുടെ കബറിടം സ്ഥിതി ചെയ്യുന്ന പരുമല സെമിനാരി മലങ്കരയുടെ തീർത്ഥാടന കേന്ദ്രങ്ങളിൽ സുപ്രധാനമാണ്. സാധാരണക്കാരിൽ സാധാരണക്കാരനായി ജനിച്ചു സാധാരണക്കാരിൽ അസാധാരണ മനുഷ്യനായി ജീവിച്ച തിരുമേനി സത്യത്തിൻെറയും സ്നേഹത്തിൻെറയും സേവനത്തിൻെറയും പ്രതീകമാണ്.

മലങ്കരയിലെ ധ്രുവ നക്ഷത്രമായി പരിലസിച്ച തിരുമേനിയുടെ ജനനം 1848 ജൂൺ 15-നു (കൊല്ലവർഷം 1023 മിഥുനം 3-നു) വാണിജ്യ വ്യാവസായിക കേന്ദ്രമായ കൊച്ചിയിലെ മുളന്തുരുത്തി എന്ന സ്ഥലത്തുള്ള വിഖ്യാതമായ ചാത്തുരുത്തി ഭവനത്തിലായിരുന്നു. കൊച്ചുമത്തായിയുടെയും മറിയത്തിൻെറയും ഇളയ പുത്രനായി ജനിച്ച കൊച്ചയ്പോര എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന തിരുമേനിക്കു നാലു സഹോദരങ്ങൾ ഉണ്ടായിരുന്നു. തിരുമേനിയുടെ ചെറുപ്പത്തിൽതന്നെ മാതാവ് ഇഹലോകവാസം വെടിഞ്ഞു.

പിതാവിൻെറ അതിരററ വാത്സല്യത്തിലും സഹോദരി മറിയത്തിൻെറ സംരക്ഷണത്തിലും വളർന്നുവന്ന കൊച്ചയ്പോരയുടെ ഗുരുക്കന്മാർ ഓണക്കാവിൽ അയ്പ്പാ, മണ്ണി എന്നിവരായിരുന്നു. പഠനത്തിൽ ഇദ്ദേഹം അസാധാരണമായ ഉത്സാഹവും ബുദ്ധിവിശേഷവും പ്രദർശിപ്പിച്ചു. പഠനത്തിൽ സതീർത്ഥ്യരെയും സഹായിച്ചിരുന്നു. പിതൃസഹോദരനായ ഗീവറുഗീസ് മല്പാൻെറ കീഴിൽ സുറിയാനി പഠനമാരംഭിക്കുകയും 1858 സെപ്ററംബർ 14 (1033-ാം മാണ്ടു കന്നി മാസം) കരിങ്ങാശ്ര പള്ളിയിൽവച്ചു മലങ്കരയുടെ മാർ മാത്യൂസ് അത്താനാസ്യോസ് മെത്രാപ്പോലീത്താ യിൽനിന്നും

കോറുയോ സ്ഥാനം സ്വീകരിക്കുകയും ചെയ്തു. തുടർന്നു മാർ കൂറിലോസ് മെത്രാപ്പോലീത്തായിൽനിന്നും ശംശോനാ പട്ടവും (1041–മാണ്ടു് തുലാമാസത്തിൽ) ആ വൃശ്ചികത്തിൽ തന്നെ പൗരോഹിത്യ പട്ടവും കോർ എപ്പിസ്കോപ്പാ സ്ഥാനവും സ്വീകരിച്ചു. പിന്നീട് താമസം വെട്ടിക്കൽ ദയറായിലേക്കു മാററി.

സന്യാസവര്യന്റെ സാന്നിദ്ധ്യത്തിൽ വെട്ടിക്കൽ ദയറാ അനുദിനം പുരോഗമിക്കുകയും, തന്റെ ശിഷ്യഗണത്തിലേക്കു വന്ന അനേകം പേരുടെ ആശ്രയ സ്ഥാനമാവുകയും ചെയ്തു. ഉപവാസം, കഠിനമായ നോമ്പ്, പ്രാർത്ഥന തുടങ്ങിയ

അചഞ്ചലമായ ഈശ്വരവിശ്വാസത്തിനും, പ്രാർത്ഥനയിൽ അധിഷ്ഠിതമായ ജീവിതത്തിനും പ്രാധാന്യം കൊടുത്ത തിരുമേനി ആദ്ധ്യാത്മിക മണ്ഡലത്തെ പരിപോഷിപ്പിച്ചിരുന്നു.

വകൾ വളരെ പ്രാധാന്യം നൽകി ജീവിച്ച ഈ താപസനു 24–ാം വയസ്സിൽ 1047–മാണ്ടു് മീനമാസം 25–ാം തീയതി പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് തിരുമേനി റമ്പാൻ സ്ഥാനം നൽകി. തുടന്നു 29–ാം വയസ്സിൽ 1052 വൃശ്ചികമാസം 27–ാം തീയതി (1876 ഡിസംബർ 10–ാം തീയതി) പത്രോസ് പാത്രിയർക്കീസിൽനിന്നും മെത്രാൻ സ്ഥാനം സ്വീകരിച്ചു. തുടർന്നു നിരണം ഭദ്രാസനത്തിന്റെ ഭരണമേധാവിയായി നിയമിതനായി.

മലങ്കര സഭയുടെ ഏക വൈദിക പരിശീലനകേന്ദ്രമായ കോട്ടയം സെമിനാരി ഈ കാലഘട്ടത്തിൽ പാലക്കുന്നത്തു മാത്യൂസ് മാർ അത്താനാസ്യോസിന്റെ കൈവശമായിരുന്നു. വൈദികർക്കു പരിശീലനം നല്കുന്നതിനു മറെറതെങ്കിലും സൗകര്യമുണ്ടാകേണ്ട ഈ ഘട്ടത്തിൽ മികച്ച ഒരു അദ്ധ്യാപകൻ കൂടിയായിരുന്ന തിരുമേനിയുടെ ഉത്സാഹത്താൽ പരുമലയിൽ വൈദിക പഠനക്ലാസ്സുകൾ ആരംഭിച്ചു. മലങ്കര സഭാ വികസനത്തിനു തിരുമേനി നല്കിയിട്ടുള്ള സംഭാവനകളിൽ പ്രധാനപ്പെട്ട ഒന്നാണിതു്.

നിരണം ഭദ്രാസനാധിപനായിരിക്കെ തന്നെ തുമ്പമൺ കൊല്ലം ഇടവകകളുടെ ഭരണച്ചുമതലയും വഹിച്ചു. അങ്ങനെ മൂന്നു ഭദ്രാസന ഇടവകളുടെയും ഭരണം നിർവിഘ്നം നടത്തി. അതിനിടെ ഒരു പുറജാതി മിഷൻ ആരംഭിച്ചു.

അചഞ്ചലമായ ഈശ്വരവിശ്വാസത്തിനും, പ്രാർത്ഥനയിൽ അധിഷ്ഠിതമായ ജീവിതത്തിനും പ്രാധാന്യം കൊടുത്ത തിരുമേനി ആദ്ധ്യാത്മിക മണ്ഡലത്തെ പരിപോഷിപ്പിച്ചിരുന്നു.

തുമ്പമൺ ഇടവകയിൽ മസൂരി രോഗം പടർന്നു പിടിച്ചപ്പോൾ ശുശ്രൂഷകനായി തിരുമേനി അവിടെ എത്തി. രോഗം നിശ്ശേഷം മാറുന്നതുവരെ അവിടെ താമസിക്കുകയും, പ്രാർത്ഥിക്കുകയും, ആശ്വസിപ്പിക്കുകയും ചെയ്തു.

1897–ൽ മലങ്കരയിൽ പൊട്ടിപ്പുറപ്പെട്ട നവീനോപദേശങ്ങൾക്കെതിരെ തിരുമേനി ഇടയ ലേഖനങ്ങൾ എഴുതിയും പ്രസംഗങ്ങൾ നടത്തിയും പ്രതികരിച്ചു. സമൂഹത്തിൽ നടമാടിക്കൊണ്ടിരുന്ന അനീതിക്കെതിരെ തിരുമേനി ശബ്ദിച്ചിരുന്നു. തീണ്ടൽ തുടങ്ങിയ ഉച്ചനീചത്വങ്ങൾക്കെതിരെ തിരുമേനി അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയും അവശരെയും ആർത്തരെയും ഉദ്ധരിക്കുവാൻ സ്വഹസ്തങ്ങൾ നീട്ടുകയും ചെയ്തിരുന്നു.

മലങ്കര സഭ ഇവിടെ മാത്രം ഒതുങ്ങി നിന്നാൽ പോരാ എന്നു ചിന്തിച്ച തിരുമേനി മലങ്കരസഭയുടെ ശാഖകൾ മററിടങ്ങളിലേക്കു വ്യാപിപ്പിക്കുന്നതിനു പരിശ്രമിച്ചു. മലബാർ, ഗോവ, സിലോൺ മുതലായ സ്ഥലങ്ങളിലുള്ള ക്രൈസ്തവരിൽ അനേകർ ഓർത്തഡോക്സ് സുറിയാനി സഭയിൽ ചേർന്നു. ഇവിടെയു

വിദ്യാഭ്യാസത്തിനു കൂടുതൽ പ്രാധാന്യം കൊടുത്തിരുന്ന തിരുമേനിക്കു തിരുവല്ലായിൽ ഒരു ഇംഗ്ലീഷ് ഹൈസ്ക്കൂൾ സ്ഥാപിക്കണമെന്നു ....

ള്ളവക്ക് നേതൃത്വം നൽകിയ ഫാ. അൽവാറീസിനു തിരുമേനി റമ്പാൻ സ്ഥാനം നൽകി. 1889 ജൂലൈ മാസത്തിൽ റമ്പാച്ചനെ മാർ യൂലിയോസ് എന്ന നാമത്തിൽ ബോംബെ, മംഗലാപുരം എന്നീ ഇടവകകളുടെ മെത്രാനായി വാഴിച്ചപ്പോൾ തിരുമേനിയും ശുശ്രൂഷയിൽ സംബന്ധിച്ചിരുന്നു.

ഊർശ്ലേം യാത്ര നടത്തിയ തിരുമേനി പ്രസ്തുത യാത്രയുമായി ബന്ധപ്പെട്ട ഒരു കൃതി 'ഊർശ്ലേം യാത്രാ വിവരണം' എന്ന പേരിൽ രചിക്കുകയുണ്ടായി. മലയാള ഭാഷയിൽ എഴുതപ്പെട്ട മൂന്നാമത്തെ യാത്രാവിവരണ ഗ്രന്ഥമാണിതു്.

വിദ്യാഭ്യാസത്തിനു കൂടുതൽ പ്രാധാന്യം കൊടുത്തിരുന്ന തിരുമേനിക്കു് തിരുവല്ലായിൽ ഒരു ഇംഗ്ലീഷ് ഹൈസ്കൂൾ സ്ഥാപിക്കണമെന്നു വളരെ ആഗ്രഹമുണ്ടായിരുന്നു. ഹൈസ്കൂൾ സ്ഥാപിക്കുവാൻ നിശ്ചയിച്ചെങ്കിലും തിരുമേനിയുടെ ദേഹവിയോഗത്തിനു ശേഷം മാത്രമേ പ്രസ്തുത സ്കൂൾ സ്ഥാപിക്കുവാൻ സാധിച്ചുള്ളു.

തന്റെ ഇഹലോകവാസം തീരാറായി എന്നു മുൻകൂട്ടി കണ്ടിരുന്ന തിരുമേനിക്കു മരണം അശേഷവും ഭയാനകമായി തോന്നിയിരുന്നില്ല. രോഗബാധിതനായി പരുമല സെമിനാരിയിൽ വിശ്രമിച്ചുകൊണ്ടിരുന്ന തിരുമേനിക്കു് 1902 ഒക്ടോബർ മാസത്തോടെ ക്ഷീണം വളരെ വർദ്ധിച്ചു. 1902 നവംബർ മാസം 2–ാം തീയതി പരിശുദ്ധ പിതാവു് അന്ത്യശ്വാസം വലിച്ചു, പരുമല സെമിനാരിപ്പള്ളിയിൽ കബറടക്കി.

പ. തിരുമേനി അന്ത്യ വിശ്രമംകൊള്ളുന്ന പരുമല സെമിനാരിപ്പള്ളി ഇന്നു ഭക്തജനങ്ങളുടെ ഒരു സങ്കേതമായിരിക്കുകയാണ്. പരുമല തിരുമേനിയുൾപ്പെടെ പല പിതാക്കന്മാരുടെയും ശ്രമഫലമായാണു പരുമല സെമിനാരി ഇന്നത്തെ നിലയിൽ പുരോഗതി കൈവരിച്ചിട്ടുള്ളതു്. 1887–ൽ സെമിനാരി കോട്ടയത്തു പുന:രാരംഭിച്ചതു മുതൽ ഒരു വൈദിക പരിശീലനകേന്ദ്രമായി ഇതു തുടരേണ്ടിവന്നില്ലായെങ്കിലും പ. പിതാവിന്റെ കബറിടം ഇവിടെ സ്ഥിതിചെയ്യുന്നതുകൊണ്ടു പരുമല സെമിനാരിയുടെ പ്രാധാന്യം വർദ്ധിച്ചുവരികയാണ്. (യുയാക്കീം മാർ കൂറിലോസ് മെത്രാപ്പോ

പരുമല സെമിനാരി ഒരു ആദ്ധ്യാത്മിക കേന്ദ്രം തന്നെയാണ്. പള്ളിയുടെ സമീപമുള്ള 72മുറികളോടുകൂടിയ പുതിയ ധ്യാന മന്ദിരവും ....

ലീത്തായേയും ഇവിടെയാണു കബറടക്കിയിരിക്കുന്നതു്).

പരുമല സെമിനാരി ഒരു ആദ്ധ്യാത്മിക കേന്ദ്രം തന്നെയാണ്. പള്ളിയുടെ സമീപമുള്ള 72 മുറികളോടുകൂടിയപുതിയ ധ്യാനമന്ദിരവും രണ്ടു വലിയ ഡോർമററികൾ, ഒരു വലിയ ഹാൾ, 27 മുറികളുള്ള ഒരു കെട്ടിടം, ഒരു വലിയ ഓഡിറേറാറിയം എന്നിവയും ധ്യാനത്തിനും സമ്മേളനങ്ങൾക്കുമായി വരുന്നവർക്കു വളരെ പ്രയോജനപ്പെടുന്നുണ്ടു്.

ക്രൈസ്തവ മൂല്യങ്ങൾക്കും മാനുഷിക മൂല്യങ്ങൾക്കും പ്രാധാന്യം കൊടുത്തുകൊണ്ട് ആതുരസേവനവും സാധുജന സംരക്ഷണവും മുന്നിൽ കണ്ടുകൊണ്ടു പരിശുദ്ധന്റെ നാമത്തിൽ ഒരു ആശുപത്രിയും പരുമലപ്പള്ളിക്കു സമീപം പ്രവർത്തിക്കുന്നുണ്ടു്.

With Best Compliments from:

ULLATTIL FINANCIERS

KOTTAYAM-1

Phone: 5142, 5169

ഫാ. ജോൺസ് ഏബ്രഹാം കോനാട്ട്

കൽദായ ആരാധനാക്രമങ്ങളും കൽദായ സുറിയാനി ലിപികളും പത്തൊൻപതാം നൂററാണ്ടിൻെറ ആരംഭം വരെ ഏതാനും ചില ഭാഗങ്ങളിലെങ്കിലും നിലനിന്നിരുന്നു. 19-ാം ....

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ ആരാധനാസാഹിത്യവും ഭാഷയും

മലങ്കരസഭയിൽ ഇതുവരെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള എല്ലാ ആരാധനാക്രമങ്ങളെക്കുറിച്ചും—അവയുടെ പ്രസാധകന്മാരും പ്രസിദ്ധീകരണം ആരംഭിച്ച വർഷവും—എല്ലാം കൃത്യമായി കണ്ടു പിടിക്കുക വളരെ ശ്രമകരമാണ്. അടുത്തകാലം വരെ സഭയുടെ ആരാധനാ ക്രമങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് ഒരു അംഗീകൃത കമ്മിററിയോ, സംഘടനയോ ഒന്നും ഉണ്ടായിരുന്നില്ല. മിക്കവാറും, സ്വകാര്യവ്യക്തികളും സ്ഥാപനങ്ങളും അവരവരുടേതായ തർജ്ജിമകളും പ്രസിദ്ധീകരണങ്ങളും ഇറക്കുക എന്ന പതിവാണ് ഉണ്ടായിരുന്നത്. ഇന്നും ഒരളവുവരെ അതു തുടരുന്നു. വി. കുർബാനക്രമത്തിൻെറ കാര്യം തന്നെ എടുക്കാം. ഇതുവരെ നമ്മുടെ സഭയിൽ എത്രതരം കുർബാന ക്രമങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട് എന്നു ചോദിച്ചാൽ കൃത്യമായ ഉത്തരം കിട്ടാൻ ബുദ്ധിമുട്ടാണ്. പ്രസിദ്ധീകൃതങ്ങളായ ഒരോ ആരാധനാക്രമത്തിൽ പ്രാധാന്യമർഹിക്കുന്നവയും, കൂടുതലായി ഉപയോഗിക്കപ്പെടുകയും ഏതാണ്ട് വ്യാപകമായ അംഗീകാരം ലഭിക്കുകയും ചെയ്ത വയെക്കുറിച്ചു മാത്രം ഇവിടെ പരാമർശിക്കുന്നു. നമ്മുടെ സഭയിൽ ഇന്ന് ഉപയോ

ഗത്തിലിരിക്കുന്ന അന്ത്യോഖ്യൻ സുറിയാനി ആരാധനാക്രമങ്ങൾ ഇവിടെ പ്രാബല്യത്തിൽ വന്നതു് എന്നു മുതൽ എന്നും അതിനിടയാക്കിയ സാഹചര്യങ്ങൾ ഏതെല്ലാമെന്നും വളരെ ചുരുക്കമായി പറയാം.

മലങ്കരസഭയുടെ സ്ഥാപനകാലം മുതൽ അന്ത്യോഖ്യൻ ക്രമങ്ങളാണ് ഇവിടെ ഉപയോഗത്തിൽ ഇരുന്നതു് എന്നു ചിന്തിക്കുന്ന നല്ലൊരു വിഭാഗം ആളുകൾ ഉണ്ട്. 1876–ലെ മുളന്തുരുത്തി സുന്നഹദോസ് മലങ്കര സഭ എക്കാലവും അന്ത്യോഖ്യാ പാത്രിയർക്കീസന്മാരുടെ കീഴിലായിരുന്നു എന്നു വരുത്തിത്തീർക്കുവാൻ തക്ക നിശ്ചയങ്ങൾ പാസാക്കി [1] എങ്കിലും 17–ാം നൂറ്റാണ്ടിനുമുമ്പ് മലങ്കരസഭയും അന്ത്യോഖ്യൻ സുറിയാനി സഭയും തമ്മിൽ യാതൊരു ബന്ധവും ഇല്ലായിരുന്നു എന്നു് നിഷ്പക്ഷമായി ചിന്തിക്കുന്ന ഏതൊരു ചരിത്രകാരനും ഇന്നു് അംഗീകരിക്കും. 1665 ൽ സുറിയാനി സഭയുടെ യറുശലേമിലെ മേൽപ്പട്ടക്കാരനായിരുന്ന മാർ ഗ്രീഗോറിയോസ് ഇവിടെ വരുമ്പോൾ റോമൻ ബിഷപ്പായിരുന്ന റോസ് നവീകരിച്ച കൽദായ ആരാധനാക്രമങ്ങളാണ് ഇവിടെ ഉപയോഗത്തിലിരുന്നതു്. ഗ്രീഗോറിയോസിന്റെ ആഗമനനാൾ മുതൽ അവയെല്ലാം പെട്ടെന്നു് എടുത്തുമാററി തൽസ്ഥാനത്തു് സിറിയൻ ക്രമങ്ങൾ നാം സ്വീകരിച്ചു എന്നു ചിന്തിക്കുന്നതു ശരിയായിരിക്കുകയില്ല.

റോമൻ പാരമ്പര്യങ്ങൾക്കു പകരം ഉദയം പേരൂരിൽ വച്ചു നഷ്ടപ്പെട്ട കുറെ പാരമ്പര്യങ്ങൾ പുനഃസ്ഥാപിക്കുവാൻ മാത്രമെ ഗ്രീഗോറിയോസിനുകഴിഞ്ഞുള്ളു. [2] 1685 ൽ വന്ന കോതമംഗലത്തു കബറടങ്ങിയ മഫ്രിയാന മാർ ബസ്സേലിയോസും, മാർ ഈവാനിയോസും ചില അന്ത്യോഖ്യൻ ക്രമങ്ങൾ ഇവിടെ നടപ്പിൽ വരുത്തുന്നതിനു കാരണക്കാരായി. എന്നാൽ ഇന്നു കുർബ്ബാനയ്ക്കുപയോഗിക്കുന്ന യാക്കോബിന്റെ തക്സാ ഇവിടുത്തെ വൈദികർ വ്യാപകമായി ഉപയോഗിക്കുവാൻ തുടങ്ങിയതു 1751 ൽ വന്ന മാർ ബസ്സേലിയോസ് ശക്രുള്ളാ, മാർ ഈവാനിയോസ് എന്നിവരുടെ ശ്രമഫലമായിട്ടാണ്. ഇവരുടെ കാലത്തും നൂറുശതമാനം പള്ളികളിലും പുതിയ ക്രമങ്ങളല്ല ഉപയോഗിക്കപ്പെട്ടിരുന്നതു്. കൽദായ ആരാധനാക്രമങ്ങളും കൽദായ സുറിയാനി ലിപികളും പത്തൊൻപതാം നൂററാണ്ടിന്റെ ആരംഭം വരെ ഏതാനും ചില ഭാഗങ്ങളിലെങ്കിലും നിലനിന്നിരുന്നു. 19–ാം നൂററാണ്ടിന്റെ തുടക്കത്തിൽ ജീവിച്ചിരുന്ന മലങ്കരയിലെ പല പിതാക്കന്മാരും കൽദായ ലിപികൾ ഉപയോഗിച്ചിരുന്നു എന്നതിനു കോനാട്ട് ഗ്രന്ഥശാലയിലെ പല പുസ്തകങ്ങളും സാക്ഷ്യം വഹിക്കുന്നു. [3]

ഈ കാലഘട്ടത്തിൽ പ്രൊട്ടസ്ററൻറുകാർ നമ്മുടെ ആരാധനാക്രമങ്ങൾ നവീകരിച്ച് അവരുടെ വിശ്വാസങ്ങൾ കുത്തിത്തിരുകുവാൻ ശ്രമിച്ചപ്പോൾ അതിനോടുള്ള എതിർപ്പിന്റെ പ്രകടനം എന്ന നിലയിൽ കൂടിയാണു പൂർണ്ണമായും അന്ത്യോഖ്യൻ രീതികൾ നാം സ്വീകരിച്ചതു്. പടിപടിയായി ഉണ്ടായ ഈ മാററത്തിനു സാക്ഷ്യം വഹിക്കുന്ന ഒരുദാഹരണം പറയാം. ഇന്നു നമ്മുടെ പള്ളികളിൽ സ്ലീബാ പെരുന്നാൾ മുതൽ ഉയിർപ്പു വരെയുള്ള ഞായറാഴ്ചകളിൽ ഉപയോഗിക്കുന്ന ''സ്ലീബാ പ്രാർത്ഥന'' വാസ്തവത്തിൽ ബുധനാഴ്ച ദിവസത്തെ പ്രാർത്ഥനയാണ്. യഥാർത്ഥത്തിൽ കർത്താവിന്റെ ഉയിർപ്പു പെരുന്നാളാകുന്ന ഞായറാഴ്ചകളിലെല്ലാം ഉപയോഗിക്കേണ്ടതു ക്യംതാനമസ്ക്കാരമാണല്ലോ. അപ്പോൾ ഈ വ്യത്യാസത്തിന്റെ കാരണമെന്താണെന്നു ചിന്തിക്കേണ്ടതാണ്.

ഇതിനെക്കുറിച്ച് പൂർവ്വികന്മാർ പറഞ്ഞുകേട്ടിട്ടുള്ളതു് ഇപ്രകാരമാണ്. ആഴ്ചയിലെ ഏഴുദിവസങ്ങൾക്കുമുള്ള പ്രാർത്ഥനകൾ അടങ്ങുന്ന ''ശ്ഹീമാനമസ്ക്കാരം'' ഇവിടെ എത്തുന്നതിനുമുമ്പ് ബുധനാഴ്ചയുടെ പ്രാർത്ഥന മാത്രമെ ഇവിടെ ഉപയോഗിക്കപ്പെട്ടിരുന്നുള്ളു. അതു് എല്ലാ ദിവസവും പ്രാർത്ഥിച്ചുകൊണ്ടിരുന്നു. പിന്നീട് ശ്ഹീമാ നമസ്ക്കാരം പൂർണ്ണരൂപത്തിലെത്തിയപ്പോഴും അതിൽ ക്യംതാ

നമസ്ക്കാരം ഉണ്ടായിരുന്നില്ല. [4] അതിനുശേഷം ക്യംതാ നമസ്കാരവും ഇവിടെ പ്രാബല്യത്തിൽ വന്നു എങ്കിലും അതു് അല്പം ദീർഘമായി തോന്നിയതിനാൽ ഉയിർപ്പുപെരുന്നാളിനു ശേഷം വരുന്ന ഏതാനും ഞായറാഴ്ചകളിൽ മാത്രം അതു് ഉപയോഗിച്ചാൽ മതി എന്ന ചിന്താഗതി പൊതുവായി രൂപംകൊണ്ടു [5]. ബാക്കിയുള്ള ഞായറാഴ്ചകളിൽ പഴയ പതിവനുസരിച്ച് ബുധനാഴ്ച നമസ്കാരം തന്നെ പ്രാർത്ഥിക്കുന്ന പതിവു തുടരുകയും ചെയ്തു. 1846 ൽ വന്ന് ദീർഘകാലം മലങ്കര മെത്രാപ്പോലീത്തയായി നമ്മെ ഭരിച്ച സുറിയാനി മെത്രാൻ മാർ യുയാക്കീം കുറിലോസിന്റെ കാലത്താണ് മാറാനീത്താ സുറിയാനി ലിപികളിലേക്കുള്ള മാററം പൂർണ്ണമായതു്. ഇദ്ദേഹത്തിന്റെ കാലത്തുതന്നെ അന്ത്യോഖ്യൻ ആരാധനാക്രമങ്ങൾ പാശ്ചാത്യ സുറിയാനിയിൽ അച്ചടിച്ച് വിതരണം ആരംഭിച്ചതു് അവയുടെ വ്യാപകമായ അംഗീകാരത്തിനും ഉപയോഗത്തിനും കാരണമായി.

> *....ഇത് അച്ചടിക്കപ്പെട്ടത്; പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസ് II ആണ് സുറിയാനി പ്രസിദ്ധീകരണങ്ങൾക്കു പ്രാധാന്യം നൽകിയ മറെറാരാൾ........*

സുറിയാനി പ്രസിദ്ധീകരണങ്ങൾ.

മലങ്കരയിലെ സുറിയാനി ക്രിസ്ത്യാനികൾക്കായി മാറാനീത്താ സുറിയാനിയിൽ ആദ്യം അച്ചടിപ്പിക്കപ്പെട്ടതു പുതിയനിയമഗ്രന്ഥങ്ങളാണ്. ക്ളോഡിയസ് ബുക്കാനൻ 1806 ൽ മലങ്കര മെത്രാപ്പോലീത്താ ദീവന്നാസ്യോസ് 1 നെ സന്ദർശിച്ച അവസരത്തിലാണ് വളരെക്കാലങ്ങളായി മലങ്കരയിൽ സൂക്ഷിക്കപ്പെട്ടിരുന്ന വി. വേദപുസ്തകത്തിന്റെ ഒരു പ്രതി ബുക്കാനനു സമ്മാനിച്ചതു്. അതു് അദ്ദേഹം ലണ്ടനിൽ കൊണ്ടുപോയി 1816 ൽ അച്ചടിപ്പിച്ചു. ഈ പുസ്തകത്തിൽ അന്ത്യോഖ്യൻ പാരമ്പര്യം അനുസരിച്ചുള്ള വായനക്കുറിപ്പുകളും അതാതു ഭാഗങ്ങളിൽ നല്കിയിട്ടുണ്ട് [6].

മററ് ആരാധനാക്രമങ്ങൾ എന്നു് പ്രസിദ്ധീകരണം ആരംഭിച്ചു എന്നു വളരെ കൃത്യമായി പറയുക പ്രയാസമാണ്. 1861 ൽ കോട്ടയം ഇടവഴിക്കൽ പീലിപ്പോസ് കോറെപ്പിസ്ക്കോപ്പാ കല്ലച്ചിൽ പ്രസിദ്ധീകരിച്ച സുറിയാനി ശ്ഹീമാ നമസ്കാരം മലങ്കരയിൽ ഏററവും ആദ്യം പ്രസിദ്ധീകരിക്കപ്പെട്ട ആരാധനാക്രമങ്ങളിൽ ഒന്നാണ് [7] മാർ യൂയാക്കീം കുറീലോസിന്റെ കല്പനപ്രകാരമാണ് ഇതു് അച്ചടിക്കപ്പെട്ടതു്. പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസ് II ആണ് സുറിയാനി പ്രസിദ്ധീകരണങ്ങൾക്കു പ്രാധാന്യം നൽകിയ മറെറാരാൾ. അദ്ദേഹം ഒരു വൈദീകനായിരിക്കെതന്നെ കുന്ദംകുളത്തുനിന്നും കല്ലച്ചിൽ മുദ്രണം ചെയ്യിച്ച കുർബ്ബാന തക്സായും, മാമ്മോദീസാ; വിവാഹം എന്നീ ക്രമങ്ങളുംചേർന്ന പുസ്തകം ഈ രംഗത്തെ അദ്ദേഹത്തിന്റെ താത്പര്യത്തെ കാണിക്കുന്നു. മെത്രാപ്പോലീത്താസ്ഥാനമേററ് (1864) അധികം താമസിയാതെ 1870 ൽ കൊച്ചിയിൽ സെൻറ് തോമസ് എന്ന പേരിൽ ഒരു അച്ചുകൂടംആരംഭിച്ച് അവിടെ നിന്നും സുറിയാനി ക്രിസ്ത്യാനികൾക്ക് ആവശ്യമുള്ള ആരാധനാഗ്രന്ഥങ്ങൾ സുറിയാനിയിലും മലയാളത്തിലും പ്രസിദ്ധീകരിക്കുവാൻ തുടങ്ങി. 1875 ൽ പാലപ്പിള്ളിൽ എബ്രഹാം കത്തനാർ പ്രസിദ്ധീകരിച്ച സുറിയാനി കുർബ്ബാനക്രമം ഈ പ്രസ്സിലാണ് അച്ചടിച്ചതു്. 1877 ൽ 'നടപടിക്രമം' എന്ന പേരിൽ പരി. പരുമല തിരുമേനി തർജ്ജമചെയ്ത് ഈ പ്രസ്സിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയ ലഘുപുസ്തകം വളരെ ശ്രദ്ധേയമാണ്. പത്രോസ് III പാത്രിയർക്കീസ് ഇവിടെ വന്നപ്പോൾ മലങ്കരസഭയിൽ നടത്തിയി

വി. കൂദാശകളുടെ രീതികൾ പലതും ശരി
യല്ലെന്നും അതു് ഏതെല്ലാം തരത്തിൽ
വ്യത്യാസപ്പെടുത്തണമെന്നും മററും കാണി
ച്ചുകൊണ്ടു് അദ്ദേഹം പുറപ്പെടുവിച്ച ഒരു
കല്പനയുടെ തർജ്ജിമയാണിതു്. കൊ
ച്ചിയിലെ ഈ പ്രസ്സ് എന്നു വരെ പ്രവ
ർത്തിച്ചിരുന്നു എന്നു് കൃത്യമായി അറി
ഞ്ഞുകൂടാ.

A. D. 1879ൽ പാമ്പാക്കുടയിൽ സ്ഥാ
പിതമായ കേരളദീപം പ്രസ് സുറിയാനി
ആരാധനാക്രമങ്ങളുടെ പ്രസിദ്ധീകരണ
ചരിത്രത്തിലെ ഒരു നാഴികക്കല്ലാണു്. പ
ത്രോസ് III വാഴിച്ച മേൽപ്പട്ടക്കാരിൽ ഒ
രാളായിരുന്ന കോനാട്ട ഗീവറുഗീസ് മാർ
യൂലിയോസ് ആണ് ഇതിൻെറ സ്ഥാ
പകൻ. അദ്ദേഹത്തിൻെറ കാലശേഷം
'മാർ ജൂലിയസ് പ്രസ്' എന്ന പേരി
ൽ അദ്ദേഹത്തിൻെറ പിൻഗാമികളായിരു
ന്ന കോനാട്ടു് മൽപ്പാന്മാരുടെ ഉടമസ്ഥ
തയിൽ ഈ പ്രസിദ്ധീകരണശാല നില
നിന്നുപോന്നു. അന്ത്യോഖ്യൻ ആരാധനാ
ക്രമങ്ങൾക്കു് വളരെ വ്യാപകമായ പ്രചര
ണവും അംഗീകാരവും ലഭിക്കുന്നതിനു
വലിയ പങ്കുവഹിച്ച ഒരു സ്ഥാപനമാ
ണിതു്. നോമ്പിലെ നമസ്ക്കാരം, വി.
വേദവായനക്കുറിപ്പ്, വായനപ്പടി ഏവ
ൻഗേലിയോൻ മുതലായവയാണ് ആദ്യം
തന്നെ പ്രസിദ്ധീകൃതമായതു്. 1880 ൽ
ആനീദെ പുസ്തകവും 1886 ൽ വി. കു
ർബ്ബാനതക്സായും, തുടർന്നു് ആണ്ടു ത
ക്സാ, ശ്ഹീമാനമസ്ക്കാരം, കന്തീ
ലാക്രമം, പട്ടക്കാരുടെ ശവസംസ്ക്കാര
ക്രമം, ഉച്ചനമസ്ക്കാരം തുടങ്ങിയ ക്രമ
ങ്ങളെല്ലാം പ്രസിദ്ധീകൃതമായി. ഏററവും
ഒടുവിൽ പുറത്തിറങ്ങിയതു് പരിശുദ്ധ ഗീ
വറുഗീസ് II ബാവായുടെ നിർദ്ദേശപ്രകാ
രം അബ്രഹാം കത്തനാർ എഡിററു ചെ
യ്തു 1962 ൽ മൂന്നു വാല്യങ്ങളായി പ്ര
സിദ്ധീകരിച്ച പെൻഗീസാ നമസ്ക്കാര
മാണു്. ഇന്നും നമ്മുടെ സഭയ്ക്കാവശ്യ
മായ സുറിയാനി ആരാധനാഗ്രന്ഥങ്ങൾ
അച്ചടിക്കുന്ന ഏക പ്രസ്സായി ഈ സ്ഥാ
പനം പ്രവർത്തനം തുടരുന്നു.

പാമ്പാക്കുടയിലെ പ്രസ്സ് സ്ഥാപിത
മായി ഏതാണ്ടു് 10 വർഷങ്ങൾക്കുശേഷ
മാണു് കോട്ടയം സെമിനാരിയിൽ
സെൻറ് തോമസ് പ്രസ്സ് പ്രവർത്തനമാ
രംഭിച്ചതു്. 1889 ൽ സെമിനാരി വ്യ
വഹാരം അവസാനിച്ച് വിധി നടത്തി

> *A. D. 1879 ൽ പാമ്പാക്കുടയിൽ സ്ഥാ*
> *പിതമായ കേരളദീപം പ്രസ് സുറിയാനി*
> *ആരാധനാക്രമങ്ങളുടെ പ്രസിദ്ധീകര*
> *ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്.....*

വാങ്ങിയ സ്വത്തുക്കളുടെ കൂട്ടത്തിൽ ഒരു
അച്ചടി പ്രസ്സും സാമഗ്രികളും ഉണ്ടായി
രുന്നു. പഴയ സെമിനാരിയിൽ സ്ഥാ
പിച്ച ഈ പ്രസ്സിൽ നിന്നും പുലിക്കോ
ട്ടിൽ ദീവന്നാസ്യോസ് 1 തിരുമേനിയു
ടെ തന്നെ നേതൃത്വത്തിൽ സുറിയാനി
യിലും മലയാളത്തിലും ആരാധനാക്രമ
ങ്ങൾ പ്രസിദ്ധീകരിക്കുവാൻ തുടങ്ങി.
ഇവിടെനിന്നു തന്നെയാണ് 1892 ൽ
'ഇടവക പത്രിക' എന്ന സഭാ മാസിക
പ്രസിദ്ധീകരിക്കുവാൻ തുടങ്ങിയതു്.

മലയാള വിവർത്തനങ്ങൾ:

19–ാം നൂററാണ്ടിൻെറ ആദ്യപകുതി
യിൽ വി. വേദപുസ്തകമൊഴികെ മററു്
ആരാധനാക്രമങ്ങൾ ഒന്നും തന്നെ മലയാ
ളത്തിലേക്കു തർജ്ജമ ചെയ്യപ്പെട്ടിരുന്നതാ
യി അറിവില്ല. വി. വേദപുസ്തകം
ബുാക്കനെൻെറ മലങ്കര സഭാ സന്ദർശന
ത്തിനു (1807) മുമ്പുതന്നെ കായംകുളം
പീലിപ്പോസ് റമ്പാൻെറയും, തിമ്മയ്യ
പിള്ളയുടെയും നേതൃത്വത്തിൽ വിവർ
ത്തനം ചെയ്യപ്പെട്ടിരുന്നു[8]. 1811 ൽ
ബോംബെയിൽ അദ്ദേഹം അച്ചടിപ്പിച്ച
ഈ ഗ്രന്ഥം തമിഴ കലർന്ന പഴയ മല
യാളം ഭാഷയിലാണു വിവർത്തനം ചെ
യ്യപ്പെട്ടിരിക്കുന്നതു്. മററാരാധനാക്രമങ്ങ
ളെല്ലാം സുറിയാനിയിൽ തന്നെ നടത്തു
കയോ, നല്ലവണ്ണം സുറിയാനി ഭാഷ

വശമുള്ള വൈദികർ ഗദ്യഭാഗങ്ങൾ സുറി
യാനി നോക്കി അപ്പോഴപ്പോൾ മലയാ
ളത്തിലേക്കു തർജ്ജമ ചെയ്യുകയോ ആയി
രുന്നു പതിവ്.

1869 ൽ ജോസഫ് കത്തനാർ[9]
തർജ്ജമ ചെയ്തു് കൊച്ചി വെസ്റ്റേൺ സ്റ്റാർ
പ്രസ്സിൽ മുദ്രണം ചെയ്യിച്ച കുർബാന
ക്രമം ഇക്കൂട്ടത്തിൽ ഏററവും പഴയ ഗ്ര
ന്ഥങ്ങളിൽ ഒന്നാണു്. ഏവൻഗേലി
യോൻ വായന കഴിഞ്ഞുള്ള രണ്ടു പാട്ടു
കൾ പദ്യരൂപത്തിൽ തന്നെ കൊടുത്തി
ട്ടുണ്ടു്. എന്നാൽ 'പൗലോസ് ശ്ളീഹാ'
'ഭൂവിലശേഷം' മുതലായ പാട്ടുകളും
കുക്കിലിയോനുകളും മററും ഗദ്യരൂപത്തി
ലാണു ഭാഷാന്തരം ചെയ്തിട്ടുള്ളതു്.
ചില സുറിയാനി പാട്ടുകൾ മലയാളം
ലിപിയിലും കൊടുത്തിട്ടുണ്ടു്. എന്നാൽ
1890 ൽ കോട്ടയം സെൻറ് തോമസ്
പ്രസ്സിൽ നിന്നും പ്രസിദ്ധപ്പെടുത്തിയ
കുർബാനക്രമത്തിൽ[10] മലയാളം പദ്യ
ങ്ങൾ ഒന്നും കാണുന്നില്ല. ഇതിൽ കാ
ണുന്ന അഞ്ചാമത്തെ തുബ്ദേൻ വെറും
രണ്ടു ചെറിയ വാചകങ്ങളിൽ ഒതുങ്ങുന്നു
എന്നതു വളരെ ശ്രദ്ധേയമാണു്. 1891 ൽ
പുലിക്കോട്ടിൽ തിരുമേനിയുടെ കല്പന
പ്രകാരം ഇതേ അച്ചുകൂടത്തിൽ നിന്നു
തന്നെ വീടുകളിൽ നിത്യേന ഉപയോ
ഗിക്കുന്നതിനായി 'യാക്കോബായ സുറി
യാനി ക്രിസ്ത്യാനികളുടെ നമസ്ക്കാര
ക്രമം' എന്ന പുസ്തകവും പുറത്തുവന്നു.
ഇതേ വർഷംതന്നെയെങ്കിലും കഷ്ടാനു
ഭവ ആഴ്ചയിലെ നമസ്കാരവും തിരു
മേനിയുടെ പരിശ്രമഫലമായി മലയാള
ഭാഷയിൽ പ്രത്യക്ഷപ്പെട്ടു. ഇതിൽ എ
ല്ലാദിവസവും ഉപയോഗിക്കത്തക്കവണ്ണം
ഏഴുനേരത്തെ പ്രാർത്ഥനകൾ മാത്രമെയുള്ളു.

1902 മലയാള മനോരമ പ്രസ്സിൽ അച്ച
ടിപ്പിച്ചു പ്രസിദ്ധീകരിച്ച കൃംതാ പ്രാ
ർത്ഥനാക്രമവും കുർബാനക്രമവും ചേർന്ന
പുസ്തകം വളരെ പ്രധാനപ്പെട്ടതാണു്.
കാരണം ഇന്നു നമ്മൾ ഉപയോഗിക്കുന്ന
കൃംതാ നമസ്ക്കാരവും കുർബാനക്രമ
ത്തിലെ ശ്ളീഹാ വായനകൾക്കു മുമ്പുള്ള
ഗീതങ്ങൾ, കുക്കിലിയോനുകൾ മുതലായ
വയെല്ലാം മലയാളം പദ്യരൂപത്തിൽ
ആദ്യമായി പ്രത്യക്ഷപ്പെടുന്നതു് ഈ പു
സ്തകത്തിലാണു്. ഇതിൻെറ തർജ്ജമ
ആരംഭിച്ചതു പരി. പരുമല തിരുമേനി
ആയിരുന്നു. എന്നാൽ അതു പൂർത്തി
യാക്കിയതു് അന്നു വൈദിക സെമിനാ
രി അദ്ധ്യാപകരായിരുന്ന ഗീവറുഗീ
സ് മൽപ്പാനും (വട്ടശ്ശേരിൽ തിരുമേ
നി) കോനാട്ടു് മാത്തൻ മൽപ്പാനും കൂടി
യാണു്. പാട്ടുകൾ സുറിയാനി വൃത്ത
ത്തിനൊപ്പിച്ച് ക്രമീകരിക്കുവാൻ കണ്ട
ത്തിൽ ശ്രീ. ഈപ്പൻ ഗീവറുഗീസും
സഹായിച്ചിട്ടുണ്ടു്.

സുറിയാനി പ്രസിദ്ധീകരണ രംഗത്തു
വളരെ അധികം സംഭാവനകൾ നടത്തി
യിട്ടുള്ള മാത്തൻ മല്പാൻ പരിഭാഷകളുടെ
കാര്യത്തിലും ഒട്ടും പിന്നിലായിരുന്നില്ല.
കൃംതാ നമസ്ക്കാരത്തിനുശേഷം അദ്ദേ
ഹം ശ്രദ്ധ തിരിച്ചതു വി. ശുശ്രൂഷക
ളുടെ നടപടി ക്രമങ്ങളിലേക്കാണു്. വി
വിധ സ്ഥലങ്ങളിൽ നിലവിലുണ്ടായി
രുന്ന വ്യത്യാസങ്ങൾ എല്ലാം ദൂരീകരി
ച്ച് ആരാധനകൾ നടത്തുന്ന കാര്യത്തിൽ
ഒരു ഐകരൂപ്യം വരുത്തണമെന്ന ല
ക്ഷ്യത്തോടെയാണ് 1909 ൽ 'നടപടി
പുസ്തകം' മലയാളത്തിൽ പ്രസിദ്ധീ
കരിച്ചതു്. അതു പുലിക്കോട്ടിൽ തിരു
മേനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ
വൈദിക സംഘം വായിച്ചു കേട്ട് അംഗീ
കരിച്ചശേഷം വട്ടശ്ശേരിൽ തിരുമേനി,
മട്ടയ്ക്കൽ അലക്സന്ത്രയോസ് മല്പാൻ
മുതലായവരുടെയും അഭിപ്രായങ്ങൾ കേട്ട
ശേഷവും ആണ് പ്രസിദ്ധീകരിച്ചതു്;
എങ്കിലും അതിനുശേഷവും അനുഷ്ഠാന
ങ്ങളിലുണ്ടായിരുന്ന വ്യത്യാസങ്ങൾ തുടർ
ന്നുപോന്നു.

പിന്നീട് അബ്ദുള്ളാ പാത്രിയർക്കീ
സ് മലങ്കരയിൽ എത്തിയപ്പോൾ അതിൽ
പറഞ്ഞിരുന്ന ചില സംഗതികളിൽ
ഏതാനും വ്യത്യാസങ്ങൾ വരുത്തണമെ
ന്നു നിർദേശിക്കുകയും അടുത്ത പതിപ്പു
മുതൽ അവ നടപ്പിലാക്കുകയും ചെയ്തു.
1910 ൽ മാത്തൻ മല്പാൻ വിവർത്തനം
ചെയ്ത 'നമസ്ക്കാര പുസ്തക'വും

വളരെ പ്രധാനപ്പെട്ടതാണ്. ഇന്നും മലങ്കര സഭയിലുടനീളം ഉപയോഗിക്കപ്പെടുന്ന ഈ പുസ്തകം 'പാമ്പാക്കുട നമസ്ക്കാരം' എന്ന പേരിലാണ് അറിയപ്പെടുന്നത്. 1924 ൽ വേദവായനക്കുറിപ്പും അദ്ദേഹം തന്നെ ഭാഷാന്തരം ചെയ്തു. ഏററവും അവസാനമായി വി. പുതിയ നിയമഗ്രന്ഥങ്ങൾ സുറിയാനിയിൽ നിന്നും തർജിമ ചെയ്യുവാൻ ആരംഭിച്ചു. എന്നാൽ അതു് പൂർത്തിയാക്കി പ്രസിദ്ധീകൃതമാകുന്നതുവരെ അദ്ദേഹത്തിനു ജീവിച്ചിരിക്കുവാൻ സാധിച്ചില്ല. സ്വപുത്രൻ അബ്രഹാം കത്തനാരും, തന്റെ അരുമശിഷ്യനും, സുറിയാനി ഭാഷയിൽ ഗുരുവിനേക്കാൾ ഒരു പടി കൂടുതൽ നിപുണനുമായിരുന്ന ഔഗേൻ ബാവായും ചേർന്നു പില്ക്കാലത്തു് അതു പൂർത്തിയാക്കി പ്രസിദ്ധീകരിച്ചു. 1811 നു ശേഷം മലങ്കര സഭയുടെ സന്താനങ്ങളാൽ തർജിമ ചെയ്യപ്പെട്ടു് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള ഏക വേദപുസ്തക ഗ്രന്ഥമാണിതു്.

> *ഈ നൂററാണ്ടിലെ പേരുകേട്ട മലയാള കവികളിൽ ഒരാളായിരുന്ന വള്ളത്തോൾ നാരായണമേനോന്റെ സഹായത്തോടെ പുലിക്കോട്ടിൽ യൗസേഫ് ശെമ്മാശ്ശൻ, ചെറുപത്തൂർ കുര്യാക്കോസ് കത്തനാർ, ...*

ഈ നൂററാണ്ടിലെ പേരുകേട്ട മലയാള കവികളിൽ ഒരാളായിരുന്ന വള്ളത്തോൾ നാരായണമേനോന്റെ സഹായത്തോടെ പുലിക്കോട്ടിൽയൗസേഫ് ശെമ്മാശ്ശൻ, ചെറുപത്തൂർ കുര്യാക്കോസ് കത്തനാർ, സി. എം. ജേക്കബ് എന്നിവർ ചേർന്നു വിവർത്തനം ചെയ്ത 'പീഡാനുഭവാഴ്ചയിലെ പ്രുമിയോൻ' പുസ്തകം 1918 ൽ കുന്നംകുളം അക്ഷരരത്ന പ്രകാശിക പ്രസ്സിൽ അച്ചടിക്കപ്പെട്ടു. സുറിയാനി വാക്കുകളുടെ അതേ അർത്ഥം തന്നെ പരിഭാഷയ്ക്കും ലഭിക്കുവാൻ വളരെയധികം സംസ്കൃത പദങ്ങൾ ഇതിൽ ഉപയോഗിച്ചിട്ടുണ്ടു്. ഈ കാരണം കൊണ്ടുതന്നെയാവാം പില്ക്കാലത്തു് ഈ പുസ്തകത്തിനു കാര്യമായ പ്രചാരണം ലഭിക്കാതെ പോയതു്. ഇന്നു തൽസ്ഥാനത്തു കൂടുതലായി ഉപയോഗിച്ചു വരുന്നതു് മട്ടയ്ക്കൽ അലക്സന്ത്രയോസ് മല്പാൻ ഭാഷാന്തരം ചെയ്തു ബഥനി ആശ്രമത്തിൽ നിന്നു പ്രസിദ്ധീകരിച്ച പുസ്തകമാണു്.

വി. കുർബ്ബാന തക്സാ മലയാളത്തിൽ ഇറങ്ങുന്നതിനു 1920 വരെ കാത്തിരിക്കേണ്ടതായി വന്നു. പ്രൊട്ടസ്റ്റന്റ് വിശ്വാസവുമായുള്ള യുദ്ധത്തിനു ശേഷം, വി. കുർബാന തക്സായിൽ കഠിനമായ സുറിയാനി വാക്കുകളുടെ അർത്ഥംപോലും കുറിച്ചിടുന്നതു പാപമെന്നു ധരിച്ചിരുന്ന തലമുറയിൽ ഒരു മലയാളം തക്സാ അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തുവാൻ കരുത്തു കാണിച്ച മൂക്കഞ്ചേരിൽ പത്രോസ് ശെമ്മാശ്ശനും (മാർ ഒസ്താത്തിയോസ് തിരുമേനി) പുലിക്കോട്ടിൽ യൗസേഫ് ശെമ്മാശ്ശനും തീർച്ചയായും അഭിനന്ദനം അർഹിക്കുന്നു. സഭാമേലദ്ധ്യക്ഷന്മാർ അന്നു് അവരെ നിശിതമായി വിമർശിച്ചു എന്നു പറഞ്ഞു കേട്ടിട്ടുണ്ടു്. കുന്നംകുളം അക്ഷര രത്നപ്രകാശിക പ്രസ്സിൽ അച്ചടിച്ച ഈ പുസ്തകത്തിന്റെ പരിഭാഷയിൽ എം. ടി. ഇട്ടിയവിര കത്തനാർ, ചെറിയ മഠത്തിൽ യാക്കോബ് കത്തനാർ തുടങ്ങിയവർ സഹകരിച്ചിരുന്നു. ഇതിൽ വൈദികനും, ശുശ്രൂഷകരും, ജനങ്ങളും എല്ലാം ചൊല്ലേണ്ടതായ ഭാഗങ്ങൾ അടങ്ങിയിട്ടുണ്ടു്. ഈ പുസ്തകത്തിനു ഇന്നു ഒട്ടും തന്നെ പ്രചാരമില്ല. മട്ടയ്ക്കൽ അലക്സന്ത്രയോസ് കത്തനാർ തർജമ ചെയ്തു് 1937 ൽ ബഥനി ആശ്രമത്തിൽ നിന്നും പ്രസിദ്ധീകരിച്ച തക്സായും 1957 ൽ കോനാട്ടു് അബ്രഹാം കത്തനാർ തർജമ ചെയ്തു സുറിയാനിയും ചേർത്തു് അടിച്ച തക്സായും ആണു് ഇന്നു കൂടുതൽ പ്രചാരത്തിൽ ഇരിക്കുന്നതു്. മട്ടയ്ക്കൽ അച്ചൻ തക്സാ മുഴുവൻ തർജ്ജമ ചെയ്യുന്നതിനു മുമ്പ് തന്നെ വി. കുർബാനയുടെ പ്രുമിയോനുകൾ ഭാഷാന്തരം ചെയ്തിരുന്നു. 1922 ൽ കുന്നംകുളത്തു നിന്നു കെ. ഐ. പാവു കുദാശക്രമങ്ങളും തിരുവല്ലായിൽനിന്നും ഫാദർ പുന്നൂസ് ആണ്ടു തക്സായും.[11] 1949ൽ തേനുങ്കൽ ഗീവറുഗീസ് കത്തനാർ തർജമ ചെയ്ത കന്തീല, കൊഹ്നൈത്താ ക്രമങ്ങളും പ്രസിദ്ധീകരിച്ചതോടെ അത്യാവശ്യ ഗ്രന്ഥങ്ങളെല്ലാം മലയാളഭാഷയിൽ ആയി കഴിഞ്ഞിരുന്നു.

പിന്നീടുണ്ടായ വിവർത്തകരിൽ പ്രത്യേകം പ്രസ്താവിക്കപ്പെടേണ്ട രണ്ടു പിതാക്കന്മാരാണു പരി. ഔഗേൻ 1 ബാവായും, യൂഹാനോൻ മാർ സേവേറിയോസ് തിരുമേനിയും. ഔഗേൻ ബാവ, ഒരു വർഷം വരുന്ന എല്ലാ പ്രത്യേക ദിവഷങ്ങളിലെയും പ്രാർത്ഥനകൾ അടങ്ങുന്ന പെൻഗീസാ നമസ്ക്കാരങ്ങൾക്കുള്ള പ്രുമിയോൻ (1948) നോമ്പിലെ പ്രുമിയോൻ, പദ്യരൂപത്തിലുള്ള കഷ്ടാനുഭവ ആഴ്ചയിലെ നമസ്ക്കാരം (1971 ഫാ. ഡേവിഡ് ചെറുതോട്ടിൽ പ്രസിദ്ധീകരിച്ചു) മർത്തോമ്മാ ശ്ളീഹായുടെയും ഗീവറുഗീസ് സഹദായുടെയും പെരുന്നാളുകൾക്കുള്ള പ്രാർത്ഥനകൾ (1951), കന്തീലാക്രമം (1974. ഫാ. കെ. വി. ഗീവറുഗീസ് പ്രസിദ്ധീകരിച്ചു), നോമ്പിലെ നമസ്ക്കാരം (1960 തിരുവിതാംകോട്ടു് ഗീവറുഗീസ് റമ്പാൻ പ്രസിദ്ധീകരിച്ചു) എന്നിവ വിവർത്തനം ചെയ്യുകയും, വി. കുർബ്ബാനയുടെ ഹൂത്തോമോകൾ സുറിയാനിയിലും മലയാളത്തിലും സ്വന്തമായി രചിക്കുകയും ചെയ്തപ്പോൾ, സേവേറിയോസ് തിരുമേനി നോമ്പിലെയും കഷ്ടാനുഭവ ആഴ്ചയിലെയും പ്രാത്ഥനകളും (1959. കോട്ടയം സെമിനാരിയിൽ നിന്നും പ്രസിദ്ധീകരിച്ചു)ശ്ഹീമ നമസ്ക്കാരവും (ഫാ. ഗീവറുഗീസ് കെ. വി. പ്രസിദ്ധീകരിച്ചു) പരിഭാഷപ്പെടുത്തി.

ഇതുവരെ പ്രസ്താവിക്കപ്പെട്ട പുസ്തകങ്ങളിൽ ബഹു. ഭൂരിഭാഗവും ഗദ്യരൂപത്തിലുള്ള വിവർത്തനങ്ങൾ മാത്രമാണ്. സുറിയാനി ക്രമങ്ങളിലെ പദ്യങ്ങൾ അതേ രാഗങ്ങളിൽ പാടുവാൻ സാധിക്കതക്കവണ്ണം ഭാഷാന്തരം ചെയ്യുന്നതിനു് പ്രാധാന്യം ലഭിച്ചതു് ഈ നൂററാണ്ടിന്റെ അൻപതുകൾ മുതലാണു്. ഇപ്പോഴത്തെ കാതോലിക്കാബാവാ പരിശുദ്ധ മാത്യൂസ് പ്രഥമൻ ആണ് ഈ വിപ്ളവത്തിനു് ചുക്കാൻ പിടിച്ചതു്. പിന്നീടു് സഭാകവി എന്ന പേരിൽ അറിയപ്പെട്ട വെണ്ണിക്കുളം സി. പി. ചാണ്ടിയുടെ കവിതാരചനയിലുള്ള ചാതുര്യത്തെ വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്തിക്കൊണ്ടു് 1949 ൽ പരി. ബാവാ തിരുമേനി (റമ്പാൻ ആയിരുന്നപ്പോൾ) സ്ളീബാ നമസ്ക്കാരം എന്ന പേരിൽ അറിയപ്പെടുന്ന ശ്ഹീമാ നമസ്ക്കാരത്തിലെ ബുധനാഴ്ചയുടെ പ്രാർത്ഥന പദ്യരൂപത്തിൽ പ്രസിദ്ധപ്പെടുത്തി. തുടർന്നു് ഇരുവരും ചേർന്നു തന്നെ ദുഃഖവെള്ളിയാഴ്ച നമസ്ക്കാരവും, വി. കുർബ്ബാന ക്രമത്തിലെ പ്രത്യേക പെരുന്നാളുകൾക്കുള്ള ഗീതങ്ങളും മലയാളം പദ്യരൂപത്തിലാക്കി.

സി. പി. ചാണ്ടിയുടെ പ്രത്യേക കഴിവുകളെ കണ്ടുമനസ്സിലാക്കിയ കോനാട്ടു് എബ്രഹാം കത്തനാരും ഇതേ തുടർന്നു് അദ്ദേഹത്തോടൊപ്പം ജോലിചെയ്യുവാൻ ആരംഭിച്ചു. ആണ്ടു തക്സാ, കുദാശാക്രമങ്ങൾ (ആനീദെ), ശ്ഹീമാ നമസ്കാരം, നോമ്പിലെ നമസ്കാരം, കന്തീലാ ക്രമം, വൈദികരുടെ ശവസംസ്കാരക്രമം ഇത്രയും പുസ്തകങ്ങൾ അദ്ദേഹം ഗദ്യരൂപത്തിൽ വിവർത്തനം ചെയ്തതു ചാണ്ടി കവിതകളാക്കി. ഇവയെല്ലാം സുറിയാനിയും ചേർത്തു മാർ ജൂലിയസ് പ്രസ്സിൽ നിന്നു് എബ്രഹാം കത്തനാർ പ്രസിദ്ധീകരിച്ചു. കൂടാതെ വി. കഷ്ടാനുഭവ ആഴ്ചയിലെ നമസ്കാരവും (M.G.O.C. S.M. പ്രസിദ്ധീകരിച്ചതു്) പരിശുദ്ധ പരുമല തിരുമേനിയുടെ പെരുന്നാളിലെ പ്രാത്ഥനാക്രമങ്ങളിലെ (1977 ൽ പത്തനാപുരം ദയറായിൽ നിന്നു പ്രസിദ്ധീകരിച്ചതു്) ഗാനങ്ങളും സഭാകവി തന്നെയാണു രചിച്ചതു്.

നമ്മുടെ സഭയ്ക്കു് ഒരു ഔദ്യോഗിക പ്രസിദ്ധീകരണ സമിതി ഈ കാലഘട്ടങ്ങളിലൊന്നും ഇല്ലായിരുന്നു എന്നു് ആദ്യമേ പ്രസ്താവിച്ചിരുന്നല്ലോ. പരി.

ഗീവറുഗീസ് II ബാവായുടെ കാലത്തു്, ഈ നൂററാണ്ടിൻെറ അറുപതുകളുടെ ആരംഭത്തിൽ അത്തരത്തിൽ ഒരു സംരംഭം നടന്നതാണു്. ഇപ്പോഴത്തെ കാതോലിക്കാബാവായുടെ (അന്നു് മാർ അത്താനാസ്യോസ്) അദ്ധ്യക്ഷതയിൽ ഒരു സമിതിക്കു് അന്നു് രൂപം നല്കി, എങ്കിലും കാര്യമായൊന്നും ചെയ്‌വാൻ കഴിയാതെ അതു പിരിച്ചുവിടപ്പെട്ടു. അതിനുശേഷം 1986 ൽ വീണ്ടും ''മലങ്കര ഓർത്തഡോക്സ് ചർച്ച് പബ്ളിക്കേഷൻസ്'' (M. O. C. P.) എന്ന പേരിൽ ഒരു ഔദ്യോഗിക സമിതി പ്രവർത്തനമാരംഭിച്ചിട്ടുണ്ടു്. പല പ്രധാന ആരാധനാക്രമങ്ങളുടെയും പ്രസിദ്ധീകരണ ചുമതല ഈ സമിതി ഏറെറടുക്കുകയും, കുട്ടികളുടെ സമർപ്പണശുശ്രൂഷ, നോമ്പിൽ വീടുകളിൽ ഉപയോഗിക്കാവുന്ന പ്രാർത്ഥന മുതലായ പുതിയ ക്രമങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു. ഇതിനു മുൻപ് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള പല പുസ്തകങ്ങൾക്കും വൈദിക മേലദ്ധ്യക്ഷൻമാരുടെ ശ്രേഷ്ഠാനുമതികൾ ലഭിച്ചിട്ടുള്ളവയാണ് എങ്കിലും സഭ ഔദ്യോഗികമായി പ്രസിദ്ധീകരിച്ചിട്ടുള്ളതു പരി. ഔഗേൻ ബാവായുടെ കാലത്തു പുറത്തിറക്കിയ, കുടുംബാരാധനാക്രമവും വി. മൂറോൻ കൂദാശ ക്രമവും, മേല്പട്ട സ്ഥാനാരോഹണക്രമവും മാത്രമാണു്.

ആരാധനാ ഭാഷ

നമ്മുടെ ആരാധനാ ഭാഷയെക്കുറിച്ച് സമഗ്രമായ ഒരു വിലയിരുത്തൽ നടത്തണമെങ്കിൽ അഗാധമായ ഭാഷാപാണ്ഡിത്യമുള്ളവരുടെ സഹായം ആവശ്യമാണു്. അതിനാൽ ഇവിടെ വളരെ പൊതുവായി ഒന്നു രണ്ടു കാര്യങ്ങൾ മാത്രം വായനക്കാരുടെ ശ്രദ്ധയിൽ പെടുത്തുവാൻ ആഗ്രഹിക്കുന്നു.

18, 19 നൂററാണ്ടുകളിൽ കൽദായ സുറിയാനിയിൽ നിന്നും യാക്കോബായ സുറിയാനിയിലേക്കുണ്ടായ മാററത്തെക്കുറിച്ച് ആദ്യം തന്നെ പറഞ്ഞിട്ടുണ്ടല്ലോ. അവിടെ നിന്നും മലയാളം ഭാഷയിലേക്കുള്ള മാററവും വളരെ സാവധാനം തന്നെയാണു് സംഭവിച്ചതു്. നവീകരണക്കാർ, ആരാധനയിൽ പ്രാദേശിക ഭാഷ ഉപയോഗിക്കുന്നതിനെ അനുകൂലിച്ചിരുന്നതിനാൽ, കൂടുതൽ മലയാളം ഉപയോഗിക്കുന്നതു് ആ വിശ്വാസത്തോടുള്ള അനുഭാവത്തിൻെറ സൂചനയായി പരിഗണിക്കപ്പെട്ടിരുന്നു. അതിനാൽ പല പ്രാർത്ഥനകളും

> *...........ഇന്നു്, പ്രത്യേകിച്ചും സെദറാകളിൽ കാണുന്ന ദീർഘവാചകങ്ങൾ മുറിച്ച് ചെറുതും ലളിതവും ആക്കേണ്ടതല്ലേ?...........*

മലയാളം ഭാഷയിൽ ഉപയോഗിക്കുവാൻ തുടങ്ങിയിരുന്നിട്ടും പുസ്തകങ്ങളൊന്നും വളരെ കാലത്തേയ്ക്കു മലയാളത്തിൽ പ്രത്യക്ഷപ്പെട്ടിരുന്നില്ല [12] മലയാളം പരിഭാഷകൾ പ്രത്യക്ഷപ്പെടുവാൻ തുടങ്ങിയപ്പോഴും ഏററവും തീക്ഷണതയോടെ ശ്രദ്ധിച്ചിരുന്ന സംഗതി അതു് സുറിയാനി മൂലത്തിൽ നിന്നും അല്പം പോലും വ്യത്യാസപ്പെടരുതു് എന്നതായിരുന്നു.

ഈതീക്ഷ്ണത ഇന്നു വരെ നമ്മൾ മുറുകെ പിടിക്കുന്നുമുണ്ടു്. കഴിവുള്ളിടത്തോളം ഒരു സുറിയാനി വാക്കിനു് ഒരു മലയാളം വാക്കു് ഉണ്ടായിരിക്കണം എന്ന തത്വവും പലസ്ഥലത്തും നമുക്കു കാണാം. ഇതിൻെറ പേരിൽ, തജ്ജമ ചെയ്യപ്പെടുന്ന ഭാഷയായ മലയാളത്തിനു് അനുയോജ്യമല്ലാത്ത പ്രയോഗങ്ങളും, വാചക ഘടനയും ഉപയോഗിക്കുന്നതിനു വിവർത്തകർക്കു യാതൊരു മടിയും ഉണ്ടായിരുന്നില്ല. ഉദാഹരണത്തിനു്: ദുഃഖവെള്ളിയാഴ്ച സ്ളീബാവന്ദനവിൻെറ സമയത്തെ പ്രാത്ഥന തജ്ജമ ചെയ്തിരിക്കുന്നതു് 'അതിനാലെ ഞങ്ങൾക്കു രക്ഷയുണ്ടായി എന്ന സ്ലീബായെ ഞങ്ങൾ വന്ദിക്കുന്നു', എന്നാണു്. 'ദ്ബേ' എന്ന സുറിയാനി പ്രയോഗത്തെ 'by which' എന്നു കൃത്യമായി ഇംഗ്ലീഷിലേയ്ക്കു് ഭാഷാന്തരം ചെയ്യാം. എന്നാൽ 'അതിനാലെ' എന്ന മലയാളത്തിൽ ഒരു വാചകം ആരംഭിച്ചാൽ അതു വൈകൃതമായിരിക്കയില്ലേ എന്നു സംശയിക്കുന്നു. അതുപോലെതന്നെ വി. കുർബാനയിലെ ഹൂദസോയോ പ്രാർത്ഥന മട്ടയ്ക്കൽ അച്ചൻെറ തർജമയനുസരിച്ച് 'എങ്കിലോ പുണ്യമാകുന്നവനും' എന്നാണു് ആരംഭിക്കുന്നതു്. പ്രസ്തുത സ്ഥാനത്തു സുറിയാനിയിൽ 'ഹോക്കീൽ' എന്ന പദം ഉണ്ടെന്നും അതിൻെറ അത്ഥം 'എങ്കിലോ' എന്നാണെന്നതും ശരിതന്നെ. എന്നാൽ മലയാളത്തിലാകുമ്പോൾ ആ വാചകത്തിൽ 'എങ്കിലോ' എന്ന വാക്കു തികച്ചും അനാവശ്യമാണു്.

ഈ തത്വം തന്നെയാണു സംസ്കൃത വാക്കുകൾ കൂടുതലായി ആരാധനാക്രമങ്ങളിൽ ഉപയോഗിക്കുന്നതിനു പരിഭാഷകരെ പ്രേരിപ്പിച്ചിട്ടുള്ളതും. 1918 ൽ പ്രസിദ്ധീകരിച്ച ഹാശാ ആഴ്ചയിലെ പ്രുമിയോനുകളും, പരി. ഔഗേൻ ബാവായുടെ വിവർത്തനങ്ങളും, പാമ്പാക്കുട നിന്നും പ്രസിദ്ധീകരിച്ച പുതിയ നിയമവും ഈ കാര്യത്തിൽ സുപ്രസിദ്ധങ്ങളാണു്. വാചക ഘടനയിലും, സുറിയാനിയിലെ ഒരു വാചകത്തിനു് മലയാളത്തിൽ ഒരു വാചകം എന്ന തത്വം അംഗീകരിച്ചു നടപ്പാക്കാൻ ശ്രമിക്കുന്നതുകൊണ്ടു സാധാരണക്കാർക്കു ദുർഗ്രഹങ്ങളായി പരിണമിക്കുന്നു. ഇന്നു്, പ്രത്യേകിച്ചും സെദറാകളിൽ കാണുന്ന ദീർഘ വാചകങ്ങൾ മുറിച്ചു ചെറുതും ലളിതവും ആക്കേണ്ടതല്ലേ എന്നു സംശയിക്കുന്നു. പ്രസ്തുത തത്വത്തിൻെറ വലയത്തിൽ നിന്നും നമ്മൾ പുറത്തുകടക്കുന്നു എങ്കിലേ പ്രാദേശിക ഭാഷയിൽ പ്രൗഢവും, ലളിതവുമായ ആരാധനാ ക്രമങ്ങൾക്കു രൂപം നല്കുവാൻ സാധിക്കൂ. 1989 ൽ M. O. C. P. പ്രസിദ്ധീകരിച്ച വി. കുർബാന തക്സായിൽ ഇതിനു് ഒരു ചെറിയ പരിശ്രമം നടത്തിയിട്ടുണ്ടു്. വൈദിക സെമിനാരി അദ്ധ്യാപകരാണു് ഇതിനു നേതൃത്വം നല്കിയതു്. എന്നാൽ സഭയിൽ നിന്നും അതിനായി ഔദ്യോഗികമായി ആരെയും ചുമതലപ്പെടുത്താത്തതിനാൽ ഈ സംരംഭവും അതിൻെറ പൂർണതയിൽ എത്തിച്ചേർന്നില്ല.

നമ്മൾ ജീവിക്കുന്ന കാലത്തിനും, സമൂഹത്തിനും, അനുയോജ്യമായ പുതിയ ആരാധനാ ക്രമങ്ങൾ ഉണ്ടാകണമെന്നു മുറവിളി കൂട്ടുന്നവരുടെ സംഖ്യ ഉയർന്നു വരുന്ന ഈ കാലഘട്ടത്തിൽ, അതിൻെറ സാദ്ധ്യതകളെക്കുറിച്ചു പഠിക്കുവാൻ അനുയോജ്യരായ ഭാഷാ പണ്ഡിതന്മാരും, വേദശാസ്ത്രജ്ഞരും, പ്രാത്ഥനാ ജീവിതത്തിലൂടെ ആത്മിക വളർച്ച പ്രാപിച്ചവരും എല്ലാം ഉൾപ്പെടുന്ന ഒരു സമിതിയെ സഭ ഔദ്യോഗികമായി നിയമിക്കുന്നതു് അഭികാമ്യമായിരിക്കും.

NOTES

1. Z.M. പാറേട്ട്, 'മലങ്കര നസ്രാണികൾ', Vol -3 കോട്ടയം, 1967, p. 290.

2. ഈ വിഷയത്തിൽ ആഴമായ ഗവേഷണം നടത്തിയിട്ടുള്ള സിറിൽ മലഞ്ചെരുവിലിൻെറ അഭിപ്രായമാണിതു്. 'Introduction of Antiochian Rite in to Malakara Church,' in, 'St. Thomas Christian Encyclopaedia of India,' p.79ff.

3. കൂടുതൽ തെളിവുകൾക്കു് ഈ സോവനീറിൽ കെ. എ. ജോർജ് ശെമ്മാശ്ശൻെറ ലേഖനം കാണുക.

4. 7-ാം നമ്പർ നോട്ട് കാണുക.

5. ചില പള്ളികളിൽ പെന്തിക്കോസ്തി വരെ മാത്രമേ ക്യംതാപ്രാത്ഥന ഉപയോഗിക്കാറുള്ളു.

6. പാറേട്ട് Z. M. 'മലങ്കര നസ്രാണികൾ', Vol-3, കോട്ടയം, 1967,p.95,96

7. ഇതിൽ കൃംതാ നമസ്കാരം ഇല്ല എന്നതു പ്രത്യേകം ശ്രദ്ധേയമാണ്.

8. Daniel D, 'The Orthodox Church of India', New Delhi, 1986, p. 142,135

9. ഇതു പുലിക്കോട്ടിൽ തിരുമേനി അല്ല.

10. ഇതു വിവർത്തനം ചെയ്തതു് ആരെന്നു കാണിച്ചിട്ടില്ല. എന്നാൽ സെമിനാരി പ്രസിൽ നിന്നും ആയതിനാൽ പുലിക്കോട്ടിൽ തിരുമേനി ആകാൻ സാധ്യതയുണ്ട്.

11. ഇതിൻെറ പ്രസിദ്ധീകരണ വർഷം കൊടുത്തിട്ടില്ല.

12. 1869 ൽ പ്രസിദ്ധീകരിച്ച വി. കുബ്ബാനക്രമത്തിൻെറ മുഖവുര വായിച്ചാൽ ഇതു വളരെ വ്യക്തമാകും.

Best Compliments from:

CHRISTIAN MISSION HOSPITAL
PANDALAM

Dr. K. C. Samuel MBBS, FCGP
Dr. S. G. Varghese MBBS, MS
Dr. Varghese B Sc, MBBS. DCH
Dr. Mathew Varghese B.Sc, MBBS
Dr. John Varghese MBBS, MD
Dr. Jose Abraham B.Sc, MBBS, DGO
Dr. Mrs. Suma Johns MBBS

Best Compliments from:

M|s Claudien Gauges

No. 16 & 17, 3rd Anna Cross Street
Srinivasa Nagar, Padi,

MADRAS. 600 050

Phone No: 654149

(Specialist in Standard and Non-Standard Gauges and Manufacturers of Jigs, Fixtures & Special purpose component according to customers requirements)

റവ. ഡോ. കെ. എ. ജോർജ്

കണ്ടനാട്, മുളന്തുരുത്തി, കരിങ്ങാച്ചിറ, പാമ്പാക്കുട, പിറവം, വടകര, കടമററം, അങ്കമാലി, വടക്കൻ പറവൂർ, കോട്ടയം മണർക്കാടു വലിയ പള്ളി എന്നീ ദേവാലയങ്ങളുടെ മുഖവാരം ഒരേ മാതൃകയിൽ ഉള്ളതാണ്.............

പുരാതന ലിഖിതങ്ങൾ

മദ്ബഹാകളിലും, പള്ളിയുടെയും, പള്ളിമേടയുടെയും ചുമരുകളിലും ദേവാലയങ്ങളുടെ മുഖവാരത്തും, പ്രധാന കവാടങ്ങളിലും കാണുന്ന ലിഖിതങ്ങൾ ചരിത്രത്തിലേക്കു വെളിച്ചം വീശുന്നതാണ്. മേല്പട്ടക്കാരുടെയും, പട്ടക്കാരുടെയും ശവകുടീരങ്ങളിൽ കാണുന്ന ശിലാഫലകങ്ങളിലും സുറിയാനിയിലും ഇംഗ്ലീഷിലുംമലയാളത്തിലുമുള്ള ലിഖിതങ്ങൾ കാണാം. അവ വിവിധ ഗണങ്ങളായിട്ട തരം തിരിക്കാം. സുറിയാനി ലിഖിതങ്ങൾക്കു മുൻതൂക്കം കൊടുത്തു പ്രസക്തമായ പരാമർശം നടത്തുവാനാണു ശ്രമം. പ്രധാനമായി മൂന്നു രീതിയിലുള്ള സുറിയാനി ലിപികളുടെ എഴുത്തുകൾ കാണാം.

(!) എസ്ത്രൻ ഗേലാ സുറിയാനി

(ii) പാശ്ചാത്യ സുറിയാനി (യാക്കോബായ)

(iii) പൌരസ്ത്യ സുറിയാനി (കൽദായ)

സാധാരണക്കാർക്കു മനസ്സിലാക്കുവാൻ എളുപ്പമായ പദങ്ങളാണു (സാങ്കേതിക പദങ്ങൾ ഒഴിവാക്കി) വിവിധ സുറിയാനി ലിപികളെക്കുറിച്ചു പരാമർശിക്കുവാൻ ഉപയോഗിക്കുന്നതു്. പല പ്രധാന രേഖകളും വി: മദ്ബഹായുടെ അകത്തു ആയതുകൊണ്ടു ചരിത്ര കുതുകികളായ അത്മായർക്ക് അവ പരിശോധിക്കുവാനും, പഠിക്കുവാനും വൈഷമ്യമുണ്ട്. സുറിയാനിയിലുള്ള രേഖകൾ അച്ചടിക്കുവാൻ പ്രയാസമുള്ളതുകൊണ്ട് അവയുടെ തർജ്ജമ മാത്രമാണു നല്കുന്നതു്. ഭാഷയിൽ പ്രാവീണ്യമുള്ളവക്കു മാത്രമെ ലിപികളുടെ കാലക്രമത്തിലുള്ള വ്യതിയാനങ്ങളെക്കുറിച്ചും പ്രത്യേകതകളെക്കുറിച്ചും, സുറിയാനി ഭാഷാശൈലിയെക്കുറിച്ചും ഗഹനമായ ഗവേഷണം നടത്തുവാൻ സാധിക്കുകയുള്ളു.

ഉദയം പേരൂർ പള്ളി: എറണാകുളം വൈക്കം റോഡിൽ ഉദയം പേരൂർ എന്ന സ്ഥലത്തു റോഡിനു പടിഞ്ഞാറുവശമാണു ഉദയം പേരൂർ സുന്നഹദോസ്' എന്ന ചരിത്രപ്രധാനമായ സമ്മേളനം നടന്നതു്. മലങ്കരസഭയെ റോമാ ആധിപത്യത്തിൻ കീഴിൽ കൊണ്ടുവരാൻ രാഷ്ട്രീയ സ്വാധീനത്തോടെ ഗോവായിലെ ആർച്ചു ബിഷപ്പ് മെനെസീസ് നടത്തിയ സംഘടിതമായ ശ്രമത്തിന് ഉദയം പേരൂർ പഴയ പള്ളിയുടെ ചിലഭാഗങ്ങൾസാക്ഷ്യംവഹിക്കുന്നു. പഴയ ദേവാലയത്തിൻെറസ്ഥാനത്തുള്ള കെട്ടിടത്തിൻെറ എല്ലാംതന്നെ

1599നു മുമ്പുള്ളതല്ലെങ്കിലും, ചുമരുകൾ മരപ്പണികൾ, പള്ളിയുടെ ഘടന എന്നിവ പഴമയിലേക്കു വിരൽ ചൂണ്ടുന്നവയാണ്. അവിടവിടെയായി കാണുന്ന ശിലാഫലകങ്ങൾ പരേതരുടെ കല്ലറകളിൽ ഓർമ്മയ്ക്കായി സ്ഥാപിച്ചതായിരിക്കാം. മലയാളം, തമിഴ് എന്നീ ഭാഷകളിലെ അക്ഷരങ്ങളോടു സാധർമ്മ്യമുള്ള ലിപികൾ എന്താണെന്നു മനസ്സിലാക്കുവാൻ പണ്ഡിതന്മാരുടെ സഹായം ആവശ്യമാണ്. സുറിയാനി അക്ഷരങ്ങൾ ഒന്നും തന്നെ ശിലാഫലകങ്ങളിൽ കാണുന്നില്ല. പഴയ താളിയോലഗ്രന്ഥങ്ങളിൽ കാണുന്ന തമിഴ്–മലയാളം ലിപികളോടു സാദൃശ്യമുള്ളവയാണ് അവ. ഉദയം പേരൂരിനടുത്തുള്ള കണ്ടനാടു പള്ളിയിലും അതുപോലുള്ള ശിലാഫലകങ്ങൾ കാണുന്നുണ്ട്.

അടുത്തകാലത്തു ഉദയം പേരൂരെ പള്ളിയുടെ പുന: നിർമാണഘട്ടത്തിൽ, നാട്ടിൽ സാധാരണ ചെയ്യുന്നതുപോലെ പഴയതു നാമാവശേഷമാക്കി, കോൺക്രീററു സൗധം പടുത്തുയർത്താതെ, പഴയതിനോടു അടുത്ത് ഒരു പുതിയ പള്ളി പണിയുകയാണു ചെയ്തത്. പ്രശംസനീയമായ ആ പ്രക്രിയ പള്ളികൾ പുതുക്കിപ്പണിയുന്നവർക്കു മാർഗനിർദ്ദേശകമാണ്.

റോഡിനോടടുത്തു പള്ളിയോടു ചേർന്നുള്ള മതിലിൽ ചെമ്പു തകിടിൽ ഇംഗ്ലീഷിൽ കൊത്തിയ വിവരണം കാണാം. ദയാംപേർ സിന്നഡ് ഈ കെട്ടിടത്തിൽ 1599 ജൂൺ 20–ാം നു- ഗോവ ആർച്ചുബിഷപ്പ് മെനെസിസിനാൽ നടത്തപ്പെട്ടു'. സിനഡിനെക്കുറിച്ചുള്ള പ്രധാന രേഖകൾ പലതും യൂറോപ്പിലുള്ള ലൈബ്രറികളിലെ പ്രധാന രേഖാശേഖരത്തിൽ ഉണ്ട്. പഴയ സംഭവ പരമ്പരകൾക്ക്, അവശേഷിക്കുന്ന ചെമ്പു ഫലകം സാക്ഷ്യം വഹിക്കുന്നു.

കണ്ടനാട് മർത്തമറിയം പള്ളി: ഉദയം പേരൂർ നിന്ന് ഏകദേശം 2 കിലോമീററർ അകലെയാണ്, കണ്ടനാടു ഇടവകയുടെ തലപ്പള്ളിയായ കണ്ടനാടു മത്തമറിയം പള്ളി സ്ഥിതി ചെയ്യുന്നത്. ദിവന്നാസ്യോസ് 1–ാമൻ മെത്രാപ്പോലീത്തായുടെ കാലത്തു ആംഗ്ലിക്കൻ സഭാംഗമായ ക്ലോഡിയസ് ബുക്കാനൻ ഇന്ത്യയിൽ എത്തി ഇംഗ്ലണ്ടിലെ ആംഗ്ലിക്കൻ സഭയും, മലബാറിലെ സുറിയാനി സഭയും തമ്മിൽ സഹകരിച്ചു പ്രവർത്തിക്കുവാനുള്ള സാധ്യതകളെക്കുറിച്ച് ആരായുകയുണ്ടായി. ബുക്കാനൻ 1806–ൽ കണ്ടനാടു പള്ളി സന്ദർശിച്ചതായി ബുക്കാനന്റെ സന്ദർശന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

കണ്ടനാട്, മുളന്തുരുത്തി, കരിങ്ങാച്ചിറ, പാമ്പാക്കുട, പിറവം, വടകര, കടമററം, അങ്കമാലി, വടക്കൻ പറവൂർ, കോട്ടയം മണർകാടു വലിയപള്ളി എന്നീ ദേവാലയങ്ങളുടെ മുഖവാരം ഒരേ മാതൃകയിൽ ഉള്ളതാണ്. കണ്ടനാടു പള്ളിയുടെ മുഖവാരത്തിൽ കുരിശിന്റെ താഴെ മദ്ധ്യഭാഗത്തു കൽദായ സുറിയാനി ലിപിയിൽ എഴുതിയ വേദവാക്യം ഇപ്രകാരമാണ് 'എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ വന്ന് അകത്തു പ്രവേശിപ്പിൻ' മിശിഹാകാലം 1400. മുഖവാരം, ഇന്നുള്ള പള്ളിമേടയെക്കാളും, പള്ളിയെക്കാളും പുരാതനമാണെന്നു കരുതാം.

പള്ളിയുടെ വി:മദ്ബഹായിലെ ക്ദുശ്കുദശീനിൽ ത്രോണോസിന്റെ കിഴക്കുവശത്തുള്ള ഭിത്തിയിൽ നടുവിൽ സ്ഥാപിച്ചിരിക്കുന്ന കുരിശിന്റെ ഇടത്തും, വലത്തുമായി മരത്തിൽ കൊത്തിവച്ചിട്ടുള്ള എഴുത്തുകൾ കാണാം, ഇടത്തുഭാഗത്തു വി. യോഹന്നാന്റെ സുവിശേഷം 6–ാം അദ്ധ്യായം 55–ാം വാക്യമാണ്. 'എന്റെ മാംസം സാക്ഷാൽ ഭക്ഷണവും എന്റെ രക്തം സാക്ഷാൽ പാനീയവുമാകുന്നു'.

വലത്തുഭാഗത്തും എബ്രായ ലേഖനം 9–ാം അദ്ധ്യായം 3–ാം വാക്യം ഉദ്ധരണിയായി നല്കിയിരിക്കുന്നു.

'രണ്ടാം തിരശ്ശീലെക്കു പിന്നിലോ അതിവിശുദ്ധം എന്ന കൂടാരം ഉണ്ടായിരുന്നു'. 5 വരികളായി എഴുതിയിരിക്കുന്നതു എസ്രൂൻ ഗേലി ലിപിയിലാണ്. കലാചാതുര്യത്തോടെ സുന്ദരമായി എഴുതുവാൻ ചതുര എസ്ത്രേൻ ഗേലി സുറിയാനി ലിപി മെച്ചം ആയതു കൊണ്ടായിരിക്കാം

വി: മദ്ബ്ഹായുടെ താഴെയായി രണ്ടു പിതാക്കന്മാരുടെ കബറുകൾ ഉണ്ട്. ഇടത്തു ഭാഗത്തുള്ള കബറിന്റെ മാർബിൾ ഫലകത്തിൽ മാർ ബസേലിയോസ് എന്ന യാക്കോബായ സുറിയാനിയിലുള്ള ലിഖിതം കാണാം.....

19, 20 എന്നീ നൂററാണ്ടിലെ എഴുത്തുകളിൽ സാധാരണകണ്ടുവരുന്ന യാക്കോബായസുറിയാനി ലിപിവിട്ട് എസ്രൂൻ ഗേലി ലിപിതെരഞ്ഞെടുത്തത്. 1900–മാണ്ടഅന്നു കണ്ടനാടു പള്ളിവികാരിയായിരുന്ന ആലുങ്കൽ അബ്രാഹം കശീശയുടെ ദീർഘവീക്ഷണവും ചരിത്രത്തോടുള്ള ആഭിമുഖ്യവും വിവിധ എഴുത്തുകൾ വ്യക്തമാക്കുന്നു. പള്ളിയുടെ ഓരോ ഭാഗത്തിന്റെയും പണി തീർന്നതിനെക്കുറിച്ചു വിവരം നൽകുന്ന ചരിത്ര രേഖകൾ പള്ളിയുടെ വിവിധ ഭാഗങ്ങളിൽകൊത്തിവച്ചിട്ടുണ്ട്. വി: മദ്ബഹായോടു ചേർന്നുള്ള മരച്ചുവരിൽ ഇപ്രകാരം കാണുന്നു. '1909 ധനുവിൽ മദ്ബഹായുടെ മരപ്പണിയും 1910 മേടം 8–ാംനു-തങ്കപ്പണിയും തീർന്നു 9–ാംനു വി: കുർബാന ചൊല്ലി. പള്ളിയുടെ പുറത്തു വരാന്തയിലുള്ള കോൺക്രീററുതൂണുകളിൽ 1931 എന്ന അക്കവും കാണാം.

വി: മദ്ബ്ഹായുടെ താഴെയായി രണ്ടു പിതാക്കന്മാരുടെ കബറുകൾ ഉണ്ട്. ഇടത്തു ഭാഗത്തുള്ള കബറിന്റെ മാർബിൾ ഫലകത്തിൽ 'മാർ ബസേലിയോസ്'' എന്ന യാക്കോബായ സുറിയാനിയിലുള്ള ലിഖിതം കാണാം. 'വി: അന്ത്യോഖ്യ പാത്രിയർക്കീസ് ഗീവറുഗീസ് ബാവായാൽ 1749ൽ മലങ്കരയിലേക്ക് അയക്കപ്പെട്ട ശക്രുള്ള ബസേലിയോസ് മപ്രിയാന മട്ടാഞ്ചേരി പള്ളിയിൽ വച്ചു കാലം ചെയ്തു 1764 തുലാം 9–നു- ഇവിടെ അടക്കപ്പെട്ടു' ശക്രുള്ള ബാവായുടെപെരുന്നാൾ ആഘോഷമായി കണ്ടനാടു പള്ളിയിൽ എല്ലാ വർഷവും കൊണ്ടാടുന്നു. ശക്രുള്ള ബാവായുടെ കാലത്താണു പാശ്ചാത്യ സുറിയാനി എഴുത്തുകളും ആരാധനാ രീതികളും മലങ്കരയിൽ വളരെയധികം പ്രചാരം ആർജ്ജിച്ചത്.

വലത്തു ഭാഗത്തുള്ള കബർ 4–ാം മാർത്തോമ്മായുടെയാണ് മാർ തോമ്മാ നാലാമൻ എന്നു കബറിങ്കലുള്ള മാർബിളിൽ യാക്കോബായ സുറിയാനി ലിപിയിൽ കൊത്തിവച്ചിട്ടുണ്ട്. താഴെ മലയാളത്തിൽ ഇപ്രകാരം കാണുന്നു. പകലോമററം കുടുംബത്തിലെ മാർ തോമ്മാ മെത്രാപ്പോലീത്താ ക്രിസ്താബ്ദം 1728 മീനം 13–ാംനു-കാലം ചെയ്തു ഇവിടെ അടക്കപ്പെട്ടു.

കണ്ടനാട്ടു പള്ളിയിൽ നിന്നെഴുതിയ സുപ്രധാന കത്തുകൾ

മാർത്തോമ്മാ 4–ാമൻ അന്ത്യോഖ്യാ പാത്രിയർക്കീസിനു കണ്ടനാട്ടുനിന്നു 1709–ൽ എഴുതി ഫോർട്ടു കൊച്ചിയിലെ ഡച്ചു പട്ടാള മേധാവി ആദാംവാൻ ദേർദിന്റെ കൈയിൽ കൊടുത്തയച്ച കത്തു ഹോളണ്ടിലെ റാപ്പൻ ബുർഗിലുള്ള ലൈഡൻ സവ്വകലാശാല ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുണ്ട്. മാർ ഗബ്രിയേൽ എന്ന മേല്പട്ടക്കാരന്റെ ഉപദേശങ്ങൾക്കെതിരായി സഭയെ സംരക്ഷിക്കുവാൻ പാണ്ഡിത്യമുള്ള പാത്രിയർക്കീസിനെയും മേല്പട്ടക്കാരെയും, പട്ടക്കാരെയും അയയ്ക്കണമെന്ന അഭ്യർത്ഥനയായിരുന്നു കത്തിൽ' ലേഖകൻ പഠനാർത്ഥം ഹോളണ്ടു സന്ദർശിച്ചപ്പോൾ ഇന്ത്യക്കാരനാണെന്നും സുറിയാനി സഭയിൽപ്പെട്ട ആളാണെന്നും കേട്ടപ്പോൾ ഇന്നത്തെ ലൈബ്രേറിയൻ വളരെ സന്തോഷത്തോടെ ചരിത്ര പ്രസിദ്ധമായ കത്തു കാണിച്ച് അതോടനുബന്ധിച്ച ചരിത്രവും ലേഖകനോടു വിവരിക്കയുണ്ടായി. കരോളസ് ഷാഫ് എന്ന പേരായ പണ്ഡിതനായിരുന്ന ഒരു കാലത്തു ലൈബ്രറിയുടെ ചുമതല വഹിച്ചിരുന്നത്. അദ്ദേഹം അവിടുത്തെ പ്രൊഫസർ ആയും സേവനമനുഷ്ഠിച്ചിട്ടുണ്ട്. കരോളസ് ഷാഫ് സുറിയാനി പണ്ഡിതനായിരുന്നെങ്കിലും അദ്ദേഹം യാക്കോബായ സുറിയാനി ലിപിയിൽ ആണു മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ കൽദായ സുറി

യാനിയിലുള്ള കത്തിനു മറുപടി അയയ്ക്കുന്നത്. അതിനു മറുപടി ആയി മാർത്തോമ്മാ 4–ാമൻ 1715–ൽ വേറൊരു കത്തയച്ചു. അതു യാക്കോബായ സുറിയാനി ലിപിയാണ്. ഇതു വ്യക്തമാക്കുന്ന വസ്തുത, മാർത്തോമ്മാ 4–ാമനു രണ്ടു ലിപികളും എഴുതുവാൻ നിശ്ചയമുണ്ടായിരുന്നു എന്നതാണ്. രണ്ടു ലിപികളും മലങ്കരയിൽ പ്രചാരത്തിൽ ഇരുന്ന കാലവുമുണ്ടായിരുന്നു. (കൂടുതൽ വിവരങ്ങൾ ഹോളണ്ട് നൈമേഗൻ യൂണിവേഴ്സിററി പ്രൊഫസർ കോറെപ്പിസ്ക്കോപ്പാ വാൻ ഡേർ പ്ലൂഗിന്റെ 'മാർത്തോമാ ക്രിസ്ത്യാനികളുടെ സുറിയാനി കൈയെഴുത്തുകൾ, എന്ന പുസ്തകത്തിൽ കാണാം പേജ് 248 മുതൽ)

പള്ളിയുടെ പ്രാകാരത്തിൽ ധ്യാനിക്കുവാൻ സഹായകമായ തങ്ക വാക്യങ്ങൾ പലതും ചുമരിൽ എഴുതിവച്ചിട്ടുണ്ട്. ഈ മഹനീയമായ മാതൃക മററു പള്ളികളിൽ കാണുന്നില്ല.

പള്ളിയുടെ മേടയിൽ, ഗോവണി കയറി മുകളിൽ ഒന്നാമത്തെനിലയിൽ എത്തിയാൽ, വരാന്തയിലുള്ള ചുമരിൽ ഒരു ശിലാ ഫലകം കാണാം. 'ഈ മുറി അന്ത്യോഖ്യയിലെ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ഏലിയാസ് തൃതീയന്റെ കാലത്തു നമ്മുടെ മെത്രാപ്പോലീത്ത ആയ, തുറബ്ദീൻകാരൻ, കൂറീലോസ് യൂയാക്കീമിന്റെ കാലത്തു പണികഴിപ്പിക്കപ്പെട്ടു. സിറിയക്കാരൻ യാക്കോബിന്റെ കയ്യാൽ എന്നും എഴുത്തിനെക്കുറിച്ചു കുറിപ്പുണ്ട്. താഴെ 1846 മിശിഹാ കാലം എന്നും കാണുന്നു. യൂയാക്കീം മാർ കൂറീലോസിന്റെ കാലത്തു യാക്കോബായ സുറിയാനി ലിപിയിൽ എഴുതിയിട്ടുള്ള ശിലാഫലകങ്ങൾ വേറെയും ഉണ്ട്. കൊച്ചി ഫോർട്ടുകൊച്ചി പള്ളിയിലും യാക്കോബായ സുറിയാനിയിലുള്ള എഴുത്തു കാണാം.

മുളന്തുരുത്തി മാർതോമൻ പള്ളി:

മലങ്കര സഭയുടെ ഏക പ്രഖ്യാപിത പരിശുദ്ധനായ പരുമല തിരുമേനി ഉൾപ്പെടെ മലങ്കര സഭയ്ക്കു 5 തിരുമേനിമാരെ നൽകിയ ഭാഗ്യമാണു മുളന്തുരുത്തി ഇടവകയ്ക്കുള്ളത്. അവർ കാട്ടുമങ്ങാട്ട് എബ്രാഹം മാർ കൂറീലോസ് (അഞ്ഞൂർ) കാട്ടുമങ്ങാട്ടു ഗീവറുഗീസ് മാർ കൂറീലോസ് (വെട്ടിക്കൽ) ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് (പരുമല) പൌലൂസ് മാർ കൂറീലോസ് (പാണമ്പടി) യാക്കൂബ് മാർ പോളികോർപ്പോസ് (കൊരട്ടി) എന്നി

നാടകശാല കഴിഞ്ഞ് പള്ളിക്കകത്തേക്കുള്ള പ്രവേശന വാതിൽ വാസ്തു ശില്പത്തിന്റെ മകുടോദാഹരണമാണ്. കരിങ്കൽകൊണ്ടുള്ള കട്ടിളപ്പടിയിൽ കൊത്തിയിട്ടുള്ള സുറിയാനി ലിഖിതം കൽദായ ലിപിയിലാണ്.....................

വരാണ്. ബ്രാക്കററിൽ കൊടുത്തിരിക്കുന്ന സ്ഥലങ്ങൾ അവർ കാലം ചെയ്തു നിത്യവിശ്രമം കൊള്ളുന്ന പള്ളികളാണ്. അന്ത്യോഖ്യാ സിംഹാസനത്തോടും, പാത്രിയർക്കീസ് ബാവയോടും പരിപൂർണ്ണ വിധേയത്വം പ്രഖ്യാപിച്ച സുപ്രസിദ്ധമായ മുളന്തുരുത്തി സുന്നഹദോസ് 1876–ൽ മുളന്തുരുത്തി പള്ളിയിൽവച്ചാണു സമ്മേളിച്ചതു്. മലങ്കര സഭയുടെ സ്വാതന്ത്ര്യത്തിന്റെ പരിധിക്കു ചില നിയന്ത്രണങ്ങൾ വന്നെങ്കിലും, കെട്ടുറപ്പുള്ള ഭരണ ക്രമത്തിന് ആവശ്യമായ ഇടവക വിഭജനം മുതലായവ അവിടെ വച്ചു നടന്നു. കൂടാതെ, പത്രോസ് പാത്രിയർക്കീസ് ബാവായുടെ കാലത്തും അബ്ദുള്ള പാത്രിയർക്കീസ് ബാവായുടെ കാലത്തും മൂറോൻ കൂദാശ നടത്തുവാനുള്ള ഭാഗ്യവും മുളന്തുരുത്തിപ്പള്ളിക്കു ലഭിച്ചു. പന്ത്രണ്ടാം നൂററാണ്ടിൽ പള്ളി സ്ഥാപിച്ചുവെന്നാണു ചില ലിഖിതങ്ങൾ കാണിക്കുന്നതു്. ശീമയിൽനിന്നു വന്ന 3 മെത്രാപ്പോലീത്തന്മാർ അവിടെ അന്ത്യ വിശ്രമം കൊള്ളുന്നു.

പള്ളിയുടെ നാടക ശാലയിലുള്ള ചുമരിൽ, പള്ളി സ്ഥാപനം, പ്രധാന ചരിത്ര സംഭവങ്ങൾ, സന്ദർശനം നടത്തിയ പിതാക്കന്മാർ പ്രധാന തീയതികൾ എന്നിവ അക്കമിട്ടു മലയാളത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കാലം ചെയ്ത യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവാ ഇപ്പോഴുള്ള സാക്കാ പാത്രിയർക്കീസ് ബാവാ എന്നിങ്ങനെ നാലു പാത്രിയർക്കീസന്മാർ മുളന്തുരുത്തി പള്ളി സന്ദർശിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു.

നാടക ശാല കഴിഞ്ഞു പള്ളിക്കകത്തേക്കുള്ള പ്രവേശന വാതിൽ വാസ്തു ശില്പത്തിന്റെ മകുടോദാഹരണമാണ്. കരിങ്കൽകൊണ്ടുള്ള കട്ടിളപ്പടിയിൽ കൊത്തിയിട്ടുള്ളസുറിയാനി ലിഖിതം കൽദായ ലിപിയിലാണ്. 'ക്രിസ്താബ്ദം 1575–ൽ

വി. മദ്ബഹായിലെ കൊത്തുപണികളും വാസ്തു ശില്പവും, ചുമർ ചിത്രങ്ങളും കത്തോലിക്കാ ദേവാലയങ്ങളിൽ കാണുന്ന രൂപങ്ങൾക്കു സദൃശമാണ്...

തെശരീൻ ക്ദീം (തുലാം) മാസം 9–നു മാർതോമ്മാൻ പള്ളിയുടെ വാതിൽ സ്ഥാപിച്ചു കൊല്ലം 1571–ൽ പണി തീർന്നു, വെന്നും കാണുന്നു.

വി. മദ്ബഹായിൽ ഇടത്തും വലത്തും രണ്ടു തിരുമേനിമാർ കബറടങ്ങിയതായി രേഖയുണ്ട്.

(i) മാർ ഈവാനിയോസ് മെത്രാപ്പോലീത്ത 1685–ൽ കാതോലിക്കോസിനോടൊപ്പം കോതമംഗലത്തെത്തി 16–8–1693 ൽ കർത്താവിൽ നിദ്ര പ്രാപിച്ചതായി മാർബിൾ സ്ലാബിൽ കൊത്തിയ ഫലകം മദ്ബ്ഹായ്ക്കു വടക്കു വശത്തുള്ള ചുമരിൽ ഉണ്ട്.

(ii) മാർ ഗ്രീഗോറിയോസ് 1751–ൽ എത്തി 10–7–1773–ൽ കാലം ചെയ്തതായി തെക്കുവശത്തുള്ള ചുമരിലെ മാർബിൾ സ്ലാബിൽ രേഖപ്പെടുത്തിയിരിക്കുന്നു.

വി. മദ്ബഹായുടെ പ്രധാന ത്രോണോസിനു ചുററും, മററുള്ള സമീപ പള്ളികളായ കരിങ്ങാച്ചിറ, കണ്ടനാട് എന്നിവയിൽ കാണുന്ന വിധമുള്ള ക്ദൂശ് കുദിശീൻ കാണുന്നില്ല ഒരേ മാതൃകയിലുള്ള ക്ദൂശ് കുദിശീൻ കോട്ടയം പഴയ സെമിനാരി, മണർകാട്, പുത്തങ്കാവ്, തൃപ്പൂണിത്തുറ എന്നീ പള്ളികളിലും കാണാം. മുളന്തുരുത്തി പള്ളിയിലെ താഴെയുള്ള രണ്ടു ത്രോണോസിനു ചുററും കുദൂശ് കുദിശീൻ ഉണ്ട്.

വി: മദ്ബഹായിലെ കൊത്തു പണികളും വാസ്തു ശില്പവും, ചുമർ ചിത്രങ്ങളും കത്തോലിക്കാ ദേവാലയങ്ങളിൽ കാണുന്ന രൂപങ്ങൾക്കു സദൃശമാണ്. പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിൽ നിന്നു ഭിന്നമായ രൂപങ്ങളായതുകൊണ്ട് അവയെ മാററുവാൻ പത്രോസ് പാത്രിയർക്കീസ് ബാവാ ശ്രമം നടത്തിയതിന്റെ തെളിവുകൾ ചില രൂപങ്ങളിൽ കാണാം.

സ്വിററ്സർലണ്ടിലെ ചില പള്ളികളിൽ മുളന്തുരുത്തി പള്ളി മദ്ബഹായിൽ കാണുന്ന രൂപങ്ങൾക്കു സമാനമായ മാലാഖമാരുടെ രൂപങ്ങൾ, മരത്തിലുള്ളകൊത്തു പണികൾ എന്നിവയുണ്ട്. നൃഷാററൽ എന്ന ദേവാലയത്തിലെ മനോഹരമായ വാസ്തു ശില്പങ്ങൾ, നവീകരണത്തിന്റെ ആവേശത്തിൽ തല്ലിപ്പൊളിച്ചു കൂട്ടിയിരിക്കുന്ന ദയനീയ ദൃശ്യങ്ങൾ ഇന്നും കാണാം.

മാർത്തോമ്മാശ്ളീഹാ കർത്താവിന്റെ വിലാവിൽ കൈവിരൽ ഇടുന്ന രംഗം തന്മയത്വത്തോടെ ചുമർ ചിത്രത്തിൽ ആവിഷ്ക്കരിച്ചിരിക്കുന്നു. ഇതു നോക്കി ധ്യാനിക്കുവാൻ അകലെ നില്ക്കുന്ന സാധാരണക്കാരനു സാധിക്കുകയില്ലയെന്ന യാഥാർത്ഥ്യം വിസ്മരിക്കുന്നില്ല. ചുമർ ചിത്രങ്ങളും, പ്രതീകാത്മ രൂപങ്ങളും, മറസ്ക്കാതിരിക്കാൻ ആയിരിക്കാം, മദ്ബ്ഹായിൽ കുദിശ് കുദിശീൻ പണിയാതിരുന്നതു്.

പള്ളിയുടെ തെക്കു ഭാഗത്തുള്ള വരാന്തയിൽ കബറടക്കിയിരിക്കുന്നതു പരുമല

തിരുമേനിയുടെ പിതൃവ്യനായിരുന്ന ശ്രാമ്പിക്കൽ പള്ളത്തട്ടയിൽ ഗീവറുഗീസ് കശീശായെയാണ്. കരിങ്കല്ലിലുള്ള ശിലാ ഫലകത്തിൽ ഇപ്രകാരം കാണുന്നു. എഴുത്തു യാക്കോബായ സുറിയാനി ലിപിയിലാണ്. പരുമല തിരുമേനിയുടെ

മുളന്തുരുത്തി പള്ളിയുടെ വടക്കു വശത്തു കബറടങ്ങിയിരിക്കുന്ന മെത്രാപ്പോലീത്താ തിരുമേനിയുടെകബറിടത്തിൽയാക്കോബായ സുറിയാനിയിൽ

....

സ്വന്തം കൈപ്പടയിൽ എഴുതി കൊത്തി സ്ഥാപിച്ചതാണ്. മസൂരി രോഗം വന്നു മരിച്ചുപോയ പട്ടക്കാരൻ തിരുമേനിയുടെ ഗുരുവും, മല്പാനുമായിരുന്നു. സുറിയാനിയിലെ വിവരങ്ങളുടെ തർജമ മലയാളത്തിൽ തെക്കു വശത്തുള്ള ചുമരിൽ കാണാം. 'ദൈവത്തിനു സ്തുതി. നമ്മുടെ കർത്താവിൻെറ വർഷം 1863 ധനു മാസം 10–ാം നു- (23–12–1863) ശ്രാമ്പിക്കൽ പള്ളത്തട്ടയിൽ ബ: ഗീവറുഗീസ് കശ്ശീശാ ഇവിടെ കബറടക്കപ്പെട്ടു.'

മുളന്തുരുത്തി പള്ളിയുടെ വടക്കു വശത്തു കബറടങ്ങിയിരിക്കുന്ന മെത്രാപ്പോലീത്താ തിരുമേനിയുടെ കബറിടത്തിൽ യാക്കോബായ സുറിയാനിയിൽ അദ്ദേഹത്തിൻെറ ജനനം, മരണം, ജനന സ്ഥലം, ആരുടെ കാലത്താണു മലങ്കരയിലേക്കു് അയച്ചതു് എന്നീ വിവരങ്ങൾ അടങ്ങിയ പിച്ചള ഫലകം സ്ഥാപിച്ചിട്ടുണ്ടു്. മുകളിൽ സുറിയാനിയും, താഴെ അതിൻെറ വിവർത്തനം മലയാളത്തിലും നൽകിയിരിക്കുന്നു.

> 'തൻെറ പുണ്യവാൻെറ മരണം കർത്താവിൻെറ തൃക്കൈകളിൽ വിലയേറിയതാകുന്നു' (സങ്കീ. 116:15).

ക്രിസ്തുാബ്ദം 1874 ചിങ്ങമാസം 20–ാം നു- (സെപ്റ്റം. 2) ചൊവ്വാഴ്ച അനുഗ്രഹീത ഗ്രാമമായ തുറബ്ദീനിൽനിന്നു് ഇന്ത്യയുടെ റീശ് എപ്പിസ്കോപ്പയായ ഭാഗ്യവാനായ ആബൂൻ യൂയാക്കീം മാർ കൂറിലോസ് മെത്രാപ്പോലീത്താ കബറടക്കപ്പെട്ടു. ഇദ്ദേഹം അന്ത്യോഖ്യാ സിംഹാസനത്തിൻെറ പരിശുദ്ധ പിതാവായ മോറാൻ മോർ ഇഗ്നാത്തിയോസ് എന്നു തിരുനാമമുള്ള ശ്രേഷ്ഠനായ ഏലിയാസ് ദ്വിതീയൻ പാത്രിയർക്കീസിൽ നിന്നു പട്ടമേൽക്കുകയും, മലബാറിലേക്കു് അദ്ദേഹത്താൽ അയയ്ക്കപ്പെടുകയും ക്രി. 1846 ചിങ്ങമാസം (ഓബ്) 26–ാം നു- കൊച്ചിയിൽ വന്നെത്തുകയും തീഷ്ണതയോടുകൂടി സർവ പള്ളികളും ഭരിക്കുകയും തൻെറ നാഥൻെറ ആട്ടിൻ കൂട്ടത്തെ പ്രതി അവസാന ശ്വാസം വരെ വിശ്വാസത്തിൻെറ നല്ല പോരാട്ടം ചെയ്യുകയും പ. പിതാക്കന്മാരോടുകൂടി ജീവ കിരീടത്തിനു യോഗ്യനായിത്തീരുകയും ചെയ്തു.

തൻെറ പ്രാത്ഥന നമ്മോടുകൂടെ, ആമ്മീൻ.

കരിങ്ങാച്ചിറ പള്ളി: ക്ലോഡിയസ് ബ്യുക്കാനൻ സന്ദർശിച്ച പഴയ പള്ളികളിൽ കരിങ്ങാച്ചിറ പള്ളിയും ഉൾപ്പെടുന്നു. പരുമല തിരുമേനി കോറൂയൊ പട്ടം ഏററതു് കരിങ്ങാച്ചിറ പള്ളിയിൽ വച്ചാണ്. 1934–ൽ എം. ഡി. സെമ്മി

മദ്ബ്ഹായിലുള്ള കദ്ദശ് കുദിശീനിൽ മുകൾ ഭാഗത്തു മാർ അപ്രേമിൻെറ മിമ്രായിലെ ഒരു ഭാഗം മരത്തിൽ കൊത്തിവച്ചിട്ടുണ്ട്. അത് ഇപ്രകാരം തർജമ ചെയ്യാം. യാക്കോബായ സുറിയാനി ലിപിയിലാണ് എഴുത്ത്. കയ്പട തൃപ്പൂണിത്തുറ കളരിക്കൽ അച്ചൻെറയാണ്.

നാരിയിൽകൂടി കാതോലിക്കാ വിഭാഗം ഭരണഘടന പാസാക്കിയപ്പോൾ പാത്രിയർക്കീസ് വിഭാഗം കെട്ടുറപ്പുള്ള ഭരണസംവിധാനമുണ്ടാക്കുവാൻ പള്ളി പ്രതിപുരുഷന്മാർ ഒരുമിച്ചുകൂടി. മലങ്കര മെത്രാപ്പോലീത്താ, വൈദിക ട്രസ്റ്റി, അത്മായ ട്രസ്റ്റി എന്നിവരെ തെരഞ്ഞെടുക്കുവാനായി ഒരുമിച്ചു കൂടിയതു് കരിങ്ങാച്ചിറ

Best Compliments from:

★

VAZHAKALA AGENCIES

KODIMATHA, KOTTAYAM-686 039

Grams: CHEMICALS
Phone: 62943 61294 (OFF.)
62865, 80193 (RES.)

Stockists, Distributors, Consignment Agents and Suppliers of

RUBBER CHEMICALS

★

Dealers in

AGRO CHEMICALS

Sales Depot

T. B. ROAD, KOTTAYAM–686 001

Best Compliments from:

Group of WELL WISHERS

ള്ളിയിലാണ്.ആ സമ്മേളനമാണ പ്രസിദ്ധമായ 'കരിങ്ങാത്ര യോഗം.' പള്ളിയുടെ ഉദ്ഭവം A. D. 722 ലാണെന്നു സാക്ഷിക്കുന്ന ഒരു ഫലകം പള്ളിയുടെ തെക്കെ വരാന്തയിലുള്ള ചുമരിൽ കാണുന്നു. 1922–ൽ പള്ളി പൊളിച്ചു പണിത അവസരത്തിലാണ നാനംമോന ഭാഷയിൽ എഴുതപ്പെട്ട ലിഖിതം കണ്ടെടുത്തതു്. അതിന്റെ തർജമ കോട്ടയംകാരൻ സി. ഇ. ഐപ്പ് നടത്തിയതു് ഇപ്രകാരം കാണുന്നു: 'കർത്താവേശുമിശിഹായുടെ ആണ്ടു് 722–ാം കാലം മകരമാസം 13–ാംനു- ഗീവറുഗീസ് സഹദായുടെ ഈ പള്ളി ക്രിസ്ലാബ്ദം 812–ാം കാലം കർക്കിടക മാസം 21–നു പൊളിച്ചു പണിയപ്പെട്ടു. കർത്താവിനു പുകഴ്ച' അടുത്ത കാലത്തു പള്ളി പൊളിച്ചു പണിതപ്പോൾ പഴയ പള്ളിയുടെ ഘടനക്കു വലിയ വ്യത്യാസം വരുത്താതെയുള്ള പുന:നിർമ്മാണമാണ നടത്തിയിരിക്കുന്നതു്.

മദ്ബ്ഹായിലുള്ള ക്ദൂശ്കുദിശീനിൽ മുകൾ ഭാഗത്തു മാർ അപ്രേമിന്റെ മിത്രായിലെ ഒരു ഭാഗം മരത്തിൽ കൊത്തിവച്ചിട്ടുണ്ടു്. അതു് ഇപ്രകാരം തർജ്ജമ ചെയ്യാം, യാക്കോബായ സുറിയാനി ലിപിയിലാണ് എഴുത്തു്. കയ്യട തൃപ്പൂണിത്തുറ കളരിക്കൽ അച്ചന്റെയാണ്.

'ഇതു കരുണ നിറഞ്ഞ വാതിലാകുന്നു ഇതിനകത്തു കരുണയുണ്ടു്. കരുണ നിറഞ്ഞവനായ കർത്താവിൽ നിന്നു പാപി വന്നു കരുണ യാചിക്കുക'.

പാപി (ഹാത്തോയൊ) എന്ന വാക്കിലുള്ള 'യൂദ്' എന്ന അക്ഷരം അടർന്നുപോയിട്ടുണ്ടു്. എഴുതിയ തീയതി 3 ഡിസംബർ, 1923 A. D. ക്ദൂശ്കുദിശീനിൽ വി. ത്രോണോസിന്റെ കിഴക്കു വശത്തുള്ള ചുമരിൽ 10 കല്പനകൾ തടിയിൽ കൊത്തിവച്ചിട്ടുണ്ടു്. കരിങ്ങാശ്രപ്പള്ളി വികാരിയായിരുന്ന നടാപ്പുഴ പി. പി. ജോസഫ് അച്ചന്റെ കൈപ്പടയിലാണ് എഴുത്തു്.

മുകളിൽ 'ദൈവികമായ പത്തു കൽപനകൾ' എന്ന ശീർഷകമുണ്ടു്. യാക്കോബായ സുറിയാനി ലിപിയിലാണ് എഴുത്തെങ്കിലും, അവസാനം വരുന്ന ഓലാഫ് കലാപരമായി എഴുതുവാൻ സഹായകമായതുകൊണ്ടാണ് എസ്ത്രൻഗേലി ലിപി തെരഞ്ഞെടുത്തതെന്നു നടാപ്പുഴ അച്ചൻ അഭിമുഖത്തിൽ പറയുകയുണ്ടായി. എഴുതിയതു് 1952 ലാണ്.

കരിങ്ങാച്ചിറപ്പള്ളിയിലെ ക്ദൂശ് കുദിശീനിൽ പത്തു കൽപനകൾ എഴുതി സൂക്ഷിക്കുവാൻ പ്രേരണ നൽകിയതു സമീപത്തുള്ള തൃപ്പൂണിത്തുറ പള്ളിയിലെ ലിഖിതമാണ്. തൃപ്പൂണിത്തുറ പള്ളിയുടെ ത്രോണോസിന്റെ കിഴക്കു ഭാഗത്തുള്ള മരച്ചുമരിൽ 10 കൽപനകൾ ലൈനിലായി മരത്തിൽ കൊത്തിവച്ചിരിക്കുന്നു. എല്ലാ ലിപികളും യാക്കോബായ സുറിയാനി ലിപികൾ തന്നെയാണ്. കുദ്ശ്കുദിശീനിൽ മാർ അപ്രേമിന്റെ മിത്രായുടെ താഴെ 'കുദൂശ്കുദിശീനിൽ പണിതു പൂർത്തീകരിച്ചു. മിശിഹാ കാലം 1891' എന്നും കാണുന്നു.

മലങ്കരയിലെ മററു പള്ളികളിലെ മദ്ബ്ഹാകളിൽ പത്തു കൽപനകൾ എഴുതി സൂക്ഷിച്ചിട്ടുള്ളതായി ലേഖകന്റെ അറിവിൽ ഇല്ല. കൊച്ചിയിലെ സിന്നഗോഗിൽ മാർബ്ൾ ഫലകത്തിൽ 'ഇസ്രായേലെ കേൾക്ക' എന്ന ഷേമാ എന്ന കല്പന എബ്രായ ഭാഷയിൽ മാർബിളിൽ കൊത്തിവച്ചിട്ടുണ്ടു്. ഇസ്രായേൽക്കാരുടെ സമാഗമന കൂടാരത്തിൽ 10 കൽപനകൾ എഴുതിയ ഫലകങ്ങൾ സൂക്ഷിക്കുന്ന പതിവുമുണ്ടായിരുന്നു. ഈ പാരമ്പര്യമായിരിക്കാം പത്തു കൽപനകൾ എഴുതി ത്രോണോസിന്റെ കിഴക്കു ഭാഗത്തു സ്ഥാപിക്കുവാൻ ഉണ്ടായ ഉത്തേജനം.

മലങ്കരയിലെ മററു പള്ളികളിലെ മദ്ബ്ഹാകളിൽ പത്തു കല്പനകൾ എഴുതി സൂക്ഷിച്ചിട്ടുള്ളതായി ലേഖകന്റെ അറിവിൽ ഇല്ല. കൊച്ചിയിലെ സിന്നഗോഗിൽ മാർബിൾ ഫലകത്തിൽ 'ഇസ്രായേലെ കേൾക്ക' എന്ന ഷേമാ എന്ന കൽപന എബ്രായ ഭാഷയിൽ മാർബിളിൽ കൊത്തിവച്ചിട്ടുണ്ട്.

1400 A. D. മുതൽ 1952 A. D. വരെ അങ്ങിങ്ങായി കാണുന്ന സുറിയാനി ലിഖിതങ്ങൾ പരിശോധിച്ചാൽ ചില നിഗമനങ്ങളിൽ എത്താം. 1599 നു മുമ്പ് പ്രചുര പ്രചാരത്തിൽ ഇരുന്ന സുറിയാനി ലിപി കൽദായ ലിപി ആയിരുന്നു. 1665–ൽ യെരുശ്ലേമിലെ മാർ ഗ്രീഗോറിയോസിൻെറ ആഗമനത്തോടെയാണു യാക്കോബായ സുറിയാനി ലിപി ഇവിടെ രംഗപ്രവേശം ചെയ്യുന്നതു്. മാർ തോമാ 4–ാമൻെറ കാലത്തു രണ്ടു ലിപികളും (യാക്കോബായയും, കൽദായയും) പ്രചാരത്തിൽ ഇരുന്നു. ദീവന്നാസ്യോസ് ഒന്നാമൻ ഉപയോഗിച്ചിരുന്ന തക്സാക്രമങ്ങൾ കൽദായ സുറിയാനി ലിപിയിലുള്ളതായിരുന്നു. ശക്രുള്ളാ മാർ ബസേലിയോസ്, യൂയാക്കീം മാർ കൂറീലോസ് എന്നിവരുടെ കാലത്താണു യാക്കോബായ സുറിയാനി ലിപികളും, യാക്കോബായ സുറിയാനി പാരമ്പര്യത്തിലുള്ള ആരാധനക്രമങ്ങൾക്കും മലങ്കര സഭയിൽ വളരെ അധികം പ്രാധാന്യം കൈവരുന്നതു്. പാമ്പാക്കുട മല്പാന്മാരുടെ, പാമ്പാക്കുട പ്രസിദ്ധീകരണങ്ങളും ഈ പ്രക്രിയയിൽ സുപ്രധാന പങ്കു വഹിച്ചിട്ടുണ്ടു്. കൽദായ സുറിയാനിലിപിയുടെ സ്ഥാനം യാക്കോബായ സുറിയാനി ഏറ്റെടുത്തെങ്കിലും, കൽദായ സുറിയാനി പഴയ പാരമ്പര്യത്തിൻെറ സാക്ഷികളായി ഇന്നും, ഉപയോഗത്തിൽ ഇരിക്കുന്ന വിവിധ സുറിയാനി പദങ്ങളുടെ ഉച്ചാരണം നിലനിൽക്കുന്നു. ഉദാഹരണം കുബ്ബാന, മാമ്മൂദീസാ, ശ്ലീഹാ, കഹനാ, കാസാ, തബലൈത്താ, കൻദീലാ, മൽപ്പാൻ.

സുറിയാനി ലിപികളുടെ അടിസ്ഥാനത്തിൽ ചരിത്രത്തെ മൂന്നു പ്രധാന ഘട്ടങ്ങളായി തിരിക്കാം.

1665 എ. ഡി. യിൽ യെരുശലേമിലെ മാർ ഗ്രീഗോറിയോസിൻെറ ആഗമനം വരെ കൽദായ സുറിയാനി ലിപി പ്രചുരപ്രചാരം ആർജിച്ചിരുന്ന കാലം. 1665–1846 എ. ഡി. വരെ കൽദായ സുറിയാനി ലിപിയും, യാക്കോബായ സുറിയാനി ലിപിയും ഒരുപോലെ ഉപയോഗിച്ചിരുന്ന ഘട്ടം. 1846 എ. ഡി. യിൽ യൂയാക്കീം മാർ കൂറീലോസിൻെറ വരവോടെ യാക്കോബായ സുറിയാനി ലിപി ആധിപത്യം സ്ഥാപിച്ച കാലം.

Best Compliments from:

VARGHESE M. T.
(Proprietor)

ESCORTS

Jose Electricals

(Dealers of Escorts Ltd.)

15 KVA TO 1000 KVA
D. G. Set. Sales & Service

Specialist In:
D. G. Set Erection Instalation HT/LT Electrification Work,
Testing & Commissioning & All Kinds of Electrical
& Industrial Goods

Office:
Plot No. 147, 16, Nirmal Shoping Centre, G. I. D. C., Vapi-396 195.

Resi :
15/175 RCF Qurts, Chanod, Colony, G. I. D. C., Vapi-396 195.

ഫാ. ഒ. തോമസ്

സുറിയാനി ഭാഷയുടെ പഠനവും ആരാധന പരിശീലിക്കലും പ്രധാനമായിരുന്ന പഴയ 'മല്പാൻ' പഠനത്തിൽ നിന്നും സെമിനാരി...........

കൗൺസലിംഗിൻെറ പ്രസക്തി
അജപാലന ശുശ്രൂഷയിൽ

പതിനേഴര ദശകം പിന്നിടുന്ന പഴയ സെമിനാരി അതിൻെറ വളർച്ചയിൽ അനേകം മാററങ്ങൾക്കു വിധേയമായിട്ടുണ്ടു്. ആധുനിക കാലത്തെ വളർച്ച സ്പഷ്ടമായി നിരീക്ഷിക്കുന്ന ഒരാൾക്കു് ഒരു കാര്യം ശ്രദ്ധയിൽപ്പെടും. പൗരസ്ത്യവും പാശ്ചാത്യവുമായ സെമിനാരികളിലെ അന്തരീക്ഷങ്ങളെയും മൂല്യങ്ങളെയും സമന്വയിപ്പിച്ചുകൊണ്ടു പോകാനുള്ള ഒരു പരിശ്രമം ഇവിടെ നടക്കുന്നുണ്ടു്.

സെറാംപൂർ കോളേജുമായി ബന്ധം സ്ഥാപിച്ചതിനു ശേഷമുള്ള കാലമാണു് ആധുനിക ഘട്ടമെന്നു് ഇവിടെ വിശേഷിപ്പിച്ചതു്. യാമ പ്രാർത്ഥനകൾ, നോമ്പു്, ഉപവാസം, സഭയുമായിട്ടുള്ള അഭേദ്യ ബന്ധം എന്നിവയിൽ പൗരസ്ത്യമായ തനിമ നിലനിർത്തുവാൻ ഇതുവരെയും നാം ശ്രമിച്ചിട്ടുണ്ടു്. എന്നാൽ അക്കാദമിക് രംഗത്തു കുറച്ചൊക്കെ പാശ്ചാത്യമായതിനെ സ്വാംശീകരിക്കാൻ ശ്രമിച്ചിട്ടുള്ളതിനാലാണു് ആ രംഗത്തു് ഒരു വളർച്ച സാധ്യമായതു് എന്നതിൽ രണ്ടു പക്ഷമില്ല. സുറിയാനി ഭാഷയുടെ പഠനവും, ആരാധനാ പരിശീലിക്കലും പ്രധാനമായിരുന്ന പഴയ 'മല്പാൻ' പഠനത്തിൽ നിന്നു സെമിനാരിയുടെ അക്കാദമിക് അന്തരീക്ഷം ബഹുദൂരം മുൻപോട്ടു പോയിരിക്കുന്നു.

വിവിധ മത ദർശനങ്ങൾ, പ്രത്യയ ശാസ്ത്രങ്ങൾ, കാലാനുസൃതമായി വേദശാസ്ത്ര പഠനങ്ങളിൽ മാറി വന്നുകൊണ്ടിരിക്കുന്ന ഊന്നലുകൾ, പ്രവണതകൾ ഇവയെപ്പററിയൊക്കെ ഒരു പൊതുവായ വിജ്ഞാനം ഇന്നു വിദ്യാർത്ഥികൾക്കു ലഭ്യമാകുന്നുണ്ടു്. പൗരസ്ത്യവും പാശ്ചാത്യവുമായ ചിന്താധാരകളെ സമന്വയിപ്പിച്ചുകൊണ്ടു പോകുന്ന ഈ പരീക്ഷണഘട്ടത്തിൽ അതിൻേറതായ പ്രശ്നങ്ങളും സ്വാഭാവികമായിട്ടുണ്ടാകാം. അതിലേക്കല്ലാ ഇപ്പോൾ ഇവിടുത്തെ ശ്രദ്ധ. അക്കാദമിക് രംഗത്തു പുതിയ വിഷയങ്ങൾക്കു പഠനം ഏർപ്പെടുത്തിയപ്പോൾ ആ കൂട്ടത്തിൽ

അറച്ചറച്ച പ്രവേശനം നൽകപ്പെട്ട ഒരു
വിഷയമാണ് 'കൗൺസലിംഗ്'. മററു വി
ഷയങ്ങളോടൊപ്പം കൗൺസലിംഗ് പരി
മിതമായ രീതിയിൽ പരാമർശിക്കപ്പെ
ട്ടിരിക്കാം. എന്നാൽ 1981 മുതലാണ്
ഈ വിഷയം പ്രത്യേകമായി ഇവിടെ പ
ഠിപ്പിക്കാൻ തുടങ്ങിയത്. തികച്ചും പാ
ശ്ചാത്യമായ ഒരു സംസ്ക്കാരത്തിൽ

---

*വേദശാസ്ത്രാഭ്യസനത്തിൻെറ ആത്യ
ന്തിക ലക്ഷ്യം യഥാർത്ഥ ഇട
യ പരിപാലനത്തിനായി വൈദിക വിദ്യാ
ർത്ഥികളെ ഒരുക്കുകയെന്നതാണല്ലോ
............*

രൂപംകൊണ്ട ഈ വിജ്ഞാന ശാഖയെ
ചില മുൻ വിധികളോടെയാണ് ഇന്നും
ചിലരൊക്കെ വീക്ഷിച്ചു വരുന്നത്.

വേദശാസ്ത്രാഭ്യസനത്തിൻെറ ആത്യന്തി
ക ലക്ഷ്യം യഥാർത്ഥ ഇടയ പരിപാലന
ത്തിനായി വൈദിക വിദ്യാർത്ഥികളെ
ഒരുക്കുകയെന്നതാണല്ലോ. ഇതു് ആത്യ
ന്തിക ലക്ഷ്യമാണെങ്കിൽ, ഈ പ്രക്രിയ
യെ ഒരു പരിധിവരെ സഹായിക്കാൻ
'കൗൺസലിംഗ്' പ്രയോജനപ്പെടും.

പൗരസ്ത്യ ആദ്ധ്യാത്മികതയുടെ
കാഴ്ചപ്പാടിൽനിന്നു നോക്കുമ്പോൾ തി
കച്ചും പാശ്ചാത്യമായ പശ്ചാത്തല
ത്തിൽ ഉരുത്തിരിഞ്ഞ 'കൗൺസലിംഗി
നു്' ചില അപകടകരമായ പ്രവണത
കൾ ഉണ്ടെന്നു സമ്മതിച്ചേ തീരൂ. അവ
യിൽ ഏററം പ്രധാനം സെക്കുലർ മനശ്ശാ
സ്ത്രത്തിനോടുള്ള അതിൻെറ അതിരു ക
വിഞ്ഞ ബന്ധമാണ്. മനശ്ശാസ്ത്രത്തി
നു ദൈവം, പാപം, രക്ഷ, വീണ്ടെടുപ്പ്
മുതലായ വേദശാസ്ത്രവിഷയങ്ങളുമായി
യാതൊരു ബന്ധവും ഇല്ല. വേദശാസ്ത്ര
പരമോ വേദപുസ്തകപരമോ ആയ പദ
ങ്ങൾ പോലും ഉപയോഗിക്കേണ്ടാത്ത നി
ലയിൽ സ്വതന്ത്രമായ ഒരു നിലനിൽപ്പും
വളർച്ചയുമാണ് അതിനുള്ളതു്. 'ലിബ
റേഷൻ തിയോളജിക്ക് വേദപുസ്തക
ത്തേക്കാൾ അടുപ്പവും, വിധേയത്വവും
മാർക്സിയൻ തത്വചിന്തയോടാണ്'
എന്ന വിമർശനം ശരിയെങ്കിൽ അതുപോ
ലെ പാശ്ചാത്യസെക്കുലർ കൗൺസലിം
ഗിനു മനുഷ്യൻെറ പെരുമാററവിജ്ഞാനീ
യങ്ങളോട് (Human Behavioural Sciences)
കൂടുതൽ വിധേയത്വമുണ്ടെന്നുള്ളതിൽ കുറ
ച്ചൊക്കെ വാസ്തവമുണ്ട്. ഈ വിധേ
യത്വത്തിൽ മററു ചില അപാകതകൾ
കൂടി ഒളിഞ്ഞിരിപ്പുണ്ട്.

(a) 'പെരുമാററ വിജ്ഞാനീയം,' അ
ഥവാ മനശ്ശാസ്ത്ര നിഗമനങ്ങൾ ആത്യന്തി
കമായി എടുത്താൽ വ്യക്തിയുടെ ജീവി
തത്തെ നിയന്ത്രിക്കുന്ന പ്രകൃത്യാതീത ശ
ക്തികളെ പാടെ നിരാകരിച്ചുകൊണ്ടുള്ള
വിശകലനങ്ങളിലേക്കെത്തിച്ചേരേണ്ടിവ
രും. നന്മ പ്രവൃത്തിക്കുന്നതിനാധാരമായ
ദൈവിക ശക്തിയും തിന്മചെയ്യുന്നതി
നാധാരമായ പൈശാചിക ശക്തിയും
വ്യക്തിയുടെ ലോകജീവിതത്തിൽ യാ
ഥാർത്ഥ്യങ്ങളാണ് എന്ന പ്രമാണം നിരാ
കരിക്കുന്ന ഒന്നിനോടും ക്രിസ്തീയ വി
ശ്വാസത്തിലധിഷ്ഠിതമായ കൗൺസ
ലിംഗിനു യോജിക്കാൻ നിവൃത്തിയില്ല.
പ്രകൃത്യാതീത ശക്തികൾ എന്നു പ
ഞ്ഞിരിക്കുന്നതു, ഭൂതം പ്രേതം തുടങ്ങിയ
അന്ധവിശ്വാസങ്ങളെ അംഗീകരിക്കണ
മെന്ന അർത്ഥത്തിലല്ല) 'ഞാൻ ഇച്ഛിക്കു
ന്ന നന്മ ചെയ്യുന്നില്ല, ഇച്ഛിക്കാത്ത തിന്മ
യെ ചെയ്യുന്നു' എന്ന പൗലോസ് ശ്ലീഹാ
യുടെ ആന്തരീക സംഘർഷം വിശ്വാസി
കൾക്കവഗണിക്കാനാവില്ല.

(b) സെക്കുലർ കൗൺസലിംഗിൽ വ്യ
ക്തികൾക്കുണ്ടാവുന്ന വീഴ്ചകൾക്കു കാരണം,
മററുള്ളവരിൽ ആരോപിക്കുവാനുള്ള പ്രവ
ണതകൾ കൂടുതൽ ഊന്നൽ നൽകിയിരി
ക്കുന്നു. വ്യക്തിയെ കൂടുതൽ കുററബോധ
ത്തിനടിമപ്പെടുത്താതിരിക്കാനാണ്
നിലപാട് സ്വീകരിക്കുന്നതെങ്കിലും, ഈ
ത്യന്തികമായി വ്യക്തിക്കു് ഇതു ദോഷം, ആ

ചെയ്യും. വ്യക്തിത്വ വൈകല്യങ്ങൾ
ക്കു് മാതാപിതാക്കൾ, കുടുംബം, പാരമ്പ
ര്യം, ജീവിത സാഹചര്യം ഇവയൊക്കെ
കാരണമാകാമെങ്കിലും, ആത്യന്തികമായി
ദൈവകൃപയിൽ ആശ്രയിച്ച് എത്രമാത്രം
തകർന്ന ജീവിതവും നേരെയാക്കാമെന്ന
പ്രത്യാശക്കു് വേണ്ടത്ര ഊന്നൽ നൽകാൻ
സെക്കുലർ കൗൺസലിംഗിനു സാധിക്കു

---

*ധാർമിക ശാസ്ത്രം കാലദേശത്തിനനുസൃതമാ
യി മാററപ്പെടാവുന്ന ഒന്നാണെന്നും അതിനാൽ ത
ങ്ങൾക്കു ഏററം മനസംതൃപ്തി ലഭിക്കുന്ന മൂല്യം
............*

ന്നില്ല. ദൈവകൃപയിൽ ആശ്രയിക്കുന്നതി
നേക്കാളധികം മനുഷ്യനിൽ തന്നെ ഒളി
ഞ്ഞുകിടക്കുന്ന സാധ്യത(Hidden Potentia-
lities) കളെ വികസിപ്പിച്ചെടുക്കാനാണ്
അവർ കൂടുതൽ ശ്രദ്ധ വെക്കുന്നതു്. അ
തിനാൽ സ്വാഭാവികമായി തന്നെ ദൈ
വിക ശക്തി പ്രാപിക്കുന്നതിനാധാരമാ
യ പ്രാർത്ഥന, നോമ്പ്, ഉപവാസം,
സുകൃതജീവിതം എന്നിവയെപ്പററി അർ
ഹമായ പ്രബോധനം കിട്ടാൻ വഴിയില്ല.

(c) ധാർമ്മിക മൂല്യങ്ങളെക്കുറിച്ച് അ
ഥവാ തെററു്, ശരി എന്നിവയെപ്പററി
ഒരു വ്യതിരിക്തത കല്പിക്കാൻ സെ
കുലർ കൗൺസലിംഗിനു കഴിയുന്നില്ല
എന്നതാണ് അതിൻെറ ഏററവും അപക
ടകരമായ മറെറാരു പ്രവണത. (Morality
is Contextual) ധാർമ്മിക ശാസ്ത്രം കാല
ദേശത്തിനനുസൃതമായി മാററപ്പെടാവുന്ന
ഒന്നാണെന്നും, അതിനാൽ തങ്ങൾക്കു് ഏ
ററം മനസംതൃപ്തി ലഭിക്കുന്ന മൂല്യം
സ്വീകരിച്ചാൽ മതിയെന്നുമുള്ള ഒരു 'അയ
ഞ്ഞ നിലപാട്' ക്രിസ്തീയ വിശ്വാസ
ത്തിലധിഷ്ഠിതമായ കൗൺസലിംഗിൽ
സ്വീകരിക്കാനാവില്ല.

(d) മാനസിക സംഘർഷങ്ങൾക്കടിമ
പ്പെട്ട വ്യക്തി അവയിൽ നിന്നു വിമു
ക്തി പ്രാപിച്ചു സന്തോഷം നേടണം എ
ന്ന ലക്ഷ്യം തെററാണെന്ന് ആർക്കും പറയാ
നാവില്ല. എന്നാൽ ഇവിടെയും ക്രിസ്തീ
യ വിശ്വാസത്തിലധിഷ്ഠിതമായ കൗൺ
സലിംഗിനു വ്യത്യസ്തമായ ഒരു കാഴ്ച
പ്പാടാണുള്ളതു്. 'Happiness is the by-
product of righteous obedient life. It is
not an end in itself' സന്തോഷം അ
തിൽ തന്നെ ഒരന്ത്യമല്ല. അതു നന്മയി
ലും നീതിയിലും ജീവിക്കുമ്പോഴുണ്ടാകു
ന്ന ഒരനുഭവമാണ്. ക്രിസ്തീയ വിശ്വാ
സത്തിൻെറ ആദ്യന്തികലക്ഷ്യം വ്യക്തി
യേയും സമൂഹത്തേയും ജീവിത വിശുദ്ധി
യിലേക്കും അതുവഴി സന്തോഷ പ്രാപ്തി
യിലേക്കും നയിക്കുക എന്നതാണ്. എ
ന്തെങ്കിലും Adjustments വരുത്തി തൽക്കാ
ലം സന്തോഷം കൈവരിക്കാം എന്ന പ
രിമിതമായ ലക്ഷ്യത്തിൽ ക്രിസ്തീയ
വിശ്വാസത്തിനു ഒതുങ്ങിനിൽക്കാനാവി
ല്ല. വ്യക്തിയെ ആന്തരീകമായ, സമൂ
ലമായ ഒരു ആത്മീയ പരിവർത്തനത്തി
ലേക്കു നയിക്കാനുള്ള ഈ ഊന്നൽ സെക്കു
ലർ കൗൺസലിംഗിൽ പരിമിതമാണ്
എന്നു പറയുന്നതിൽ തെററില്ല എന്നു തോ
ന്നുന്നു.

നേരത്തെ സൂചിപ്പിച്ചതു പോലെ ഈ
അപകടകരമായ പ്രവണതകൾ എല്ലാ
പാശ്ചാത്യ ചിന്തകർക്കും ഉണ്ടെന്ന്
ആരും തീർപ്പു കൽപ്പിക്കരുതു്. മറെറാരു
സംസ്ക്കാരത്തിൽ വികാസം പ്രാപിച്ച
ഒന്നിനെ വിമർശനപരമായി വിലയിരു
ത്തുമ്പോൾ കാണാവുന്ന പൊതുവായ ചി
ല പോരായ്മകളായി ഇതിനെ കണ്ടാൽ
മതി. കൊള്ളേണ്ടതിനെ കൊള്ളുകയും,
തള്ളേണ്ടതിനെതള്ളുകയുമാണല്ലോ ബുദ്ധി
യുടെയും, വിവേകത്തിൻെറയും ഒരു ലക്ഷ
ണം. ആ നിലയിൽ, പാശ്ചാത്യരുടെ
കൗൺസലിംഗിലെ ഈ പ്രവണതകളെ
നീക്കി, അതിൻെറ നല്ല വശങ്ങളെ നമ്മു
ടെ ഇടയപരിപാലനത്തിൽ ഉൾക്കൊള്ളാ
ൻ നാം ഒരു ശ്രമം നടത്തേണ്ടിയിരിക്കുന്നു.
ഏതിനെ, എങ്ങനെയെല്ലാം ഉൾക്കൊള്ള
ണമെന്നുള്ളതു വിപുലമായ ഒരു പഠനമാ

കയാൽ അതിലേക്കു പ്രവേശിക്കാതെ, അതിൻെറ ആവശ്യകതയെ മാത്രം ബോദ്ധ്യപ്പെടുത്താൻ ചില കാര്യങ്ങൾ ഇനി പ്രസ്താവിക്കട്ടെ.

1. പൗരോഹിത്യ ധർമ്മത്തെപ്പററി മാറി വരുന്ന കാഴ്ചപ്പാട്.

കേവലം മതാനുഷ്ഠാനങ്ങൾ അഥവാ കൂദാശ, കർമ്മങ്ങൾ നിർവഹിക്കുന്നതാണ് പൗരോഹിത്യ ധർമ്മം എന്ന കാഴ്ചപ്പാടിനു് വളരെ മാററം വന്നുകഴിഞ്ഞു. ഇപ്പോഴും അതു് അംഗീകരിക്കാൻ വിമുഖതയുള്ളവർ കാണുമെങ്കിലും യഥാർത്ഥ്യം നാം അംഗീകരിച്ചേ മതിയാകൂ! കൂദാശാനുഷ്ഠാനങ്ങൾക്കു മാത്രമായി വൈദികനെ സമീപിക്കുന്ന ഇടവക ജനങ്ങളും, ആവശ്യപ്പെടുമ്പോൾ അതുമാത്രം നിർവഹിച്ചുകൊടുക്കുന്ന വൈദികനും തമ്മിൽ ആന്തരികമായി യാതൊരു അടുപ്പവും ഇല്ലെന്നു് മനസ്സിലാക്കുവാൻ സാമാന്യ ബുദ്ധി മതി. 'അധികാരത്തോടുകൂടി മതാനുഷ്ഠാനങ്ങൾ നിർവഹിക്കുന്ന പുരോഹിതൻെറ ചിത്രം ഈ ബഹുഭൂരിപക്ഷം വിശ്വാസികളുടെ മനസ്സിൽ നിന്നും എന്നേ മാറി കഴിഞ്ഞു.' 'നിങ്ങൾ ഭൂമിയിൽ റബ്ബീ എന്നു വിളിക്കപ്പെടുവാൻ ആഗ്രഹിക്കരുതു്. ആരെയും പിതാവ് എന്നു വിളിക്കരുതു്, സ്വർഗ്ഗസ്ഥനായ പിതാവ് മാത്രമേ നിങ്ങൾക്കു് ഏകപിതാവായിട്ടുള്ളു. ഭൂമിയിൽ നിങ്ങളെല്ലാവരും സഹോദരന്മാരാണു എന്ന കർത്താവിൻെറ പഠിപ്പിക്കലും, ആദിമസഭയിലെ ശുശ്രൂഷക സ്ഥാനം നൽകുന്ന പുരോഹിത ധർമ്മവുമാണ് ഇന്നു് ഏറെ ആകർഷകമായിരിക്കുന്നതു്. ആക്ഷരികമായി വ്യാഖ്യാനിച്ചു് 'Father' എന്ന സംബോധന ഉടനെ നീക്കി കളയേണ്ട ആവശ്യമില്ലെങ്കിലും, അധികാരത്തോടെ ഇടപെടുന്ന ഒരു പിതാവിനെയല്ല ഇന്നു വിശ്വാസികൾ കൂടുതൽ മനസ്സിൽ പ്രതിഷ്ഠിക്കുവാൻ ആഗ്രഹിക്കുന്നതു് എന്നു് വൈദികർ മനസ്സിലാക്കണം. തങ്ങളുടെ യാതനയുടെയും വേദനയുടെയും രംഗങ്ങളിൽ തങ്ങളോടൊപ്പം അതിൽ പങ്കു ചേരുന്ന ഒരു മൂത്ത സഹോദരനായും, തങ്ങളുടെ ഹൃദയവികാരങ്ങൾ ഉള്ളുതുറന്നു മററാരോടും പറയുകയില്ല എന്ന വിശ്വാസത്തിൽ പങ്കിടാൻ ആഗ്രഹിക്കുന്ന ഒരു നല്ല സുഹൃത്തായും, വൈദികനെ കാണാനാണ് ഇന്നു വിശ്വാസികൾക്കു് ഏറെ ഇഷ്ടം. പുരോഹിത ധർമ്മത്തെപ്പററിയുള്ള ഈ മാറിയ കാഴ്ചപ്പാടിനോട് അർത്ഥവത്തായി പ്രതികരിക്കുവാൻ കൗൺസലിംഗ് പഠനം ഒരു വൈദികനെ പ്രാപ്തനാക്കും.

> *അധികാരത്തോടെ ഇടപെടുന്ന ഒരു പിതാവിനെയല്ല ഇന്നു വിശ്വാസികൾ കൂടുതൽ മനസ്സിൽ പ്രതിഷ്ഠിക്കുവാൻ ആഗ്രഹിക്കുന്നതു എന്നു വൈദികർ മനസ്സിലാക്കണം...........................*

2. വിശ്വാസികളുടെ ജീവിത ശൈലിയിൽ വന്ന വ്യതിയാനം.

കാർഷിക പ്രധാനമായ സാമൂഹ്യ വ്യവസ്ഥിതി, വ്യാവസായികമായതിലേക്കു മാറിക്കൊണ്ടിരിക്കുന്നു എന്നതു് അനിഷേധ്യമായ ഒരു യാഥാർത്ഥ്യം തന്നെ. നാം വികസിത രാജ്യങ്ങളോടൊപ്പം ആയിട്ടില്ലെങ്കിലും, വികസനം എന്ന ആശയത്തെപ്പററി പാശ്ചാത്യർക്കുള്ള കാഴ്ചപ്പാടിലൂടെയാണ് സമൂഹവും ജീവിത ശൈലിയും നീങ്ങുന്നതു് എന്നുള്ളതിനും രണ്ടു പക്ഷമില്ല. വികസനത്തെപ്പററിയുള്ള പാശ്ചാത്യരുടെ കാഴ്ചപ്പാടു വളരെ അപകടം പിടിച്ച ഒന്നാണെന്നു് പറയപ്പെടുന്നുണ്ടെങ്കിലും കാലത്തിൻെറ സൂചി ആ വഴിക്കു തന്നെ ചലിക്കുന്നതായിട്ടാണ് ആനുകാലിക സംഭവങ്ങൾ വിളിച്ചറിയിക്കുന്നതു്. സ്വാതന്ത്ര്യത്തോടൊപ്പം, സ്വതന്ത്ര ഉപഭോക്ത വിപണിക്കു വേണ്ടിയുള്ള ദാഹവും റഷ്യയിലെ സംഭവ വികാസങ്ങളെ സ്വാധീനിച്ചിട്ടുണ്ടു് എന്നു പറയപ്പെടുന്നുണ്ടല്ലോ. പള്ളികളിൽ പൗരസ്ത്യാരാധന നടന്നാലും, പള്ളിക്കുവെളിയിൽ വിശ്വാസികളുടെ ജീവിതശൈലി കൂടുതൽ പാശ്ചത്യമയമായികൊണ്ടിരിക്കുന്നു എന്ന കാര്യത്തിൽ സംശയമില്ല. അതിനാൽ പാശ്ചാത്യ വികസിത സമൂഹത്തിൻേറതായ കുടുംബ പ്രശ്നങ്ങളും, വ്യക്തി പരമായ സംഘർഷങ്ങളുമെല്ലാം ഇവിടെയും ഒരു യാഥാർത്ഥ്യമായിരിക്കുകയാണ്. ഇവയെ ഉൾക്കൊള്ളുവാനും, മനസ്സിലാക്കുവാനും ക്രിസ്റ്റീയമായ നിലയിൽ പരിഹരിക്കാനും മാർഗ്ഗനിർദ്ദേശം നൽകുവാൻ വൈദികർക്കു കഴിവില്ലാതെ വന്നാൽ, അവർ പിന്നെ സെക്കുലർ മനശ്ശാസ്ത്രജ്ഞന്മാരെയും മററും കൂടുതൽ ആശ്രയിക്കുവാനാണു സാദ്ധ്യത. ദൈവത്തിൽനിന്നും സഭയിൽ നിന്നുമുള്ള അകൽച്ചയും ഇതിൻെറ പരിണിതഫലമായി സംഭവിക്കാൻ ഇടയുണ്ടു്. അതിനാൽ കൗൺസലിംഗിനെ തികച്ചും പാശ്ചാത്യമെന്നു് പറഞ്ഞ് തള്ളിക്കളയാതെ, പാശ്ചാത്യജീവിതശൈലി സ്വീകരിച്ചിരിക്കുന്ന വിശ്വാസികളെയും യാഥാർത്ഥ്യ ബോധത്തോടെ മനസ്സിലാക്കുവാനും, വിലയിരുത്തുവാനും ക്രിസ്തീയമായ നിലയിൽ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാനും കൗൺസലിംഗിലെ പരിചയം ഒരു വൈദികനെ പ്രാപ്തനാക്കും.

3. വ്യക്തിപരമായ ജീവിതത്തിൽ വൈദികർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ.

ലഭിച്ചതല്ലാതെ നൽകുവാൻ കഴിയുകയില്ല എന്ന പ്രമാണം അനുസരിച്ചു്, വ്യക്തിപരമായ ജീവിതത്തിലെ സംഘർഷങ്ങളെ അതിജീവിക്കാനാവാത്ത ഒരു പുരോഹിതനു് തൻെറ ഇടവകജനങ്ങളെ സഹായിക്കാനാവില്ലല്ലോ. ആ നിലയിൽ സ്വന്ത വ്യക്തിത്വത്തെ അതിൻെറ ഗുണദോഷങ്ങളോടെ, യാഥാർത്ഥ ബോധത്തോടെ വിലയിരുത്തുവാനും സ്വാവബോധവും (Self awareness) ആത്മവിശ്വാസവും വർദ്ധിപ്പിക്കുവാനും കൗൺസലിംഗ് പരിശീലനം പുരോഹിതനു് പ്രയോജനപ്പെടുന്നു. വ്യക്തിപരമായ ജീവിതത്തിലെ സംഘർഷങ്ങൾ വൈദികർക്കു് എക്കാലത്തും ഉണ്ടു് എന്നു് സമ്മതിച്ചാലും അതു് ഈ കാലത്തിൽ അധികരിച്ചു എന്നു പറയേണ്ടിയിരിക്കുന്നു. ചില കുടുംബങ്ങളിൽ നിന്നു് സ്ഥിരമായി ഇടവകപട്ടക്കാരായി വാഴിക്കപ്പെട്ടിരുന്ന പഴയരീതി ആ കാലത്തെ വൈദികർക്കു് ചില നേട്ടങ്ങൾ ഉണ്ടാക്കിക്കൊടുത്തിരുന്നു. സാമ്പത്തിക സുരക്ഷിതത്വം, വിപുലമായ കുടുംബാംഗങ്ങളുടെ കൈത്താങ്ങൽ, ഇടവജനങ്ങളുടെ മേൽക്കൂടുതൽ അധികാരം പ്രയോഗിക്കാനുള്ള സാദ്ധ്യത എന്നിവയിൽ വൈദികർ പൊതുവെ സമൂഹത്തിൽ കൂടുതൽ മാന്യതയും അംഗീകാരവും നേടിയിരുന്നു.

> *സ്വയവിശകലനവും, പൗരോഹിത്യ ധർമ നിർവഹണത്തിനനുയോജ്യമായ ഒരുവ്യക്തിത്വ വളർച്ചയും ഉണ്ടാകണമെങ്കിൽ പെരുമാററ വിജ്ഞാനീയത്തോട് ബന്ധപ്പെട്ട ഒരു...............*

വൈദികസെമിനാരിയുടെ വളച്ച്യയോടുകൂടി വൈദികരെ തെരഞ്ഞെടുക്കുന്ന രീതിക്കും മാററം വന്നുവല്ലോ. സമ്പത്തും, പഴയ പാരമ്പര്യവും സ്വാധീനവും ഒന്നുമല്ലല്ലോ, ഇന്നത്തെ തെരഞ്ഞെടുപ്പിൻെറ മാനദണ്ഡങ്ങൾ. ദൈവാശ്രയബോധവും, സ്വഭാവ വിശുദ്ധിയും, ദൈവവിളിയെക്കുറിച്ചുള്ള ബോദ്ധ്യവും, വിദ്യാഭ്യാസ യോഗ്യതയും സഭാസ്നേഹവുമൊക്കെ തെളിയിക്കപ്പെടുന്ന സഭയിലെ ഏതു യൗവനക്കാരനും സെമിനാരി വിദ്യാഭ്യാസം സാദ്ധ്യമാകും എന്നതു ശ്ലാഘനീയമായ ഒരു പരിവർത്തനമാണ്. എന്നാൽ ഇടവക ഭരണത്തിലേക്കു പ്രവേശിക്കുമ്പോൾ, മുൻപത്തെ വൈദികർക്കു് സാധിക്കമൊയിരുന്ന ജനങ്ങളുടെ മേലുള്ള സ്വാധീനം നന്നേ കുറഞ്ഞുകൊണ്ടിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. കാലാകാലങ്ങളിലുള്ള മാററത്തിനു് വളരെ പ്രയോജനങ്ങളുണ്ടു്. എന്നിരുന്നാൽത്തന്നെയും സാമ്പത്തിക സുരക്ഷിതത്വം, സമൂഹത്തിലെ മാന്യത, കുടുംബപ്രശ്നങ്ങൾ തുടങ്ങി അനേകം കാര്യ

ങ്ങും, സാധാരണ മനുഷ്യരെപ്പോലെ ഇന്നത്തെ വൈദികരെയും അലട്ടുന്നുണ്ട്. ലോകത്തിനനുരൂപമാകാതെ, തങ്ങളുടെ വിളിക്കനുസരിച്ച്, പ്രതിബന്ധങ്ങളെ ദൈവാശ്രയബോധത്തോടെ തരണം ചെയ്ത് ആരോഗ്യകരമായ ഒരു വ്യക്തിത്വം വളർത്തിയെടുക്കുവാൻ ഇന്നുള്ള വൈദികർക്ക് സാധിക്കണം. സ്വയവിശകലനവും, പൗരോഹിത്യ ധർമ്മനിർവഹണത്തിനനുയോജ്യമായ ഒരു വ്യക്തിത്വ വളർച്ചയും ഉണ്ടാകണമെങ്കിൽ പെരുമാററ വിജ്ഞാനീയത്തോട് ബന്ധപ്പെട്ട ഒരു കൗൺസലിംഗ് പരിശീലനം അത്യന്താപേക്ഷിതമാണ്. മററുള്ളവരെ സഹായിക്കുവാൻ കഴിയുന്നതിനു മുൻപ് സ്വയം സഹായിക്കപ്പെടുവാൻ കൗൺസലിംഗ് പരിശീലനം വളരെ ഉപകരിക്കുന്നു.

4. അർത്ഥവത്തായി കുമ്പസാരം നടത്തുവാൻ

മുകളിൽ പറഞ്ഞ കാര്യങ്ങൾ പരോക്ഷമായിട്ടുള്ളതാണെന്നു വന്നാലും, പ്രത്യക്ഷത്തിൽ കാണുന്ന ഒന്നാണല്ലോ വി.കുമ്പസാരം കേൾക്കാനുള്ള പുരോഹിതന്റെ ബാദ്ധ്യത. പ്രത്യേകിച്ചും നമ്മുടെ പാരമ്പര്യത്തിൽ വ്യക്തിപരമായ രഹസ്യ കുമ്പസാരം നിലനിൽക്കുന്നതിനാൽ മററുള്ളവരുടെ പ്രശ്നങ്ങളെ ശാസ്ത്രീയമായി വിലയിരുത്തുന്നതിനു സാമാന്യ ബുദ്ധി മാത്രം പോരാ, സാങ്കേതിക ജ്ഞാനം കൂടി ആർജ്ജിച്ചിരിക്കേണ്ടതാണ്. രോഗവും പാപവും തമ്മിലുള്ള ബന്ധം വേദപുസ്തകാടിസ്ഥാനത്തിൽ തന്നെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണല്ലോ. (ഉദാ. കർത്താവ് പക്ഷവാതരോഗിയെ സൗഖ്യമാക്കുമ്പോൾ നിന്റെ പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു എന്നാണ് കല്പിച്ചത്) എല്ലാ ശാരീരിക രോഗങ്ങൾക്കും വ്യക്തിയുടെ പാപമാണ് കാരണം എന്നു വിധിക്കാൻ സാദ്ധ്യമല്ല. എന്നാൽ മിക്ക മാനസീക രോഗങ്ങളും പാപഗ്രസ്ഥമായ ജീവിത ശൈലിയോടും, ആരോഗ്യകരമല്ലാത്ത മനോഭാവങ്ങളോടുമൊക്കെ ബന്ധപ്പെട്ടിരിക്കുന്നതാണ്. കുമ്പസാരത്തിൽ പങ്കിടുന്നമാനസികപ്രശ്നങ്ങളെയാഥാർത്ഥ്യബോധത്തോടെ വിലയിരുത്തി പരിഹാരം നിർദ്ദേശിക്കുവാൻ നമ്മുടെ വൈദികർക്ക് കുറച്ചുകൂടി സാങ്കേതിക പരിജ്ഞാനം ആവശ്യമായിരിക്കുന്നു. കൗൺസലിംഗ് പഠനം ഈ കാര്യത്തിലും വൈദികർക്കു പ്രയോജനം ചെയ്യുന്നതാണ്. ഇതു കൂടാതെ പലതുമുണ്ടെങ്കിലും, പ്രധാനമായവ മാത്രമെ ഇവിടെ വെളിപ്പെടുത്തിയിട്ടുള്ളു. വൈദിക സെമിനാരി, പരുമല പോലെയുള്ള തീർത്ഥാടന കേന്ദ്രങ്ങൾ സഭാവകയായുള്ള ആശുപത്രികൾ, മററു പൊതുസ്ഥാനങ്ങൾ, ആശ്രമങ്ങൾ എന്നിവടങ്ങളിലൊക്കെ പരിശീലനം ലഭിച്ച വൈദികരെ കൗൺസലിംഗിനായി നിയോഗിക്കുന്നതിനുള്ള പദ്ധതികൾ ഇപ്പോഴെ ആവിഷ്ക്കരിച്ചു തുടങ്ങേണ്ടിയിരിക്കുന്നു.

Best Compliments from:

Pan Orient Travels (Pvt.) Ltd.

Poineers in promoting regular group tours to Dubai, Singapore, Bangkok, Hongkong, Japan & Europe.

Y. M. C. A. Jn., Chittoor Road, Cochin-11.
Tel: 354206 / 361115.
FAX: 484-362645 ATTN. GVT.

Opp. Corporation Office, Calicut - 32.
Tel: 66370 / 64147.

Associates all over the world
Pan orient over 30 years of travel expertise.

Best Compliments from:

Agrashakti Paper Mills (P) Ltd.

GIDC VAPI
BULSUR
Gujarat

Best Compliments from:

VARGHESE CHUMMAR & FAMILY

MADRAS

പോൾ മണലിൽ

വ്യത്യസ്തമായ വീക്ഷണങ്ങളോടെ പ്രവർത്തിച്ചെങ്കിലും പ്രത്യേകമായ ഒരു സാക്ഷിത്വം (witness) ഉൾക്കൊണ്ടു പ്രവർത്തിക്കാൻ ഇക്കൂട്ടർക്കു കഴിഞ്ഞു എന്നതാണു കേരള ചരിത്രത്തിൽ ഇവരെ വേർതിരിച്ചു നിർത്തുന്നത്......

രാഷ്ട്രീയ–സാമൂഹിക രംഗത്ത്

കേരള ചരിത്രത്തിലേക്കു തിരിഞ്ഞു നോക്കുമ്പോൾ സുറിയാനി ക്രിസ്ത്യാനികളുടെ പങ്കാളിത്വം എല്ലാരംഗത്തും സജീവമായി ഉണ്ടായിരുന്നതായി കാണാം. രാഷ്ട്രീയ രംഗത്തായാലും സാമൂഹിക രംഗത്തായാലും സാമ്പത്തിക രംഗത്തായാലും മുഖ്യധാരയിൽ കടന്നു പ്രവർത്തിക്കുന്നതിനും നേതൃത്വം നൽകുന്നതിനും അവർക്കു കഴിഞ്ഞിട്ടുണ്ട്. സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽതന്നെ പ്രത്യേകമായി ശ്രദ്ധിക്കപ്പെട്ട മലങ്കര ഓർത്തഡോക്സ് സമൂഹത്തിന്റെ പങ്കാളിത്വം. ചരിത്രത്തിന്റെ വഴിത്തിരിവിലും ഉൾപ്പിരിവിലും ഒക്കെ സജീവ സാക്ഷികളാകാൻ ഇക്കൂട്ടർക്കു കഴിഞ്ഞു. പ്രവർത്തിക്കുന്ന രംഗത്തെല്ലാം മായാത്ത വ്യക്തിമുദ്ര പതിപ്പിക്കാനും സാധിച്ചു.

'The Decline of Nayar Dominance' എന്ന ഗ്രന്ഥത്തിൽ ഡോ. റോബിൻ ജെഫ്രി കേരളത്തിലെ മലയാളി മെമ്മോറിയലിനെപ്പററിയും കൗണ്ടർ മലയാളി മെമ്മോറിയലിനെപ്പററിയും പരാമർശിക്കുന്നുണ്ട്. അതിൽ ഒരിടത്തു, 1891–ൽ പരുമല തിരുമേനിയുടെ കൗണ്ടർ മലയാളി മെമ്മോറിയലിലെ അധ്യക്ഷ പ്രസംഗത്തെപ്പററി പറയുന്നുണ്ട്[1]. കൗണ്ടർ മെമ്മോറിയൽ ആലപ്പുഴയിൽ കേന്ദ്രീകരിച്ചു നടത്തിയ പ്രധാന സമ്മേളനത്തിൽ അധ്യക്ഷനായിരുന്നു പരുമല തിരുമേനി. അന്നു ഓർത്തഡോക്സ് സഭയിലെ ഒരു വിഭാഗം ആളുകൾ മെമ്മോറിയലിനെ തുണക്കുകയും ചെയ്തു.[2] ഇങ്ങനെ വ്യത്യസ്ത തട്ടുകളിലും തലങ്ങളിലും നിന്നുകൊണ്ടാണു രാഷ്ട്രീയ രംഗത്തും സാമൂഹിക രംഗത്തും മലങ്കര സഭാംഗങ്ങൾ പ്രവർത്തിച്ചതു്. വ്യത്യസ്തമായ വീക്ഷണങ്ങളോടെ പ്രവർത്തിച്ചെങ്കിലും പ്രത്യേകമായ ഒരു സാക്ഷിത്വം (witness) ഉൾക്കൊണ്ടു പ്രവർത്തിക്കാൻ ഇക്കൂട്ടർക്കു കഴിഞ്ഞു എന്നതാണു കേരള ചരിത്രത്തിൽ ഇവരെ വേർതിരിച്ചു നിർത്തുന്നതു്. രാഷ്ട്രീയ രംഗത്തു് ഇത്തരം വ്യത്യസ്ത വീക്ഷണം തുടക്കം മുതൽ ഇപ്പോൾ വരെയും വച്ചു പുലർത്തുന്നുമുണ്ട്.

മലങ്കര നസ്രാണികളുടെ പ്രാരംഭ രാഷ്ട്രീയ സേവനത്തെപ്പററിയും ജാത്യൽ

1 നായർ മേധാവിത്വത്തിന്റെ പതനം (മലയാളം) പേജ് 210

2 Proceedings of the Alleppey meeting of the Counter-Memorialists, 27 June 1891: TGER cover.No 1744

കൃഷ്ടൃത്തെപ്പററിയും അവർക്ക സമൂഹത്തിൽ ഉണ്ടായിരുന്ന ശ്രേഷ്ഠതയെപ്പററിയും പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ ഒട്ടേറെ ഉണ്ടായിട്ടുണ്ട്.[3] അതു് ഒരു കാലഘട്ടത്തിന്റെ ചരിത്രത്തിലേക്കും സംസ്ക്കാരത്തിലേക്കും വിരൽ ചൂണ്ടുന്നവയാണു്. ചിത്രമെഴുത്തു കെ. എം. വർഗീസ് 'മാർ മാതൃസ് അത്താനാസ്യോസിന്റെ പഞ്ചകല്യാണി' എന്ന ചരിത്രാഖ്യായിക എഴുതിയതിനെ തുടർന്നു മന്നത്തു പത്മനാഭൻ

കേരളത്തിൽ പൗരാവകാശങ്ങൾക്കു വേണ്ടിയുള്ള ആദ്യത്തെ ജനകീയ സമരമായ മലയാളി മെമ്മോറിയലിൽ സജീവ പങ്കാളിത്വം വഹിക്കാൻ ജോസഫ് മാർ ദിവന്നാസ്യോസിനും കണ്ടത്തിൽ വറുഗീസ് മാപ്പിളക്കും കഴിഞ്ഞു.

'സർവീസ്' വാരികയിൽ ഒരു നിരൂപണം നടത്തുകയുണ്ടായി. അതിനു ചിത്രമെഴുത്തു നൽകിയ മറുപടിയാണു 'കേരളീയനസ്റാണികളുടെ രാഷ്ട്രീയ സേവനം'. ഇതിൽ സുറിയാനി ക്രിസ്ത്യാനികളുടെ സൈനികവൃത്തി, ചെമ്പകശ്ശേരി രാജാവിന്റെ നസ്റാണി ഭടന്മാർ, നസ്റാണി സേനാനായകന്മാർ, നസ്റാണിപ്പട്ടക്കാരും യുദ്ധവൃത്തിയും, ഓണപ്പടയും നസ്റാണികളും, നസ്റാണി വൈദികാദ്ധ്യക്ഷന്മാരുടെ അംഗരക്ഷകസൈന്യങ്ങൾ, സുറിയാനി ക്രിസ്ത്യാനികളും അവരുടെ രാജ്യസേവനരീതിയും എന്നിങ്ങനെയുള്ള അധ്യായങ്ങളിലൂടെ രാഷ്ട്രീയരംഗത്തും സാമൂഹിക രംഗത്തും ഭരണ രംഗത്തും മററും മലങ്കര നസ്റാണികൾ ചെയ്തിട്ടുള്ള സേവനങ്ങളെ വിലയിരുത്തുന്നുണ്ടു്. അവരുടെ രാജ്യസേവനങ്ങളെ പുരസ്കരിച്ചു ഭരണാധികാരികൾ കല്പിച്ചു നൽകിയ സ്ഥാനമാനങ്ങളെപ്പററിയും ഇതിൽ പ്രതിപാദിക്കുന്നുണ്ടു്.

മലയാളി മെമ്മോറിയൽ തുടങ്ങിയ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിലയിരുത്തപ്പെടാതെ പോകുന്നതു ചരിത്രത്തോടു തന്നെ കാണിക്കുന്ന അനീതിയായിരിക്കും. കേരളത്തിൽ പൗരാവകാശങ്ങൾക്ക വേണ്ടിയുള്ള ആദ്യത്തെ ജനകീയ സമരമായ മലയാളി മെമ്മോറിയലിൽ സജീവ പങ്കാളിത്വം വഹിക്കാൻ ജോസഫ് മാർ ദീവന്നാസ്യോസിനും കണ്ടത്തിൽ വറുഗീസ് മാപ്പിളയ്ക്കും കഴിഞ്ഞു. 1891–ൽ വിവിധ ജാതിമതസ്ഥരായ പതിനായിരക്കണക്കിനു് ആളുകൾ മഹാരാജാവിനു ഹർജി ഒപ്പിട്ടു നൽകി. വിദ്യസമ്പന്നരായ നാട്ടുകാർക്കു സർക്കാർ സർവീസിൽ അർഹമായ പ്രാതിനിധ്യം വേണമെന്നു് അതിൽ ആവശ്യപ്പെട്ടു[4]. ജനങ്ങൾക്കു് അനുകൂലമായ മറുപടി നൽകാൻ മഹാരാജാവിനെ പ്രേരിപ്പിച്ചതു കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെ നേതൃത്വത്തിൽ 'മലയാള മനോരമ' പത്രത്തിലൂടെ നടത്തിയ പരിശ്രമങ്ങളായിരുന്നു. മലയാളി മെമ്മോറിയലിനെ തുണയ്ക്കാൻ ഈ പത്രവും അതിന്റെ പത്രാധിപരും അക്കാലത്തു ധൈര്യം കാട്ടി എന്നതു പ്രത്യേകം ശ്രദ്ധിക്കപ്പെടുന്നു. അതു പ്രബുദ്ധമായൊരു നടപടിയായിരുന്നു. 1891 ജൂൺ മൂന്നിനു കോട്ടയത്തു നടന്ന മലയാളി മെമ്മോറിയൽ സമ്മേളനത്തിനു മലങ്കര സഭാംഗമായ ഇ. എം. ഫിലിപ്പ് നേതൃത്വം നൽകിയിട്ടുണ്ടു്[5]. മലയാളി മെമ്മോറിയലിനെ പിന്തുണച്ചുകൊണ്ടു 'മലയാള മനോരമ' 1890 ജൂലൈ നാലിനു ശക്തമായൊരു മുഖപ്രസംഗം എഴുതുകയുണ്ടായി.

മലയാളി മെമ്മോറിയലിനു മുമ്പു, 1880–ൽ ജോസഫ് മാർ ദീവന്നാസ്യോ

3 ചിത്രമെഴുത്തു കെ. എം. വർഗീസിന്റെ 'കേരളീയ നസ്റാണികളുടെ രാഷ്ട്രീയ സേവനം', Z M. പാറേട്ടിന്റെ മലങ്കര നസ്റാണികൾ പദവിയും ജാത്യാചാരങ്ങളും ജോർജ്ജ് വർഗീസിന്റെ 'മലങ്കര നസ്റാണികളുടെ ജാതൃൽകൃഷ്ടൃവും രാജ്യസേവനാനിരതയും' എന്നീ ഗ്രന്ഥങ്ങൾ കാണുക.

4. കേരളചരിത്രം എ. ശ്രീധരമേനോൻ പേജ് 446

5. 'മദ്രാസ് ടൈംസി'ന്റെ 1891 ജൂൺ എട്ടിലെ പത്രത്തിൽ നിന്നു റോബിൻ ജെഫ്റി ഇക്കാര്യം ചൂണ്ടിക്കാട്ടിയിട്ടുണ്ടു്.

സിന്റെ നേതൃത്വത്തിൽ നടന്ന ഓർത്തഡോക്സ് മെമ്മോറിയൽ എന്നു വിശേഷിപ്പിക്കാവുന്ന ചരിത്രസംഭവം ആർക്കും വിസ്മരിക്കാവുന്നതല്ല. വിശാഖം തിരുനാൾ മഹാരാജാവ് സ്ഥാനമേററ് കോട്ടയത്തു വന്നപ്പോൾ ജോസഫ് മാർ ദിവന്നാസ്യോസിന്റെ നേതൃത്വത്തിൽ മഹാരാജാവിനു ഒരു 'മംഗളപത്രം' നൽകി[6]. അതിൽ നസ്റാണികൾക്ക സർക്കാർ സർവീസിൽ ഉണ്ടായ സ്ഥാനനഷ്ടത്തെപ്പററി പരാമർശിച്ചിരുന്നു. ഓർത്ത

മലയാളി മെമ്മോറിയലിനു മുമ്പു., 1880–ൽ ജോസഫ് മാർ ദിവന്നാസ്യോസിന്റെ നേതൃത്വത്തിൽ നടന്ന ഓർത്തഡോക്സ് മെമ്മോറിയൽ എന്നു വിശേഷിപ്പിക്കാവുന്ന ചരിത്രസംഭവം ആർക്കും വിസ്മരിക്കാവുന്നതല്ല.

ഡോക്സ് നസ്റാണികളുടെ നിവേദനം മഹാരാജാവ് അംഗീകരിച്ചു. സമുദായത്തെ ഉണർത്തി ദേശീയധാരയിലേക്കു കൊണ്ടുവരാനുള്ള ഒരു ശ്രമമായി ഇതിനെ കണക്കാക്കണം. കച്ചവടവും കൃഷിയുമായി മാത്രം കഴിയാതെ സർക്കാരിനെ സേവിക്കുന്നതിനു തങ്ങളുടെ കഴിവുകൾ വിനിയോഗിക്കണമെന്ന വീക്ഷണമായിരുന്നു മാർ ദിവന്നാസ്യോസിനു ഉണ്ടായിരുന്നതു്.

കേരളത്തിൽ ജനകീയ സമരത്തിന്റെ മറെറാരു അദ്ധ്യായമായ ഈഴവ മെമ്മോറിയലിനെയും 'മലയാള മനോരമ'യും അതിന്റെ പത്രാധിപരായിരുന്ന കെ. സി. മാമ്മൻ മാപ്പിളയും പിന്തുണച്ചു. കേരളത്തിന്റെ സാമൂഹികചരിത്രത്തിൽ ഈ പ്രസ്ഥാനം ഒരു നാഴികക്കല്ലാണു്. അതിനു കലവറ കൂടാതെ പിന്തുണ നൽകുന്നതിനു 'മനോരമ'യും മാമ്മൻമാപ്പിളയും ഉണ്ടായിരുന്നു എന്നതു കേരള ചരിത്രം സ്മരിക്കുന്നു. തുടർന്നു നിവർത്തന പ്രസ്ഥാനത്തിൽ മനോരമയും മാമ്മൻമാപ്പിളയും വഹിച്ച പങ്കും നിസ്തുലമാണു്. പി

മഹാജന സഭയിൽ കൂടിയാണ് നിവർത്തന പ്രസ്ഥാനത്തിനും കോൺഗ്രസിനും മററും നേതൃത്വം കൊടുക്കാൻ കരുത്തുള്ള പല ക്രൈസ്തവ നേതാക്കളും ഉയർന്നുവന്നത്.

ന്നീടുണ്ടായ സംഭവവികാസങ്ങൾ 'മനോരമ' കണ്ടുകെട്ടുന്നതിനും മാമ്മൻമാപ്പിളക്കു ജയിൽവാസം ലഭിക്കുന്നതിനും ഇടയാക്കി. 'മനോരമ'യുടെ പ്രസിദ്ധീകരണം പോലും ബലികഴിച്ചുകൊണ്ടായിരുന്നു രാഷ്ട്രീയ രംഗത്തു മാമ്മൻമാപ്പിളയുടെ പങ്കാളിത്വം.[7] (മാമ്മൻമാപ്പിള ശ്രീമൂലം പ്രജാസഭയിലും സ്റ്റേററ് കൗൺസിലിലും അംഗമായിരുന്നു).

രാഷ്ട്രീയ രംഗത്തു പ്രവർത്തിച്ചില്ലെങ്കിലും റാവു സാഹിബ് ഒ. എം. ചെറിയാന്റെ സാമൂഹിക പ്രവർത്തനങ്ങൾ നിത്യസ്മരണാർഹമാണു്. ഓർത്തഡോക്സ് സഭയുടെ കരുത്തററ നായകന്മാരിൽ ഒരാളായിരുന്നു പുതുപ്പള്ളി കൈപ്പനാട്ടു കുടുംബാംഗമായ ഒററപ്ലാക്കൽ ഒ. എം. ചെറിയാൻ. കാതോലിക്കേററ് നിധി എന്ന ആശയം അദ്ദേഹത്തിന്റേതാണു്. മലങ്കര സഭയിൽ പിന്നീടു കാതോലിക്കാ ദിനപ്പിരിവു സംഘടിപ്പിക്കാൻ അടിത്തറയിട്ടതു് ഒ. എം. ചെറിയാൻ വിഭാവനം ചെയ്ത കാതോലിക്കേററ് നിധിയായിരുന്നു.

തിരുവിതാംകൂർ–കൊച്ചി മലങ്കര സുറിയാനി മഹാജനസഭയെപ്പററിയും പരാമർശിക്കേണ്ടിയിരിക്കുന്നു. സമുദായത്തിന്റെ ഉയർച്ച ലക്ഷ്യമാക്കി 1910–ൽ രൂപം കൊണ്ടതാണു് ഈ സംഘടന. ഇലഞ്ഞിക്കൽ ഇ. ജെ. ജോൺ വക്കീലായിരുന്നു ഇതിന്റെ രൂപീകരണത്തിനു നേതൃത്വം

6. മാർ ജോസഫ് ദിവന്നാസ്യോസ് എം. പി. വർക്കി പേജ് 113–114.

7. Proceedings of the Goverment of His Highness the Maharajah of Travancore-order No.

നൽകിയതു്. കെ. സി. മാമ്മൻമാപ്പിള, ശങ്കരമംഗലത്തു വർക്കി, ഗീവറുഗീസ് മാർ ദിവന്നാസ്യോസ്, കൊല്ലമ്പറമ്പിൽ കുര്യൻ, അക്കര സി. ചെറിയാൻ, മാരേട്ട ഫിലിപ്പോസ് ജഡ്ജി, ഫാ. പി. ടി. ഗീവറുഗീസ്, പി. ജെ. പോത്തൻ എന്നിവരും ഇതിന്റെ ആദ്യകാല പ്രവർത്തനങ്ങളിൽ ഉണ്ടായിരുന്നു. സുറിയാനി മഹാജനസഭ ഈ സമുദായത്തിൽനിന്നു ഒട്ടേറെ നേതാക്കളെ രാജ്യത്തിനു സംഭാവന ചെയ്തു. മഹാജന സഭയിൽ കൂടിയാണു നിവർത്തന പ്രസ്ഥാനത്തിനും കോൺഗ്രസിനും മററും നേതൃത്വം കൊടുക്കാൻ കരുത്തുള്ള പല ക്രൈസ്തവ നേതാക്കളും ഉയർന്നുവന്നതു്. മലങ്കര മഹാജന സഭയിൽനിന്നു രൂപം കൊണ്ടതാണു 'പൗരസമത്വവാദലീഗ്' എന്നു പറയാം. ഇതിന്റെ പിന്നിലും ഇ. ജെ. ജോൺ വക്കീലായിരുന്നു മുഖ്യമായും പ്രവർത്തിച്ചതു്. ജോൺ വക്കീൽ ഹൈക്കോടതിയിൽ അഭിഭാഷകനായിരുന്നു. ഹൈക്കോടതിയിൽ ജഡ്ജിയാകാനുള്ള പണം പോലും നിരസിച്ചാണു് അദ്ദേഹം രാഷ്ട്രീയ, സാമുദായിക രംഗത്തു പ്രവർത്തിച്ചതു്. 1920 മാർച്ച് എട്ടിനു തിരുവനന്തപുരത്തു ജോൺ വക്കീൽ നടത്തിയ ഒരു പ്രസംഗത്തോടെയായിരുന്നു പൗരസമത്വവാദലീഗിന്റെ പ്രക്ഷോഭണം ആരംഭിച്ചതു്. സ്റ്റേററ് സർവീസ്, വിദ്യാർത്ഥി ഹോസ്റ്റൽ, ഇംപീരിയൽ സർവീസ് ബ്രിഗേഡ് എന്നിവയിൽ അവർണർക്കും പ്രവേശനം നൽകണമെന്നു് ആവശ്യപ്പെട്ട് ലീഗിന്റെ ആഭിമുഖ്യത്തിൽ ദിവാനു നിവേദനം നൽകി. കാൽലക്ഷം പേർ ഒപ്പിട്ട നിവേദനം നല്ലാൻ കെ. എം. മാമ്മൻ മാപ്പിള, പാലാമ്പടം തോമസ് വക്കീൽ, എം. എം. വർഗീസ്, കെ. എം. കൊച്ചീപ്പൻ മാപ്പിള, ജോൺ ചാണ്ടി, ജേക്കബ് കുര്യൻ ഫാ. ടി. കെ. ഏബ്രഹാം, ഫാ. എൻ. കെ. സ്കറിയ മുതലായവരും ഉണ്ടായിരുന്നു. ഇതെ തുടർന്നു റവന്യൂവകുപ്പിൽ അവർണർക്കു പ്രവേശനം ലഭിച്ചു.[8] കേരളത്തിൽ അവകാശസമരങ്ങൾക്കു നേതൃത്വം കൊടുക്കുവാൻ ആദ്യകാലത്തു രംഗത്തിറങ്ങിയ ഇവരെ വീരനായകന്മാരായി കണക്കാക്കണം.

ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആദ്യകാല പ്രവർത്തനങ്ങളിൽ ഓർത്തഡോക്സ് സമൂഹത്തിൽനിന്നു കാര്യമായ പങ്കാളിത്വം ഉണ്ടായില്ലെങ്കിലും ചെങ്ങന്നൂർ ഊരേൽ ജോർജ് ജോസഫ് വഹിച്ച പങ്ക് മഹത്തായിരുന്നു. അദ്ദേഹം കോൺഗ്രസിന്റെ അഖിലേന്ത്യാ

പ്രായപൂർത്തി വോട്ടവകാശം നേടിയെടുക്കുന്നതിനുള്ള പ്രക്ഷോഭണത്തിനു തുടക്കം കുറിക്കുന്നതു 1938 ഫെബ്രുവരി 25 നു ഇലഞ്ഞിക്കൽ ജോൺ ഫിലിപ്പോസിന്റെ വസതിയിൽ വച്ചാണ്

കമ്മിററി അംഗമായിരുന്നു. ഇദ്ദേഹം ഗാന്ധിജിയുടെ സഹപ്രവർത്തകനും ഹോംറൂൾ പ്രസ്ഥാനത്തിന്റെ പ്രമുഖ സംഘാടകനുമായിരുന്നു. ഗാന്ധിജി ജയിലിൽ കിടന്നപ്പോൾ കുറെക്കാലം ഇദ്ദേഹം 'യംഗ്ഇന്ത്യ'യുടെ ചുമതല ഏറെറടുത്തു നടത്തിയിരുന്നു. ബാരിസ്റ്ററായി മധുരയിൽ പ്രവർത്തിച്ചതിനാൽ കേരള രാഷ്ട്രീയത്തിൽ അധികം പങ്കാളിയാകാൻ കഴിഞ്ഞില്ല. എന്നാൽ വൈക്കം സത്യാഗ്രഹത്തിൽ ഇദ്ദേഹം പങ്കെടുത്തു് അറസ്റ്റുവരിച്ചിട്ടുണ്ടു്.[9] (ബാരിസ്റ്റർ ജോർജ് ജോസഫ് പിന്നീടു മാതൃസഭ വിട്ടു).

ജോർജ് ജോസഫിനെപോലെ ഓർത്തഡോക്സ് സമുദായത്തിൽനിന്നും ഉയർന്നു വരികയും പിന്നീടു മാതൃസഭ വിടുകയും ചെയ്ത മൂക്കഞ്ചേരിൽ എം. എം. വർക്കിയെപ്പററിയും അനുസ്മരിക്കാതെ തരമില്ല. ഇദ്ദേഹം നിവർത്തന പ്രസ്ഥാനത്തിനു നൽകിയ നേതൃത്വം ഉജ്വലമായിരുന്നു.

പ്രായ പൂർത്തി വോട്ടവകാശം നേടിയെടുക്കുന്നതിനുള്ള പ്രക്ഷോഭണത്തിനു തുടക്കം കുറിക്കുന്നതു 1938 ഫെബ്രുവരി 25-നു ഇലഞ്ഞിക്കൽ ജോൺ ഫിലിപ്പോസിന്റെ വസതിയിൽവച്ചാണു്. അവിടെ

കൂടിയ യോഗമാണു പ്രക്ഷോഭം തുടങ്ങുന്നതിനുള്ള കമ്മിററികൾ രൂപവൽക്കരിച്ചതു്. ഇതേ തുടർന്നു സ്റ്റേററ് കോൺഗ്രസിന്റെ പ്രവർത്തകർക്കു് ഒട്ടേറെ ഭീഷണിയുണ്ടായി. എ. നാരയണപിള്ള വക്കീലിന്റെ പേരിൽ സർ സി. പി. കെട്ടിച്ചമച്ച കള്ളക്കേസ് ജില്ലാ കോടതിയിൽ എത്തിയപ്പോൾ അവിടെ ജഡ്ജിയായിരുന്നതു പുതുപ്പള്ളി കുന്നുകുഴിയിൽ കെ. കെ. ലൂക്കോസ് ആയിരുന്നു. ദിവാനെ ഭയക്കാതെ കെ. കെ. ലൂക്കോസ്

സ്വാതന്ത്ര്യസമരത്തെ പ്രോജ്വലിപ്പിച്ച ജനനായകനായിരുന്നു ജോൺ ഫിലിപ്പോസ്. ജനകീയ സമരത്തിലേക്കു സ്വസമുദായത്തിൽനിന്നു അനേകരെ അദ്ദേഹം പ്രചോദിപ്പിച്ചു.

ന്യായമായും നീതിനിഷ്ഠമായും നാരായണപിള്ളക്കു ജാമ്യം അനുവദിച്ചു. ഇതു് അക്കാലത്തു വലിയ ഒച്ചപ്പാടുണ്ടാക്കിയ സംഭവമായിരുന്നു. കെ. കെ. ലൂക്കോസ് പിന്നീടു തിരുവിതാംകൂർ ഹൈക്കോടതിയിൽ ജഡ്ജിയായി പ്രവർത്തിച്ചിട്ടുണ്ടു്.

സ്റ്റേററ് കോൺഗ്രസിന്റെ സ്ഥാപക നേതാക്കളിൽ ഒരാളാണു് ഇലഞ്ഞിക്കൽ ജോൺ ഫിലിപ്പോസ്. പിന്നീടു ജനകീയ മന്ത്രിസഭ വന്നപ്പോൾ അദ്ദേഹം മന്ത്രിസ്ഥാനം വഹിക്കുകയും ചെയ്തിട്ടുണ്ടു്. ചെങ്ങന്നൂരിൽ സ്റ്റേററ് കോൺഗ്രസിന്റെ ഒരു യോഗത്തിൽ സർ സി. പി.യുടെ ആളുകൾ ജോൺഫിലിപ്പോസിനെ കയ്യേററം ചെയ്തതിനെ തുടർന്നു മധ്യതിരുവിതാംകൂറിലെ ജനങ്ങൾ ഒററക്കെട്ടായി രംഗത്തിറങ്ങി. ജോൺ ഫിലിപ്പോസിന്റെ നേതൃത്വം ജനങ്ങൾക്കു ആവേശം പകർന്നു. ജോൺ ഫിലിപ്പോസ് 1938-ൽ ഗാന്ധിത്തൊപ്പി ധരിച്ചു നിയമസഭയിൽ കയറിയതും മററും അവിസ്മരണീയ സംഭവങ്ങളാണു്. സ്വാതന്ത്ര്യസമരത്തെ പ്രോജ്വലിപ്പിച്ച ജനനായകനായിരുന്നു ജോൺ ഫിലിപ്പോസ്. ജനകീയ സമരത്തിലേക്കു സ്വസമുദായത്തിൽ നിന്നു അനേകരെ അദ്ദേഹം പ്രചോദിപ്പിച്ചു.

ജോൺ ഫിലിപ്പോസ് മന്ത്രിയായിരുന്ന കാലത്തു (ടി. കെ. നാരായണ പിള്ളയുടെ മന്ത്രിസഭ) ഈ സമുദായത്തിൽ നിന്നു വി. ഒ. മർക്കോസും മന്ത്രിസ്ഥാനത്തു പ്രവർത്തിച്ചിട്ടുണ്ടു്. മർക്കോസ് കോൺഗ്രസിന്റെ പ്രമുഖ പ്രവർത്തകനായിരുന്നു.

നിയമലംഘന പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ മറക്കാനാവാത്ത പുതുപ്പള്ളി വെടിവെയ്പ്പിനു മുമ്പ് അവിടെ പ്രസംഗിച്ചതു് ഓർത്തഡോക്സ് സഭയിലെ അംഗവും കൈപ്പനാട്ട് കുടുംബാംഗവുമായ തോണിപ്പുരക്കൽ വട്ടമല ടി. ജെ. ചാണ്ടിയാണു്.

സ്റ്റേററ് കോൺഫ്രൻസിന്റെ പത്താമത്തെ പ്രസിഡൻറായിരുന്ന അടൂർ നെല്ലിമൂട്ടിൽ എൻ. പി. ഫിലിപ്പോസ് മുതലാളി. അദ്ദേഹം 1938-ൽ കൊല്ലത്തു നടന്ന നിയമലംഘന പരിപാടിക്കു നേതൃത്വം നൽകി. മധ്യതിരുവിതാംകൂറിൽ നിയമലംഘന സമരത്തിൽ പങ്കെടുത്ത തിരുവല്ല മേപ്രാൽ പടിഞ്ഞാറു പുതിയോട്ടു ചാക്കോ, കണിയാന്ത്ര കുഞ്ചാച്ചൻ എന്നിവരുടെ പേരുകളും വിസ്മരിക്കാൻ പററില്ല.

ശ്രീമൂലം പ്രജാ സഭയിൽ അംഗമായിരുന്ന മാവേലിക്കര പടിഞ്ഞാറേതലയ്ക്കൽ ജേക്കബ് കുര്യൻ പൗരസമത്വവാദ സമരത്തിൽ നടുനായകത്വം വഹിച്ചിരുന്നു. സമുദായത്തിലെ ജനങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കാൻ കേരള ക്രൈസ്തവ സേവക സമിതിയുണ്ടാക്കി.[10] പിന്നീടു് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കമ്മ്യൂണിറ്റി രതമായ സിറിയൻ ക്രിസ്ത്യൻ കോൺഗ്രസ് സമുദായത്തിന്റെ വളർച്ചയെ ത്വരിതപ്പെടുത്തിയ ഒന്നായിരുന്നു. സ്റ്റേററ് കോൺഗ്രസിലെ മിതവാദിയായിരുന്ന ജേക്കബ് കുര്യൻ. ഇദ്ദേഹം നടത്തിയിട്ടുള്ള ഉജ്ജ്വലങ്ങളായ പ്രഭാഷണങ്ങൾ ഒരു കാലഘട്ടത്തിന്റെ സ്മരണയെ സജീവമാക്കുന്നു.

സ്റ്റേററ് കോൺഗ്രസിൽ അന്നു് ഉയന്നു വന്ന മറെറാരു ജ്വാലയാണു സി. എം. സ്റ്റീഫൻ. പിന്നീടു കോൺഗ്രസിന്റെ വക്താവും നാവുമായി മാറിയ സ്റ്റീഫൻ മലങ്കര സഭയുടെ ധീര നായകനായിരുന്നു. രാഷ്ട്രീയംപോലെ തന്നെ ഓർത്തഡോക്സ് സഭയും സ്റ്റീഫന്റെ വികാരമായിരുന്നു. രണ്ടിനേയും അദ്ദേഹം സ്നേഹിച്ചു. മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ആദ്യകാല വേദികളും സ്റ്റീഫൻ പ്രസംഗിച്ചു പഠിക്കാൻ ഉപയോഗപ്പെടുത്തി.[11] സ്റ്റീഫൻ പിൽക്കാലത്തു കോൺഗ്രസിന്റെ അഖിലേന്ത്യാ ജനറൽ സെക്രട്ടറിയായി, ഒരു ഉജ്ജ്വല വാഗ്മിയും സംഘാടകനുമായിരുന്ന സ്റ്റീഫൻ ഇന്ദിരാഗാന്ധി മന്ത്രിസഭയിൽ അംഗമായിരുന്നു. ലോക്സഭയിൽ പ്രതിപക്ഷ നേതാവിന്റെ സ്ഥാനവും അദ്ദേഹം അലങ്കരിച്ചു. ഇന്ദിരാഗാന്ധിക്കു പകരമാണു സ്റ്റീഫനെ ആ സ്ഥാനത്തേക്കു കോൺഗ്രസ് ഉയർത്തിയതെന്നു മനസ്സിലാക്കണം. ജനതാ മന്ത്രിസഭാ കാലത്തു് ഇന്ദിരാഗാന്ധിയെ അറസ്റ്റു ചെയ്തപ്പോൾ സ്റ്റീഫൻ ലോക്സഭയിൽ നടത്തിയ പ്രസംഗം അവിസ്മരണീയമാണ്.

പിൽക്കാല രാഷ്ട്രീയ സംഭവങ്ങളിൽ ശ്രദ്ധേയമായിരുന്ന വിമോചന സമരം. ഈ സമരത്തിന്റെ മൂല്യത്തെ ഇവിടെ വിലയിരുത്തുന്നില്ല. എന്നാൽ മലങ്കര ഓർത്തഡോക്സ് സഭ ഉൾപ്പെടെ കേരളത്തിലെ ക്രൈസ്തവ സമുദായം മുഴുവൻ ഈ സമരത്തിൽ സജീവമായ പങ്കു വഹിച്ചു. മലബാറിൽ കോഴിക്കോട്ടു മണമേൽ എം. സി. പോത്തൻ (സീനിയർ) മുതൽ തെക്കു്, പത്തനാപുരത്തു ടി. കെ. അലക്സാണ്ടർ വരെയുള്ള സമുദായ അംഗങ്ങൾ വ്യത്യസ്ത കാഴ്ചപ്പാടുകളോടെ ഇതിൽ നിലകൊള്ളുകയും പ്രവർത്തിക്കുകയും ചെയ്തു. എം. സി. പോത്തൻ വിമോചന സമരത്തെ അനുകൂലിച്ചെങ്കിൽ ടി. കെ. അലക്സാണ്ടർ കമ്മ്യൂണിസ്റ്റ് സഖ്യത്തിലായിരുന്നു. ഇരുവരും സമുദാത്തിലെ പ്രമാണിമാരായിരുന്നു. ടി. കെ. അലക്സാണ്ടർ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നേതൃത്വ സ്ഥാനത്തു വന്നില്ലെങ്കിലും ഓർത്തഡോക്സ് സമുദായത്തിലെ കെ. സി. ജോർജും കെ. ടി. ജേക്കബും മററും അതിന്റെ നേതൃസ്ഥാനത്തു എത്തി. കെ.സി. ജോർജ്ജ് ഒട്ടേറെ ജനകീയ സമരങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. കോൺഗ്രസിലൂടെയാണു ജോർജ് രംഗത്തു വന്നതു്. എ. ഐ. സി. സി. അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. പിന്നീടു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ സ്ഥാപക നേതാവായി. പുന്നപ്ര–വയലാർ സമരത്തിൽ അദ്ദേഹം പങ്കെടുത്തു. ചെങ്ങന്നൂർ പുത്തൻകാവ് കിഴക്കേത്തലയ്ക്കൽ കുടുംബാംഗമായ ജോർജ്ജ് ഇ. എം. എസ്. മന്ത്രിസഭയിൽ അംഗമായിരുന്നു. രാജ്യസഭയിലും തിരു-കൊച്ചി നിയമ സഭയിലും അംഗമായിരുന്നു.[12]

കമ്മ്യൂണിസ്റ്റു പാർട്ടി നേതാവായിരുന്ന കെ. ടി. ജേക്കബും ഈ സമുദായക്കാരനാണ്. കുത്താട്ടുകുളത്തു മുട്ടപ്പള്ളിൽ കെ. ടി. ജേക്കബ് സ്റ്റേററ് കോൺഗ്രസിലൂടെയാണ് രംഗത്തു വന്നതു്. പിന്നീടു കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേരുകയും അതിന്റെ ജനറൽ സെക്രറിയായിത്തീരുകയും ചെയ്തു. അച്യുതമേനോൻ മന്ത്രിസഭയിൽ അംഗമായിരുന്നു. കേരളത്തിൽ ഭൂപരിഷ്കരണത്തിനു നേതൃത്വം നൽകിയ റവന്യൂ മന്ത്രിയെന്ന കീർത്തിയും അദ്ദേഹത്തിനുണ്ട്.

കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ വേറെയും നേതാക്കളുണ്ട്. പുതുപ്പള്ളി മുൻ എം. എൽ. എ. വെള്ളൂർ ഏലമല കൊല്ലാട്ടു് ഇ. എം. ജോർജ്, ഏ. പി. കുര്യൻ, പി. പി. എസ്തോസ് എന്നിങ്ങനെ ആ പട്ടിക നീളുന്നു.[13]

കെ. പി. സി. സി. പ്രസിഡൻറായി പ്രവർത്തിച്ചിട്ടുള്ള കെ. സി. ഏബ്രഹാം സമുദായത്തിന്റെ മറെറാരു അഭിമാനമാണ്. ചെറായി അകമ്പിള്ളിയിൽ പാതിയിൽ ഏബ്രഹാം മാസ്റ്റർ ആന്ധ്രാഗവർണറായിട്ടാണു രാഷ്ട്രീയ ജീവിതത്തിൽ നിന്നും വിരമിച്ചതു്. സംസ്ഥാന നിയമസഭാംഗമായിരുന്ന കോട്ടയം പടിഞ്ഞാറേക്കര പി. സി. ചെറിയാൻ, പി. എസ്. പി. നേതാവും നിയമസഭാംഗവു

മായിരുന്ന തിരുവനന്തപുരത്തു ഇലഞ്ഞിക്കൽ ഇ. പി. ഈപ്പൻ, സുഡാനിലെ ഇന്ത്യൻ അംബാസഡറായിരുന്ന തിരുവല്ലാ ചാലക്കുഴിയിൽ സി.പി. മാത്തൻ, തൊഴിലാളി നേതാവും നിയമസഭാംഗവുമായിരുന്ന കല്ലൂപ്പാറ മാരേട്ടു എം. എം. മത്തായി, എം. എൽ. എ. ആയിരുന്ന കുറുപ്പംപടിയിൽ ഡോ കെ.എം. ജോർജ്, എം. പി. ആയിരുന്ന സ്കറിയാ തോമസ്, നിയമസഭാ സ്പീക്കറും മന്ത്രിസഭാംഗവുമായിരുന്ന കല്ലൂപ്പാറ ടി. എസ്. ജോൺ, കോൺഗ്രസ് പ്രവർത്തകനും മന്ത്രിയുമായിരുന്ന ഇ. പി. പൗലോസ്, പാർലമെന്റ് അംഗമായിരുന്ന സ്കറിയ, തോമസ്, റബർബോർഡ് ചെയർമാനും കെ. പി. സി. സി. അംഗവും നിയമസഭാംഗവും ആയിരുന്ന കോന്നി വകയാർ പുത്തൻബംഗ്ലാവിൽ പി. ജെ. തോമസ്, തോട്ടം തൊഴിലാളി യൂണിയൻ നേതാവും നിയമസഭാംഗവുമായിരുന്ന റാന്നി വയലാ ഇടിക്കുള, തിരുവിതാംകൂറിൽ എം .എൽ. സി. ആയിരുന്ന കല്ലിശ്ശേരിൽ താമരപ്പള്ളിൽ കൊച്ചുതൊമ്മൻ മുതലാളി, കൊച്ചിയിൽ എം. എൽ. സി. ആയിരുന്ന കുന്നംകുളം സി. വി. ഇക്യു മുൻ എം. എൽ. എ. പി. സി. തോമസ് തിരുവല്ല, റാന്നി, കോളജ് പ്രിൻസിപ്പലും എം. എൽ. എ.യും ആയിരുന്ന കെ. ഏ. മാത്യു എന്നിങ്ങനെ നിരവധി നേതാക്കളെ സഭയ്ക്കും രാഷ്ട്രത്തിനും തനതായ സംഭാവനകൾ അർപ്പിച്ചിട്ടുണ്ട്.[14] (ഓർത്തഡോക്സ് സമുദായത്തിൽ പ്രവത്തിച്ചിരുന്ന മുൻ കേന്ദ്രമന്ത്രിയും ഖാദിബോർഡ് ചെയർമാനുമായിരുന്ന ഏ. എം. തോമസ്, കെ. പി. സി. സി. വൈസ് പ്രസിഡൻറും മന്ത്രിയുമായിരുന്ന പോൾ പി. മാണി, സാമൂഹിക പ്രവർത്തകയും എം. എൽ. ഏ. യുമായിരുന്ന മണ്ണത്തൂർ കൊച്ചുപറമ്പിൽ പെണ്ണമ്മ ജേക്കബ്, മുൻമന്ത്രി ടി. എം. ജേക്കബ്, മുൻ മന്ത്രി പി.സി. ചാക്കോ, പി. പി. തങ്കച്ചൻ എം. എൽ. ഏ., ഡോ. എ. വി. ഐസക് എം. എൽ. ഏ. എന്നിവർ കക്ഷിവഴക്കിനെ തുടർന്നു ഓർത്തഡോക്സ് വിഭാഗത്തെ പ്രതിനിധീകരിക്കുന്നില്ല).

കെ. സി. മാമ്മൻ മാപ്പിളയെപോലെ ആധുനിക മലങ്കരസഭ എന്നും നന്ദിപൂർവം സ്മരിക്കുന്ന ഒരു നേതാവാണ് ഇ. ജോൺ ജേക്കബ്.

കേരള രാഷ്ട്രീയത്തിൽ പ്രതീക്ഷകൾ ഉണർത്തുന്ന കോൺഗ്രസ് നേതാവാണ് പുതുപ്പള്ളി കരോട്ട് വള്ളക്കാലിൽ ഉമ്മൻ ചാണ്ടി.

കെ. സി. മാമ്മൻ മാപ്പിളയെപോലെ ആധുനിക മലങ്കരസഭ എന്നും നന്ദി പൂർവ്വം സ്മരിക്കുന്ന ഒരു നേതാവാണു ഇ. ജോൺ ജേക്കബ്. കുട്ടനാടു കർഷക സംഘത്തിന്റെ സ്ഥാപക നേതാവായും പ്രവർത്തിച്ചിട്ടുള്ള നിരണം ഇലഞ്ഞിക്കൽ ഇ. ജോൺ ജേക്കബ് സംസ്ഥാന മന്ത്രിസഭയിൽ അംഗമായിരുന്നു. രാഷ്ട്രീയ രംഗത്തു പ്രവർത്തിക്കുമ്പോഴും സഭയുടെ കാര്യങ്ങളിൽ അതീവ ശ്രദ്ധ ചെലുത്തിയിരുന്ന ജോൺ ജേക്കബ്. കേരള രാഷ്ട്രീയത്തിൽ പ്രതീക്ഷകൾ ഉണർത്തുന്ന കോൺഗ്രസ് നേതാവാണു പുതുപ്പള്ളി കരോട്ടു വള്ളക്കാലിൽ ഉമ്മൻ ചാണ്ടി. കെ.എസ്. യു. വിന്റെ പ്രസിഡൻറായി കേരള രാഷ്ട്രീയത്തിൽ ശ്രദ്ധേയനായ ഉമ്മൻ ചാണ്ടി ഇപ്പോൾ കെ.പി. സി. സി. അംഗമാണ്. 1971 മുതൽ പുതുപ്പള്ളിയിൽ നിന്നു സംസ്ഥാന നിയമസഭയിലേക്കു തെരഞ്ഞെടുക്കപ്പെടുന്നു. മന്ത്രിസഭാംഗമായും പ്രവർത്തിച്ചിട്ടുണ്ട്. ആദർശ കേരളത്തിന്റെ പ്രതീകമാണ് അദ്ദേഹം.

പുതിയ നേതൃനിരയിൽ ശ്രദ്ധേയമാണു ലോക്സഭാംഗമായ തോമസ് കുതിരവട്ടം. കേരള കോൺഗ്രസിന്റെ സ്ഥാപക നേതാക്കന്മാരിൽ ഒരാളും അതിന്റെ സജീവ പ്രവർത്തകനുമാണ്. കേരള കോൺഗ്രസ് നേതാക്കളായ ജോൺ ജേക്കബ് വള്ളക്കാലി, ഡി. കെ. ജോൺ, വർഗീസ് പേരയിൽ, ജോസഫ് എം. പുതുശ്ശേരി, അലക്സ് കുര്യൻ എന്നിവർ സഭയുടെ പ്രവർത്തനങ്ങളിൽ എന്നും പങ്കാളികളാണ്. യൂത്തു കോൺഗ്രസ് നേതാക്കളായ മാമ്മൻ ഐപ്പ് എം. എൽ. ഏ.,

പി.ടി. ജോൺ (വയനാട്), ബാബു ജോർജ്ജ് പത്തനാപുരം എന്നിവരുടെ നാമങ്ങളും ശ്രദ്ധിക്കപ്പെടുന്നു.

ഭരണ രംഗത്തു വ്യക്തിമുദ്ര പതിപ്പിച്ചവരുടെ നാമങ്ങളും അഭിമാനപൂർവം സ്മരിക്കണം. ഇന്ത്യൻ സിവിൽ സർവീസിൽ പ്രശസ്ത സേവനം അനുഷ്ഠിച്ചിട്ടുള്ള എം. പി. ജോസഫ്, സി. കെ. കൊച്ചുകോശി, എം. എം. ഫീലിപ്പ്, പി. സി. മാത്യു, കെ. ജെ. ജോൺ, എം. ജോസഫ്, സഖറിയാ മാത്യു തിരുവല്ല, മുൻ എക്സൈസ് കമ്മീഷണർ എം.എ. ചാക്കോ കൊച്ചി, അക്കൗണ്ടന്റ് ജനറൽ ആയിരുന്ന ടി. എൻ. കുറിയാക്കോസ്, വിയറ്റ്നാമിലെ അന്താരാഷ്ട്രീയ നിയന്ത്രണ സമിതിയുടെ അധ്യക്ഷനും ബംഗേറിയൻ അംബാസഡറുമായിരുന്ന കെ.പി. ലൂക്കോസ്, ഹൈക്കമ്മീഷണറായിരുന്ന എൻ. പി. അലക്സാണ്ടർ തുടങ്ങിയ ഒട്ടേറെ നാമങ്ങൾ ശ്രദ്ധേയമായിട്ടുണ്ട്. (ഡി. ബാബു പോളിന്റെ നാമം സഭാരംഗത്ത് അലിഞ്ഞു ചേർന്ന ഒന്നാണ്. ഇദ്ദേഹം കക്ഷി വഴക്കിനെ തുടർന്നു പാത്രിയർക്കീസ് ഭാഗത്തായി).[15]

ഔദ്യോഗിക ജീവിതത്തിൽ ഉയർന്ന സോപാനങ്ങളിൽ വിരാജിക്കുമ്പോഴും മാതൃസഭയുടെ ചൈതന്യം ഒരു പ്രകാശം പോലെ മനസ്സിൽകൊണ്ടു നടന്നിട്ടുള്ള ഭരണനായകനാണ് ഡോ. പി. സി. അലക്സാണ്ടർ.

സിവിൽ സർവീസ് രംഗത്തു തിളങ്ങുന്ന യുവനിരയെപ്പറ്റി പരാമർശിക്കാതിരിക്കാൻ പറ്റില്ല. കലക്ടർമാരായി തിളങ്ങിയവരാണു ജിജി തോംസൺ, തോമസ് മാത്യു, സാജൻ പീറ്റർ, സി. കെ. കോശി തുടങ്ങിയവർ. ഇന്ത്യൻപ്രധാനമന്ത്രിയുടെ സെക്യൂരിറ്റി ഓഫീസറായി ബത്തേരിയിലെ ഏബ്രഹാം മത്തായി നൂറനാൽ,

ഔദ്യോഗിക ജീവിതത്തിൽ ഉയർന്ന സോപാനങ്ങളിൽ വിരാജിക്കുമ്പോഴും മാതൃസഭയുടെ ചൈതന്യം ഒരു പ്രകാശം പോലെ മനസ്സിൽ കൊണ്ടു നടന്നിട്ടുള്ള ഭരണനായകനാണു ഡോ. പി. സി. അലക്സാണ്ടർ. പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായും ബ്രിട്ടണിൽ ഇന്ത്യയുടെ സ്ഥാനപതിയായും തമിഴ്നാടു ഗവർണറായും ഡോ. അലക്സാണ്ടർ പ്രവർത്തിച്ചിട്ടുണ്ട്.

നീതിന്യായരംഗത്തു പ്രവർത്തിച്ചവരുടെ പേരുകളുംകൂടി പരാമർശിക്കണം. കേരളത്തിൽ ചീഫ് ജസ്റ്റീസായിരുന്ന കെ. ടി. കോശി, ഹൈക്കോടതി ജസ്റ്റീസായിരുന്ന എം. യു. ഐസക്, സുപ്രീം കോടതി ജസ്റ്റീസ് ടി. കെ. കൊച്ചു തൊമ്മൻ, ഹൈക്കോടതി ജസ്റ്റീസ് ജോൺ മാത്യു, കൊച്ചി ഹൈക്കോടതിയിൽ ജഡ്ജിയായിരുന്ന കടവിൽ കെ. എ. പൗലോസ്, ജില്ലാ സെഷൻസ് ജഡ്ജിമാരായിരുന്ന പട്ടാഴി ശങ്കരം പള്ളി തെക്കേതിൽ കെ. കോരുത്, പി.എ. ഉമ്മൻ, സി. കൊച്ചു കോശി എറണാകുളം എന്നിവരുടെ നാമങ്ങൾ ഏവർക്കും സുപരിചിതമാണ്. ഇവരിൽ കെ. കോരുത് ദീർഘകാലം സഭാ മാനേജിംഗ് കമ്മിറ്റി അംഗമായിരുന്നു. കൂടാതെ വൈ. എം. സി. എ. കേരളമേഖല വൈസ് പ്രസിഡന്റായും കെ. കോരുത് പ്രവർത്തിച്ചു.

സാമൂഹിക രംഗത്തു പ്രവർത്തിക്കുന്നവരുടെ നീണ്ടനിരതന്നെയുണ്ട്. ഈ രംഗത്തു മികച്ച സേവനം കാഴ്ചവച്ച കെ. എം. ചെറിയാൻ (മലയാള മനോരമയുടെ മുൻ പത്രാധിപർ) കണ്ടത്തിൽ കെ. എം. മാത്തുള്ള എന്നിവർക്കു പത്മശ്രീ ലഭിച്ചിട്ടുണ്ട്. വൈ. എം. സി. എ. ലോക പ്രസിഡന്റായിരുന്ന കെ. എം. ഫീലിപ്പ്, ലോക ബാങ്കിൽ എക്സിക്യൂട്ടീവ് ഡയറക്ടറായ ഡോ. സാമുവൽ പോൾ നിരണം, റോട്ടറി ഇന്റർനാഷണൽ ഡയറക്ടർ ഡോ. എം. ജി. ജോൺ സിംഗപ്പൂർ, എയർ ഏഷ്യാറ്റിക് ബോയിംഗ് വൈസ് ചെയർമാൻ തോമസ് ജോർജ്ജ് ഫിലാഡൽഫിയ, പി. ജെ. കോശി

With Best Compliments from:

BENAZIR EXPORTS PRIVATE LIMITED

(Govt. Recognised Export House)

1st floor, Jeevan Deep Building,
10, Parliament Street,

NEW DELHI-1

Phones: 343349, 310564, 343445
Cable: RIZANEB
Telex: 031-61507 BENX IN

Best Compliments from:

M/s Primco Electric & Machinary Company

46, Shardhanand Marg (G. B. Road)
Delhi-110 006

Telephone 772505

Authorized Delers For:

Shriram Honda Power Equipment Ltd, Delhi
Manufacturers of Portable Generators
Wide Range of Models to Suit Your
Power Requirements

Only From Shriram Honda All Models
4-Stroke

ബോംബെ, ഡോ. കെ. പി. ജോർജ്, ഡോ. ചാക്കോ ജോർജ്, ഡോ. മേരി ലൂക്കോസ്, ഡോ. ചീരൻ വർഗീസ്, പ്രശസ്ത മാനേജ്മെൻറ് കൺസൽററൻറ് പോൾ പോത്തൻ കളമശ്ശേരി, നവഭാരത വേദി സ്ഥാപക നേതാവ് കണ്ടത്തിൽ കെ. ഇ. മാമ്മൻ, പഞ്ചായത്തു ഡയറക്ടറായിരുന്ന ഏ. കെ തോമസ് എന്നിവർ ഒരോ രംഗത്തും ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്.

പഴയ തലമുറയിലെ രണ്ടു പത്രപ്രവത്തകരെ വിസ്മരിക്കുന്നതു് ഒട്ടും ന്യായമല്ല. കോട്ടയം പുകടിയിലായ കൊണ്ടാട്ടു പറമ്പിൽ ജേക്കബ് പോത്തനും, പോത്തൻ ജോസഫും പത്രപ്രവർത്തന രംഗത്തു വിലയേറിയ സംഭാവനകൾ കാഴ്ച വച്ചിട്ടുണ്ടു്. തിരുവിതാംകൂറിൽ ആദ്യത്തെ ഇംഗ്ലീഷ് പത്രം ഇറക്കിയതു ജേക്കബ് പോത്തനായിരുന്നു. ട്രിവാൻഡ്രം ഡെയിലി ന്യൂസ്, പ്രതിദിനം, ഡെയിലി ന്യൂസ് എന്നിവയുടെ പത്രാധിപരായിരുന്നു ജേക്കബ് പോത്തൻ. 'ഡെക്കൻഹെറാൾ'ഡിലൂടെ പ്രസിദ്ധനായ പോത്തൻ ജോസഫ് ആധുനിക പത്രപ്രവർത്തനത്തിൽ പുതിയൊരു അദ്ധ്യായം കുറിച്ചു.

ആധുനിക പത്രരംഗത്തു് ഒരു പ്രകാശഗോപുരം പോലെ നിലകൊള്ളുന്ന കെ. എം. മാത്യു. ഇന്ത്യയിലെ ഏററവും കൂടുതൽ പ്രചാരമുള്ള പത്രമെന്ന സ്ഥാനത്തേക്കു 'മലയാള മനോരമ'യെ ഉയത്തിയ കെ. എം. മാത്യു കേരളത്തിൻെറ സാമൂഹിക, സാംസ്കാരിക രംഗങ്ങളിൽ നമ്മുടെ ഒരു കൈത്തിരിയായി നിലകൊള്ളുന്നു.

വനിതകളുടെ നിരയിൽനിന്നു ഇന്ത്യയിൽ ആദ്യമായി ഐ ഏ. എസ്. നേടിയ അന്നമൽഹോത്ര ഈ സമുദായത്തിൽപ്പെടുന്നു. ഹൈക്കോടതിയിൽ അഭിഭാഷകയും ട്രാവൻകൂർ ലോ റിപ്പോർട്ടറിൻെറ എഡിററുമായിരുന്ന സാറാ പോത്തൻ, എസ്. സി. എമ്മിൻെറ അഖിലേന്ത്യാ ജനറൽ സെക്രട്ടറിയായിരുന്ന എലിസബത്ത് പോത്തൻ (മാൽക്കം ആദിശേഷയ്യയുടെ പത്നി), ലോകസഭാ കൗൺസിൽ പ്രസിഡൻറായിരുന്ന സാറാ ചാക്കോ, സാമൂഹിക രംഗത്തു പ്രവത്തിച്ച മിസ്സസ് ജോൺ മത്തായി, സാമൂഹ്യക്ഷേമ ബോർഡ് ചെയർമാനായിരുന്ന സാറാമ്മ ജേക്കബ് ഇലഞ്ഞിക്കൽ തുടങ്ങിയവർ ചെയ്തിട്ടുള്ള സേവനങ്ങൾ വിലപ്പെട്ടതാണ്.

സാമൂഹിക നവോത്ഥാന രംഗത്തു മലങ്കര സഭയ്ക്കു് അതിൻേറതായ പാരമ്പര്യമുണ്ടു്. ഉജ്വലമായ സാമൂഹിക വീക്ഷണമായിയന്നു പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടേതു്.[16] സ്വാതന്ത്ര്യത്തിൻെറ വക്താവായിരുന്ന അദ്ദേഹം. ആ മനുഷ്യദർശനം ഇന്നു ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായിൽ വന്നു നിൽക്കുന്നു. സാമൂഹിക രംഗത്തു പ്രവർത്തിപ്പാൻ ഇവരെപ്പോലെയുള്ള അജപാലകർ അത്മായർക്കു പ്രചോദനം നൽകുന്നു. വിശ്വമാനസൻ എന്ന നിലയിലേക്കു് ഉയരാൻ മലങ്കര സഭയിലെ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിനു കഴിഞ്ഞു. ലോകസഭാ കൗൺസിലിൻെറ പ്രസിഡൻറ് എന്ന നിലയിൽ മാത്രമല്ല അദ്ദേഹം ലോകത്തു് ആദരിക്കപ്പെടുന്നതു്. പുതിയ ചിന്തകളിൽക്കൂടി അദ്ദേഹം സമൂഹത്തെ നവീകരിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെയുള്ള പ്രകാശ ധാരകളാണു സഭാമക്കൾക്കു പ്രചോദനം. അവർ ഏതു രംഗത്തായാലും തനതായ സംഭാവനകൾ സഭക്കും സമൂഹത്തിനും രാഷ്ട്രത്തിനും അർപ്പിക്കുന്നു.

രാഷ്ട്രീയ, സാമൂഹിക, സാമുദായിക മണ്ഡലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച ഒട്ടനേകം നാമങ്ങൾ ഇവിടെ വിട്ടുപോയിട്ടുണ്ടു്. സഭയ്ക്കും സമൂഹത്തിനും ഇവിടെ പരാമർശിക്കപ്പെട്ടവരും പരാമർശിക്കപ്പെടാതെ പോയവരും ചെയ്തിട്ടുള്ള സേവനങ്ങൾ നന്ദിപൂർവ്വം സ്മരിക്കണം. ഇത്തരക്കാരെ അംഗീകരിക്കുന്നതിനും ആദരിക്കുന്നതിനും മലങ്കരസഭ സന്നദ്ധത കാട്ടുകയും വേണം,

അടിക്കുറിപ്പുകൾ (ബാക്കി)

8. പ്രൊഫ. ജോസഫ് കെ. അലക്സാണ്ടർ 'ഇരുപതാം നൂററാണ്ടിലെ മലങ്കര സഭ' എന്ന സമാഹാരത്തിൽ എഴുതിയ പ്രബന്ധത്തിലും ഇക്കാര്യങ്ങൾ പരാമർശിക്കുന്നു.

9. വൈക്കം മുഹമ്മദ ബഷീർ തന്ന വിവരം.

10. സിറിയൻ ക്രിസ്ത്യൻ കോൺഗ്രസിൻെറ ഇപ്പോഴത്തെ (1990) പ്രസിഡൻറ് റിട്ട. സെഷൻസ് ജഡ്ജി കെ. കോരുതിൽനിന്നു ലഭിച്ചതു്.

11. ഇക്കാര്യം സി. എം. സ്ററീഫൻ ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനത്തിൻെറ കോട്ടയം പഴയ സെമിനാരിയിൽ നടന്ന 75—ാം വാർഷിക സമ്മേളനത്തിൽ പ്രസംഗിച്ചപ്പോൾ അനുസ്മരിച്ചിട്ടുണ്ട്.

12. നിയമസഭാ ഡയറക്ടറിയിൽനിന്നു ലഭിച്ചതു്.

13. പത്രപ്രവർത്തകനായ ജേക്കബ് കെ. ഈപ്പൻ തന്ന വിവരം.

14. ഫാ. ടി. ജി. സഖറിയ (കാതോലിക്കേററ് അരമന, ദേവലോകം) തന്ന വിവരം.

15. പ്രൊഫ. പി. സി. ഏലിയാസ് സമാഹരിച്ച പ്രസിദ്ധപ്പെടുത്തിയ 'പ്രഭ' എന്ന പുസ്തകത്തിൽ ഇതിൽ കുറെ പേരുകൾ കൊടുത്തിട്ടുണ്ട്.

16. ഡോ. സാമുവേൽ ചന്ദനപ്പള്ളി 'മലങ്കര സഭാ പിതാക്കന്മാർ' എന്ന പഠന ഗവേഷണ ഗ്രന്ഥത്തിനു പത്രോസ് മാർ ഒസ്താത്തിയോസിനെപ്പററിയുള്ള ഉപോദ്ഘാതത്തിൽ ഇക്കാര്യം വിശദമായി പ്രതിപാദിക്കുന്നു.

Best Compliments from:

THOMAS P. T., JANAKAPURI
C. THOMAS ,,
V. V. YOHANNAN ,
M. ABRAHAM ,,
K. K. DANIEL ,,
MATHEWS OOMMAN ,,
JOY KUTTY ,,
L. BABU ,,

മലങ്കര സഭാചരിത്ര ഫലകങ്ങൾ

ഉദയംപേരൂർ സുന്നഹദോസിനുശേഷം മലങ്കര സഭാചരിത്രത്തിലെ സുപ്രധാന സംഭവങ്ങളുടെ (മേല്പട്ട വാഴ്ചകൾ, മേൽപട്ട നിര്യാണങ്ങൾ, വി. മൂറോൻ കൂദാശകൾ, പ്രതിനിധി സമ്മേളനങ്ങൾ) ഒരു ചരിത്രഫലക സംഗ്രഹം ചേത്തിരിക്കുന്നു. ഇതു ക്രോഡീകരിക്കുവാൻ യത്നിച്ച ശ്രീ. വറുഗീസ് ജോൺ തോട്ടപ്പുഴയെ അനുമോദിക്കുന്നു. തീയതികൾക്കു പിന്നിൽ വളരെയധികം ഗവേഷണം ഉണ്ടെങ്കിലും, തീയതികളെ സംബന്ധിച്ചുള്ള ഉത്തരവാദിത്തം ലേഖകനുതന്നെയാണ്. മേല്പട്ടക്കാരുടെ കബറിങ്കലെ ഫലകങ്ങളിലും (ജീവ) ചരിത്രഗ്രന്ഥങ്ങളിലും മററും കൊടുത്തിരിക്കുന്ന തീയതികളുമായി ഈ ലേഖനത്തിൽ കൊടുക്കുന്ന തീയതികൾ വ്യത്യസ്ത തീയതികളുമായി ഈ ലേഖനത്തിൽ കൊടുക്കുന്ന തീയതികൾ വ്യത്യസ്തമായിരിക്കാം. അതിനു മതിയായ കാരണങ്ങൾ ലേഖകനു ചൂണ്ടിക്കാണിക്കാനുണ്ട്.

—എഡിററർ

കഴിഞ്ഞ നാലു ശതാബ്ദ കാലത്തു് മലങ്കര സഭയിൽ നടന്നിട്ടുള്ള മേല്പട്ട വാഴ്ചകൾ, മേല്പട്ട നിര്യാണങ്ങൾ, വി. മൂറോൻ കൂദാശകൾ, പ്രതിനിധി സമ്മേളനങ്ങൾ (അസോസിയേഷൻ യോഗങ്ങൾ) തുടങ്ങിയ സംഭവങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ നൽകുന്ന പട്ടികകളാണ് ഇതോടൊപ്പം ചേർക്കുന്നതു്.

സുറിയാനി കണക്കി (Julian Calender)ലാണു പഴയ കാലത്തു തീയതികൾ മിക്കവാറും രേഖപ്പെടുത്തിയിട്ടുള്ളതു്. വർഷം ക്രിസ്തബ്ദം (A.D.) ആയും കൊല്ലവർഷം (M.E.) ആയും ചേർക്കാറുണ്ട്. അതുകൊണ്ടു സുറിയാനി കണക്കും മലയാള കണക്കും തമ്മിൽ തിരിച്ചറിയാൻ പ്രയാസമാണ്. ഇവ അപൂർവമായി ഒരുമിച്ചു വരുമെങ്കിലും മിക്കവാറും വ്യത്യാസപ്പെട്ടാണിരിക്കുന്നതു്. 1953—ൽ നമ്മുടെ സഭ ഗ്രീഗോറിയൻ കലണ്ടർ സ്വീകരിക്കുന്നതു വരെ പാശ്ചാത്യരിൽ നിന്നു വ്യത്യസ്തമായ തീയതികളിലാണു വിശേഷ ദിവസങ്ങൾ ആചരിച്ചിരുന്നതു്.

ഇടവഴീയ്ക്കൽ കുടുംബത്തിലെ (ബ. ഫീലിപ്പോസ് കശീശ്ശാ, ബ. ഫീലിപ്പോസ് കോറെപ്പിസ്കോപ്പാ, ഗീവർഗീസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ, E.M. ഫിലിപ്പ്, E.P. മാത്യു, എന്നിവരുടെ) യും ***പ. ഗീവർഗീസ് I ബാവാ*** (വാകത്താനം)***ബഹു. കോനാട്ട് മാത്തൻ കോറെപ്പിസ്കോപ്പാ, ബഹു. ജേക്കബ് മണലിലച്ചൻ*** (മുൻ വൈദിക ട്രസ്റ്റിമാർ) ***തുടങ്ങിയവരുടെയും ഡയറിക്കുറിപ്പുകളും നിരണം ഗ്രന്ഥവരിയും ഇട്ടൂപ്പ് റൈട്ടർ,*** E.M. ***ഫിലിപ്പ്*** Z.M.പാറേട്ട് തുടങ്ങിയവരുടെ ***സഭാചരിത്രഗ്രന്ഥങ്ങളും*** മററും പരിശോധിച്ചാണു തീയതികൾ ശേഖരിച്ചതു്. Very Rev. Dr. കുര്യൻ കോറെപ്പിസ്കോപ്പാ (കണിയാമ്പറമ്പിൽ) Rev. Fr.

ജേക്കബ് മണലിൽ (മുൻ വൈദിക (ട്രസ്ററി) Rev. Fr.**ജോൺസ് ഏ്രബഹാം കോനാട്ട്**(ഓർത്തഡോക്സ് സെമിനാരി, കോട്ടയം) Rev. Fr. തോമസ് കൊററാത്തുവിള, Rev Fr. K.C. പുന്നൂസ് ചൂരപ്പാടിൽ Advt. P.C. ***മാത്യു കുന്നംകുളം***; E. A ***ഫിലിപ്പ് ഇടവഴിക്കൽ***, K. സക്കറിയാ ജോസഫ് (ആലപ്പുഴ) തുടങ്ങി പലരും ഈ കാര്യത്തിനു സഹായിച്ചിട്ടുണ്ട്.

പഴയ രീതിയിലുള്ള (സുറിയാനി–മലയാളം രീതികരം) തീയതികരം ഇംഗ്ലീഷ് രീതി (Gregorian Calender)യിലേക്കു മാററിയാണ് ഇവിടെ കൊടുത്തിരിക്കുന്നതു്. സുറിയാനി കണക്കിലെ (പഞ്ചാംഗത്തിലെ) തീയതി ഇംഗ്ലീഷ് തീയതിയാകുന്നതിന് 1583–1700 കാലത്തു പത്തും 1700–1800 കാലത്തു പതിനൊന്നും 1800–1900 കാലത്തു പന്ത്രണ്ടും 1900–2100 കാലത്തു പതിമൂന്നും കൂട്ടണം. തീയതികരം കൃത്യമായി കണ്ടുപിടിക്കുന്നതിനു ശാശ്വത പഞ്ചാംഗം (Perpetual Calender),ഈസ്ററർ പട്ടിക Easter Table M.E. 1043 (16.8-1867) മുതലുള്ള മലയാളം–ഇംഗ്ലീഷ് പഞ്ചാംഗം തുടങ്ങിയവ ഉപയോഗിച്ചിട്ടുണ്ട്.

പഴയ രീതിയിൽ രേഖപ്പെടുത്തിയിട്ടുള്ള തീയതികളോടൊപ്പം ദിവസമോ (Day of the week) വിശേഷദിവസമോ സൂചിപ്പിച്ചിട്ടുണ്ടെങ്കിൽ വളരെ കൃത്യമായി ഇംഗ്ലീഷ് തീയതി കണ്ടു പിടിക്കാൻ കഴിയും. 1830–നു ശേഷമുള്ള തീയതികരം ഇപ്രകാരമുള്ള സൂചനകളുടെ അടിസ്ഥാനത്തിൽ വളരെ കൃത്യമായി കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടുള്ളവയാണ്. എന്നാൽ അതിനു മുമ്പുള്ള കാലത്തെ, 1599 ജൂൺ 20–26, 1653 ജനുവരി 3, 1653 ജൂൺ 1, 1671 ഏപ്രിൽ 24, 1685 സെപ്തംബർ 29, 1794 ഏപ്രിൽ 18, 1808 ഏപ്രിൽ 8, 1809 ജൂലൈ 4 എന്നീ തീയതികളും വളരെ കൃത്യമാണെന്നു നിശ്ചയമുള്ളവയാണ്. 1599–1830 കാലത്തെ മററു തീയതികരം ശരിയായിരിക്കാൻ ഏററവും സാധ്യതയുള്ളവയാണ്.

പല ഗ്രന്ഥങ്ങളിലും രേഖകളിലും വ്യത്യസ്തമായി കാണുന്ന തീയതികളും സംശയമുള്ള തീയതികളുമാണു സാധാരണ ബ്രാക്കററിൽ കൊടുത്തിരിക്കുന്നതു്.

അടുത്ത പേജ് മുതൽ കാണുക

മലങ്കര സഭയെ 1653 മുതൽ നയിച്ച മേൽപ്പട്ടക്കാർ

കൂനൻ കുരിശു സത്യത്തിനു (1653 ജനുവരി 3 വെള്ളിയാഴ്ച) ശേഷം മലങ്കരസഭയെ നയിച്ച മേല്പട്ടക്കാരുടെ പട്ടികയാണു താഴെ ചേർക്കുന്നതു്. വിദേശത്തുനിന്നു മലങ്കര വന്നു കബറടങ്ങിയ 13 മേല്പട്ടക്കാരുടെയും (* ചിഹ്നം) മലബാർ സ്വതന്ത്ര സുറിയാനി (തൊഴിയൂർ/അഞ്ഞൂർ) സഭ, മലങ്കര സഭയുമായുള്ള ബന്ധം പൂർണ്ണമായി വിഛേദിക്കുന്ന കാലം (1863) വരെയുള്ള അവരുടെ എട്ടു(?) മേല്പട്ടക്കാരുടെയും 1912–58 കാലത്തു പാത്രിയർക്കീസ് പക്ഷത്തു വാഴിക്കപ്പെട്ട ഏഴ മേല്പട്ടക്കാരുടെയും മലങ്കര സഭയിൽനിന്നു റോമാ സഭയിൽ ചേർന്ന നാലു മേല്പട്ടക്കാരുടെയും മലങ്കരയിലെ അഞ്ചു കാതോലിക്കാമാരുടെയും വിവരങ്ങരം ഇതിൽ ചേർത്തിട്ടുണ്ട്.

മേല്പട്ടക്കാർ (എപ്പിസ്കോപ്പാ, മെത്രാപ്പോലീത്താ, കാതോലിക്കാ)	മേൽപട്ട സ്ഥാനമേററ തീയതി / വിദേശ മേൽപട്ടക്കാർ വന്ന തീയതി	കാലംചെയ്ത തീയതി	കബറടങ്ങിയ സ്ഥലം/പള്ളി	ക്രമ നമ്പർ X
മാർ തോമ്മാ I /തോമസ് അർക്കദ്യാക്കോൻ	1653 ജൂൺ 1	(1670) ഏപ്രിൽ 22	അങ്കമാലി St. Marys (ചെറിയ) പള്ളി	1
* മാർ ഗ്രീഗോറിയോസ് അബ്ദൽ ജലീൽ	1665	1671 ഏപ്രിൽ 24	വടക്കൻ (പട്ടമന) പറവൂർ മാർ തൊമ്മൻപള്ളി	2
മാർ തോമ്മാ II	(1670)	1686 ഏപ്രിൽ 13	നിരണം St. Marys വലിയ പള്ളി	3
* മാർ അന്ത്രയോസ് ആൽവെയൂസ് (?)	1678	1692ഫെബ്രു.(29)	കല്ലട St. Marys പള്ളി	4
* മാർ ബസേലിയോസ് യൽദോ മഫ്രിയാനാ	1685 സെപ്ററംബർ 17	1685 സെപ്ററംബർ 29	കോതമംഗലം മാർതൊമ്മൻ ചെറിയപള്ളി	5
* മാർ ഈവാനിയോസ് ഹിദായത്തുള്ളാ	1685 സെപ്ററംബർ 17	1693 ആഗസ്റ്റ് 13	മുളന്തുരുത്തി മാർ തൊമ്മൻ പള്ളി	6

X അടിക്കുറിപ്പ് കാണുക.

മാർ തോമ്മാ III	1686/7	1688 ഏപ്രിൽ 19	കടമ്പനാട്ട് St. Thomas പള്ളി	7
മാർ തോമ്മാ IV	1688/9	1728 മാർച്ച് 24	കണ്ടനാട്ട് മർത്ത് മറിയംപള്ളി	8
* മാർ ഗബ്രീയേൽ (?)	1708	1731 ഫെബ്രുവരി 19	കോട്ടയം ചെറിയ പള്ളി	9
മാർതോമ്മാ V	1728	1765 മെയ് 8	നിരണം St. Marys വലിയ പള്ളി	10
* മാർ ബസേലിയോസ് ശക്രുള്ളാ മഫ്രിയാനാ	1751 മെയ് 4	1764 ഒക്ടോബർ20	കണ്ടനാട്ട് മർത്തമറിയം പള്ളി	11
* മാർ ഗ്രീഗോറിയോസ് യൂഹാനോൻ	1751 മെയ് 4	1773 ജൂലൈ 8	മുളന്തുരുത്തി മാർ തൊമ്മൻ പള്ളി	12
* മാർ ഈവാനിയോസ്/യോഹന്നാൻ (ക്രീസ്ററഫോറസ്) റമ്പാൻ	1751 മെയ് 4	1794 ഏപ്രിൽ 18	ചെങ്ങന്നൂർ പഴയ സുറിയാനി പള്ളി	13
മാർ തോമ്മാ VI, ജോസഫ് മാർ ദിവന്നാസ്യോസ് I (വലിയ)	1761 ജൂലൈ 10 1770 ജൂലൈ 10	1808 ഏപ്രിൽ 8	(മാർ ദിവന്നാസ്യോസ് I) പുത്തൻകാവ് St. Marys പള്ളി	14
അബ്രഹാം മാർ കൂറിലോസ് I, കാട്ടുമങ്ങാട്ട്	1771/2 നവംബർ 28	1802/3 ജൂലൈ (9)	തൊഴിയൂർ ഭദ്രാസന പള്ളി	15
മാർ ദിവന്നാസ്യോസ്, കാട്ടുമങ്ങാട്ട്	?	?	?	16
ഗീവർഗീസ് മാർ കൂറിലോസ് II, കാട്ടുമങ്ങാട്ട്	1794	1809/10 മെയ് 28	മുളന്തുരുത്തി വെട്ടിക്കൽ St. Thomas ദയറാ	17
മാർ തോമ്മാ VII, മാത്തൻ	1796 മെയ് 5	1809 ജൂലൈ 4	കോലഞ്ചേരി St. Peters& St.Pauls പള്ളി	18
ജോസഫ് (മത്തായി)മാർ ഇവാനിയോസ്, കണിയാംപ്പള്ളി	1802	(1802)	തൊഴിയൂർ ഭദ്രാസന പള്ളി	19
സ്കറിയാ മാർ പീലക്സീനോസ് I ചീരൻ(മാർ ദിവന്നാസ്യോസ്?)	*1807*	*1811*	തൊഴിയൂർ ,,	20
മാർ തോമ്മാ VIII, തോമാ	*1809 ജൂലൈ 2*	*1816(ജനുവരി 22)*	പുത്തൻകാവ് St. Marys പള്ളി	21
ഗീവർഗീസ് (സ്കറിയാ) മാർ പീലക്സീനോസ് II, കിടങ്ങൻ	*(1811)*	*1829 ഫെബ്രുവരി 6*	തൊഴിയൂർ ഭദ്രാസനപള്ളി	22

ജോസഫ് മാർ ദിവന്നാസ്യോസ് II പുലിക്കോട്ടിൽ I	1815 മാർച്ച് 21	1816 നവംബർ 24	കോട്ടയം പഴയ സെമിനാരി	23
മാർ തോമ്മാ IX, ഐപ്പ്	1815	1817/8	കടമററം St. George പള്ളി	24
ഗീവർഗീസ് മാർ ദിവന്നാസിയോസ് III പുന്നത്ര	1817 ഒക്ടോ. (19)	1825 മെയ് (16)	കോട്ടയം ചെറിയപള്ളി	25
ഫീലിപ്പോസ് മാർ ദിവന്നാസ്യോസ് IV ചേപ്പാട്ട്	1825(ആഗസ്റ്റ് 27)	1855 ഒക്ടോബർ 9	ചേപ്പാട്ട് സെൻറ് ജോർജ് പള്ളി	26
ഗീവർഗീസ് മാർ കൂറിലോസ് III, കുത്തൂർ	1829 മാർച്ച് (27)	1856 ജൂൺ 14	തൊഴിയൂർ ഭദ്രാസന പള്ളി	27
മാത്യൂസ് മാർ അത്താനാസ്യോസ്, പാലക്കുന്നത്ത്	1842 ഫെബ്രുവരി 14	1877 ജൂലൈ 16	മാരാമൺ മാർതോമ്മാപള്ളി	28
* യുയാക്കിം മാർ കൂറിലോസ് [1845 മാർച്ച് 2]	1846 സെപ്ററംബർ	1874 സെപ്ററംബർ 1	മുളന്തുരുത്തി മാർ തൊമ്മൻ പള്ളി	29
ജോസഫ് മാർ കൂറിലോസ് IV, (ആലത്തൂർ)	1857 ഫെബ്രുവരി 1	1888 ജനുവരി 31	തൊഴിയൂർ ഭദ്രാസന പള്ളി	30
ജോസഫ് മാർ ദിവന്നാസ്യോസ് V, പുലിക്കോട്ടിൽ II	1864 മെയ് 8	1909 ജൂലൈ 11	കോട്ടയം പഴയ സെമിനാരി	31
തോമസ് മാർ അത്താനാസ്യോസ്, പാലക്കുന്നത്ത്	1868 മെയ് 31	1893 ആഗസ്റ്റ് 10	മാരാമൺ മാർതോമ്മാ പള്ളി	32
ഗീവർഗീസ് മാർ യൂലിയോസ്, കോനാട്ട്	1876ഡിസംബർ 3	1884 മാർച്ച് 21	പാമ്പാക്കട സെൻറ് ജോൺസ് വലിയ പള്ളി	46
പൗലോസ് മാർ അത്താനാസ്യോസ്, കടവിൽ	1876ഡിസംബർ 3	1907 നവംബർ 2	ആലുവാ തൃക്കുന്നത്തു സെമിനാരി	46
ഗീവർഗീസ് മാർ കൂറിലോസ്, അമ്പാട്ട്	1876 ഡിസംബർ 10	1891 മാർച്ച് 9	അങ്കമാലി സെൻറ് മേരീസ് (ചെറിയ) പള്ളി	46

ഗീവർഗീസ് മാർ ഗ്രിഗോറിയോസ് ചാത്തുരുത്തിൽ	1876 ഡിസംബർ 10	1902 നവംബർ 2	പരുമല സെമിനാരി	46
ശെമവൂൻ മാർ ദിവന്നാസ്യോസ്, കരവട്ട്	1877 മെയ് 17	1886 ഒക്ടോബർ 2	കടങ്ങമംഗലം സെ. പീറേഴ്സ് & സെ.പോലസ്പള്ളി	46
പൗലോസ് മാർ ഈവാനിയോസ്, മുറിമററത്തു്	1877 മെയ് 17	(മാർബസേലിയോസ "പൗലോസ് I കാതോലിക്കാ)		46
* ശെമവൂൻ മാർ അത്താനാസ്യോസ് [1880 സെപ്ററംബർ 26]	1881 ജനുവരി	1889 ജൂൺ 11	കോട്ടയം പുത്തൻ പള്ളി	
അൽവാറിസ് മാർ യൂലിയോസ്	1889 ജൂലൈ 29	1923 സെപ്ററംബർ 23	ഗോവാപഞ്ചിം സെൻറ് മേരീസ് പള്ളി	33
റിനിവിലാത്തി മാർ തീമോത്തിയോസ്	1892 മെയ് 29	(1929 ജൂലൈ 8)	പോൺ കോംബർട്ട്, ഫ്രാൻസ് (?)	34
ഗീവർഗീസ് മാർ ദിവന്നാസിയോസ് VI വട്ടശ്ശേരിൽ	1908 മെയ് 31	1934 ഫെബ്രുവരി 23	കോട്ടയം പഴയ സെമിനാരി	
പൗലോസ് മാർ കൂറീലോസ്, കൊച്ചുപറമ്പിൽ	1908 മെയ് 31	1917 ഡിസംബർ 14	പാണമ്പടി സെൻറ് മേരീസ് പള്ളി	
* സ്ലീബാ മാർ ഒസ്താത്തിയോസ് [1908 മാർച്ച് 15]	1908 ജൂലൈ	1930 മാർച്ച് 19	കന്നംകുളം ആർത്താററ് പുത്തൻ പള്ളി	
പൗലോസ് മാർ അത്താനാസ്യോസ് കററിക്കാട്ടിൽ	1910 ജൂൺ 9	1953 ജനുവരി 25	ആലുവാ തൃക്കുന്നത്തു സെമിനാരി	
ഗീവർഗീസ് മാർ സേവേറിയോസ് ഇടവഴീക്കൽ	*1910 ആഗസ്റ്റ് 28*	*1927 ജൂൺ 11*	കോട്ടയം വലിയ പള്ളി	
ഗീവർഗീസ് മാർ ഗ്രീഗോറിയോസ്, കല്ലാശ്ശേരിൽ	*1912 സെപ്ററംബർ 8*	*(മാർ ബസേലിയോസ് ഗീവർഗീസ് II കാതോലിക്കാ)*		

1. മാർ ബസേലിയോസ് പൗലോസ് I കാതോലിക്കാ	*1912 സെപ്ററംബർ 15*	*1913 മെയ് 2*	പാമ്പാക്കട സെൻറു് തോമസ് ചെറിയപള്ളി	35
യുയാക്കിം മാർ ഈവാനിയോസ്	1913 ഫെബ്രുവരി 9	1925 ജൂൺ 6	പരുമല സെമിനാരി	
ഗീവർഗീസ് മാർ പീലക്സീനോസ്	1913 ഫെബ്രുവരി 9	(മാർ ബസേലിയോസ് ഗീവർഗീസ് I കാതോലിക്കാ)		
* ഏലിയാസ് മാർ യൂലിയോസ് [1923 സെപ്തംബർ 23]	1923 ഡിസംബർ	1962 ഫെബ്രുവരി 19	മഞ്ഞനിക്കര ദയറാ	
2. മാർ ബസേലിയോസ് ഗീവർഗീസ് I കാതോലിക്കാ	1925 ഏപ്രിൽ 30	1928 ഡിസംബർ 17	വാകത്താനം വള്ളിക്കാട്ടു ദയറാ	
ഗീവർഗീസ് മാർ ഈവാനിയോസ്	1925 മെയ് 1	1953 ജൂലൈ 15	തിരുവനന്തപുരം പട്ടം സെ. മേരീസ് കത്തീഡ്രൽ	36
മീഖായേൽ മാർ ദിവന്നാസ്യോസ്	1926 ഒക്ടോബർ 24	1956 ജനുവരി 18	പാണമ്പടി സെൻറ് മേരീസ് പള്ളി	
തോമസ് മാർ ദിയസ്കോറോസ്	1926 ഒക്ടോബർ 24	1943 ഫെബ്രുവരി 21	തിരുമൂലപുരം സെൻറ്മേരീസ് കത്തോലിക്കാപള്ളി	37
ഔഗേൻ മാർ തീമോത്തിയോസ്	1927 മെയ് 15	(മാർബസേലിയോസ് ഔഗേൻ I കാതോലിക്കാ)		
3. മാർ ബസേലിയോസ് ഗീവർഗീസ് II കാതോലിക്കാ	1929 ഫെബ്രുവരി 15	1964 ജനുവരി 3	കോട്ടയം ദേവലോകം അരമന	
കുറിയാക്കോസ് മാർ ഗ്രിഗോറിയോസ്	1929 ഫെബ്രുവരി 16	1965 ഏപ്രിൽ 5	പാമ്പാടി മാർ കുറിയാക്കോസ് ദയറാ	38
യാക്കോബ് മാർ തെയോഫിലോസ്	1929 ഫെബ്രുവരി 16	1956 ജൂൺ 27	തിരുവല്ലാ സെൻറ് ജോൺസ് കത്തീഡ്രൽ	39
ഗീവർഗീസ് മാർ പീലക്സീനോസ്	1930 നവംബർ 3	1951 ഏപ്രിൽ 17	പുത്തൻകാവ് സെൻറമേരിസ് പള്ളി	38
* മാർ ഇഗ്നാത്തിയോസ് ഏലിയാസ് III പാത്രിയർക്കീസ്	1931 മാർച്ച്	1932 ഫെബ്രുവരി 13	മഞ്ഞനിക്കര ദയറാ	

ജോസഫ് മാർ സേവേറിയോസ്	1933 മെയ്	25	1955 ജനുവരി 18	തിരുവല്ലാ സെൻറ ജോൺസ് കത്തീഡ്രിൽ	38
അലക്സിയോസ് മാർ തെവോദോസിയോസ്	1938 ഏപ്രിൽ	7	1965 ആഗസ്റ്റ് 6	പെരുനാട്ട് ബഥനി ആശ്രമം	40
തോമാ മാർ ദിവന്നാസിയോസ്	1940 മെയ്	6	1972ഡിസംബർ 3	പത്തനാപുരം താബോർ ദയറാ	40
ഗീവർഗീസ് മാർ ഗ്രിഗോറിയോസ്	1946 ആഗസ്റ്റ്	4	1966 നവംബർ 6	ആലുവാ തൃക്കുന്നത്തു സെമിനാരി	
പൗലോസ് മാർ സേവേറിയോസ്	1946 ആഗസ്റ്റ്	4	1962 മാർച്ച് 17	കുന്നംകുളം ആർത്താററ് പുത്തൻ പള്ളി	
ഏബ്രഹാം മാർ ക്ളീമിസ്	1951 ഏപ്രിൽ	15	....	....	41
പൗലോസ് മാർ പീലക്സീനോസ്	1952 ഒക്ടോബർ	19	....	....	42
പത്രോസ് മാർ ഒസ്താത്തിയോസ്	1953 മെയ്	15	1968 ഫെബ്രുവരി 2	കണ്ടനാട്ട് (മുളന്തുരുത്തി) കർമേൽ ദയറാ	43
മാത്യൂസ് മാർ ഈവാനിയോസ്	1953 മെയ്	15	1980 ആഗസ്റ്റ് 31	പാമ്പാടി മാർ കുറിയാക്കോസ് ദയറാ	43
മാത്യൂസ് മാർ അത്താനാസിയോസ്	1953 മെയ്	15	(മാർ ബസേലി- യോസ്	മാർതോമ്മാ മാത്യൂസ് I കാതോലിക്കാ)	43
ദാനിയേൽ മാർ പീലക്സീനോസ്	1953 മെയ്	15	....	....	43
മാത്യൂസ് മാർ കൂറിലോസ്	1953 മെയ്	15	....	....	43
4. മാർ ബസേലിയോസ് ഔഗേൻ I കാതോലിക്കാ	1964 മെയ്	22	1975ഡിസംബർ 8	കോട്ടയം ദേവലോകം അരമന	
ഫീലിപ്പോസ് മാർ തെയോഫിലോസ്	*1966 ആഗസ്റ്റ്*	*24*			
യൂഹാനോൻ മാർ സേവേറിയോസ്	*1966 ആഗസ്റ്റ്*	*24*	*1990 മെയ് 16*	കൊരട്ടിസീയോൻസെമിനാരി	
തോമസ് മാർ തീമോത്തിയോസ്	*1966 ആഗസ്റ്റ്*	*24*			
ഗീവർഗീസ് മാർ ഒസ്താത്തിയോസ്	*1975 ഫെബ്രുവരി 16*				
പൗലോസ് മാർ ഗ്രിഗോറിയോസ്	*1975 ഫെബ്രുവരി 16*				
സ്തേഫാനോസ് മാർ തെവോദോസിയോസ്	*1975 ഫെബ്രുവരി 16*				
തോമസ് മാർ മക്കാറിയോസ്	1975 ഫെബ്രു. 16				
ജോസഫ് മാർ പക്കോമിയോസ്	*1975 ഫെബ്രുവരി 16*				
5. മാർ ബസേലിയോസ് മാർതോമ്മാ മാത്യൂസ് I കാതോലിക്കാ	*1975 ഒക്ടോബർ*	*27*			
യാക്കോബ് മാർ പോളിക്കാർപ്പോസ്	1978 മെയ്	15	1986 ഡിസംബർ 26	കൊരട്ടി സീയോൻ സെമിനാരി	44
സഖറിയാ മാർ ദിവന്നാസിയോസ്	1978 മെയ്	15			44
മാത്യൂസ് മാർ ബർന്നബാസ്	1978 മെയ്	15			44
ഗീവർഗീസ് മാർ ദീയസ്കോറോസ്	1978 മെയ്	15			44
യൂഹാനോൻ മാർഅത്താനാസിയോസ്	1978 മെയ്	15	1980 ഒക്ടോബർ 12	പെരുനാട്ട് ബഥനി ആശ്രമം	44
മാത്യൂസ് മാർ എപ്പിഫാനിയോസ്	1985 മെയ്	15			45
ഫീലിപ്പോസ് മാർ യൗസേബിയോസ്	1985 മെയ്	15			45
തോമസ് മാർ അത്താനാസിയോസ്	1985 മെയ്	15			45
ഗീവർഗീസ് മാർ ഈവാനിയോസ്	1985 മെയ്	15			45
പൗലോസ് മാർ മിലിത്തിയോസ്	1985 മെയ്	15			45

മലങ്കര വന്നു മടങ്ങിപ്പോയ വിദേശ മേൽപട്ടക്കാർ

	വന്ന തീയതി	മടങ്ങിപ്പോയ തീയതി	
മാർ അഹത്തല്ലാ	1652	1653 ജനുവരി	വധിക്കപ്പെട്ടതായി കരുതപ്പെടുന്നു
മാർ ഇവാനിയോസ് യൂഹാനോൻ	1739/47	1751 ഒക്ടോബർ	
മാർ ദിയസ് കോറോസ് യൂഹാനോൻ	1805 സെപ്റ്റംബർ	1809 ഏപ്രിൽ	
അബ്ദൽ മശിഹാ മാർ അത്താനാസിയോസ്	1825 നവംബർ	1826 മാർച്ച്	
സ്തേഫാനോസ് മാർ അത്താനാസിയോസ്	1849 ഫെബ്രുവരി	1852 സെപ്റ്റംബർ	
മാർ ഗ്രീഗോറിയോസ് അബ്ദൽന്നൂർ ഒസ്താത്തിയോസ്	1856 മാർച്ച്	1857 സെപ്റ്റംബർ	

മാർ ഇഗ്നാത്തിയോസ് പത്രോസ് III പാത്രിയർക്കീസ്	1875 ജൂൺ	1877 മെയ്
അബ്ദുള്ളാ മാർ ഗ്രിഗോറിയോസ്	1875 ജൂൺ	1877
മാർ ഇഗ്നാത്തിയോസ് അബ്ദുള്ളാ II പാത്രിയർക്കീസ്	1909 ഒക്ടോബർ	1911 ഒക്ടോബർ
മാർ ഇഗ്നാത്തിയോസ് അബ്ദൽ മശിഹാ II പാത്രിയർക്കീസ്	1912 ജൂൺ	1913 മാർച്ച്
മാർ ഇഗ്നാത്തിയോസ് യാക്കോബ് III പാത്രിയർക്കീസും മെത്രാന്മാരും	1964 മെയ്	1964 ജൂൺ

അടിക്കുറിപ്പുകൾ

1 828 ഇടവം 22—ന പെന്തിക്കോസ്തി ഞായറാഴ്ച 12 വൈദികർ ചേർന്നു തോമസ് അർക്കദ്യാക്കോനെ ഒന്നാം മാർ തോമ്മാ മെത്രാൻ ആയി വാഴിച്ചു. 1665 ൽ വന്ന മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ പുനരഭിഷേകം നടത്തിയതായി കരുതപ്പെടുന്നു. നിര്യാണം 845 മേടം 12. ഇതേപ്പററി ഏകാഭിപ്രായമില്ല.

2 ടി. പുനരഭിഷേകം നടത്തി. നിര്യാണം 846 മേടം 14 വെള്ളിയാഴ്ച.

3 മാർഗ്രിഗോറിയോസും ഒന്നാം മാർ തോമ്മായും ചേർന്നു വാഴിച്ചതായി കരുതപ്പെടുന്നു. നിര്യാണം 861 മേടം 3.

4 ഇദ്ദേഹം ഒരു മെത്രാനാണോ എന്നു സംശയമുണ്ട്. 'പാത്രിയർക്കീസ്' എന്നു ചില ഗ്രന്ഥങ്ങളിൽ കാണുന്നു. നിര്യാണം '867 കുംഭം 19.' '867 കുംഭം 16' എന്നു ഗ്രന്ഥവരിയിൽ കാണുന്നു.

5 നിര്യാണം 861 കന്നി 19 ശനിയാഴ്ച; '860 കന്നി 20' (1684) എന്നു ഗ്രന്ഥവരിയിൽ കാണുന്നതു ശരിയാകാനിടയില്ല.

6 ഇദ്ദേഹം ഒരു റമ്പാനായി വന്നു 1685 സെപ്റ്റംബർ 24 (861 കന്നി 14)—നു സ്ലീബാ പെരുനാൾ ദിവസം എപ്പിസ്കോപ്പാ സ്ഥാനമേററുവെന്നും എപ്പിസ്കോപ്പായായി വന്നു ടി ദിവസം മെത്രാപ്പോലീത്തായായി ഉയർത്തപ്പെട്ടുവെന്നും മെത്രാപ്പോലീത്തായായി തന്നെ വന്നുവെന്നും മൂന്ന് അഭിപ്രായമുണ്ട്. നിര്യാണം 869 ചിങ്ങം 3. '1694 ചിങ്ങം 3' (870) എന്നും കാണുന്നു.

7 മാർ ഈവാനിയോസ് വാഴിച്ചുവെന്നു കരുതപ്പെടുന്നു. നിര്യാണം—863 മേടം 9

8 മാർ ഈവാനിയോസ് വാഴിച്ചു. നിര്യാണം 903 മീനം 13.

9 നെസ്തോറിയൻ മെത്രാൻ. നിര്യാണം 906 കുംഭം 8.

10 നാലാം മാർതോമ്മാ വാഴിച്ചുവെന്നും നാലാം മാർതോമ്മാ കാലം ചെയ്ത ദിവസം കൈവെപ്പ് പ്രാപിച്ചുവെന്നും രണ്ട് അഭിപ്രായമുണ്ട്. നിര്യാണം 940 മേടം 27

11 നിര്യാണം 1764 തുലാം 9. '939 തുലാം 9' (1763) എന്നും കാണുന്നു.

12 അബ്രഹാം മാർ കൂറിലോസിനെ വാഴിച്ചു. നിര്യാണം 948 മിഥുനം 27.

13 ഇദ്ദേഹം ഒരു എപ്പിസ്കോപ്പായായി വന്നുവെന്നും യോഹന്നാൻ റമ്പാനായി വന്നു 1752 ഏപ്രിൽ 10 (മീനം 30) നു എപ്പിസ്കോപ്പാ സ്ഥാനമേററുവെന്നും രണ്ട് അഭിപ്രായമുണ്ട്. നിര്യാണം 969 മേടം 7 ദുഃഖ വെള്ളിയാഴ്ച.

14 അഞ്ചാം മാർതോമ്മാ 936 മിഥുനം 29—നു എപ്പിസ്കോപ്പായായി വാഴിച്ചു. 945 മിഥുനം 29—നു മെത്രാപ്പോലീത്തായായി ഉയർത്തപ്പെട്ടുവെന്നും പുനരഭിഷേകം പ്രാപിച്ചുവെന്നും രണ്ട് അഭിപ്രായമുണ്ട്. രണ്ടു സംഭവങ്ങളും നടന്നതു വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ ദിവസമാണെന്നു കരുതുന്നു. നിര്യാണം 983 മീനം 27 നാൽപതാം വെള്ളിയാഴ്ച. '983 മീനം 25' (1808) എന്നു ചില ഗ്രന്ഥങ്ങളിൽ കാണുന്നതു ശരിയല്ല. പുനഃരഭിഷേക തീയതി 1770 ഇടവം 29 എന്നും കാണുന്നുണ്ട്.

15 1771—ലോ 1772—ലോ മാർ ഗ്രീഗോറിയോസ് വാഴിച്ചു (ഗ്രന്ഥവരി). എന്നാൽ ഈ മേൽപ്പട്ട വാഴ്ച 1766

നവംബർ 28 (942 വൃശ്ചികം 17) വെള്ളിയാഴ്ചയാകാനും സാദ്ധ്യതയുണ്ട്. നിര്യാണം 1802 മിഥുനം 27 (തൊഴിയൂർ സഭാ ചരിത്രം) എന്നും 1803 (978) മിഥുനം 25 (ഗ്രന്ഥവരി) എന്നും കാണുന്നു. തൊഴിയൂർ സഭയുടെ ഒന്നാമത്തെ മെത്രാപ്പോലീത്താ.

16 അബ്രഹാം മാർ കൂറിലോസ് I—ന്റെ അനുജനാണ് ഇദ്ദേഹമെന്നു നിരണം ഗ്രന്ഥവരിയിലും ഇടവഴിക്കൽ ഡയറിയിലും പറയുന്നു. മററു ഗ്രന്ഥങ്ങളിൽ സൂചനയില്ല. മേൽപ്പട്ടവാഴ്ച 949—നു 953—നു ഇടയ്ക്കു (1773—78). നിര്യാണത്തെപ്പററി വിവരമില്ല.

17 ഇദ്ദേഹത്തെപ്പററി നിരണം ഗ്രന്ഥവരിയിലും തൊഴിയൂർ സഭാ ചരിത്രത്തിലും പറയുന്നുണ്ട്. നിര്യാണം. '1809 ഇടവം 16' എന്നും '985 ഇടവം 16' (1810) എന്നും കാണുന്നു. തൊഴിയൂർ മെത്രാപ്പോലീത്താ.

18 മേൽപ്പട്ട സ്ഥാനം 971 മേടം 24 ന് 971 മേടം 23 (1796 മെയ് 4) നു വി. ഗീവർഗീസ് സഹദായുടെ പെരുന്നാൾ ദിവസമാകാനും സാദ്ധ്യതയുണ്ട്. നിര്യാണം 984 മിഥുനം 22 ചൊവ്വാഴ്ച.

19 1802—ൽ മെത്രാനായതായി കരുതപ്പെടുന്നു. അതേ വർഷം തന്നെ കാലം ചെയ്തു (തൊഴിയൂർ സഭാ ചരിത്രം). എന്നാൽ 4—5 വർഷം ജീവിച്ചിരുന്നതായി ഗ്രന്ഥവരിയിൽ സൂചനയുണ്ട്.

20 'ചീരൻ മാർ ദിവന്നാസ്യോസ്', എന്നു ഗ്രന്ഥവരിയിലും 'ചീരൻ മാർ പീലക്സീനോസ് I' എന്നു തൊഴിയൂർ സഭാചരിത്രത്തിലും കാണുന്നു.

21 984 മിഥുനം 20—ന് ഏഴാം മാർത്തോമ്മാ കൈവയ്പ് നൽകി. നിര്യാണം 991 മകരം 10 (ഗ്രന്ഥവരി). 1815 തുലാം 12. 1816 ജനുവരി 10 1816 മീനം 12, 1816 തുലാം 12 തുടങ്ങിയ തീയതികളും ചില ഗ്രന്ഥങ്ങളിൽ കാണുന്നുണ്ട്.

22 മേല്പട്ട സ്ഥാനമേററതു് 1811—ൽ എന്നും (തൊഴിയൂർ സഭാ ചരിത്രം) '989' (1813—14) എന്നും (ഗ്രന്ഥവരി) കാണുന്നു. നിര്യാണം 1004 മകരം 25.1816—17 കാലത്തു മലങ്കര മെത്രാപ്പോലീത്ത.

23 മേല്പ്പട്ട സ്ഥാനമേററതു (990 മീനം 9) നാല്പതു സഹദേന്മാരുടെ ഓർമ്മ ദിവസമാണെന്നു കരുതുന്നു. എന്നാൽ ഇതു വലിയ നോമ്പിലെ രണ്ടാം ചൊവ്വാഴ്ചയാണ്. ഇന്നത്തെ നിലയിൽ ചിന്തിച്ചാൽ വി. കുർബാനയും മേല്പട്ട വാഴ്ചയും നടക്കാൻ സാധ്യതയില്ലാത്ത ദിവസം. 'മീനം 9 നാല്പതാം വെള്ളിയാഴ്ച' എന്നു തൊഴിയൂർ സഭാചരിത്രത്തിൽ കാണുന്നതു ശരിയല്ല. ഒരിക്കലും മീനം 13 (19—ാം നൂററാണ്ടിൽ മാർച്ച് 25) നു മുമ്പു നാല്പതാം വെള്ളിയാഴ്ച (പഴയ രീതി) വരുകയില്ല. 1815 (990) ലെ 40—ാം വെള്ളിയാഴ്ച (പഴയ രീതി) ഏപ്രിൽ 21 (മേടം 9) നാണ്. 1815 മാർച്ച് 22, 1816 മീനം 9, 1816 മാർച്ച് 21, 22 തുടങ്ങിയ തീയതികളും ശരിയല്ല. രാജകീയ വിളംബരം 1816 ജനുവരി (991 മകരം) യിൽ പ്രസിദ്ധപ്പെടുത്തി. നിര്യാണം—992 വൃശ്ചികം 12.

24 എട്ടാം മാർത്തോമ്മാ വാഴിച്ചു. 1816—ൽ സ്ഥാനഭ്രഷ്ടനായി. നിര്യാണം—993 (1817—18).

25 മേല്പട്ട സ്ഥാനമേററതു് 993 തുലാം 7 ഞായറാഴ്ച എന്നു കരുതുന്നു. 993 തുലാം 6, 8, 26, 1817 ഒക്ടോബർ 29 തുടങ്ങിയ തീയതികളും കാണുന്നുണ്ട്. നിര്യാണം—1000 ഇടവം 4 (ഗ്രന്ഥവരി). 1825 ഇടവം 5' (ഇടവഴിക്കൽ ഡയറി) എന്നും കാണുന്നു.

26 മേല്പട്ട സ്ഥാനമേററതു് 1001 ചിങ്ങം 15 വാങ്ങിപ്പപെരുന്നാൾ ദിവസമാണെന്നു കരുതുന്നു. എന്നാൽ 1000 മിഥുനം 15 (ഗ്രന്ഥവരി), 1825 ചിങ്ങം 21 (ഇടവഴിക്കൽ ഡയറി), 1825 ജൂൺ 26, 1825 ആഗസ്റ്റ് 29 എന്നീ തീയതികളും കാണുന്നു. ഒരുപക്ഷേ 1825 ജൂണിൽ തെരഞ്ഞെടുപ്പും ആഗസ്റ്റിൽ മേല്പട്ട വാഴ്ചയും നടന്നിരിക്കാം. നിര്യാണം—1031 കന്നി 27 ചൊവ്വാഴ്ച. മലങ്കര മെത്രപ്പോലീത്താ (1825—46)

27 മുൻഗാമി കാലം ചെയ്തതിന്റെ (1004 മകരം 25), നാല്പതാം ദിവസം മേല്പട്ടസ്ഥാനമേററുവെന്നു ഗ്രന്ഥവരിയിൽ കാണുന്നു. ഇതു് 1004 മീനം 6 ആകാം. (ഒരു ദിവസത്തെ വ്യത്യാസം ഉണ്ടാകാം). 1004 മീനം 15 എന്നു തൊഴിയൂർ സഭാചരിത്രത്തിൽ കാണുന്നു. ഈ തീയതികൾ യഥാക്രമം വലിയനോമ്പിലെ രണ്ടാം ബുധനാഴ്ചയും മൂന്നാം വെള്ളിയാഴ്ചയുമാണ്. ഇന്നത്തെ നിലയിൽ ചിന്തിച്ചാൽ വി. കുർബാനയും മേല്പട്ട വാഴ്ചയും നടക്കാൻ സാധ്യതയില്ലാത്ത ദിവസങ്ങൾ. നിര്യാണം 1031 മിഥുനം 2 ശനിയാഴ്ച

28 മേല്പട്ട വാഴ്ച—1017 കുംഭം 2 തിങ്കളാഴ്ച മായൽത്തോപെരുന്നാൾ ദിവസം. മലങ്കര മെത്രപ്പോലീത്താ (1852—76). നിര്യാണം 1052 കർക്കടകം 4 തിങ്കളാഴ്ച,

29 1846 സെപ്ററംബർ (11) മുതൽ 1852 വരെ മലങ്കരമെത്രപ്പോലീത്താ നിര്യാണം 1050 ചിങ്ങം 20 ചൊവ്വാഴ്ച. മേല്പട്ട വാഴ്ച 1845 ശബോത്ത് 18

30 മേല്പട്ട വാഴ്ച—1032 മകരം 20 ഞായറാഴ്ചയെന്നു കരുതുന്നു. തൊഴിയൂർ മെത്രാപ്പോലീത്താ

31 മേല്പട്ട വാഴ്ച—1039 മേടം 26 പുതുഞായറാഴ്ച. മലങ്കര മെത്രാപ്പോലീത്താ (1876—1909).

32 മേല്പട്ട വാഴ്ച—1043 ഇടവം 19 ഞായറാഴ്ച. 1043 ഇടവം 20 (1868 ജൂൺ 1) എന്നു ജീവചരിത്ര ഗ്രന്ഥത്തിൽ കാണുന്നു. 1877—ൽ നവീകരണ കക്ഷിമെത്രാൻ.

33 റോമാസഭയിൽ നിന്നു 1887—ൽ മലങ്കരസഭയിൽ ചേർന്നു.

34 1887—92 കാലത്തു മലങ്കര സഭയിൽ ചേർന്നു. നിര്യാണത്തെപ്പററി കൃത്യമായ വിവരമില്ല. കാലം ചെയ്ത തീയതിയും കബറടങ്ങിയ സ്ഥലവും ശരിയാകണമെന്നില്ല.

35 മലങ്കരയിൽ കാതോലിക്കേററ് സ്ഥാപനം. 1088 ചിങ്ങം 31 (M.E)/ കന്നി 2 (സു. ക) ഞായറാഴ്ച. 1912 സെപ്ററംബർ 12, 17 എന്നീ തീയതികൾ ചില ഗ്രന്ഥങ്ങളിൽ കാണുന്നതു ശരിയല്ല.

36 ആദ്യം എപ്പിസ്കോപ്പാ; 1929 ഫെബ്രുവരി 15—ന് മെത്രാപ്പോലീത്തായായി ഉയർത്തപ്പെട്ടു. 1930—ൽ റോമാസഭയിൽ ചേർന്നു.

37 1939—ൽ റോമാ സഭയിൽ ചേർന്നു.

38 മൂന്ന് എപ്പിസ്കോപ്പമാരും 1934 ജൂൺ 1—നു മെത്രാപ്പോലീത്താമാരായി ഉയർത്തപ്പെട്ടു. ജോസഫ് മാർ സേവേറിയോസ് 1937—ൽ റോമാ സഭയിൽ ചേർന്നു.

39 എപ്പിസ്ക്കോപ്പായായി 1930—ൽ റോമാ സഭയിൽ ചേർന്നു.

40 രണ്ട് എപ്പിസ്കോപ്പാമാരും 1941 ഏപ്രിൽ 8—ന് മെത്രാപ്പോലീത്താമാരായി ഉയർത്തപ്പെട്ടു.

41 1975—ൽ പാത്രിയർക്കീസ് കക്ഷിയിൽ ചേർന്നു.

42 1975—ൽ പാത്രിയർക്കീസ് കക്ഷിയിൽ ചേർന്നു; ഇപ്പോൾ ശ്രേഷ്ഠ കാതോലിക്കാ.

43 അഞ്ച് എപ്പിസ്ക്കോപ്പാമാരും 1959 ജൂലൈ 12—നു മെത്രാപ്പോലീത്താമാരായി ഉയർത്തപ്പെട്ടു.

44 നാല് എപ്പിസ്ക്കോപ്പാമാരും (യൂഹാനോൻ മാർ അത്താനാസ്യോസ്

ഒഴികെ) 1981 ഫെബ്രുവരി 28–ന മെത്രാപ്പോലീത്താമാരായി ഉയർത്തപ്പെട്ടു.

45 അഞ്ചുപേരും എപ്പിസ്ക്കോപ്പാമാർ.

46 പ. പത്രോസ് III പാത്രിയർക്കീസ് മൂന്നു പ്രാവശ്യമായി ആറു മേല്പട്ടക്കാരെ വാഴിച്ചു. കോനാട്ടു ഡയറിയിലും മററു രേഖകളിലുംകാണുന്ന തീയതികൾ—1876 വൃശ്ചികം 21,28 1877 ഇടവം 5. എന്നാൽ ആദ്യത്തെ രണ്ടു തീയതികൾ' '1876 വൃശ്ചികം 14, 21' (1876 നവംബർ 26, ഡിസംബർ 3) എന്ന് ഇടവഴീക്കൽ ഡയറിയിൽ കാണുന്നു. ആദ്യത്തെ രണ്ടു തീയതികൾ ഞായറാഴ്ചകളും മൂന്നാമത്തേതു സ്വർഗ്ഗാരോഹണ പെരുന്നാളും (വ്യാഴം) ആണ്.

47 1908 മാർച്ച് 15 (ഓദോർ 2)–ന് 'ഏലിയാസ്മാർ ഈവാനിയോസ്' ' എന്ന പേരിൽ മേല്പട്ടസ്ഥാനം. 1917 ഫെബ്രുവരി 25(ശ്ബോത്ത് 12)–ന് പാത്രിയർക്കീസ് (പാത്രിയർക്കാ സ്ഥാനാരോഹണ തീയതിയെപ്പററി സംശയമുണ്ട്).

ഒന്നാം മാർതോമ്മായ്ക്കു ശേഷം രണ്ടാം മാർതോമ്മായ്ക്കു മുമ്പു മററൊരു മാർതോമ്മാ മെത്രാൻ ഒരാഴ്ചക്കാലം സഭാദ്ധ്യക്ഷനായിരുന്നു എന്ന് ഒരു അഭിപ്രായമുണ്ട്.

പള്ളിവീട്ടിൽ പറമ്പിൽ ചാണ്ടി അഥവാ അലക്സാണ്ടർ ഡി കാംപോ (1663 ഫെബ്രുവരി 1–1687/8 ജനുവരി 2) ജോസഫ് കരിയാററിൽ(1783 ഫെബ്രുവരി 16–1786 സെപ്ററംബർ 9) എന്നിവർ 1653–1887 കാലത്തു റോമാ സുറിയാനി (പഴയകൂററ്)ക്കാർക്കുവേണ്ടി വാഴിക്കപ്പെട്ട നാട്ടു മെത്രാന്മാരാണ്. (മേല്പട്ട വാഴ്ചയുടെയും നിര്യാണത്തിന്റെയും തീയതികളെപ്പററി സംശയമുണ്ട്).

മലങ്കര വന്നു കബറടങ്ങിയ വിദേശ മേല്പട്ടക്കാർ. (*ചിഹ്നം)എല്ലാവരും മേല്പട്ട സ്ഥാനമേററ തീയതി ലഭ്യമല്ല; മലങ്കര വന്ന തീയതിയാണ് 'മേല്പട്ട സ്ഥാനമേററ തീയതി' എന്ന കോളത്തിൽ കൊടുത്തിരിക്കുന്നത്. അവരിൽ ചിലർ മേല്പട്ട സ്ഥാനമേററ തീയതി Square Bracket– ൽ കൊടുത്തിരിക്കുന്നു.

1 മുതൽ 5 വരെ നമ്പർ കാതോലിക്കാമാരെ സൂചിപ്പിക്കുന്നു.

മേല്പട്ടക്കാർ കാലം ചെയ്ത തീയതികൾ തന്നെ കൊടുക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ടെങ്കിലും 1830–ന മുമ്പുള്ള ചില തീയതികളുടെ കാര്യത്തിൽ വ്യത്യാസമുണ്ടാകാം. കാലംചെയ്ത മേല്പട്ടക്കാരുടെ കബറിങ്കൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങളും അവരുടെ ഓർമ്മ ആചരിക്കുന്ന തീയതികളും പരിഗണിച്ചിട്ടുണ്ട്. (ഇവയിൽ ചില പിശകുകൾ കടന്നുകൂടിയിട്ടുണ്ട്). ചില സന്ദർഭങ്ങളിൽ കബറടങ്ങിയ തീയതിയായിരിക്കും രേഖപ്പെടുത്തിയിരിക്കുന്നത്. ഓർമ്മ ആചരിക്കുന്നതും കബറടങ്ങിയ തീയതിക്ക് പ്രാധാന്യം കൊടുത്തായിരിക്കും. കാലം ചെയ്ത സമയവും പരിഗണിക്കേണ്ട വിഷയമാണ്. ചില അവസരങ്ങളിൽ സന്ധ്യയ്ക്കു ശേഷമുള്ള സമയം പിറേറദിവസമായി കണക്കാറുണ്ട്. പ. പരുമല തിരുമേനി കാലം ചെയ്ത സമയം പരിഗണിച്ചാൽ തീയതി 1902 നവംബർ 3 (തിങ്കൾ) ആണു വരേണ്ടത്.

മലങ്കര വന്നു മടങ്ങിപ്പോയ വിദേശ മേല്പട്ടക്കാരെ സംബന്ധിച്ചുള്ള തീയതികളെപ്പററി ചില സംശയങ്ങൾ ഉള്ളതുകൊണ്ട് എല്ലാം അത്ര കൃത്യമാകണമെന്നില്ല. ഇവിടെ കൊടുത്തിരിക്കുന്ന വർഷത്തിനു പോലും വ്യത്യാസമുണ്ടാകാം.

'മലബാർ സ്വതന്ത്ര സുറിയാനി സഭാചരിത്രം' (Rev. Fr. K.C. വർഗീസ്) എന്ന ഗ്രന്ഥമാണ് 'തൊഴിയൂർ സഭാചരിത്രം' എന്ന ചുരുക്കപ്പേരിൽ പറഞ്ഞിരിക്കുന്നത്.

വി. മൂറോൻ കൂദാശകൾ

പ്രധാന കാർമ്മികൻ (പാത്രിയർക്കീസ്, കാതോലിക്കാ)	സ്ഥലം/പള്ളി	തീയതി	വിശേഷ ദിവസം
മാർ ഇഗ്നാത്തിയോസ് പത്രോസ് III പാത്രിയർക്കീസ്	മുളന്തുരുത്തി മാർതൊമ്മൻ പള്ളി	1876 ആഗസ്റ്റ് 27	വാങ്ങിപ്പപെരുനാൾ (ഞായർ)
മാർ ഇഗ്നാത്തിയോസ് അബ്ദുള്ളാ II പാത്രിയർക്കീസ്	മുളന്തുരുത്തി മാർ തൊമ്മൻ പള്ളി	1911 ആഗസ്റ്റ് 19	മറുരൂപപെരുനാൾ (ശനി)
മാർ ബസേലിയോസ് ഗീവർഗീസ് II കാതോലിക്കാ	കോട്ടയം പഴയ സെമിനാരി	1932 ഏപ്രിൽ 22	നാല്പതാം വെള്ളിയാഴ്ച
മാർ ബസേലിയോസ് ഗീവർഗീസ് II കാതോലിക്കാ	കോട്ടയം പഴയ സെമിനാരി	1951 ഏപ്രിൽ 20	നാല്പതാം വെള്ളിയാഴ്ച
മാർ ബസേലിയോസ് ഔഗേൻ I കാതോലിക്കാ	കോട്ടയം പഴയ സെമിനാരി	1967 ഡിസംബർ 21	മാർ തോമ്മാശ്ലീഹായുടെ ഓർമ്മ (വ്യാഴം)
മാർ ബസേലിയോസ് മാർ തോമ്മാ മാത്യൂസ് I കാതോലിക്കാ	കോട്ടയം പഴയ സെമിനാരി	1977 ഏപ്രിൽ 1	നാല്പതാം വെള്ളിയാഴ്ച
മാർ ബസേലിയോസ് മാർ തോമ്മാ മാത്യൂസ് I കാതോലിക്കാ	കോട്ടയം ദേവലോകം അരമന	1988 മാർച്ച് 25	വചനിപ്പ പെരുനാളും നാല്പതാം വെള്ളിയാഴ്ച

1876–ന മുമ്പു മലങ്കരയിൽ വി. മൂറോൻ കൂദാശ നടന്നിട്ടുണ്ടോ എന്നു നിശ്ചയമില്ല. എന്നാൽ 1751–ൽ മലങ്കര വന്ന മാർ ബസേലിയോസ് ശക്രള്ള മഫ്രിയാനാ(d 1764) വി. മൂറോൻ കൂദാശ നടത്തിയതായി പറയപ്പെടുന്നു.

പാത്രിയർക്കീസ് കക്ഷിയിൽ പ. സക്കാ I പാത്രിയർക്കീസ് മണർകാട്ട സെൻറ് മേരീസ് പള്ളിയിൽ വച്ചു 1982 ഫെബ്രുവരി 27 ശനിയാഴ്ച വി. മൂറോൻ കൂദാശ നടത്തിയിട്ടുണ്ട്.

പ്രതിനിധി സമ്മേളനങ്ങൾ|അസോസിയേഷൻ യോഗങ്ങൾ

മുളന്തുരുത്തി സുന്നഹദോസ് (1876) ആണ് ഇന്നത്തെ രൂപത്തിലുള്ള 'മലങ്കര അസോസിയേഷൻ' രൂപീകരിച്ചത്. ഇതിനെ ഒന്നാമത്തെ അസോസിയേഷൻ യോഗമായി പരിഗണിക്കാം. അതിനു മുമ്പുകൂടിയ ചില പ്രതിനിധി സമ്മേളനങ്ങളുടെ പട്ടികയാണ് താഴെ ആദ്യഭാഗത്തുകൊടുത്തിരിക്കുന്നത് (ഈ പട്ടിക പൂർണ്ണമല്ല) രണ്ടാമത്തെ ഭാഗത്ത് 1876 മുതൽ നടന്ന അസോസിയേഷൻ യോഗങ്ങളുടെ പട്ടിക കൊടുത്തിരിക്കുന്നു.

സ്ഥലം	തീയതി	ദിവസം	മററു വിവരങ്ങൾ
പ്രധാന സമ്മേളനങ്ങൾ, പള്ളി പ്രതിപുരുഷയോഗങ്ങൾ			
ഉദയംപേരൂർ	1599 ജൂൺ 20–26	ഞായർ–ശനി	774 മിഥുനം 11–17(എം. ഇ.)
മട്ടാഞ്ചേരി (കൂനൻ കുരിശു സത്യം)	1653 ജനുവരി 3	വെള്ളി	828 ധനു 24 (സു. ക)
ആലങ്ങാട്ട്	1653 ജൂൺ 1	പെന്തിക്കോസ്തി ഞായർ	828 ഇടവം 22 (സു. ക)
കണ്ടനാട്	1809 ആഗസ്റ്റ് 13	ഞായർ	985 ചിങ്ങം 1 (സു. ക)
മാവേലിക്കര	1818 ഡിസംബർ 3	വ്യാഴം	994 വൃശ്ചികം 21 (സു. ക)
(?) കോട്ടയം	1825 ഡിസംബർ 25	ഞായർ	1001 ധനു 13 (സു. ക.)
മാവേലിക്കര	1836 ജനുവരി 16	ശനി	1011 മകരം 5 (എം. ഇ.)
(?) കണ്ടനാട്	1843 (ആഗസ്റ്റ് 15)	(ചൊവ്വാ)	1019 ചിങ്ങം (3) (സു. ക.)
കല്ലൂക്കുറ്റ	1843 സെപ്റ്റംബർ 15	വെള്ളി	1019 കന്നി 3 (സു. ക.)

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗങ്ങൾ

മുളന്തുരുത്തി	1876 ജൂൺ 27–29	ചൊവ്വാ–വ്യാഴം	1051 മിഥുനം 15–17 (സു.ക.)
* വെളിയനാട്	1877 ജനുവരി 26 or 27	വെള്ളി or ശനി	1052 മകരം 15
* പരുമല	1878 ഫെബ്രുവരി 18	തിങ്കൾ	1053 കുംഭം 6 (സു. ക.)
? കോട്ടയം പഴയ സെമിനാരി	1886 സെപ്റ്റംബർ 11–13	ശനി–തിങ്കൾ	1062 ചിങ്ങം 28–30 (എം.ഇ.)
കോട്ടയം പഴയ സെമിനാരി	1892 മാർച്ച് 30, 31	ബുധൻ, വ്യാഴം	1067 മീനം 19,20 (എം. ഇ.)
കോട്ടയം പഴയ സെമിനാരി	1895 നവംബർ 21–23	വ്യാഴം–ശനി	1071 വൃശ്ചികം 7–9 (എം.ഇ.)
കോട്ടയം പഴയ സെമിനാരി	1901 ഏപ്രിൽ 24, 25	ബുധൻ വ്യാഴം	1076 മേടം 12, 13 (എം. ഇ.)
കോട്ടയം പഴയ സെമിനാരി	1908 ഫെബ്രുവരി 27	വ്യാഴം	1083 കുംഭം 15 (എം. ഇ.)/14 (സു. ക.)
കോട്ടയം പഴയ സെമിനാരി	1909 നവംബർ 25–27	വ്യാഴം–ശനി	1085 വൃശ്ചികം 12–14 (സു. ക.)
ആലുവാ	1911 ആഗസ്റ്റ് 30–സെപ്തം 1	ബുധൻ–വെള്ളി	പാത്രിയർക്കീസ് കക്ഷി
കോട്ടയം M. D. സെമിനാരി	1911 സെപ്തംബർ 7	വ്യാഴം	
ആലുവാ	1918 ജനുവരി 31	വ്യാഴം	പാത്രിയർക്കീസ് കക്ഷി
കോട്ടയം പഴയ സെമിനാരി	1930 സെപ്റ്റംബർ 4	വ്യാഴം	
കോട്ടയം M. D. സെമിനാരി	1931 ജൂലൈ 10	വെള്ളി	
കോട്ടയം M. D. സെമിനാരി	1934 ഡിസംബർ 26	ബുധൻ	ഭരണഘടന പാസ്സാക്കി
കരിങ്ങാച്ചിറ	1935 ആഗസ്റ്റ് 22	വ്യാഴം	പാത്രിയർക്കീസ് കക്ഷി
കോട്ടയം M. D. സെമിനാരി	1951 മെയ് 17	വ്യാഴം	
മണർകാട്	1957 ജൂൺ 21	വെള്ളി	പാത്രിയർക്കീസ് കക്ഷി
പുത്തൻ കാവ്	1958 ഡിസംബർ 26	വെള്ളി	
കോട്ടയം M. D. സെമിനാരി	1959 സെപ്റ്റംബർ 16	ബുധൻ	
നിരണം	1962 മെയ് 17	വ്യാഴം	
കോട്ടയം M. D. സെമിനാരി	1965 ഡിസംബർ 28	ചൊവ്വാ	
കോട്ടയം M. D. സെമിനാരി	1970 ഡിസംബർ 31	വ്യാഴം	
നിരണം	1974 ഒക്ടോബർ 2	ബുധൻ	
മാവേലിക്കര M. S. S.	1977 മെയ് 16	തിങ്കൾ	
കോട്ടയം M. D. സെമിനാരി	1980 മെയ് 1	വ്യാഴം	
തിരുവല്ലാ M. G. M.	1982 ഡിസംബർ 28	ചൊവ്വ	

കോട്ടയം M. D. സെമിനാരി	1985 ഒാക്ടോബർ 23	ബുധൻ
കോട്ടയം M. D. സെമിനാരി	1987 ഡിസംബർ 29	ചൊവ്വാ
പത്തനം തിട്ട	1989 ഡിസംബർ 28	വ്യാഴം

* വെളിയനാട്ട്, പരുമല യോഗങ്ങളം അസോസിയേഷൻ അല്ല, പക്ഷേ പ്രധാനപ്പെട്ട യോഗങ്ങളാണ്.

? 1886 സെപ്റ്റംബർ 11_13 ന് കോട്ടയം പഴയ സെമിനാരിയിൽ കൂടിയത് അസോസിയേഷൻ യോഗമാണോ എന്ന സംശയമുണ്ട്.

(?) കോട്ടയം യോഗം 1825 ധനു 29 എന്നും കണ്ടനാട്ട് യോഗം 1019 (1843) ചിങ്ങം 30 എന്നും കാണുന്നുണ്ട്. ഇവ യഥാക്രമം 1826 ജനുവരി 10, 1843 സെപ്റ്റംബർ 11 ആകാം.

വർഗീസ് ജോൺ
കൊട്ടക്കാട്ട പുല്ലാടിയിൽ
തോട്ടപ്പുഴ
ഇരവിപേരൂർ പി. ഒ.
തിരുവല്ല—689 542

സു.ക. = സുറിയാനി കണക്ക്
M·E· (എം. ഇ·) = Malayalam Era

Best Compliments from:

P. C. VARGHESE JANAKAPURI
T. M. VARGHESE ,,
K. O. KURIAN ,,
M. THOMAS ,,
K. M. GEEVARGHESE ,,
G. PONNACHEN ,,
RAJU GEORGE ,,
BIHANAN MATHEW ,,
JOSEPH P. V. ,,
EAPEN PHILIP ,,
MISS. LALYKUTTY ,,
T. M. CHERIAN ,,
JACOB THOMAS ,,
MR. VARKEY ,,
C. JOY ,,
K. A. KURIAKOSE ,,
C. M. VARGHESE ,,
C. J. NAINAN ,,
P. V. VARGHESE ,,
MR. PONNACHEN ,,
REV. FR. SAM V. GABRIEL, JANAKAPURI

Greetings

to

Orthodox Theological Seminary,

Kottayam

from

All India Association for Christian Higher Education

39, Institutional Area, D-Block, Janakpuri

NEW DELHI–58

Grams: ASCHRISHED, New Delhi-58

Phone: 5492033
5506120

(An Ecumenical Association of 215 Church-related Colleges in India)

★

With Best Compliments from:

E. I. D. Parry (India) Ltd.

Ceramic Division
Post Box No. 12

Madras-600 001

ദിവ്യബോധനം

- സെമിനാരി അദ്ധ്യാപകരുടെ ചുമതലയിൽ അയ്മേനികൾക്കായി നടത്തപ്പെടുന്ന പാഠ്യപദ്ധതി.
- രണ്ടു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സ് പൂർത്തിയാക്കിയവർക്ക് രണ്ടു വർഷത്തെ ഡിപ്ലോമ കോഴ്സ്.
- താല്പര്യമുള്ള സ്ത്രീപുരുഷൻമാർക്കു പ്രവേശനം നൽകുന്നു.
- കറസ്പോണ്ടൻസ് കോഴ്സായും ഇടവകകളിൽ പ്രാദേശിക കേന്ദ്രവുമായി ബന്ധപ്പെട്ടും പഠനം നടത്താം.
- മലയാളത്തിൽ പാഠപുസ്തകങ്ങൾ നൽകുന്നു.
- ഇംഗ്ലീഷു പുസ്തകങ്ങൾ തയ്യാറായി വരുന്നു.
- കഴിഞ്ഞ 2 ബാച്ചുകളിലായി 700 പേർ പഠനം പൂർത്തിയാക്കി. 40 കേന്ദ്രങ്ങളിലായി 247 സ്ത്രീ പുരുഷൻമാർ സർട്ടിഫിക്കറ്റ് കോഴ്സിലും 117 പേർ ഡിപ്ലോമാ കോഴ്സിലും പഠിക്കുന്നു.
- നാലാമത്തെ ബാച്ച് 1991 ജനുവരി മുതൽ ആരംഭിക്കുന്നു.
- 'തിരുവചന ഭാഷ്യം' വേദപഠന സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിച്ചിരിക്കുന്നു.
- സഭാചരിത്രം, വിശ്വാസസത്യങ്ങൾ, വേദ പഠനം, ആരാധനാ ജീവിതം പ്രായോഗിക സഭാജീവിതം തുടങ്ങിയ വിഷയങ്ങളിൽ പ്രാഥമിക പഠനത്തിനായി 'സഭാപഠന പ്രവേശിക' എന്ന പുതിയ ഗ്രന്ഥപരമ്പര തയ്യാറായി വരുന്നു.
- 'ദിവ്യബോധനം ബുള്ളറ്റിൻ' ദൈമാസികയായി പ്രസിദ്ധീകരിക്കുന്നു.

ദിവ്യബോധനം

പ്രസിദ്ധീകരണങ്ങൾ

I. P. O. C. E. സർട്ടിഫിക്കററ് കോഴ്സ്

1 പ്രകാശത്തിലേക്ക (പുതിയ നിയമം)
2 സഭ വളരുന്നു (ഭാരത സഭാചരിത്രം)
3 പ്രത്യാശാകിരണങ്ങൾ (പഴയ നിയമം)
4 വേദശാസ്ത്രവീഥിയിൽ (വേദശാസ്ത്രം)
5 ജനതകളുടെ പ്രകാശം (സഭ, പൗരോഹിത്യം, കൂദാശകൾ)
6 വിശ്വാസദീപ്തി (വിശ്വാസ സമർത്ഥനം)
7 സാക്ഷികളുടെ സമൂഹം (ക്രിസ്തീയ പാരമ്പര്യം)
8 അബ്ബാ പിതാവേ (ക്രിസ്തീയാരാധന)
9 ദൈവജനം (വിശ്വാസികളുടെ പങ്കാളിത്തം)
10 ക്രിസ്തീയ കൗൺസലിംഗ്—

II. D.O.C.E. ഡിപ്ലോമകോഴ്സ്

1 'അപ്പൊസ്തോല പ്രബോധനങ്ങൾ' (പുതിയ നിയമം)
2 'ദൈവതേജസിലേക്ക്' (പുതിയ നിയമ സന്ദേശം)
3 'പ്രവാചക സന്ദേശം' പഴയ നിയമം
4 'നിത്യജീവനിൽ' (മനുഷ്യനും രക്ഷയും)
5 'നേർവഴിയിൽ' (ഓർത്തഡോക്സ് സഭകൾ)
6 'ധർമ്മദീപ്തി' (മതവും ധാർമികതയും)
7 'സാക്ഷ്യപാതയിൽ' (ഭാരതീയ ദൈവ ശാസ്ത്രം)
8 'ആത്മാവിലും സത്യത്തിലും' (ക്രിസ്തീയാരാധന)
9 'ആധുനിക ഭാരതസഭ' (സഭാചരിത്രം)
10 'ഭൂമിയിൽ പറുദീസ' (കുടുംബജീവിതം)

III. തിരുവചനഭാഷ്യം–വേദപഠന സർട്ടിഫിക്കററ് കോഴ്സ്

1. വിശുദ്ധ മത്തായി എഴുതിയ സുവിശേഷം
2. വിശുദ്ധ മർക്കോസ് എഴുതിയ സുവിശേഷം
3. വിശുദ്ധ ലൂക്കോസ് എഴുതിയ സുവിശേഷം
4. വിശുദ്ധ യോഹന്നാൻ എഴുതിയ സുവിശേഷം
5. അപ്പോസ്തല പ്രവൃത്തികൾ
6. റോമർക്ക് എഴുതിയ ലേഖനം
7. കൊരിന്ത്യർക്ക് എഴുതിയ ഒന്നാം ലേഖനം
8. കൊരിന്ത്യർക്ക് എഴുതിയ രണ്ടാം ലേഖനം
9. എഫേസ്യ, ഫിലിപ്പ്യ, കൊലോസ്യ ലേഖനങ്ങൾ
10. ഗലാത്യ, തെസ്സലോന്യ ലേഖനങ്ങൾ
11. തിമോത്തി, തീത്തൂസ് ഫിലമോൻ
12. എബ്രായ ലേഖനം
13. യാക്കോബ്, പത്രോസ് ശ്ലീഹാന്മാരുടെ ലേഖനങ്ങൾ
14. യോഹന്നാൻ, യൂദാ എന്നിവരുടെ ലേഖനങ്ങൾ
15. വെളിപാട് പുസ്തകം.

IV. English Series

1. In the Fullness of Time
2. The people of God
3. The Rays of hope
4. Thinking about God
5. Light of the Nations

വിശദവിവരങ്ങൾക്ക് എഴുതുക:

The Registrar, Divyabodhanam,
Orthodox Seminary, Kottayam-686 001,
Kerala.

Tel: 3526

Our Esteemed Advertisers

	Page
Aban Loyd Chiles Offshore Ltd., Madras	36
Abraham Titus, Coimbatore	20
,, M. V., Madras	34
,, Y., & Family, Vapi	130
,, O. V., New Delhi	142
,, C. M., ,,	146
,, Thomas & Family, Calcutta	166
,, K. C., Janakapuri	200
,, M., ,,	298
Aero Speed	148
Agrashakti Paper Mills (P) Ltd.	273
A. H. Bilimoria & Company, Calcutta	278
AICAM Engineering (P) Ltd., Madras	294
Ajith Synthetics, Silvassa	66
Alexander, T. M., New Delhi	150
,, A. V., ,,	158
,, T. M. Calcutta	198
,, M. O., ,,	202
All India Association for Christian Higher Education, New Delhi	330
Amith & Afilash, Delhi	170
Ani Reinforced Plastics, Gujarat	164
Annamma Samuel, Calcutta	146
AQURA, Madras	60
Arora, S. K., Mr.. New Delhi	291
Associated Automobiles, Coimbatore	188
Astor Hotel & Restaurant, Calcutta	144
A Well Wisher	92
Aynavaram Prayer Group, Madras	110
Baby Cloth Centre, Coimbatore	136
Baby Manjalil, Calcutta	198
Barath Bright Bars, Coimbatore	116
Babu, L.. Janakapuri	298
Baby Daniel, New Delhi	319
Benazir Exports (p) Ltd., New Delhi	289
Behanan, M. B. Calcutta	202
,, Mathew, Janakapuri	317
Biju Cherian	152

	page
Binani Metals Ltd., New Delhi	274
Bombay Textile Trading Co., Calcutta	154
Book Trading Co., Coimbatore	112
British Steel Liaison Services (India) Ltd., Delhi	90
,, ,, ,, Service (India) Ltd.,	318
B. Seenaiah & Co., Hyderabad	70
Chacko, P. E., Madras	108
,, P. C., & Family	110
,, M. V., Madras	110
,, K. O., ,,	142
,, K. M., New Delhi	180
,, M. I., Coimbatore	200
,, N. V., Janakapure	202
Chandy, K. C., Dr., Calcutta	
Cherian A. Panicker & Family, Kozhikode	126
,, A. G. & Family, Madras	206
,, Mr., Madras	206
,, T. M. Janakapuri	317
Cheru I. Pulikottil, Madras	110
Chennai Chit Funds (P) Ltd. M/s., Madras	88
Claudien Gaugesi M/s. Madras	250
Christian Mission Hospital, Pandalam	250
Cochin Travels M/s, Mayur Vihar	178
Concrete Products & Construction Company, Tiruvalam	277
Cominco Binani Zinc Ltd. Binanipuram	293
Daniel M. V., Dr., Coimbatore	188
,, K. O. ,,	188
,, P. P. Janakapuri	10
Delhi Orthodox Centre New Delhi	52
David Daniel, New Delhi	100
David Steel, Coimbatore	206
Daniel K. K., Janakapuri	298
Eapen K. J., & Family	108
,, A. K, Coimbatore	190

,, Philip Janakapuri 317
E. I. D. Parry (India) Ltd. Madras 331
Frontier Construction Company (U.P.)
Pvt. Ltd. Kanpur 192
Geevarghese V., New Delhi 126
,, O., Calcutta 202
,, K. M. Janakapuri 317
Geevarghese ,, 10
George P. V., Coimbatore 68
,, Varghese, New Delhi 100
,, C. and Family 108
,, N. D., Calcutta 108
,, Panickar & Family 120
,, C. & Family 120
,, Daniel New Delhi 158
,, C. G., Calcutta 194
,, Thomas, Madras 198
,, K. V. Madras 198
,, C. Calcutta 210
,, M. P. Calcutta 210
,, V. J. & Family Calcutta 212
,, V. & Family (U. P) 260
G. E. L. C. Press Ranchi 102
Gholam Rasool M/s Calcutta 329
Giboy Varghese Calcutta 194
Group of Well Wishers 364
Guardian Plasticote Vapi 118
Gupta Tea Traders Calcutta 106
Heavy Engineering Corporation Ltd.
Ranchi
Idiculla P. K. New Delhi 178
Industrial Bearing Needs Madras 202
Interflex M/s Coimbatore 318
Ittoop P. M. Madras 28
Jacob Cheeran C. V. & Family
Kozhikode 126
,, Yohannan Silvassa 140
,, K. A Janakapuri 298
,, M. A. Calcutta 202
,, Thomas Janakapuri 317
,, T. V. New Delhi 172
Jaishree R. P. Gujarat 96
Janta Transport Service Madras 38
James P. George New Delhi 126
Jaya Bharat Service Valsad 152

John K. K. 108
,, P. T. Madras 84
,, K. M. ,, 24
,, P. T. New Delhi 142
,, Baby Calcutta 210
,, Mathai Calcutta 202
,, K. & Family Delhi 200
,, O. & Family Janakapuri 200
,, P. Samuel Calcutta 202
,, George New Delhi 172
,, P. V. Coimbatore 184
,, Zachariah P. Coimbatore 196
,, T. P. Calcutta 198
,, Abraham & Family Delhi 200
Johnson P. Abraham New Delhi 146
,, C. C. New Delhi 150
,, Abraham 152
Jose Abraham Vapi 158
,, Company Kozhikode 121
,, Electricals Vapi 266
Joseph P. V. Janakapuri 317
,, P. C. Calcutta 194
Joy C. Janakapuri 317
Joy Foam (P) Ltd. Madras 182
Joy Kutty Janakapuri 298
Kerala Reinforced Plastics
Puthuppally 116
Knick K nck Food Products Madras 230
K. Narayanan & Co. Calcutta 172
Koshy E. J. & Family 120
,, M. A. Madras 198
Kottukulam Engineers (P) Ltd.
Madras 259
Kunjukunju M. 108
Kurien P. C. Madras 202
,, K. C. Janakapuri 10
,, K. O. ,, 317
Kuriakose K. A. ,, 317
K. V. Paulose & Son Coimbatore 112
Lalykutty-Miss Janakapuri 317
Leouard M. New Delhi 132
Lokavani Hall Mark Press (P) Ltd.
Madras 78
Lloyd Insulations (India) Pvt. Ltd.
Madras 58

L & T–McNeil Ltd., Madras 325
Lucky Foam Enterprises, Madras 196
Lutheran World Service (India),
Calcutta 321
Madhu Continental Constructions (p)
Ltd. M/s, New Delhi
Madras Tyres, Madras 318
,, Chit Funds (P) Ltd.
Coimbatore 44
Malankara Orthodox Syrian Church
Medical Mission Hospital
Kolenchery 276
Malankara Transport Co. Calcutta 34
Mani Thomas Calcutta 194
Mar Basil Coimbatore 206
,, Gregorios Orthodox Church
New Delhi 261
Mary Mathew Mrs. New Delhi 98
Mathai M. M. Madras 34
,, K. I. Calcutta 108
Mathaikutty & Family Calcutta 202
Mathen K.M., Calcutta 194
Mathew P. T., New Delhi 82
,, M. P. New Delhi 92
,, K. T. ,, 150
,, Y. Janakapuri 10
,, P. P. Coimbatore 180
,, M. A. Delhi 200
,, K. M. Coimbatore 212
,, P. D. ,, 218
,, M. K. ,, 190
,, K. V. & Family New Delhi 176
,, T. Chandy & Family
New Delhi 184
Mathews Oomman Janakapuri 298
,, Wg. Cdr. New Delhi 174
Mathur Micro Motors Vapi 88
Matty Enterprises Coimbatore 30
MBF Chit (p) Ltd Madras 182
Medimix 168
M.C M. Conultancy Service Madras 32
Modipon Fibres Company Modinagar
Mohan Roller Floor Mills Madras 124
Mohdi Honif Dehaj Faniya Gujarat 70
MRF Madras
Mulk C. V. Coimbatore 32

Munnar Automobiles Munnar 26
Nainan Mr. Calcutta 210
,, C. J. Janakapuri 317
National Council of YMCAs of India
New Delhi 156
National Tyre Works Vapi 174
Nilgiri Fertiliser (P) Ltd. Coimbatore 54
Onida Savak Ltd. M/s New Delhi 50
Oomman K.N Madras 206
Pan Orient Travels (p) Ltd, Cochin 272
Pappachen, G. New Delhi 150
Parrys Confectionary Ltd, Madras 46
Paul, P. N. Fr., Rev. 126
Paulose Chalil & Family
Mulanthuruthy 210
,, A. V., New Delhi 297
Paulson, T. I. Coimbatore 188
Payal Udyog, Calcutta 86
Peter, K. S. Madras 198
Philip, P. J., New Delhi 134
,, K. M., Janakapuri 200
,, M. J., Madras 206
Plastifeltindia, Calcutta 319
Pneumatic & Metal Traders,
N. Delhi 186
Ponnachen, Mr., Janakapuri 317
,, G. ,, 317
Power & Systems Combination,
Vapi 132
Preet Printing Press, Ranchi 102
Primco Electric & Machinary
Company, Delhi 296
Priyaraj Electronics (P)
Ltd. Bangalore 262
Progressvie Constructions,
Hyderabad
P. V. Kuruvilla, M S., Calcutta 327
Rajan, C. V., Calcutta 194
,, K., ,, 210
,, D., Janakapuri 10
,, D. M., New Delhi 158
,, Mathew, Dr., New Delhi 290
Rajan D., Calcutta 202
,, G., ,, 210

Raju, P. Daniel, Calcutta 120
,, George, Janakapuri 317
Reckitt & Colman of India Ltd. 324
Reji Abraham 152
Reji Steels, Coimbatore 48
R. R. Industries, Faridabad 10
Ruby Macons, (p), Ltd, Vapi 128

Sam Varghese, Calcutta 194
,, V. Gabriel, Fr., Rev., Janakapuri 317
Samaria Enterprises, Bombay 326
Samkutty, P. T., Calcutta 210
Samuel, P. S., Janakapuri 10
,, , P. C., New Delhi 138
,, , N. M., New Delhi 142
,, , C., New Delhi 172
Sheela Enterprises, Faridabad 160
Skariah Thomas, Silvassa 82
Sindh Giri Chemie Engg. Corpn., Vapi 295
Singh, J. P., New Delhi 142
Sleeba Candles, M/s., Silvassa 166
Soor, Neogi, Coomar & Co. (p), Ltd., Calcutta 114
Southern Warehousing Co. (p) Ltd, Madras 64
Spic, Madras 236
Sree Sudha Transport Services, Vapi 92
Sri Bagavathi Tea Estates Ltd, Coimbatore 56
Sri Jayalakshmi Tobacco Company (p) Ltd, Guntur
Steel Authority of India Ltd., New Delhi 323
St. George's School, New Delhi 322
St. John's School, Faridabad 104
St. John's School, Faridabad
St. Mary's Orthodox Cathedral, New Delhi 76
St. Thomas Orthodox Cathedral, Madars
St, Thomas Furniture, Coimbatore 136

Sudarsan Seth, Mr., New Delhi 292
Supreme Foam, Products, Madras
Suzanne's Madras 22
SVEC Constructions (p) Ltd., Vijayawada 64
Tech-Sharp Engineers, Madras
Tee and Jay Ferts (p) Ltd. Madras 275
Thankachan Thomas, Calcutta 40
Thampy, V. P., Coimbatore 202
The Bhavani Tea & Produce Co., Ltd., Punalur 42
The Indure Ltd., New Delhi 258
Thejo Engineering, Madras 80
Thomas, C., Janakapuri 74
,, P. T., ,, 298
,, M., ,, 298
Thomas & Associates, New Delhi 317
,, , P. T., 328
,, K. V., Madras 30
,, , P. K., Fr., Rev., Family, New Delhi 84
,, K. M., New Delhi 94
,, M. V., Calcutta 94
Thomas, P. V., New Delhi 108
,, V. T., New Delhi 142
,, Cherian, New Delhi 146
,, P. T., New Delhi 150
,, K. P., Delhi 158
,, M. M., & Family, New Delhi 172
,, P., Varghese, Calcutta 176
,, G., Calcutta 194
,, V. G. ,, 196
,, M. J., ,, 198
,, V, P., Madras 202
,, A. E., ,, 206
,, Eapen, A., Dr. Madras 230
Thomas George A Dr. Madras 230
T. O. Itty Mathew & Sons, Coimbatore 230
Top Furniture, Madras 188
198

Tyre India Retreading Co., Valsad 190
Ullattil Financiers, Kottayam 240
United Bearing Co, Madras 18
Vaidyan, K. M., Madaas 34
Valiaparambil, V. A., New Delhi 96
Varghese, P. V., Janakapuri 317
,, K. C., New Delhi 99
,, V.K. New Delhi 122
,, M. K. New Delhi 142
,, Chummar & Family Madras 280
,, K.K. New Delhi 172
,, John Calcutta 194
Mr, Varghese 194
,, C. T ,, 194
,, K Mrs Madras 198
,, K. I. Madras 198
,, K. M. Family Delhi 200

Varghese V.T. Janakapuri 10
,, P.J. ,, 10
,, P. C. ,, 317
,, T. M. ,, 317
,, C. M ,, 317
Varkey, Mr, ,, 317
,, K. V. and Family, Delhi 208
Vazhakala Agencies, Kottayam 257
Vijai and Raj M/s, Calcutta 72
Vorion Chemicals, Madras 162
Willi Mathews, Janakapuri 200
Winsome Drill, Calcutta 90
Woodcon M/s, Madras 263
Yohannan V. V., Janakapuri 298
Zachariah Mathew and Family 120
,, Panackamattom, Fr. Revd. New Delhi 17

Best Compliments from:

★

ST. THOMAS ORTHODOX CATHEDRAL

33/34 Stringer Street,
Broadway,

Madras-600 108

PROGRESSIVE CONSTRUCTIONS LIMITED
ENGINEERS & CONTRACTORS

SPECIALISTS IN CONSTRUCTION OF:

CANALS/BARRAGES, CONCRETE/MASONRY DAMS, EARTH/ROCKFILL DAMS, RESIDENTIAL/COMMERCIAL BUILDINGS TUNNELS, INDUSTRIAL STRUCTURES ON TURNKEY BASIS ETC.

REGD. OFFICE
914, 'RATNA', RAGHAVA RATNA TOWERS,
5-8-352, CHIRAG 'ALI LANE
HYDERBAD-500 001
TEL: 23 62 50
TLX: 0425 6833 PCPL IN

ADMINISTRATIVE OFFICE
J-213, SAKET,
NEW DELHI-110 017
TEL: 68 64 498
TLX: 031-75160 PCPL IN
FAX: 11 - 68 40 666


MRF NYLOGRIP
Now India's most popular 2-Wheeler tyre.
The popularity of MRF NYLOGRIP is without parallel. No single 2-Wheeler tyre can boast of such growing popularity in so short a time.
And the reason is simply because Nylogrip's specially crafted tread pattern and complete NYLON casing, offer superb road grip, with nylon cord muscle to resist cuts and stones, improving mileage.
Remember only MRF makes
NYLOGRIP